KOTTAYAM PUBLIC LIBRARY

Call No M 321.8 Acc. No 84677

Author ജെയിംസ് ബ്രൈസ്

Title ജനാധിപത്യങ്ങൾ

993

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or put unsightly markings.

## Calling Urgent Attention

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and put markings disfigures the Book. Please take care.

Secretary

# ജനാധിപത്യത്തെപ്പററി

# ഈ പുസ്തകത്തെപ്പററി

അമേരിക്കൻ ജനാധിപത്യത്തിന്റെ ആദർശവും യാഥാർത്ഥ്യവുമായി തോമസ് ജെഫേഴ്സൻെറ നാമം ദൃഢമായി ബന്ധപ്പെട്ടതാണു്. എന്നാലും ആ വിഷയത്തെ സംബന്ധിച്ചു് അദ്ദേഹം ഏതെങ്കിലും പ്രബന്ധമോ ഉപന്യാസമോ എഴുതിയിട്ടില്ല എന്നുമാത്രമല്ല, രാഷ്ട്രമീമാംസയേയും ജനസമൂഹത്തേയും പററി അദ്ദേഹത്തിനുണ്ടായിരുന്ന അഭിപ്രായങ്ങളുടെ ക്രമാനുഗതമായ പ്രകാശനത്തിൽ നിന്നും അദ്ദേഹം മനഃപൂർവം ഒഴിഞ്ഞു നിൽക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ ഗ്രന്ഥത്തിൽ സാൾ കെ. പഡോവർ തൻെറ ആമുഖത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നതുപോലെ ജെഫേഴ്സൻെറ അപൂർവമായ മാനസികപടുത്വം പ്രധാനമായും അദ്ദേഹത്തിൻെറ കത്തുകളിലാണു് ദൃശ്യമാകുന്നതു്.

ഇതേവരെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളവയും അല്ലാത്തവയുമായ ഈ കത്തുകളിൽനിന്നും മററു പ്രഭവങ്ങളിൽനിന്നും ജെഫേഴ്സനു് ജനാധിപത്യത്തെ സംബന്ധിച്ചുണ്ടായിരുന്ന അഭിപ്രായങ്ങളിലെ സത്തായ ഭാഗങ്ങളെ പഡോവർ തിരഞ്ഞെടുത്തിട്ടുണ്ടു്. അവയെ, അദ്ദേഹം "മനുഷ്യൻെറ സ്വാഭാവികാധികാരങ്ങൾ", "ജനാധിപത്യതത്ത്വങ്ങൾ", "ഭരണഘടന", "രാഷ്ട്രമീമാംസ", "സാമൂഹ്യക്ഷേമം", "മതം", "വിദേശകാര്യങ്ങൾ", എന്നീ ശീർഷകങ്ങളിലുള്ള അദ്ധ്യായങ്ങളായി വിഷയഭേദമനുസരിച്ചു് ക്രമപ്പെടുത്തുകയും സമഗ്രമായ ഒന്നായിത്തുന്നിച്ചേർക്കുകയും ചെയ്തിട്ടുണ്ടു്. ഉജ്ജ്വലമായ തൻെറ പ്രസ്താവനയല്ലാതെ പഡോവർ തന്റേതായി ഇതിലെന്തെങ്കിലും കൂട്ടിചേർക്കുകയോ ജെഫേഴ്സൻെറ ചിന്തകളിൽ എന്തെങ്കിലും മാററം വരുത്തുകയോ

TAYAM PUBLIC LIB
KOT

ചെയ്തിട്ടില്ല ഈ ഗ്രന്ഥം മുഴുവനായും ജെഫേഴ്സൻേറതു് തന്നെയാണു്.

ഒരു രാഷ്ട്രീയചിന്തകനെന്ന നിലയിലും, പ്രധാനമായും താൻ തന്നെ സൃഷ്ടിച്ച ഒരു രാഷ്ട്രീയപരീക്ഷണവുമായി ബന്ധപ്പെട്ട ആളുകളുടേയും സംഭവങ്ങളുടേയും വ്യാഖ്യാതാവെന്ന നിലയിലും ജെഫേഴ്സനുണ്ടായിരുന്ന ആകാരപൂർണ്ണതയിൽ അദ്ദേഹത്തെ ആദ്യമായി പ്രത്യക്ഷപ്പെടുത്തുന്ന ഒരു പുസ്തകമാണിതു്. പഡോവർ തന്നെ പറയുന്നു, "......ഈ ഗ്രന്ഥം വായിച്ചോ മറിച്ചുനോക്കിയോ ആനന്ദിക്കണമെന്നു് ആഗ്രഹിക്കുന്ന ഒരു വായനക്കാരൻ, ചില സന്ദർഭങ്ങളിൽ ഒരു സ്വിഫ്റ്ററിൻെറ രോഷത്തിനും പിന്നെ പലപ്പോഴും ഒരു ബേക്കൻെറ താളമൊത്ത ഗദ്യശൈലിക്കും സമത്ഥമായ ഒരു പ്രഗല്ഭാത്മാവായിരുന്നു അദ്ദേഹമെന്ന സന്തോഷകരമായ കണ്ടുപിടിത്തത്തിൽ എത്തിച്ചേരുന്നതായിരിക്കും. തൻെറ കാലഘട്ടത്തിലെ മറേറതൊരാളിനേക്കാളും ഒരു സ്വാതന്ത്ര്യയുഗത്തിൻെറ ചിന്തകളേയും പ്രതീക്ഷകളേയും, മനുഷ്യൻെറ നന്മയിലുള്ള വിശ്വാസത്തേയും, പുരോഗതിയിലുള്ള ഉറപ്പിനേയും ശാസ്ത്രത്തിലും യുക്തിയുടെ പ്രബുദ്ധതയിലുമുള്ള ദൃഢവിശ്വാസത്തേയും സാക്ഷാൽകരിച്ചിരുന്ന ആളായിരുന്നു ജെഫേഴ്സൻ. പ്രസാധകൻെറ അഭിപ്രായത്തിൽ ഈ ഗ്രന്ഥം സമയോചിതവും വളരെ അത്യാവശ്യവുമായ ഒന്നാണു്. മറ്റേതൊരു കാലത്തേയുംകാൾ ഇന്നു നമുക്കു മാർഗ്ഗദർശനവും പ്രതീക്ഷയും വേണ്ടിയിരിക്കുന്നു. പ്രസാധകൻെറ പ്രതീക്ഷ, "സ്വാതന്ത്ര്യപ്രഖ്യാപനത്തിൻെറ കർത്താവുമായി ജെഫേർസൻെറ നാട്ടുകാർ "അദ്ദേഹവുമായുള്ള പരിചയത്തെ പുതുക്കുവാൻ ആഗ്രഹിക്കുന്നുണ്ടാവുമെന്നാണു്."

# Thomas Jefferson On Democracy

*Selected and arranged*
*With an Introduction by*

SAUL K. PADOVER

*tranlated by*
M. Prabha

THE EDUCATIONAL SUPPLIES DEPOT,
MAIN ROAD. TRIVANDRUM.

# ജനാധിപത്യത്തെപ്പററി

തോമസ് ജഫേഴ്സൺ

KOTTAYAM PUBLIC LIBRARY
45594
KOTTAYAM.

84677

പരിഭാഷ

എം. പ്രഭ

ദി എഡ്യൂക്കേഷണൽ സപ്ലൈസ് ഡിപ്പോ,
മെയിൻറോഡ്, തിരുവനന്തപുരം,

ഒന്നാംപതിപ്പ് കോപ്പി 2500 August 1964

**Price**

| | |
|---|---|
| Hard Cover | 3 50 |
| Soft Cover | 3 00 |

Copyright, 1939, by D. Appleton - Century Company, Inc.

THOMAS JEFFERSON ON DEMOCRACY
Saul K. Padover
The New American Library, New York

KOTTAYAM PUBLIC LIBRARY
KOTTAYAM

# ഉള്ളടക്കം

മുഖവുര v

പ്രസ്താവന 1

അദ്ധ്യായം

I മനുഷ്യൻെറ പ്രകൃതിസിദ്ധമായ അവകാശങ്ങൾ 24

II ജനാധിപത്യതത്ത്വങ്ങൾ

വിശ്വാസം 34

i ജനാധിപത്യത്തിൻെറ പ്രയോജനം 35

ii അമേരിക്കൻ ഡിമോക്രസി 48

iii തത്ത്വങ്ങൾ 55

iv റിപ്പബ്ലിക്കനിസം 72

v രാഷ്ട്രീയകക്ഷികൾ 77

III ഭരണഘടന

i അധികാരവിഭജനം 84

ii അവകാശപത്രിക 85

iii സംസ്ഥാനങ്ങളുടെ അവകാശങ്ങൾ 95

iv പ്രസിഡൻറു് സ്ഥാനം 100

v നിയമപരിപാലനമണ്ഡലം 110

vi പരിവർത്തനങ്ങൾക്കു് വിധേയമായി 117

IV അർത്ഥശാസ്ത്രം

i കൃഷിയും വാണിജ്യവും 121

ii പൊതുക്കടം 125

iii കരം ചുമത്തൽ 131

iv ബാങ്ക് വ്യവസായം 135

V സാമൂഹ്യക്ഷേമം

i വർഗ്ഗങ്ങൾ 138

ii വിദ്യാഭ്യാസം 147

iii പ്രസ്സ് 156

iv ന്യൂനപക്ഷങ്ങൾ: നീഗ്രോകൾ 164

v ടി : (അമേരിക്കൻ) ഇൻഡ്യാക്കാർ 168

VI മതം

വിശ്വാസം 173

i സഹിഷ്ണുത 174

ii ക്രിസ്തുമതനിരൂപണം 188

iii ക്രിസ്തുവിന്റെ സ്വഭാവം 190

iv വ്യക്തിപരമായ വിശ്വാസം 193

VII വിദേശകാര്യങ്ങൾ

i യുദ്ധം 196

ii കൂട്ടുകെട്ടുകളില്ല 199

iii ഇംഗ്ലണ്ട് 209

iv ഫ്രാൻസ് 212

v തെക്കേ അമേരിക്ക 219

അനുബന്ധം

i തത്വങ്ങളും സിദ്ധാന്തങ്ങളും 225

ii സമകാലികന്മാരെപ്പററിയുള്ള അഭിപ്രായങ്ങൾ 259


---

# മുഖവുര

തോമസ് ജെഫേഴ്സൻ പ്രശാന്തനും സമചിത്തനുമായ ഒരു രാജ്യതന്ത്രജ്ഞനായിരുന്നു. അദ്ദേഹം തന്റെ പരസ്യപ്രസ്താവനകളെ പരമമായ രാഷ്ട്രീയ പ്രയോജനത്തെ ലാക്കാക്കിയായിരുന്നു ചെയ്തിരുന്നതു്. പത്രങ്ങളുടെ പ്രതികൂലാത്മകവും ക്രൂരവുമായ ആക്രമണശരവ്യമായിരുന്നു അദ്ദേഹം; വ്യക്തിപരമായ നിലയിൽ തന്നെയും തന്റെ അഭിപ്രായങ്ങളേയും അധിക്ഷേപിക്കുന്നതു് അദ്ദേഹത്തെ വളരെ വേദനിപ്പിച്ചിരുന്നു. അതുകൊണ്ടു് ശത്രുക്കൾ തന്റെ നേക്കവാക്കുകൾ കൊണ്ടുള്ള നിറയൊഴിക്കുന്നതിനുള്ള സന്ദർഭം നൽകുന്നതിൽ നിന്നും അദ്ദേഹം ശ്രദ്ധാപൂർവം ഒഴിഞ്ഞുമാറിയിരുന്നു. 1796-ൽ അദ്ദേഹം ജയിംസ് മണ്ട്രോയിക്കു് ഇങ്ങനെ എഴുതി, "എന്റെ ജീവിതത്തിന്റെ നേരത്തേയുള്ള ഘട്ടം മുതൽക്കുതന്നെ പത്രങ്ങൾക്കുവേണ്ടി ഒരൊററ വാക്കുപോലും എഴുതുവാൻ പാടില്ല എന്നതു് ഞാനൊരു പെരുമാററ നിബന്ധനയായി നിശ്ചയിച്ചിരുന്നു."

അത്രമാത്രമല്ല. ഈ രാജ്യതന്ത്രജ്ഞനായ ദാർശനികൻ രാഷ്ട്രമീമാംസയേയും സമൂഹത്തേയും പററി തനിക്കുള്ള അഭിപ്രായങ്ങളെ ക്രമാനുഗതമായി വികസിപ്പിക്കുന്നതിൽനിന്നും മാറിനിൽക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ നാമധേയം അമേരിക്കൻ ജനാധിപത്യത്തിന്റെ സങ്കല്പവും യാഥാർത്ഥ്യവുമായി അനന്തമായി ബന്ധിതമാണെങ്കിലും ജെഫേഴ്സൻ ആ വിഷയത്തെ സംബന്ധിച്ച് എന്തെങ്കിലും പ്രബന്ധമോ ഉപന്യാസമോ എഴുതിയിരുന്നില്ല. 1816-ൽ അദ്ദേഹം ഫോൻഡെയർ കെമ്പിനു് ഇങ്ങനെ എഴുതി, "നോട്സ് ഓൺ വെർജീനിയാ" എന്നതല്ലാമത വേറെയെന്തെങ്കിലും

ഞാൻ പ്രസിദ്ധപ്പെടുത്തിയിരുന്നോ എന്നു നിങ്ങൾ ചോദിക്കുന്നു. ഒന്നുംതന്നെയില്ല, ഭരണനിർവഹണപരമായ ഔദ്യോഗിക രേഖകളല്ലാതെ.''

അപ്പോൾ പിന്നെ, ജനാധിപത്യത്തെ സംബന്ധിച്ചു അദ്ദേഹത്തിനുണ്ടായിരുന്ന അഭിപ്രായങ്ങളെക്കുറിച്ചുള്ള അറിവ് നമുക്ക് എവിടെനിന്നു ലഭിക്കുന്നു? ജെഫേഴ്സൻെറ കത്തുകളിൽ നിന്നുമാണ്, അദ്ദേഹത്തിൻെറ അസാധാരണമായ തരത്തിൽ പുഷ്കലമായ മനസ്സിനെപ്പററി നാം അറിയുന്നതു്. പരസ്യ പ്രസ്താവനകൾ ചെയ്യുന്നതിൽ അദ്ദേഹം കരുതലോടെ പെരുമാറിയിരുന്നുവെങ്കിലും, തൻെറ തിളക്കമേറിയ പ്രതീക്ഷകളേയും അവിശ്വസനീയമാം വണ്ണം ബഹുമുഖമായ സംസ്കാരത്തേയും സമൃദ്ധമായ ഭാവനയേയും തന്റെ കത്തിടപാടുകളിൽ എതാണ്ട് അനിയന്ത്രിതമായും തടസ്സം കൂടാതേയും തുറന്നു കാട്ടിയിരുന്നു. വിശാലമായ ഒരു മനസ്സിൻെറ—മഹത്തായ ഒരു ഹൃദയത്തിൻെറ പൂർണ്ണതയിൽ നിന്നുമാലേഖനം ചെയ്യപ്പെട്ടിട്ടുള്ള അദ്ദേഹത്തിൻെറ കത്തുകൾ അമേരിക്കൻ ജനാധിപത്യത്തിൻെറ ശാശ്വതമായ ഒരു ആർജ്ജിതസ്വത്താകുന്നു.

ജെഫേഴ്സൻെറ കത്തുകളിൽനിന്നും മററു ലേഖനങ്ങളിൽനിന്നും തിരഞ്ഞെടുത്തു ഇവയിൽ ചേർത്തിരിക്കുന്നവയിൽ എതാണ്ട് എല്ലാംതന്നെ തികച്ചും ഉദ്ധരിക്കാൻ കൊള്ളാവുന്നവയാണ്. ഇതൊരു സമാഹരമല്ലെന്നും, എന്നാൽ യുക്തിപൂർവമായി ആലോചിച്ചു ശ്രദ്ധാപൂർവം രൂപപ്പെടുത്തിയ ഒരു സംഘടിതഗ്രന്ഥമാണെന്നും തീർത്തുപറയാൻ പ്രസാധകൻ ആഗ്രഹിക്കുന്നു. ഈ പുസ്തകത്തിലെ ഓരോ പദവും ജെഫേഴ്സൻേറതാണ്; ഈ ഗ്രന്ഥം വായിച്ചു നോക്കിയോ മറിച്ചുനോക്കിയോ ആനന്ദിക്കണമെന്നു് ആഗ്രഹിക്കുന്ന ഒരു വായനക്കാരൻ ചിലപ്പോൾ ഒരു സ്വിഫ്ററി

ൻെറ രോഷത്തിനും പിന്നെ പലപ്പോഴും ഒരു ബേക്കൻെറ താളമൊത്ത ഗദ്യശൈലിക്കും സമർത്ഥമായ ഒരു പ്രഗല്‌ഭാത്മാവിയിരുന്നു അദ്ദേഹമെന്ന സന്തോഷകരമായ കണ്ടുപിടിത്തത്തിൽ എത്തിച്ചേരുന്നതായിരിക്കും. തൻെറ കാലഘട്ടത്തിലെ മറേറതൊരാളിനെക്കാളും ഒരു സ്വാതന്ത്ര്യയുഗത്തിൻെറ ചിന്തകളേയും പ്രതീക്ഷകളേയും, മനുഷ്യൻെറ നന്മയിലുള്ള വിശ്വാസത്തേയും പുരോഗതിയിലുള്ള ഉറപ്പിനേയും ശാസ്ത്രത്തിലും യുക്തിയുടെ പ്രബുദ്ധതയിലുമുള്ള ദൃഢവിശ്വാസത്തേയും സാക്ഷാൽകരിച്ചിരുന്ന ആളായിരുന്നു ജെഫേഴ്സൻ.

ഈ ഗ്രന്ഥം സമയോചിതവും അത്യാവശ്യവുമായ ഒന്നാണെന്ന് പ്രസാധകൻ കരുതുന്നു. മറേറതൊരു കാലത്തേയുംകാൾ നമുക്കു ഇന്നു മാർഗ്ഗദർശനവും പ്രതീക്ഷയുമുണ്ടാകേണ്ടതായിരിക്കുന്നു. ജെഫേഴ്സൻെറ നാട്ടുകാർക്കു സ്വാതന്ത്ര്യപ്രഖ്യാപനത്തിൻെറ കർത്താവുമായുള്ള പരിചയം പുതുക്കുവാൻ ആഗ്രഹമുണ്ടായിരിക്കുമെന്നു പ്രസാധകൻ പ്രതീക്ഷിക്കുന്നു.

എസ്. കെ. പി.

# പ്രസ്താവന

കുറഞ്ഞ പക്ഷം ഒരൊന്നര ശതാബ്ദങ്ങൾക്കു മുമ്പ് പ്രസിദ്ധപ്പെടുത്തേണ്ടതായിരുന്നു ഈ പുസ്തകം. ജെഫേഴ്സനെ അമേരിക്കൻ ജനാധിപത്യത്തിൻെറ വിശുദ്ധപാൽ എന്ന നിലയിൽ കരുതാമെങ്കിലും, അസാധാരണമായ ഭാഷാസ്വാധീനതയാൽ അനുഗൃഹീതനായ ഒരു മികച്ച എഴുത്തുകാരനായിരുന്നു അദ്ദേഹമെങ്കിലും തനിക്കു ജനാധിപത്യ സിദ്ധാന്തത്തെ സംബന്ധിച്ചുണ്ടായിരുന്ന അഭിപ്രായങ്ങളെ ഒരു പുസ്തകരൂപത്തിലോ, പ്രബന്ധരൂപത്തിൽ തന്നെയുമോ ക്രമപ്പെടുത്തിയെഴുതിയിട്ടില്ല.

അദ്ദേഹത്തിൻെറ ആ അഭിപ്രായങ്ങൾ വിവിധ ലേഖനങ്ങളിലായി രൂപം കൊണ്ടിട്ടുണ്ട്; പ്രത്യേകിച്ച് അദ്ദേഹത്തിൻെറ മേന്മയേറിയ കത്തുകളിൽ. പ്രധാനമായും ഈ കത്തുകളിൽനിന്നും ഔദ്യോഗിക രേഖകളിൽ നിന്നുമാണ് ഈ പുസ്തകം രൂപപ്പെടുത്തിയിട്ടുള്ളതു്. പ്രസാധകൻ തന്റെ സ്വന്തമായി ഒന്നുംതന്നെ കൂട്ടിച്ചേർത്തിട്ടില്ല. ജെഫേഴ്സൻെറ ചിന്തകളിൽ മാററങ്ങളൊന്നും വരുത്തിയിട്ടുമില്ല. അദ്ദേഹം അങ്ങുമിങ്ങും വരുത്തിയിട്ടുള്ള അഭിപ്രായ വൈരുദ്ധ്യങ്ങളെ നേരെയാക്കുന്നതിനോ ചിലതിനെ തള്ളിക്കളയുന്നതിനോ – ഉദാഹരണത്തിനു്; പ്രസാധകനു് യോജിക്കാൻ കഴിയാത്ത ധനതത്വശാസ്ത്രസംബന്ധമായ അഭിപ്രായങ്ങളുടെ കാര്യത്തിൽപോലും – യാതൊരു ശ്രമവും നടത്തിയിട്ടില്ല. ഈ ഗ്രന്ഥം പൂർണ്ണമായും ജെഫേഴ്സൻേറതു് തന്നെയാണു്.

തൻെറ കത്തുകളിൽ കൂടിയായിരുന്നു "സ്വാതന്ത്ര്യ പ്രഖ്യാപന"ത്തിൻെറ കർത്താവു് തൻെറ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയും തൻെറ തലമുറയുടെ അഭിപ്രായങ്ങളെ രൂപാന്തരപ്പെടുത്താൻ യത്നിച്ചിരുന്നതും. അമേരിക്കയിലും യൂറോപ്പിലും ശതക്കണക്കിനാളുകളുമായി അദ്ദേഹം കത്തിടപാടുകൾ നടത്തിയിരുന്നു. തൻെറ ജീവിത

കാലത്തിനിടയ്ക്കു് അദ്ദേഹം ഇരുപത്തി അയ്യായിരം കത്തുകളോളം എഴുതിയിട്ടുണ്ടായിരുന്നു - രാഷ്ട്രീയകാര്യങ്ങളിലും കൃഷിയിലും സജീവമായിത്തന്നെ ഏർപ്പെട്ടിരുന്ന അദ്ദേഹത്തിൻെറ കാര്യത്തിൽ ഇതു വിസ്മയകരമായ ഒന്നാണു്. ഇന്നത്തെ രാഷ്ട്രീയ നായകന്മാർ പ്രസംഗങ്ങളും പത്രസമ്മേളനങ്ങളും റേഡിയോവും എങ്ങനെ ഉപയോഗപ്പെടുത്തുന്നുവോ അങ്ങനെയായിരുന്നു അദ്ദേഹം കത്തുകളെ വിനിയോഗിച്ചിരുന്നതു്. തൻെറ കത്തുകളിലൂടെ അദ്ദേഹം രാഷ്ട്രത്തോടു സംസാരിച്ചു. കത്തുകൾ മുഖേന തൻെറ അനുചരന്മാർക്കു ഉത്തേജനം നൽകി. ഒരു പ്രസംഗകനെന്ന നിലയിൽ അദ്ദേഹം മോശപ്പെട്ടവനായിരുന്നു; അതിനാൽ അദ്ദേഹം പ്രസംഗവേദിയെ ഉപേക്ഷിച്ചു് എഴുത്തു മേശയെ സ്വീകരിച്ചു. രാഷ്ട്രീയമായി എത്രതന്നെ ഉപയോഗപ്രദമാകുമെന്നിരുന്നാലും ഒരു പ്രസംഗം ചെയ്യുന്നതിനു് പകരമായി ഒരു കത്തെഴുതുകയായിരിക്കും അദ്ദേഹം ചെയ്യുക. തൻെറ കത്തുകൾ പരസ്യമായി വായിക്കപ്പെടുമെന്നു് അദ്ദേഹത്തിനറിയാമായിരുന്നു. രാഷ്ട്രത്തെ ജനാധിപത്യതത്വങ്ങൾ അഭ്യസിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടെ,—അല്ലെങ്കിൽ അദ്ദേഹത്തിൻെറ ഭാഷയിൽ പറഞ്ഞാൽ "പ്രയോജനകരമായ സത്യങ്ങൾ വിതയ്ക്കുന്നതിനു്" വേണ്ടി താൻ അത്തരം കത്തുകളെഴുതി.

* * * *

ഓരോ മൂല്യത്തിനും വേണ്ടി സമരം ചെയ്യുന്നുവെങ്കിൽ മാത്രമേ നാം അതിനെ കാത്തു സൂക്ഷിക്കുകയുള്ളു. കഴിഞ്ഞ കാലത്തു സ്വാതന്ത്ര്യത്തിനു് വേണ്ടിയുള്ള സമരത്തിൽ വിജയം നേടിയവർ സ്വാതന്ത്ര്യത്തിനുള്ള മനസ്സിഷ്ടവും അതിനു് വേണ്ടിയുള്ള ഇച്ഛയുമുള്ളവരായിരുന്നു. ജനാധിപത്യത്തിൻെറ പ്രമുഖ ശില്പികളിൽ പ്രമുഖൻ, ശാസ്ത്രജ്ഞൻ, എഴുത്തുകാരൻ, പണ്ഡിതൻ, ഭരണധുരന്ധരൻ, എന്നു മാത്രമല്ല തൻെറ കാലത്തെ ഏററവും വിജയശ്രീലാളിതനായിരുന്ന രാഷ്ട്രീയ നേതാവുമായിരുന്നു ജെഫേഴ്സൻ. ലജ്ജാശീലമുണ്ടായിരുന്നുവെങ്കിലും അദ്ദേഹം അസാമാന്യമായ മേധാശക്തിയുണ്ടായിരുന്ന ഒരു സമര

KOTTAYAM PUBLIC LIBRARY

നേതാവും, നാടൻ തുണിയിൽ വസ്ത്രധാരണം ചെയ്യാറുണ്ടായിരുന്ന ഒരു ഉരുക്കു മനുഷ്യനുമായിരുന്നുവത്രേ. നാം അദ്ദേഹത്തെ തിരിഞ്ഞുനോക്കി വിലയിരുത്തുകയാണെങ്കിൽ നമുക്കു അദ്ദേഹത്തെ ദർശിക്കാൻ കഴിയുന്നതു് ബൈബിളിലെ ഭാഷയിൽ പറഞ്ഞാൽ ഒരു ഋഷിയായോ ഒരു സ്വപ്നത്തെ സാക്ഷാൽകരിച്ച ദീർഘദർശിയായോ ആയിട്ടാണു്.

അപ്പോൾ, ജനാധിപത്യത്തിൻെറ അർത്ഥമെന്താണു്? ജെഫേഴ്സൻെറ അഭിപ്രായത്തിൽ സ്വാതന്ത്ര്യത്തിൻെറ ആശ്രയമായിരുന്നു ജനാധിപത്യത്തിന്റെ കാതൽ. അദ്ദേഹം തൻെറ കാലഘട്ടത്തിൻെറ ഒരു സന്താനമായിരുന്നുവെന്നും പതിനെട്ടാം നൂററാണ്ടിലെ തത്ത്വവിജ്ഞാനീയ വിദ്യാർത്ഥിയായിരുന്നുവെന്നും അക്കാലത്തെ രാഷ്ട്രീയ രംഗത്തിൻെറ ഒരു നിരീക്ഷകനായിരുന്നുവെന്നുമുള്ളതു് ഓർക്കേണ്ടതാണു്. അദ്ദേഹത്തിൻെറ വായന യൂറോപ്പിൽ നിന്നുമുള്ളവയായിരുന്നുവെങ്കിലും പാദങ്ങൾ അമേരിക്കയുടെ സ്വതന്ത്രമായ മണ്ണിൽത്തന്നെയാണു് ഊന്നിയിരുന്നതു്. അതുകൊണ്ടു് യൂറോപ്പിലെ ദാർശനികന്മാർക്കു്, മനുഷ്യസമൂഹത്തിനു് നിസർഗ്ഗസിദ്ധമായുള്ള സ്വാതന്ത്ര്യത്തെപ്പററിയുള്ള ധാരണയും അവരുടെ നാലുപാടും കാണാമായിരുന്ന മനുഷ്യാധഃപതനവും തമ്മിലുള്ള വൈരുദ്ധ്യം അദ്ദേഹത്തെ ഞെട്ടിപ്പിച്ചു. യൂറോപ്പിലെ ജനങ്ങൾ പലപ്പോഴും തങ്ങളുടെ യജമാനന്മാരുടെ അറിഞ്ഞുകൊണ്ടുള്ള അടിമകളായി പ്രവർത്തിക്കുന്നതിലെ അത്ഭുതം ജെഫേഴ്സനു് മനസ്സിലാക്കാൻ കഴിഞ്ഞില്ല. അമേരിക്കയിലെ മണ്ണിൽ മനുഷ്യലോകത്തിൻെറ ശത്രുയുഗ്മങ്ങളായ വിജ്ഞാനവിമുഖതയും ദുഷ്പ്രഭുത്വവും വേരോടിക്കാൻ അനുവദിക്കരുതെന്നു ഒരു യുക്തിവാദിയും പ്രകൃതിയുടെ ആരാധകനുമായിരുന്ന അദ്ദേഹം ദൃഢനിശ്ചയം ചെയ്തിരുന്നു. മൂന്നാമത്തെ അമേരിക്കൻ പ്രസിഡൻെറായി അദ്ദേഹത്തെ തെരഞ്ഞെടുത്ത വർഷത്തിൽ ജെഫേഴ്സൻ തൻെറ സുഹൃത്തായ ഡാ: റഷിനു് ഇങ്ങനെയെഴുതി. "മനുഷ്യൻെറ മനസ്സിൻെറ മേലുള്ള എല്ലാത്തരം ക്രൂരതയ്ക്കുമെതിരായി, ശാശ്വതമായ സമരം ചെയ്യുന്ന

താണെന്നു ഞാൻ ഈശ്വരന്റെ അൽത്താരയിൽവച്ചു ശപഥം ചെയ്തിട്ടുണ്ട്''

ആംഗലേയരുടെ ഭരണത്തിലൂടെ അമേരിക്കയെ ബാധിച്ചിരുന്ന യൂറോപ്പിലെ സ്ഥിതിഗതികളായിരുന്നു ജെഫേഴ്സന്റെ ചിന്തയിൽ രാജിയില്ലാത്തതരത്തിലുള്ള സ്വാതന്ത്ര്യാത്മകമായ ചായ്‌വ് പ്രദാനം ചെയ്തത്. യൂറോപ്പിലെ ജനതയിൽ പത്തിലൊന്നുഭാഗം സ്വാതന്ത്ര്യത്തിലും സമൃദ്ധിയിലും കഴിയുന്നതിന് വേണ്ടി പത്തിലൊൻപതുഭാഗത്തെ ദാരിദ്ര്യത്തിലും അടിമത്വത്തിലും ആഴ്ത്തിവച്ചിരുന്നു. തന്റെ ചരമത്തിന് കുറച്ചുദിവസങ്ങൾക്കു മുമ്പ് 1826-ൽ, തനിക്കു സഹജമല്ലാതിരുന്ന കാർക്കശ്യത്തോടെ ഇങ്ങനെ എഴുതുകയുണ്ടായി, ("മനുഷ്യരിൽ ഭൂരിപക്ഷവും മുതുകിൽ ജീനിയുമായല്ല ജനിച്ചത്, അതുപോലെ, ഈശ്വരാനുഗ്രഹത്താൽ അവരുടെ മേൽ സവാരി ചെയ്യുന്നതിനുള്ള പാദുകങ്ങളുമായല്ല ബാക്കിയുള്ളവർ ജനിച്ചതും.") യൂറോപ്യൻ രംഗത്തേക്കു നോക്കിയപ്പോൾ ജെഫേഴ്സൻ എന്തായിരുന്നു കണ്ടത്? ഇംഗ്ലണ്ടിൽ സ്ഥിരതയില്ലാത്തവനായ ഒരു രാജാവ് മുഖേന അവിടത്തെ അഴിമതിക്കാരായ കുലീനവർഗ്ഗം ഭരണം നടത്തുന്നു. പ്രഷ്യയിൽ കഴിവുറ്റവനായുള്ള ഒരു ഏകാധിപതിയുടെ സ്ഥാനത്തു കഴിവില്ലാത്തവനായ ഒരുവൻ പ്രവേശിക്കുന്നു. റഷ്യയാണെങ്കിൽ, അർദ്ധപൗരസ്ത്യരായ പ്രജാപീഡകന്മാരുടെ ചാട്ടവാറിന്റെ കീഴിൽ കഴിയുന്ന അടിമകളുടെ ഒരു കാരാഗൃഹം. അർദ്ധജന്മിത്വത്തിന്റെ രാജ്യമായ ആസ്ത്രിയാ, കുലീനരുടെ വാഴ്ചയേയും പുരോഹിതത്വത്തേയും നിഷ്കാസനം ചെയ്യാൻ നിഷ്ഫലമായി യത്നിക്കുന്നു. ദുർഭരണത്തിന്റേയും ദാരിദ്ര്യത്തിന്റേയും നരകവേദനയനുഭവിക്കുന്ന ഫ്രാൻസ് വിപ്ലവത്തിന്റേയും അരാജകത്വത്തിന്റേയും അഗാധഗർത്തത്തിലേക്ക് വഴുതിവീഴാൻ പോകുന്നു. യൂറോപ്പിന്റെ ഏതേതെല്ലാം ഭാഗത്തേക്കു ജെഫേഴ്സൻ നോക്കിയോ അവിടെയെല്ലാം ക്രൂരഭരണത്തിന്റേയും നിരാശതയുടേയും ദൃഷ്ടാന്തങ്ങളല്ലാതെ മറ്റൊന്നുംകണ്ടില്ല.

* * * *

ജെഫേഴ്സന്റെ ചിന്തനത്തിലും അമേരിക്കൻ ജനാധിപത്യത്തിലും യൂറോപ്പ് ചെലുത്തിയ നിഷേധാത്മകമായ സ്വാധീനതയെപ്പററി എത്ര ഉറപ്പിച്ചു പറഞ്ഞാലും മതിയാകുന്നതല്ല, യൂറോപ്പാണെങ്കിൽ സാമൂഹികമായി ക്രൂരതയിലും രാഷ്ട്രീയമായി അധർമ്മത്തിലുമായിരുന്നു കഴിഞ്ഞിരുന്നതു്, അസഹനീയമായ ആ അന്തരീക്ഷത്തിൽനിന്നും രക്ഷനേടുന്നതിനു് വേണ്ടി അവിടത്തെ ജനങ്ങൾ ആയിരമായിരം മൈലുകൾ വീതിയുള്ള സമുദ്രം താണ്ടിപ്പോകുന്നു. ഒരിക്കൽ ജെഫേഴ്സൻ പറയുകയുണ്ടായി: "സ്രഷ്ടാവു് തന്റെ തൊഴിലെന്താണെന്നു മനസ്സിലാക്കുന്നതിനു് മുമ്പു്; അല്ലെങ്കിൽ താനെന്താണു് ചെയ്യേണ്ടതെന്നു് തീരുമാനിക്കുന്നതിനു് മുമ്പു് അദ്ദേഹമുണ്ടാക്കിയ അപൂർണ്ണമായ ഒരു സൃഷ്ടിയാണു് യൂറോപ്പു്" എന്നു്. പരോക്ഷമായാണെങ്കിൽ ആദ്യഘട്ടത്തിലെ പിഴയുള്ള മാതൃകയുടെ വളരെ പരിഷ്കരിച്ച ഒന്നാണു് അമേരിക്കയെന്നായിരുന്നു അദ്ദേഹം പറഞ്ഞതു്.

അമേരിക്കയുടെ പ്രതിപുരുഷൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ ഫ്രാൻസിലെ വാസം ജാതിവ്യത്യാസത്തോടും ഏകച്ഛത്രാധിപത്യത്തോടും അദ്ദേഹത്തിനുണ്ടായിരുന്ന വെറുപ്പു് വർദ്ധിപ്പിക്കുകയുണ്ടായി. ആ രാജ്യത്തിലെ ദാരിദ്ര്യവും കഷ്ടതകളും അദ്ദേഹത്തെ കോപാക്രാന്തനാക്കി. അദ്ദേഹം പാരീസിൽനിന്നുമെഴുതി, "ഫ്രാൻസിനെ അധിവസിക്കുന്നു എന്നു കരുതപ്പെടുന്ന രണ്ടുകോടി ജനങ്ങളിൽ ഒരുകോടി തൊണ്ണൂറുലക്ഷം ജനങ്ങളും ഐക്യനാടുകളിൽ ഏററവും പ്രസ്താവ്യമാംവണ്ണം ശോചനീയമായ രീതിയിൽ കഴിയുന്ന വ്യക്തിയുടെ നിലയിൽനിന്നും ഏറെ ശപ്തമായ ദുരിത ജീവിതം നയിക്കുന്നവരാണെന്നാണു് എന്റെ അഭിപ്രായം." അനാവശ്യമായ ഈ ദുരിതാവസ്ഥയുടെ കാരണം "ദുഷിച്ചുരൂപത്തിലുള്ള ഒരു ഭരണകൂട"മാണെന്നു് അദ്ദേഹത്തിനു് അറിയാമായിരുന്നു.

"പ്രാവുകളെ വേട്ടയാടുന്ന പരുന്തുകളുടെ" ഗവൺമെന്റുകളുള്ള യൂറോപ്പിന്റെ വേദനാ ദന്തുരമായ പന്ഥാവി

ലൂടെ അമേരിക്ക ഒരിക്കലും ചരിക്കരുതെന്നു അദ്ദേഹമെഴുതി. അമേരിക്ക യഥാർത്ഥത്തിലുള്ള ഒരു സ്വർഗ്ഗമാണെന്നുള്ളതു് പൂർണ്ണമായും മനസ്സിലാക്കാൻ യൂറോപ്പു കണ്ടവന്നു് മാത്രമേ സാധിക്കുകയുള്ളു. 1785-ൽ ജെയിംസ് മണ്ട്റോക്കു് ജെഫേഴ്സൻ ഇങ്ങനെ എഴുതി, യൂറോപ്പിലേക്കുള്ള ഒരു യാത്ര "നിങ്ങളുടെ രാജ്യത്തേയും മണ്ണിനേയും ശീതോഷ്ണാവസ്ഥയേയും സമത്വത്തേയും സ്വാതന്ത്ര്യത്തേയും നിയമങ്ങളേയും ജനങ്ങളേയും ആചാരങ്ങളേയും ആരാധിക്കാൻ പ്രേരിപ്പിക്കുന്നതാണു്" എന്നു്. അദ്ദേഹം പ്രസ്താവിച്ചു, "എൻെറ ഈശ്വരാ, ലോകത്തിലെ മററാളുകൾക്കു അനുഭവിക്കാൻ ലഭിക്കാത്തതായി എത്രയെത്ര വിലയേറിയ അനുഗ്രഹങ്ങളാണു് എൻെറ നാട്ടുകാർക്കുള്ളതെന്നു എത്ര കുറവായി മാത്രമാണു് അവർ അറിയുന്നതു്?"

ജനനത്തിൻെറ അടിസ്ഥാനത്തിലുള്ള അസമത്വത്താൽ ഇതേവരെ ദൂഷിതമാക്കപ്പെടാത്ത ഒരു പുതിയ രാജ്യവും ജനതയുമാണിവിടെയുള്ളതു്. അഴിമതിക്കു് വിധേയമാക്കപ്പെടാതേയും ശൃംഖലകളാൽ ബന്ധിക്കപ്പെടാതേയുമുള്ള ഒരു ജനതയാണിവിടുത്തേതു്, ഫലപുഷ്ടിയുള്ളതും ജന്മിഭോഗം കൊടുക്കേണ്ടതില്ലാത്തതുമായ ഭൂമിയാണിവിടെയുള്ളതു്, അതിനാൽ യൂറോപ്പിലെ ദുരന്താനുഭവങ്ങൾക്കിട നൽകാത്ത ഒരു പുതിയ സമുദായത്തെ കെട്ടിപ്പടുക്കാൻ സാദ്ധ്യമത്രേ. കൂടാതെ ജെഫേഴ്സൻ ജനിച്ചു വളന്നതു്, അക്കാലത്തു ഒരു അതിർത്തിദേശമായിരുന്ന പ്രദേശത്തായിരുന്നു, അദ്ദേഹത്തിൻെറ പരിചയക്കാരും അദ്ദേഹം ബഹുമാനിച്ചിരുന്നവരുമായ ജനങ്ങൾ ജന്മിക്കോ പുരോഹിതനോ ലാഭമുണ്ടാക്കാതെ സ്വന്തം ഭൂമി കൃഷിചെയ്തുപോന്നിരുന്നവരും ആത്മവിശ്വാസമുള്ളവരുമായിരുന്നു.

ഇന്നത്തെപ്പോലെതന്നെ ജെഫേഴ്സൻെറ കാലഘട്ടത്തിലും സാമൂഹികമായ മൗലികപ്രശ്നം ഗവണ്മെൻറിനെ സംബന്ധിക്കുന്നതായിരുന്നു. സാമൂഹികമായ എല്ലാ ദുരിതങ്ങളും ഭരണകൂടത്തിൻെറ സ്വഭാവത്തിലും പ്രവർത്തനത്തിലും നിന്നുമുണ്ടാകുന്നവയാണു്. ദൂഷിതമായ ഒരു ഗവ

ണ്മെൻറിനു്, അതിൻെറ പ്രജകളുടെ മേൽ ഏൽപ്പിക്കാവുന്ന ക്രൂരതകൾക്കും അന്യായങ്ങൾക്കും കുറവായ അതിരുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. ജെഫേഴ്സൻെറ കാലത്തായിരുന്നുവെങ്കിൽ അവർ യാതൊരുവിധമായ രാഷ്ട്രീയാധികാരവുമില്ലാത്തവരും അക്കാരണത്താൽ നിസ്സഹായരുമായിരുന്നു. ജെഫേഴ്സനെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിനെ നിയന്ത്രിക്കുന്നതിനുള്ള അവകാശമില്ലാത്തവരാണു് ജനങ്ങളെങ്കിൽ അതിൻെറ ഫലം ആടുകളെ ഭരിക്കുന്ന ചെന്നായ്ക്കളുടെ സമൂഹമായിരിക്കും ഉണ്ടാവുക എന്നതായിരുന്നു. ഈ പ്രശ്നത്തെ സംബന്ധിച്ചു ഒരു വാദത്തിൻെറ ആവശ്യം തന്നെയില്ലെന്നു ജെഫേഴ്സൻ കരുതി. ഏററവും പ്രശസ്തമായ ഒരു സ്വേച്ഛാധികാരിയുടെ ഭരണത്തെക്കാൾ ഏററവും മോശപ്പെട്ട ഒരു ജനകീയ ഗവണ്മെൻറു സ്വീകാര്യമാണു്; എന്തെന്നാൽ മനുഷ്യർക്കു തെററുവരുത്താൻ പ്രകൃത്യാതന്നെ അവകാശമുണ്ടെന്നും, അവരെ സ്വതന്ത്രമായി വിട്ടുകൊടുത്താൽ, അവരുടെ സാമാന്യബുദ്ധി അവർ വരുത്തുന്ന തെററുകളെ തിരുത്തിക്കൊള്ളുമെന്നുമായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. പൗരന്മാർക്കു പൂർണ്ണമായ സ്വാതന്ത്ര്യം നൽകിക്കൊണ്ടുള്ള ഒരു ഗവണ്മെൻറു്, അതു ശക്തി കുറഞ്ഞതായിരുന്നാൽ തന്നെയും, മെച്ചപ്പെട്ട ഗവണ്മെൻറാണെന്നുള്ളതു് ഒരു സ്വതഃസിദ്ധമായ സിദ്ധാന്തമാണെന്നും ജെഫേഴ്സൻ വിശ്വസിച്ചു. ആ അടിസ്ഥാനത്തിൽ ശക്തമായ ഒരു ഗവണ്മെൻറു അനിവാര്യമാംവണ്ണം ചീത്തയാണു്; എന്നല്ലെങ്കിൽ നാളെ അതു്, അതിനെ രൂപപ്പെടുത്തിയ പൗരന്മാരുടെ സേവകസ്ഥാനം ഉപേക്ഷിച്ചു യജമാനനായി മാറുകയും ചെയ്യും.

ഗവണ്മെൻറിൻെറ പ്രകൃതിയെ സംബന്ധിച്ചു ജെഫേഴ്സനു് ഒരു മിഥ്യാഭിപ്രായവും ഉണ്ടായിരുന്നിട്ടില്ല. ചരിത്രത്തെ യഥാർത്ഥമായി പഠിക്കുന്ന ഒരു വിദ്യാർത്ഥിയെന്ന നിലയിൽ- വോൾട്ടയറിനെപ്പോലെ അദ്ദേഹം ചരിത്രം വായിച്ചിരുന്നതു, അതു ചൂണ്ടിക്കാണിച്ചിരുന്ന പാഠങ്ങൾക്കുവേണ്ടിയായിരുന്നു, അല്ലാതെ നേരമ്പോക്കിനായിരുന്നില്ല- ജെഫേഴ്സൻ ഗവൺമെൻറിനെ നിർവികാരമായി ഒരു

സംശയാലുവിൻെറ കണ്ണുകളോടെയായിരുന്നു അതു കാണാൻ ശ്രമിച്ചതു്. സാന്ദർഭികമായി പറയട്ടെ, അദ്ദേഹത്തിന്റെ സമകാലികന്മാർ, പ്രത്യേകിച്ചു ഭരണഘടന നിർമ്മിക്കുന്നതിൽ തൽപരരായിരുന്നവർ അത്തരത്തിലുള്ളവരായിരുന്നു. ഗവൺമെൻറു എന്നു പറയുന്നതു് ആപൽക്കരമായിത്തീരാവുന്ന ഒന്നാണെന്നു ആദ്ദേഹം ഭയപ്പെട്ടിരുന്നുവെങ്കിലും അവശ്യം വേണ്ട ഒരു ദോഷമെന്ന രീതിയിൽ അതിനെ അംഗീകരിച്ചിരുന്നു, സമൂഹത്തിനു് ചില നിയന്ത്രണങ്ങളൊക്കെ ആവശ്യമാണെന്നും വ്യക്തികൾക്കു കുറെ സ്വാതന്ത്ര്യവുമുണ്ടായിരിക്കണമെന്നും അദ്ദേഹം കണ്ടു. ഇവ രണ്ടും പരസ്പരം അകററിനിറുത്തുന്നതരത്തിലുള്ളതാകയാൽ നിയന്ത്രണവും സ്വാതന്ത്ര്യവും പൊരുത്തപ്പെടാത്തവയാണെന്നും തോന്നിയിരുന്നു. ചരിത്രത്തിലൂടെ നോക്കുകയാണെങ്കിൽ ഗവൺമെൻറുകൾ എന്നെന്നും വ്യക്തിസ്വാതന്ത്ര്യത്തിൽ, ചിലപ്പോൾ ബലിഷ്ഠങ്ങളായ നിയമങ്ങളാലും മററു ചിലപ്പോൾ നഗ്നമായ അക്രമത്താലും കടന്നു കയറിയിട്ടുണ്ടെന്നും ജെഫേഴ്സനു നല്ലവണ്ണം അറിയാമായിരുന്നു, ഭരണീയരുടെ യഥാർത്ഥമായ നന്മയ്ക്കുവേണ്ടി ചുരുക്കമായിമാത്രമേ ഭരണാധികാരികൾ തങ്ങളുടെ അധികാരങ്ങൾ കൈകാര്യം ചെയ്തിട്ടുള്ളു എന്നുള്ളതു് ഏതാണ്ടു വ്യക്തമായ ഒരു കാര്യമാണു്. ഒരിക്കൽ ജെഫേഴ്സൻ സമ്മതിക്കുകയുണ്ടായി, സ്വേച്ഛാധിപത്യം, അരാജകത്വം എന്നിവയിൽ ഏതാണു് വേണ്ടതെന്നു ചോദിച്ചാൽ അദ്ദേഹം അരാജകത്വത്തെയായിരിക്കും സ്വീകരിക്കുക എന്നു്. "അപരിഷ്കൃതരായ അമേരിക്കൻ ഇൻഡ്യാക്കാരുടെ ഇടയിലെന്നപോലെ നിയമങ്ങളില്ലാത്ത അവസ്ഥയോ, പരിഷ്കൃതരായ യൂറോപ്യന്മാരുടെയിടയിലെന്നപോലെ നിരവധി നിയമങ്ങളുള്ള അവസ്ഥയോ മനുഷ്യനു് കൂടുതൽ ദോഷഭൂയിഷ്ഠമായിട്ടുള്ളതെന്നതു് ഒരു പ്രശ്നമാവുകയാണെങ്കിൽ, ഇവ രണ്ടും കണ്ടിട്ടുള്ള ഒരുവൻ രണ്ടാമത്തേതിനെയാണു് ചൂണ്ടിക്കാണിക്കുക." എന്നിട്ടു അദ്ദേഹം തുടർന്നു:—"ചെന്നായ്ക്കളുടെ ഭരണത്തിൻ കീഴിൽ ഇരിക്കുന്നതിനെക്കാൾ ആട്ടുകൾ

തനിയെയായിരുന്നാൽ കൂടുതൽ സന്തോഷമുള്ളവരായിരിക്കും."

ഗവൺമെൻറുകളുടെ നീക്കുപോക്കില്ലാത്ത പ്രവണത ദുഷ്പ്രഭുത്വമായി അധഃപതിക്കുകയെന്നതായതുകൊണ്ട്, ജെഫേഴ്സൻെറ തലമുറക്കാർ പരിശോധിച്ചിരുന്ന പ്രശ്നം സമൂഹത്തിൻെറ സേവകന്മാർ രാക്ഷസന്മാരായി മാറിപ്പോകാതെ നോക്കുന്നതെങ്ങനെ എന്നായിരുന്നു. മററു വാക്കുകളിൽ പറയുകയാണെങ്കിൽ, ഗവൺമെൻറു വ്യക്തിസ്വാതന്ത്ര്യത്തിൽ കൈകടത്തുന്നതിനെ എങ്ങനെയാണ് തടയുവാൻ കഴിയുക?

1689-ൽ ജെഫേഴ്സൻ എഴുതി, "ഗവൺമെൻറിനു് അടിയറവെയ്ക്കേണ്ടയാവശ്യമില്ലാത്ത ചില അവകാശങ്ങളുണ്ട്. എന്നിരുന്നാലും ഗവൺമെൻറു അവയിൽ അക്രമമായി കൈയ്യേറുന്നു, ഇവ, ചിന്തിക്കുക, വാങ്മൂലമായും രേഖാമൂലമായും നമ്മുടെ ചിന്തകളെ പ്രകടിപ്പിക്കുക, സ്വതന്ത്രമായി കച്ചവടം നടത്തുക, വ്യക്തിസ്വാതന്ത്ര്യം പുലർത്തുക എന്നിത്യാദിയാണ്.

ജെഫേഴ്സൻെറ അഭിപ്രായത്തിൽ ജീവനും സ്വാതന്ത്ര്യത്തിനും ഗവൺമെൻറു പൂർണ്ണമായും കീഴടങ്ങേണ്ടതാകുന്നു, എന്തുകൊണ്ടെന്നാൽ ഇവകൂടാതെ സുഖാന്വേഷണം അസാദ്ധ്യമാണ്, 1782 - ൽ ജെയിംസ് മണ്ട്റോവിനു് ജെഫേഴ്സൻ എഴുതിയതു്, മനുഷ്യൻെറ ചിന്തകളേയും പ്രവർത്തനങ്ങളേയും നിയന്ത്രിക്കുന്ന ശക്തമായ ഒരു ഗവൺമെൻറു് "മനുഷ്യജീവിതത്തിൻെറ അനുഗ്രഹങ്ങളെ ഇല്ലായ്മചെയ്യുകയും" മനുഷ്യനിൽ "ജനിക്കാതിരുന്നുവെങ്കിൽ എത്ര നന്നായിരിക്കുമായിരുന്നു" എന്ന ചിന്ത ഉണ്ടാക്കുമെന്നുമായിരുന്നു. ഇതിൻെറ പരിഹാരം നിലകൊള്ളുന്നതു് സ്വയം ഭരണത്തിലാണ്. തങ്ങളുടെ ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കാനും നിയന്ത്രിക്കാനുമുള്ള അധികാരം മനുഷ്യർക്ക് ഉറപ്പു ചെയ്തിരിക്കണം, അങ്ങനെ ചെയ്യുന്നതു ഒരു സൗകര്യമോ പ്രസാദമോ എന്ന നിലയ്ക്കല്ല, എന്നാൽ പ്രകൃതിയാൽ ദത്തമായ ഒരു കർത്തവ്യമെന്ന നിലയ്ക്കാണ്. ജെഫേ

ഴ്സൻ വാദിച്ചതു് (മററു വളരെ പ്രശസ്തരായ ആളുകൾ 18-ാം നൂററാണ്ടിൽ അംഗീകരിച്ചിരുന്ന സിദ്ധാന്തമായിരുന്നു) മനുഷ്യൻ, കൈമാററം ചെയ്യാവുന്നവയല്ലാത്ത ഒട്ടുവളരെ അധികാരങ്ങളോടെയാണു് ജനിക്കുന്നതെന്നും, "അവയിൽ ജീവൻ, സ്വാതന്ത്ര്യം, സുഖാന്വേഷണം എന്നിവയുൾപ്പെടുന്നു" എന്നുമായിരുന്നു. ഈ പ്രകൃതിസിദ്ധമായ അവകാശങ്ങളുടെ കൂട്ടത്തിൽ സ്വയംഭരണാവകാശവുമുൾപ്പെടുന്നുണ്ടു്.

1790-ൽ പ്രസിഡന്റു വാഷിങ്ടനേയുദ്ദേശിച്ച് ജെഫേഴ്സൻ വിശദീകരിച്ചതിങ്ങനെയായിരുന്നു. "ലോകത്തിലെ ഓരോ മനുഷ്യനും ഓരോ മനുഷ്യസമൂഹത്തിനും സ്വയംഭരണാവകാശമുണ്ടു്. പ്രകൃതിയുടെ കൈകളിൽ നിന്നും അവർക്കു് അതു് അവരുടെ ജീവൻ ലഭിക്കുന്നതോടൊപ്പം കിട്ടുന്നു. വ്യക്തികൾ അതിനെ കൈകാര്യം ചെയ്യുന്നതു് സ്വന്തമായ ഇച്ഛാശക്തിയാലാണു്, സമൂഹമാണെങ്കിൽ ഭൂരിപക്ഷാഭിപ്രായപ്രകാരവും; എന്തുകൊണ്ടെന്നാൽ, എല്ലാ മനുഷ്യസമൂഹത്തിന്റേയും പ്രകൃത്യായുള്ള നിയമം ഭൂരിപക്ഷത്തിന്റെ നിയമമത്രെ"

ജനാധിപത്യത്തിന്റെ ശത്രുക്കൾ വാദിച്ചതു് സ്വയമായി ഭരിക്കുവാനുള്ള കഴിവു് മനുഷ്യനില്ലെന്നായിരുന്നു. രണ്ടു ചെറിയ വാചകങ്ങൾകൊണ്ടു് ഈ വാദത്തെ ജെഫേഴ്സൻ ഖണ്ഡിച്ചു. "തന്നെ ഭരിക്കാനുള്ള കഴിവു് ഒരുവനുണ്ടെന്നു വിശ്വസിക്കാൻ പാടില്ലെന്നു ചിലപ്പോൾ പറഞ്ഞുകേൾക്കാറുണ്ടു്. അങ്ങനെയാണെങ്കിൽ അന്യരെ ഭരിക്കാനുള്ള കഴിവു് അവനുണ്ടാകുമോ?" അതുപോലെതന്നെ ഏതെങ്കിലും വ്യക്തിയുടെയോ, വിഭാഗത്തിന്റെയോ രക്ഷാകർത്തൃത്വത്തിലുള്ള അപൂർണ്ണമായ ജനാധിപത്യത്തേയും ജെഫേഴ്സൻ സ്വീകരിക്കയില്ല. ജോസഫ് കാംബെല്ലിനു് അദ്ദേഹമെഴുതി, "എന്റെ സ്നേഹിതാ, നല്ലതും സുരക്ഷിതവുമായ ഗവൺമെന്റുണ്ടാക്കുന്നതിനുള്ള മാർഗ്ഗം, ഏതെങ്കിലും ഒരൊറ്റ വ്യക്തിയെ വിശ്വസിക്കുന്നതല്ല, എല്ലാവർക്കുമായി അതു ഭാഗിച്ചുകൊടുക്കയാണു്" ദ്യൂപാങ്ദ്നെമൂഴ്

എന്ന ഫ്രഞ്ചു സ്നേഹിതന്നു് അദ്ദേഹം എഴുതി, "നാം രണ്ടു പേരും ജനങ്ങളെ നമ്മുടെ കുഞ്ഞുങ്ങളെപ്പോലെ കരുതുന്നു. ...പക്ഷേ നിങ്ങൾ അവരെ സ്നേഹിക്കുന്നതു് അവർ ശിശുക്കളാണെന്നപോലെയാണു്; അവരെ ധാത്രിമാരെയേല്പിച്ചില്ലെങ്കിൽ നിങ്ങൾക്കു വിശ്വാസം വരില്ല; ഞാൻ അവരെ പ്രായപൂർത്തിവന്നവരായി കരുതുന്നു, സ്വയമായി ഭരണം നടത്താനനുവദിക്കുകയും ചെയ്യുന്നു." പ്രഫസർ ചാറത്സ് ഈ മെറിയാ ഇതിനെപ്പററി അഭിപ്രായപ്പെട്ടിട്ടുള്ളതു്, ജനാധിപത്യതത്വങ്ങളെക്കുറിച്ചുള്ള ഏററവും പ്രശസ്തമായ പ്രസ്താവനയാണിതെന്നായിരുന്നു.

ജെഫേഴ്സനു് മനുഷ്യസ്വഭാവത്തിലും മനുഷ്യവർഗ്ഗത്തിൻെറ സാമാന്യബുദ്ധിയിലും വിശ്വാസമുണ്ടായിരുന്നു-തന്നെത്താനെ ഭരിക്കുന്ന മനുഷ്യർക്കു തെററുപററാവുന്നതാണു്; അതു തിരുത്താനുള്ള സന്ദർഭം അവർക്കുണ്ടായിരിക്കുകയും വേണം. എന്നാൽ ഭരിക്കപ്പെടുന്നവർക്കു് 'ക്ഷമയോടെ കഷ്ടപ്പെടുക, അല്ലെങ്കിൽ അക്രമം കാട്ടുക' എന്നീ മാർഗ്ഗമല്ലാതെ വേറെ വഴിയൊന്നുമില്ല. "ജനങ്ങളുടെ സദ്ബുദ്ധിയിലും അവരുടെ നേതാക്കന്മാരുടെ സത്യസന്ധതയിലും എനിക്കുള്ള വിശ്വാസത്തിൻെറ അടിസ്ഥാനത്തിൽ എന്തെങ്കിലും കാര്യം തെററായിപ്പോകാൻ അവർ അനുവദിക്കുമെന്നു എനിക്കു തോന്നുന്നില്ല." കുറച്ചുകാലത്തേക്കു ആളുകളെ തെററിദ്ധരിപ്പിക്കാനോ വഞ്ചിക്കാനോ സാധിച്ചു എന്നുവന്നേക്കാം; എന്നാൽ സത്യത്തിൻെറ മാർഗ്ഗങ്ങൾ തുറന്നുകിടക്കുമ്പോൾ അബദ്ധമായതും ദോഷഭൂയിഷ്ഠമായതും പുറന്തള്ളുവാൻ മനുഷ്യൻ പഠിക്കും." ജനങ്ങൾ സുവിജ്ഞരാണെങ്കിൽ, ഗവൺമെൻറിനെ അവരെ വിശ്വസിച്ചേല്പിച്ചേക്കാം, അവരുടെ ശ്രദ്ധയെ ആകർഷിക്കത്തക്കവണ്ണം കാര്യങ്ങൾ തകരാറിലാകുമ്പോൾ അവയെ തിരുത്തുമെന്നു നമുക്കു പ്രതീക്ഷിക്കുകയും ചെയ്യാം"

അതുകൊണ്ടു് ജനാധിപത്യാടിസ്ഥാനത്തിലുള്ള ഒരു സമൂഹത്തിൻെറ മൗലികമായ ആവശ്യങ്ങളിലൊന്നു ജനകീയ വിദ്യാഭ്യാസമാണു്. എന്നെന്നും അജ്ഞതയിലാണു്

ദുഷ്പ്രഭുത്വം കൊഴുത്തുവരുന്നതെന്നു് ജെഫേഴ്സനു് അറിയാമായിരുന്നു. എവിടെ അന്ധകാരം നിറഞ്ഞിരുന്നുവോ അവിടെ മനുഷ്യർ സ്വതന്ത്രരായിരുന്നില്ല. വിദ്യാഭ്യാസത്തിൻെറ ഉജ്ജ്വലമായ പ്രകാശത്തിനു് മാത്രമേ സ്വയംഭരണത്തിനു് പര്യാപ്തമാംവണ്ണം അന്ധവിശ്വാസത്തെ ദൂരീകരിക്കാനും മനുഷ്യൻെറ മനസ്സിനെ സ്വതന്ത്രമാക്കാനും കഴിയുകയുള്ളൂ. ജനകീയ വിദ്യാഭ്യാസം കൂടാതെയുള്ള ഒരു ജനാധിപത്യ വ്യവസ്ഥിതി തീച്ചയായും സങ്കല്പിക്കാവുന്നതല്ല. ''ഒരു രാഷ്ട്രം അജ്ഞതയിലാണ്ടു കിടക്കുകയും അതേസമയംതന്നെ അതു് സ്വതന്ത്രമായിരിക്കണമെന്നു് പ്രതീക്ഷിക്കുകയും ചെയ്യുന്നുവെങ്കിൽ...... ഒരിക്കലും ഉണ്ടായിരുന്നിട്ടില്ലാത്തതും ഉണ്ടാകാത്തതും പ്രതീക്ഷിക്കുകയാണു്.'' സാർവത്രികമായ ജനകീയ വിദ്യാഭ്യാസത്തെ അദ്ദേഹം അനുകൂലിച്ചതു് ജനാധിപത്യത്തെ ശാശ്വതീകരിക്കാനും അതിനെ പ്രായോഗികമാക്കുവാനും മാത്രമായിരുന്നില്ല, വിശാലമാക്കപ്പെട്ട മാനസിക ചക്രവാളത്താൽ മനുഷ്യനു് ലഭ്യമാകാവുന്ന ആനന്ദത്തിന്റെ പേരിലുമായിരുന്നു. ''വിദ്യാഭ്യാസത്തിൻെറ അനുഗ്രഹം മനുഷ്യസമൂഹത്തിനെത്തിക്കാനുള്ള യത്നത്തിൽ മനുഷ്യവര്ഗ്ഗത്തിൻെറതന്നെ ഐശ്വര്യത്തിൽ മഹത്തായ ഒരു പുരോഗതിയുടെ സാദ്ധ്യത ഞാൻ ദർശിക്കുന്നുണ്ടു്''

അക്കാരണത്താൽ അനിയന്ത്രിതമായ ഒരു പത്രലോകത്തിനു് വേണ്ടിയും അദ്ദേഹം വാദിച്ചു. വായിക്കാൻ കഴിയുന്നവരായ പൗരന്മാർ വേണമെന്നു ഒരു ജനാധിപത്യം ആഗ്രഹിക്കുന്നുവെങ്കിൽ, വായിക്കുന്ന കാര്യത്തിൽ സ്വതന്ത്രരായിരിക്കണമവരെന്നും സിദ്ധിക്കുന്നു. ഏതുതരത്തിലുള്ള വാര്ത്താവിതരണ നിയന്ത്രണവും ജനാധിപത്യത്തിൻെറ അന്തഃസത്തയെ നിഷേധിക്കുന്നുണ്ടാവും, കൂടാതെ ന്യൂനപക്ഷത്തിൻെറ അഭിപ്രായങ്ങൾ പരിഗണിക്കണമെന്നതു് ജനാധിപത്യത്തിൻെറ കാതലായ ഒരു തത്വമാവുകയാൽ വാര്ത്താനിയന്ത്രണം ഭൂരിപക്ഷത്തിൽ കൈയ്യിൽ ദുഷ്പ്രഭുത്വത്തിൻെറ ഒരായുധംവച്ചു കൊടുക്കുകയാവും. ജെഫേഴ്സൻ പറഞ്ഞു്, ''നമ്മുടെ സ്വാതന്ത്ര്യം പത്രങ്ങളുടെ സ്വാതന്ത്ര്യത്തെ ആശ്രയിച്ചിരിക്കുന്നു, അതിനെ പരിമിതമാക്കുക

യെന്നാൽ പൂർണ്ണമായും നഷ്ടപ്പെട്ടത്തുകയെന്നാണർത്ഥം. പത്രങ്ങളുടെ അനിയന്ത്രിതമായ ആക്ഷേപശരങ്ങൾക്കു്-അവയിൽ ഭൂരിപക്ഷവും വിഷലിപ്തവുമായിരുന്നു-അദ്ദേഹം ശരവ്യമായിരുന്നുവെങ്കിലും, എന്തു ചെലവിലും അവരെ സംരക്ഷിക്കണമെന്നു് അദ്ദേഹത്തിനു് നിർബന്ധമുണ്ടായിരുന്നു. തൻെറ ആദ്യത്തെ ഭരണകാലത്തു് അദ്ദേഹം ആ ഭ്രാന്തൻ പത്രങ്ങളെപ്പററിപ്പറയുകയുണ്ടായി, "അസത്യപ്രസ്താവനകൾ ചെയ്യുകയും അധിക്ഷേപിക്കുകയും ചെയ്യുക എന്ന കാര്യത്തിൽ അവക്കുള്ള അധികാരത്തെ ഞാൻ സംരക്ഷിക്കുകതന്നെ ചെയ്യും."

പുസ്തകങ്ങളെ സംബന്ധിച്ചും ഈ തത്വങ്ങൾ തന്നെയാണു് ബാധകമായിരുന്നതു്. ഒരു ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നവ അസത്യങ്ങളാണെങ്കിൽ അവയെ തെളിയിക്കണം, അതിലെ യുക്തിവിചാരം അബദ്ധമാണെങ്കിൽ അതിനെ നിഷേധിക്കണം. "പക്ഷേ, ദൈവത്തിൻെറ പേരിൽ, നമുക്കു ഇരു ഭാഗവും കേട്ടുനോക്കാം." ജനസ്വാധീനമില്ലാത്ത അഭിപ്രായങ്ങൾ നാം ശ്രദ്ധിച്ചുനോക്കേണ്ടതാണു്; നിരൂപണങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതുമാണു്, ജനകീയനേതാക്കന്മാരേയും നയങ്ങളേയും സ്വതന്ത്രമായി നിരൂപണം ചെയ്യാതെയിരുന്നാൽ ഒരു ഡെമോക്രസി എളുപ്പത്തിൽ അധഃപതിച്ചുപോകും. "ഗവണ്മെൻറിൻെറ പരിപാടികളെ നിരൂപണംചെയ്യുന്നവരെ ശിക്ഷിച്ചു് വിധേയരാക്കുന്നതു കെട്ടുകഥയിലെ ചെന്നായ്ക്കൾ, തങ്ങളും ആടുകളുമായുള്ള സൗഹാർദ്ദത്തിൻേറയും സമാധാനത്തിൻേറയും കപ്പമായി ആടുകളെ സൂക്ഷിക്കുന്ന നായ്ക്കളെ ഉപേക്ഷിക്കണമെന്നു ആവശ്യപ്പെട്ടതുപോലെയാണു്."

സ്വതന്ത്രമായിരിക്കുകയും ഇഷ്ടമുള്ളതു പറയുകയും ചെയ്യാവുന്ന ഒരു ജനാധിപത്യസമ്പ്രദായത്തിൽ അന്തഃകരണസ്വാതന്ത്ര്യവും വിവക്ഷിക്കപ്പെട്ടുന്നു. ജെഫേഴ്സന്റെ അഭിപ്രായത്തിൽ പുരോഹിതവർഗ്ഗത്തിൻെറ ദുഷ്പ്രഭുത്വം രാഷ്ട്രീയമായ ദുർഭരണത്തെക്കാൾ ഗർഹണീയമായിരുന്നു. ഭൂതകാലങ്ങളിൽ മതഭ്രാന്തു് രക്തച്ചൊരിച്ചിലിനും കഷ്ടപ്പാ

ട്ടകൾക്കും കാരണമായിരുന്നിട്ടുണ്ട്. തന്റെ 'നോട്സ് ഓൺ വെർജീനിയാ'യിൽ ജെഫേഴ്സൻ എഴുതി; ക്രിസ്തുമതത്തിന്റെ ആവിർഭാവത്തിന് ശേഷം, നിരപരാധികളായ പുരുഷന്മാരേയും സ്ത്രീകളേയും കുഞ്ഞുങ്ങളേയും ലക്ഷക്കണക്കിനാണ് ദഹിപ്പിക്കുകയും ദണ്ഡിപ്പിക്കുകയും തടവിലാക്കുകയും പിഴചുമത്തി വിധേയരാക്കുകയും ചെയ്തിട്ടുള്ളതു്; എന്നിരുന്നാലും നാമിതേവരെ ഐക്യത്തിലേക്കു ഒരൊററയിഞ്ചുപോലും നീങ്ങിയിട്ടില്ല," മതപരമായ ഏകത്വം സാദ്ധ്യമോ അഭിലഷണീയമോ അല്ലാത്തതിനാൽ അതിനുള്ള ശ്രമങ്ങൾ നിർത്തിക്കളയുന്നതാണ് ബുദ്ധിപൂർവ്വമായ മാർഗ്ഗം. ഓരോരുത്തനും അവനവന്റെ ഇഷ്ടംപോലെ പ്രാർത്ഥിക്കുകയോ പ്രാർത്ഥിക്കാതിരിക്കയോ ചെയ്യട്ടെ. ജെഫേഴ്സന്റെ അഭിപ്രായത്തിൽ, മതം എന്നതു് ഒരുവനും അവന്റെ സ്രഷ്ടാവും തമ്മിലുള്ള കാര്യമാണ്, അതിൽ മറെറാരുവനും പൊതുജനങ്ങൾക്കും ഇടപെടാൻ യാതൊരധികാരവുമില്ല. ജെഫേഴ്സൻ ഒരു പള്ളിയുമായി ബന്ധപ്പെട്ടയാളായിരുന്നില്ല, സ്ഥാപിതമതങ്ങളെ അദ്ദേഹം വെറുത്തു, പക്ഷേ യേശുവിന്റെ സാന്മാർഗ്ഗികതത്ത്വങ്ങളെ അദ്ദേഹം ആദരിച്ചിരുന്നു.

പൗരന്മാർ ഏതു മതമാണ് സ്വീകരിക്കേണ്ടതെന്നു നിശ്ചയിക്കാൻ ഭരണകൂടത്തിനു് അധികാരം നൽകുന്നതു്, ജനങ്ങളെ അവരുടെ വിശ്വാസങ്ങളുടെ അടിസ്ഥാനത്തിൽ ശിക്ഷിക്കുന്നതുപോലെതന്നെ അസഹ്യമാണ്. അമേരിക്കൻ വിപ്ളവത്തിന്റെ ശാശ്വതമായ നേട്ടങ്ങളിലൊന്നു്, മതസഹിഷ്ണുതയായിരുന്നു; 1786-ൽ വെർജീനിയാ നിയമസഭ അംഗീകരിച്ചതും ചരിത്രം സൃഷ്ടിച്ചതുമായ മതസ്വാതന്ത്ര്യസ്ഥാപന നിയമത്തിന്റെ പേരിൽ ജെഫേഴ്സൻ തന്റെ ജീവിതകാലം മുഴുവൻ അഭിമാനംകൊണ്ടിരുന്നു. അദ്ദേഹത്തിനാൽ എഴുതപ്പെട്ട പ്രസ്തുതനിയമം "സർവ്വശക്തനായ ഈശ്വരൻ മനസ്സിനെ സ്വതന്ത്രമായാണ് സൃഷ്ടിച്ചതെന്ന പൂർണ്ണബോദ്ധ്യത്തോടും" എന്ന അത്യുന്നതമായ തത്വപ്രഖ്യാപനത്തോടുകൂടി ആരംഭിക്കുകയും, "അന്തഃകരണത്തിന്റെ മേലുള്ള ഏതുതരം നിയന്ത്രണവും" പ്രകൃതിസിദ്ധമായ അധികാര

ത്തിൻെറ നിഷേധമാണെന്നു പരിഗണിക്കപ്പെട്ടമെന്ന താക്കീതോട്ടകൂടെ അവസാനിപ്പിക്കുകയും ചെയ്യുന്നു. ജെഫേഴ്സൻെറ മനുഷ്യാത്മകമായ ദർശനത്തിൽ മതസഹിഷ്ണുത അതിനുവേണ്ടി മാത്രമല്ല, ജനാധിപത്യാടിസ്ഥാനത്തിലുള്ള ഒരു മനുഷ്യസമുദായത്തിൻെറ രക്ഷയ്ക്കും ആവശ്യമായിരുന്നു. മതപരമായ അസഹിഷ്ണുതയിൽ അന്തർലീനമായുള്ള ക്രൂരതയും, ഒരു ഗവണ്മെൻറു ശക്തമായ ഒരു പള്ളിയുമായി ഒത്തുചേന്നാൽ തന്മൂലം സഞ്ജാതമാകുന്ന പീഡനത്തിൻെറ ഭയാനകതയും എന്തെന്നു് അദ്ദേഹം അറിഞ്ഞിരുന്നു. "പള്ളിയും ഭരണകൂടവുമായുള്ള ജുഗുപ്സാവഹമായ കൂട്ടുകെട്ട്" എന്നു ജെഫേഴ്സൻ വിളിച്ച ബന്ധം കഴിഞ്ഞകാലങ്ങളിൽ മനുഷ്യസമൂഹത്തിനു് വിനാശമുണ്ടാക്കിയിട്ടുണ്ട്; അതിനു് അമേരിക്കയിൽ ഇടവരുത്താൻ അനുവദിച്ചുകൂടാ. "എല്ലാ രാജ്യത്തിലും എല്ലായുഗത്തിലും പുരോഹിതൻ സ്വാതന്ത്ര്യത്തിൻെറ ശത്രുവായിരുന്നു. അവൻ എന്നും ഏകാധിപതിയുടെ കൂട്ടുകെട്ടിൽ നിന്നുകൊണ്ട തന്നെ രക്ഷിക്കുന്നതിനു് പകരമായി അയാളുടെ ദുർഭരണത്തിനു് ഒത്താശ നൽകിയിട്ടുണ്ട്." അമേരിക്കയിൽ മനുഷ്യർ ശരീരത്തിൻെറ കാര്യത്തിലും മനസ്സിൻെറ കാര്യത്തിലും സ്വാതന്ത്ര്യരായിരിക്കണം, മറെറാരാൾക്കോ നിയമത്തിനോ, ജനങ്ങൾ എന്താണു് വിശ്വസിക്കേണ്ടതെന്നു പറയാനുള്ള അധികാരം പാടില്ല. "എൻെറ അയലത്തുകാരൻ എന്നോട്, ഇരുപതു് ദൈവങ്ങളുണ്ടെന്നോ ഒരു ദൈവവുമില്ലെന്നോ പറയുന്നതുകൊണ്ടു് എനിക്കൊരു ദോഷവുമുണ്ടാകുന്നില്ല. അതെൻെറ പോക്കററടിക്കയോ കാലൊടിക്കയോ ചെയ്യുന്നില്ല" എന്നു് അദ്ദേഹം പരുക്കനായിപ്പറഞ്ഞപ്പോൾ ഈ സഹിഷ്ണുതാതത്ത്വം അദ്ദേഹം പ്രഖ്യാപിക്കുകയായിരുന്നു.

അമേരിക്കൻ ജനായത്ത സമ്പ്രദായത്തോട്ട് അദ്ദേഹത്തിനുണ്ടായിരുന്ന ഭക്തി, അന്തർദ്ദേശീയ രാഷ്ട്രീയകാര്യങ്ങളിൽ രാജിയില്ലാതെ ഒഴിഞ്ഞുനില്ക്കുക എന്ന തത്ത്വം സ്വീകരിക്കാൻ വഴിതെളിച്ചു. അദ്ദേഹത്തിനുണ്ടായ തിക്തകാനുഭവങ്ങൾ വേറെ യാതൊരു മാർഗ്ഗവും കാണിച്ചുകൊടുത്തില്ല. അദ്ദേഹത്തിൻെറ രാഷ്ട്രീയ പ്രവത്തനത്തിൻെറ

ഏററവും സജീവമായ കാലഘട്ടം യൂറോപ്പിലെ കോളിളക്കങ്ങളുമായി ഒന്നുചേർന്ന എന്നുള്ളതു സ്മരണീയമാണ്. പ്രസിഡൻറായിരുന്ന വാഷിങ്ടണിൻെറ കീഴിൽ ജെഫേഴ്സൻ സെക്രട്ടറി അഫ്സ്റ്റേററായിരുന്ന കാലത്തു വിദേശികളുമായി യുദ്ധം ക്ഷണിച്ചുകൊണ്ട് ഫ്രഞ്ചുകാർ തങ്ങളുടെ രാജാക്കന്മാരുടെ തലകൾ കൊയ്യുകയായിരുന്നു. ജെഫേഴ്സൻ ഐക്യനാട്ടുകളിലെ വൈസ് പ്രസിഡൻറായിരുന്ന കാലത്തു്, യൂറോപ്പിൽ ഏകാധിപത്യത്തിനു് വഴിതെളിച്ചു ബോണപ്പാർട്ടിൻെറ വിജയങ്ങൾ ആരംഭിക്കുകയായിരുന്നു. അദ്ദേഹം ഐക്യനാട്ടുകളിലെ പ്രസിഡൻറായപ്പോൾ കണ്ടതായലോകത്തിലെ കരഭൂമികൾ നെപ്പോളിയനാൽ ചവിട്ടിമെതിയ്ക്കപ്പെട്ടതും കടലുകൾ ബ്രിട്ടീഷുകാരാൽ കൊള്ളചെയ്യപ്പെട്ടതുമായിരുന്നു. അദ്ദേഹം ജെഫേഴ്സൻ അധികാരത്തിലിരുന്ന രണ്ടിലധികം ദശവത്സരക്കാലം ലോകം സമാധാനമെന്തെന്നറിഞ്ഞില്ല. ഏതാണ്ട നിരാശതയോടെയാണ് അദ്ദേഹം അന്താരാഷ്ട്രീയമായ അക്രമങ്ങളും രക്തച്ചൊരിച്ചിലുകളും ദർശിച്ചതു്. തൻെറ സ്നേഹിതനായ മാഡിസണു് ഒരിക്കൽ അദ്ദേഹം ഹൃദയവേദനയോടെ എഴുതി, "ജന്തുലോകത്തിൽ മനുഷ്യൻെറ കുടുംബമല്ലാതെ മററൊന്നും തങ്ങളെത്തന്നെ യില്ലായ്മചെയ്യുന്നതിനു് അനുസ്യൂതമായും പദ്ധതിയനുസരിച്ചും പ്രവൎത്തിച്ചിട്ടില്ല." കൂടാതെ ഒരു നൂററിമുപ്പതു വർഷങ്ങൾക്കു മുമ്പു് അദ്ദേഹം ചെയ്ത പരിദേവനം അന്നത്തേക്കാൾ നീതിപൂർവ്വമായി ഇന്നും ആവൎത്തിക്കാവുന്നതാണ്. "പരിഷ്കൃതമായ രാഷ്ട്രങ്ങളെ ഇതുവരെ പരസ്പരം ബന്ധിച്ചിരുന്ന സാന്മാൎഗ്ഗിക തത്വങ്ങളും ആചാരങ്ങളും...... ഇന്നു ശക്തിയുടെ മുമ്പിൽ വഴിമാറിക്കൊടുത്തിരിക്കുന്നു, അപരിഷ്കൃതന്മാരുടെ നിയമങ്ങൾ അഞ്ചാം നൂററാണ്ടിലെ സംസ്കാരശത്രുതവുമായിച്ചേൎന്ന പത്തൊമ്പതാം നൂററാണ്ടിൽ ഉദിക്കുകയാണു്."

യുദ്ധങ്ങളിൽ പങ്കെടുത്തിരുന്ന കക്ഷികൾ, അമേരിക്കയുടെ അധികാരങ്ങളെ ധിക്കരിക്കുകയും കപ്പലുകളെ ആക്രമിക്കുകയും ചെയ്തു. ഐക്യനാട്ടുകൾക്കു എന്താണു് കരണീയമായുള്ളതു്? യുദ്ധത്തിൽ ചേരുകയോ? ജെഫേഴ്സൻെറ

ദൃഷ്ടിയിൽ, ആ മരുന്നു രോഗത്തെപ്പോലെ തന്നെ ചീത്തയായിരുന്നു. "ഞാൻ സമാധാനം കാംക്ഷിക്കുന്നു, ദ്രോഹപ്രവൃത്തികളെ യുദ്ധംകൊണ്ടു ശിക്ഷിക്കുന്നതിനു് പകരം മററു മാർഗ്ഗങ്ങളാകാമെന്നു ലോകത്തിനു് മറെറാരു പ്രയോജനകരമായ പാഠം നൽകാൻ ഞാൻ ആഗ്രഹിക്കുന്നു; എന്തെന്നാൽ യുദ്ധമെന്നു പറയുന്നതു് ശിക്ഷിക്കുന്നവനും ശിക്ഷയനുഭവിക്കുന്നവനും ഒന്നുപോലെയുള്ള ശിക്ഷയാണു്. ഈ "മററു മാർഗ്ഗം" യുദ്ധോദ്യുക്തരുമായുള്ള എല്ലാ ബന്ധങ്ങളുമുപേക്ഷിക്കയെന്നുള്ളതും അവരുമായി ഒരു വാണിജ്യബന്ധവും പുലർത്താൻ പാടില്ലെന്നുള്ളതും അവ തങ്ങളിലുള്ള മത്സരങ്ങൾ അമേരിക്കയിലെ സ്വതന്ത്രസ്ഥാപനങ്ങളെ ഇളക്കാതെ നോക്കുകയെന്നുള്ളതുമാകുന്നു. കുഴഞ്ഞുമറിഞ്ഞ ഒരു ലോകത്തിൽ അമേരിക്കയ്ക്കുണ്ടായിരുന്ന അപൂർവ്വമായ സ്ഥാനം എന്താണെന്നു ജെഫേഴ്സൻ പറഞ്ഞതിൻെറ സാംഗത്യം ഇന്നും അന്യൂനമായിത്തന്നെ നിൽക്കുന്നു.

"നാം തനിയേയുള്ള എന്നു നാം കരുതുകയാണെങ്കിൽ നമ്മുടെ പ്രയാസങ്ങൾ വാസ്തവത്തിൽ അസംഖ്യങ്ങളാണു്. എന്നാൽ യൂറോപ്പിലുള്ളവയോടു അവയെ തുലനം ചെയ്യുമ്പോൾ അവ സ്വർഗ്ഗീയസുഖങ്ങളാണു്. .... നമ്മുടെ നിലനില്പിനെ, വിധി നമ്മുടെ അറിവിൽ മറെറാരു കാലഘട്ടത്തിലുമുണ്ടായിട്ടില്ലാത്ത മാത്സര്യങ്ങളുടേയും അക്രമങ്ങളുടേയും മദ്ധ്യത്തിൽ കൊണ്ടുവച്ചു. തീർച്ചയായും നമ്മുടേതു് ഒരു കുസുമശയ്യയാണു്. ലോകത്തിലെ ഈ ചേതങ്ങളുടെ ഇടയിൽ നമ്മെ പൊന്തിക്കിടക്കാൻ സഹായിച്ച ഭരണസമ്പ്രദായം ചരിത്രത്തിൽ ശാശ്വതീകരിക്കപ്പെട്ടും. നമുക്കു നമ്മുടേതായ നിസ്സാരമായ കലമ്പലുകളും മനോവേദനകളുമുണ്ടു്, .... എന്നാൽ നമ്മുടെ ഭാഗ്യത്തിനു് മാമത്തിനു് നീന്തുവാൻ വയ്യാ, ലെവിയാതനു് കരയിൽ സഞ്ചരിക്കാനും വയ്യ. നാം അവരുടെ മാർഗ്ഗത്തിൽനിന്നും ഒഴിഞ്ഞുനിന്നാൽ അവയ്ക്കു നമ്മെ പിടിക്കാൻ പററുകയുമില്ല."

ജെഫേഴ്സൻെറ നയം, അദ്ദേഹം വിളിച്ചിരുന്നതുപോലെ "യൂറോപ്പിലെ സിംഹങ്ങളുടേയും വ്യാഘ്രങ്ങളു

ടേയും'' മാർഗ്ഗത്തിൽ നിന്നും ഒഴിഞ്ഞുനിൽക്കുക എന്നതു മാത്രമായിരുന്നില്ല, എന്നാൽ അതുപോലെ പ്രധാനമായതു് അവയെ അമേരിക്കയുടെ മാർഗ്ഗത്തിൽനിന്നും നീക്കിനിർത്തു കയെന്നുള്ളതുമായിരുന്നു. രണ്ടു അർദ്ധഗോളങ്ങളേയും എന്നെന്നേയ്ക്കും വേർതിരിച്ചു നിറുത്തത്തക്കവണ്ണം സമുദ്രമദ്ധ്യത്തിൽ ഒരു അതിർത്തിരേഖ സംസ്ഥാപിക്കുന്നതിനു് എന്തെങ്കിലും മാർഗ്ഗമുണ്ടാകുമെന്നു അദ്ദേഹം ആശിച്ചു. അമേരിക്കൻ ഭൂഖണ്ഡം ഭാവിയിൽ സമാധാനത്തിന്റേയും സ്വാതന്ത്ര്യത്തിൻെറയും ആസ്ഥാനമായിത്തീരുമെന്നു് അദ്ദേഹം കണ്ടു; യുദ്ധത്താൽ വ്രണിതമായ യൂറോപ്പ് പാശ്ചാത്യഗോളത്തിൽ അതിൻെറ ഭ്രാന്തുരോഗം സംക്രമിപ്പിക്കാതെ നോക്കാൻ അദ്ദേഹത്തിനു് ഉൽക്കണ്ഠയുണ്ടായിരുന്നു. തന്റെ ശിഷ്യനായ പ്രസിഡൻറു മൺറോയുമായി ജെഫേഴ്സൻ നടത്തിയിരുന്ന കത്തിടപാടുകൾ, ആരോടും ചേരാതെ ഒഴിഞ്ഞുനില്ക്കുക എന്നതു് അദ്ദേഹത്തെ എത്ര അഗാധമായി സ്പർശിച്ചിരുന്ന ഒന്നാണെന്നു കാണിക്കും—ഒരു പക്ഷേ മൺറോ സിദ്ധാന്ത''ത്തിൽ ഉപയോഗിച്ച 'വേർതിരിച്ചു നിറുത്തുക'' എന്ന പദമാകാം കൂടുതൽ ഉചിതമായതു്. മൺറോയ്ക്കു ജെഫേഴ്സൻ എഴുതിയ കത്തുകളിലൊന്നിൽ ഈ സിദ്ധാന്തത്തെ വിശദീകരിക്കുന്നുണ്ടു്.

"യൂറോപ്പിലെ വഴക്കുകളിൽ സജീവമായി ഒരിക്കലും പങ്കെടുക്കാൻ പാടില്ല എന്നുള്ളതു് ഐക്യനാടുകളുടെ ഒരു മൗലികതത്ത്വമായി ഞാൻ എന്നും കരുതിയിരുന്നു. അവരുടെ രാഷ്ട്രീയ താൽപര്യങ്ങൾ നമ്മുടേതിൽനിന്നും തികച്ചും വിഭിന്നങ്ങളാണു്. അവക്കു പരസ്പരമുള്ള അസൂയകൾ, അധികാരവടംവലികൾ, അവരുടെ ഭരണകൂടത്തിൻെറ രൂപവും, തത്ത്വങ്ങളും എന്നിവയെല്ലാംതന്നെ നമുക്കു അപരിചിതങ്ങളാകുന്നു. അവർ അവസാനിക്കാതെ യുദ്ധം ചെയ്യുന്നവരാണു്, അവരുടെ സകല കഴിവുകളും, ജനങ്ങളുടെ ജീവനേയും സ്വത്തുക്കളേയും പ്രയത്നഫലങ്ങളേയും നശിപ്പിക്കുന്നതിനായി വിനിയോഗിക്കപ്പെടുന്നു. നമ്മുടെ ഭാഗത്താണെങ്കിൽ, മേൽപ്പറഞ്ഞതിൽനിന്നും വിരുദ്ധമായി സമാധാനത്തിൻേറയും മനുഷ്യസ്നേഹത്തിൻേറയും പുരോ

ഗതിയുടേയും മാറ്റം—നാശത്തിൻെറ മാർഗ്ഗത്തിനു് പകരമായി - അവലംബിക്കാനുള്ള സൗകര്യം ലഭിച്ചു.......... നമ്മുടെ ഗോളാർദ്ധത്തിലെ സഹോദരങ്ങളെക്കുറിച്ചാണെങ്കിൽ നമുക്കെതിരായി യുദ്ധത്തിനു് മുതിരാൻ വേണ്ട നിലയോ മനോഭാവമോ അവർക്കിതേവരെയുണ്ടായിട്ടില്ല. ഇനിയൊരുകാലത്തു അങ്ങനെ വരുമെന്നു തോന്നുന്നുമില്ല. യൂറോപ്പിലെ രാഷ്ട്രങ്ങൾക്കു് ഓരോ അമേരിക്കയിലുമുണ്ടായിരുന്ന ചവിട്ടടി അവരിൽനിന്നും വഴുതിപ്പോവുകയാണെന്നുള്ളതിനാൽ അവരുടെ സാമീപ്യം നമുക്ക താമസിയാതെ തന്നെ ഒഴിഞ്ഞുകിട്ടുന്നതായിരിക്കും.

അന്താരാഷ്ട്രീയരംഗത്തിൽ "ഒഴിഞ്ഞുനില്ക്കുക" എന്ന നയം സാമ്പത്തിക പ്രവത്തനങ്ങളുടെ മേഖലയിലും പ്രയോഗിച്ചിരുന്നു. ഒരു കർഷകനും, കർഷകൻെറ മകനുമായിരുന്ന ജെഫേഴ്സനു് നഗരങ്ങളേയും വണിഗ്വർഗ്ഗങ്ങളേയും അവിശ്വാസമായിരുന്നു. നഗരങ്ങളിലെ സാമ്പത്തിക സമ്പ്രദായത്തോടും പരിഷ്ക്കാരത്തോടുമുണ്ടായിരുന്ന വിപ്രതിപത്തിയിൽനിന്നും അദ്ദേഹത്തിനൊരിക്കലും കരകയറാൻ കഴിഞ്ഞിരുന്നില്ല. ഗ്രാമീണർ, സ്വന്തമായി സ്വത്തുള്ളവരായിരുന്നതുകൊണ്ടു് സ്വാതന്ത്ര്യബോധവും അനാശ്രയശീലവുമുള്ളവരായിരിക്കുമെന്ന കാരണത്താൽ, പട്ടണവാസികളെക്കാൾ കൂടുതൽ കൊള്ളാവുന്നവരാണെന്നു് ജെഫേഴ്സൻ വിശ്വസിച്ചിരുന്നു.

നാഗരീകരണവും തദ്ഫലമായി ജനാധിപത്യത്തിനുണ്ടായേക്കാവുന്ന അധഃപതനവും ഭയപ്പെട്ടിരുന്ന ജെഫേഴ്സൻ, വ്യാവസായികോല്പന്നങ്ങളുണ്ടാക്കാത്തതും എന്നാൽ ആഹാരസാധനങ്ങൾ കൃഷിചെയ്തുണ്ടാക്കുന്ന കർഷകസമുദായമായി ഐക്യനാട്ടുകൾ നിലനിന്നു കാണണമെന്നു ആഗ്രഹിച്ചിരുന്നു. "വ്യാവസായികോൽപന്നങ്ങളെ സംബന്ധിച്ചിടത്തോളം നമ്മുടെ വ്യവസായശാലകൾ യൂറോപ്പിൽത്തന്നെയായിക്കൊള്ളട്ടെ." അമേരിക്ക കർഷകരുടേതായ ഒരു ജനാധിപത്യസമ്പ്രദായം പടുത്തുയർത്തുമ്പോൾ യൂറോപ്പു് അവിടത്തെ ദരിദ്രഗണങ്ങളേയും പള്ളച്ചേരികളേയും വച്ചുകൊണ്ടിരിക്കട്ടെ, യൂറോപ്പുമായുള്ള

ബന്ധം കാർഷികോൽപന്നങ്ങൾക്കു പകരമായി നിർമ്മിത സാധനങ്ങൾ കൈമാററംചെയ്യുക എന്നുള്ളതിൽ മാത്രമായി പരിമിതപ്പെട്ടുത്തണം.

ജെഫേഴ്സൻെറ കാലത്തിനു ശേഷം സ്ഥിതിഗതികൾ മാറിപ്പോയിട്ടുണ്ട്. ആധുനികശാസ്ത്രം ആകാശത്തെ കീഴടക്കിയിരിക്കുന്നു. അതിനേക്കാൾ അഗാധതരമായ പരിവത്തനം അമേരിക്കയിലെ സാമ്പത്തിക സമ്പ്രദായത്തിലുണ്ടായിരിക്കുന്നു. 1800 - ൽ അമ്പതു് ലക്ഷം ജനങ്ങളുണ്ടായിരുന്ന ഒരു കർഷകസമുദായമെന്ന നിലയിൽനിന്നും ഐക്യനാട്ടുകൾ ഇന്നു് 17 കോടി ജനങ്ങളുള്ള ഒരുന്നത വ്യാവസായിക ശക്തിയായി മാറിയിരിക്കുന്നു; അവരിൽ ഭൂരിപക്ഷവും നഗരങ്ങളിലാണു് ജീവിക്കുന്നതു്. കൃഷിഭൂമികളിലല്ല. വ്യാവസായികകേന്ദ്രങ്ങൾ സങ്കീർണ്ണങ്ങളായ പ്രശ്നങ്ങൾക്കും, ഉഗ്രങ്ങളായ സാമൂഹ്യസംഘട്ടനങ്ങൾക്കു തന്നെയും ഇടനൽകിയിട്ടുണ്ടെങ്കിലും അവ ജനാധിപത്യത്തെ പുനർ നിർവചിക്കുന്നതിനു് സഹായിച്ചിട്ടുണ്ടു്. അദ്ദേഹത്തിൻെറ കാലത്തെ ഗ്രാമവാസികളെപ്പോലെ ജനാധിപത്യ ജീവിതരീതിയ്ക്കു അനുയോജ്യമായിക്കഴിയാൻ സാധിക്കുമെന്നു് അമേരിക്കയിലെ നഗരവാസികൾ എല്ലാം കൊണ്ടും തെളിയിച്ചിട്ടുണ്ടെന്ന കാര്യം ജെഫേഴ്സൻ അറിഞ്ഞിരുന്നുവെങ്കിൽ അദ്ദേഹത്തിനു് അത്ഭുതവും ഒരുപക്ഷേ ആനന്ദവും തോന്നുമായിരുന്നു.

മനുഷ്യസമുദായത്തിൽ ഒന്നുംതന്നെ സ്ഥിരവും മാററമില്ലാത്തതുമല്ലെന്ന കാര്യം ജെഫേഴ്സനറിയാമായിരുന്നു. തൻെറ സഹപൗരന്മാരുടെ സുസ്ഥിതിയുൾക്കൊള്ളുന്ന പരിക്ഷണഘട്ടങ്ങൾ സഞ്ജാതമാകുമ്പോൾ ജെഫേഴ്സൻ സിദ്ധാന്തങ്ങളെ അവഗണിച്ചിരുന്നു. 1816—ൽ അദ്ദേഹമെഴുതിയ താഴെപ്പറയുന്ന വാക്കുകൾ പുരോഗമനോന്മുഖമായ ജനാധിപത്യത്തെ സ്നേഹിക്കുന്ന എല്ലാവരും ശ്ലാഘിക്കുന്നുണ്ടാകും.

"ചിലയാളുകൾ ഭരണഘടനകളെ ഭക്തിനിർഭരമായ ആദരവോടെ നോക്കുകയും സ്പർശിക്കാൻ പാടില്ലാത്ത

വണ്ണം പരിപൂതമാണെന്നു കരുതുകയും ചെയ്യുന്നു. കഴിഞ്ഞു പോയ തലമുറയിലെ മനുഷ്യർക്ക അമാനുഷികമായ അറിവുണ്ടായിരുന്നുവെന്നു് സങ്കല്പിക്കുകയും, അവർ ചെയ്തതൊക്കെ മാററുവാൻ പാടില്ലാത്തതാണെന്നു വിശ്വസിക്കുകയും ചെയ്യുന്നു .... നിയമങ്ങളിലും ഭരണഘടനകളിലും കൂടെക്കൂടെയുള്ളതും പ്രയോഗിച്ചു നോക്കിയിട്ടില്ലാത്തതുമായ ഭേദഗതികൾ വരുത്തുന്നതിനെ ഞാനൊരിക്കലും അനുകൂലിക്കുകയില്ല .... എന്നാൽ നിയമങ്ങളും ഭരണഘടനകളും മനുഷ്യൻെറ മനസ്സിലുണ്ടാകുന്ന പുരോഗതിയോടൊപ്പം കൈകോർത്തുപിടിച്ചു പോകേണ്ടതാണെന്നു് എനിക്കറിയാം. .... പുതിയ കണ്ടുപിടിത്തങ്ങളോടുകൂടെ, പുതിയ സത്യങ്ങൾ സ്പഷ്ടമായിത്തീരുന്നതോടെ, സാഹചര്യങ്ങളുടെ മാററത്താൽ ആചാരങ്ങളും അഭിപ്രായങ്ങളും വ്യത്യാസപ്പെടുന്നതോടെ സ്ഥാപനങ്ങളും പുരോഗമിക്കണം; കാലത്തിനൊപ്പം ചുവടുവയ്ക്കുകയും വേണം. പരിഷ്കൃതമായ ഒരു സമുദായം അതിൻെറ കിരാതന്മാരായ പൂർവികന്മാരുടെ രീതിയിൽ എന്നെന്നും കഴിഞ്ഞുകൊള്ളണമെന്നു് പറയുന്നതുപോലെ ഒരു പുരുഷൻ, അവനൊരു കുട്ടിയായിരുന്ന കാലത്തു് ധരിച്ചിരുന്ന ഉടുപ്പുതന്നെ ധരിക്കണമെന്നും നമുക്ക പറയാവുന്നതാണു് ...... "ഓരോ തലമുറയ്ക്കും, അതിൻെറ ക്ഷേമത്തിനു് നിദാനമാകുന്ന ഭരണസമ്പ്രദായം തിരഞ്ഞെടുക്കാനുള്ള അവകാശമുണ്ടു്."

ആധുനിക പ്രവണത, ഗവണ്മെൻറിൻെറ കൈകളിൽ അധികാരം കൂടുതലായി കേന്ദ്രീകരിക്കുക എന്നതാണു്. ജെഫേഴ്സൻെറ കാലഘട്ടത്തിൽ രാഷ്ട്രീയസ്വാതന്ത്ര്യവും സ്വതന്ത്രവിപണിയും തർക്കവിഷയങ്ങളായിരുന്നതുപോലെ, ഒരുതരത്തിലല്ലെങ്കിൽ മറെറാരുതരത്തിൽ നിയന്ത്രിതമായ സന്ദർഭ വ്യവസ്ഥയുടെ ചട്ടക്കൂട്ടിനുള്ളിൽ വ്യക്തിസ്വാതന്ത്ര്യത്തെ ഒതുക്കിനിറുത്തുന്നതും തർക്കവിഷയമാണു്. നമുക്ക ജനാധിപത്യത്തിൻെറ മാർഗ്ഗത്തിൽക്കൂടി പോകേണ്ടിയിരിക്കുന്നു. എന്തെന്നാൽ അതാണു് നമ്മുടെ സ്വീകൃതമാർഗ്ഗവും, പ്രതീക്ഷിക്കാവുന്നതുപോലെ, ബുദ്ധിപൂർവ്വമായ മാർഗ്ഗവും.

സ്വാതന്ത്ര്യമില്ലെങ്കിൽ ജീവിതം ജീവിക്കപ്പെടാൻ വേണ്ട വിലയുള്ളതല്ലെന്നു് ജെഫേഴ്സനു് തോന്നിയിരുന്നു. ജനാധിപത്യാദർശത്തിനു് വിശ്വാസം ആവശ്യമാണെന്നും, ജനാധിപത്യാടിസ്ഥാനത്തിലുള്ള ജീവിതരീതി സ്വീകരിക്കുന്നതിനു് ധൈര്യം വേണമെന്നും അമേരിക്കാക്കാർക്കറിയാം. സ്വതന്ത്രരായ പൗരന്മാർക്കു്, അവർ തെരഞ്ഞെടുക്കുന്ന ഭരണകൂടവുമായുള്ള ബന്ധത്തെ നിയന്ത്രിക്കുന്ന മൗലികതത്വങ്ങളെ ആസൂത്രണംചെയ്തു ജനാധിപത്യത്തിൻെറ ആചാര്യനായ ജെഫേഴ്സൻ വിജ്ഞനായ ഒരു മാർഗ്ഗദർശിയായും പതറാത്ത ഒരു വഴിവിളക്കായും പ്രശോഭിക്കുന്നതാണു്; എന്തെന്നാൽ അദ്ദേഹം നമ്മുടെ പരിഷ്ക്കാരത്തെ പരിഭ്രമിപ്പിക്കുന്ന പ്രശ്നങ്ങളുമായി തന്നത്താനെ മല്ലിടുകയും, "പ്രകാശവും സ്വാതന്ത്ര്യവും ദൃഢമായി മുന്നേറുന്നു" എന്നു ശക്തിയായി വിശ്വസിക്കുകയും ചെയ്തിരുന്നു.

ഈ പ്രസാധകൻ പ്രതീക്ഷിക്കുന്നതു് ജെഫേഴ്സൻെറ രാഷ്ട്രീയവും സാമൂഹികവുമായ അഭിപ്രായങ്ങളുടെ സാരമുൾക്കൊള്ളുന്ന ഈ ഗ്രന്ഥം, അമേരിക്കൻ ജനാധിപത്യ സമ്പ്രദായത്തെ മനസ്സിലാക്കുന്നതിനും പുതുതായി വിലമതിക്കുന്നതിനും അതിൻേറതായ സംഭാവന നൽകുമെന്നാണു്. ഇതൊരു സമാഹാരമല്ല, തത്വങ്ങളെ സംബന്ധിക്കുന്ന പ്രസ്താവനകളെ ക്രമമായടുക്കി ഏറെക്കുറെ നല്ലതിൻവണ്ണം ഉദ്ഗ്രഥിച്ച ഒരു ഗ്രന്ഥമാണിതു്. ഇതിലെ ഉള്ളടക്കങ്ങൾ ജെഫേഴ്സൻെറ പ്രസിദ്ധീകൃതമായ എഴുത്തുകളിൽ നിന്നും ന്യൂയാർക്ക പബ്ലിക്ക ലൈബ്രറിയിലെ മാനുസ്ക്രീപ്റ്റുകളുടെ റൈറ്റപ്പുചെയ്ത രേഖകളിൽനിന്നും തിരഞ്ഞെടുത്തതായാണു്. * പ്രസാധകൻ ഒന്നുംതന്നെ കൂട്ടിച്ചേർത്തിട്ടില്ല, ശരിയായ ശീർഷകങ്ങളിൽ അവയെ ക്രമപ്പെടുത്തുകയും കുത്തുകളിട്ട ഭാഗംകൊണ്ടു സൂചിപ്പിക്കുന്നതു

---

* കാൺഗ്രസ്സു് ലൈബ്രറിയിൽ ജെഫേഴ്സൻെറ കൈയ്യെഴുത്തു പ്രതികൾ മുഴുവനുമുണ്ടു്; എന്നാൽ അവയുടെ സത്തായ ഭാഗങ്ങൾ പുസ്തകരൂപത്തിൽപ്രസിദ്ധീകരിച്ചിട്ടുമുണ്ടു്.

പോലെ പ്രധാന പ്രതിപാദനവിഷയങ്ങൾക്കു സംഗതമല്ലാതെയുള്ളവയെ വിട്ടുകളയുകയും മാത്രമാണ് അയാൾ ചെയ്തിട്ടുള്ളത്. അക്ഷര വിന്യാസവും ഘടനയും മൂലത്തിലുള്ളതുപോലെതന്നെ ചേർത്തിട്ടുണ്ട്. ഉള്ളടക്കങ്ങൾ തിരഞ്ഞെടുക്കുന്നതിൽ, പ്രത്യേകിച്ചു ആവർത്തനം വരാതെ നോക്കുന്നതിനു വേണ്ടി - പ്രസാധകൻ സ്വാതന്ത്ര്യം കാണിച്ചിട്ടുണ്ട്, ജെഫേഴ്സന്റെ അഭിപ്രായങ്ങൾ ചുരുക്കത്തിലൊന്നു പറയട്ടെ വേണമെന്നുള്ളവർക്കു ഒന്നാം അനുബന്ധം നോക്കാവുന്നതാണ്; അതിൽ അദ്ദേഹത്തിന്റെ തത്വങ്ങളും അഭിപ്രായങ്ങളും വിഷയങ്ങളുടെ അകാരാദിക്രമത്തിനു തിരിച്ചു ചേർത്തിട്ടുണ്ട്,

ഇതിന്റെ കൈപ്പകർപ്പു തയ്യാറാക്കുന്നതിനു സഹായിച്ച മിസ്സിസ് എലിനാർ ബെർമനോടും മിസ്സ് എസ്സ്-തർഡേവിഡ്സണ്ണിനോടും, പ്രോത്സാഹനം നൽകിയ മി. ഫ്രാൻസിസ് ജി, വിക്ക്‌വെയറിനോടും കൃതജ്ഞത പ്രകടിപ്പിക്കാൻ ഈ സന്ദർഭം ഉപയോഗിച്ചുകൊള്ളട്ടെ.

സാൾ കെ. പഡോവർ.

# അദ്ധ്യായം 1

## മനുഷ്യൻെറ പ്രകൃതിസിദ്ധമായ അവകാശങ്ങൾ

ഈ യാഥാർത്ഥ്യങ്ങൾ സ്വയംസിദ്ധമാകുന്നു—

സ്വാതന്ത്ര്യപ്രഖ്യാപനം – 1776

എല്ലാ മനുഷ്യരേയും സമന്മാരായാണു് സൃഷ്ടിച്ചിരിക്കുന്നതെന്നും;

അവരുടെ സ്രഷ്ടാവിനാൽ, * സഹജവും പരാധീനപ്പെടുത്താവുന്നതല്ലാത്തവയുമായ അവകാശങ്ങൾ അവർക്കു നൽകപ്പെട്ടിട്ടുണ്ടെന്നും;

ഈയവകാശങ്ങൾ സുരക്ഷിതമാക്കുന്നതിനു്, ജനങ്ങൾ ഭരണീയരുടെ അനുമതിയോടെ നീതിപൂർവകമായ അധികാരങ്ങൾ ലഭിച്ച ഗവണ്മെൻറുകൾ സ്ഥാപിക്കേണ്ടതാണെന്നും;

എപ്പോഴൊക്കെ, ഏതെങ്കിലും രൂപത്തിലുള്ള ഗവണ്മെൻറു് ഈ ലക്ഷ്യപ്രാപ്തിക്കു് വിനാശകരമായിത്തീരുന്നുവോ, അപ്പോഴൊക്കെ അതിനെ ഭേദപ്പെടുത്തുകയോ അല്ലെങ്കിൽ ഇല്ലാതാക്കുകയോ ചെയ്തു, തങ്ങളുടെ ഭദ്രതയും സുഖവും സാധിതപ്രായമാക്കുന്നതിനു് ഏററവും പര്യാപ്തമെന്നു കാണുന്ന ആദർശങ്ങളേയും അധികാരങ്ങളുടെ വിന്യാസത്തിനുള്ള വ്യവസ്ഥയേയും അടിസ്ഥാനമാക്കി പുതിയ ഗവണ്മെൻറു സംസ്ഥാപിക്കുകയെന്നുള്ളതു് ജനങ്ങളുടെ § അവകാശമാണെന്നു

മുള്ള യാഥാർത്ഥ്യങ്ങൾ സ്വയംസിദ്ധമാണെന്നു ഞങ്ങൾ കരുതുന്നു.

---

* കാൺഗ്രസ്സു്; "സഹജവും പരാധീനപ്പെടുത്താവുന്നതല്ലാത്തവയുമായ" എന്നതിനു് പകരം "ചില പരാധീനപ്പെടുത്താവുന്നതല്ലാത്ത" എന്നു ചേർക്കുകയുണ്ടായി.

§ "അതുകൊണ്ടു്, പരിഹാരത്തിനുവേണ്ടി ആയുധങ്ങളെടുക്കാൻ നാം നിർബന്ധിതരായപ്പോൾ, നമ്മുടെ നീതീകരണത്തിനു് വേണ്ടി ലോകകോടതിയുടെ മുമ്പാകെ പരാതിപ്പെടുകയെന്നതു് ഉചിതമാ

KOTTAYAM PUBLIC LIBRARY KOTTAYAM
45594

മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു,

1813 ന്യൂയോക്ക് പബ്ളിക്ക് ലൈബ്രറി
മാനുസ്ക്രിപ്റ്റ്, iv, 193

നമ്മുടെ കുഞ്ഞുങ്ങൾ സ്വതന്ത്രരായാണ് ജനിക്കുന്നതെന്നും അവരുടെ സ്വാതന്ത്ര്യം അവരെ ജനിപ്പിച്ചവന്റേതല്ലെന്നും പ്രകൃതിയുടെ സംഭവനയാണെന്നും ശൈശവകാലത്ത് അവർ നമ്മുടെ സംരക്ഷണയിലായിരിക്കണമെന്നുള്ളതിനാൽ പാകതവന്ന മേൽനോട്ടം അവർക്കുണ്ടായിരിക്കണമെന്നും ശിശുവിന്റെ രക്ഷയ്ക്കും നന്മയ്ക്കും മാത്രമായിവേണം നമ്മിലർപ്പിക്കപ്പെട്ടിരിക്കുന്ന രക്ഷാകർത്തൃത്വം നാം കൈകാര്യം ചെയ്യേണ്ടതെന്നും ......നാം അംഗീകരിക്കുന്നു. അവനൊരിക്കലും അഛന്റെ സ്വത്തായിട്ടില്ലെന്നുള്ളതിനാൽ, പ്രായപൂർത്തിയെത്തുമ്പോൾ താൻ നിയമദൃഷ്ട്യാ സ്വതന്ത്രനായിത്തീരുകയും തന്റെ അവയവങ്ങളെ ഉപയോഗിക്കുന്നതിനും തന്റെ പ്രയത്നഫലം അനുഭവിക്കുന്നതിനും അധികാരമുള്ളവനായിത്തീരുകയും ചെയ്യുന്നു.

84677

---

മണെന്ന് കരുതപ്പെടുകയുണ്ടായി. സ്വാതന്ത്ര്യപ്രഖ്യാപനത്തിന്റെ ലക്ഷ്യമിതായിരുന്നു. മുമ്പൊരിക്കലും വിഭാവനം ചെയ്തിട്ടില്ലാത്ത പുതിയ സിദ്ധാന്തങ്ങളേയും പുതിയ വാദങ്ങളേയും കണ്ടെത്തുവാനായിരുന്നില്ല, മുമ്പൊരിക്കലും പറയപ്പെടാത്ത കാര്യങ്ങൾ പറയാതിരുന്നില്ല, എന്നാൽ നാം സ്വീകരിക്കാൻ നിർബന്ധിതമായിത്തീർന്ന സ്വതന്ത്രനിലയെ സംബന്ധിച്ച് മനുഷ്യസമുദായത്തിന്റെ മുമ്പിൽ, പൊതുവായ ചില കാര്യങ്ങൾ ഋജുവും ദൃഢവുമായ രീതിയിൽ സമർപ്പിച്ച്, അവരുടെ അംഗീകാരം നേടി, അതിനെ സാധൂകരിക്കുന്നതായിരുന്നു ഉദ്ദേശം. തത്വങ്ങളെയോ വികാരങ്ങളേയോ സംബന്ധിച്ചുപുതുമയുണ്ടാക്കണമെന്ന ഉദ്ദേശം കൂടാതെ, മുമ്പ് എഴുതപ്പെട്ടതിനെപകർത്താതെ, അമേരിക്കൻ ചിന്താഗതിയുടെ ഒരു പ്രകടനമായും, ആ പ്രകടനത്തിന് സന്ദർഭോചിതമായ ഒരു ഭാവവും ചൈതന്യവും നൽകലായും ഇതിനെ കരുതേണ്ടതാണ്."

(ഹെൻട്രി ലീക്ക് 1825)

സ്വേച്ഛാപ്രഭുത്വത്തെ വലിച്ചെറിയാനുള്ള അവകാശം

സ്വാതന്ത്ര്യപ്രഖ്യാപനം 1776

ദീർഘകാലമായി നിലനിന്നുപോരുന്ന ഗവൺമെൻറുകളെ ലഘുവും ക്ഷണികവുമായ കാരണങ്ങളാൽ മാററുവാൻപാടില്ലെന്നു് വിവേകബുദ്ധി അനുശാസിക്കുന്നു, അതനുസരിച്ചു് എല്ലാ അനുഭവങ്ങളും ചൂണ്ടിക്കാണിച്ചിട്ടുള്ളതു് തങ്ങൾക്കു പരിചിതമായ ഭരണസമ്പ്രദായത്തെ ശരിയാക്കുവാൻവേണ്ടി റദ്ദുചെയ്യുന്നതിനു് പകരം അതിൻെറ ദോഷവശങ്ങൾ സഹിക്കാവുന്നടത്തോളം അവയെ സഹിക്കുകയെന്നതാണു് മനുഷ്യസ്വഭാവമെന്നാണു്. എന്നാൽ തികഞ്ഞ സ്വേച്ഛാപ്രഭുത്വത്തിൻ കീഴിൽ തങ്ങളെ കെട്ടിനിറുത്താനുള്ള ഉപായം വ്യക്തമാക്കുന്നതരത്തിൽ ഒരേ ലക്ഷ്യത്തെ മുൻനിറുത്തി തുടർച്ചയായി അധികാരങ്ങളെ ദുർവിനിയോഗം ചെയ്യുകയും അക്രമമായി കൈകാര്യം ചെയ്യുകയും ചെയ്താൽ ആ ഗവൺമെൻറിനെ വലിച്ചെറിഞ്ഞു, തങ്ങളുടെ ഭാവി ഭദ്രതയ്ക്കുവേണ്ടി പുതിയ രക്ഷകരെയുണ്ടാക്കുകയെന്നതു് അവരുടെ അവകാശവും കത്തവ്യവുമാകുന്നു.

വ്യക്തിസ്വാതന്ത്ര്യവകാശം.

മൺട്രോസ്സു് 1782

നമ്മെ കുറഞ്ഞതോതിൽ അന്യർക്കുവേണ്ടിയാണു് സൃഷ്ടിച്ചിരിക്കുന്നതെങ്കിൽ, കൂടിയതോതിൽ നമുക്കുവേണ്ടിയുമാണു് സൃഷ്ടിച്ചിരിക്കുന്നതു്, തൻെറ അയൽപക്കക്കാരനിലൊരുവനോ, അവർക്കെല്ലാവർക്കും തന്നെയോ അവൻെറ മേലുള്ള അധികാരത്തിൽ കുറവായി മാത്രമേ അവനു് തൻെറ മേൽ അധികാരമുള്ളു എന്നു കരുതുന്നതു് മനുഷ്യസ്വഭാവത്തിനു് വിരുദ്ധവും പരിഹാസ്യവുമാകുന്നു. ഇതു അടിമത്തമാവുകയും ചെയ്യും, അല്ലാതെ, അവകാശപത്രം (bill of rights) അലംഘനീയമെന്നു വച്ചിട്ടുള്ളതും ഗവൺമെൻറിനെ സംരക്ഷിക്കാൻ നിയുക്തമായിട്ടുള്ളതുമായ ആ സ്വാതന്ത്ര്യമാവുകയില്ല. രാജ്യത്തിനു് എല്ലാ ജനങ്ങളുടേയും സേവനം സംബ

KOTTAYAM PUBLIC LIBRARY KOTTAYAM

ന്ധിച്ചു് ശാശ്വതമായ ഒരധികാരമുണ്ടെന്ന അഭിപ്രായത്തിൻെറ സംസ്ഥാപനം പോലെ നമ്മുടെ സ്വാതന്ത്ര്യത്തെ നമ്മിൽ നിന്നും പൂർണ്ണമായും അപഹരിക്കുന്ന വേറൊന്നില്ല ഇതു് പ്രത്യേകതർം ചിന്താഗതിയുള്ള മനുഷ്യരെ സംബന്ധിച്ചിടത്തോളം, ജീവിതാനുഗ്രഹത്തിൻെറ ഹനനവും കഷ്ടതകളുമല്ലാതെ ആനന്ദത്തിനു് വേണ്ടി ജീവൻ നൽകിയ ദാതാവിൻെറ നിഷേധവുമാണു്. കൂടാതെ, അങ്ങനെയുള്ളവർ ജനിക്കാതെയിരുന്നുവെങ്കിൽ അവർക്കു അതു് തീർച്ചയായും മെച്ചമായിരിക്കുമായിരുന്നു.

സ്വതന്ത്രമായി ചിന്തിക്കാനും പ്രവത്തിക്കാമുനുള്ള
സ്വാതന്ത്ര്യം

ഹംഫ്രീസിനു് 1789

ചില അവകാശങ്ങൾ ഗവൺമെൻറിനു് അധീനപ്പെടുത്തിക്കൊടുക്കുകയെന്നതു് നിഷ്പ്രയോജനമാണു്, എന്നാൽ ഗവൺമെൻറു് അവയുടെ മേൽ എന്നും കൈയ്യേററം നടത്തുന്നതു കാണുന്നുണ്ടു്. ചിന്തിക്കുന്നതിനും, നമ്മുടെ ചിന്തകളെ വാങ്മൂലമായോ രേഖാമൂലമായോ പ്രകടിപ്പിക്കുന്നതിനും സ്വതന്ത്രമായി വാണിജ്യം നടത്തുതിനും വ്യക്തിസ്വാതന്ത്ര്യത്തിനുള്ള അവകാശവുമാണു്. ഇവ ഭരണനിർവഹണം നടത്തുന്ന ഉപാധയികളിൽ പ്രത്യേകമായും വിശ്വസിക്കാവുന്നവയുണ്ടു്, അവയെ മാററുവാൻ നിയമസഭയെ നാം ഒരിക്കലും അനുവദിക്കരുതു്. ഇവയെ നിർവാഹകമണ്ഡലത്തിലും നിയമമണ്ഡലത്തിലും പുതിയ സംവിധാനം ഭദ്രമാക്കിയിട്ടുണ്ടു്. എന്നാൽ നീതിമണ്ഡലത്തിലങ്ങനെ ചെയ്തിട്ടില്ല, അതിൽ ജനങ്ങളാൽത്തന്നെയുള്ള എന്നുവച്ചാൽ ജൂറിമുഖാന്തരമുള്ള നീതി നിർവഹണം ഏർപ്പെട്ടത്തേണ്ടതായിരുന്നു. രാഷ്ട്രത്തിന്റെ അവകാശങ്ങൾക്കു ആപത്തുണ്ടാക്കുകയും ഭരണാധികാരികളുടെ ദയക്കു അവയെ വിട്ടുകൊടുക്കുകയും ചെയ്യുന്ന ഉപാധികളുണ്ടു്, ആ ഭരണാധികാരികൾ അവർ നിർവ്വഹണമണ്ഡലത്തിലേതായാലും നിയമമണ്ഡലത്തിലേതായാലും ശരി, ആ ഉപാധികളെ സുവ്യക്തമായ സന്ദർഭങ്ങ

ളിലൊഴികെ, നിലനിറുത്തുന്നതിൽ നിന്നും പിൻതിരിപ്പിക്കേണ്ടതാകുന്നു. സായുധസേന അങ്ങനെയുള്ള ഒരു ഉപാധിയാണു്.

സ്വയംഭരണാവകാശം.

ഗവൺമെൻററിൻെറ ആസ്ഥാനം പോട്ടോമാക്കിലേക്കുമാററണമോ എന്നതിനെപ്പററിയുള്ള അഭിപ്രായം- ജൂലൈ 15, 1790

ഭൂമിയിലെ എല്ലാ മനുഷ്യനും മനുഷ്യസമൂഹത്തിനും സ്വയംഭരണത്തിനുള്ള അവകാശമുണ്ടു്. പ്രകൃതിയുടെ കരങ്ങളിൽ നിന്നും അവരുടെ ജനനത്തോടൊത്തു അതു ലഭിക്കുന്നു. ആ അവകാശത്തെ വ്യക്തികൾ തങ്ങളുടെ ഇച്ഛാനുസരണവും മനുഷ്യസമൂഹങ്ങൾ അവയുടെ ഭൂരിപക്ഷാഭിപ്രായമനുസരിച്ചും കൈകാര്യം ചെയ്യുന്നു. എല്ലാ മനുഷ്യസമുദായങ്ങളേയും സംബന്ധിക്കുന്ന പ്രകൃതിനിയമം ഭൂരിപക്ഷത്തിൻെറ നിയമമാണു്.

ആശയനിവേദനത്തിനുള്ള സ്വാതന്ത്ര്യം.

മാൺടോസ്സു് 1797

പൗരനും പൗരനും തമ്മിൽ പൊതുവായതോ സ്വകാര്യമായതോ ആയ ഏതുനിയമമനുസരിച്ചു് അവ ഉത്ഭവിച്ചാലും ശരി അവരുടെ കൂട്ടതാൽ പര്യങ്ങളെ സംബന്ധിച്ചു സ്വതന്ത്രമായി ആശയനിവേദനം നടത്തുന്നതിനുള്ള ഒരധികാരം........ ഒരു പ്രകൃതിദത്തമായ അധികാരമാകുന്നു. അതു ഇംഗ്ളണ്ടിലേയോ വെർജീനിയായിലേയോ കാൺഗ്രസ്സിൻേറയോ ദാനമായ ഒരു നിയമമല്ല. എന്നാൽ മററെല്ലാ പ്രകൃതിദത്തമായ നിയമങ്ങളേയും പോലെ അതിനേയും സംരക്ഷിക്കാനാണു് സമൂഹത്തെ സൃഷ്ടിക്കുന്നതും നിയമങ്ങളെ സംസ്ഥാപിക്കുന്നതും.

ഒരു തലമുറയ്ക്കു് മറെറാരു തലമുറയെ നിയന്ത്രിക്കാനവകാശമില്ല.

ജെ. ഡബ്ലിയൂ. എപ്പെസിനു് 1813

ഭൂമി ജീവിച്ചിരിക്കുന്നവരുടേതാണു്, മരിച്ചവരുടേതല്ല. മനുഷ്യൻെറ ഇച്ഛാശക്തിയും കഴിവുകളും മരണത്തോടൊത്തു പ്രകൃതി നിയമമനുസരിച്ചു് അവസാനിക്കുന്നു. ചില സമൂഹങ്ങൾ വ്യവസായത്തിൻെറ പ്രോത്സാഹനത്തിനു് വേണ്ടി അതിനെ കൃത്രിമമായി തുടർന്നു നിലനിർത്തുകയും, നാം അപരിഷ്കൃതർ എന്നു വിളിക്കുന്ന നമ്മുടെ അയൽക്കാരായ ആദിമനിവാസികളെപ്പോലെ ചിലർ അതു തുടർന്നുള്ള നിലനിൽപ്പിനെ നിഷേധിക്കുകയും ചെയ്യുന്നു. മനുഷ്യരുടെ തലമുറകളെ കമ്പനികളെന്നു കരുതാം. ഓരോ തലമുറയ്ക്കും അതു നിലവിലുള്ളിടത്തോളം കാലം ഭൂമിയിൽ നിന്നുമുള്ള ആദായങ്ങളുണ്ടു്, അതിൻെറ കാലം കഴിയുമ്പോൾ ആ ആദായങ്ങൾ അനന്തരതലമുറയ്ക്കു് സ്വതന്ത്രമായും ബാദ്ധ്യത കൂടാതെയും ലഭിക്കുന്നു, അങ്ങനെ, ഒരു തലമുറയിൽ നിന്നും മറെറാന്നിലേക്കു് തുടർച്ചയായി, എന്നെന്നേക്കും.

ഓരോ തലമുറയേയും, അതാതിൻെറ ഭൂരിപക്ഷാഭിപ്രായമനുസരിച്ചു സ്വയം നിയന്ത്രിക്കുന്നതിനു് അവകാശമുള്ള ഒരു പ്രത്യേകരാഷ്ട്രമെന്നു കരുതാം, എന്നാൽ മറെറാരു രാജ്യത്തെ അധിവസിക്കുന്നവരെ നിയന്ത്രിക്കാൻ പാടില്ലാത്തതിലുമുപരിയായി അനന്തരതലമുറയെയും നിയന്ത്രിക്കുന്നതിനുള്ള അധികാരമില്ലതന്നെ. അല്ലെങ്കിൽ ഇതിനെ മരണം വരെ കുടിയായ്മാവകാശമുള്ള ഒരുവൻേറതിനോടു തുലനം ചെയ്യാം. തനിക്കു ആദായമെടുക്കാനുള്ള അവകാശം നിലനില്ക്കുന്നതുവരെ, തൻെറ കടത്തിനു്വേണ്ടി അയാൾക്കു ഈടു കൊടുക്കാം. എന്നാൽ അവന്റെ മരണത്തോടുകൂടെ അവൻെറ എല്ലാ ബാദ്ധ്യതകളിൽ നിന്നുമൊഴിഞ്ഞു അടുത്ത അവകാശിക്കുകിട്ടുന്നു. ഒരു തലമുറയുടെ കാലഘട്ടം, അല്ലെങ്കിൽ അതിൻെറ ദൈർഘ്യം, ശീതോഷ്ണാവസ്ഥയുടെ വ്യത്യാസത്തിനു് വിധേയമായി നിരീക്ഷണം മുഖേനകണ്ടെത്താവുന്ന മരണപാരമ്പര്യത്തിൽ നിന്നും അനുമാനിക്കാവുന്നതാകുന്നു.

ഉദാഹരണത്തിനു് ഞാൻ ബഫോണിന്റെ പട്ടികകളിലേക്കു തിരിയുന്നു. 23994 മരണങ്ങളിൽ, മരിക്കുന്ന പ്രായത്തിന്റെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ, ഒരു സമയത്തു ജീവിച്ചിരിക്കുന്ന ജനങ്ങളിൽ 24 വർഷം 8 മാസം കൊണ്ടു പകുതിയോളം മൃതിയടയുന്നുണ്ടാകും, എന്നാൽ സ്വയം ഭരണാവകാശമില്ലാത്ത മൈനർകളെ ഒഴിച്ചു പ്രായപൂർത്തിയായവരെ എടുത്താൽ—അവരിൽ ഭൂരിപക്ഷവും സമൂഹത്തിനു് വേണ്ടി പ്രവർത്തിക്കുന്നവരായിരിക്കും—അവരിൽ പകുതിയോളം 8 വർഷവും 8 മാസവും കൊണ്ടു് മരിക്കുന്നവരായിരിക്കും. ആ കണക്കിനു്, ഒരുകരാറുണ്ടാക്കിയാൽ 19-മത്തെ വർഷത്തിൽ ആ കരാറുകാരൻ മരിച്ചുപോവുകയും അതോടെ ആ കരാർ അവസാനിക്കുകയും ചെയ്യും.

ഗവർണ്ണർ പ്ലുമെറിനു് 1816

ഒരു രാഷ്ട്രത്തിന്റെ ആവശ്യത്തിനുവേണ്ടിയുണ്ടാക്കപ്പെട്ടുന്ന സ്ഥാപനങ്ങളെ അവയുടെ ലക്ഷ്യത്തിനുതകുന്ന തരത്തിലാക്കാൻ പോലും സ്പർശിക്കുന്നതോ ഭേദപ്പെടുത്തുന്നതോ യുക്തമല്ലെന്നധാരണ—പൊതുജനങ്ങളുടെ വിശ്വാസം അവയിൽ അർപ്പിച്ചിരിക്കുന്നതിനാൽ അവയെ നേരാംവണ്ണം ഭരിക്കുന്നതിനു് ചില അധികാരങ്ങൾ അവയ്ക്കുണ്ടായിരിക്കണമെന്ന സങ്കല്പത്തിൻെറ അടിസ്ഥാനത്തിൽ—ഒരു രാജാവു് തൻെറ അധികാരങ്ങൾ ദുർവിനിയോഗം ചെയ്യാതിരിക്കാൻ സഹായകരമായ ഒരു വ്യവസ്ഥയാക്കാമെങ്കിലും ഒരു രാഷ്ട്രത്തിൻെറ കാര്യത്തിൽ നിരർത്ഥകമാണു്, എന്നിരുന്നാലും നമ്മുടെ നിയമജ്ഞന്മാരും പുരോഹിതന്മാരും ഈ സിദ്ധാന്തത്തെ പ്രചരിപ്പിക്കുന്നു, നമ്മുടെ മുൻതലമുറക്കാർക്കു ഭൂമിയുടെ മേൽ നമുക്കുള്ളതിനേക്കാൾ അവകാശങ്ങളുണ്ടായിരുന്നുവെന്നും, നമ്മിൽ മാററുവാൻ പാടില്ലാത്തവയായവപോലെ തന്നെ. ഭാവിതലമുറകൾക്കുവേണ്ടി നിയമങ്ങളുണ്ടാക്കാനും അവരെ ബദ്ധപ്പെടുത്താനുമുള്ള അവകാശമുണ്ടെന്നും അവർക്കു അവയെ ഭേദപ്പെടുത്താൻ പാടില്ലെന്നും സങ്കല്പിച്ചാൽ, ചുരുക്കത്തിൽ ലോകം ജീവിച്ചിരിക്കുന്നവരുടേതല്ല മരിച്ചവരുടേതായിത്തീരുകയായിരിക്കും ചെയ്യുക.

മനുഷ്യൻ സാന്മാർഗ്ഗികമായി സഹജവാസനകളോടെയാണ് ജനിക്കുന്നതു്.

റെറി. ലായ്ക്ക് 1814

ചില മനുഷ്യർ ദർശനേന്ദ്രിയമോ ശ്രവണേന്ദ്രിയമോ കൈകളോ ഇല്ലാത്തവരായി ജനിക്കുന്നു. എന്നിരുന്നാലും മനുഷ്യൻ ഈ കഴിവുകളില്ലാതെയാണ് ജനിച്ചതെന്നു പറഞ്ഞാൽ തെററായിരിക്കും; മനുഷ്യനെപ്പററിയുള്ള പൊതുവായ നിർവ്വചനത്തിൽ കണ്ണും കാതും കൈകളും യഥാർത്ഥത്തിലുൾപ്പെടുന്നുണ്ടാവും. ചിലയാളുകൾക്ക് സാന്മാർഗ്ഗികബോധം ഇല്ല, അല്ലെങ്കിൽ അപൂർണ്ണമായേ ഉള്ളു എന്നതു ദർശനേന്ദ്രിയവും ശ്രവണേന്ദ്രിയവും മററും ഇല്ല, അല്ലെങ്കിൽ അപൂർണ്ണമായേ ഉള്ളു എന്നതുപോലെ മനുഷ്യവർഗ്ഗത്തിൻെറ പൊതുവായ ഒരു സ്വഭാവവിശേഷമെന്നതിൻെറ തെളിവല്ല, അതില്ലാതെയിരിക്കുമ്പോൾ, ആ കുറവ് നാം വിദ്യാഭ്യാസം മുഖാന്തരമായും, യുക്തിചിന്തയേയും വിവേകത്തെയും വളർത്തിയും, അങ്ങനെ നിർഭാഗ്യകരമായതരത്തിൽ ആയിപ്പോയവനെ, അവൻ ജീവിക്കുന്ന സമൂഹത്തിലുള്ളവരുടെ സൗഖ്യത്തിനും, നിലനില്പിനു് തന്നെയും വേണ്ടി സ്നേഹം മുതലായ വികാരങ്ങളെ വിജൃംഭിപ്പിച്ചു തിന്മയൊഴിവാക്കാനും നന്മചെയ്യാനും വേണ്ട പ്രചോദനം നൽകിയും, താൽപര്യ പരിരക്ഷണത്തിനു് സത്യദീക്ഷ ആവശ്യമാണെന്നു് സോദാഹരണം തെളിയിച്ചു കാട്ടിയും, നിയമം വ്യവസ്ഥചെയ്തിരിക്കുന്ന പാരിതോഷികങ്ങളും ശിക്ഷകളുമുദ്ധരിച്ചും, അവസാനമായി ഇവിടെയുള്ളകാലത്തു ചെയ്യുന്ന നന്മകൾക്കും തിന്മകൾക്കും ഭാവിയിൽ ലഭിക്കാവുന്ന അവസ്ഥയെന്തെന്നു പറഞ്ഞും നികഴ്ത്തുവാൻ യത്നിക്കുന്നു. ഇവയാണ് വിദ്യാഭ്യാസം മുഖേന സംസിദ്ധമാകുന്ന പരിഹാരങ്ങളും, സന്മാർഗ്ഗവാദിയുടെയും പുരോഹിതൻെറയും നിയമനിർമ്മാണകൻെറയും കത്തവ്യങ്ങൾ നിർവഹിക്കാൻ സഹായിക്കുന്ന പ്രചോദനങ്ങളും.

ചിലർ സാന്മാർഗ്ഗികാവബോധത്തിൻെറ ആസ്തിക്യത്തിനെതിരായി, പ്രകൃതി അപ്രകാരമൊരു ബോധം ... ... നൽകിയിരുന്നുവെങ്കിൽ പ്രകൃതിതന്നെ ഈ രണ്ടുതരം പ്രവൃത്തികളേയും, സൽകൃത്യങ്ങളേയും ദുഷ്കൃത്യങ്ങളേയും വേർ

തിരിച്ചറിയുന്നതിനുതകുന്ന പ്രത്യേക ലക്ഷണങ്ങളെ രൂപവൽകരിക്കുമായിരുന്നു എന്നു പറഞ്ഞുകൊണ്ടു് വാദിക്കുന്നു. എന്നാൽ യഥാൎത്ഥത്തിൽ ചില പ്രവൃത്തികൾ ഒരു രാജ്യത്തു് സൽകൃത്യമായും മററൊരു രാജ്യത്തു് ദുഷ്കൃത്യമായും കരുതപ്പെട്ടുവരുന്നതായി നാം കാണുന്നു. അതിൻെറ പ്രത്യുത്തരം സൽകൃത്യങ്ങളുടെ മാനദണ്ഡമായി പ്രകൃതി മനുഷ്യനുണ്ടാകാവുന്ന പ്രയോജനത്തേയും പരമമായ നന്മയെയും വച്ചിട്ടുണ്ടെന്നതാണു്. വിവിധരാജ്യങ്ങളിൽ, വിവിധസാഹചര്യങ്ങളിൽ, ആചാരമൎയ്യാദകളിൽ കഴിയുന്നവൎക്കു പ്രയോജനത്തെപ്പററി വിഭിന്നങ്ങളായ ധാരണകളുണ്ടാകാം; അതുകൊണ്ടു് ഒരു കൃത്യംതന്നെ, ഒരു നാട്ടിൽ ഉപയോഗപ്രദവും അതിനാൽ സാന്മാൎഗ്ഗികവും ആയിരിക്കുമ്പോൾ, മററൊരു സാഹചൎയ്യത്തിലുള്ള നാട്ടിൽ അതു ദോഷകരവും അസന്മാൎഗ്ഗികവുമായിരിക്കും. അതുകൊണ്ടു് ഒരു സാന്മാൎഗ്ഗികാവബോധത്തിൽ ഞാൻ ആത്മാൎത്ഥമായി വിശ്വസിക്കുന്നു. മനുഷ്യൻെറ സ്വഭാവത്തിൽ പതിക്കപ്പെട്ടിരിക്കുന്ന അത്യുജ്ജ്വലമായ രത്നം അതാണെന്നും അതില്ലാതെയിരിക്കുന്നതു് ശാരീരിക വൈരൂപ്യങ്ങളുടെ കൂട്ടത്തിൽ ഏററവും ബീഭത്സമായതാണെന്നും ഞാൻ വിചാരിക്കുന്നു.

### നിയമങ്ങളുടെ പ്രകൃത്യാലുള്ള പരിമിതികൾ

എഫ്. ഡബ്ലിയു. ഗിൽമറിനു്, 1816

നമ്മുടെ നിയമനിൎമ്മിതാക്കൾക്കു്, താങ്കളുടെ അധികാരങ്ങളുടെ നിയമാനുസൃതമായ പരിമിതികളെക്കുറിച്ചു് വേണ്ടത്ര അറിവില്ല; അവരുടെ കൃത്യമായ കൎത്തവ്യം നമ്മുടെ പ്രകൃതിസഹജമായ അവകാശങ്ങളേയും ചുമതലകളേയും പ്രഖ്യാപിക്കുകയും അവയെ പ്രവൎത്തിപ്പിക്കുകയുമാണു്; നമ്മിൽനിന്നും അവയൊന്നുംതന്നെ എടുക്കാതെയിരിക്കുകയുമാണു്, ഒരുവനും തന്നോടു തുല്യമായ അധികാരമുള്ള വേറൊരുവൻെറ അധികാരങ്ങളിൽ കൈയ്യേററം നടത്താനുള്ള അവകാശമില്ല; അവനെ നിയന്ത്രിക്കാവുന്ന നിയമം ഇത്രമാത്രമാണു്; എല്ലാവരും സമൂഹത്തിൻെറ ആവശ്യങ്ങൾക്കുവേണ്ടി, പൎയ്യാപ്തമായ സംഭാവന നൽകുവാൻ പ്രകൃതി നിശ്ചയിച്ചിട്ടുള്ള ചുമതലയുള്ളവരത്രേ; നിയമങ്ങൾ ഇത്രമാത്രമാണു് അവനെക്കൊണ്ടു ചെയ്യിക്കാ

നുള്ളതു്; കൂടാതെ ഒരുവനുംതന്നെ താനും മറെറാരുവനുമായുള്ള തൎക്കങ്ങൾ തീരുമാനിക്കാനുള്ള അവകാശമില്ലാത്തതിനാൽ, നിഷ്പക്ഷമതിയായ ഒരു മൂന്നാമന്റെ തീരുമാനത്തിനായി വഴങ്ങിക്കൊടുക്കാൻ അവൻ ബാധ്യസ്ഥനുമാകുന്നു. നിയമങ്ങൾ എപ്പോൾ ഇവയെ പ്രഖ്യാപിക്കുകയും ഊൎജ്ജിതത്തിൽ കൊണ്ടുവരികയും ചെയ്തുകഴിഞ്ഞുവോ അപ്പോൾ അതിൻെറ പ്രവൎത്തനം നിലയ്ക്കുകയായി. നാം ഒരു സമൂഹത്തിൻെറ അംഗമായി ചേരുമ്പോൾ നാം ഏതെങ്കിലും പ്രകൃതിസഹജമായ അവകാശത്തെ ഉപേക്ഷിച്ചുകളയുന്നു എന്ന വിശ്വാസം തികച്ചും അടിസ്ഥാനരഹിതമത്രെ.

മനുഷ്യസമൂഹത്തിൽ ഒരുവനുള്ള അവകാശങ്ങളുടെ സംഗ്രഹം

ദ്യൂപോങ്ദ് നെമൂഴിനു് 1816

മനുഷ്യത്വത്തിന്റെ ആന്തരിക ഘടകങ്ങൾ സന്മാൎഗ്ഗം, അനുകമ്പ, മഹാമനസ്കതയെന്നിവയാണെന്നും, ശക്തിയിൽ ആശ്രയിക്കാതെയുള്ള ഒരു അവകാശമുണ്ടെന്നും, വസ്തുവകകളിന്മേലുള്ള അവകാശം പ്രകൃതിസഹജമായി നമുക്കുള്ള ആവശ്യങ്ങളിലും ആ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുന്നതിനു് നമുക്കുള്ള മാൎഗ്ഗങ്ങളിലും; വിവേകമുള്ള മററു ജീവജാലങ്ങളുടെ തത്തുല്യമായ അവകാശങ്ങളെ ലംഘിക്കാതെ നാം സ്വീകരിക്കുന്ന പ്രസ്തുതമാൎഗ്ഗങ്ങളെ സംബന്ധിക്കുന്ന അധികാരങ്ങളിലും അധിഷ്ഠിതമാണെന്നും, ഒരുവനും മറ്റൊരുവൻെറ സ്വാഭാവികമായ ആഗ്രഹപൂൎത്തിക്കു് നിരുപദ്രവകരമാംവണ്ണം പ്രവൎത്തിക്കുന്നതിനെ തടസ്സപ്പെടുത്താനധികാരമില്ലെന്നും മനുഷ്യസമൂഹത്തിന്റെ മൗലികതത്ത്വം നീതിയാണെന്നും, ഒരു വ്യക്തിയെ മൎദ്ദനത്തിന്നിരയാക്കുന്ന ഭൂരിപക്ഷം കുറ്റകരമായ കൃത്യമാണു് ചെയ്യുന്നതെന്നും, അങ്ങനെ അതിൻെറ അധികാരത്തെ ദുർവിനിയോഗം ചെയ്തു കൈയ്യൂക്കിൻെറ മുഷ്ക്കു കാണിക്കുന്നതു് സമുദായത്തിൻെറ അടിത്തറ തകൎക്കുകയാണെന്നും, പൗരന്മാർ തങ്ങളുടെ കഴിവനുസരിച്ചു വ്യക്തിപരമായി ചെയ്യുന്നവയും, അവരാൽ തെരഞ്ഞെടുക്കപ്പെട്ടവരും, മാററാൻ കഴിയുന്നവരുമായ പ്രതിനിധികളാൽ ചെയ്യുന്നവയുമായ കാൎയ്യങ്ങൾ ജനാധിപത്യരീതി

യുടെ കാതലാണെന്നും, എല്ലാ ഗവൺമെൻറുകളും അവയുടെ ഘടനയിൽ ഈ തത്വം എത്രമാത്രം ഉൾക്കൊള്ളുന്നുവോ ആ അനുപാതത്തിൽ ജനാധിപത്യസമ്പ്രദായത്തിലുള്ളതാണെന്നും, പ്രാതിനിധ്യസ്വഭാവത്തിലുള്ള ഗവൺമെൻറിന് മറ്റേതൊരു രൂപത്തിലുള്ള ഗവൺമെന്റിനേയുംകാൾ ലോകത്തു പ്രചരിക്കാൻ കഴിവുണ്ടെന്നും.......ഞാൻ വിശ്വസിക്കുന്നു.

പ്രതീക്ഷ.

വെയിററ്മാനിന്, ജൂൺ 24, 1826,

മനുഷ്യാവകാശങ്ങളെ സംബന്ധിച്ച് എല്ലാ കണ്ണുകളും തുറന്നിരിക്കുന്നു, അല്ലെങ്കിൽ തുറന്നുകൊണ്ടിരിക്കുന്നു. ഈശ്വരാനുഗ്രഹത്താൽ മനുഷ്യവർഗ്ഗത്തിലെ ഭൂരിപക്ഷവും തങ്ങളുടെ ചുമലിൽ ജീനിയുമായും, ഭാഗ്യലാളിതരായ ഒരു ചെറിയ വിഭാഗം അവരുടെ മേൽ നിയമാനുസരണം സവാരിചെയ്യാൻ പര്യാപ്തമായ പാദുകങ്ങളോടുകൂടിയുമല്ല ജനിച്ചിട്ടുള്ളതെന്ന പ്രത്യക്ഷസത്യം ശാസ്ത്രപ്രകാശത്തിന്റെ പൊതുവായ വ്യാപനം തുറന്നു കാട്ടിക്കഴിഞ്ഞിരിക്കുന്നു.

## അദ്ധ്യായം II

### ജനാധിപത്യതത്വങ്ങൾ

വിശ്വാസം

ഹാർട്‌ലിസ്സ് 1787

നമ്മുടെ പരീക്ഷണങ്ങളുടെ ഫലം ഒരു യജമാനനെക്കൂടാതെ തന്നെ മനുഷ്യർക്കു തങ്ങളെത്തന്നെ ഭരിക്കുവാനുള്ള അധികാരത്തിൽ വിശ്വസിക്കാമെന്നതാണെന്നുള്ളതിനെപ്പററി എനിക്കു യാതൊരു സന്ദേഹവുമില്ല. നേരെ മറിച്ചുള്ളതാണ് തെളിയിക്കപ്പെടുന്നതെങ്കിൽ, ഒന്നുകിൽ ഈശ്വരനില്ലെന്നോ, അല്ലെങ്കിൽ അദ്ദേഹം ഒരു ദ്രോഹബുദ്ധിയാണെന്നോ എനിക്കു അനുമാനിക്കേണ്ടിവരും.

## 1 ജനാധിപത്യത്തിൻെറ പ്രയോജനം —വിപ്ലവത്തിൻെറയും

മാഡിസണ്, 1787

വേണ്ടവണ്ണം വേർതിരിക്കാവുന്ന മൂന്നു രൂപങ്ങളിലാണ് ജനസമൂഹം വർത്തിക്കുന്നത്. 1. നമ്മുടെ(അമേരിക്കൻ) ഇൻഡ്യാക്കാരുടെയിടയിലെന്നതുപോലെ ഗവൺമെൻറുകൂടാതെ, 2. ഇംഗ്ലണ്ടിൽ ചെറിയതോതിലുള്ളതുപോലെയും നമ്മുടെ സംസ്ഥാനങ്ങളിൽ വലിയതോതിലുള്ളതുപോലെയും ഓരോരുത്തൻെറയും ഇഷ്ടത്തിനു് സ്വാധീനമുള്ള ഗവൺമെൻറ്. 3. രാജവാഴ്ച നിലവിലുള്ളയിടത്തും മററുവളരെ റിപ്പബ്ലിക്കുകളിലുമുള്ളതുപോലെ ബലത്തിന്റേതായ ഗവണ്മെൻറ്. ഈ ഒടുവിൽ പറഞ്ഞവയുടെ കീഴിൽ കഴിയുന്നതിൻെറ ശാപത്തെപ്പററി അറിയണമെങ്കിൽ അതു കാണുകതന്നെ വേണം. ആടുകളെ ഭരിക്കുന്ന ചെന്നായ്ക്കളുടെ ഗവണ്മെൻറാണത്. ആദ്യത്തെതരത്തിലുള്ളതല്ല ഏററവും നല്ലതെന്ന പ്രശ്നം എൻെറ മനസ്സിനു് വ്യക്തമാകാത്തതാണു്. എന്നാൽ അതു് വലിയ ജനസംഖ്യയുമായി പൊരുത്തപ്പെടാത്തതാകുന്നു. രണ്ടാമത്തെ തരത്തിലുള്ളതു് വളരെ നന്മയുള്ളതാണു്. അതിൻെറ കീഴിലുള്ള ജനങ്ങൾ സ്വാതന്ത്ര്യവും സൗഖ്യവും ഗണ്യമായ അളവിൽ അനുഭവിക്കുന്നു. അതിനു് അതിൻേറതായ ദോഷങ്ങളുമുണ്ട്; അവയിൽ പ്രധാനമായതു് അതു വിധേയമായിത്തീരുന്ന കോളിളക്കമാണു്. എന്നാൽ ഇതിനെ രാജവാഴ്ചയുടെ മർദ്ദനഭരണവുമായി തട്ടിച്ചുനോക്കുമ്പോൾ സാരമില്ലാത്തതായിത്തീരുന്നു.

ഈ ദോഷം തന്നെയും നന്മ പ്രദാനംചെയ്യുന്നതാണു്. ഗവൺമെൻറു് ദുഷിക്കുന്നതിനെ ഇതു തടയുകയും പൊതുക്കാര്യങ്ങളിൽ ജനങ്ങളുടെ ശ്രദ്ധ വളർത്തുകയും ചെയ്യുന്നു. ഭൗതികലോകത്തിൽ കൊടുങ്കാററുകൾ എത്ര ആവശ്യമാണോ, അതുപോലെ രാഷ്ട്രീയലോകത്തിൽ ചിലപ്പോഴൊക്കെ ചില ജനക്ഷോഭങ്ങൾ ആവശ്യമാണെന്നും അവ നല്ലതാണെന്നും ഞാൻ കരുതുന്നു. പരാജയപ്പെടുന്ന പ്രക്ഷോഭണങ്ങൾ, അവയ്ക്കു് ഇടനൽകിയ ജനകീയാവകാശങ്ങളുടെ

മേലുള്ള കൈയ്യേററങ്ങളെ സാധാരണയായി സംസ്ഥാപിക്കാറുണ്ട്. ഈ യാഥാത്ഥ്യത്തെപ്പററിയുള്ള വീക്ഷണം യോഗ്യരായ ജനകീയഭരണാധികാരികളെ പ്രക്ഷോഭണങ്ങളെ തികച്ചും നിരുത്സാഹപ്പെടുത്തുന്നതിനു് പകരം മൃദുവായതരത്തിൽ നേരിടുന്നതിനു് മനസ്സുള്ളവരാക്കിത്തീർക്കണം. അതു ഗവൺമെൻറിൻെറ മെച്ചമായ ആരോഗ്യത്തിനു് ആവശ്യംവേണ്ട ഒരു ഔഷധമാണു്.

വില്യം എസ്. സ്മിത്തിനു്, 1787

അങ്ങനെയുള്ള ജനക്ഷോഭം കൂടാതെയുള്ള ഇരുപതു വർഷക്കാലങ്ങൾ ഉണ്ടാകാതെയിരിക്കാൻ ഈശ്വരൻ അനുഗ്രഹിക്കട്ടെ. എല്ലാജനങ്ങൾക്കും എന്നെന്നും സുവിജ്ഞരായിരിക്കാൻ സാദ്ധ്യമല്ല. ജനവിഭാഗം, അതു് തെററിദ്ധരിക്കുന്ന വസ്തുതകളുടെ പ്രാധാന്യത്തിനു് അനുപാതമായി അസംതൃപ്തരായിത്തീരും. ആ ധാരണകളുടെ കീഴിൽ അവർ നിശ്ചലരായിരിക്കുമെങ്കിൽ അതൊരു മയക്കമാണു്; പൊതു സ്വാതന്ത്ര്യത്തിൻെറ മരണത്തിൻെറ മുന്നോടിയുമായിരിക്കും നമുക്കു പതിനൊന്നു വർഷങ്ങളായി സ്വതന്ത്രമായിക്കഴിയുന്ന പതിമ്മൂന്നു സംസ്ഥാനങ്ങളുണ്ടു്. അതിനിടയിൽ ഒരു പ്രക്ഷോഭണമുണ്ടായി. ആ നിരക്കിനു് ഓരോ സംസ്ഥാനത്തിനും ഒന്നര ശതാബ്ദത്തിനിടയിൽ ഒരു പ്രക്ഷോഭണം എന്നു സിദ്ധിക്കുന്നു. ഒന്നരനൂററാണ്ടുകൾക്കിടയിൽ ഒരു വിപ്ലവം കൂടാതെ എന്നെങ്കിലും ഏതെങ്കിലും ഒരു രാജ്യം ഉണ്ടായിരുന്നിട്ടുണ്ടോ? കൂടാതെ ഏതൊരു രാജ്യത്തിനാണു്, അവിടത്തെ ഭരണാധികാരികളെ കാലാകാലങ്ങളിൽ താക്കീതു് ചെയ്യാതെ അതിൻെറ അവകാശങ്ങളെ സംരക്ഷിക്കാൻ സാധിച്ചിട്ടുള്ളതു്? അവർ ആയുധങ്ങൾ ധരിക്കട്ടെ. അവരെ ശരിയായ വസ്തുതകൾ ധരിപ്പിക്കുകയെന്നതും അവർക്കു മാപ്പുനൽകി അവരെ സമാധാനപ്പെടുത്തുകയെന്നതുമാണു് പരിഹാരങ്ങൾ, ഒന്നോ രണ്ടോ ശതാബ്ദങ്ങൾക്കിടയിൽ ചുരുക്കം ചിലർക്കു ജീവൻ നഷ്ടപ്പെടുന്നതിലെന്താണു്? രാജ്യസ്നേഹികളുടേയും ജനമർദ്ദകരുടേയും രക്തംകൊണ്ടു് ചിലപ്പോഴൊക്കെ സ്വാതന്ത്ര്യത്തിൻെറ

വൃക്ഷത്തെ പോഷിപ്പിക്കേണ്ടതുണ്ട്. രക്തം അതിന്റെ പ്രകൃതിസഹജമായ വളമാണ്,

ഫ്രഞ്ചുവിപ്ലവവും അതിൻെറ ഭീകരത്വവും

ഷോർട്ടിന്, 1793.

അവശ്യമായിവന്ന ആ സമരത്തിൽ കുറ്റക്കാരായ പലരും കേസ്സുവിസ്താരത്തിൻെറ ചടങ്ങും കൂടാതെ വധിക്കപ്പെട്ടു പോയി, അക്കൂട്ടത്തിൽ കുറെ നിരപരാധികളും. ഇതിൽ ഞാൻ മററാരേയും പോലെ ഖേദിക്കുന്നു; ചിലരെ സംബന്ധിച്ചു ഞാനെൻെറ മരണംവരെ ഖേദിക്കുകയും ചെയ്യും. ഒരു യുദ്ധത്തിൽ അവർ വധിക്കപ്പെട്ടിരുന്നാലെന്നപോലെ ഞാൻ ഖേദിക്കുകയാണ്. ജനങ്ങളുടെ കൈകളെ ഉപയോഗിക്കേണ്ടതു് ആവശ്യമായിരുന്നു; കൈകൾ വെടിയുണ്ടകളേയോ ബോംബുകളേയോ പോലെ അന്ധമല്ലെങ്കിലും കുറെയൊക്കെ അന്ധമാണ്. അവരുടെ ഉററമിത്രങ്ങളിൽ ചിലർക്കു അവരുടെ കൈകളിൽ നിന്നും ശത്രുക്കൾക്കു ലഭിക്കേണ്ട വിധിയാണു് ലഭിച്ചതു്. എന്നാൽ കാലവും സത്യവും അവരുടെ സ്മരണകൾ വീണ്ടെടുക്കുകയും അവയ്ക്കു മരുന്നുപുരട്ടുകയും ചെയ്യും. അവരുടെ അനന്തരതലമുറകൾ, ഏതൊരു സ്വാതന്ത്ര്യസംരക്ഷണത്തിനാണോ തങ്ങളുടെ ജീവൻ നൽകുവാൻ സന്ദേഹിക്കാതെയിരിക്കുമായിരുന്നതു ആ സ്വാതന്ത്ര്യങ്ങൾ തന്നെ അനുഭവിക്കുകയും ചെയ്യും. ലോകത്തിൻെറ മുഴുവൻ സ്വാതന്ത്ര്യം ആ സമരത്തിൻെറ ഫലത്തെ ആശ്രയിച്ചിരിക്കയായിരുന്നു; എന്നെങ്കിലും അപ്രകാരമുള്ള ഒരു സമ്മാനം ഇത്ര കുറവായ നിരപരാധികളുടെ രക്തം കൊണ്ടു് നേടിയിട്ടുണ്ടോ? ഈ പ്രശ്നത്തിൻെറ രക്തസാക്ഷികളിൽ ചിലരാൽ എന്റെ സ്നേഹബന്ധങ്ങൾക്കു ആഴമേറിയ മുറിവുകളേററിററുണ്ടു്, എന്നാൽ അവയൊക്കെ പരാജയമടയുന്നതിനേക്കാൾ ലോകത്തിൻെറ പകുതിയും ശൂന്യമാക്കപ്പെട്ടുന്നതു കാണാൻ എനിക്കു കഴിഞ്ഞേക്കാം, ഓരോ രാജ്യത്തിലും ഓരോ ആദാമും ഹൗവ്വായും മാത്രം

അവശേഷിച്ചാൽ അതിന്നത്തേതിനേക്കാൾ മെച്ചമായിരുന്നേനെ

· ജനാധിപത്യവിപ്ലവം ഒടുവിൽ വിജയിക്കുകതന്നെ ചെയ്യും.

ആഡംസിനു്, 1823

ഒരു വിപ്ളവത്തിനു് തുടക്കമിടുന്ന തലമുറ അപൂർവമായി മാത്രമേ അതവസാനിപ്പിക്കാറുള്ളു. ശൈശവംമുതൽക്കുതന്നെ തങ്ങളുടെ രാജാക്കന്മാർക്കും പുരോഹിതന്മാർക്കും മാനസികമായും ശാരീരികമായും നിഷ്ക്രിയമായി വഴങ്ങിക്കൊടുക്കാൻ ശീലിച്ചുപോയ അവർ തങ്ങൾക്കുവേണ്ടി ചിന്തിക്കുവാനും പ്രവർത്തിക്കുവാനും നിർബന്ധിതരായിത്തീരുന്ന സന്ദർഭങ്ങളിൽ അയോഗ്യരാണെന്നുവരുമെന്നു മാത്രമല്ല, അവരുടെ അനുഭവരാഹിത്യവും അജ്ഞതയും മതഭ്രാന്തും പലപ്പോഴും ബോണപ്പാർട്ടുമാരുടേയും ഇററർബിഡേമാരുടേയും കൈകളിൽ തങ്ങളുടെതന്നെ അവകാശങ്ങളേയും ഉദ്ദേശങ്ങളേയും പരാജയപ്പെടുത്താനുള്ള ഉപകരണങ്ങളായിത്തീർക്കുകയും ചെയ്യും. ഇതാണു് യൂറോപ്പിലേയും സ്പാനിഷ് അമേരിക്കയിലേയും ഇന്നത്തെസ്ഥിതി. എന്നാൽ അതു നിരാശതാജനകമല്ല. മുദ്രണകല മനുഷ്യവർഗ്ഗത്തിൻെറ മേൽ ചൊരിഞ്ഞ പ്രകാശം ലോകത്തിൻെറ അവസ്ഥയെ കാര്യമായി പരിവർത്തനം ചെയ്തിട്ടുണ്ടു്. ഇതേവരെ ആ പ്രകാശം യൂറോപ്പിൽ ഇടത്തരക്കാരുടെ മേൽ മാത്രമേ വീശിയിട്ടുള്ളു. തുല്യമായ അജ്ഞതയിൽ മുഴുകിയ രാജാക്കന്മാർക്കും താഴെക്കിടയിലുള്ളവർക്കും അതിൻെറ രശ്മികൾ ഇതേവരെ ലഭിച്ചിട്ടില്ല, എന്നാൽ അവ പരന്നുകൊണ്ടിരിക്കുയാണെന്നു മാത്രമല്ല അച്ചടിസമ്പ്രദായം നിലനിൽക്കുകയാണെങ്കിൽ, സൂര്യനു് അതിൻെറ മാർഗ്ഗത്തിൽ പുറകോട്ടു പോകാൻ കഴിയാത്തതുപോലെ അവയും പുറകോട്ടു പോകുന്നതല്ല. സ്വയംഭരണാവകാശം വീണ്ടെടുക്കാനുള്ള പ്രഥമോദ്യമം നിഷ്ഫലമായേക്കാം, അതുപോലെതന്നെ രണ്ടാമത്തേതും മൂന്നാമത്തേതും മററും. എന്നാൽ പ്രായം കുറഞ്ഞതും കൂടുതൽ വിദ്യാസമ്പന്നവുമായ ഒരു വർഗ്ഗം കടന്നുവരു

മ്പോൾ, വികാരങ്ങൾ കൂടുതൽ കൂടുതൽ അന്തർജ്ഞാനാത്മകമാവുകയും അങ്ങനെ നാലാമത്തെയോ അഞ്ചാമത്തെയോ അല്ലെങ്കിൽ പിന്നെയേതെങ്കിലും തവണത്തെയോ പുനരുദ്യമങ്ങൾ വിജയം നേടുന്നതുമാണു്.

യവനന്മാർക്കു എന്തുകൊണ്ടു് ജനകീയ ഗവണ്മെൻറിനെപ്പററിയുള്ള സങ്കല്പമുണ്ടായിരുന്നില്ല.

ഐ. എച്ചു്. ററിഫാനിക്കു്, 1816

അരിസ്റ്റോട്ടിലിന്റെ കാലത്തെ യവനന്മാരുടെ സാമൂഹ്യവ്യവസ്ഥിതി നമ്മുടേതിൽനിന്നും ഇക്കാലത്തുള്ളതിൽനിന്നും വളരെ വിഭിന്നമായിരുന്നതിനാൽ, ഗവണ്മെൻറിനെപ്പററി അവർ എഴുതിയിട്ടുള്ളവയിൽനിന്നും യാതൊരു വിജ്ഞാനവർദ്ധനവും ലഭിക്കുന്നതല്ലെന്നു ഞാൻ വിചാരിക്കുന്നു. അവക്കു് വ്യക്തിസ്വാതന്ത്ര്യത്തിന്റെ മൂല്യത്തെ സംബന്ധിച്ചു് നീതിനിഷ്ഠമായ അഭിപ്രായങ്ങളുണ്ടായിരുന്നു; എന്നാൽ അവയെ സംരക്ഷിക്കാൻ ഏററവും ഉതകുന്ന ഭരണകൂടത്തിൻെറ ഘടനയെ സംബന്ധിച്ചു് ഒന്നുംതന്നെയുണ്ടായിരുന്നില്ല. (റിപ്പബ്ലിക്കിന്റെ ശുദ്ധഭാവത്തിലുള്ള) ജനാധിപത്യത്തിന്റെയും കുലീനവംശ്യരുടെ ഭരണത്തിനോ അല്ലെങ്കിൽ ജനങ്ങളെ ആശ്രയിക്കാതെയുള്ള ഒരു ദുഷ്പ്രഭുത്വത്തിനോ വഴങ്ങി മാറിക്കൊടുക്കല്ലെന്നമിടയ്ക്കു് ഒരു മദ്ധ്യസ്ഥാനമുണ്ടാകാമെന്നു് അവർ അറിഞ്ഞിരുന്നില്ല. പൗരന്മാക്കു് തങ്ങളെ സംബന്ധിക്കുന്ന കാര്യങ്ങൾ നടത്തുന്നതിനു് ഒന്നു ചേരുവാൻ കഴിയുന്നില്ലെങ്കിൽ, ആ കാര്യം നടത്തുന്നതിനു് പ്രതിനിധികളെ നിശ്ചയിക്കാനുള്ള അധികാരം അവർക്കു മാത്രമാണുള്ളതെന്നതും എങ്ങനെയാണു്. ഏതെങ്കിലും ഭൂവിഭാഗത്തിൽ രണ്ടാംതരം ശുദ്ധഭാവത്തിലുള്ള പ്രാതിനിധ്യസ്വഭാവമുള്ള ഗവണ്മെന്റ അല്ലെങ്കിൽ ജനകീയഗവണ്മെൻറു് പ്രവത്തിക്കേണ്ടതെന്നതും അന്നു മനസ്സിലാക്കിയിരുന്നില്ലെന്നു തോന്നുന്നു.

ജനാധിപത്യപരവും പ്രാതിനിധ്യസ്വഭാവമുള്ളതുമായ ഗവൺമെൻറിനെ സംബന്ധിക്കുന്ന പൂർണ്ണമായ പരീക്ഷണം നമുക്കായിരുന്നു ഒഴിച്ചുവച്ചിരുന്നതു്; ഒഴിച്ചുവച്ചി

രിക്കുന്നതും. (ഇംഗ്ലീഷ് സംവിധാനത്തിൽ മുമ്പുണ്ടായിരുന്നതും എന്നാൽ ഇപ്പോൾ നഷ്ടപ്പെട്ടുപോയിരിക്കുന്നതുമായ ചെറിയ മാതൃകയിൽ നിന്നും പകർത്തിയതായി ഈ ആശയം നമ്മുടെ സകല നിയമ നിർമ്മാണമണ്ഡലത്തിലും ഭരണ നിർവഹണമണ്ഡലത്തിലും നാം കൊണ്ടു ചെന്നിട്ടുണ്ട്........ പ്രാതിനിധ്യസ്വഭാവമുള്ള ജനാധിപത്യരീതിയിലെ ഈ പുതിയ തത്വത്തിന്റെ അവതരണം ഗവൺമെന്റുകളുടെ ഘടനയെപ്പറ്റി എഴുതപ്പെട്ട സകലതിനേയും നിഷ്ഫല മാക്കിയിരിക്കുന്നു: മാത്രമല്ല, അരിസ്റ്റോട്ടിലോ വേറെയേതെങ്കിലും പുരാതനചിന്തകനോ എഴുതിയിട്ടുള്ള രാഷ്ട്രതന്ത്രപരമായ രേഖകൾ നഷ്ടപ്പെട്ടുപോവുകയാണെങ്കിൽ നമുക്കുണ്ടാകാവുന്ന സങ്കടത്തെ വളരെയേറെ ലഘൂകരിക്കുകയും ചെയ്യുന്നു........എന്റെ ഏററവും പ്രബലമായ ആഗ്രഹം ജനകീയ നിയന്ത്രണത്തിലെ പ്രാതിനിധ്യതത്വം അതിന്റെ പ്രായോഗിക പ്രവർത്തനത്തിൽ ഏററവും കൂടിയ പരിധി വരെ നീട്ടിക്കാണുവാനാണ്. നമ്മുടെ ഗവൺമെന്റു ശുദ്ധവും ശാശ്വതവുമായിരിക്കുമെന്ന് അന്നു ഞാൻ വിശ്വസിക്കുന്നുണ്ടാവും.

റോമിലെ ജനങ്ങൾ അധഃപതിച്ചവരായിരുന്നതിനാൽ അവിടെ ജനാധിപത്യഭരണമുണ്ടായിരുന്നില്ല

ആഡംസിനു്, 1819

പിന്നെ, സീസർ എത്ര ധീരനും കുശാഗ്രമതിയുമായിരുന്നുവോ അത്രത്തോളം അദ്ദേഹം സദ്ഗുണസമ്പന്നനുമായിരുന്നുവെങ്കിൽ, അദ്ദേഹം കൈയ്യടക്കി വച്ചിരുന്ന വിപുലങ്ങളായ അധികാരങ്ങൾ കൊണ്ടുതന്നെയും സദ്ഭരണത്തിലേക്കു തന്റെ സ്വദേശപൗരന്മാരെ നയിക്കുവാൻ അദ്ദേഹം എന്തു ചെയ്യുമായിരുന്നു? "വീണ്ടെടുക്കാൻ" എന്നു ഞാൻ പറയുന്നില്ല, എന്തെന്നാൽ സാബിൻമാരുടെ ബലാൽക്കാരങ്ങൾ തൊട്ടു സീസർമാരുടെ കവർച്ചകൾ വരെ അവർക്കു് അതുണ്ടായിരുന്നിട്ടില്ല. അവിടത്തെ ജനങ്ങൾ നമ്മെപ്പോലെ പ്രബുദ്ധരും സമാധാനചിത്തരും യഥാർത്ഥത്തിൽ സ്വാതന്ത്ര്യ

രുമായിരുന്നുവെങ്കിൽ അതിൻെറ ഉത്തരം വ്യക്തമായിരുന്നേനെ. "നിങ്ങൾ കീഴടക്കിയ വിദേശരാജ്യങ്ങൾക്കു് സ്വാതന്ത്ര്യം തിരിച്ചുകൊടുക്കുക, ഇററലിയെ റോമിലെ നീചജനങ്ങളുടെ ഭരണത്തിൽ നിന്നും മോചിപ്പിക്കുക, അതിനെ സ്വേച്ഛപോലെ പ്രവർത്തിക്കാൻ കഴിയുന്ന സ്വയംഭരണത്തിനു് യോഗ്യതയുള്ള ഒരു രാഷ്ട്രമായി ഗണിക്കുക." എന്നാൽ അഴിമതിയിലും ദുർവൃത്തതയിലും കൈക്കൂലിയിലും മുങ്ങിക്കിടന്നിരുന്ന ആ രാഷ്ട്രത്തിൽ (സീസറിനേക്കാൾ കൂടുതലായി ആരും തന്നെ അതിനെ നശിപ്പിച്ചിട്ടില്ല), നല്ല ഒരു ഗവൺമെൻറു ഏർപ്പെടുത്താൻ സീസെറോടൊ, ബ്രൂട്ടസിനോടൊ കേറേറായോടൊ ആവശ്യപ്പെട്ടിരുന്നുവെങ്കിൽത്തന്നെ അവർക്കെന്തു ചെയ്യാൻ കഴിയുമായിരുന്നു? അവർക്കു ഭരണത്തെ സംബന്ധിച്ചു അധഃപതിച്ച തങ്ങളുടെ പ്രതിനിധിസഭ(സെനററ്)യെയൊഴിച്ചു യാതൊരു സങ്കല്പങ്ങളുമില്ലായിരുന്നു: ട്രൈബ്യൂൺസിൻെറ കക്ഷിമത്സരങ്ങളെ സംബന്ധിച്ചല്ലാതെ സ്വാതന്ത്ര്യത്തെപ്പററി ജനങ്ങൾക്കും അതിനുശേഷം അവിടെ, അവരെ സന്തുഷ്ടരാക്കാനും നല്ലതും ശാശ്വതവുമായ ഒരു രൂപത്തിൽ ഭരണകൂടത്തെ രൂപപ്പെടുത്താൻ കഴിവുള്ളവരാക്കാനും മനസ്സുണ്ടായിരുന്ന റൈറ്ററസ്സുമാരും ട്രാജൻമാരും അൻേറാണിനുസെസ്സുമാരും ഉണ്ടായിരുന്നു. എന്നാൽ അതു ചെയ്യുന്നതിനുള്ള മാർഗ്ഗം അവർ തെളിഞ്ഞു കണ്ടിട്ടില്ലാ എന്നു തോന്നാം. ജനങ്ങളുടെ നിയന്ത്രണത്തിൻ കീഴിലല്ലാതെ ഒരു ഗവൺമെൻറിനും നല്ലതായി നിലനില്ക്കാൻ സാദ്ധ്യമല്ല, എന്നാൽ അവിടത്തെ ജനങ്ങൾ, ആരോഗ്യകരമായ നിയന്ത്രണം കൈകാര്യം ചെയ്യാൻ കഴിയാത്തതരത്തിൽ അത്രയ്ക്കു സന്മാർഗ്ഗ ബോധവിഹീനരും നശിച്ചവരുമായിരുന്നു.

ജനാധിപത്യമെന്നാൽ ദൃഢതയാണു്;—സ്വേച്ഛാപ്രഭുത്വം ജനക്ഷോഭവും.

മാഡിസണ്, 1787

ഞാൻ വളരെ ഊർജ്ജസ്വലമായ ഒരു ഗവണ്മെന്റിന്റെ സുഹൃത്തല്ലെന്നു ഏറ്റു പറയുന്നു. അതു ഭരണാധികാരികളെ,

ജനങ്ങളുടെ ചെലവിൽ അലസതയിൽ കൊണ്ടുവരുന്നു. മാസച്ചുസെററ്സിൽ ഈയിടെയുണ്ടായ ആഭ്യന്തരസമരം അതുണ്ടാക്കിയെന്നു ഞാൻ വിചാരിക്കുന്നതിൽ കവിഞ്ഞ പരിഭ്രമത്തിന്നിടനൽകി. പതിനൊന്നുകൊല്ലക്കാലത്തിനിടയ്ക്ക് പതിമൂന്നു സംസ്ഥാനങ്ങളിലൊരെണ്ണത്തിൽ സമരമുണ്ടാവുകയെന്നതു കണക്കുനോക്കുമ്പോൾ ഒന്നരനൂററാണ്ടിൽ ഓരോന്നിനും ഒന്നു മാത്രമേയാകുന്നുള്ളൂ. ഒരു രാജ്യത്തിലും കുറെക്കാലത്തിലൊരു സമരമുണ്ടാകാതെയിരിക്കാൻ പാടില്ല. മാത്രമല്ല, ഗവണ്മെൻറിൻെറ കൈയ്യിൽ ഏതു തോതിലുള്ള അധികാരമുണ്ടായിരുന്നാലും അതു കലാപങ്ങളെ ഒഴിവാക്കാൻ പര്യാപ്തമാവുകയില്ല. നമ്മുടേതിനേക്കാൾ ശക്തിയേറിയ അധികാരമുള്ള ഇംഗ്ലണ്ടിൽ അരഡസൻ വർഷങ്ങൾക്കിടയിൽ ഒരു കലഹമെങ്കിലുമുണ്ടാകാതെയിരിക്കുന്നില്ല. അതിനേക്കാളും ശക്തമായ അധികാരമുള്ളതും മാണ്ടെസ്ക്കി കരുതുന്നതുപോലെ മററു ചില രാജ്യങ്ങളിലെപ്പോലെ സ്വേച്ഛാപ്രഭുത്വപരമല്ലാത്തതും എപ്പോഴും കലഹങ്ങളെ ചെറുക്കുവാൻ രണ്ടു മൂവായിരമാളുകൾ തയ്യാറായി നിൽക്കുന്നതുമായ ഫ്രാൻസിൽ, ഞാൻ അവിടെയുണ്ടായിരുന്ന മൂന്നു വർഷങ്ങളുടെയിടയിൽ മൂന്നു കലാപങ്ങളുണ്ടായി; അവയിലോരോന്നിലും മാസച്ചുസ്സെററ്സിലേതിനെക്കാൾ കൂടുതലാളുകൾ ഇടപെടുകയും അവിടത്തേതിനേക്കാൾ വളരെയേറെ രക്തം ചിന്തുകയും ചെയ്തു. സ്വേച്ഛാധികാരിയുടെ ഒരു ശിരഃകമ്പം മരണകരമാകാമെന്നുള്ള ററർക്കിയിൽ ആഭ്യന്തരകലഹങ്ങൾ ദൈനന്ദിന സംഭവങ്ങളാണ്. അവിടങ്ങളിലെ വിപ്ലവകാരികളുടെ ക്രൂരമായ പ്രവൃത്തികളേയും നമ്മുടെ ത്യാഗാത്മകവും ഒതുങ്ങിയതുമായ ക്രമസ്മാധനത്തേയും തുലനം ചെയ്യാവുന്നതാണ്. അവസാനമായി, സമാധാനം തികച്ചും നിലനിറുത്താൻ കഴിയുന്നത് ഗവണ്മെൻറിനു് ശക്തി നല്കിയിട്ടാണോ അതല്ല ജനങ്ങൾക്കു അറിവു കൊടുത്തിട്ടാണോ എന്നു പറയൂ. ഈ ഒടുവിൽ പറഞ്ഞതാണ് ഗവണ്മെൻറിൻെറ ഏററവും തീർച്ചയുള്ളതും ന്യായവുമായ യന്ത്രം. ജനതയെ മുഴുവനും വിദ്യാസമ്പന്നരും വിജ്ഞരുമാക്കുക. ക്രമസ്മാധാനങ്ങൾ പാലിക്കുകയെന്നതു

തങ്ങളുടെ താല്പര്യത്തിനാവശ്യമാണെന്നു് കാണാൻ അവൎക്കു അവസരം നൽകുക. അവയെ അവർ സംരക്ഷിക്കും. ഈ സംഗതി അവരെ ബോദ്ധ്യപ്പെടുത്താൻ അത്ര വളരെ കവിഞ്ഞ തോതിലുള്ള വിദ്യാഭ്യാസം ആവശ്യമില്ല. നമ്മുടെ സ്വാതന്ത്ര്യത്തെ സംരക്ഷിക്കുന്നതിനു് പൂർണ്ണമായും ആധാരമാക്കാവുന്നതു് അവയെയാണു്. എന്തെല്ലാം പറഞ്ഞാലും ജനങ്ങളുടെ ഇച്ഛയാണു് പുലരേണ്ടതെന്നുള്ളതു് എൻെറ സിദ്ധാന്തമാണു്. ഇന്നു നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഭരണഘടനയുടെ എല്ലാ ഭാഗങ്ങളേയും അവർ അംഗീകരിക്കുമെങ്കിൽ ഞാൻ സന്തോഷത്തോടെ അതിനോടു യോജിക്കാം—അതിൻെറ പ്രവൎത്തനങ്ങളിൽ എന്തെങ്കിലും തെററു വരികയാണെങ്കിൽ അവയെ അവർ ഭേദഗതി ചെയ്തുകൊള്ളുമെന്ന പ്രതീക്ഷയോടെ.

ദെ മ്യൂണിയേർക്കു 1786

നമ്മുടെ ഗവണ്മെൻറുകൾക്കു്; ഫെഡറൽ ഗവണ്മെൻറിനും സാംസ്ഥാനിക ഗവൺമെൻറിനും, ഊർജ്ജസ്വലത വേണമെന്നു പറയാറുണ്ടു്; വ്യക്തികളേയും ഗവണ്മെൻറുകളേയും തെററുചെയ്യുന്നതിൽനിന്നും തടയുന്നതു പ്രയാസമാണെന്നും. ഇതു സത്യമാണു്; ഒരു സൗകൎയ്യവുമാണു്. നേരെമറിച്ചു സ്വേച്ഛാപ്രഭുത്വം നിലവിലിരിക്കുന്ന ഗവൺമെൻറുകൾക്കു് ഓരോ പൗരൻേറയും മാറിനു് നേരെ എപ്പോഴും തോക്കു ചൂണ്ടിയിരിക്കുന്നതിൻെറ ഫലം ചെയ്യുന്ന, ശ്മശാനമൂകതയ്ക്കു തുല്യമായ സായുധ സേനയിൽ നിന്നും ലഭിക്കുന്ന ശക്തിയ്ക്കു് അസൗകൎയ്യങ്ങളുണ്ടെന്നു സമ്മതിക്കണം, അവ രണ്ടിനേയും തൂക്കി നോക്കുക, ആദ്യത്തേതിനു് കീഴടങ്ങാൻ നാം ആഗ്രഹിക്കും. നമ്മുടെയിടയിലെ പൗരന്മാർ ക്രൂസൽകൂടാതെ ചെയ്യുന്ന കുററങ്ങളേയും അന്യരാജ്യങ്ങളിലെ രാജാക്കന്മാർ ചെയ്യുന്ന കുററങ്ങളേയും തുലനം ചെയ്തു നോക്കുക, ഒടുവിലത്തേതായിരിക്കും കൂടുതലുള്ളതും മനസ്സിനെയേററവും വേദനിപ്പിക്കുന്നതും മനുഷ്യൻെറ മഹത്വത്തെ കൂടുതൽ അപകർഷപ്പെടുത്തുന്നതും.

ഹസ്ററ് ഇന്നാഗറൽ, മാർച്ച് 4, 1801

പ്രാതിനിധ്യസ്വഭാവമുള്ള ഗവൺമെൻറുകൾക്ക ശക്ത മായിരിക്കാൻ സാദ്ധ്യമല്ലെന്നു്, ഈ ഗവൺമെൻറു് വേണ്ടത്ര ശക്തമല്ലെന്നു്, ഭയപ്പെടുന്ന ചില സത്യസന്ധരായ ആളുകളുണ്ടെന്നു് എനിക്ക നന്നായറിയാം. എന്നാൽ സത്യസന്ധനായ ആ രാജ്യസ്നേഹി, നമ്മുടെ വിജയശ്രീലാളിതമായ പരീക്ഷണങ്ങളുടെ വേലിയേററത്തിൽ, നമ്മെ ഇത്രയും കാലം സ്വതന്ത്രരായും ഉറപ്പിച്ചും നിറുത്തിയ ഈ ലോകത്തിൻെറ ഏററവും വലിയ പ്രതീക്ഷയായ ഗവൺമെന്റിനെ അതിനെ നിലനിറുത്താനുള്ള ശക്തിയതിനുണ്ടായിരിക്കയില്ലെന്ന ധാരണയിൽ ഉപേക്ഷിക്കുമോ? ഞാൻ വിശ്വസിക്കുന്നില്ല. നേരെമറിച്ചു ഞാൻ വിശ്വസിക്കുന്നതു് ഇതു ലോകത്തിൽവച്ചു് ഏററവും ശക്തമായ ഗവൺമെൻറാണെന്നാണു്. നിയമത്തിൻെറ ആഹ്വാനമാദരിച്ചു് നിയമത്തിന്റെ പതാകയിലേക്കു പറന്നുചെന്നു, പൊതു സമാധാനഭഞ്ജകമായ ആക്രമണങ്ങളെ, തന്റെ വ്യക്തിപരമായ കാര്യമെന്നു കരുതി നേരിടുന്ന ജനങ്ങളുള്ള ഏകരാജ്യം ഇതാണെന്നു ഞാൻ വിശ്വസിക്കുന്നു. ചിലപ്പോൾ പറയാറുണ്ടു്: ഒരുവനെ, തൻെറ സ്വന്തം ഭരണത്തെ, വിശ്വസിച്ചു ഏല്പിക്കാൻ പാടില്ലെന്നു്. അങ്ങനെയാണെങ്കിൽ അന്യൻെറ ഭരണം അവനെ വിശ്വസിച്ചേൽപിക്കാമോ? അതല്ല, അവരെ ഭരിക്കാൻ രാജാക്കന്മാരുടെ രൂപത്തിൽ ദേവദൂതന്മാരെ കണ്ടെത്തിയിട്ടുണ്ടോ? ഈ ചോദ്യത്തിന്റെ ഉത്തരം അവൻെറ ചരിത്രജ്ഞാനം തന്നെ പറയട്ടെ.

രാജാവിൻെറ ഭരണത്തോടു തുലനംചെയ്യുമ്പോൾ റിപ്പബ്ലിക്ക സ്വർഗ്ഗമാണു്.

ഹാക്കിൻസ്, 1787

എല്ലാററിനുമുപരിയായി, ഒരു രാജാവിനാൽ ഭരിക്കപ്പെടുന്നതു് ഒരു രക്ഷയാണെന്നു് ചിലയാളുകൾ ഗണിക്കുന്നതു് എന്നെ അത്ഭുതപ്പെടുത്തുന്നു. അങ്ങനെയുള്ളവരെ തങ്ങൾക്ക ഒരു രാജാവിനെത്തരണമെന്നു് ജൂപ്പിററർ ദേവ

നോട്ട അഭ്യൎത്ഥിച്ച തവളകളുടെ കഥ വായിക്കാൻ ഉപദേശിക്കുക. അതു അവരുടെ തെററായ ധാരണ നീക്കുന്നില്ലെങ്കിൽ അവരെ യൂറോപ്പിലേക്കയക്കുക, രാജവാഴ്ചയുടെ ചില ആർഭാടങ്ങൾ കാണ്മാൻ—എല്ലാവരും തങ്ങളുടെ രോഗത്തിൽ നിന്നും വിമുക്തരായി മടങ്ങുമെന്നു ഞാനുറപ്പുപറയാം. ഇന്നു മുതൽ വിധി കല്പനദിവസംവരെ, നമ്മുടെയിടയിൽ റിപ്പബ്ലിക്കൻ സ്വഭാവത്തിലുള്ള ഒരു ഗവൺമെൻറിൽനിന്നുമുണ്ടാകാവുന്ന ദോഷങ്ങളേയും, രാജവാഴ്ചയിൽ ഒരു വാരത്തിനകത്തു് ഈ രാജ്യം അനുഭവിക്കേണ്ടിവരുന്ന ദോഷങ്ങളേയും, അല്ലെങ്കിൽ ഇംഗ്ലണ്ടു് ഒരുമാസത്തിനകത്തു അനുഭവിക്കേണ്ടിവരുന്നവയേയും ത്രാസിലിട്ടു തൂക്കിനോക്കിയാൽ, രണ്ടാമത്തേതായിരിക്കും കൂടുതൽ തൂങ്ങുക. ഇംഗ്ലണ്ടിലെ റെഡ്ബുക്കിലേയോ, ഫ്രാൻസിലെ അൽമനാക്‌റായേലിലേയോ ഉള്ളടക്കങ്ങൾ നോക്കിയിട്ടു് "രാജവാഴ്ചകൊണ്ടു ജനങ്ങൾക്കു് എന്തു ലാഭമുണ്ടാകുന്നു എന്നു പറയൂ. സാമാന്യബുദ്ധിയുള്ള ഒരു മനുഷ്യനെക്കാൾ ഇരുപതു തലമുറ നീണ്ടുനിൽക്കുന്ന ഒരു രാജവംശവും മേന്മ കാണിച്ചിട്ടില്ല. അവർക്കു ചെയ്യാവുന്ന ഏററവും നല്ല കാര്യം എല്ലാം മന്ത്രിമാർക്കു വിട്ടുകൊടുക്കുകയാണു്, അവരുടെ മന്ത്രിമാരെന്നു പറയുന്നതാരേയാണു്? തെററായി, ചീത്തയായി തിരഞ്ഞെടുക്കപ്പെട്ട ഒരു സമിതിയെ. രാജാവു് എപ്പോഴെങ്കിലും ഇടപെടുന്നുവെങ്കിൽ അതു് ദോഷം ചെയ്യുന്നതിനുമായിരിക്കും

മണ്ട്റോക്കു്. 1785

ഇവിടെ വരാനുള്ള സൗകര്യം നിങ്ങൾക്കുണ്ടാകണമെന്നു ഞാൻ ആത്മാൎത്ഥമായി ആഗ്രഹിക്കുന്നു; സഞ്ചാരത്തിൻെറ സൗഖ്യം നിങ്ങൾ പ്രതീക്ഷിക്കുന്നതിൽനിന്നും കുറവായിരിക്കും; എന്നാൽ അതിൻെറ ഗുണം കൂടുതലും. അതു നിങ്ങളെ, നിങ്ങളുടെ സ്വന്തം രാജ്യത്തെ, അതിൻെറ മണ്ണിനെ, അതിൻെറ ശീതോഷ്ണാവസ്ഥയെ, അവിടത്തെ സമത്വത്തെ, സ്വാതന്ത്ര്യത്തെ, നിയമങ്ങളെ, ജനങ്ങളെ, ആചാരങ്ങളെ ആരാധിക്കാൻ ഇടവരുത്തും. ഞാൻ സമ്മതിക്കുന്നു, എനിക്കു അതിനെപ്പററി യാതൊരു വിവരവുമു

ങ്ങളായിരുന്നില്ല. എൻെറയീശ്വരാ! എൻെറ നാട്ടുകാർ, ഭൂമിയിലെ മററാരുംതന്നെ അനുഭവിക്കാത്തതും തങ്ങൾ അനുഭവിക്കുന്നതുമായ അമൂല്യമായ അനുഗ്രഹങ്ങളെക്കുറിച്ചു എത്ര കുറവായി മാത്രമേ അറിയുന്നുള്ളു. യൂറോപ്പിലെയാളുകൾ അമേരിക്കയിൽ ജീവിക്കാൻ പോകുന്നതിൻെറ ഉദാഹരണങ്ങൾ നിരവധി കാണാമെങ്കിലും, ഇന്നു ജീവിക്കുന്ന ഒരുവനുംതന്നെ, ഒരു അമേരിക്കാക്കാരൻപോലും യൂറോപ്പിൽ കുടിയേറിപ്പാർക്കാൻ പോവുകയെന്ന ഒരു സന്ദർഭവും കാണുകയില്ലെന്നു് ധൈര്യപൂർവം പറയാൻ സാധിക്കും

യൂറോപ്പിലെ രാജാക്കന്മാർ—വിഡ്ഢികളും ഭ്രാന്തന്മാരും

ജെ. ലാങ്ഡന്, 1810

പല നൂററാണ്ടുകളായി, രാജാക്കന്മാരുടെ വംശങ്ങളിൽ നിന്നും വിവാഹം ചെയ്യുന്ന പതിവു് യൂറോപ്പിലുണ്ടു്. ഇപ്പോൾ, ഒരു വർഗ്ഗത്തെയെടുക്കുക, അലസതയിലും നിഷ്ക്രിയത്വത്തിലും അവരെ വിട്ടേക്കുക, കൂട്ടിലോ തൊഴുത്തിലോ രാജകീയമായ അറകളിലോ ആകട്ടെ, നല്ല ആഹാരം കൊടുത്തു അവയെ പോഷിപ്പിക്കുക, അവയുടെ എല്ലാ ലൈംഗികാഭിലാഷങ്ങളേയും തൃപ്തിപ്പെടുത്തുക, ഭോഗലോലുപത്വത്തിൽ മുക്കുക, വികാരങ്ങളെ വിജൃംഭിപ്പിക്കുക, അവരുടെ മുന്നിൽ എല്ലാം വളഞ്ഞുകൊടുക്കട്ടെ, അവരെ ചിന്തിക്കാൻ ഇടയാക്കുന്നവയെയൊക്കെ നിഷ്കാസനം ചെയ്യുക, ചുരുങ്ങിയ തലമുറകൾകൊണ്ടു് അവ തലച്ചോറില്ലാതെ ശരീരം മാത്രമുള്ളവരായി രൂപാന്തരപ്പെടും.......... ഇതാണു് രാജാക്കന്മാരെയുണ്ടാക്കുന്ന സമ്പ്രദായം, ഈ മാർഗ്ഗത്തിൽക്കൂടി ചില നൂററാണ്ടുകൾ അവർ കഴിഞ്ഞുപോവുകയും ചെയ്തിരിക്കുന്നു.

ഞാൻ യൂറോപ്പിലായിരുന്നപ്പോൾ, അന്നത്തെ നാടുവാഴികളെക്കുറിച്ചു ചിന്തിച്ചു ഞാൻ സ്വയം രസിച്ചിട്ടുണ്ടു്...... എൻെറ സ്വന്തം അറിവിൽ, ലൂയി പതിനാറാമൻ ഒരു വിഡ്ഢിയായിരുന്നു..........സ്പെയിനിലെ രാജാവു് (ചാറത്സ്

നാലാമൻ) ഒരു മണ്ടനായിരുന്നു. നേപ്പിൾസിലെ (ഫെർഡിനാൻഡ് നാലാമനും) അങ്ങനെതന്നെ. അവർ തങ്ങളുടെ ജീവിതം നായാട്ടിനു് വേണ്ടി വിനിയോഗിച്ചിരുന്നു. ആഴ്ചയിൽ രണ്ടു സന്ദേശവാഹകന്മാരെവീതം അവർ, അങ്ങോട്ടുമിങ്ങോട്ടും ആയിരംമൈൽ ദൂരത്തേക്കു് അയച്ചിരുന്നു, മുൻദിവസങ്ങളിൽ എന്തെല്ലാം ജീവികളെ വേട്ടയാടിയെന്നു അറിയിക്കാൻ. സാർഡീനിയായിലെ രാജാവു് (വിക്ടറർ അമാദിയസ് മൂന്നാമൻ) ഒരു വിഡ്ഢിയായിരുന്നു. ഇവരെല്ലാംതന്നെ ബൂർബാൺ വംശജരുമത്രേ. പോർട്ടുഗലിലെ രാജ്ഞി (ഭ്രാന്തിയായ മറിയാ) ബ്രഗാൻസാവംശജയും ബുദ്ധിയില്ലാത്തവരുമായിരുന്നു. അതുപോലെയായിരുന്നു ഡെൻമാർക്കിലെ രാജാവും (ക്രിസ്റ്റ്യൻ ഏഴാമൻ). അവരുടെ പുത്രന്മാർ, റീജൻറന്മാരെന്ന നിലയിൽ ഭരണം നടത്തിയിരുന്നു. പ്രഷ്യയിലെ രാജാവായിരുന്ന മഹാനായ ഫ്രഡറിക്കിൻെറ അനന്തരാവകാശിയായ ഫ്രെഡറിക്ക് വില്യം രണ്ടാമൻ ബുദ്ധിപരമായും ശാരീരികമായും വെറുമൊരു പന്നിയായിരുന്നു. സ്വീഡനിലെ ഗുസ്റ്റാവുസ് മൂന്നാമനും ആസ്ത്രിയായിലെ ജോസഫ് രണ്ടാമനും വാസ്തവത്തിൽ കിറുക്കന്മാരായിരുന്നുവത്രേ. ഇംഗ്ലണ്ടിലെ ജോർജ് മൂന്നാമൻ ദാരിദ്ര്യത്തിലുമായിരുന്നു. പിന്നെ കിഴവിയായ കാതറൈനാണു് ശേഷിക്കുന്നതു്. ഈയിടെ അവരെ പ്രജ്ഞകെട്ട നിലയിൽ കണ്ടെത്തുകയുണ്ടായി ... ... ... ... ഈ ജന്തുക്കൾ ബുദ്ധിയും കഴിവുമില്ലാത്തവരായിത്തീർന്നിരിക്കുന്നു, അങ്ങനെതന്നെയായിരിക്കും എല്ലാ രാജാക്കന്മാരും ചില തലമുറകൾ കഴിയുമ്പോൾ... ...അങ്ങനെ രാജാക്കന്മാരുടെ പുസ്തകം അവസാനിക്കുന്നു; ഈശ്വരൻ നമ്മെ അവരിൽനിന്നും മോചിപ്പിക്കട്ടെ.

ഹംഫ്രീസിനു്, 1757

രാജാക്കന്മാരും രാജാക്കന്മാരായിത്തീരേണ്ടാവുന്ന മജിസ്ട്രേട്ടന്മാരുമുണ്ടായിരുന്നാലുളവാകുന്ന അനുഗ്രഹത്തെപ്പററി അത്രയും. ഈ സംഭവങ്ങളിൽനിന്നു്, നമ്മുടെ റിപ്പബ്ളിക്ക ശിശുവിനു്, 'തങ്ങളുടെ അഭിപ്രായ ഭിന്നതകൾ തീർക്കുവാൻ

വിദേശശക്തികളുടെ സഹായം തേടാതിരിക്കുക, ജനനത്തിന്റെ അടിസ്ഥാനത്തിൽ ഭരണാധികാരികളാകുന്നതിനെ ചെറുക്കുക, ഞങ്ങളുടെ പൗരന്മാർ സമ്പത്തിലും അധികാരത്തിലും, രാജാക്കന്മാരുടെ അനന്തരത്തിമാരേയും സഹോദരിമാരേയും വിവാഹം ചെയ്യത്തക്കവണ്ണം വളരുന്നതിനെ നിരോധിക്കുക, സൃഷ്ടിയിൽനിന്നും രാജാക്കന്മാരെന്നു വിളിക്കപ്പെടുന്ന മനുഷ്യസിംഹങ്ങളേയും വ്യാഘ്രങ്ങളേയും മാമ്മത്തുകളേയും നാമാവശേഷമാക്കി, നല്ലവനായ ഈശ്വരൻ ഞങ്ങളെ രക്ഷിക്കട്ടെ എന്നുമുള്ള നിരന്തരമായ പ്രാത്ഥനകൊണ്ട് സ്വർഗ്ഗീയ സിംഹാസനത്തെ പ്രതിരോധിക്കുക എന്നീ ഗുണകരമായ പാഠങ്ങൾ പഠിക്കാൻ കഴിയും.

# II അമേരിക്കൻ ഡിമോക്രസി

## മാനവലോകത്തിനു് ഒരു വഴിവിളക്കു്

ഹണ്ടർക്കു്, 1780

മനുഷ്യന്റെ അവകാശങ്ങളുമായി, ശാശ്വതമായി പരസ്യമായോ രഹസ്യമായോ യുദ്ധം ചെയ്യാത്ത ഏക ഭരണകൂടമെന്ന നിലയിൽ റിപ്പബ്ലിക്കൻ ഗവൺമെന്റു മാത്രമാണുള്ളതെന്ന പൂർണ്ണ ബോദ്ധ്യത്തിൽ, നാം അത്യാനന്ദപൂർവം സംസ്ഥാപനം ചെയ്തതിനെ പിൻതാങ്ങുന്നതിനു് എന്റെ പ്രാത്ഥനകളേയും പ്രയത്നങ്ങളേയും ഞാൻ ഹൃദയപൂർവം വിതരണം ചെയ്യുന്നതാണു്, നമ്മുടെയും നമ്മുടെ അനന്തര തലമുറകളുടെയും അവകാശങ്ങളെ നാം ഭദ്രമാക്കി വയ്ക്കുമ്പോൾ അതോടുകൂടെത്തന്നെ നമ്മെപ്പോലെ തങ്ങളുടെ മർദ്ദനങ്ങളിൽ നിന്നും വിമോചിതരാകണമെന്നു് ആഗ്രഹിച്ചു സമരംചെയ്തുകൊണ്ടിരിക്കുന്ന രാഷ്ട്രങ്ങൾക്കു് ഒരു മാർഗ്ഗദർശനവും നൽകുന്ന എന്നുള്ളതു തീർയച്ചായും ചൈതന്യം നൽകുന്ന ഒരു ചിന്തയാണു്.

റററ്ലെഡ്ജിനു്, 1788

എന്നാൽ എൻെറ ദൃഢവിശ്വാസം, നമ്മുടെ നാട്ടുകാരിൽ, തെററുകൾ തിരുത്തുന്നതിനുള്ള സദ്ഗുണവും ബുദ്ധിയും സുബോധവും വളരെക്കാലം ഉണ്ടായിരിക്കുമെന്നാണു്. രക്തച്ചൊരിച്ചിൽ കൂടാതെ, യുക്തിയാൽ മാത്രമായി പരിഷ്കൃതമാക്കപ്പെട്ട ഒരു ഭരണക്കൂടത്തിൻെറ ഒരു സുന്ദരമായ മാതൃക ലോകത്തിനു് നൽകിയതിൽ നമുക്കു തീർച്ചയായും വമ്പുപറയാവുന്നതാണു്. എന്നാൽ നമ്മുടെ ലോകം ഈ ഉദാഹരണം കൊണ്ടു ഗുണമുണ്ടാക്കാൻ കഴിയാത്തവിധം അത്രയ്ക്കു മർദ്ദനവിധേയമാണു്. അററ്ലാൻറിക്കിൻെറ ഈ വശത്തു് ജനങ്ങളുടെ രക്തം ഒരു കുടുംബസ്വത്തായിത്തീരുകയാണു്. അതിൽ വാഴുന്നവർ അത്ര എളുപ്പത്തിൽ അവയെ ഉപേക്ഷിച്ചെന്നു വരികയില്ല.

ഗവർണ്ണർഹാളിനു്, 1802: ന്യൂയോർക്കുപബ്ലിക് ലൈബ്രറി-മാനുസ്ക്രിപ്ററു II 217-18

നമ്മുടെ ലക്ഷ്യം ഒന്നുതന്നെയാണു്, പ്രതിനിധീഭൂതമായ ഭരണക്കൂടത്തിൻെറ വിജയം. നാം നമുക്കായി മാത്രമല്ല പ്രവർത്തിക്കുന്നതു്, മനുഷ്യവർഗ്ഗത്തിനു് മുഴുവനും വേണ്ടിയാണു്. നമ്മുടെ പരീക്ഷണത്തിൻെറ ഉദ്ദേശം മനുഷ്യനെ സ്വയംഭരണം ഏല്പിക്കാമോ എന്നാണു്. കഷ്ടപ്പെടുന്ന മനുഷ്യവർഗ്ഗത്തിൻെറ കണ്ണുകൾ നമ്മിൽ ഉൽക്കണ്ഠയോടെ പതിപ്പിച്ചിരിക്കുകയാണു്; അവരുടെ ആശ നമ്മളിലാണു്. ഇങ്ങനെയൊരുദ്ദേശത്തിനു വേണ്ടി ഇങ്ങനെയൊരു മണ്ഡലത്തിൽ നാം നമ്മുടെ നിസ്സാരമായ വികാരങ്ങളും പ്രാദേശിക പരിഗണനകളും പുഴ്ത്തിക്കളയേണ്ടിയിരിക്കുന്നു. ഫെഡറലിസത്തിൻെറ നേതാക്കന്മാർ പറയുന്നതു് തന്നെ ഭരിക്കുകയെന്ന കൃത്യം ഒരുവനെ വിശ്വസിച്ചു് ഏൽപിക്കാൻ പാടില്ലെന്നാണു്.

ബി. ഗാലോവേയ്ക്ക്, 1812

മനുഷ്യാവകാശങ്ങളെ നാം ഊന്നിപ്പറയുന്നതുകൊണ്ടുള്ളഗുണം ലോകം മുഴവനും, ഇന്നല്ലെങ്കിൽ നാളെ മനസ്സിലാക്കുമെന്നു ഞാൻ ആശിക്കയും ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നു. എല്ലാ രാജ്യത്തിലുമുള്ള രാജ്യസ്നേഹികളുടെ ഉത്സാഹത്തെ ഫ്രഞ്ചുവിപ്ലവത്തിൻെറ ഭീകരതകൾ താല്ക്കാലികമായി തണുപ്പിച്ചു കളഞ്ഞുവെങ്കിലും അതിനെ അണച്ചു കളഞ്ഞിട്ടില്ല—അതൊരിക്കലും നശിക്കയില്ല. എല്ലാ ഹൃദയങ്ങളിലും അവകാശങ്ങളെപ്പററിയുള്ള ബോധം അങ്കുരിച്ചിട്ടുണ്ട്. ആ തീപ്പൊരി, അതിനെ കെടുത്തിക്കളയാനുപയോഗിക്കുന്ന നിന്ദ്യമായ ദുഷ്പ്രഭുത്വത്തിൻെറ മർദ്ദനമുറകൾ കൊണ്ടുതന്നെ കത്തിക്കാളുന്നുണ്ടാകും. ഫ്റാൻസിലെ സത്യസന്ധരായ രാജ്യസ്നേഹികളുടെ തെററുകളെയും അവിടത്തെ ഡാൻറൺമാരുടെയും റോബസ്പീയർമാരുടെയും കുററങ്ങളെയും, നമ്മുടെ ഗംഭീരമായ മാതൃകയെപ്പററിയുള്ള പ്രോത്സാഹനജനകമായ വിചിന്തനവും നമ്മുടെ ലക്ഷ്യത്തിലേക്കുള്ള പോക്കും മൂലം മറക്കപ്പെട്ടു പോകുന്നതാണ്. ഒരിക്കൽ ചെയ്തതു വീണ്ടും ചെയ്യാമെന്നുള്ള അനുമാനം പ്രതീക്ഷയെ ബലപ്പെടുത്തുന്നു.

ആർ. റഷിനു്, 1820

മനുഷ്യസമൂഹത്തിൻെറ ഇഷ്ടത്തെ എന്നെന്നും ആശ്രയിച്ചിരിക്കത്തക്കവണ്ണം രൂപപ്പെടുത്തുന്ന ഒരു ഗവൺമെൻറു പ്രായോഗികമായ ഒന്നാണെന്നുള്ളതിൻെറ തെളിവു് നാമാണ്. നമ്മെ പ്രമാണമായി ഉദ്ധരിക്കയും ചെയ്യുന്നു. നാം തകന്നുപോവുകയാണെങ്കിൽ അതു് അടിമത്തം നിലവിലുള്ള ഭൂഭാഗങ്ങളിലെ നല്ലവരായ ആളുകളുടെ പ്രതീക്ഷകളേയും യത്നങ്ങളേയും തണുപ്പിച്ചുകളയുകയും ദുഷ്ടന്മാരുടെ യത്നങ്ങൾക്കു വിജയസന്ദർഭം നൽകുകയും ചെയ്യും. അതുകൊണ്ടു്, മനുഷ്യൻെറ സാർവ്വലൗകിക സമുദായത്തിലെ അംഗങ്ങളെ സ്വനിലയിലും, അവരുമായി ഉന്നതവും ഉത്തരവാദപ്പെട്ടതു

KOTTAYAM PUBLIC LIBRARY KOTTAYAM.

മായ ബന്ധമുള്ളവരെന്ന നിലയിലും സൃഷ്ടിയിൽ അടിയു റച്ച ഒരു ഗവൺമെൻറ് ശക്തിയില്ലാത്ത ഒന്നിനേക്കാൾ മെച്ചപ്പെട്ടതാണെന്നതിനുള്ള തെളിവും നൽകി അവരിൽ നാമുണ്ടാക്കിയിട്ടുള്ള വിശ്വാസം പൊളിച്ചുകളയാതെ നമ്മു ടെയിടയിലുള്ള ദുർവികാരങ്ങളെ അമർത്തുകയെന്നുള്ളത് നമ്മുടെ പാവനമായ ചുമതലയാണു്.

## അമേരിക്കൻ ഡിമോക്രസിയുടെ ശോഭനമായ ഭാവി

ഫസ്ററ് ഇനാഗറൽ, മാർച്ച് 4, 1801

അപ്പോൾ, നമുക്കു ധൈര്യത്തോടും ആത്മവിശ്വാസ ത്തോടുംകൂടെ, നമ്മുടെ സ്വന്തം ഫെഡറലും റിപ്പബ്ലിക്കനു മായ തത്ത്വങ്ങളും, നമ്മുടെ യൂണിയനോടും പ്രതിനിധീഭൂത മായ ഗവൺമെൻറിനോടുമുള്ള വേഴ്ചയും പുലർത്തിക്കൊണ്ടു പോകാം. ഭൂഗോളത്തിൻെറ കാൽഭാഗത്തുള്ള നാശോന്മുഖ മായ ദുഷ്ക്രിയകളിൽനിന്നും, ഒരു വിസ്തൃതമായ സാഗര ത്താൽ പ്രകൃതിയാൽ കരുണാപൂർവം വേർതിരിക്കപ്പെട്ട തായി, അന്യരുടെ അധഃപതനത്തെ സഹിക്കാൻ കഴിയാ ത്തവണ്ണം ഉന്നതമായ സ്വഭാവമുള്ളവരായി, നമ്മുടെ നൂറാ മത്തേയോ ആയിരാമത്തേയോ തലമുറകൾക്കു കൂടെ വേണ്ടത്ര സ്ഥലം ലഭിക്കത്തക്കവണ്ണം തെരഞ്ഞെടുത്ത ഒരു രാജ്യമുള്ള വരായി; ജനനത്തിന്റെ പ്രാധാന്യത്തിൽ നിന്നുമുത്ഭൂതമല്ലാ ത്തതും, എന്നാൽ നമ്മുടെ പ്രവൃത്തികളിൽനിന്നും അവയെ പ്പററിയുള്ള ബോധത്തിൽനിന്നും ജനിക്കുന്നതുമായ ബഹുമ തിയേയും വിശ്വാസത്തേയും നമ്മുടെ വ്യവസായങ്ങളിൽ നിന്നുമുള്ള നേട്ടത്തേയും നമ്മുടെ കഴിവുകളുടെ യുക്തമായ ഉപയോഗത്തിനുള്ള തുല്യാവകാശത്തേയും പററിയുള്ള ശരി യായ അവബോധമുള്ളവരായി പലവിധത്തിലാചരിക്ക പ്പെട്ടവരുന്നുവെങ്കിലും സത്യസന്ധത, സംയമം, കൃതജ്ഞത, മനുഷ്യസ്നേഹം മുതലായവ ഉൾക്കൊള്ളുന്ന ഒരു അനുഗ്ര ഹീത മതത്താൽ പ്രബുദ്ധരായി; മനുഷ്യരുടെ ഈ ലോക

ത്തിലെ ആനന്ദത്തിലും പരലോകത്തിലെ ഉന്നതതരമായ ആനന്ദത്തിലും സന്തോഷമടയുന്നതായി തെളിയിക്കപ്പെട്ടിട്ടുള്ള സർവ്വാധികാരിയായ ഒരു ഈശ്വരനെ അംഗീകരിക്കുകയും ആരാധിക്കുകയും ചെയ്യുന്നവരായിക്കഴിയുന്ന ഒരു ജനത—ഈ എല്ലാത്തരം അനുഗ്രഹങ്ങളുമുണ്ടായിരിക്കേ, നമ്മെ ഭാഗ്യപരിലാളിതരും ഐശ്വര്യസമ്പന്നരുമായിത്തീക്കാൻ വേറെയെന്താണ് വേണ്ടിയിരിക്കുന്നത്?

ദ് മാർബോയിക്ക്, 1817

ഭാവിയിൽ വരാനുള്ള യുഗങ്ങളിൽ നമുക്കു വിജയപൂർവ്വം മുന്നേറുവാൻ കഴിയുമെന്നും മൊണ്ടെസ്കിയുടെ സിദ്ധാന്തത്തിനു വിരുദ്ധമായി, ആക്രമണം മുഖേനയല്ലാതെ പരസ്പരം സമ്മതിച്ചുകൊണ്ടുണ്ടാക്കുന്ന കരാറിലും സമത്വത്തിലും അധിഷ്ഠിതമായ ഒന്നാണ് പ്രാതിനിധ്യ സ്വഭാവമുള്ള ഭരണകൂടമെങ്കിൽ ഭൂപ്രദേശത്തിന്റെ വൈപുല്യം അതിനെ കൂടുതൽ അടിയുറച്ചതാക്കുമെന്നു എനിക്കു ദൃഢവിശ്വാസമുണ്ട്. അതിന്റെ കാലദൈർഘ്യത്തെപ്പററിയെനിക്കുള്ള പ്രതീക്ഷ കൂടുതലായും ജീവിതവിഭവങ്ങളുടെ വികസനം ഭൂമിയുടെ വികാസത്തോടൊത്ത് കൈകോർത്തു പോകുമെന്നുള്ളതിലും ജീവിതമാർഗ്ഗങ്ങൾ തുറന്നു കാണുകയാണെങ്കിൽ മനുഷ്യൻ സത്യസന്ധനായി ജീവിക്കുമെന്നുള്ള വിശ്വാസത്തിലും അധിഷ്ഠിതമാണ്. നമ്മുടെ പ്രയത്നങ്ങളുടെ ഭാവിഫലത്തെക്കുറിച്ചുള്ള വിശ്വാസത്തിന്റെ സാന്ത്വനത്തോടൊത്തു, ഭാവിയിലുണ്ടാകാവുന്നതിനെപ്പററി പ്രവചിക്കാറുള്ള ദീർഘദർശികളെപ്പോലെ ഞാൻ പറയുന്നത്, അതു തെറ്റാണെന്നു വരുന്നതു കാണാൻ ഞാൻ ജീവിച്ചിരിക്കയില്ലെന്നാണ്. നാം സ്വപ്നം ദർശിക്കുകയാണെങ്കിൽ, ആശയുടെ മുഖസ്തുതികൾ നിരാശതയുടെ കരിനിഴലിനോടൊപ്പം വിലകുറഞ്ഞതും അതിനെക്കാൾ സുഖകരവുമാണെന്നുള്ളതുമാണ് എന്റെ സിദ്ധാന്തം.

അമേരിക്കൻ പരീക്ഷണങ്ങളുടെ വിലയെന്തെന്നു് അനുഭവം തെളിയിക്കും.

ദി വെർനോയ്ക്കു്, 1795

ചെറിയ രാജ്യങ്ങൾക്കു മാത്രമേ റിപ്പബ്ലിക്കുകളാകാനുള്ള യോഗ്യതയുള്ളു എന്ന സിദ്ധാന്തം, മോണ്ടെസ്ക്കീയും മററു രാഷ്ട്രീയഗ്രന്ഥകാരന്മാരും പറഞ്ഞിട്ടുള്ള മററു ചില വെട്ടിത്തിളങ്ങുന്ന മിഥ്യകളോടൊപ്പം പൊട്ടിച്ചിതറിപ്പോകുമെന്നു ഞാൻ സംശയിക്കുന്നു. നീതിപൂർവകമായ ഒരു റിപ്പബ്ലിക്കു് നേടുന്നതിനു് (നമ്മുടെ നീതിപൂർവകമായ അവകാശങ്ങൾ സംരക്ഷിതമാക്കുന്നതിനാണു് നാം ഗവൺമെൻറുകളെ തേടുന്നതു്) അതിൻെറ പ്രധാന ഭാഗങ്ങളിൽ പ്രാദേശികാഹംഭാവങ്ങൾ ചെന്നെത്താതിരിക്കത്തക്കവണ്ണം അതിവിപുലമായിരിക്കണമെന്നും, ഓരോ പ്രത്യേക പ്രശ്നത്തെ സംബന്ധിച്ചും, അവിടത്തെ പ്രതിനിധിസഭകളിൽ പ്രത്യേക താൽപര്യങ്ങളില്ലാത്തവരും അതിനാൽ നീതിതത്വങ്ങൾ പുലരാൻ സഹായിക്കുന്നവരുമായ ഒരു ഭൂരിപക്ഷമുണ്ടായിരിക്കുമെന്നും ഒരു പക്ഷേ നാം കാണുന്നുണ്ടാവും. മനുഷ്യസമൂഹം എത്ര ചെറുതാകുന്നുവോ അത്രത്തോളം പ്രചണ്ഡവും ഉഗ്രവുമായിരിക്കും അതിലെ പിളർപ്പുകൾ. ഇതേവരെയുണ്ടായിരുന്നിട്ടില്ലാത്തതിൽ വച്ചു വിപുലമായ തോതിലുള്ള ഭരണസംബന്ധമായ പരീക്ഷണം നടത്തിയതിൻെറ പേരിൽ നാം ജീവിക്കാനിടയായ യുഗം ചരിത്രത്തിൽ ഒരു പക്ഷേ പ്രശസ്തിയാർജ്ജിക്കുന്നുണ്ടാവും. ജനനാടിസ്ഥാനത്തിൽ ഭരണാധികാരത്തിലെത്തുന്നതുപോലെയുള്ള ഗുരുതരങ്ങളായ അബദ്ധങ്ങൾ നമ്മുടെ കാലഘട്ടത്തിൽ തന്നെ പൊളിഞ്ഞു വീഴുന്നതു നമ്മൾ കാണും; ദീർഘകാലമായുള്ള അനുഭവം അവയെ നിന്ദിച്ചു കഴിഞ്ഞിരിക്കുന്നു. എന്നാൽ അതിനുപകരമായി പിന്നെയെന്താണു്? ഇതിൻെറ ഉത്തരം നമ്മുടെ പുത്രരും പൗത്രരും പറഞ്ഞുകൊള്ളും. അത്ര ബുദ്ധിശൂന്യവും ധർമ്മം കെട്ടതും മർദ്ദനപരവും, സത്യസന്ധരായ ആളുകൾ ഏതു ലക്ഷ്യപ്രാപ്തിയ്ക്കുവേണ്ടി ഗവൺമെൻറുണ്ടാക്കുന്നുവോ ആ ലക്ഷ്യത്തിനു് വിനാശകരവുമായതും, പിതാമഹന്മാർ സ്ഥാപിച്ചതും,

പിതാക്കന്മാർ തുടൻപോകാൻ ധൈര്യപ്പെട്ടതുമായ ആ രീതി തുടൻപോകാവുന്നതല്ലെന്ന സംശയരഹിതമായ അറിവ് നമ്മെ സംതൃപ്തരാക്കും... ഏറെക്കാലമായി മനുഷ്യവർഗ്ഗത്തിൽ നിന്നും അപഹരിച്ചുവച്ചിരുന്ന സ്വാതന്ത്ര്യത്തെ വീണ്ടെടുക്കുന്നതിനുള്ള പരിശ്രമങ്ങൾ അക്രമങ്ങളും അബദ്ധങ്ങളും പാതകപ്രവൃത്തികൾ കൊണ്ടുതന്നെയും നിറഞ്ഞതാണെന്നു വരുന്നതു് നിർഭാഗ്യകരമാണു്. എന്നാൽ മാർഗ്ഗങ്ങളെപ്പററി നാം കണ്ണുനീരൊലിപ്പിക്കുമ്പോൾ ലക്ഷ്യത്തിനു് വേണ്ടി പ്രാർത്ഥിക്കുകയും വേണം

കേന്ദ്രീകരണം ദുഷ്പ്രഭുത്വത്തിലേക്കു വഴിതെളിക്കും.

ഗിഡിയോൺ ഗ്രേഞ്ചറിനു്, 1800

നമ്മുടെ രാജ്യം ഒരൊററ ഗവൺമെൻറിനാൽ നിയന്ത്രിക്കപ്പെടാവുന്നതല്ലാത്ത തരത്തിൽ അത്രയ്ക്കു ബഹുകാര്യങ്ങളുള്ള ഒരു വലിയ രാജ്യമാണു്. ജനങ്ങളിൽനിന്നും വളരെ അകന്നും, അവരുടെ കണ്ണുകളിൽനിന്നും മാറിയും കഴിയുന്ന ഉദ്യോഗസ്ഥർ, ആ ദൂരത്തിൻെറ സാഹചാര്യത്തിൽ പൗരന്മാരുടെ സൽഭരണത്തിനു്, ആവശ്യമായ എല്ലാ വിശദാംശങ്ങളേയും കാണാനും കൈകാര്യം ചെയ്യാനും കഴിഞ്ഞുവെന്നു വരുകയില്ല, കൂടാതെ ആ സാഹചര്യങ്ങൾതന്നെ തെററുകൾ കണ്ടുപിടിക്കുകയെന്നതു അസാദ്ധ്യമാക്കിത്തീർക്കുന്നതുമൂലം പൊതുജനസേവകരെ അഴിമതിയിലേക്കും കൊള്ളയിലേക്കും നാശത്തിലേക്കും ക്ഷണിക്കുകയും ചെയ്യും. മാത്രമല്ല ഞാൻ ആത്മാർത്ഥമായും വിശ്വസിക്കുന്നു, ഐക്യനാടുകളിൽ കാമൺ ലാ നിലവിലിരിക്കണമെന്ന തത്വം പുലരുകയാണെങ്കിൽ അതു ഭൂമിയിൽ വച്ചേററവും അഴിമതിയുള്ള ഗവൺമെൻറായിത്തീരുന്നതാണു് ........

സംസ്ഥാനങ്ങളുടെ എല്ലാ അധികാരങ്ങളേയും പൊതുവായ ഒരു ഗവൺമെൻറിൻെറ കൈകളിൽ, ഏറെറടുക്കുന്നതുമൂലം ഉദ്യോഗങ്ങൾക്കും ലാഭത്തിനും കൊള്ളയടിക്കുന്നതിനാൽ മാത്രമായി എന്തെന്തു വാദകോലാഹല

ങ്ങളാണുണ്ടാവുക? സംസ്ഥാനങ്ങൾ, തങ്ങളുടെയകത്തുള്ള വയെ സംബന്ധിച്ച് സ്വതന്ത്രമാണെന്നും വിദേശരാഷ്ട്രങ്ങളെപ്പററിയുള്ളവയുടെ കാര്യത്തിൽ സംഘടിതമാണെന്നുമുള്ള സംവിധാനതത്വം തീർച്ചയായും ബുദ്ധിപൂർവ്വകവും മെച്ചമേറിയതുമാണ്. പൊതുഗവൺമെൻറ് വിദേശകാര്യങ്ങളിൽ മാത്രം അധികാരമുള്ളതായിരിക്കട്ടെ, നമ്മുടെ പ്രവത്തനങ്ങൾ, കച്ചവടക്കാർക്ക് തങ്ങളുടെ സ്വാതന്ത്ര്യത്തിന് വിട്ടുകൊടുക്കുകയാണെങ്കിൽ കാര്യക്ഷമമാംവണ്ണം കൈകാര്യം ചെയ്യാൻ കഴിയുന്ന വാണിജ്യകാര്യങ്ങളൊഴികെയുള്ള എല്ലാം അന്യരാഷ്ട്രങ്ങളുമായി കൂട്ടിക്കുഴയ്ക്കാതെയുള്ളതായിത്തീരട്ടെ; അങ്ങനെയാകുമ്പോൾ നമ്മുടെ ഗവൺമെൻറിനെ ചുരുക്കം ചില ഉദ്യോഗസ്ഥന്മാരാൽ നിർവഹിക്കപ്പെടാവുന്ന ചുരുക്കം ചില കത്തവ്യങ്ങൾ മാത്രമുള്ള ചെലവു കുറഞ്ഞതും ലഘുവായതുമായ ഒരു സംഘടനയായി രൂപപ്പെടുത്താം.

## III തത്വങ്ങൾ

### ഒരു ജനാധിപത്യവാദിയുടെ പരിപാടി

എൽബ്രിഡ്ജ് ജെറിസ്സ്, 1799

യൂണിയന് വിട്ടുകൊടുത്തിട്ടില്ലാത്ത അധികാരങ്ങളെ സംസ്ഥാനങ്ങളും, അധികാരവിഭജനത്തിൽ ഭരണഘടനയനുസരിച്ച് യൂണിയൻ നിയമസഭയ്ക്കു ലഭിച്ച അധികാരങ്ങളെ യൂണിയനും സംരക്ഷിക്കണമെന്നതാണെൻെറ അഭിപ്രായം; സംസ്ഥാനങ്ങളുടെ എല്ലാ അധികാരങ്ങളേയും പൊതുഗവൺമെൻറിനും ആ ഗവൺമെൻറിൻെറ എല്ലാ അധികാരങ്ങളേയും എക്സിക്യൂട്ടീവ് വിഭാഗത്തിനും കൈമാററം ചെയ്യുന്നതിനും ഞാൻ എതിരാണ്.

ദേശീയബാദ്ധ്യതയെ വീട്ടുന്നതിന് പബ്ലിക്ക് റവന്യൂവിൽ ഏററവും മിച്ചംവരുത്തുന്നതിന് വേണ്ടി കശനമായി

മിതവ്യയം ശീലിക്കുന്ന ഒരു ഗവൺമെൻറിന് വേണ്ടി ഞാൻ നിലകൊള്ളുന്നു; അല്ലാതെ പാർശ്വവർത്തികളെ സൃഷ്ടിക്കുവാൻവേണ്ടി മാത്രം ഉദ്യോഗസ്ഥന്മാരേയും ശമ്പളത്തേയും വർദ്ധിപ്പിക്കുക എന്നതിനും, എല്ലാ മാർഗ്ഗങ്ങളുമുപയോഗിച്ചു പൊതുക്കടത്തെ, അതൊരു അനുഗ്രഹമാണെന്ന തരത്തിൽ ഗുണീഭവിപ്പിക്കുന്നതിനും ഞാൻ അനുകൂലിയല്ല. ഒരു ആക്രമണമുണ്ടാകുന്നതുവരെ ആഭ്യന്തര പ്രതിരോധത്തിന് നമുക്കുള്ള കരസൈന്യത്തേയും, നമുക്കു അനുഭവപ്പെട്ടിട്ടുള്ള കലാപങ്ങൾ പോലെയുള്ളവയിൽ നിന്നു നമ്മുടെ കടൽത്തീരങ്ങളേയും തുറമുഖങ്ങളേയും രക്ഷിക്കുന്നതിന് മാത്രം പര്യാപ്തമായ നാവികസേനയേയും അവലംബിക്കാമെന്നാണെൻെറ പക്ഷം; അല്ലാതെ സമാധാനകാലത്തു് വലിയ തോതിലുള്ള കരസൈന്യം ആവശ്യമില്ല, അതു പൊതുജനങ്ങളുടെ വികാരങ്ങളെ സംഭ്രമിപ്പിക്കുന്നുണ്ടാവും. അതുപോലെ വലിയ നാവികസൈന്യവും പാടില്ല; തന്മൂലം ഉളവാകുന്ന ഭീമമായ ചെലവും, ഉണ്ടായേക്കാവുന്ന അവസാനിക്കാത്ത സമരങ്ങളും, നമ്മെ അതിൻെറ ഭാരംകൊണ്ടു അരച്ചുകളയുക മാത്രമല്ല, മുക്കിക്കളയുകതന്നെ ചെയ്യും.

എല്ലാ രാഷ്ട്രങ്ങളുമായി സ്വതന്ത്രമായി വാണിജ്യം വേണമെന്നും എന്നാൽ രാഷ്ട്രീയ ബന്ധങ്ങൾ പാടില്ലെന്നും, പ്രതിപുരുഷസ്ഥാപനങ്ങൾ വേണ്ടെന്നും അല്ലെങ്കിൽ വളരെകുറവായി മാത്രമേ പാടുള്ളു എന്നും ഞാൻ കരുതുന്നു. കൂടാതെ യൂറോപ്പിലെ ശണ്ഠകളിൽ പുതിയ ഉടമ്പടികളുണ്ടാക്കി ബന്ധപ്പെട്ടതും, അവിടത്തെ തുലനസ്ഥിതി നിലനിറുത്താൻ അവിടുത്തെ കശാപ്പുരംഗത്തിറങ്ങുന്നതും, സ്വാതന്ത്ര്യത്തിനെതിരായി സമരം ചെയ്യുന്ന രാജാക്കന്മാരുടെ കൂട്ടുകെട്ടിൽ ചേരുന്നതും എനിക്ക് യോഗ്യമായി തോന്നുന്നില്ല.

ഞാൻ മതസ്വാതന്ത്ര്യത്തിനു് വേണ്ടി നിലകൊള്ളുന്നു; ഒരു മതവിഭാഗം വേറൊന്നിൻെറ മേൽ നിയമപരമായി ആധിപത്യം നിലനിർത്താൻവേണ്ടി നടത്തുന്ന എല്ലാ വേലത്തരങ്ങളേയും ഞാൻ എതിർക്കുന്നു: പത്രസ്വാതന്ത്ര്യത്തെ ഞാൻ അനുകൂലിക്കുന്നു; നമ്മുടെ പൗരന്മാർ തങ്ങളുടെ പ്രതി

നിധികളെ ന്യായമായോ അന്യായമായോ നിരൂപണം ചെയ്യുകയും അവരെപ്പററി പരാതിപ്പെടുകയും ചെയ്യുന്നതിനെ ബലം പ്രയോഗിച്ചു നിശ്ശബ്ദമാക്കുന്ന തരത്തിൽ ഭരണഘടനയെ ലംഘിക്കുന്നതിനേയും ഞാനെതിക്കുന്നു.

ശാസ്ത്രത്തിൻെറ എല്ലാ വിഭാഗങ്ങളുടേയും പുരോഗതിയെ പ്രോത്സാഹിപ്പിക്കണമെന്ന അഭിപ്രായക്കാരനാണ് ഞാൻ; വേദാന്തത്തിൻെറ പാവനമായ നാമധേയത്തിനെതിരായി ശബ്ദകോലാഹലമുണ്ടാക്കാൻ ഞാനില്ല; അതുപോലെ മനുഷ്യൻെറ മനസ്സിനെ, അതിൻെറ കണ്ണുകളെത്തന്നെ അവിശ്വസിക്കത്തക്കവണ്ണം കെട്ടുകഥകളാൽ ഭയപ്പെടുത്തുന്നതിനേയും, അഭിവൃദ്ധിനോക്കുവാൻ മുന്നോട്ടു പോകുന്നതിനു് പകരം പിന്നോട്ടു പോകുന്നതിനേയും, കരാളമായ അജ്ഞതയുടെ കാലഘട്ടത്തിൽ സംവിധാനം, മതം, സന്മാർഗ്ഗം, മററു ശാസ്ത്രങ്ങൾ എല്ലാംതന്നെ സർവോച്ചമായ പരിപൂർണ്ണതയിൽ നിന്നിരുന്നു എന്നും നമ്മുടെ പ്രപിതാമഹന്മാർ സ്ഥാപിച്ചതിനേക്കാൾ പൂർണ്ണമായി ഒന്നുംതന്നെ നിർമ്മിക്കാൻ സാദ്ധ്യമല്ലെന്നും വിശ്വസിക്കുന്നതിനേയും ഞാനെതിർക്കുന്നു.

ഇവയോടൊപ്പം ഞാൻ കൂട്ടിച്ചേർക്കുന്നു—ഫ്രഞ്ചുവിപ്ലവത്തിൻെറ വിജയത്തിനു് ഞാൻ ആത്മാർത്ഥതയുള്ളവനായ ഒരു അഭ്യുദയകാംക്ഷിയായിരുന്നു, സ്വതന്ത്രവും സുദൃഢവുമായ ഒരു റിപ്പബ്ലിക്കിൻെറ സംസ്ഥാപനത്തിൽ അതു അവസാനിക്കട്ടെ എന്നു ഇന്നും ആഗ്രഹിക്കുകയും ചെയ്യുന്നു, എന്നാൽ നമ്മുടെ വാണിജ്യത്തിൻെറ മേൽ അവർ ചെയ്ത ക്രൂരകൃത്യങ്ങളെ സംബന്ധിച്ചു ഞാൻ നിർവികാരനായിട്ടുമില്ല.

എൻെറ ഹൃദയത്തിലെ പ്രഥമവസ്തു എൻെറ സ്വന്തം രാജ്യമാണു്. അതിലാണു് എൻെറ കുടുംബവും ഭാഗ്യവും എൻെറ നിലനില്പുതന്നെയും സ്ഥിതിചെയ്യുന്നതു്. അതിൽനിന്നും പുറത്തുമാറി, ഒരു കാശിൻെറ താല്പര്യമെനിക്കില്ല, ഒരു നാരിൻെറ മമതയെനിക്കില്ല; ഒരു രാഷ്ട്രവും വേറൊന്നുമായി, നമ്മോടു കാണിക്കുന്ന സ്നേഹബന്ധത്തിൻെറ പരി

മാണത്തിനനുസൃതമായല്ലാതെ പ്രത്യേകമായി ഒരു പരിശ്രണ്ണനോദ്ദേശ്യവുമില്ല.

ഫസ്റ്റ് ഇനാഗറൽ, മാർച്ച് 4,1801

സഹപൗരന്മാരെ! നിങ്ങൾക്കു പ്രിയപ്പെട്ടതും അമൂല്യവുമായ സകലതിനേയുമുൾക്കൊള്ളുന്ന കത്തവ്യങ്ങളുടെ കൈകാര്യത്തിനാരംഭിക്കുന്ന ഈ സന്ദർഭത്തിൽ, നമ്മുടെ ഗവണ്മെൻറിൻെറ കാതലായ തത്ത്വങ്ങളായി ഞാൻ കരുതുന്നവ നിങ്ങൾ മനസ്സിലാക്കുകയെന്നതു ആവശ്യമായിരിക്കുകയാൽ, അവയെ സംബന്ധിക്കുന്ന സാമാന്യതത്ത്വങ്ങളെ, എന്നാൽ അതിൻെറ എല്ലാ പരിമിതികളേയും ഉൾപ്പെടുത്താതേയും, സമഗ്രമാക്കി പ്രസ്താവിക്കാം

ഏതു സംസ്ഥാനത്തിലേതായാലും, മതപരമോ രാഷ്ട്രീയമോ ആയ വിശ്വാസം എന്തായാലും എല്ലാവക്കും തുല്യവും കൃത്യവുമായ നീതി പുലർത്തുക,

എല്ലാ രാഷ്ട്രങ്ങളുമായി, ഒരു സന്ധിയിലും കുരുങ്ങാതെ സമാധാനവും യഥാർത്ഥമായ സൗഹൃദവും വാണിജ്യബന്ധവും പുലർത്തുക,

സാംസ്ഥാനിക ഗവണ്മെൻറുകളെ, ജനായത്ത തത്ത്വവിരുദ്ധമായ പ്രവണതകൾക്കെതിരായ ശക്തിയേറിയ കൊത്തളത്തേയും നമ്മുടെ ഗാർഹികമായ പ്രശ്നങ്ങളുടെ കാര്യക്ഷമമായ നിർവാഹത്തിനു് ആധാരവുമായ എല്ലാ അവകാശങ്ങളേയും പിൻതാങ്ങുക;

നമ്മുടെ രാജ്യത്തിനകത്തു ശാന്തിയും വിദേശങ്ങളിൽ സുരക്ഷിതത്വവും പരിരക്ഷിക്കുന്നതിനുള്ള നങ്കൂരമെന്ന നിലയിൽ പൊതുഗവണ്മെൻറിനെ, അതിൻെറ പൂർണ്ണമായ സംവിധാനാത്മകമായ വീര്യത്തിൽ നിലനിറുത്തുക,

ജനങ്ങൾക്കുള്ള സമാധാനപരമായ പരിഹാരങ്ങൾ നിശ്ചയിച്ചിട്ടില്ലാത്ത സന്ദർഭത്തിൽ വിപ്ളവത്തിൻെറ വാൾകൊണ്ടു കൊയ്യുകളയേണ്ടിവരുന്ന ദുർവിനിയോഗങ്ങ

ളുടെ മുദ്രവും ഭദ്രവും ശോധകവുമായ തെരഞ്ഞെടുപ്പിനുള്ള അവകാശത്തെ സശ്രദ്ധം സംരക്ഷിക്കുക.

റിപ്പബ്ളിക്കുകളെ സംബന്ധിക്കുന്ന സജീവതത്വമായ ഭൂരിപക്ഷത്തിൻെറ തീരുമാനത്തോടുള്ള പൂർണ്ണമായ ആനുകൂല്യം—അതിൽനിന്നും ദുഷ്പ്രഭുത്വത്തിൻെറ സജീവതത്വവും നേർമാതാവുമായ ബലപ്രയോഗമല്ലാതെ വേറെ പരിഹാരമില്ലാത്തതാണു്,

സുശിക്ഷിതമായ ഒരു സൈന്യം—സമാധാനകാലങ്ങളിലേയും യുദ്ധത്തിൻെറ ആദ്യകാലങ്ങളിൽ പട്ടാളം അവയെ ഒഴിവാക്കുന്നവരേയും നമ്മുടെ ഏററവും നല്ല സഹായവും, സൈനികാധികാരികളുടെ മേൽ ആധിപത്യമുള്ള ഭരണ നിർവഹണാധികാരികൾ,

തൊഴിൽ ഭാരം കുറഞ്ഞതായിത്തീരത്തക്കവണ്ണം പൊതുവായ ചെലവുകളുടെ കാര്യത്തിൽ മിതത്വം,

ഋണബാദ്ധ്യതകളെ ആത്മാർത്ഥതയോടെ വീട്ടുകയും പൊതുജനങ്ങൾക്കുള്ള വിശ്വാസത്തെ പാവനമായി നിലനിറുത്തുകയും,

കർഷകവൃത്തിയേയും അതിൻെറ പരിചാരികയെന്ന നിലയിൽ വാണിജ്യത്തേയും പ്രോത്സാഹിപ്പിക്കുക,

വിജ്ഞാനത്തിൻെറ പ്രചാരണവും, ദുർവിനിയോഗങ്ങളെ യുക്തിയുടെ പ്രതിക്കൂട്ടിൽ നിരത്തിനിറുത്തലും,

മതസ്വാതന്ത്ര്യം,

പത്രസ്വാതന്ത്ര്യം,

ഹേബിയസ് കാർപ്പസിൻെറ സംരക്ഷണയിൽ വ്യക്തിസ്വാതന്ത്ര്യം,

നിഷ്പക്ഷമായി തെരഞ്ഞെടുത്ത ജൂറികളുടെ സഹായത്തോടെയുള്ള കുററവിചാരണ—

വിപ്ളവത്തിൻെറയും പരിവർത്തനത്തിൻേറയും കാലഘട്ടത്തിൽ നമ്മുടെ ചുവടുകളെ നയിക്കുന്നതിനു് നമ്മുടെ മുമ്പേ പോയ തേജോമയമായ നക്ഷത്രമാണു് ഈ തത്വ

ങ്ങൾ. അവയുടെ സംപ്രാപ്തിയ്ക്ക് നമ്മുടെ ആചാര്യന്മാരുടെ അറിവും നമ്മുടെ നായകന്മാരുടെ രക്തവും വിനിയോഗിക്കപ്പെട്ടിട്ടുണ്ട്. അവയായിരിക്കണം നമ്മുടെ രാഷ്ട്രീയ മതത്തിൻെറ വിശ്വാസങ്ങൾ—പൗരത്വബോധനത്തിൻെറ പാഠപുസ്തകം—നാം വിശ്വസിക്കുന്നവരുടെ സേവനങ്ങളെ പരിശോധിക്കുന്നതിനുള്ള ഉരകല്ല്,—അബദ്ധത്തിന്റേയോ ഭീതിയുടേയോ നിമിഷങ്ങളിൽ അവയിൽനിന്നും നാം വഴിതെററിയലഞ്ഞു പോവുകയാണെങ്കിൽ, സമാധാനത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും ഭദ്രതയിലേക്കും നയിക്കുന്ന പന്ഥാവിൽ തിരിച്ചെത്തുന്നതിനായി ദ്രുതഗതിയിൽ നമുക്കു ചുവടുകളെ പിൻതിരിക്കുക.

എല്ലാ അധികാരങ്ങളും ജനങ്ങൾക്കു സ്വയം സിദ്ധമാണ്.

ജെ. കാർട്ട്റൈററിന്, 1824

യാഥാസ്ഥിതികത്വത്തിന്റെ മഹാനായ പ്രവാചകൻ ഹ്യൂം പറയുന്നു:- "എല്ലാ നീതിപൂർവ്വകവുമായ അധികാരങ്ങളുടെ പ്രഭവം ജനങ്ങളാണെന്നതു് എല്ലാ ചരിത്രങ്ങളും അനുഭവവും അബദ്ധമാണെന്നു് തെളിയിക്കുന്നു" സമൂഹത്തിന്റെ ഭൂരിപക്ഷത്തിലല്ലെങ്കിൽ, ശാസ്ത്രത്തിന്റെ ഈ നീചപുത്രൻ—സഹജീവികളുടെ ഘാതകൻ - നീതിപൂർവകമായ അധികാരത്തിൻെറ ഉത്ഭവസ്ഥാനം വേറെയെവിടെയാണു് കാണുക? അതു ന്യൂനപക്ഷത്തിലായിരിക്കുമോ? അതല്ല ആ ന്യൂനപക്ഷത്തിലെ ഏതെങ്കിലും വ്യക്തിയിലായിരിക്കുമോ?

നമ്മുടെ വിപ്ലവം അനുകൂലതരമായ അടിസ്ഥാനത്തിലാണാരംഭിച്ചതു്. അതു നമുക്ക് നമുക്കിഷ്ടമുള്ളതു് നമ്മുടെ സ്വാതന്ത്ര്യംപോലെ എഴുതാനുള്ള ഒരു 'ആൽബം' സമ്മാനിച്ചു. പൊടിനിറഞ്ഞ പ്രമാണങ്ങളെ അന്വേഷിക്കാനും രാജകീയതിട്ടൂരങ്ങളെ വേട്ടയാടിപ്പിടിക്കാനും അർദ്ധകിരാതമായ മുൻതലമുറക്കാരുടെ നിയമങ്ങളേയും സ്ഥാപനങ്ങളേയും പരിശോധിക്കാനും നമുക്കു സന്ദർഭമുണ്ടായിട്ടില്ല. നാം പ്രകൃതിയുടേതിന്നെ ശരണം പ്രാപിച്ചു......... സ്വയം ഭരണം നട

AYAM PUBLIC LI
KOTTAYAM

ത്തിനോക്കാൻ നമ്മെ ഒരിക്കലും അനുവദിച്ചിരുന്നില്ല. അതു ഏറെറടുക്കാൻ നാം നിർബന്ധിതരായിത്തീർന്നപ്പോൾ അതിന്റെ ശാസ്ത്രത്തെ സംബന്ധിച്ചു നാം അശിക്ഷിതരായിരുന്നു... ഏതായാലും അതിൻെറ പ്രധാന തത്വങ്ങളിൽ സകലതിനേയുമല്ലെങ്കിലും ചിലതിനെ നാം സംസ്ഥാപിച്ചു. നമ്മുടെ സംസ്ഥാനങ്ങളിൽ ഭൂരിപക്ഷത്തിൻേറയും ഭരണഘടനകൾ എല്ലാ അധികാരങ്ങളും ജനങ്ങൾക്കു സ്വയം സിദ്ധമാണെന്നുള്ളതിനെ ഉറപ്പിച്ചു പറയുന്നു. തങ്ങൾക്കു അവ കൈകാര്യം ചെയ്യാൻ കഴിവുണ്ടെന്നു തോന്നുന്നുവെങ്കിൽ അവർക്കു് അതു കൈകാര്യം ചെയ്യാമെന്നും,... അവരുടെ വ്യക്തിസ്വാതന്ത്ര്യവും മതസ്വാതന്ത്ര്യവും വസ്തുക്കളെ സംബന്ധിക്കുന്ന സ്വാതന്ത്ര്യവും പത്രസ്വാതന്ത്ര്യവും ഉണ്ടെന്നും അക്കൂട്ടത്തിൽ ഉൾപ്പെടുന്നു.

ന്യൂനപക്ഷത്തിനു് ഭൂരിപക്ഷത്തോടൊപ്പം അവകാശങ്ങളുണ്ടു്.

ഫസ്ററ് ഇനാഗറൽ, മാർച്ചു് 4, 1801

ഭൂരിപക്ഷത്തിൻെറ ഇച്ഛയാണു് എല്ലാക്കാര്യങ്ങളിലും സ്വീകരിക്കപ്പെടേണ്ടതെങ്കിലും, ആ ഇച്ഛ ശരിയായിത്തീരണമെങ്കിൽ യുക്തിപൂർവകമായതായിരിക്കണം. തുല്യങ്ങളായ നിയമങ്ങൾ സംരക്ഷിക്കപ്പെടേണ്ടതാണെന്നും, അവയുടെ ലംഘനം മർദ്ദനകരമായിത്തീരുന്നതാണെന്നും ഇക്കാര്യങ്ങളിൽ ന്യൂനപക്ഷവും ഭൂരിപക്ഷവും തമ്മിൽ ഭേദമില്ലെന്നുമുള്ള പാവനമായ തത്വം എല്ലാവരും മനസ്സിൽ വയ്ക്കേണ്ടതാകുന്നു. അതുകൊണ്ടു് അല്ലയോ സഹപൗരന്മാരെ, നമുക്കു ഒററ ഹൃദയവും മനസ്സുമുള്ളവരായി ഒന്നിക്കാം. നമ്മുടെ സാമൂഹികമായ വേഴ്ചകളിൽ, സ്വാതന്ത്ര്യവും ജീവിതം തന്നെയും രസശൂന്യമാക്കുന്നതു് എന്തിൻെറ അഭാവത്തിലാണോ, ആ സൗഹൃദവും സ്നേഹവും പുനഃസ്ഥാപിക്കാം, കൂടാതെ, മനുഷ്യസമുദായത്തെ എത്രയോകാലം ചോരയൊഴുക്കിക്കുകയും കഷ്ടപ്പെടുത്തുകയും ചെയ്ത മതപരമായ അസഹിഷ്ണുതയെ നമ്മുടെ രാജ്യത്തിൽനിന്നും നിഷ്കാസനം ചെയ്ത

തിനു് ശേഷം, അതുപോലെതന്നെ മർദ്ദനാത്മകവും ക്രൂരവും, അതോടൊപ്പം തന്നെ രക്തതൃഷ്ണിതവും പീഡനകാരിയുമായ രാഷ്ട്രീയാസഹിഷ്ണുതയെ നാം പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ നാം യാതൊന്നുംതന്നെ നേടിയതായി ഗണിക്കാവുന്നതല്ല.

ഭൂരിപക്ഷത്തിൻെറ നിയമം പാവനമാണു്.

ബാറൺ ഫാൺ ഹംബോൾട്ടിനു്, 1817

ജനാധിപത്യത്തിൻെറ പ്രഥമതത്ത്വം, എല്ലാ മനുഷ്യസമൂഹത്തിലേയും തുല്യാധികാരമുള്ള വ്യക്തികളുടെ ഭൂരിപക്ഷത്തിൻെറ നിയമമാണു് മൗലികമായിട്ടുള്ളതെന്നാകുന്നു. എല്ലാ പാഠങ്ങളിലും പ്രധാനപ്പെട്ടതു്, ഒററ വോട്ടിൻെറ ഭൂരിപക്ഷത്തിൻെറ പേരിൽ നിർണ്ണയിക്കപ്പെടുന്ന സമൂഹത്തിൻെറ അഭിപ്രായം ഐകകണ്ഠ്യേനയുള്ളതായിരുന്നുവെങ്കിൽ എങ്ങനെയോ, അത്രയ്ക്കു പാവനമായതാണെന്നുള്ളതത്രേ. എന്നിരുന്നാലും അവസാനമായി മാത്രം നേരാംവണ്ണം മനസ്സിലാക്കപ്പെടുന്നതും ഇതുതന്നെ. ഈ നിയമത്തെ ഒരിക്കൽ അവഗണിക്കുകയാണെങ്കിൽ, ആവശ്യമായും പട്ടാളഭരണത്തിലെത്തിച്ചേരുന്ന അക്രമമല്ലാതെ മററൊന്നും അവശേഷിക്കയില്ല. ഫ്രഞ്ചുവിപ്ലവത്തിൻെറ ചരിത്രം ഇതായിരുന്നു.

യഥാർത്ഥ തത്ത്വങ്ങൾ

എസ്. കെർച്ചവാലിനു്, 1817

യഥാർത്ഥമായ തത്ത്വങ്ങൾ തന്നെ ആവിഷ്കരിക്കുക, ഇളകാതെ അവയെ മുറുക്കിപ്പിടിക്കുക. ഒരു ഭീരുവിൻെറ സംഭ്രമത്താലോ ജനങ്ങളുടെ ഉയർച്ചയ്ക്കെതിരായി സമ്പത്തിൻെറ നിലവിളിയാലോ, അവയെ കൈവിട്ടുകളയാൻ വണ്ണം ഭയപ്പെടാതെയിരിക്കുക. അനുഭവജ്ഞാനമാണു് വേണ്ടതെങ്കിൽ, നാല്പതുവർഷങ്ങളായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ പതിനാറു ഗവൺമെൻറുകളെ പരിശോധിക്കുക.

ഈ കാലഘട്ടത്തിനു ഒരൊററക്കൊല്ലത്തിനുള്ളിൽ ഒരൊററ സ്വേച്ഛാധികാരി ചെയ്യുമായിരുന്നതിന്റെ പകുതി ഉപദ്രവങ്ങൾ ജനങ്ങൾക്കു് ചെയ്ത ഏതെങ്കിലും സന്ദർഭമുണ്ടായിട്ടുണ്ടോ എന്നു കാണിക്കുക, അല്ലെങ്കിൽ ആ കാലത്തിനുള്ളിൽ രാജാവാഴ്ചയുള്ള ഏതെങ്കിലും രാജ്യത്തു നടന്നിട്ടുള്ള ലഹളകളുടേയും ശിക്ഷകളുടേയും പകുതി നടന്നിട്ടുണ്ടോ എന്നു കാണിക്കുക, അല്ലെങ്കിൽ ആ കാലത്തിനുള്ളിൽ രാജവാഴ്ചയുള്ള ഏതെങ്കിലും രാജ്യത്തു നടന്നിട്ടുള്ള ലഹളകളുടേയും ആഭ്യന്തര കലഹങ്ങളുടേയും കുററങ്ങളുടേയും ശിക്ഷകളുടേയും പകുതി നടന്നിട്ടുണ്ടോ എന്നു കാണിക്കുക. ഒരു റിപ്പബ്ളിക്കൻ ഗവണ്മെൻറിൻെറ യഥാൎത്ഥമായ അടിസ്ഥാനം, തൻെറ ശരീരത്തേയും സ്വത്തുക്കളേയും അവയുടെ സംരക്ഷണത്തേയും സംബന്ധിച്ചു ഓരോ പൗരനുമുള്ള തുല്യമായ അധികാരങ്ങളാണു്. നമ്മുടെ ഭരണഘടനയിലെ ഓരോ വ്യവസ്ഥയേയും ഈ അടിസ്ഥാനത്തിൽ പരിശോധിച്ചു നോക്കൂ. അവ ജനങ്ങളുടെ പ്രത്യക്ഷമായ അഭിപ്രായത്തിൽ അവലംബമായിരിക്കുകയല്ലെ ചെയ്യുന്നതു്? പൂർണ്ണവും എന്നാൽ ക്രമപരവുമായ ഒരു ചർച്ചയ്ക്കുവേണ്ടി നിങ്ങളുടെ നിയമസഭയുടെ അംഗസംഖ്യയെ സൗകര്യപ്രദമാംവണ്ണം കുറയ്ക്കുക. യുദ്ധം ചെയ്യുന്നവനും പണം കൊടുക്കുന്നവനുമായ ഓരോ പൗരനും അവരുടെ തെരഞ്ഞെടുപ്പുകളിൽ നീതിനിഷ്ഠവും തുല്യവുമായ അധികാരങ്ങൾ കൈകാര്യംചെയ്യട്ടെ. ചുരുങ്ങിയ കാലഘട്ടത്തിനുള്ളിൽ, അംഗീകാരത്തിനോ നിരസനത്തിനോ വേണ്ടി അവർക്കു കീഴ്‌വഴങ്ങുക. ഭരണാധികാരിയായി ആരുടെ പ്രതിനിധിയിലാണോ അദ്ദേഹം വൎത്തിക്കാനുള്ളതു്, അവരാൽ, അങ്ങനെ ആ കാലഘട്ടത്തേക്കു മാത്രമായി ഒരാളെ തെരഞ്ഞെടുക്കപ്പെടട്ടെ, ചുമതലകളിൽനിന്നും ഒഴിഞ്ഞുമാറുന്നതരത്തിലുള്ള ഒരു പ്രതിനിധി സംഘത്തിൻെറ തിരുശ്ശീലയ്ക്കിടംകൊടുക്കാതെയിരിക്കട്ടെ.

ഡിക്കിൻസൺ, 1801, ന്യൂയാർക്ക പബ്ളിക്ക് ലൈബ്രറി

മാനുസ്ക്രിപ്റ്റ്. II 47

റിപ്പബ്ളിക്കവാദികളാൽ എന്നെന്നും സ്വീകരിക്കപ്പെട്ടവയായ എൻെറ അഭിപ്രായങ്ങൾ, രാഷ്ട്രീയാഭിപ്രായങ്ങളിലുള്ള ചെറിയ ഒരു വ്യത്യാസത്തിൻെറ അടിസ്ഥാനത്തിൽ മാത്രം ഒരാളെ ഔദ്യോഗികസ്ഥാനത്തുനിന്നും മാററുന്നതിനെ അനുകൂലിക്കുന്നില്ല. ഉദ്യോഗത്തിലിരുന്നുകൊണ്ട് അധികാര ദുർവിനിയോഗം ചെയ്യുക, സ്വതന്ത്രമായ തെരഞ്ഞെടുപ്പിനെ ഔദ്യോഗിക സ്വാധീനം ഉപയോഗിച്ച് നിയന്ത്രിക്കുക എന്നിവ ഉദ്യോഗത്തിൽനിന്നും നീക്കുന്നതിനു് പര്യാപ്തമായ കാരണങ്ങളാകുന്നു.

ഡാ: വാൾട്ടർ ജോൺസിനു്, 1801

ഏററവും നല്ലതെന്നു ഞാൻ ഗണിക്കുന്നവ ചെയ്യുവാൻ ഞാൻ സ്വാതന്ത്ര്യമുള്ളവനായിരുന്നുവെങ്കിൽ, യുക്തി നിർദ്ദേശിക്കുകയും അനുഭവം അംഗീകരിക്കുകയും ചെയ്യുന്ന എല്ലാ പരിഷ്ക്കാരങ്ങളും പ്രായോഗികമാക്കിത്തീർക്കുന്ന കാര്യത്തിൽ ഞാൻ എത്ര പരാജയപ്പെട്ടുന്നു എന്നുള്ളതിനെ സംബന്ധിച്ചു ഞാൻ ബോധവാനാണു്; എന്നാൽ മനുഷ്യസമൂഹത്തിൻെറ മഹത്തായ യന്ത്രത്തെ ഓടിക്കുകയോ, അതിനു് രൂപഭേദം വരുത്തുകയോ ചെയ്യുന്നതു് എത്ര പ്രയാസമേറിയ കാര്യമാണെന്നും, ഒരു മനുഷ്യസമൂഹത്തിൻെറ മുഴുവൻ വിശ്വാസങ്ങളെ ആദർശാത്മകമായ സൽപഥത്തിലേക്കു തിരിച്ചുവിടുന്നതു് എത്ര അസാദ്ധ്യമായതാണെന്നും നാം ചിന്തിക്കുമ്പോഴാണു്, ഒരു രാഷ്ട്രത്തിനു് താങ്ങാൻ കഴിയുന്നതല്ലാതെയുള്ള നന്മ വരുത്താൻ യത്നിക്കരുതെന്ന സോളൻെറ അഭിപ്രായത്തിലടങ്ങിയിരിക്കുന്ന ബുദ്ധി നാം കാണുന്നതു്.

നഥാനിയൽ നൈൽസിനു്, 1801

നമ്മുടെ ചരിത്രത്തിലെ ഏറ്റവും ഒടുവിലത്തെ അദ്ധ്യായം മനുഷ്യനു് തികച്ചും നവമായ ഒരു പാഠമാണു് നൽ

കുന്നതു്, ആ കാലഘട്ടം ദാരുണമായിരുന്നു, എങ്കിലും, നല്ലവനായ ഒരു പൗരനും കാമൺവെൽത്തിനെച്ചൊല്ലി നിരാശനാകരുതെന്ന പ്രയോജനകരമായ യാഥാർത്ഥ്യത്തെ അതു തെളിയിച്ചു. എത്ര നല്ലയാളുകളാണു് കപ്പൽ നഷ്ടപ്പെട്ടു എന്നു കരുതി അതിനെ ഉപേക്ഷിച്ചുപോയതു്? പരിമിതമായ ഒരു ഭൂഭാഗത്തു് മാത്രമേ ഒരു റിപ്പബ്ലിക്കിനു് നിലനിൽക്കാൻ കഴിയൂ എന്നു മോണ്ടെസ്ക്യൂവിൻ്റെ സിദ്ധാന്തത്തിൻെറ കള്ളി വെളിച്ചത്താക്കാനുള്ള പുതിയ ഒരു തെളിവു് അതു നൽകുന്നു. നേരെമറിച്ചുള്ളതാണു് യാഥാർത്ഥ്യം: നമ്മുടെ രാജ്യം ഇന്നുള്ളതിൻെറ മൂന്നിലൊന്നുമാത്രം വിസ്തീർണ്ണമുള്ളതായിരുന്നുവെങ്കിൽ നാം നശിച്ചുപോയേനെ. എന്നാൽ വിഭ്രമവും മിഥ്യാധാരണകളും ഒരു സാംക്രമികരോഗമെന്നപോലെ ചില ഭാഗങ്ങളിൽ പടർന്നുപിടിച്ചപ്പോൾ ബാക്കി പ്രദേശക്കാർ അചഞ്ചലരാകാതെ, തങ്ങളുടെ സഹോദരങ്ങൾ അവരുടെ താൽക്കാലിക ഭ്രമത്തിൽ നിന്നും വിമോചിതരാകുന്നതുവരെ ധൈര്യത്തോടെ നിന്നു.

അമേരിക്കൻ ജനത തങ്ങളുടെ സ്വന്തം വിധികർത്താക്കളാകുന്നു

ദ്യൂപോണ്ട് ദ് നെ മൂഴ്സിനു്, 1816

ഐക്യനാടുകളിലെ ജനങ്ങളായ ഞങ്ങൾ, നിങ്ങൾക്കറിയുന്നതുപോലെ ഭരണഘടനാപരമായും നിർവ്യാജമായുംതന്നെ ജനാധിപത്യവാദികളാണു്. സാമൂഹ്യജീവിതം, മനുഷ്യൻെറ സൃഷ്ടിയുടെ സ്വഭാവംകൊണ്ടുതന്നെ അവൻ്റെ ഒരാവശ്യമാണെന്നു ഞങ്ങൾ കരുതുന്നു. ആ ആവശ്യമുള്ള മററാളുകളുമായി ഒത്തു ചേർന്നുകൊണ്ടു് ആ ലക്ഷ്യപ്രാപ്തിക്കു് വേണ്ടി പ്രയത്നിക്കുവാനുള്ള കഴിവുകളും യോഗ്യതകളും അവനു നൽകിയിട്ടുണ്ടു്. ഈ കഴിവുകളെ വിനിയോഗിച്ചു് അവൻ ഒരു സാമൂഹ്യവ്യവസ്ഥിതി നേടിക്കഴിഞ്ഞാൽ അതു്, അങ്ങനെ നേടുന്നതിനു് അവനുമായി സഹകരിച്ചവരും, അവർക്കു് അവനെ ഒഴിച്ചുനിറുത്താൻ പാടില്ലാത്തതുപോലെ അവനു് അവരെ ഒഴിച്ചുനിറുത്താൻ പാടില്ലാത്ത പ

രുമായി ഒന്നു ചേൎന്നുകൊണ്ടു് വ്യവസ്ഥപ്പെടുത്തുകയും നിയന്ത്രിക്കുകയും ചെയ്യേണ്ട ഒരു സമ്പത്തായിരിക്കാം.

ഒരു സമൂഹത്തിൻെറ ഘടകങ്ങളായ വ്യക്തികൾക്കു്, തങ്ങളുടെ കഴിവിനകത്തുള്ള ന്യായമായ അവകാശങ്ങളെ സ്വയമായിത്തന്നെ കൈകാര്യം ചെയ്യാൻ നീക്കിവയ്ക്കുകയും, അങ്ങനെയല്ലാതെയുള്ളവയെ, വിശ്വാസപൂർവമല്ലാതെയുള്ള പെരുമാററത്തിൻെറ പേരിൽ ഉടനടി അവരിൽ നീക്കാവുന്നതരത്തിലുള്ള പ്രതിനിധികളെ, പേർപറഞ്ഞു നിയോഗിക്കുകയും ചെയ്യുന്നതു കൂടുതൽ സുരക്ഷിതമായിരിക്കുമെന്നു അനുഭവം തെളിയിച്ചിട്ടുണ്ടെന്നു ഞങ്ങൾ വിചാരിക്കുന്നു. ഞങ്ങൾ അതുകൊണ്ടു്, സാധാരണ ജീവിതത്തെ സംബന്ധിക്കുന്ന വസ്തുതകളെപ്പററി തീരുമാനം ചെയ്യുന്നതിനു് ജനങ്ങൾ (എന്നുവച്ചാൽ സമൂഹത്തിൻെറ ഘടകങ്ങളായ വ്യക്തികൾ) കഴിവൊഴുന്നവരാകയാൽ, വസ്തുതകളെ സംബന്ധിച്ചു തീരുമാനമെടുക്കുകയെന്ന കർത്തവ്യം, ജൂറർ എന്ന നാമധേയത്തിൽ, തങ്ങളിൽത്തന്നെ നിലനിറുത്തിക്കൊണ്ടു്, മനുഷ്യസ്വഭാവത്തെ സംബന്ധിച്ചു വിധിപറയാൻ അവർ ശക്തരാണെങ്കിലും സാധാരണ നിരപ്പിൽ കവിഞ്ഞ ബുദ്ധിശക്തിയുടെ പ്രവർത്തനം ആവശ്യമായി വരുന്ന കാര്യങ്ങൾക്കു് അവർ പ്രാപ്തരാവുകയാൽ, അവയുടെ മേൽനോട്ടത്തിനു് അവർ പ്രത്യക്ഷമായും അല്ലെങ്കിൽ അവരാൽ തെരഞ്ഞെടുക്കപ്പെടുന്ന സമ്മതിദായകരാൽ പരോക്ഷമായും ആളുകളെ നിശ്ചയിക്കുന്നു.

നാം രണ്ടുകൂട്ടരും ജനങ്ങളെ സ്വന്തം കുഞ്ഞുങ്ങളെയെന്നപോലെ കരുതുകയും പിതൃസഹജമായ മനോഭാവത്തോടെ സ്നേഹിക്കുകയും ചെയ്യുന്നു. എന്നാൽ നിങ്ങൾ അവരെ ധാത്രിമാരുടെ സംരക്ഷണമില്ലെങ്കിൽ വിശ്വസിക്കാൻ വയ്യാത്തവരായ ശിശുക്കളെന്നു കരുതുന്നു; ഞാൻ അവരെ സ്വയംഭരണത്തിനു് അനുവദിക്കാവുന്ന പ്രായപൂർത്തിവന്നവരെന്ന നിലയിൽ കാണുന്നു.

## അമേരിക്കൻ പൗരന്മാരുടെ അടിസ്ഥാനാവകാശങ്ങൾ:

കോറേയ്ക്ക്, 1823

നമ്മുടെ വിവിധ സംസ്ഥാനങ്ങളിലെ ഭരണഘടനകൾ ചില കാര്യങ്ങളെ സംബന്ധിച്ച് ഏറെക്കുറെ വിഭിന്നങ്ങളാണെന്നു ഞാൻ പറഞ്ഞിട്ടുണ്ട്. എന്നാൽ പൗരന്മാരുടെ ജീവൻ, സ്വാതന്ത്ര്യം, സ്വത്ത്, രക്ഷ എന്നിവയുടെ പരിരക്ഷണത്തിനു് അത്യന്താപേക്ഷിതമാണെന്നു് എല്ലാവരും അംഗീകരിക്കുന്നവയും യോജിക്കുന്നവയുമായ ചില തത്വങ്ങളുണ്ട്.

1. മതസ്വാതന്ത്ര്യം; അന്യരുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളെ മാത്രമേ നിയന്ത്രിച്ചിട്ടുള്ളു.

2. രാജ്യത്തിലെ നിയമങ്ങളനുസരിച്ചുള്ളതല്ലാത്ത തരത്തിൽ തടങ്കൽ, ശാരീരികമായ നിയന്ത്രണം എന്നിവയിൽനിന്നു വ്യക്തികൾക്കു സ്വാതന്ത്ര്യം—സുവിദിതമായ ഹേബിയസ് കാപ്പസ് നിയമമനുസരിച്ചാണു് ഇതു് പ്രബലപ്പെട്ടുത്തിയിരിക്കുന്നതു്.

3. ഓരോ വ്യക്തിയുടേയും ശരീരം, സ്വത്ത്, കീർത്തി എന്നിവയുടെ സംരക്ഷണത്തിനു് ഏററവും പര്യാപ്തമായ ജൂറി മുഖാന്തരമുള്ള കുററവിസ്താരം.

4. ജനങ്ങളുടെ പ്രതിനിധികൾക്കു മാത്രമുള്ള നിയമനിർമ്മാണത്തിനും നികുതി ചുമത്തലിനുമുള്ള അധികാരം.

5. വ്യക്തിപരമായ പീഡനങ്ങളെ സംബന്ധിച്ച ബാധ്യതക്കുമാത്രം വിധേയമായ പത്രപ്രവർത്തന സ്വാതന്ത്ര്യം. ഗവൺമെൻറുദ്യോഗസ്ഥന്മാരെ പൊതുജനാഭിപ്രായമാകുന്ന കോടതി മുമ്പാകെ കുററമാരോപിച്ചു നിറുത്തി, അവരെപ്പററി ഗുണദോഷനിരൂപണം നടത്തുന്ന ഈ ഉഗ്രമായ സെൻസർ, മറുതരത്തിലാണെങ്കിൽ വിപ്ലവംകൊണ്ടു നേടേണ്ടതിനെ സമാധാനപൂർണ്ണമായി നേടുന്നു. കൂടാതെ അതു്

മനുഷ്യന്റെ മനസ്സിനെ പ്രബുദ്ധമാക്കി, അവനെ യുക്തിചിന്തയും സാന്മാർഗ്ഗികബോധവുമുള്ള ഒരു സാമൂഹ്യജീവിയായി പരിഷ്ക്കരിച്ചെടുക്കാനുള്ള ഒരുപാധിയുമാകുന്നു.

## ജനാധിപത്യപരമായ പൊതുസന്മാർഗ്ഗം

മാഡിസൺ, 1789

ദേശീയാടിസ്ഥാനത്തിലുള്ള പെരുമാററത്തിന്റെ പ്രേരകഹേതുക്കളിൽ കൃതജ്ഞതയെന്നതു കടന്നു ചെല്ലുകയില്ലെന്നു ഒരു സമാധാനമായി പറയുന്നതു, കൊലപാതകം, വിഷം നൽകൽ, കള്ളസ്സാക്ഷി പറയുക എന്നിവ ന്യായാനുസൃതങ്ങളാണെന്ന തത്വങ്ങളുടെ, നൂറ്റാണ്ടുകളായി സംസ്കരിക്കപ്പെട്ട ഒരു സജാതീയതത്വത്തിന്റെ പുനരുജ്ജീവനത്തെ സഹായിക്കലാണു്. പുരാതനവും, ആധുനികവുമായ പരിഷ്ക്കാരഘട്ടങ്ങളുടെ അന്തരാളമായ അന്ധകാരയുഗത്തിൽ ഇവയൊക്കെ യഥാന്യായമായ തത്വങ്ങളായിരുന്നുവെങ്കിലും പതിനെട്ടാം നൂററാണ്ടിൽ അവ പൊട്ടിത്തകർന്നുപോയി; അവയെ അന്നു ബീഭത്സമായി ഗണിക്കുകയും ചെയ്തിരുന്നു. മനുഷ്യർക്കു തനിയേ പ്രവർത്തിച്ചാലും കൂട്ടായി പ്രവർത്തിച്ചാലും ശരി ഒരൊററസാന്മാർഗ്ഗികതത്വസംഹിത മാത്രമേ സാദ്ധ്യമാകൂ എന്നാണു് ഞാൻ അറിയുന്നതു്. ഞാൻ അന്യരുമായി കൂട്ടുചേർന്നു പ്രവർത്തിക്കുമ്പോൾ ഞാനൊരു ചതിയനായിരിക്കുമെന്നും തനിയെ പ്രവർത്തിക്കുമ്പോൾ സത്യസന്ധനായിരിക്കുമെന്നും പറയുന്നവനെ ആദ്യം പറഞ്ഞ അടിസ്ഥാനത്തിൽ വിശ്വസിക്കാമെങ്കിലും രണ്ടാമത്തെ അടിസ്ഥാനത്തിൽ വിശ്വസിക്കാവുന്നതല്ല ഞാൻ ഒരു കവിയെപ്പോലെ "അവനൊരു കറുത്തമനുഷ്യനാണു്, റോമാക്കാരാ, നീ അവനെ സൂക്ഷിച്ചുകൊള്ളു," എന്നു പറയും. ഒരുത്തന്റെ സാന്മാർഗ്ഗികബോധം അവനിൽ ശരിയായ ഒരു സ്വഭാവരീതി സഞ്ജാതമാക്കുന്നുവെങ്കിൽ എന്തുകൊണ്ടു് ഒരുനൂറു ആളുകളുടെ സാന്മാർഗ്ഗികബോധം, അവരൊന്നായി പ്രവർത്തിക്കുമ്പോൾ അവരിൽ ശരിയായ ഒരു സ്വഭാവരീതി ഉളവാക്കുന്നില്ല?

ചർച്ചാസ്വാതന്ത്ര്യം

ബെഞ്ചമിൻ വേറിങ്ങിനു്, 180

ചിന്തിക്കുന്നതിനും സംസാരിക്കുന്നതിനും സ്വാതന്ത്ര്യമുള്ള മനുഷ്യരുള്ള ഓരോ നാട്ടിലും, കാഴ്ചപ്പാടിൻെറയും യുക്തിചിന്തയുടെ അപൂർണ്ണതയുടേയും അടിസ്ഥാനത്തിൽ അഭിപ്രായഭേദങ്ങളുണ്ടാകുന്നതാണു്. എന്നാൽ ഭാഗ്യപരിലാളിതമായ ഈ രാജ്യത്തിലെന്നപോലെ ഈ വ്യത്യാസങ്ങൾ സ്വതന്ത്രമായ ചർച്ചയുടെ അടിസ്ഥാനത്തിൽ ശുദ്ധീകരിക്കാൻ അനുവദിക്കുകയാണെങ്കിൽ അതു് മാറിപ്പോകുന്ന ഒരു മേഘപാളിമാത്രമായിരിക്കും. ഐക്യനാട്ടുകളിലെ പൗരന്മാരുടെ പ്രത്യേക സ്വഭാവ വിശേഷമായ ക്രമസമാധാനത്തോടുള്ള പ്രേമവും നിയമങ്ങളോടുള്ള ആദരവും ആന്തരികമായ ഭദ്രതയുടെ അസന്ദിഗ്ദ്ധമായ പ്രതിജ്ഞയാണു്, കൂടാതെ, തിരഞ്ഞെടുപ്പു നടത്തുന്നതിനുള്ള വോട്ടവകാശത്തെ നാം അഭയസ്ഥാനമായി പരിരക്ഷിക്കുമെങ്കിൽ, ബുദ്ധിയാൽ ആജ്ഞാപിതവും ജനങ്ങളുടെ ഇച്ഛയിൽ സ്ഥിതിചെയ്യുന്നതുമായ നമ്മുടെ ഭരണഘടനയെ തകിടം മറിക്കുന്നതിനുള്ള എല്ലാ സംഘടിത യത്നങ്ങളേയും സമാധാനപൂർവമായി വിപാടനം ചെയ്യുവാനും സാധിക്കും. ഏതൊരു ഗവൺമെൻറിൻേറയും യഥാന്യായമായ അടിസ്ഥാനം ഈ ഇച്ഛമാത്രമാണു്,

സാർവ്വത്രികമായ വോട്ടവകാശം

ജെ, മൂറിനു്, 1800

എൻെറ അഭിപ്രായം എന്നെന്നും (പൊതുവായ വോട്ടവകാശത്തിനു്) അനുകൂലമായിരുന്നിട്ടേയുള്ളൂ. എന്നിരുന്നാലും മനസ്സിനു് വേണ്ട അനന്യാധീനത നൽകുന്നതിനു് കുറെ സ്വത്തിന്മേലുള്ള അവകാശം ആവശ്യമാണെന്നു വിശ്വസിക്കുന്ന നല്ല സത്യസന്ധരായ ചിലയാളുകൾ, സ്വത്തു

വകാശത്തെ ആധാരമാക്കി വോട്ടവകാശത്തെ നിയന്ത്രിക്കണമെന്നു അഭിപ്രായമുള്ളവരാണെന്നു ഞാൻ കാണുന്നു. ഞാൻ വിശ്വസിക്കുന്നതു് വോട്ടുകൾ വിലയ്ക്കുവാങ്ങുകയും വിൽക്കുകയും ചെയ്യുന്നതിലുള്ള ആപത്തു്, എല്ലാത്തരം വാങ്ങലുകളേയും അസാദ്ധ്യമാക്കിത്തീർക്കത്തക്കതരത്തിൽ വോട്ടുകളെ അത്രയ്ക്കു വർദ്ധിപ്പിക്കുന്നതോടെ കുറച്ചുകളയാമെന്നാണു്. ഞാൻ തുടർന്നു പറയട്ടെ, മനുഷ്യന്റെ സത്യസന്ധത അവന്റെ ധനസ്ഥിതിയോടൊത്തു വർദ്ധിക്കുന്നതായി ഞാൻ കണ്ടിട്ടുമില്ല.

എം. പേജിനു്, 1795

റോഷ്ഫൂക്കാൾഡ്മാരേയും മെണ്ടെയിൻമാരേയും പോലെ പതിനഞ്ചാളുകളിൽ പതിനാലാളുകളും കള്ളന്മാരാണെന്നു് ഞാൻ വിശ്വസിക്കുന്നില്ല......എന്നാൽ കള്ളന്മാർ പന്നികളെപ്പോലെയുള്ള സാധാരണക്കാരായവരിൽ നിന്നും ഉയർന്നുവന്നു അധികാരവും ആദായവുമുള്ള സ്ഥാനങ്ങളിൽ പററികൂടിയിരിക്കാൻ സൂത്രമുപയോഗിക്കുന്നവരായിരിക്കുമെന്നു ഞാൻ എന്നെന്നും കണ്ടിട്ടുണ്ടു്. ഈ കള്ളന്മാരുടെ പ്രഥമയത്നം ജനങ്ങളുടെ വിശ്വാസം മോഷ്ടിച്ചെടുക്കുകയാണു്; പിന്നത്തെ ശ്രമം അതിനെ പിൻവലിക്കാനുള്ള അധികാരത്തെ ജനങ്ങളുടെ അധികാരങ്ങൾക്കെതിരായിത്തന്നെ നിയമങ്ങളേയും സംഘടനകളേയുമുപയോഗിച്ചു മോഷ്ടിക്കുകയുമാണു്.

ഒരു നീതിബോധം

എഫ്. ഡബ്ലിയു. ഗിൽമർ, 1816

മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നതു് സാമൂഹികമായവേഴ്ചയെയുദ്ദേശിച്ചാണു്; എന്നാൽ ഒരു നീതിബോധംകൂടാതെ സാമൂഹികമായ വേഴ്ച നിലനിർത്താവുന്നതുമല്ല; അതിനാൽ മനുഷ്യനെ നീതിബോധത്തോടെയിരിക്കണം സൃഷ്ടിച്ചിരിക്കുന്നതു്. ഗവൺമെന്റുകളെപററിയുള്ള ചിന്തകന്മാരിൽ ഭൂരിപക്ഷത്തിനും പററിയിരിക്കുന്ന ഒരു തെററുണ്ടു്: അതു

(അമേരിക്കൻ) ഇൻഡ്യാക്കാരുടെ സുവിദിതമായ സാമൂഹ്യാവസ്ഥയിൽ പണ്ടേ തന്നെ തിരുത്തേണ്ടതുമായിരുന്നു. ഗവൺമെൻറിൻെറ ഉത്ഭവത്തെപ്പററി അവർക്കുള്ള സങ്കല്പത്തിൽ അതു കുലപതിയുടേയോ രാജാവിൻെറയോ ഭരണരൂപത്തിൽ നിന്നും ആരംഭിച്ചതാണ്. നമ്മുടെ ഇൻഡ്യാക്കാർ, ഒരൊററക്കുടുംബത്തിൻെറ സംഘം എന്ന അവസ്ഥയിൽ നിന്നും കഴിഞ്ഞുപോന്നവരാണെന്നതു് വ്യക്തമാണ്; എന്നാൽ നിർമ്മിതങ്ങളായ നിയമങ്ങളുടേയോ ഉദ്യോഗസ്ഥൻെറയോ അധികാരത്തിനു് അവർ ഇതേവരെ കീഴ് വഴങ്ങിയിട്ടില്ല. അവരുടെയിടയിൽ ഓരോരുത്തനും സേച്ഛപോലെ ജീവിക്കുന്നതിനു് സ്വാതന്ത്ര്യമുള്ളവനാണ്, എന്നാൽ അവൻ ഇങ്ങനെ ചെയ്യുന്നതിൽവച്ചു മററൊരുവൻ്റെ അധികാരങ്ങളെ ഉല്ലംഘിക്കുകയാണെങ്കിൽ—ആ ലംഘനം ലഘുവായതാണെങ്കിൽ സമൂഹത്തിൻെറ അനിഷ്ടംകൊണ്ടു്. എന്നുവച്ചാൽ നമുക്കു പറയാവുന്നപോലെ പൊതുജനാഭിപ്രായം കൊണ്ടും, ഗുരുവായതാണെങ്കിൽ, അവനെ ഒരാപൽക്കാരിയായ ശത്രുവെന്ന നിലയിൽ കൈക്കോടാലികൊണ്ടും ശിക്ഷിക്കപ്പെടുന്നതാണ്. അവരുടെ പ്രധാനികൾ അതു നടത്തുന്നതു അവരുടെ സ്വഭാവത്തിൻെറ സ്വാധീനതകൊണ്ടാണു; അവർ തങ്ങളുടെ ഇഷ്ടംപോലെ അനുസരിക്കുന്നതും അനുസരിക്കാതെയിരിക്കുന്നതും, അറിവിൻേറയും യുദ്ധത്തിൻേറയും കാര്യത്തിൽ അവർക്കും ഏററവും മതിപ്പുള്ളവരേയാണ്.

ഭരണം എത്ര കുറഞ്ഞിരിക്കുന്നുവോ അത്രയും നല്ലതു്

നോട്ടസ് ഓൺവെർജീനിയാ, കാപി 11 (1787

റിവൈസ്ഡ് എഡിഷൻ)

വളരെയേറെ ചെറുസമൂഹങ്ങളായി വേർതിരിക്കപ്പെട്ടിരിക്കുന്ന (അമേരിക്കൻ) ഇൻഡ്യാക്കാർ ഒരിക്കലും ഏതെങ്കിലും നിയമങ്ങൾക്കോ അധികാരത്തിനോ ഗവൺമെൻറിൻെറ നിഴലിനുമോ വിധേയരായിരുന്നിട്ടില്ല. അവരെ

നിയന്ത്രിക്കുന്നവ അവരുടെ ആചാരങ്ങളും, ഓരോമനുഷ്യ നിലും, അവന്റെ സഹജസ്വഭാവമായി രുചിയറിയുന്നതിനും വികാരങ്ങൾക്കു വിധേയരാകുന്നതിനുമുള്ള കഴിവിനെപ്പോലെ തെററും ശരിയും വേർതിരിച്ചറിയുന്നതിനുള്ള സാമ്രാജ്ഗികബോധവും മാത്രമാണു്. ഇതിനെതിരായുള്ള കുററത്തെ അപമാനംകൊണ്ടു് സമുദായത്തിൽ നിന്നുമുള്ള ബഹിഷ്കരണം കൊണ്ടു് ശിക്ഷിക്കുന്ന............ഈദൃശമായ ശിക്ഷാസമ്പ്രദായം അപൂർണ്ണമായിത്തോന്നാമെങ്കിലും അവരുടെയിൽ കുററങ്ങൾ വളരെ വിരളമാണു്: അതിന്റെ വെളിച്ചത്തിൽ അപരിഷ്കൃതരായ അമേരിക്കാക്കാരുടെയിടയിലെന്നപോലെ നിയമങ്ങളില്ലാത്തതോ, പരിഷ്കൃതരായ യൂറോപ്യന്മാരുടെ ഇടയിലെപ്പോലെ വളരെയധികം നിയമങ്ങളുള്ളതോ ഏതാണു് മനുഷ്യനെ തിന്മയ്ക്കുകൂടുതൽ വിധേയനാക്കുന്നതെന്നു ചോദിക്കുകയാണെങ്കിൽ, ഈ രണ്ടു കൂട്ടരുടേയും സ്ഥിതികൾ കണ്ട ഒരാൾ രണ്ടാമത്തേതാണെന്നും ആടുകൾക്കു ചെന്നായുടെ മേൽ നോട്ടത്തിൽ കഴിയുമ്പോഴത്തേക്കാൾ സ്വന്തം ആശ്രയത്തിൽ കഴിയുന്നതാണു് കൂടുതൽ ആനന്ദകരമായിട്ടുള്ളതെന്നും പ്രഖ്യാപിക്കുന്നതായിരിക്കും. വലിയ സമൂഹങ്ങൾക്കു് ഗവണ്മമെൻറുകൾ കൂടാതെ നിലനിൽക്കുവാൻ സാദ്ധ്യമല്ലെന്നു് പറഞ്ഞേക്കാം അപരിഷ്കൃതവർഗ്ഗക്കാർ, അതുകൊണ്ടു് അവയെ ചെറിയവയായി മുറിച്ചുകളയുന്നു.

## IV റിപ്പബ്ളിക്കനിസം

### റിപ്പിബ്ളിക്കു് എന്നുവച്ചാൽ എന്തു്

ജെ. ററയിലറിനു്, 1816

ഓരോഭാഷയിലും റിപ്പ്ബ്ളിക്കു് എന്ന പദം അത്ഥശങ്കയ്ക്കിടം നൽകുന്നതാണെന്നകാര്യം അംഗീകരിച്ചതിരു, റിപ്പ്ബ്ളിക്കെന്നു് അവകാശപ്പെടുന്ന ഹോളണ്ടു്, സ്വിററു

സർലൻഡ്, ജെനോവാ, വെനീസ്, പോളണ്ട് എന്നിവയെ ഉദാഹരണമായി നോക്കുക. ഈ പദത്തിനു് കൃത്യവും വ്യക്തവുമായ ഒരു അർത്ഥം നൽകണമെന്നുണ്ടെങ്കിൽ ഞാൻ ശുദ്ധമായും ലഘുവായും പറയുന്നതു് ഭൂരിപക്ഷം നിശ്ചയിക്കുന്ന നിയമമനുസരിച്ചു് പൗരന്മാർക്കൂട്ടായും പ്രത്യക്ഷമായും പ്രവർത്തിപ്പിക്കുന്ന ഒരു ഗവൺമെൻറാണെന്നായിരിക്കുമെന്നും, ഓരോഗവൺമെൻറും ഏറെക്കുറെ റിപ്പബ്ലിക്കൻ രൂപത്തിലുള്ളതാണെന്നു പറയുന്നതു് പൗരന്മാർക്കു നേരിട്ടുള്ള പ്രവർത്തനത്തിനുള്ള അധികാരം അവയുടെ ഗവൺമെൻറിൻെറ ഘടനയിൽ എത്രയുണ്ടെന്നുള്ളതിൻെറ അനുപാതമനുസരിച്ചായിരിക്കുമെന്നുമാണു്. അത്തരത്തിലുള്ള ഒരു ഗവൺമെൻറു് വിസ്തീർണ്ണത്തിന്റെയും ജനസംഖ്യയുടേയും ഇടുങ്ങിയ പരിധികളുള്ളിലേക്കു ഒതുക്കപ്പെട്ടതായിരിക്കും. അങ്ങനെയുള്ളതു് ന്യൂ ഇംഗ്ലണ്ടിലെ നഗരത്തിൻെറ വലിപ്പത്തിൽ കവിഞ്ഞുള്ളവയുടെ കാര്യത്തിൽ പ്രായോഗികമായിരിക്കുമോ എന്നു ഞാൻ സന്ദേഹിക്കുന്നു.

ജീവവായുവെപ്പോലെ സ്വന്തമായി ജീവിതം നിലനിറുത്താൻ കഴിയാത്തതായ ഈ ശുദ്ധഭൂത വസ്തുവിൻെറ പ്രധാനലക്ഷണം ഗവൺമെൻറിൻെറ അധികാരങ്ങൾ വിഭജിക്കപ്പെട്ടിരിക്കുമ്പോൾ, ആ സന്ദർഭത്തിനു് വേണ്ടിയോ, ജനങ്ങളുടെ അഭിപ്രായപ്രകടനകർത്തവ്യത്തെ ഭദ്രമാക്കി വെയ്ക്കുന്നതുകൊണ്ടു ഹ്രസ്വമായ ഒരു കാലഘട്ടത്തേക്കു വേണ്ടിയോ തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ അവയെ കൈകാര്യം ചെയ്യണമെന്നുള്ളതാണു്. വിസ്തീർണ്ണമേറിയ ഒരു രാജ്യത്തേയും സംഖ്യാബലമുള്ള ഒരു ജനതയേയും സംബന്ധിച്ചു പ്രായോഗികമായി സ്വീകരിക്കാവുന്ന ഒരു റിപ്പബ്ലിക്കിൻെറ ഏററവും ശുദ്ധമായ രൂപം ഇതാണെന്നു ഞാൻ കരുതുന്നു. ഇതിൻെറ ചില ഉദാഹരണങ്ങൾ നമ്മുടെ ചില സംസ്ഥാനങ്ങളിലെ ഭരണഘടനകളിലുണ്ടതാനും. പുരോഹിതവർഗ്ഗത്തിൻെറ കൗടില്യങ്ങളാൽ അവ ദൂഷിതമാക്കപ്പെടാതെയിരിക്കുമെങ്കിൽ, മററു ഭൂതവസ്തുക്കളുടെ ചേരുവകളേക്കാൾ, സമപരിമാണത്തിലുള്ള വിഷം കലർന്നതായാൽ തന്നെയും മെച്ചമേറിയതായിരിക്കും.

ജനങ്ങൾ ഏറെക്കുറെ നേരിട്ട്, കുറെ വർഷങ്ങൾക്കോ ജീവിതകാലം വരെയോ, പാരമ്പര്യമനുസരിച്ചോ, തെരഞ്ഞെടുക്കപ്പെടുന്ന ഭരണ നിർവാഹക മണ്ഡലവും നീതി മണ്ഡലവും നിയമനിർമ്മാണ മണ്ഡലവും അതിൻെറ വിഭാഗങ്ങളും ചില ഗവൺമെൻറുകളിൽ കാണാവുന്നതാണ്, അതുപോലെ ജനങ്ങളോടു ചുമതലപ്പെട്ടും അല്ലാതെയും പ്രവത്തിക്കുന്ന സങ്കലിതാധികാര സ്ഥാനങ്ങളിലും പൗരന്മാരുടെ പ്രത്യക്ഷവും നിരന്തരവുമായ നിയന്ത്രണത്തിൽ നിന്നുമെത്ര അകന്നു പോകുന്നുവോ അത്രയ്ക്ക്, ഒരു ഗവൺമെൻറിൽ റിപ്പബ്ലിക്ക തത്വത്തിൻെറ അംശം കുറഞ്ഞിരിക്കും; എന്നാൽ ഫ്രാൻസ്, വെനീസ് മുതലായ രാജ്യങ്ങളിലെപ്പോലെ കുടുംബപാരമ്പര്യമനുസരിച്ചോ, ഹോളണ്ടിലെപ്പോലെ സ്വയം നിയമിതമായോ പ്രവത്തിക്കുന്ന അധികാരസ്ഥാനങ്ങൾക്കും ഇതിൻെറ അംശം തീരെയില്ലാതിരിക്കും; ജീവിതകാലത്തേക്കുള്ളതാണെങ്കിൽ തിരഞ്ഞെടുപ്പിനു ശേഷം ജീവിച്ചിരിക്കുന്ന കാലത്തിനു അനുപാതമായി അതും അതിൽ നാമമാത്രമായുണ്ടായിരിക്കയും ചെയ്യും.

നമ്മുടെ സ്വന്തം രാജ്യത്തിലെ ഗവൺമെൻറിലെ റിപ്പബ്ലിക്കൻ ലക്ഷണം പ്രതിനിധി സഭയാണ്. സെനററു് ഒന്നാമത്തെ വർഷത്തിൽ തത്തുല്യമായും, വർഷങ്ങൾ കഴിയുന്നതോടെ കുറവായും റിപ്പബ്ലിക്കൻ സ്വഭാവത്തിലുള്ളതായിരിക്കും മരണംവരെ പ്രവത്തിക്കാൻ വേണ്ടിയുള്ളതെന്ന കാരണത്താൽ നീതിമണ്ഡലം ഗുരുതരമായിത്തന്നെ ജനാധിപത്യവിരുദ്ധമാണ്. സൈനികവിഭാഗമാണെങ്കിൽ, നിങ്ങൾക്കു കാണാൻ കഴിയുന്നതുപോലെ തങ്ങളോടുമാത്രം ചുമതലയുള്ള പട്ടാളമേധാവികളാൽ നിയന്ത്രിക്കപ്പെടുന്നു.

"ഒരു ഭരണകൂടത്തിൻെറ ഘടകങ്ങളെന്താണ്,
ഉന്നതങ്ങളായ പ്രാകാരങ്ങളോ
പണിപ്പെട്ടുണ്ടാക്കിയ കൊത്തളങ്ങളോ
വണ്ണമേറിയ മതിലുകളോ
കിടങ്ങുള്ള പ്രവേശനദ്വാരങ്ങളോ അല്ല,

അഹംഭാവം പൂണ്ട, ഗോപുരങ്ങളും സ്തൂപികകളുമുള്ള നഗരങ്ങളും അല്ല.

മനുഷ്യർ, വിശാലചിത്തരായ മനുഷ്യർ,
സ്വന്തം കത്തവ്യങ്ങളെപ്പററി ബോധമുള്ള മനുഷ്യർ,
ഇവയുമല്ല,

എന്നാൽ തങ്ങളുടെ അവകാശങ്ങളെന്തെന്നറിയുന്ന് അറിഞ്ഞുകൊണ്ട് അവയെ നിലനിത്തുകയും ചെയ്യുന്ന മനുഷ്യരാണ് ഒരു ഭരണകൂടത്തിന്റെ ഘടകങ്ങൾ.

അമേരിക്കൻ ഗവൺമെൻറുകൾ റിപ്പബ്ലിക്കൻ സ്വഭാവത്തിലുള്ളവയാണോ?

ജെ. റെറയിലറിന്, 1816

ഗവൺമെൻറിന്റെ വിവിധ ശാഖകളിന്മേൽ ജനങ്ങൾക്കുള്ള നിയന്ത്രണത്തിന്റെ അളവാണ് റിപ്പബ്ലിക്കനിസത്തിന്റെ മാനദണ്ഡമെങ്കിൽ — അതല്ലാതെ വേറെയെന്തെങ്കിലും മാനദണ്ഡമുള്ളതായി ഞാനറിയില്ല — പ്രതീക്ഷിക്കാവുന്നതിൽനിന്നും വളരെ കുറവായി മാത്രമേ നമ്മുടെ ഗവൺമെൻറുകളിൽ അതുള്ളൂ എന്നു നമുക്കു സമ്മതിക്കേണ്ടിയിരിക്കുന്നു. അതായത്, ജനങ്ങൾക്ക് തങ്ങളുടെ അവകാശങ്ങളും താൽപര്യങ്ങളും പരിരക്ഷിക്കാൻ പര്യാപ്തമായ നിയന്ത്രണം അവരുടെ പ്രതിനിധികളുടെ മേൽ ഇല്ല. ഇതിന്റെ കാരണമായി ഞാൻ കാണുന്നത് ഈ സംവിധാനങ്ങളുണ്ടാക്കിയവരുടെ ഗണതന്ത്രാത്മകമായ മനോഭാവത്തിന്റെ വിഹീനതയല്ല, നേരേമറിച്ച് യൂറോപ്പിലെ പ്രാമാണികർക്കും, തങ്ങളുടെ വൻനഗരങ്ങളിലെ ജനതയെപ്പററിയുള്ള ഭയത്താൽ പ്രചോദിതമായവരുടെ ഗവൺമെൻറിനെപ്പററിയുള്ള അഭിപ്രായങ്ങൾക്കും കീഴ്‌വഴങ്ങിക്കൊണ്ട്, ഐക്യനാടുകളിലെ സ്വതന്ത്രരും ഭാഗ്യവന്മാരും അക്കാരണത്താൽ അച്ചടക്കമുള്ളവരുമായ പൗരന്മാരെപ്പററി അന്യായമായി വച്ചുപുലത്തുന്ന ധാരണയാണെന്നാകുന്നു.

ഈ അന്ധവിശ്വാസങ്ങളെ വിപാടനം ചെയ്യുന്നതിനുള്ള സുവർണ്ണമുഹൂർത്തം അതിക്രമിച്ചുപോയി എന്നു ഞാൻ

വളരെ ഭയപ്പെട്ടുന്നു. അവയെ പരിമിതപ്പെടുത്തുന്നതിനു് അധികാരം കൈകാര്യം ചെയ്യുന്ന ഭരണനിർവാഹകന്മാർ വിരളമായി മാത്രമേ തുനിയുകയുള്ളു; കൂടാതെ സുസംഘടിതമായ ഒരു പ്രതിപക്ഷത്തിനെതിരേ ഭേദഗതികൾക്കായുള്ള ഒരു അസംഘടിതമായ ആഹ്വാനം ബലപ്പെടുകയുമില്ല. നമ്മോടു എപ്പോഴും പറയാറുള്ളതു്, "കാര്യങ്ങൾ നന്നായി നടക്കുന്നു: എന്തിനു് വേണ്ടി അവയെ മാററ"ണമെന്നാണു്. ഇററലിക്കാരൻ പറഞ്ഞു: "നല്ലവണ്ണം നിൽക്കുന്നവൻ അനങ്ങാതെനിൽക്കട്ടെ"യെന്നു. ഇതു ശരിതന്നെ; നമ്മുടെ ഇന്നത്തെ സ്വഭാവം ജനതയുടെ ചേതനയനുസരിച്ചു വ്യവസ്ഥാപിതത്വത്തിനും ഉത്സാഹത്തിനും സമാധാനകാംക്ഷക്കും അനുഗുണമായി നിയന്ത്രിതമായിരിക്കുന്നിടത്തോളം കാലം ഒരു രാജവാഴ്ചക്കു് അവർ വിധേയരായിരിക്കും. എന്നാൽ അതങ്ങനെയായിരിക്കുന്ന സന്ദർഭത്തിലാണു് അതിൻെറ അധഃപതനത്തിൻെറ അനന്തരഫലങ്ങളുണ്ടാകാതെ നോക്കാൻ വ്യവസ്ഥകൾ ചെയ്യേണ്ടതു്. ഇനിമേലിലെങ്കിലും അതു ചെയ്യപ്പെട്ടുമെന്നും, ഒരിക്കലും സംഭാവ്യമല്ലാത്ത ദോഷങ്ങളുടെ വേദനയിൽ നിന്നും നാം ഒഴിവിക്കപ്പെട്ടുമെന്നുമുള്ള വിശ്വാസത്തിൽ നമുക്കു വിശ്രമിക്കാം.

റിപ്പ്ബ്ളിക്ക് എന്ന പദത്തിൻെറ അത്ഥത്തെപ്പററി "അതെന്തുമാകാം, ഒന്നും തന്നെയാകാതെയുമിരിക്കാം" എന്നു പറഞ്ഞിട്ടുള്ളതിനു് പകരം നമുക്കു ഗവൺമെൻറുകളുടെ ഘടനയിൽ ജനങ്ങളുടെ തിരഞ്ഞെടുപ്പിനും നിയന്ത്രണത്തിനുമുള്ള അവകാശത്തിൻെറ ഏററക്കുറച്ചിൽ അതിലുള്ളതനുസരിച്ചു റിപ്പബ്ളിക്കൻ സ്വഭാവം ഏറിയോ കുറഞ്ഞോ ഇരിക്കുമെന്നും നമുക്കു സത്യമായിത്തന്നെ പറയാം; കൂടാതെ ഞാൻ വിശ്വസിക്കുന്നതുപോലെ ജനങ്ങളുടെ അവകാശങ്ങളെ സുരക്ഷിതമായി സൂക്ഷിക്കാനുള്ള അറ പൗരന്മാർ തന്നെയാണെന്നും, പ്രത്യേകിച്ചു് ജനങ്ങളുടെ പതിവിദ്യകളിൽ നിന്നും ഉത്ഭൂതമാകുന്ന ദോഷങ്ങൾ അവരുടെ പ്രതിനിധികളുടെ അഹന്തയിൽ നിന്നുമുണ്ടാകുന്നവയിൽ നിന്നും ആപത്തു കുറഞ്ഞവയാണെന്നും വിശ്വസിക്കുകയും ചെയ്യു

ന്നു—ഈ ഘടകം കൂട്ടതലായുള്ള ഭരണസംവിധാനത്തിൻെറ ഒരു സുഹൃത്താണു് ഞാൻ.

# V രാഷ്ട്രീയകക്ഷികൾ

## കുലീനാധിപത്യവാദികളും ജനാധിപത്യവാദികളും

എച്ച്, ലീയ്ക്കു്, 1824

മനുഷ്യർ, അവരുടെ മാനസികമായ ഘടനയനുസരിച്ചു് പ്രകൃത്യാ തന്നെ രണ്ടു കക്ഷികളായി ഭാഗിക്കപ്പെട്ടിരിക്കുന്നു. 1. ജനങ്ങളെ ഭയപ്പെട്ടും അവിശ്വസിച്ചും അവരിൽ നിന്നും സകല അധികാരങ്ങളും പിടിച്ചുവാങ്ങി ഉന്നതവർഗ്ഗങ്ങൾക്കു നൽകണമെന്നു് ആഗ്രഹിക്കുന്നവർ. 2. ജനങ്ങളുമായി ഒന്നുചേർന്നു് പൊതുതാൽപര്യങ്ങളെ സംബന്ധിച്ചിടത്തോളം ഏററവും ബുദ്ധിയുള്ള നിക്ഷേപസ്ഥാനമല്ലെങ്കിലും ഏററവും സത്യസന്ധരും സുരക്ഷിതരുമെന്നു ഗണിക്കാവുന്ന അവരിൽ വിശ്വാസമുള്ളവർ, എല്ലാരാജ്യങ്ങളിലും ഈ രണ്ടു വിഭാഗക്കാരുമുണ്ടു്, സ്വതന്ത്രമായി ചിന്തിക്കാനും സംസാരിക്കാനും എഴുതാനും അധികാരമുള്ള രാജ്യങ്ങളിലാണെങ്കിൽ, അവർ അതു പ്രഖ്യാപിക്കുകയും ചെയ്യും. അവരെ ഉൽപതിഷ്ണുക്കളെന്നോ അടിമകളെന്നോ, ജാക്കോബിൻസെന്നോ അൾട്രാസെന്നോ, വിഗ്ഗുകളെന്നോ ററാറികളെന്നോ റിപ്പബ്ളിക്കൻസെന്നോ ഫെഡറലിസ്ററുകളെന്നോ വിളിക്കുക, എന്നാൽ അവരെല്ലാം തന്നെ ഒരേ ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഒരേ കക്ഷിയിൽപെട്ടവരായിരിക്കും. അവയുടെയെല്ലാം സാരത്തെ ശരിയായി പ്രകടിപ്പിക്കുന്നതിനുള്ള നാമധേയം കുലീനാധിപത്യവാദികളും ജനാധിപത്യ വാദികളുമെന്നുള്ളതാണു്.

രാഷ്ട്രീയ കക്ഷികൾ ഒരു ഡിമോക്രസിക്കു അനിവാര്യമാകുന്നു.

ജെ. റെറയിലറിനു്, 1798

സ്വതന്ത്രവും ചിന്തനോത്സുകവുമായ എല്ലാസമുദായത്തിലും, മനുഷ്യസ്വഭാവത്തിനനുയോജ്യമായി എതിർകക്ഷികളും ഉഗ്രമായ അഭിപ്രായ വ്യത്യാസങ്ങളും ഉണ്ടായിരിക്കും. ഇവയിലൊന്നു മറേറതിനേക്കാൾ ദീർഘകാലത്തേക്കോ ഹ്രസ്വകാലത്തേക്കോ പ്രബലമായിരിക്കയും വേണം. ഒരു പക്ഷേ, ഈ കക്ഷിവ്യത്യാസം ഓരോന്നിനേയും മറേറതിൻെറ പ്രവർത്തനങ്ങളെ ശ്രദ്ധിക്കുവാനും ജനങ്ങളെ അവയെപ്പററി ബോധവാന്മാരാക്കാനും ആവശ്യമാണു്. എന്നാൽ ഒരു കക്ഷിക്കു താല്ക്കാലികമായുള്ള ഭൂരിപക്ഷമുണ്ടായിരിക്കേ മറേറക്കക്ഷി യൂണിയൻെറ ഛേദനത്തിനു് തയ്യാറാവുകയാണെങ്കിൽ ഫെഡറൽ ഗവൺമെൻറിനു് നിലനില്ക്കാൻ സാദ്ധ്യമാകയില്ല.

മാസാച്ചുസെറ്റ്സിലേയും കണക്‌ററിക്കട്ടിലേയും ഇന്നത്തെഭരണരീതിയിൽ നിന്നും രക്ഷനേടുവാൻ വേണ്ടി നാം യൂണിയനെ തകർക്കുകയാണെങ്കിൽ അതോടുകൂടെ ദോഷങ്ങൾ അവസാനിക്കുമോ? ന്യൂ ഇംഗ്ലണ്ടു് സംസ്ഥാനങ്ങൾ വേർതിരിഞ്ഞുപോകുന്നു എന്നു വിചാരിക്കുക, അപ്പോൾ നമ്മുടെ സ്വഭാവം മാറുമോ? അപ്പോഴും നാം അതിൻെറതെക്കുള്ളവരും മനുഷ്യസഹജമായ വികാരങ്ങളുള്ളവരുമായിരിക്കും. അങ്ങനെ അവശേഷിക്കുന്ന സംസ്ഥാനസംഘട്ടനത്തിൽ ഉത്തരക്ഷണത്തിൽത്തന്നെ ഓരോ പെൻസിൽവേനിയാകക്ഷിയും വെർജീനിയാക്കക്ഷിയും ഉദയം ചെയ്യുന്നതും പഴയ കക്ഷിചിന്തകൊണ്ടു ജനങ്ങളുടെ മനസ്സു് സംക്ഷുബ്ധമാകുന്നതും കാണാം. ഇന്നിന്ന കാര്യങ്ങൾ മറേറക്കക്ഷിചെയ്യുന്നില്ലെങ്കിൽ തങ്ങൾ വടക്കൻ പ്രദേശത്തുകാരോടുകൂടിച്ചേർന്നുകളയുമെന്നു നിരന്തരമായി ഭീഷണിപ്പെടുത്തുകയെന്നുവരുന്നതു് എന്തൊരു ക്രൂരമായ വിനോദമായിരിക്കും ...

അങ്ങനെ, തങ്ങളിൽ മത്സരിക്കാത്ത മനുഷ്യസമൂഹങ്ങളുണ്ടായിരുന്നിട്ടില്ലെന്നും വലിയ രാഷ്ട്രങ്ങളുടെ കാര്യത്തിൽതൊട്ടു നഗരസഭായോഗങ്ങളും പള്ളിയോഗങ്ങളും സംബന്ധിച്ചവയിൽ വരെ ഈ മത്സരമുണ്ടെന്നും, നമുക്ക എന്നും മത്സരിക്കാൻ ആരെങ്കിലുമുണ്ടായിരിക്കണമെന്നും മനസ്സിലാക്കി, നാം ചെയ്യേണ്ടതു് നമ്മുടെ നവ ഇംഗ്ലണ്ടു് കാരായ കൂട്ടുകാരെ, നമ്മുടെ ശണ്ഠകൾ മററാരുമായിത്തീരാതെയിരിക്കാൻവേണ്ടി, ആ ഉദ്ദേശത്തിനായി വച്ചുകൊണ്ടിരിക്കുകയാകുന്നു

അമേരിക്കയിലെ രണ്ടു രാഷ്ട്രീയകക്ഷികൾ

ജാൺവൈസിനു്, 1798

ഐക്യനാടുകളിൽ രണ്ടു രാഷ്ട്രീയകക്ഷികൾ ഉത്ഭവിച്ചിരിക്കുന്നു; ഒന്നു വിശ്വസിക്കുന്നതു് നമ്മുടെ ഗവൺമെൻറിൻെറ ഏററവും ശക്തമായി വച്ചേക്കേണ്ട ശാഖ ഭരണനിർവഹണമണ്ഡലമാണെന്നാണു്; മറേറതു വിശ്വസിക്കുന്നതു് ഭരണസംവിധാനത്തിൻെറ ഗണതന്ത്രാത്മകമായ സ്വഭാവത്തിനു് അതു് ഇംഗ്ലീഷുഭരണകൂടത്തിലേതിലെപ്പോലെ, ഇപ്പോൾതന്നെ കൂടുതൽ ശക്തമായിപ്പോയി എന്നാണു്...... ആദ്യത്തെ വിഭാഗത്തെ ഫെഡറലിസ്ററുകളെന്നു പറയും, ചിലപ്പോൾ അവർ ഇംഗ്ലീഷുഗവൺമെൻറിൽ സമാന്തരമായുള്ള നിർവചനത്തിൽ പെടുന്ന് കുലീനാധിപത്യവാദികളും ഏകാധിപത്യവാദികളും യഥാസ്ഥിതികരും തന്നെയാണു്; മറേറ വിഭാഗക്കാർ റിപ്പബ്ളിക്കന്മാരാണു്. ഉൽപതിഷ്ണുക്കൾ, ജാക്കോബിൻസ്, അരാജകപക്ഷക്കാർ, സംഘടനാ വിരുദ്ധന്മാർ മുതലായവർ. ഈ പദങ്ങൾ വളരെയാളുകൾക്കും സുപരിചിതങ്ങളാണു് ......ഇരുഭാഗത്തും വളരെ യോഗ്യരും ബുദ്ധിമതികളുമായവരുണ്ടു്; എന്നെപ്പററിപ്പറയുകയാണെങ്കിൽ രാഷ്ട്രീയവിശ്വാസങ്ങൾ, സന്മാർഗ്ഗനിഷ്ഠയുള്ളവനും നല്ലവനുമായ ഒരുവനെപ്പററിയെനിക്കുള്ള മതിപ്പു് ഇല്ലാതെയാക്കിയിട്ടില്ല.

അബിഗെയിൽ ആഡംസിനു്, ൧൮0൧

അഭിപ്രായങ്ങളുടെ കാര്യത്തിൽ എന്നിൽ നിന്നും വിയോജിക്കുന്നതിനു അന്യയാത്മകൾക്കുള്ള അധികാരത്തെ അവരിൽ ഒരുതരത്തിലുമുള്ള കുററവും, ആരോപിക്കാതെ തന്നെ തികഞ്ഞ സൗജന്യബുദ്ധിയോടെ ഞാൻ അനുവദിക്കുന്നു. മനുഷ്യന്റെ ബുദ്ധിവിവിധതരത്തിൽ പ്രവൎത്തിക്കുന്നു എന്നതിൽ തനിക്കു അത്ഭുതം തോന്നാത്തതരത്തിൽ അതിന്റെ ദൗർബല്യവും സന്ദിഗ്ദ്ധതയും എനിക്കു നന്നായറിയാം. നമ്മുടെ രണ്ടു രാഷ്ട്രീയകക്ഷികളും—ഇങ്ങേയററം അവയിലെ സത്യസന്ധരായവരെങ്കിലും, പൊതുനന്മയെന്ന ലക്ഷ്യത്തെ സംബന്ധിച്ചിടത്തോളം യോജിക്കുന്നു; എന്നാൽ ആ ലക്ഷ്യപ്രാപ്തിയെ സഹായിക്കുന്ന മാർഗ്ഗമെന്താണെന്നതിനെപ്പററിയുള്ള ധാരണയുടെ കാര്യത്തിൽ മൗലികമായ അഭിപ്രായ വ്യത്യാസവും പ്രകടിപ്പിക്കുന്നു. ഒരു കക്ഷി ... ജനങ്ങളുടെ അജ്ഞതയെ അങ്ങേയററം ഭയപ്പെടുന്നു, മറേറക്കക്ഷി ജനങ്ങളോടുത്തരവാദപ്പെടാത്ത ഭരണാധികാരികളുടെ സ്വാൎത്ഥതയേയും. ഏതാണു് ശരിയെന്നുള്ളതു് കാലവും അനുഭവവും തെളിയിക്കുന്നുണ്ടാവും. നാം വിചാരിക്കുന്നതു ഈ പരീക്ഷണത്തിന്റെ ഒരു ഭാഗം വേണ്ടതിലധികം നോക്കിയതാണെന്നും അതു ഭൂരിപക്ഷത്തിന്റെ നന്മക്കു് സഹായകമല്ലെന്നും മറേറഭാഗം ന്യായമായും വേണ്ടതുയും നോക്കിയിട്ടില്ലെന്നുമാണു്. നമ്മുടെ എതിരാളികളുടെ വിശ്വാസം നേരേമറിച്ചുള്ളതത്രേ. രാഷ്ട്രത്തിന്റെ ഭൂരിപക്ഷം ഏതൊരഭിപ്രായത്തെ അനുകൂലിക്കുന്നുവോ, അതു നിലനില്ക്കണം. ഈ വിഷയത്തിൽ എനിക്കുള്ള ഉൽക്കണ്ഠ സത്യത്തിന്റേയും യുക്തിയുടേതുമായ ന്യായവും മാന്യവുമായ മാർഗ്ഗമല്ലാതെ യാതൊന്നും സ്വീകരിക്കാൻ എന്നെ അനുവദിക്കുകയില്ല; അതു് സാന്മാർഗ്ഗിക മൂല്യത്തെക്കുറിച്ചു് എനിക്കുള്ള ബഹുമാനത്തെ ന്യൂനീകരിക്കുകയോ, ഏതെങ്കിലും സ്നേഹിതനോടു് എനിക്കുള്ള സൗഹൃദം, എന്നിൽ നിന്നും അദ്ദേഹം അതു് പിൻവലിക്കാത്തകാലത്തോളം ഇല്ലാതാക്കുകയോ ചെയ്യുകയില്ല.

ഈ രണ്ടു കക്ഷികളുമായി മൗലികമായുള്ള വ്യത്യാസം

ജഡ്ജ് ജോൺസൺ, 1823

നമ്മുടെ ഗവൺമെൻറു രൂപവൽക്കരിച്ചകാലത്തു് വള രെയാളുകളും, ദൂഷിതങ്ങളാണെങ്കിലും പഴയ രാജ്യങ്ങളിലെ പ്രത്യേകിച്ചു് ഇംഗ്ലണ്ടിലെ അനുഭവങ്ങൾ വെറും സിദ്ധാ ന്തങ്ങളേക്കാൾ വിശ്വസിക്കാവുന്ന ഒരു മാർഗ്ഗദശിയാണെ ന്നു വിശ്വസിച്ചുകൊണ്ടു് യൂറോപ്പിലെ ഗ്രന്ഥങ്ങളേയും ആ ചാരങ്ങളേയും ആധാരമാക്കി രാഷ്ട്രീയാഭിപ്രായങ്ങൾ രൂപവൽകരിച്ചരുന്നുവെന്നുള്ളതാണു് സത്യം. യൂറോ പ്പിലെ സിദ്ധാന്തങ്ങൾ ജനബാഹുല്യമുള്ള സംഘടന കളുടെ അംഗങ്ങളെ, അവരുടെ ഇഛക്കു വിധേയരല്ലാതെ യുള്ള അധികാരികളാൽ കൈകാര്യം ചെയ്യപ്പെടുന്ന ശാരീ രികവും സന്മാർഗ്ഗികവുമായ ശക്തികൊണ്ടല്ലാതെ ക്രമനീ തികളുടെ പരിധികൾക്കുള്ളിൽ നിയന്ത്രിച്ചു നിറുത്താൻ സാദ്ധ്യമല്ലെന്നുള്ളതായിരുന്നു. അതുകൊണ്ടാണു് രാജാക്കന്മാ രുടേയും പ്രഭുപരമ്പരയുടേയും പുരോഹിതന്മാരുടേയും കൂട്ടുകെ ട്ടുണ്ടായിത്തീർന്നതു്. കൂടാതെ അവരെ കഠിനമായി അദ്ധ്വാ നിപ്പിച്ചു. ദാരിദ്ര്യത്തിലും അജ്ഞതയിലും പൂഴ്ത്തിനിറു ത്തി, അവരിൽ നിന്നും തേനീച്ചകളിലെന്നപോലെ തോരാ ത്ത അദ്ധ്വാനംകൊണ്ടുമാത്രം ദരിദ്രവും ശോചനീയവുമായ ഒരു ജീവിതം പുലർത്താൻവേണ്ടി എന്നെന്നും നിസ്വരായാ രിക്കത്തക്കവണ്ണം അവരുടെ സമ്പാദ്യമൊക്കെ കൈവശ പ്പെടുത്തേണ്ടതു് ആവശ്യമാണെന്നും അവർ കരുതുന്നു. എന്നിട്ടു അങ്ങനെയുണ്ടാക്കുന്ന ധനം പ്രത്യേകാവകാശമുള്ള വർഗ്ഗക്കാരെ, അവരൊക്കെ ഉന്നതന്മാരായ ജീവികളെന്ന പോലെ സാധാരണക്കാരെക്കൊണ്ടു കരുതിപ്പിച്ചു അവരെ ആരാധിക്കാനും അവർക്കു കീഴവഴങ്ങിക്കൊടുക്കാനും പര്യാ പ്തമാകത്തക്കവണ്ണം അവരുടെ കണ്ണുകൾ അഞ്ചിപ്പിക്കുമാറു പ്രൗഢിയിലും തന്ദ്രതയിലും കഴിയുവാൻ വിനിയോഗി ക്കുന്നു.

ഈ ദൃശമായ അഭിപ്രായങ്ങൾ നമ്മിൽ ചുരുക്കമാളുകൾക്കുമാത്രമേ ഉണ്ടായിട്ടുള്ളുവെങ്കിലും വളരെയാളുകൾക്കു ഏറെക്കുറേ ഈ മാർഗ്ഗത്തിലുള്ള ചിന്താഗതിയുണ്ടായിട്ടുണ്ട്, നമ്മുടെ ഗവൺമെൻറു് രൂപവൽകരിക്കുന്നതിനു് വേണ്ടി നടത്തിയ സമ്മേളനത്തിൽ ഉദ്യോഗസ്ഥന്മാർക്കു സമ്മതിദായകരോടുള്ള ബാധ്യത കുറയ്ക്കുന്നതിനും ഘടകസംസ്ഥാനങ്ങളോടു കേന്ദ്രത്തിനുള്ള വിധേയത്വം പരിമിതപ്പെടുത്തുന്നതിനും, ഭരണകൂടത്തിൻെറ കേന്ദ്ര-പ്രാദേശിക വിഭാഗങ്ങൾക്കു പ്രയോജനകരമെന്നു് സമ്മേളനത്തിൻെറ ഭൂരിപക്ഷം അംഗങ്ങളും കരുതിയ തുലനസ്ഥിതിയെ ദുർബലപ്പെടുത്തുന്നതിനും വേണ്ടി അവർ അധികാരത്തിൻെറ കയറുകളെ ഇറുക്കിക്കെട്ടാൻ യത്നിച്ചിരുന്നു. ഫെഡറൽപാർട്ടിയുടെ എന്നുമുള്ള ലക്ഷ്യം രാഷ്ട്രം നൽകാൻ വിസമ്മതിച്ച അധികാരങ്ങളെ വഴക്കങ്ങൾകൊണ്ടും, നൽകിയ അധികാരങ്ങളെ തങ്ങളുടെ ആഗ്രഹാനുസരണം ചുരുട്ടിക്കൂട്ടിയും നേടിയെടുക്കുകയെന്നുള്ളതാണു്.

നമ്മുടേതു് (റിപ്പബ്ലിക്കൽ കക്ഷിയുടേതു്) നേരേമറിച്ച് സമ്മേളനത്തിൻെറ ഭൂരിപക്ഷത്തിൻെറയും ജനങ്ങളുടേതന്നെയും ആഗ്രഹത്തെ നിലനിർത്തുകയെന്നതായിരുന്നു. അവരെപ്പോലെ നമ്മളും വിശ്വസിച്ചതു്, പ്രകൃതിയാൽ ദത്തമായ അധികാരങ്ങളും നീതിബോധവുമുള്ള യുക്തിജീവിയാണു് മനുഷ്യനെന്നും, അവൻ സ്വയമായി തെരഞ്ഞെടുക്കുന്നവരും അവൻെറ ഇച്ഛയ്ക്കുവിധേയമായി കർത്തവ്യങ്ങൾ നിർവഹിക്കുന്നവരുമായ ആളുകളാൽ അവൻെറ തെററുകളെ നിയന്ത്രിക്കുകയും അവൻെറ അവകാശങ്ങളെ സംരക്ഷിക്കുകയും ചെയ്യാമെന്നുമായിരുന്നു. മനുഷ്യനു് സൗഖ്യം നേടുന്നതിനു് ബുദ്ധിപൂർവ്വം മെച്ചമായതുമായ മാർഗ്ഗം രാജാക്കന്മാരുടേയും പ്രഭുക്കന്മാരുടേയും പുരോഹിതന്മാരുടേതും സങ്കീർണ്ണമായ സംഘടനയല്ലെന്നും, അറിവും

ശീലഗുണവും പരമ്പരാസിദ്ധമല്ലെന്നും, ആ ഭരണകൂട ത്തിൻെറ പരിചരദങ്ങൾ, അവയാൽ സംരക്ഷിക്കപ്പെടാ നുള്ള വ്യവസായങ്ങളിൽ നിന്നുമുള്ള ആദായത്തെ ദ്ലർവ്വയം ചെയ്തു അസമത്വത്തെ സൃഷ്ടിക്കുകയാണെന്നും സ്വാതന്ത്ര്യ ത്തെ അവശമാക്കുകയാണെന്നും ഞങ്ങൾ വിശ്വസിച്ചു.

തങ്ങളുടെ സ്വന്തം പരിശ്രമത്തിൻെറ ഫലങ്ങൾ നൽകുന്ന സമാധാനവും ഭദ്രതയും അനുഭവിച്ചുകൊണ്ട് തങ്ങളുടെ താൽപര്യങ്ങളുടെ രക്ഷയ്ക്കുവേണ്ടി ക്രമസമാധാന ങ്ങൾ നിലനിറുത്താൻ സഹായിച്ചുകൊണ്ട്, യുക്തിയെ തങ്ങളുടെ മാർഗ്ഗദർശിയായി സ്വീകരിച്ച്, സ്വയമായിത്ത ന്നെ ചിന്തിക്കുവാനുള്ള ശീലം നേടിക്കൊണ്ട് കഴിയുന്ന മനുഷ്യനെ യൂറോപ്പിലെപ്പോലെ അജ്ഞതയും ദാരിദ്ര്യവും മർദ്ദനവും കൊണ്ട് ദൂഷിതവും അധഃപതിപ്പിക്കപ്പെട്ടതുമായ മനുഷ്യനെ ഭരിക്കുന്നതിനേക്കാൾ സുഗമമായി ഭരിക്കാവുന്ന താണ്, നമ്മുടെ തത്വം ജനങ്ങളെ പുലർത്തുകയെന്നുള്ള തായിരുന്നു; മറേറക്കക്ഷിയുടേത് അവരെ ഭയപ്പെടുകയും അവിശ്വസിക്കയും ചെയ്യുകയെന്നുള്ളതും. ഗ്രാമപ്രദേശങ്ങ ളിലെ ഭൂവുടമകളും കർഷകരുമായവരെന്ന നിലയിൽ ഫെ ഡറലിസത്തിൻെറ വൻകോട്ടകളായ നഗരങ്ങളിലെ ജന ങ്ങൾക്കുള്ളതിനേക്കാൾ കുറവായിമാത്രം ക്രമസമാധാനങ്ങ ളുള്ള ഒരു ഗവൺമെൻറ് വേണമെന്ന കാര്യത്തിൽ ഉൽക്ക ണ്ഠയുള്ളവരല്ല, നമ്മുടെ സംവിധാനത്തിൻെറ തത്വങ്ങ ളെയും രൂപത്തേയും സംരക്ഷിക്കുന്നതിനുള്ള നമ്മുടെ പരി ശ്രമങ്ങൾ പ്രയോജനകരങ്ങളായിരുന്നില്ലേ എന്നുള്ളത് നമ്മുടെ ഈ രാജ്യത്തിൽ ഇന്നത്തെ റിപ്പ്ബ്ളിക്കൻ ഭരണ ത്തിൽ നിലനിൽക്കുന്ന സമാധാനവും ഐശ്വര്യവും നിർണ്ണ യിക്കട്ടെ.

# അദ്ധ്യായം III

## ഭരണഘടന

I അധികാരവിഭജനം

ആഡംസിനു്, 1787

ഒരു നല്ല ഗവൺമെൻറിന്റെ പ്രാഥമികതത്ത്വം നിസ്സംശയമായും, അതിന്റെ അധികാരങ്ങളെ ഭരണനിർവഹണം: നിയമപരിപാലനം, നിയമനിർമ്മാണം എന്നും ഒട്ടവില ത്തേതിനെ രണ്ടോ മൂന്നോ ശാഖകളായും വിഭജിക്കുക എന്നതാകുന്നു. ഇംഗ്ലീഷുഭരണഘടനയ്ക്കു് മുമ്പുണ്ടായിരുന്നവയെക്കാൾ മെച്ചമായതെന്നു് അംഗീകരിക്കപ്പെട്ട അതു് ഈ അധികാരവിഭജനത്തെ സമീപിച്ചതിനനുപാതമായി മേന്മയുള്ളതായിത്തീർന്നിട്ടുണ്ടെന്നുള്ളതു് ഒരു നല്ലനേട്ടത്തിൻെറ കാൽവയ്പാണു്. ഇതിൽ നിന്നും നമ്മുടേയും ഇംഗ്ലണ്ടിലേയും ഭരണഘടനകളെ താരതമ്യപ്പെടുത്തി അവർ നമ്മെക്കാൾ എത്രപൂർണ്ണതയിലെത്തിയെന്നു കാണിക്കുന്ന അവസാന കാൽവയ്പ്പു് ലഘുവായതാണു്.

നോട്സ് ഓൺവെർജീനിയാ, ക്വറി, 13

നാംപടവെട്ടിയതു് തെരഞ്ഞെടുക്കപ്പെടുന്ന ഒരു സ്വേഛാഭരണത്തിനു് വേണ്ടിയായിരുന്നില്ല, എന്നാൽ സ്വതന്ത്രമായ തത്ത്വങ്ങളിൽ അടിയുറച്ചതു് മാത്രമല്ല, അന്യരാൽ കാര്യക്ഷമമാംവണ്ണം തടയുകയും നിയന്ത്രിക്കുകയും ചെയ്യാതെ തൻെറ അധികാരപരിധികളെ ലംഘിക്കാവുന്നതല്ലാതെയുള്ളതരത്തിൽ ഗവൺമെൻറിൻെറ അധികാരങ്ങളെ വിഭജിച്ചിട്ടുള്ളതുകൂടിയായ ഒന്നിനു് വേണ്ടിയാണു്.

മാഡിസണു്, 1787

നിയമനിർമ്മാണ മണ്ഡലം, ഭരണനിർവഹണമണ്ഡലം, നിയമപരിപാലനമണ്ഡലം എന്നിങ്ങനെ ഗവൺമെന്റി

ളെ സംഘടിപ്പിച്ചിരിക്കുന്നതു് ഞാൻ ഇഷ്ടപ്പെടുന്നു. നികുതികൾ ചുമത്തുവാനുള്ള അധികാരം നിയമസഭക്കു നൽകിയിരിക്കുന്നതു കൊള്ളാം, അക്കാരണത്താൽ തന്നെ പ്രധാനസഭ ജനങ്ങളാൽ, നേരിട്ടു തിരഞ്ഞെടുക്കപ്പെടണമെന്നുള്ളതും ഞാൻ അംഗീകരിക്കുന്നു. അങ്ങനെ തിരഞ്ഞെടുക്കപ്പെടുന്ന ഒരു സഭ ഇന്നത്തെ കാൺഗ്രസ്സിനേക്കാൾ വളരെ മോശപ്പെട്ടതായിരിക്കുമെങ്കിലും, യൂണിയനും വിദേശരാജ്യങ്ങൾക്കും നിയമനിർമ്മാണം ചെയ്യുന്നതിനു് അയോഗ്യമായിരിക്കുമെങ്കിലും ഈ ദോഷം, ജനങ്ങളാൽ നേരിട്ടു തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളാൽ മാത്രമല്ലാതെ ജനങ്ങളുടെ മേൽ നികുതി ചുമത്തുവാൻ പാടില്ലെന്ന മൗലികതത്വത്തെ സംരക്ഷിക്കുകയെന്ന നല്ല കാര്യവുമായി തട്ടിച്ചുനോക്കുമ്പോൾ നിസ്സാരമാണു്.

മാഡിസണു്, 1787

സംസ്ഥാനങ്ങൾ വോട്ടുചെയ്യുന്നതിനു് പകരം വ്യക്തികൾ വോട്ടുചെയ്യുന്ന രീതി ഏർപ്പെടുത്തുന്നതു എന്നെ അത്യധികം സന്തുഷ്ടനാക്കിയിരിക്കുന്നു; ഭരണനിർവഹണ മണ്ഡലത്തിനു് ഓരോ നിയമസഭാമണ്ഡലത്തിൻേറയും മൂന്നിലൊന്നിൻേറ സഹകരണത്തോടെ നിഷേധിക്കുവാനുള്ള അധികാരം നൽകിയതും ഇഷ്ടമായി; എന്നാൽ നിയമപരിപാലന മണ്ഡലത്തിനെ ഇതിൽ കൂട്ടിച്ചേർക്കുകയോ, അതിനു് താദൃശമായ അധികാരം നൽകുകയോ ചെയ്തിരുന്നുവെങ്കിൽ ഞാൻ കൂടുതൽ സന്തുഷ്ടനായേനെ. അപ്രധാനങ്ങളായ വേറെയും നല്ല കാര്യങ്ങളുണ്ടു്.

## II അവകാശപത്രിക

ഞാനിഷ്ടപ്പെടാത്തതെന്താണെന്നു് ഇപ്പോൾ നിങ്ങളോടു പറയാം. ഒന്നാമതായി, മതസ്വാതന്ത്ര്യം, പത്രപ്രവർത്തനസ്വാതന്ത്ര്യം, സ്ഥിരമായ സൈന്യത്തിനെതിരായ സംരക്ഷണം, കുത്തകനിയന്ത്രണം, ഹേബിയസ് കാർപസ് നിയമങ്ങളുടെ ശാശ്വതവും അനവരതവുമായ നിലനില്പ്,

അന്താരാഷ്ട്രനിയമം കൊണ്ടല്ലാതെ രാജ്യനിയമങ്ങളുടെ അടിസ്ഥാനത്തിൽ വിസ്തരിക്കപ്പെടുന്ന കേസുകളിൽ വസ്തുതയെപ്പററിയ കാര്യങ്ങൾ ജൂറിമുഖാന്തരം തീരുമാനിക്കുക എന്ന കാര്യങ്ങൾക്കു വ്യക്തമായ വ്യവസ്ഥകൾ ചെയ്തുകൊണ്ടുള്ള ഒരു അവകാശപത്രികയുടെ അഭാവം.

ജനങ്ങൾ ഒരു അവകാശപത്രികക്കു അർഹരാണ്.

മാഡിസൺ, 1787

മററൊരുവന് എന്നിൽ നിന്നും എടുത്തുകളയാവുന്ന ഒരു അവകാശത്തിനും എനിക്കു അർഹതയില്ല; എല്ലാ സിവിൽ വ്യവഹാരങ്ങളിലും ജൂറി മുഖാന്തരമുള്ള വിസ്താരം എടുത്തുകളയുവാൻ കാൺഗ്രസ്സിനു് അധികാരമുണ്ടു്. ഞാൻ തുടന്നു പറയട്ടെ, ഒരു അവകാശപ്രമാണം, ഒരുവനു് ലോകത്തിലെ എല്ലാ ഗവൺമെൻറുകൾക്കും എതിരായുണ്ടായിരിക്കാൻ അർഹതയുള്ളതാകുന്നു; അതിനെ ഒരു ഗവൺമെൻറും നിഷേധിക്കുവാൻ പാടില്ല, അനുമാനത്തിനു് വിട്ടുകൊടുക്കാനും പാടില്ല.

ഹേബിയസ് കാർപസിനെ സംബന്ധിച്ച അനിയന്ത്രിതമായ അവകാശം.

മാഡിസൺ, 1788

ആഭ്യന്തര കലഹങ്ങളും കലാപങ്ങളുമുണ്ടാകുമ്പോൾ എന്തിനാണു് ഹേബിയസ് കാർപ്പസ് നിർത്തിവയ്ക്കുന്നതു്? അറസ്റ്റ് ചെയ്യപ്പെടുന്ന കക്ഷികളെ സുനിർവചിതമായ ഒരു കുററത്തിനു് ചാർജ്ജ് ചെയ്യാം, അവരെ മുറപ്രകാരം ന്യായാധിപർ റിമാൻറു ചെയ്യും. അത്തരം പ്രതിസന്ധിഘട്ടങ്ങളിൽ ദുർബ്ബലമായ തെളിവിൻെറ അടിസ്ഥാനത്തിൽ ഒരുവനെ തടങ്കലിൽ വയ്ക്കുകയെന്നതു പൊതുസമാധാനത്തിനു് ആവശ്യമാണെങ്കിൽ ആ പ്രതിസന്ധി കഴിയുന്നതുവരെ അവൻെറ പേരിൽ വീണ്ടും വീണ്ടും കേസുകളെടുക്കട്ടെ, ഗവൺമെൻറു അവൻെറ സങ്കടനിവൃത്തിക്കു് നഷ്ടപരിഹാ

45594

രവും നൽകട്ടെ. ഇംഗ്ലണ്ടിലെ ചരിത്രം പരിശോധിക്കുക; ഹേബിയസ് കാർപസ് നിയമത്തെ പിൻവലിച്ച എല്ലാ സന്ദർഭങ്ങളിലും അതു സകാരണമായിരുന്നുവോ എന്നു നോക്കുക, ശരിയായ രാജ്യദ്രോഹകുററം ആരോപിതമായും ഒടുവിൽ ലജ്ജാവഹമെന്നുവന്നിട്ടുള്ളതായ അർത്ഥമില്ലാത്ത ഗൂഢാലോചനയെന്നതിന്റെ പേരിലും പിൻവലിക്കുകയുണ്ടായിട്ടുണ്ട്. ഹേബിയസ്കാർപസ് പിൻവലിച്ച ചുരുക്കം ചില സന്ദർഭങ്ങളിൽ അതു കാര്യമായ ഫലം ചെയ്തിട്ടുണ്ട്; എന്നാൽ പിൻവലിക്കൽ ഒരു പതിവായതോടുകൂടെ അതിൻെറ നിരന്തരമായ പിൻവലിക്കലിനു് വിധേയമായി കഴിയാനുള്ള സന്നദ്ധത രാഷ്ട്രത്തിൻെറ മനസ്സിലുണ്ടായിപ്പോയിട്ടുണ്ട്.

## അവകാശപത്രികയുടെ വിപുലീകരണത്തിനു് നിദ്ദേശങ്ങൾ

മാഡിസണു്, 1789

നിങ്ങൾ ദയവായി എനിക്കു അയച്ചുതന്ന അവകാശപ്രഖ്യാപനത്തെ സംബന്ധിച്ച് ഒരു വാക്കു എനിക്കു പറയേണ്ടിരിക്കുന്നു. അതു് എത്തിയേടത്തോളം എനിക്കിഷ്ടമായി, എന്നാൽ അതു കുറെക്കൂടെ വിപുലമായിരിക്കണമെന്നാണു് എൻെറ അഭിപ്രായം. ഉദാഹരണമായി താഴെപ്പറയുന്നഭേദഗതിയും കൂട്ടിച്ചേർക്കലും എന്നെ സന്തുഷ്ടനാക്കുന്നതാണു്. നാലാംവകുപ്പ്, അന്യരുടെ ജീവൻ, സ്വാതന്ത്ര്യം, സ്വത്തു, കീർത്തി എന്നിവയെ ഹാനികരമായി ബാധിക്കുന്നവയും വിദേശരാജ്യങ്ങളുമായി യൂണിയൻെറ സമാധാനപരമായ ബന്ധത്തെ ബാധിക്കുന്നവയുമായവയെ സംബന്ധിച്ചുള്ള അസത്യവാർത്തകളല്ലാതെ എന്തെങ്കിലും പറയുവാനോ എഴുതുവാനോ മററുതരത്തിൽ പ്രസിദ്ധപ്പെടുത്തുവാനോ ഉള്ള ജനങ്ങളുടെ അധികാരത്തെ ഇല്ലാതാക്കാൻ പാടില്ല. ഏഴാംവകുപ്പ്, എല്ലാകോടതികളുടേയും മുമ്പാകെ വിവാദമായിവരുന്ന എല്ലാ വസ്തുക്കളേയും ജൂറി മുഖാന്തരം

തീരുമാനിക്കേണ്ടതാകുന്നു; എന്നാൽ (1) ഒരു വിദേശീയനു്
താൽപര്യമുള്ളതും നാവിക വിഷയകമായുണ്ടാകുന്നതും (2)
സൈനികക്കോടതികൾക്കുമാത്രം ക്ഷേത്രാധികാരമുള്ളവയും
ഐക്യനാട്ടുകളിലെ സ്ഥിരം സൈനികോദ്യോഗസ്ഥരേയും
പട്ടാളക്കാരേയും യുദ്ധകാലത്തോ ആഭ്യന്തരകലാപക്കാലത്തോ
സേവനത്തിലേർപ്പെട്ടിരിക്കുന്ന സേനയിലെ അംഗങ്ങളേയും
സംബന്ധിക്കുന്നവയും (3) ഭരണഘടനയനുസരിച്ചുള്ള മഹാ
ഭിയോഗത്തെ സംബന്ധിക്കുന്നവയുമായ കാര്യങ്ങളിൽ ഇതു
ആവശ്യമില്ല. എട്ടാംവകുപ്പു്, നിയമാനുസരണം ഒരു ന്യാ
യാധിപന്റെ മുൻപാകെ, ഒരു ഹേബിയസ് കാർപ്പസ്
റിട്ടിനു് അപേക്ഷിക്കുകയും അതു നിരസിക്കപ്പെട്ടുകയുംചെ
യ്തതിനു്ശേഷം —ദിവസത്തിൽ കൂടുതലോ, അപ്രകാരമുള്ള
ഒരു റിട്ടിനെ, അതിനു് വിഷയമായ വ്യക്തിയെ തടങ്കലിൽ
വച്ചുകൊണ്ടിരിക്കുന്ന ആളിനു് നൽകുകയും, അയാളെ
റിമാൻഡു് ചെയ്യുകയോ വിട്ടുതൽ ചെയ്യുകയോ ചെയ്യുന്ന
തിനെ സംബന്ധിച്ചു് എന്തെങ്കിലും ഉത്തരവ് നൽകാതെ
യിരുന്നാൽ......ദിവസത്തിൽ കൂടുതലോ, ഹേബിയസ് കാ
ർപ്പസ് റിട്ടു പുറപ്പെടുവിക്കാൻ അധികാരപ്പെട്ട ഏതെങ്കിലും
ന്യായാധിപന്റെ സാധാരണ താമസസ്ഥലത്തുനിന്നും ...
മൈലിൽ കവിഞ്ഞ പ്രദേശത്താണെങ്കിൽ—ദിവസത്തിൽ
കൂടുതലോ ഒരാളെ തടവിൽവച്ചു കൊണ്ടിരിക്കാൻ പാടില്ലാ
ത്തതാകുന്നു. കൂടാതെ ഒരുവർഷത്തിൽ കവിഞ്ഞ ഒരു
കാലത്തേക്കോ, ശത്രുക്കളുടേയോ ആക്രമണകാരികളുടേയോ
രാജ്യത്തിൽ നിന്നോ പാളയത്തിൽ നിന്നോ ......മൈലിൽ
കവിഞ്ഞ ദൂരത്തിലുള്ള ഏതെങ്കിലും പ്രദേശത്തോ പ്രസ്തുത
റിട്ടു് നിറുത്തി വയ്ക്കുവാനും പാടില്ല. ഒമ്പതാംവകുപ്പു്സാ
ഹിത്യപരമായ സൃഷ്ടികളേയും കലകളിലുള്ള കണ്ടുപിടി
ത്തങ്ങളേയും സംബന്ധിച്ചു മാത്രവും, അതു തന്നെയും ......
വർഷത്തിൽ കവിയാത്ത ഒരു കാലഘട്ടത്തേക്കുമാത്രമായും
ആളുകൾക്കു കുത്തകമനുവദിക്കാവുന്നതാകുന്നു. പത്താംവകു
പ്പു് ഐക്യനാട്ടുകളിലെ സകല സേനകളും, കോൺഗ്രസ്സ്
അവസാനമായി അവരുടെ ശമ്പളം ചെലവുകളും പാസ്സാക്കി
യതേതുക്കാലം വരെയാണോ ആ കാലമെത്തുന്നതോടുകൂടെ

പിരിച്ചയക്കപ്പെടുന്നതാണു്. കൂടാതെ ഒരു വിദേശീയയുദ്ധം നടന്നുകൊണ്ടിരിക്കുന്ന കാലത്തല്ലാതെ ഐക്യനാട്ടുകളിലെ പൗരന്മാരല്ലാത്ത ഒരു പട്ടാള ഉദ്യോഗസ്ഥനും പടയാളിയും സേനയിലുണ്ടായിരിക്കാൻ പാടില്ല'' ഈ നിയന്ത്രണങ്ങൾ ദോഷങ്ങളെമാത്രം ഒഴിവാക്കാൻ വേണ്ടവണ്ണം സൂക്ഷ്മം രൂപപ്പെടുത്തിയതാണെന്നു ഞാൻ കരുതുന്നു.

അവകാശപ്രഖ്യാപനത്തിനു് അനുകൂലമായി നിങ്ങൾ ഉന്നയിക്കുന്ന വാദങ്ങളിൽ, ഞാൻ വളരെ ശക്തമായതെന്നു കരുതുന്ന ഒന്നു നിങ്ങൾ വിട്ടുകളയുന്നു; നിയമപരിപാലന മണ്ഡലത്തിന്റെ ഹസ്തങ്ങളിൽ നിക്ഷേപിച്ചിരിക്കുന്ന നിയമപരമായ നിയന്ത്രണമാണതു്. ഈ ന്യായാധിപരുടെ സംഘത്തെ, അനാശ്രയത്വത്തിലും അവരുടെ വകുപ്പിന്റെ പരിധികളിലും ഒതുക്കി നിറുത്തുമെങ്കിൽ, അവരുടെ അറിവും ആർജ്ജവവും നമ്മെ അവരിൽ മികച്ച വിശ്വാസം അർപ്പിക്കുവാൻ പോരുന്നവയായിരിക്കും. വൈത്തെ, ബ്ലെയർ, പെൻഡ്ലെറെൺ എന്നിവരെപ്പോലെയുള്ളവരുൾപ്പെടുന്ന ഒരു സംഘത്തിൽ എത്ര വിശ്വാസം അർപ്പിച്ചാലാണു് കൂടുതലായിപ്പോവുക? ഇവരെപോലെയുള്ളവരുടെ സ്വഭാവം നോക്കുമ്പോൾ ചീത്തക്കാര്യങ്ങൾക്കു വേണ്ടി പൗരന്മാർക്കുള്ള ആവേശം പറയത്തക്ക മതിപ്പൊന്നുമുണ്ടാക്കുകയില്ല. ആകെക്കൂടെ പറഞ്ഞാൽ ഈ ഭേദഗതികൾക്കു നിങ്ങൾ അനുകൂലിയാണെന്നുള്ളതു് എനിക്കു സന്തോഷകരമായിരിക്കുന്നു. അവകാശപ്രഖ്യാപനം, മനുഷ്യനു് ലഭിച്ചിട്ടുള്ള മറ്റെല്ലാ അനുഗ്രഹങ്ങളേയും പോലെ ചില അസൗകര്യങ്ങളുമായി മിശ്രമാണു്; അതിന്റെ ലക്ഷ്യത്തെ പൂർണ്ണമായും നേടുന്നതുമല്ല; എന്നാൽ ഇതിലെ നന്മ ഇതിലുള്ള തിന്മയെ വളരെയേറെ അതിലംഘിച്ചിരിക്കുന്നു.

നിങ്ങളുടെ കത്തിൽ ഉന്നയിച്ചിരിക്കുന്ന ചില ആക്ഷേപങ്ങൾക്കു് സംക്ഷിപ്തമായ മറുപടികൾ പറയുന്നതിൽനിന്നു എനിക്കു വിമുഖനായി നിൽക്കാൻ കഴിയുന്നില്ല. (1) കേന്ദ്രത്തിനു് അധികാരം നൽകിയിരിക്കുന്ന രീതികൊണ്ടുതന്നെ പ്രശ്നവിഷയമായ അവകാശങ്ങൾ വേർതിരിച്ചു നിർത്തിയി

രിക്കുന്നു. ഉത്തരം: അവകാശപ്രഖ്യാപനം ആവശ്യമാക്കാത്ത തരത്തിൽത്തന്നെ അധികാരം കൊടുക്കാവുന്നതാണ്. ആ പ്രവൃത്തിയ്ക്കുതന്നെ ഒരു പ്രഖ്യാപനത്തിൻെറ ബലമുണ്ടായിരിക്കും, അതു ചെല്ലുന്നിടത്തോളം; അതു് എല്ലാ പ്രധാന പ്രശ്നങ്ങളേയും ഉൾക്കൊള്ളുന്നുവെങ്കിൽ കൂട്ടതലായൊന്നും തന്നെ വേണമെന്നില്ല. വെർജീനിയായ്ക്കുവേണ്ടി ഒരിക്കൽ ഞാൻ നിർദ്ദേശിച്ചതും അതിനുശേഷം അച്ചടിക്കപ്പെട്ടിട്ടുള്ളതുമായ ഭരണഘടനയുടെ നക്കലിൽ അവകാശങ്ങളെ സംബന്ധിക്കുന്ന എല്ലാ ലക്ഷ്യങ്ങളേയും പ്രാപിക്കാൻ ഞാൻ യത്നിച്ചിരുന്നു; ഒരു അവകാശപ്രഖ്യാപനം ഉൾപ്പെടുത്താൻ ഉദ്ദേശിച്ചുമില്ല. ഒരു പക്ഷേ ആ ഉദ്ദേശം അപൂർണ്ണമായി മാത്രമേ നേടിയിരുന്നുള്ളു എങ്കിൽ അതിലെ ദോഷങ്ങൾ ചർച്ചകളുടെ ഫലമായി നിവാരണം ചെയ്യപ്പെടുമായിരുന്നു. എന്നാൽ അമൂല്യങ്ങളായ ചില വ്യവസ്ഥകൾ ശ്രദ്ധിക്കാതെ കണ്ടുള്ള ഭരണഘടനാപരമായ ഒരു നിയമത്തിൽ, ഒരു അനുബന്ധമെന്നപോലെ ഒരു അവകാശപ്രഖ്യാപനം ആവശ്യമായിത്തീരുന്നു. നമ്മുടെ ഫെഡറൽ ഭരണഘടനയുടെ കഥ ഇതാണ്. ഈ പ്രമാണം ചില ഉദ്ദേശങ്ങളെ സംബന്ധിച്ചിടത്തോളം ഒരു ഏകരാഷ്ട്രമായി നമ്മെ കൂട്ടിച്ചേർക്കുകയും, ആ ഉദ്ദേശങ്ങൾക്കായി നിയമനിർമ്മാണപരവും ഭരണനിർവഹണപരവുമായ മണ്ഡലങ്ങളെ രൂപപ്പെടുത്തുകയും ചെയ്യുന്നു. അതിനാൽ, അവയ്ക്കു നൽകിയിട്ടുള്ള അധികാരമേഖലകളിൽ അധികാര ദുർവിനിയോഗത്തെ നാം സൂക്ഷിക്കേണ്ടതുണ്ട്.

2) അവശ്യംവേണ്ട ചില അവകാശങ്ങളുടെ അസന്ദിഗ്ദ്ധമായ പ്രഖ്യാപനം പ്രയോജനകരമായ രീതിയിൽ ലഭിക്കാൻ സാദ്ധ്യമല്ലാതിരിക്കും. ഉത്തരം. ഒരുമുഴവൻ റൊട്ടിയില്ലാതിരിക്കുന്നതിനേക്കാൾ ഭേദം അതിൻെറ പകുതിയുണ്ടായിരിക്കുന്നതാണ്. നമുക്കു നമ്മുടെ എല്ലാ അവകാശങ്ങളേയും സുരക്ഷിതമാക്കാൻ കഴിയുന്നില്ലെങ്കിൽ നമുക്കു കഴിയുന്നവയെയെങ്കിലും സുരക്ഷിതമാക്കാം.

3) ഫെഡറൽ ഗവൺമെൻറിൻെറ പരിമിതമായ അധികാരങ്ങളും കീഴ് ഗവൺമെൻറുകളുടെ ജാഗ്രതയും

മററെങ്ങുമില്ലാത്ത ഒരു ഭദ്രതയെ പ്രദാനം ചെയ്യുന്നു. ഉത്തരം: ഈ പ്രസ്താവനയിലെ പ്രഥമ ഭാഗത്തെ നേരത്തേ പറഞ്ഞ ആക്ഷേപവുമായി വിയോജിപ്പിച്ചു നിറുത്താം. കീഴ്ഗവൺമെൻറുകളുടെ ജാഗ്രത അമൂല്യമായ ഒന്നാണു്. പക്ഷേ ഒന്നു മനസ്സിലാക്കണം, ആ ഗവൺമെൻറുകൾ ഏജൻറുമാർ മാത്രമാണു്. അവർക്കു് എതിർപ്പിനു് പര്യാപ്തമായേക്കാവുന്ന തത്ത്വങ്ങൾ നൽകേണ്ടിയിരിക്കുന്നു. ഫെഡറൽ ഗവൺമെൻറിൻെറ എല്ലാ പ്രവൎത്തനങ്ങളേയും പരിശോധിക്കുവാനുള്ള പാഠപുസ്തകമാണു് അവകാശപ്രഖ്യാപനം. ഈ നിലക്കു്, അതേ പാഠപുസ്തകം കൊണ്ടുതന്നെ, ഫെഡറൽ ഗവൺമെൻറിനു്, കീഴ് ഗവൺമെൻറുകളുടെ എതിർപ്പുകളെ നേരിടുവാനും സാധിക്കുന്നു.

4) ഒരു അവകാശപത്രികയുടെ പ്രയോജനരാഹിത്യത്തെ അനുഭവം തെളിയിക്കുന്നു. സത്യം എല്ലാ സാഹചര്യങ്ങളിലും അതു പൂൎണ്ണമായും പ്രയോജനകരമല്ലെങ്കിലും എന്നെന്നും വളരെ കഴിവെഴുന്നതാണു്; വിരളമായിമാത്രം നിഷ്പ്രയോജനകരവും. വീണുപോയേക്കാവുന്ന ഒരു കെട്ടിടത്തിനു് കൂടുതലായി ഒരു മുട്ടുകൂടെക്കൊടുത്താൽ അതില്ലാതിരുന്നാലുള്ളതിനേക്കാൾ ബലമായി അതു വീഴാതെ നിൽക്കും. ഒരു അവകാശപ്രഖ്യാപനം ഉണ്ടായിരിക്കയും ഇല്ലാതിരിക്കയും ചെയ്യുകയാണെങ്കിൽ അവ തമ്മിലുള്ള വ്യത്യാസത്തിൻെറ അസൗകര്യങ്ങൾക്കു് തമ്മിൽ പ്രസ്താവ്യമായ വൈജാത്യമുണ്ടായിരിക്കും. അവകാശപ്രഖ്യാപനം ഉണ്ടായിരുന്നാലുള്ള അസൗകര്യം ഗവൺമെൻറിനെ, അതിൻെറ പ്രയോജനകരമായ പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം തടസ്സപ്പെടുത്താമെന്നുള്ളതാണു്. എന്നാൽ ഇതിൻെറ ദോഷം ക്ഷണികവും പരിമിതവും പരിഹാര്യവുമാകുന്നു. അതില്ലാതിരുന്നാലുള്ള അസൗകര്യം ശാശ്വതവും വേദനാജനകവും അപരിഹാര്യവുമാൺ്. അവയെന്നെന്നും ചീത്ത അവസ്ഥയിൽനിന്നും കൂടുതൽ ചീത്തയായ അവസ്ഥയിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയും ചെയ്യും.

എൻെറ വിരോധത്തിൻെറ പ്രധാനവും ഏകവുമായ പാത്രം നമ്മുടെ ഗവൺമെൻറുകളിലെ ഭരണനിർവഹണ

മണ്ഡലം മാത്രമല്ല. നിയമസഭകളുടെ ദുഷ്പ്രഭുത്വം ഇന്നത്തെ ഏററവും ഭയാനകമായ ഒരു ദോഷമാണ്, വളരെക്കാലത്തേക്കു അതങ്ങനെ തുടരുകയും ചെയ്യും. ഭരണനിർവഹണമണ്ഡലത്തിൻെറ ദുഷ്പ്രഭുത്വം ക്രമേണ നിലവിൽവരും, പക്ഷേ അതു ദീർഘകാലം കഴിഞ്ഞു മാത്രമേ സംഭവിക്കുകയുള്ളു. എനിക്കറിയാം, നമ്മുടെയിടയിൽ ഒരു രാജവാഴ്ച സ്ഥാപിച്ചാൽ കൊള്ളാമെന്നു അഭിലഷിക്കുന്നവരുണ്ടെന്നു്. എന്നാൽ അവരുടെ സംഖ്യ വളരെ ചെറുതാണ്, അഭിപ്രായം ശക്തവുമല്ല. ഉയരുന്നവഗ്ഗം റിപ്പബ്ലിക്കന്മാരുടേതാണ്. രാജവാഴ്ചയ്ക്കു വിധേയമായി വിദ്യയഭ്യസിച്ച നാം ആ വിഗ്രഹാരാധന തുടർന്നു പോകുന്നുവെങ്കിൽ അത്ഭുതത്തിനു് അവകാശമില്ലല്ലോ. നമ്മുടെ ചെറുപ്പക്കാർ റിപ്പബ്ലിക്കൻ സമ്പ്രദായത്തിൽ വളരുന്നവരാണ്; അതിൽനിന്നും രാജവാഴ്ചയിലേക്കു വഴുതിപ്പോവുകയെന്നതു് അപൂർവവും അസംഭാവ്യവുമാകുന്നു.

## ഭരണഘടന മെച്ചപ്പെടുത്തുന്നതെങ്ങനെ?

മാഡിസണ്, 1787

ഈ ഭരണഘടന മുഖാന്തരം വിവിധങ്ങളായ നന്മകൾ നേടുന്നതിനും തിന്മകളെ ദൂരീകരിക്കുന്നതിനും ഏററവും നല്ലതായ മാഗ്ഗമെന്താണെന്നു തീരുമാനിക്കുന്നതിനുള്ള കഴിവെനിക്കുണ്ടെന്നു ഞാൻ കരുതുന്നില്ല. ഭാവിയിൽ ഭേദപ്പെട്ടതാമെന്ന പ്രതീക്ഷയോടെ അവയെ സ്വീകരിക്കണോ, അതല്ല, ജനങ്ങൾ അവയെ ശരിയായി പഠിക്കുകയും പരിഗണിക്കുകയും ചെയ്തുകഴിഞ്ഞു്, അവർക്കു അനിഷ്ടമായതെന്തെന്നും സ്വീകാര്യമായവയേതെന്നും നോക്കിയതിനു് ശേഷം "നിങ്ങൾക്കെന്താണ് വേണ്ടതെന്നു് ഞങ്ങൾ മനസ്സിലാക്കുന്നു; നിങ്ങളുടെ ഫെഡറൽ ഗവൺമെൻറിനു് ഇന്നിന്ന അധികാരങ്ങൾ നൽകാൻ നിങ്ങൾ സന്നദ്ധരാണ്; എന്നാൽ ഇന്നിന്ന മൗലികാവകാശങ്ങൾ ഭദ്രമാക്കി വെയ്ക്കുന്നതിനും ചില അപകടങ്ങളുടെ സാദ്ധ്യതകൾ നിവാരണം ചെയ്യുന്നതിനും നിങ്ങൾ ആഗ്രഹിക്കുന്നു; അങ്ങനെയാകട്ടെ; വീണ്ടും പ്രതി

ന്നിധികളെ അയയ്ക്കുക; പാവനമായ ഒരു പ്രഖ്യാപനത്തിലൂടെ അവർ നിങ്ങളുടെ മൗലികാവകാശങ്ങളെ സംസ്ഥാപിക്കട്ടെ; നിങ്ങൾ അംഗീകരിച്ച ഭരണഘടനാഭാഗങ്ങൾ അവർ പാസ്സാക്കട്ടെ, ഇവ നിങ്ങളുടെ സൗഖ്യത്തിനു് പര്യാപ്തമായ അധികാരങ്ങൾ നിങ്ങളുടെ ഫെഡറൽ ഗവൺമെൻറിനു് നൽകുന്നുണ്ടാവും'' എന്നു അവരോടു പറയുകയോ ചെയ്യുക.

ഇതാണു് പറഞ്ഞേക്കാവുന്നതു്, സുഗമവും കൂടുതൽ പൂർണ്ണവും ശാശ്വതരൂപത്തിലുള്ളതുമായ ഒരു ഭരണകൂടത്തെ സൃഷ്ടിക്കാൻ ഇതു സഹായിച്ചേക്കാം. എന്തുതന്നെയായിരുന്നാലും ഇന്നത്തേതു് പരാജയപ്പെടുകയാണെന്നു വരികിൽ മററുപരീക്ഷണങ്ങൾ നോക്കുന്ന കാര്യത്തിൽ നിങ്ങൾ നിരുത്സാഹിതരാവുകയില്ലെന്നു് ഞാൻ പ്രതീക്ഷിക്കുന്നു, നമ്മെ ഒരിക്കലും, നമ്മുടെ രാഷ്ട്രത്തെ സംബന്ധിച്ചു് നിരാശരാകാൻ അനുവദിച്ചുകൂടാ.

സ്റ്റ്യൂവർട്ടിനു്, 1791

കുറവായിമാത്രം സ്വാതന്ത്ര്യമുണ്ടായിരുന്നാലുണ്ടാകാവുന്ന അസൗകര്യങ്ങളേക്കാൾ കൂടുതൽ സ്വാതന്ത്ര്യങ്ങളുണ്ടായിരുന്നാലുണ്ടാകാവുന്നവയെ ഞാൻ സഹിച്ചുകൊള്ളാം. സാംസ്ഥാനിക ഗവൺമെൻറുകളെ ശക്തമാക്കേണ്ടതു് പ്രധാനപ്പെട്ടകാര്യമാണു്; എന്നാൽ അതു് ഫെഡറൽ ഭരണഘടനയുടെ ഭേദഗതി മുഖാന്തരം സാദ്ധ്യമല്ലാതെയിരിക്കുന്നതിനാൽ, ഭരണഘടനയുടെ നിലനില്പിനാണു് നാമെല്ലാം പ്രയത്നിക്കുന്നതു് തങ്ങളാലോ തങ്ങളുടെ പൊതു ഗവൺമെന്റിനാലോ തരണം ചെയ്യാവതല്ലാത്ത തടസ്സങ്ങൾ ഭരണഘടനയുടെ പന്തിയിൽ സംസ്ഥാനങ്ങൾ തന്നെ പടുത്തുയർത്തണം. അവരുടെ കഴിവില്ലുള്ള തടസ്സം ബുദ്ധിയുള്ള ഒരു ഗവൺമെൻറാണു്, ദുർബലമായ ഒന്നു് എല്ലാ മത്സരങ്ങളിലും പരാജയപ്പെട്ടുപോകും. ബുദ്ധിയുള്ളതും കാര്യക്ഷമവുമായ ഒരു ഗവൺമെൻറുണ്ടാകുന്നതിനു് താഴെപ്പറയുന്ന

മാററങ്ങൾ വരുത്തുകയെന്നതു് പ്രധാനപ്പെട്ടതാണെന്നു ഞാൻ കരുതുന്നു. നിയമസഭയുടെ അംഗസംഖ്യ നൂറോളമോ മറേറാ ആക്കിക്കുറച്ചും, അതിൻെറ കാലാവധി കുറച്ചൊന്നു നീട്ടിയും അതിനെ കൂട്ടതൽ സ്വീകാര്യമാക്കുക, കൂടാതെ സെനററിലെ അംഗങ്ങളെ നിയമിക്കുന്നതിനു് കൂട്ടതൽ നല്ല തായ ഒരു രീതി സ്വീകരിക്കുക. ഭരണനിർവഹണാധികാര സ്ഥാനം കഴിവുള്ളവരായ ആളുകൾക്കു ആഗ്രഹിക്കത്തക്ക തായിത്തീരത്തക്കവണ്ണം അതിനെ നിയമസഭയുമായി കൂട്ട തൽ ബാദ്ധ്യതയുള്ളതാക്കാതെയിരിക്കുക, ഉദാഹരണമായി അദ്ദേഹത്തെ സമ്മതിദായകർ തെരഞ്ഞെടുക്കട്ടെ, അതും കുറെക്കൂട്ടതൽ കാലത്തേക്കും; പിന്നെയൊരിക്കലും തെരഞ്ഞെ ടുക്കപ്പെടുന്നതിൽ നിന്നും അയോഗ്യനാക്കുകയും ചെയ്യുക. ഒരു സ്വതന്ത്ര്യഗവൺമെൻറിൽ ഉത്തരവാദിത്വം അതിശക്ത മായ ഒരുപാധിയാകുന്നു. അതിൻെറ ഭാരം, ഒരു എക്സിക്യൂ ട്ടിവ് കൗൺസിലിൻെറ ചുമലിൽ നിന്നും എടുത്തു മാററി അദ്ദേഹം തന്നെ പൂർണ്ണമായും അറിയത്തക്കവണ്ണമാക്കുക. ഈ രീതിയുടെ മേന്മ ഇതിനിടയിൽത്തന്നെ രണ്ടുതരത്തിലു മുള്ള അനുഭവങ്ങൾ തെളിയിച്ചു കഴിഞ്ഞിരിക്കുന്നു. എല്ലാ മാർഗ്ഗത്തിലും കൂടെ, എന്നുവെച്ചാൽ, ഉദ്യോഗസ്ഥിരത, ഉന്ന തമായ വേതനം, സംഖ്യകുറയ്ക്കൽ ഈ മാർഗ്ഗത്തിൽ കൂടെ നിയമപരിപാലന മണ്ഡലത്തെ കൂട്ടതൽ ബഹുമാന്യമാക്കി ത്തീർക്കുക. എല്ലാ രാജ്യങ്ങളിലും ഉന്നതമായ പാണ്ഡിത്യവും കഴിവുകളുമുള്ളവർ വിരളമാണു്; അങ്ങനെയല്ലാത്തവരെ അധികാരസ്ഥാനങ്ങളിൽ നിയമിക്കുന്നതുമൂലം കഴിവില്ലാ ത്തവർ കഴിവുള്ളവരുടെ കൈകളെ ബന്ധിക്കുകയായി രിക്കും ചെയ്യുന്നതു്. ഗവൺമെൻറിന്റെ ഈശാഖ, യുക്തി യുടെ അവസാന അപ്പീലധികാരസ്ഥാനമായിരിക്കുമെന്നുള്ള തിനാൽ അവർക്കു തങ്ങളുടെ കൈകളിൽ മത്സരത്തിൻെറ ഭാരംമുഴുവനുമുണ്ടായിരിക്കും. ഭേദഗതികളെപ്പററി എനി ക്കുള്ള പൊതുവായ അഭിപ്രായങ്ങൾ ഇവയാണു്; എന്നാൽ ലക്ഷ്യത്തിനു് ഹാനിവരുത്താതെ മാർഗ്ഗത്തെ സംബന്ധിച്ചിട

ത്തോളം ഞാൻ വഴങ്ങുന്നവനും രഞ്ജകമനോഭാവമുള്ളവനുമായിരിക്കും.

## III സംസ്ഥാനങ്ങളുടെ അവകാശങ്ങൾ

### ഒരു സുന്ദരമായ തുലനസ്ഥിതി

പി. ഫിററ്സ്ഹ്യൂവിങ്ങ്, 1798

ഇപ്പോൾ ചെയ്തുവരുന്നതുപോലെ സാംസ്ഥാനിക ഗവൺമെൻറുകളെ വളരെ കുറവായിമാത്രം ബഹുമാനിക്കുന്നതു് പൊതുവായ ഭരണത്തിൻേറയും അതിലും കുറവായി യൂണിയൻെറ എല്ലാക്കാര്യങ്ങളുടേയും താൽപര്യത്തിനു് അനുയോജ്യമാണെന്നു ഞാൻ വിചാരിക്കുന്നില്ല. എന്തായാലും കാലക്രമത്തിൽ ഇവയും കേന്ദ്രഗവൺമെൻറും, തങ്ങൾക്കു പൊതുവായുള്ള സൂര്യൻെറ ചുററുമായി, തങ്ങളുടെ ഘനത്തിൻേറയും പരസ്പരമുള്ള ദൂരത്തിൻേറയും അടിസ്ഥാനത്തിൽ കറങ്ങുന്ന ഗ്രഹങ്ങളെന്നപോലെ പ്രവർത്തിച്ചും പ്രവർത്തിക്കപ്പെട്ടും, നമ്മുടെ ഭരണഘടനയുടെ അടിസ്ഥാനമാക്കിവച്ചിട്ടുള്ള സുന്ദരമായ തുലനസ്ഥിതി സഞ്ജാതമാകുമെന്നു പറയാൻ എനിക്കു ധൈര്യമുണ്ടു്. അതു സൗരയൂഥത്തിലല്ലാതെ മറെറങ്ങും ഉദാഹരണമില്ലാത്ത പൂർണ്ണതയുടെ ഒരു പരിമാണം ലോകത്തിനു് പ്രദർശിപ്പിക്കുകയും ചെയ്യുമെന്നു ഞാൻ വിശ്വസിക്കുകയും ചെയ്യുന്നു. അതുകൊണ്ടു് ഒരു പ്രബുദ്ധനായ രാഷ്ട്രമീമാംസകൻ ഓരോ ഭാഗത്തിൻെറ ഭാരത്തേയും സ്വാധീനതയേയും അന്യൂനമാക്കി നിറുത്തുന്നതിനു് യത്നിക്കേണ്ടതുണ്ടു്; എന്തെന്നാൽ ഏതെങ്കിലും ഭാഗത്തിനു് കൂടുതലായെന്തെങ്കിലും നൽകുകയാണെങ്കിൽ അതു പൊതുവായ തുലനാവസ്ഥയെ നശിപ്പിച്ചുകളയുന്നുണ്ടാവും.

സാംസ്ഥാനികഗവൺമെൻറുകൾ നമ്മുടെ സ്വാതന്ത്ര്യത്തിൻെറ അതിർത്തികൾ

ഡി. ടേസിങ്ങ്, 1811

ഈ രാജ്യത്തിലെ നമ്മുടെ സ്വാതന്ത്ര്യത്തിൻെറ യഥാർത്ഥമായ അതിർത്തിക്കോട്ടകൾ നമ്മുടെ സാംസ്ഥാനിക ഗവൺമെൻറുകളാകുന്നു. മനുഷ്യൻ സൃഷ്ടിച്ചിട്ടുള്ള ഏററവും ബുദ്ധിപൂർവകമായ യാഥാസ്ഥിതിക ശക്തി, നമ്മുടെ വിപ്ലവവും ഇന്നത്തെ ഗവൺമെൻറും നമുക്കുണ്ടെന്നു കണ്ടെത്തിയതു തന്നെയാണു്. വിദേശകാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഒന്നായിട്ടുരുക്കിച്ചേർത്ത പതിനേഴു് വിഭിന്നസംസ്ഥാനങ്ങൾ; എന്നാൽ അവ ആഭ്യന്തരകാര്യങ്ങളെ സംബന്ധിച്ചിടത്തോളം വേവ്വേറെ സ്വതന്ത്രമായി നിൽക്കുന്നു. അവ മുറപ്രകാരം ജനങ്ങളുടെ ഇഷ്ടത്തിൽ അധിഷ്ഠിതമായ ഒരു നിയമസഭയും ഗവർണ്ണരുമുള്ളതും, സ്വതന്ത്രമായ പത്രലോകത്താൽ പ്രബോധിതവുമാവുകയാൽ അവ, ഏതെങ്കിലും ഒരു മനുഷ്യൻെറ കൗശലങ്ങളാൽ വ്യാമോഹിതമായി അവൻെറ ദുരധികാര പ്രയോഗങ്ങൾക്കു സ്വമേധയാ വഴങ്ങിക്കൊടുക്കുന്നവയുമല്ല. അവനുള്ള ഏതെങ്കിലും ശക്തിയുപയോഗിച്ചു അവയെ അതിലേക്കു നിർബന്ധിതമാക്കാനും സാദ്ധ്യമല്ല. ഏതെങ്കിലും ഒരു സംസ്ഥാനത്തിൽ ഈ ദുശങ്ങളായ പ്രവർത്തനങ്ങളാൽ തളർച്ചയുണ്ടാവുകയാണെങ്കിൽ രണ്ടായിരം മൈൽ വ്യാസത്തിൽ പരന്നു കിടക്കുന്ന പതിനാറുസംസ്ഥാനങ്ങൾ, ഭരണഘടനയനുസരിച്ചുള്ള ഒരു നിയമസഭയുടെ തീരുമാനത്തിനും, സംസ്ഥാനത്തിലെ സൈന്യങ്ങളുടെ എന്നു വച്ചാൽ ആയുധം ധരിക്കാൻ കഴിവുള്ള ഓരോരുത്തരും ഉൾപ്പെടുന്നതും കാലാൾപ്പടയും അശ്വസേനയും പീരങ്കിസേനയുമുൾപ്പെടുന്നതും ക്രമമായി വിഭജിക്കപ്പെടുന്നതുമായ സൈന്യങ്ങളുടെ വ്യവസ്ഥാപിതമായ മേധാവിയായ ഗവർണ്ണരുടെ പ്രവർത്തനത്തിനും തയ്യാറായിരിക്കുന്നുണ്ടാകും.... ....

ഫ്രാൻസിലെ റിപ്പബ്ലിക്കൻ ഗവൺമെന്റ് ഒരു സമരവും കൂടാതെ അവസാനിച്ചുപോയി; എന്തെന്നാൽ ''ഏകവും അഖണ്ഡവു''മായ ഒരു കക്ഷിയ്ക്ക് പ്രാമുഖ്യം സിദ്ധിച്ചു; നിയമത്തിൻെറ അധികാരത്തോടെ ജനങ്ങൾക്കു അണിനിരക്കാൻ സഹായിക്കുന്ന ഒരു പ്രാദേശിക സംഘടനയുമുണ്ടായിരുന്നില്ല. പ്രധാനങ്ങളായ ഔദ്യോഗികസ്ഥാനങ്ങൾ ഒഴിഞ്ഞുകിടക്കുകയായിരുന്നു. ഒരു ചെറിയ സൈന്യം മാത്രം മതിയായിവന്നു നിയമസഭാംഗങ്ങളെ അവരുടെ മന്ദിരത്തിൽ നിന്നും നിഷ്കാസനം ചെയ്യാനും അവരെക്കൊണ്ടു രാഷ്ട്രത്തലവനെ അഭിവാദ്യം ചെയ്യിക്കാനും. എന്നാൽ നമ്മുടെ നാട്ടിലാണെങ്കിൽ പതിനേഴിൽ പതിനാറു സംസ്ഥാനങ്ങൾ അവരുടെ കാൺഗ്രസ്സിൻേറയോ കാൺഗ്രസ്സുകൂടാത്തയവസരത്തിലാണെങ്കിൽ പ്രത്യേക സമ്മേളനത്തിൻെറയോ ഏകയോഗമായ തീരുമാനമനുസരിച്ചു ഒററക്കെട്ടായിനിന്നു്, അധികാരദുർമ്മോഹിയുടെ ദുരാഗ്രഹത്തെ മുളയിൽത്തന്നെ നുള്ളിക്കളയാൻ നിയമാനുസരണമുള്ള മേധാവികളുടെ ആജ്ഞയിൻകീഴിൽ സുസംഘടിതമായി ഉയരുമായിരുന്നു.

സാംസ്ഥാനികഗവൺമെൻറുകളും കേന്ദ്രഗവൺമെൻറും തുല്യപങ്കാളികളാണു്

? 1821

നമ്മുടെ സാംസ്ഥാനികഗവൺമെൻറുകൾ ഫെഡറൽ ഗവൺമെൻറിനു് മീതെയാണെന്നോ, ഫെഡൽഗവണ്മമെൻറു് സാംസ്ഥാനികഗവൺ മെൻറുകളേക്കാൾ മീതെയാണെന്നോ കരുതുന്നതു് മരണകരമായ ഒരു മിഥ്യാചിന്തയാണു്. എല്ലാ അധികാരങ്ങളുടേയും ഉടമസ്ഥരായ ജനങ്ങൾ ഗവണ്മമെൻറിൻെറ അധികാരങ്ങളെ, വൈദേശികം, പ്രാദേശികം എന്നിങ്ങനെ രണ്ടു സുവ്യക്തവിഭാഗങ്ങളായി തരംതിരിച്ചിട്ടുണ്ടു്; അവയിൽ ഓരോന്നിനും വെവ്വേറെ ഉദ്യോഗസ്ഥരേയും നിശ്ചയിച്ചിട്ടുണ്ടു്. ഓരോ സംസ്ഥാനത്തിലേയും പ്രധാനവകുപ്പുകളെ സംബന്ധിക്കുന്ന കാര്യത്തി

ലെന്നപോലെ, മേൽ പറഞ്ഞവയെ അവർ പരസ്പരം നിയന്ത്രിക്കയും നിലസ്ഥനിർത്തുകയും ചെയ്യുന്നതരത്തിൽ പൊരുത്തപ്പെടുത്തുകയും ചെയ്തിട്ടുണ്ട്; ഓരോന്നും, അതിനു് നൽകിയിട്ടുള്ള അധികാരത്തെ സംബന്ധിച്ചിടത്തോളം ഒന്നു പോലെ അവന്യാശ്രിതമാണെന്നു മാത്രമല്ല ഗവൺമെന്റിൽ തങ്ങൾക്കുള്ളതെന്താണെന്നും തങ്ങളുടെ പങ്കാളിക്കുള്ളതെന്താണെന്നും പരമമായി തീരുമാനിക്കാൻ അധികാരമില്ലതാനും, വിവിധരാജ്യങ്ങളെപ്പോലെ അവ സ്വതന്ത്രങ്ങളാവുകയാൽ അത്തരത്തിലുള്ള ഒരു ഭരണഘടനയുടെ രോഗഹാരിയായ ഔഷധം അധികാരങ്ങളെ സംബന്ധിച്ച അക്രമവും അപഹരണവുമല്ല, എന്നാൽ ക്ഷമിക്കാനും രഞ്ജിക്കാനുമുള്ള മനോഭാവമാകുന്നു; അതു കൊണ്ടു ഓരോ കക്ഷിയും അധികാരങ്ങളെ വേർതിരിക്കുന്ന രേഖയിൽ നിന്നു് അതിനെ സാഹസികമായി കടന്നു ചാടുകയോ, ഭാവിയിൽ വലിച്ചു കേറുന്നതിനുവേണ്ടി വടംകെട്ടുകയോ ചെയ്യുന്നതിനു പകരമായി ബുദ്ധിപൂർവകമായി ഒഴിഞ്ഞുമാറി നിൽക്കുകയാണു് വേണ്ടതു്. എന്നാൽ അവസാനമായി നമ്മുടെ അനുഗൃഹീതമായ വ്യവസ്ഥിതിയുടെ ആനന്ദം നിലനില്ക്കുന്നതു്, ഈ രണ്ടുതരം ജീവനക്കാർ തങ്ങളിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ തീർക്കേണ്ടതു് ഇരുകൂട്ടരേയും സമീപിച്ചല്ല, നേരേമറിച്ചു അവരുടെ യജമാനന്മാരുടെ പ്രതിനിധികൾ യോഗം കൂടിയാലോചിച്ചാണെന്നുള്ളതിലാകുന്നു. ഇതു കൈയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്നതിനേയും രാജാക്കന്മാരുടെ പരമവും ഏകവുമായ നീതീകരണമായ പീരങ്കിയുടെ ന്യായത്തേയുംകാൾ യുക്തിപൂർവകമായതാണു്.

കേന്ദ്രത്തിന്റെ അപഹരണങ്ങളെ സംസ്ഥാനങ്ങൾ എതിർക്കണം.

ഡബ്ലിയൂ. ബി. ഗൈൽസിനു് 1825

സംസ്ഥാനങ്ങൾക്കു സംവരണം ചെയ്തിട്ടുള്ള എല്ലാ അധികാരങ്ങളുടേയും അപഹരണത്തെ ലാക്കാക്കി നമ്മുടെ ഗവൺമെൻറിന്റെ ഫെഡറൽ ശാഖയുടെ തിടുക്കത്തി

ലുള്ള കാൽവയ്പുകളേയും, വൈദേശികവും ഗാർഹികവുമായ അധികാരങ്ങളെ കൈയ്യടക്കിവയ്ക്കുന്നതിനേയും—അതും ന്യായാനുസൃതമെങ്കിൽ അധികാരങ്ങൾക്കു പരിധി അനുവദിക്കാത്തതരത്തിലുള്ള വ്യാഖ്യാനം കൊണ്ടും—ഞാൻ അഗാധമായ ഖേദത്തോടെ കാണുന്നു. ഫെഡറൽ ഗവൺമെന്റിന്റെ മൂന്നു ശാഖകളും കൂട്ടുചേർന്നു തങ്ങളുടെ സംരക്ഷിത്തകരായ സാംസ്ഥാനികാധികാരികളിൽ നിന്നും, അവർക്കു നൽകിയിട്ടുള്ള അധികാരങ്ങളെ ഉരിച്ചെടുക്കാൻ ഉദ്യുക്തരായിരിക്കുകയാണെന്ന കാര്യം സുവ്യക്തമാണ്......

വാണിജ്യത്തെ നിയന്ത്രിക്കുന്നതിനുള്ള അധികാരത്തിൽ കൂടെ കൃഷിയേയും വ്യാവസായിക നിർമ്മാണത്തേയും സംബന്ധിക്കുന്ന അധികാരം കൂടെ കൈയ്യടക്കിക്കൊണ്ട് വ്യവസായത്തിന്റെ ഒരു ശാഖയിൽ നിന്നുമുള്ള ആദായത്തെ—അതു ദരിദ്രമായ ശാഖയാണ്—എടുത്തു ഏററവും ലാഭകരമായ മററൊരു വ്യവസായത്തിന്റെ പോക്കററിൽ നിക്ഷേപിക്കുന്നു. റോഡുകളുണ്ടാക്കുന്നതിനുള്ള അധികാരത്തിന്റെ പേരിൽ, മലകളെ വെട്ടിയിറക്കുക. തോടുകൾ കുഴിക്കുക, "പൊതുക്ഷേമം" എന്ന പദത്തിന്റെ അർത്ഥത്തെ വളച്ചൊടിച്ചിട്ട്, പറഞ്ഞിട്ടുള്ളവയും അനുവദിച്ചിട്ടുള്ളവയുമായ കാര്യങ്ങൾ മാത്രമല്ല, അവർ ശരിയെന്നു വിചാരിക്കുന്നവയും പൊതുക്ഷേമത്തിനു് ആവശ്യമുള്ളതെന്നു അവർ സങ്കല്പിക്കുകയും ചെയ്യുന്നകാര്യങ്ങളും നിർവഹിക്കാനുള്ള അധികാരം അവർ അവകാശപ്പെടുന്നു.

ഭരണഘടനയുടെ പരിരക്ഷണത്തിന് നമുക്കുള്ള മാർഗ്ഗമെന്താണ്? യുക്തിയും വാദവുമോ? ചുററുമുള്ള വെണ്ണക്കൽ സ്തൂപങ്ങളോട് നിങ്ങൾ വാദിക്കയാകും ഭേദം. നമ്മാൽ തന്നെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളോ? അവരും ആ കൂട്ടുകെട്ടിൽ പെടുന്നവരാണ്; ചിലർ ഗവണ്മെൻറിനെപ്പററിയുള്ള തെററായ ധാരണകളുടെ അടിസ്ഥാനത്തിൽ, ചിലർ ദൂഷിതമായ ധാരണകളുടെ അടിസ്ഥാനത്തിൽ—ബുദ്ധിപൂർവം ചിന്തിക്കാൻ കഴിയുന്നവരുടെ സംഖ്യയേക്കാൾ വലിയ സംഖ്യ അവർക്കുണ്ട്, അങ്ങനെ

യുള്ള ഭൂരിപക്ഷത്തോടെ—അതു ഒന്നോ രണ്ടോ മൂന്നോ ആകാം.—അവർ ധിക്കാരത്തോടെ മുന്നേറുന്നു.

തങ്ങളുടെ അവകാശങ്ങളെ സാരമായി ബാധിക്കുന്ന കൈയ്യേററങ്ങളെ സംബന്ധിച്ച സംസ്ഥാനങ്ങൾ, അവ നടന്നുകാണുമ്പോൾ ഏററവും ദൃഢമായ ഭാഷയിൽ അവയെ അപലപിക്കുവാനും, നമ്മുടെ താൽക്കാലികമായ കീഴ്‌വഴങ്ങലുകൾ, ആ അവകാശങ്ങളെ അംഗീകരിക്കുന്ന വഴക്കങ്ങളായല്ല, എന്നാൽ അവയുടെ സങ്കലിതബലം വേർപെട്ടുപോകലിനു് ഇടയാക്കാതെയിരിക്കാൻ കുറഞ്ഞ തിന്മകൾക്കുള്ള വഴങ്ങലുകളായി പരിഗണിക്കപ്പെട്ടുന്ന തരത്തിലുള്ള കുററങ്ങളെ ചെറുക്കുവാനും ജാഗരൂകരായിരിക്കണം. ഭരണഘടനയുടെ മുറപ്രകാരമുള്ള ഒരു ഭേദഗതികൊണ്ടു്, ഓരോ സംസ്ഥാനത്തിൽനിന്നും കേന്ദ്രത്തിനു് നൽകേണ്ട ധനത്തിൻെറ ഓഹരി ആ സംസ്ഥാനത്തിനകത്തുള്ള മരാമത്തുകൾക്കുവേണ്ടിവേണം, അല്ലെങ്കിൽ അതിൻെറ സമ്മതത്തോടുകൂടെ വേണം അന്യസംസ്ഥാനങ്ങളിൽ ചെലവാക്കേണ്ടതെന്നും പ്രഖ്യാപിച്ചുകൊണ്ടു് കാൺഗ്രസ്സിനു് അഴിമതികാട്ടുവാൻ സന്ദർഭം നൽകാതെ, സംസ്ഥാനങ്ങൾ തങ്ങളിൽ ബന്ധപ്പെടുത്തുന്നതിനു് റോഡുകളും തോടുകളും വെട്ടുവാനുള്ള അവകാശം നൽകുന്നതിനു് ഞാൻ അനുകൂലിയാണു്. ഇതേവരെ ഈ മാർഗ്ഗമാണു് സുരക്ഷിതവും മെച്ചവുമായതെന്നു ഞാൻ വിചാരിക്കുന്നു.

## IV പ്രസിഡൻറു് സ്ഥാനം

ദുഷ്പ്രഭുത്വം ഒഴിവാക്കാൻ.

നോട്സ് ഓൺ വെർജീനിയാ, കെ്വറി, 13

അത്‌ലാൻറിക്കിൻെറ എല്ലാക്കരകളിലും മനുഷ്യസ്വഭാവം ഏകരൂപത്തിലുള്ളതാകുന്നു; സദൃശങ്ങളായ ഹേതുക്കളാൽ അതു ഒരേതരത്തിൽ സ്വാധീനിക്കപ്പെട്ടുകയും ചെയ്യും.

ചെന്നായയെ, ആട്ടിൻകൂട്ടിനകത്തു കടന്നുചെന്നതിനു് ശേഷം പല്ലും നഖങ്ങളും പറിച്ചുകളയുന്നതിനു് പകരം കൂട്ടിനകത്തു കടക്കാതെതന്നെ നോക്കുകയാണു് മെച്ചമായ മാർഗ്ഗം.

## പ്രസിഡൻററിൻെറ ദുഷ്പ്രഭുത്വം മൂലമുള്ള ആപത്തു്.

മാഡിസണു്, 1789

ഔദ്യോഗികസ്ഥാനങ്ങൾ, പ്രത്യേകിച്ചു് പ്രസിഡൻറു് സ്ഥാനം എല്ലാ സന്ദർഭങ്ങളിലും മാറിമാറി വഹിക്കണമെന്ന തത്വത്തെ തിരസ്കരിച്ചുകളഞ്ഞിരിക്കുന്നു എന്നതാണു് ഞാൻ വെറുക്കുന്ന, ഏററവും ശക്തിയായി വെറുക്കുന്ന രണ്ടാമത്തെ കാര്യം. യുക്തിയും അനുഭവവും നമ്മെ പഠിപ്പിക്കുന്നതു് ആദ്യമായി നിയമിതനാകുന്ന ഉദ്യോഗസ്ഥൻ, വീണ്ടും തിരഞ്ഞെടുക്കപ്പെടാവുന്നയാളാണെങ്കിൽ എല്ലായ്പോഴും വീണ്ടും തിരഞ്ഞെടുക്കപ്പെടുമെന്നുതന്നെയാണു്. അപ്പോൾ അദ്ദേഹം ജീവിതകാലം മുഴുവൻ ഉദ്യോഗസ്ഥനായിരിക്കും. ഇതു് ഒരിക്കൽ സംഭവിച്ചുപോയാൽ ചില രാഷ്ട്രങ്ങളെ സംബന്ധിച്ചിടത്തോളം ഗുരുതരമായ അനന്തരഫലങ്ങളുണ്ടാക്കിയേക്കും; നമ്മുടെ മേധാവി അവരുടെ ഒരു ശത്രുവോ മിത്രമോ ആയിരിക്കും. അതു ധനം കൊണ്ടും ആയുധം കൊണ്ടുമുള്ള ഇടപെടലിനു് കാരണമാകുകയും ചെയ്യും; ഒരു ഫ്രാൻസുകാരനോ ഇംഗ്ലീഷുകാരനോ ആണെങ്കിൽ അദ്ദേഹത്തെ, താൻ മിത്രഭാവത്തിൽ വച്ചിരിക്കുന്ന ഒരു രാഷ്ട്രം പിൻതാങ്ങുന്നുണ്ടാവും. ഒരിക്കൽ തിരഞ്ഞെടുക്കപ്പെട്ടശേഷം രണ്ടാമത്തേയോ മൂന്നാമത്തേയോ തിരഞ്ഞെടുപ്പിൽ ഒന്നോ രണ്ടോ വോട്ടിൻെറ കുറവു് അയാൾക്കുണ്ടായാൽ, ഗവൺമെൻററിൻെറ കടിഞ്ഞാണുകൾ തുടർന്നുവച്ചുകൊണ്ടിരിക്കാൻവേണ്ടി കള്ളവോട്ടുകളും അഴിമതികളും ചെയ്യുന്നവരും, അടുത്തുള്ള ചില സംസ്ഥാനങ്ങൾ മററു ചിലതിന്നെതിരേ അനുകൂലിച്ചുന്നവരും, ഒരു കൂട്ടരെ യൂറോപ്പിലെ ഒരു രാഷ്ട്രവും മറേറക്കൂട്ടരെ വേറൊരു രാഷ്ട്രവും സഹായിച്ചുന്നവരും. കുറെ വർഷങ്ങൾ കഴിയുമ്പോൾ

അമേരിക്കയിലെ പ്രസിഡൻറിൻെറ തിരഞ്ഞെടുപ്പ് യൂറോപ്പിലെ ചില രാഷ്ട്രങ്ങൾക്ക് പോളണ്ടിലെ രാജാവിൻെറ തിരഞ്ഞെടുപ്പിനേക്കാൾ കൂടുതൽ താൽപര്യമുള്ളതായിത്തീന്നെന്നുവരാം. തിരഞ്ഞെടുക്കപ്പെടുന്ന അധികാരികളെ സംബന്ധിച്ച് പുരാതനവും ആധുനികവുമായ ചരിത്രത്തിലെ എല്ലാ ഉദാഹരണങ്ങളേയും പരിശോധിച്ചുനോക്കിയിട്ട് എൻെറ ആശങ്കയ്ക്ക് അടിസ്ഥാനമില്ലെ എന്നു പറയൂ, റോമൻചക്രവർത്തിമാർ, എന്തെങ്കിലും പ്രാധാന്യമുണ്ടായിരുന്നകാലത്തെ മാർപ്പാപ്പാമാർ, പാരമ്പര്യമനുസരിച്ചുള്ളതാകുന്നതിനുമുമ്പുള്ള ജർമ്മൻചക്രവർത്തിമാർ, പോളണ്ടിലെ രാജാക്കന്മാർ, ഓട്ടോമാൻ സാമന്തരാജ്യങ്ങളിലെ ഡെയ്കൾ എന്നിവയാണ് ഉദാഹരണങ്ങൾ. തിരഞ്ഞെടുപ്പുകളിൽ ഈ പിശകുണ്ടാവുമെങ്കിൽ ചുരുക്കമായി അവയെ ആവർത്തിക്കുക എന്നതു ബുദ്ധിപൂർവമായിരിക്കുമെന്നു പറഞ്ഞേക്കാം. എന്നാൽ അനുഭവം പഠിപ്പിക്കുന്നത് അവയെ പിശകുകളിൽ നിന്നും മോചിപ്പിക്കുന്നതിനു്, ആളുകളെ മാററി, അതിലുള്ള താൽപര്യം ന്യൂനീകരിക്കുക എന്നാണ്, ചുരുങ്ങിയ ഒരു കാലത്തിനുശേഷം പുറത്തുപോകേണ്ടിവരുന്ന ഒരാളിനെ തിരഞ്ഞെടുക്കുന്നതിനു് വേണ്ടി ഏതെങ്കിലും വിദേശശക്തിയോ ഗാർഹികകക്ഷിയോ തങ്ങളുടെ രക്തവും പണവും ചെലവാക്കുകയില്ല.

പ്രസിഡൻറിനെ വീണ്ടും തെരഞ്ഞെടുക്കപ്പെടാമെന്നുള്ളതിനെപ്പററിയുള്ള ഭീതി.

വാഷിങ്ടണു്. 1788

എന്തായാലും ഞാൻ അധികം വെറുക്കുന്ന രണ്ടു കാര്യങ്ങളുണ്ട്; 1) ഒരു അവകാശപ്രഖ്യാപനമില്ലായ്മ. വെർജീനിയായുടെ എതിർപ്പ് ഈ കുറവിനെ പരിഹരിക്കുമെന്നും ഒരു പ്രഖ്യാപനത്തെ സൃഷ്ടിക്കാനിടയാക്കുമെന്നും ഞാനാശിക്കുന്നു. 2) ഒരാളെത്തന്നെ എന്നെന്നും പ്രസിഡൻറായി തെരഞ്ഞെടുക്കാമെന്നുള്ളതു്, ഞാൻ ഭയപ്പെടുന്നതു്. ഈ ഔദ്യോഗികസ്ഥാനം ആദ്യം ആജീവനാന്തമുള്ളതായിത്തീ

രുകയും അതിനു് ശേഷം അതു് പരമ്പരാഗതമായിത്തീരുകയും ചെയ്യുമെന്നാണു്. ഞാൻ യൂറോപ്പിലേക്കു് വരുന്നതിനു് മുമ്പു് രാജവാഴ്ചയുടെ ശത്രുവായിരുന്നു. അവരെന്താണെന്നു അറിഞ്ഞതിനു് ശേഷം അതിനോടു് മുൻപിലത്തേതിനേക്കാൾ പതിനായിരം ഇരട്ടി ശത്രുതയിലാണു്. ഈ രാജ്യങ്ങളിൽ രാജാക്കന്മാരുമായി ബന്ധപ്പെട്ടതാവുന്നതരത്തിലല്ലാതെയുള്ള യാതൊരു ദുർഗ്ഗുണവുമില്ല; യൂറോപ്പിലെ കിരീടം അണിയുന്ന ഒരൊററ ശിരസ്സിന്നുപോലും അമേരിക്കയിലെ എതെങ്കിലും ഒരിടപ്പകയിലെ ജനങ്ങളാൽ അതിലെ ഒരിടവക പ്രതിനിധിയായിതെരഞ്ഞെടുക്കപ്പെട്ടവാൻവേണ്ട കഴിവുകളോ ശേഷിയോ ഇല്ല.

വാഷിങ്ടൺ വീണ്ടും സ്ഥാനാർത്ഥിയാകണമെന്നു്

വാഷിങ്ടണു്, 1792

യൂണിയന്റെ മുഴുവൻ വിശ്വാസവും നിങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുകയാണു്. ഏതെങ്കിലും കോണിലുള്ള ആളുകളെ ഭയപ്പെടുത്തി അക്രമത്തിനും വിട്ടുപോകലിനും വഴികാട്ടുന്നതിനുപയോഗിക്കാവുന്ന എല്ലാ വാദങ്ങൾക്കും നിങ്ങൾച്ചുക്കാൻ പിടിക്കുന്നു എന്നകാര്യം ആവശ്യത്തിൽ കവിഞ്ഞ ഒരു സമാധാനമാകുന്നു. തെക്കിനും വടക്കിനും തൂങ്ങിനിൽക്കാൻ നിങ്ങളുണ്ടെങ്കിൽ, അവ ഒന്നിച്ചുതൂങ്ങിനിൽക്കും. ഏതെങ്കിലും തെററുതിരുത്തുവാനുള്ള ശ്രമം പരാജയപ്പെട്ടുമെങ്കിൽ, കേന്ദ്രത്തിന്റേയും സംസ്ഥാനങ്ങളുടേയും സമാധാനത്തിനു് അനുയോജ്യമായി മററുമാർഗ്ഗങ്ങൾ സ്വീകരിക്കാനുള്ള സാവകാശം നിങ്ങളുടെ സാന്നിദ്ധ്യം നൽകുന്നുണ്ടാവും,

നിങ്ങളുടെ ഇപ്പോഴത്തെ ഔദ്യോഗികസ്ഥാനം നിങ്ങളുടെ മനസ്സിനേൽപിക്കുന്ന പ്രഹരമെന്തെന്നും, ഒരു ഗാർഹിക ജീവിതത്തിനു് വേണ്ടി നിങ്ങൾ എത്ര അഭിവാഞ്ഛിക്കുന്നു എന്നും എനിക്കു നന്നായിട്ടറിയാം. എന്നാൽ മനുഷ്യവർഗ്ഗത്തിൻെറ ഇന്നത്തെയും ഭാവിയിലേയും ക്ഷേമൈശ്വ

ര്യങ്ങളെ മുൻനിർത്തി ഒരുവനെ നിയന്ത്രിക്കുന്നതിനും ഒരു പ്രത്യേക സൗഭാഗ്യത്തിൻെറ പന്ഥാവിലൂടെ ചരിക്കുവാൻ അവനെ നിർബന്ധിക്കുന്നതിനും സമൂഹത്തെ അവകാശമുള്ളതാക്കത്തക്കവണ്ണം ചിലപ്പോൾ സ്വഭാവമഹത്വത്തിന്റെ മൂർത്തീകരണം കാണാവുന്നതാണു്. നിങ്ങളുടെ സ്ഥിതി ഇതാണെന്നു് തോന്നുന്നു; നിങ്ങളുടെ സ്വഭാവത്തിൻെറ രൂപവൽക്കരണത്തിനും അതിന്റെ പ്രവൎത്തനത്തിനു് ആവശ്യമായ സംഭവങ്ങളുടെ ആവിഷ്കരണത്തിനും പരാശക്തി നിങ്ങൾക്കു തന്ന അനുഗ്രഹത്തെ അനുസ്മരിപ്പിച്ചുകൊണ്ടു്, കാര്യങ്ങളുടെ ഒരു പരിവർത്തനത്തിനു്വേണ്ടി നിങ്ങളുടെ അഭിപ്രായം മാറ്റണമെന്നു ഞാൻ അഭ്യൎത്ഥിക്കുന്നു; അല്ലാതെ നിങ്ങൾ ത്യാഗം അനുഷ്ഠിക്കണമെന്നു് ആവശ്യപ്പെടുവാൻ അർഹതയില്ലാത്ത എൻേറയും മററാളുകളുടേയും വ്യക്തിപരമായ ഉൽക്കണ്ഠയുടെ പേരിലല്ല അഭ്യൎത്ഥിക്കുന്നതു്.

## പ്രസിഡൻറു് വാഷിങ്ടൻെറ രാഷ്ട്രീയ വിശ്വാസങ്ങൾ

മെല്ലിഷിനു്, 1813

ജനറൽ വാഷിങ്ടൺ ഫെഡറലിസത്തിൻെറ ഒരു തത്വംപോലും ഉൾക്കൊണ്ടിരുന്നില്ല, അദ്ദേഹം രാജവാഴ്ച്ചയോ സംസ്ഥാനങ്ങൾ സ്വതന്ത്രമായി നിൽക്കുന്നതിനോ അനുകൂലമായിരുന്നില്ല, ജനങ്ങൾക്കു്, അവരാൽ കാര്യക്ഷമമാംവണ്ണം കൈകാര്യം ചെയ്യാവുന്നതരത്തിലുള്ള സ്വയംഭരണം വേണമെന്നു് അദ്ദേഹം ആത്മാൎത്ഥമായി ആഗ്രഹിച്ചു, ജനങ്ങളുടെ പ്രകൃതിസഹജമായ വ്യക്തിവൈശിഷ്ട്യത്തിലും വിവേകബുദ്ധിയിലും തങ്ങളുടെ ഗവൺമെൻറിനെ നിയന്ത്രിക്കുന്ന കാര്യത്തിൽ അവരെ വിശ്വസിക്കുന്നതിൻെറ പരിധിയേയും അതിൻെറ ഭദ്രതയേയും സംബന്ധിക്കുന്ന കാര്യത്തിലും എനിക്കു കൂടുതൽ വിശ്വാസം ഉണ്ടായിരുന്നു. അദ്ദേഹത്തിനില്ലായിരുന്നു? ഇതിൽ മാത്രമായിരുന്നു ഞങ്ങൾ തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടായിരുന്നതു്, നിലവിലിരിക്കുന്ന ഗവൺമെൻറിനെ കാര്യമാ

യൊന്നു പ്രവർത്തിച്ചു നോക്കുവാൻ താൻ ദൃഢവ്രതനാണെന്നും അങ്ങനെ ചെയ്യുന്നകാര്യത്തിൽ അദ്ദേഹം തൻെറ അവസാനത്തെ തുള്ളി രക്തം വരെ ചെലവാക്കുമെന്നും ഒരായിരം തവണ അദ്ദേഹം എന്നോടു ഉറപ്പിച്ച് പറഞ്ഞിട്ടുണ്ട്.

പ്രസിഡൻറിനു് രണ്ടു് ചതുർവർഷക്കാലങ്ങൾ

ജോൺടെയിലറിനു്, 1805

ഏഴുകൊല്ലക്കാലം ദീർഘമായ ഒരു കാലഘട്ടമാണെന്നും, തെററുചെയ്യുന്ന ഒരുവനെ കാലാവധി തീരുന്നതിനു് മുൻപു് തിരിച്ചുവിളിക്കുന്നതിനു് സമാധാനപരമായ ഒരു മാർഗ്ഗം ഉണ്ടായിരിക്കണമെന്നും എനിക്കു് ഈയിടെ ബോദ്ധ്യമായിട്ടുണ്ടു്. ആദ്യത്തെ നാലുകൊല്ലത്തിൻെറ അവസാനത്തിൽ നീക്കിക്കളയാനുള്ള അധികാരത്തോടെ എട്ടു വർഷക്കാലത്തേക്കുള്ള സേവനം അനുഭവം കൊണ്ടു തിരുത്തപ്പെട്ട എൻെറ ആദർശത്തിനു് അനുയോജ്യമാണു്. എൻെറ രണ്ടാമത്തെ ഉദ്യോഗകാലത്തിൻെറ അന്ത്യത്തോടെ പിൻവാങ്ങുവാൻ ഞാൻ തീരുമാനിച്ചതു് ഈ അടിസ്ഥാനത്തിലാകുന്നു. ആപത്തു് എന്തെന്നുവച്ചാൽ, ജനങ്ങളുടെ സൗജന്യഭാവവും പ്രതിപത്തിയും ഒരുവനെ ആ ആസനത്തിൽ അവൻ ഒരു പടുവൃദ്ധനായതിനു് ശേഷവും വച്ചുകൊണ്ടിരിക്കും, മരണം വരെ വീണ്ടും വീണ്ടും തിരഞ്ഞെടുക്കുകയെന്നുള്ളതും, മരണം വരെയ്ക്കും തിരഞ്ഞെടുക്കുകയെന്നതും ഒരു പതിവായിത്തീരുകയും ചെയ്യും. 8 വർഷങ്ങൾക്കു ശേഷം സ്വമേധയാ ഉദ്യോഗത്തിൽനിന്നും ഒഴിയുകയെന്നതിനു് ജനറൽ വാഷ്ങ്ടൺ മാർഗ്ഗദർശനം നൽകി. ഞാൻ അതനുസരിക്കും, തൻെറ ഔദ്യോഗികകാലം ദീർഘിപ്പിച്ചു കിട്ടണമെന്നു് ആഗ്രഹിച്ചു് അതിലേക്കു യത്നിക്കുന്ന ഒരുവനു് കൂടെക്കൂടെ സംഭവിക്കുന്ന അത്തരം വഴക്കുകൾ തടസ്സമായിത്തീരുന്നതാണു്.

ഭരണനിർവ്വഹണത്തിനു് കൂടുതൽ മേധാവികളുണ്ടായിരിക്കുന്നതിനേക്കാൾ ഒരു മേധാവിമാത്രമുണ്ടായിരുന്നാലുള്ള പ്രയോജനം.

ഡി. ടേസിസ്സു്, 1811

നമ്മുടെ ഇപ്പോഴത്തെ ഗവണ്മെൻറു് സ്ഥാപിച്ച കാലത്തു് ഒരു എക്സിക്യൂട്ടീവു് സമിതിയോടു വളരെ ചായ്വു് തോന്നിയിരുന്നു. ഒരാൾ മേധാവിയായിരുന്നാലുള്ളതിൻെറ ഗുണദോഷങ്ങൾ നാം പരിശോധിച്ച കാലത്തു് ഫ്രാൻസിൽ മറേറത്തരത്തിലുള്ളതിനെ പരീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു, അവയിൽ ഏതിനെയാണു് സ്വീകരിക്കേണ്ടതെന്നുള്ളതിൻെറ പ്രാധാന്യത്തിനു് അനുപാതികമായ താൽപര്യത്തോടും ഉൽക്കണ്ഠയോടും കൂടെ ഈ രണ്ടു പദ്ധതികളുടെ പ്രവർത്തനങ്ങളേയും പ്രയോജനങ്ങളേയും ഞങ്ങൾ വീക്ഷിച്ചുകൊണ്ടിരുന്നു. അധികാരത്തിലിരിക്കുന്ന തുല്യപ്രതാപവാന്മാരുടെയിടയിൽ സഹജമായുണ്ടാകാവുന്ന കിടമത്സരങ്ങളും പിളർപ്പുകളും, അവയെ ഇല്ലാതാക്കാൻ കഴിയുന്ന ഒരു പ്രധാനിയില്ലെന്നതും മൂലം ചുരുങ്ങിയ ഒരു കാലത്തിൽത്തന്നെ ഫ്രാൻസിലെ പരീക്ഷണം തകന്നുപോയി. കാൺഗ്രസ്സു് തെരഞ്ഞെടുക്കാതെയിരുന്ന 1784-ൽ ഭരണ നിർവ്വഹണാധികാരങ്ങൾ നടത്തുവാൻ വേണ്ടി അന്നുണ്ടായിരുന്ന 13 സംസ്ഥാനങ്ങളുടെ ഓരോ പ്രതിനിധികളുൾപ്പെടുന്ന ഒരു സംസ്ഥാനക്കമ്മിററിയെ രൂപവൽകരിച്ചു അത്തരത്തിലുള്ള ഒരു പരീക്ഷണം നമ്മളും നടത്തിനോക്കി. ഉത്തരക്ഷണത്തിൽ കക്ഷിവ്യത്യാസങ്ങളും മത്സരങ്ങളും അവരുടെ ഇടയിൽ ഉണ്ടായിത്തീരുകയും അവർ തമ്മിൽ സഹകരിക്കുക എന്നതു് അസാദ്ധ്യമായി ബ്ഭവിക്കുകയും ചെയ്തു, അതിനാൽ അവർ സ്വമേധയാ തന്നെ ഭരണസാരഥ്യം ഉപേക്ഷിച്ചു ഒഴിഞ്ഞുപോവുകയും ചെയ്തു. അടുത്ത മഞ്ഞുകാലത്തു പുതിയൊരു കാൺഗ്രസ്സ് സമ്മേളിക്കുന്നതുവരെ ഒരു ഭരണമേധാവിയില്ലാതെ കഴിയുകയുമായിരുന്നു, ഇതിൻെറ കാരണം ഒന്നോ രണ്ടോ വ്യക്തി

കളുടെ കോപസ്വഭാവമാണെന്നു അന്നു പറഞ്ഞിരുന്നുവെങ്കിലും ബുദ്ധിമാന്മാരായ ആളുകൾക്കു മനുഷ്യസ്വഭാവം തന്നെയായിരുന്നു അതിൻെറ കാരണമെന്നു് മനസ്സിലായിരുന്നു.

അക്കാരണംകൊണ്ടു തന്നെയുണ്ടായ ഫ്രഞ്ചു ഡയറക്റ്ററിയുടെ പരാജയം, സാധാരണവികാരങ്ങളുള്ള മനുഷ്യരുൾക്കൊള്ളുന്ന ഒരു സമിതി—ഒരു സിദ്ധാന്തമെന്ന നിലയ്ക്കു് എത്ര ആശാവഹമായിരുന്നാലും—അപ്രായോഗികമാണെന്ന വിശ്വാസത്തെ പ്രമാണീകരിച്ചതായിക്കാണുന്നു. അതേ സമയത്തു് ലോകം ദർശിച്ചിട്ടുള്ള ചരിത്രത്തിൽ ഏററവും ക്ഷുഭിതമായിരുന്ന ഒരിരുപത്തിരണ്ടുവർഷക്കാലത്തെ ഏകമേധാവിയുടെ സമാധാനപരവും ഉറച്ചതുമായ ഭരണം, ഈ പ്രശ്നത്തിൻെറ അന്തിമമായ ഉത്തരം കണ്ടെത്തിയെന്ന യുക്തിപൂർവ്വമായ പ്രത്യാശയ്ക്കു വഴി നൽകുന്നു.

ഒരു മന്ത്രിസഭയുടെ ഉപദേശത്താലും.........അവരുടെ ബുദ്ധിയുടേയും അറിവിൻേറയും പ്രയോജനത്താൽ ത്രുപവല്ക്കരിക്കപ്പെടുന്ന അഭിപ്രായത്താലും പ്രസിഡൻറിനു്.......ഗവണ്മെൻറിൻെറ എല്ലാ ശാഖകളേയും സംബന്ധിച്ചിടത്തോളം ഒരു ഏകീകൃതമായ പ്രവൎത്തന പരിപാടിയും നിയന്ത്രണവും സാദ്ധ്യമായിത്തീരുന്നു.

ഭരണ നിർവ്വഹണാധികാരത്തിൻെറ ഘടനയുടെ മേന്മ ഇതിനിടയിൽത്തന്നെ ഇവിടെ പ്രത്യക്ഷമായിക്കഴിഞ്ഞിരിക്കുന്നു; .........നമ്മുടെ ഒന്നാമത്തെ പ്രസിഡൻറിൻെറ ഭരണകാലത്തു് അദ്ദേഹത്തിൻെറ മന്ത്രിസഭയിലെ നാലംഗങ്ങൾ, രാജവാഴ്ചയും ജനാധിപത്യവും തങ്ങളിലുളവാക്കാവുന്ന മാത്സര്യത്തിൻെറ ത്രുക്ഷതയ്ക്കു സമാനമായ ശത്രുതയോടെ തുല്യമായി വിഭജിക്കപ്പെട്ടിരുന്നു. ആ മന്ത്രിസഭ ഒരു ഡയറക്റററിക്കു തുല്യമായിരുന്നുവെങ്കിൽ, ബീജഗണിതത്തിലെ അധിക സംഖ്യകളേയും ന്യൂനസംഖ്യകളേയുംപോലെ, എതിൎക്കുന്ന കക്ഷികൾ പരസ്പരം സമമായി നിന്നുകൊണ്ടു് തികഞ്ഞ നിഷ്ക്രിയത്വം സഞ്ജാതമാക്കുന്ന ഒരു അവസ്ഥയുണ്ടാക്കുമായിരുന്നു. എന്നാൽ പ്രസിഡൻറാകട്ടെ, ഓരോ കക്ഷിയുടേയും വാദങ്ങളേയും കാരണങ്ങളേയും സമാധാന

മായിക്കേട്ട്, അഭിപ്രായ വ്യത്യാസത്താൽ ചഞ്ചലമാകാതെ ഗവൺമെൻറിനെ ഉറപ്പിച്ചു നിർത്തിക്കൊണ്ടുപോകുന്നതിനു് സഹായകമായ ഒരു മാർഗ്ഗം സ്വീകരിക്കുകയാണുണ്ടായതു്. മന്ത്രിസഭയിലെ അഭിപ്രായവ്യത്യാസങ്ങളെപ്പററി പൊതുജനങ്ങൾക്കറിയാമായിരുന്നു; പക്ഷേ, ആ അടിസ്ഥാനത്തിൽ അവർക്കു അസുഖകരമായ ഒരു ചിന്തപോലുമുണ്ടായില്ല, എന്തെന്നാൽ, ആ യന്ത്രത്തെ സുഗമമായി പ്രവർത്തിപ്പിക്കാവുന്നവിധത്തിൽ ഒരു നിയന്ത്രകശക്തിയും വ്യവസ്ഥയുമുണ്ടെന്നു് അവർക്കറിയാമായിരുന്നു. ഈ സംഗതികളെപ്പറ്റി നന്നായറിയുന്ന ഒരാളെന്ന നിലയിലാണു് ഞാനിതു് പറയുന്നതു്, ഞാനതിൻെറ ഒരു ഭാഗമായിരുന്നു. എട്ടുവർഷക്കാലം നിലനിന്ന † മൂന്നാമത്തെ ഗവൺമെൻറിലെ അംഗങ്ങളും, ചരിത്രം ഒരുപക്ഷേ ഉദാഹരണം നൽകിയിട്ടില്ലാത്തതരത്തിലുള്ള സ്വരൈക്യത്തോടെയാണു്, പ്രവർത്തിച്ചിരുന്നതു്. ആ കാലഘട്ടത്തിലൊരിക്കൽപോലും അംഗങ്ങൾ തങ്ങളിൽ അസുഖകരമായ ഒരു ചിന്തയോ വാക്കോ ഉണ്ടാകേണ്ട സന്ദർഭം ജനിച്ചിരുന്നില്ല, അഭിപ്രായവ്യത്യാസങ്ങളോടുകൂടെ ഞങ്ങൾ ചിലപ്പോഴൊക്കെ കൂടിയിട്ടുണ്ടു്. പക്ഷേ ചർച്ചകൊണ്ടും യുക്തിവാദംകൊണ്ടും അന്യോന്യം ആശയ പരിവർത്തനം വരുത്തി ഐകകണ്ഠ്യമായ ഒരു തീരുമാനത്തിലെത്തുന്ന കാര്യത്തിൽ ഞങ്ങൾ ഒരിക്കലും പരാജയപ്പെട്ടിട്ടില്ല. കഴിവും രഞ്ജകമനോഭാവമുള്ളവരായിരുന്നു ഈ അംഗങ്ങൾ എന്നുവന്നാൽ തന്നെയും ഓരോരുത്തനും സമവും സ്വതന്ത്രവുമായ അധികാരമുണ്ടായിരുന്നുവെങ്കിൽ ഇതായിരിക്കും അനന്തരഫലമെന്നു എനിക്കു തീർച്ച പറയാവുന്നതല്ല. തങ്ങളുടെ വകുപ്പുകളുടെ അവ്യക്തമായ പരിധി, പ്രാരംഭത്തിൽ ലഘുവായതെങ്കിലും, സന്ദർഭങ്ങളുടെ ആവർത്തനങ്ങളാൽ പരിപുഷ്ടവും ശക്തതരവുമായിത്തീരുന്ന അസൂയകൾ, അന്യയാളുകളെ ഭിന്നിപ്പിച്ചു് തനിക്കു പ്രാധാന്യം കെട്ടിപ്പടുക്കാൻ വേണ്ടിയുള്ള കൗശലക്കാരുടെ ചരടുവലികൾ എന്നിവ ചെറിയ പ്രാരംഭത്തിൽനിന്നും സ്ഥായിയായ എതിർപ്പുകളിലേക്കു് എത്താവുന്നതാണു്.

---

† 1801-മുതൽ 1089 വരെയുള്ള ജെഫേഴ്സൻെറ ഗവണ്മെൻ്റ്

എന്നാൽ പ്രസിഡന്റിൽ നിക്ഷിപ്തമായ തീരുമാനാധികാരം ആഭ്യന്തരവടംവലികൾക്കിടം കൊടുക്കുന്നില്ല, പുറത്തുനിന്നുമുള്ള ഉപജാപങ്ങളെ മുളയിലെതന്നെ നുള്ളിക്കളയാൻ കഴിയുന്നു; ഭരണ നിർവ്വഹണത്തിൻെറ മാർഗ്ഗത്തെ, അവരുണ്ടാക്കുന്ന പിളർപ്പുകൾക്കു് മാററാനും സാധിക്കുന്നില്ല.

ഭരണാധികാരത്തിൽ എനിക്കുണ്ടായിരുന്ന പങ്കു്, ഭരണമേധാവി ഒരാളായിരിക്കണമെന്നതിനു് അനുകൂലമായ ഒരു ചിന്താഗതി എന്നിലുണ്ടാക്കിയതായി എനിക്കറിവില്ല, എന്തുകൊണ്ടെന്നാൽ അപ്രധാനമായ സ്ഥാനത്തും ഞാൻ അഭിനയിച്ചിട്ടുണ്ടു്; കൂടാതെ, ഞാൻ അനുഭവിച്ചിട്ടുള്ളതും ആഗ്രഹിച്ചിട്ടുള്ളതും എന്താണെന്നു് എനിക്കുതന്നെ അറിയുമെങ്കിൽ, എൻെറ അധികാരങ്ങളെ എൻെറ ചുമലുകളിൽനിന്നും മററുള്ളവരുടേതുകളിലേക്കു നിക്കിവയ്ക്കുമ്പോൾ എനിക്കു അത്യധികമായ ആഹ്ലാദം തോന്നിയിരുന്നു, മാത്രമല്ല, മററുള്ളവരുടെ മേൽ അധികാരം പ്രയോഗിച്ചു് എന്തു ആനന്ദമാണു് ഒരു യുക്തിജീവിയ്ക്കു് നേടുവാൻ കഴിയുന്നതെന്നു് എനിക്കിതേവരെ വിഭാവനം ചെയ്യാനും കഴിഞ്ഞിട്ടില്ല......

അസാമാന്യമായ കാര്യശേഷിയും, സ്ഥാനത്തിനു് അനുയോജ്യമായി വേണ്ട ആദർശത്തിൻെറ രാഹിത്യവും, കൈയ്യേററംകൊണ്ടു് ആ സ്ഥാനം വഹിക്കുന്നയാളിൻെറ അധികാരങ്ങൾ പാരമ്പര്യമനുസരിച്ചുള്ളതാക്കിയേക്കാം. ഞാൻ വിചാരിക്കുന്നതു് ചരിത്രത്തിനു്, പലർ ചേർന്നു നടത്തുന്ന ഗവണ്മെൻറിൽ ഒരു വ്യക്തി അധികാരം കൈയ്യേറിയതിൻെറ ഉദാഹരണങ്ങളോടൊപ്പം വരുന്ന ഉദാഹരണങ്ങൾതന്നെ താല്ക്കാലികമായി ഒരുവനിൽ നിക്ഷിപ്തമായ അധികാരങ്ങൾ ശാശ്വതമായി കൈയ്യടക്കിയതിനും കാണിക്കുവാനുണ്ടാകുമെന്നാണു്, അതിനാൽ കൂട്ടതലാളുകളുടെ ഒരു ഗവണ്മെൻറിൻെറ കൈകളിൽ ഈ ആപത്തു കുറവായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഒരുപക്ഷേ, അവർ തങ്ങളിലുള്ള ശത്രുതകളും കക്ഷിമത്സരങ്ങളും മൂലം സഞ്ജാതമാകാവുന്ന കാര്യക്ഷമതയില്ലായ്മയാൽ അതിനുള്ള സാദ്ധ്യത വളരെയേറുന്നുണ്ടാവും.

## V നിയമപരിപാലനമണ്ഡലം

നിഷ്പക്ഷവും സ്വതന്ത്രവുമായ ഒരു നീതിമണ്ഡലത്തിൻെറ ആവശ്യം

ജീ. വൈത്തിനു്, 1776

ഗവണ്മെൻറിൻെറ എല്ലാ ശാഖകളുടേയും മാന്യതയും ഉറപ്പും ജനങ്ങളുടെ സദാചാരവും, സമുദായത്തിൻേറതായ എല്ലാ അനുഗ്രഹങ്ങളും, വളരെയേറെ നിഷ്പക്ഷവും വിദഗ്ദ്ധവുമായ നിയമ പരിപാലനത്തെ ആശ്രയിച്ചിരിക്കുന്നു. നിയമ പരിപാലാധികാരം നിയമ നിർമ്മാണപരവും ഭരണനിർവഹണപരവുമായ അധികാരങ്ങളിൽനിന്നും വേർതിരിക്കപ്പെട്ടതും ആ രണ്ടിൽനിന്നും സ്വതന്ത്രവുമായിരിക്കണം, എന്തെന്നാൽ അവ രണ്ടും അതിനെ നിയന്ത്രിക്കുന്നതുപോലെ അതു അവയേയും നിയന്ത്രിക്കേണ്ടിയിരിക്കുന്നു; അതുകൊണ്ടു ന്യായാധിപന്മാർ എല്ലാപ്പോഴും നിയമത്തിൽ പാണ്ഡിത്യവും അനുഭവജ്ഞാനവുമുള്ളവരും സദ്വൃത്തരും വളരെ ക്ഷമയും ശാന്തതയും ശ്രദ്ധയുമുള്ളവരായിരിക്കണം, തമ്മിലുരസുന്ന താൽപര്യങ്ങളാൽ അവരുടെ മനസ്സുകൾ ചഞ്ചലപ്പെടരുതു്, ഏതെങ്കിലും മനുഷ്യനോടൊ മനുഷ്യസമൂഹത്തോടൊ അവർക്കു് ആശ്രയ ഭാവമുണ്ടായിരുന്നുകൂടാ. ഈ ലക്ഷ്യം നേടുന്നതിനു് വേണ്ടി അവരുടെ ഉദ്യോഗത്തിൻെറ കാലാവധി മരണംവരെ ആയിരിക്കണം, അതായതു് അവരുടെ ഉദ്യോഗകാലം അവർ സദ്വൃത്തരായിരിക്കുന്നിടത്തോളവും അവരുടെ വേതനം നിയമാനുസരണം നിർണ്ണയിക്കപ്പെട്ടതുമായിരിക്കണം.

സ്വഭാവദൂഷ്യത്തിനു്, അവരെ കോളനിയിലെ പ്രധാന വിചാരണാധികാരസ്ഥാനമായ പ്രതിനിധിസഭയുടെ മുൻപാകെ—ഗവർണ്ണരുടേയും കൗൺസിലിൻേറയും മുൻപാകെ—വിസ്തരിക്കപ്പെടണം. തങ്ങളുടെ നിരപരാധിത്വം തെളിയിക്കുന്നതിനു് പര്യാപ്തമായ സമയവും സൗകര്യവും അവർക്കു

ണ്ടായിരിക്കണം. കുററം തെളിയുകയാണെങ്കിൽ അവരുടെ ഔദ്യോഗിക സ്ഥാനങ്ങളിൽനിന്നും അവരെ നീക്കം ചെയ്യുകയും പര്യാപ്തമെന്നു കരുതപ്പെടുന്ന മററു ശിക്ഷകൾക്കു അവരെ വിധേയരാക്കുകയും വേണം.

ന്യായാധിപന്മാരുടെ മേൽ ജനങ്ങൾക്കു് നിയന്ത്രണമുണ്ടായിരിക്കണം

ആർനൌഡിനു്, 1789

അമേരിക്കയിൽ, ഗവണ്മെൻറിൻെറ എല്ലാ വകുപ്പുകളിലും ജനങ്ങൾക്കു്, തങ്ങൾക്കു കൈകാര്യം ചെയ്യാൻ കഴിയുന്നേടത്തോളം പ്രവേശനം നൽകേണ്ടതാണെന്നു ഞങ്ങൾ വിചാരിക്കുന്നു, മാത്രമല്ല, ദീർഘകാലം നിലനില്ക്കുന്നതും സത്യസന്ധവുമായ രീതിയിൽ ആ അധികാരങ്ങൾ ഉപയോഗിക്കുന്നതിനെ സുനിശ്ചിതമാക്കുന്നതിനുള്ള ഏകമാർഗ്ഗം അതാണെന്നും.

1. ഭരണ നിർവ്വഹണഭാരം സ്വയമായി വഹിക്കുന്നതിനു് അവർ യോഗ്യരല്ല, എന്നാൽ ആരാണതു് വഹിക്കേണ്ടതെന്നു പറയാൻ അവർ യോഗ്യരാകുന്നു. അതുകൊണ്ടു് ഇവിടെ നാലുവർഷത്തിലൊരിക്കൽ അവർ ഒരുദ്യോഗസ്ഥനെ തിരഞ്ഞെടുക്കുന്നു. 2. നിയമനിർമ്മാണത്തിനു് അവർ യോഗ്യരല്ല. അതുകൊണ്ടു് അവർ നിയമ നിർമ്മാതാക്കളെ തിരഞ്ഞെടുക്കുകമാത്രം ചെയ്യുന്നു. 3. നിയമപ്രശ്നങ്ങൾ തീരുമാനിക്കുന്നതിനു് അവർക്കു കഴിവില്ല, എന്നാൽ വസ്തുതകളെ സംബന്ധിക്കുന്ന പ്രശ്നങ്ങൾ തീരുമാനിക്കാൻ കഴിവുള്ളവരാകുന്നു. ജൂറികളെന്ന നിലയിൽ അവർ വസ്തുതകളെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളും തീരുമാനിച്ചിട്ടു് അവയിൽനിന്നു മുത്തുതമാകുന്ന നിയമകാര്യങ്ങൾ തീരുമാനിക്കാൻ സ്ഥിരം ന്യായാധിപരെ നിയോഗിക്കുകയും ചെയ്യുന്നു. എന്നാൽ നമുക്കെല്ലാമറിയാം, സ്ഥിരം ന്യായാധിപന്മാർ തങ്ങളുടെ വർഗ്ഗത്തെപ്പററി അഭിമാനം ഉള്ളവരാണെന്നു്, അതു സുവിദിതമായിരിക്കെ അവർ കൈക്കൂലികൊണ്ടു് പ്രലോഭിക്കപ്പെടുന്നവരാണു്, സ്നേഹ

ത്തിൻേറയും ബന്ധുത്വത്തിൻേറയും' കക്ഷിതാൽപര്യത്തിൻേറയും', ഭരണാധികാരിയോടും നിയമ നിർമ്മാണാധികാരത്തോടുമുള്ള വിധേയത്വത്തിൻേറയും പേരിൽ അവർക്കു മാർഗ്ഗഭ്രംശം സംഭവിക്കാം, ഒരു കക്ഷിയോട്ട് പക്ഷപാതം കാണിക്കുന്ന ഒരു ന്യായാധിപൻെറ തീരുമാനത്തിനു് ഒരു കാര്യം വിട്ടുകൊടുക്കുന്നതിനേക്കാൾ നല്ലതു് ഒററയും ഇരട്ടയുമെടുത്തു നോക്കി തീരുമാനിക്കുകയാണു്; അതിനേക്കാൾ പന്ത്രണ്ടു സത്യസന്ധരായ ജൂറികളുടെ തീരുമാനം മെച്ചമായിരിക്കയേയുള്ളു. അതുകൊണ്ടു് ന്യായാധിപന്മാർ എന്തെങ്കിലും തരത്തിൽ പക്ഷപാതചിന്തയ്ക്കു് വിധേയരാണെന്നു് ജൂറിക്കു അഭിപ്രായമുണ്ടെങ്കിൽ വസ്തുതകളെപ്പററി മാത്രമല്ല നിയമത്തെ സംബന്ധിച്ചും വിധി കൽപിക്കുകയെന്നതു് അവരുടെ അധികാരപരിധിയിൽപെട്ട കാര്യമാണു്. ഈ അധികാരം അവർ ഒരിക്കലും പ്രയോഗിക്കാറില്ല, എന്നാൽ ന്യായാധിപന്മാരുടെ നിഷ്പക്ഷതയെ സംബന്ധിച്ച് സംശയാലുക്കളാകുമ്പോൾ മാത്രമല്ലാതെ അവർ ഈ അധികാരമുപയോഗിക്കാറില്ല, ഈ അധികാരപ്രയോഗംകൊണ്ടു് അവർ ഇംഗ്ലീഷ് സ്വാതന്ത്ര്യത്തിൻെറ ഏററവും ഉറച്ച പാറക്കെട്ടായിത്തീരുകയാണു്. നിയമനിർമ്മാണ രംഗത്തു നിന്നും നിയമ പരിപാലന മണ്ഡലത്തിൻനിന്നും ജനങ്ങളെ നീക്കിനിർത്തണമോ എന്നു് തീരുമാനിക്കാൻ എന്നോട്ട് ആവശ്യപ്പെടുകയാണെങ്കിൽ അവരെ നിയമ നിർമ്മാണ രംഗത്തുനിന്നും ഒഴിച്ചു നിർത്തുവാൻ ഞാൻ പറയും. നിയമ നിർമ്മാണത്തേക്കാൾ പ്രധാനപ്പെട്ടതാണു് അതിനെ നടപ്പിൽ വരുത്തുകയെന്നതു്. എന്തായിരുന്നാലും കഴിയുന്നിടത്തോളം ഈ മൂന്നു വിഭാഗങ്ങളിലും ജനങ്ങളെ ഇടപെടുത്തുന്നതു് ഏററവും നല്ലതാണു്.

ന്യായാധിപന്മാരെ ജനങ്ങൾ തിരഞ്ഞെടുക്കണം

എസ്. കെർച്ചവാലിനു്. 1816

നിയമപാണ്ഡിത്യമുള്ളവരായ ന്യായാധിപന്മാരെ തിരഞ്ഞെടുക്കുന്നതിനു് ജനങ്ങൾ കഴിവുള്ളവരല്ലെന്നു് കരുത

പ്പെട്ടിരുന്നു. ഇതു് ശരിയാണോ എന്നെനിക്കറിഞ്ഞുകൂടാ, സംശയാസ്പദമാണെങ്കിൽ നാം ഒരു തത്ത്വം സ്വീകരിക്കണം. മററു തിരഞ്ഞെടുപ്പുകളിലെന്നപോലെ, കീർത്തിയാൽ അവർ നയിക്കപ്പെട്ടും. ഇന്നത്തെ നിയമരീതിയിൽ ഉണ്ടാകാവുന്ന കുറവുകൾ മാത്രമേ ഈ രീതിയിലും ഉണ്ടാവുകയുള്ളു. യൂണിയനിലെ ഒരു സംസ്ഥാനത്തിലെങ്കിലും അതു ദീർഘകാലത്തെ പരീക്ഷണത്തിനു് വിധേയമായിട്ടുള്ളതാണു്, വളരെ തൃപ്തികരമായ വിജയം അതിനുണ്ടാവുകയും ചെയ്തു. കണക്‌ററിക്കട്ടിലെ ന്യായാധിപന്മാരെ രണ്ടു ശതാബ്ദങ്ങളായി ആറുമാസത്തിലൊരിക്കൽ ജനങ്ങൾ തിരഞ്ഞെടുത്തു വരികയാണു്, ഏതെങ്കിലും ഒരു സന്ദർഭത്തിൽ ആരെയെങ്കിലും നീക്കിയതായറിവില്ല— ഉത്തരവാദിത്വബോധത്തിന്റെ നിയന്ത്രണം അത്രയ്ക്കു ശക്തമാണു്.

ഭരണഘടനാപരമായ കാര്യങ്ങളിലെ ന്യായാസനത്തിന്റെ കൈയ്യേററങ്ങൾ

റി. റിററ്ച്ചീസ്സ്, 1820

നമ്മുടെ സംസ്ഥാനങ്ങളുടെ സംഘാതത്തിന്റെ അടിത്തറയെ തുരക്കുന്നതിനു് ബുദ്ധിപൂർവ്വം പ്രവർത്തിക്കുന്ന സാപ്പേഴ്സിന്റേയും മൈനേഴ്സിന്റേയും സൈനികവിഭാഗമാണു് ഐക്യനാടുകളിലെ ന്യായാസനങ്ങൾ. അവ നമ്മുടെ ഭരണഘടനയെ വ്യാഖ്യാനിക്കുന്നതു് പൊതുവായ ഒരു ഗവൺമെൻറും സാംസ്ഥാനിക ഗവൺമെൻറുകളുമെന്ന അടിസ്ഥാനത്തിലല്ല, നേരെമറിച്ച് ഒരു പരമാധികാര ഗവണ്മെൻറിന്റെ അടിസ്ഥാനത്തിൽ മാത്രമാണു്. ഇതു് എല്ലാക്കാര്യങ്ങളേയും അവരുടെ കാലടികളിൽകൊണ്ടു ചെല്ലുകയത്രേ ചെയ്യുന്നതു്...... ഈയിടെ അവരിൽ അഞ്ചു ജഡ്ജിമാർ ധൈര്യപൂർവം എടുത്ത നിലപാടു വീണ്ടും കാണിക്കാൻ തയ്യാറാകുമോ എന്നു നമുക്കു കാണാം, അവർ അങ്ങനെ ചെയ്യുമെങ്കിൽ,....ഞാൻ പറയും, "ഇതിനെതിരായി എല്ലാവരും ശബ്ദമുയർത്തണമെന്നു്," മാത്രമല്ല, കൈകളുയർത്തണമെന്നും.... ....

അനുഭവത്തിൽനിന്നും, മഹാഭിയോഗം അപ്രായോഗികമാണെന്നും, വെറുമൊരു പേടികാട്ടി മാത്രമാണെന്നും ബോദ്ധ്യമായതിനാൽ ജീവിതാവസാനംവരെ തങ്ങളുടെ നില ഭദ്രമാണെന്ന വിശ്വാസത്തിൽ അവർ പൊതുജനാഭിപ്രായത്തോടുള്ള തങ്ങളുടെ ചുമതലയിൽനിന്നും ഒളിച്ചു പൊയ്ക്കൊള്ളുന്നു.... ഒന്നിൻെറയോ മറേറാ ഭൂരിപക്ഷത്തോടെ രഹസ്യമായി അവർ ഒരു തീരുമാനമെടുക്കുന്നു, അലസരോ ഭീരുക്കളോ ആയ സഹജഡ്ജിമാരുടെ നിശ്ശബ്ദമായ അനുവാദത്തോടെ, കൗശലക്കാരനായ ഒരു പ്രധാന ചീഫ് ജഡ്ജി, തൻേറതു മാത്രമായ ഇഷ്ടാനുസരണവും നിയമത്തെപ്പററിയുള്ള കുരുട്ടുവാദങ്ങളാലും തീരുമാനങ്ങളെ ഐകകണ്ഠ്യേനയെന്ന രൂപത്തിൽ പ്രഖ്യാപിക്കുന്നു.

ഒരു രാജാവിൽ നിന്നോ ഭരണാധികാരിയിൽ നിന്നോ സ്വതന്ത്രമായ ഒരു നിയമ പരിപാലനവിഭാഗം നല്ല ഒരു കാര്യമാണു്, എന്നാൽ ഒരു രാഷ്ട്രത്തിൻെറ ഇച്ഛയിൽനിന്നും സ്വതന്ത്രമായ ഒന്നു ഒരു അപശബ്ദമാണു്. പ്രത്യേകിച്ചു് ഒരു റിപ്പബ്ലിക്കൻ രൂപത്തിലുള്ള ഗവണ്മെൻറിൽ കൈയ്യേററം നടത്തുന്ന ന്യായാസനം ദുഷ്പ്രഭുത്വത്തിലെത്തും.

ജാർവീസിനു്, 1820

സംവിധാനപരമായ എല്ലാ പ്രശ്നങ്ങളുടെയും അന്തിമമായ തീരുമാനാധികാരം ന്യായാധിപർക്കാണെന്നു കരുതുന്നതു് ആപൽക്കരമായ ഒരു സിദ്ധാന്തം തന്നെയാണു്, അതു നമ്മെ ഒരു ന്യൂനപക്ഷത്തിൻെറ ദുഷ്പ്രഭുത്വത്തിൽ കൊണ്ടുവയ്ക്കും. നമ്മുടെ ന്യായാധിപന്മാർ മററു മനുഷ്യരെപ്പോലെമാത്രം സത്യസന്ധരാണു്, അതിൽ കവിഞ്ഞില്ല. അന്യയാളുകളെപ്പോലെതന്നെ അവരും രാഷ്ട്രീയകക്ഷിയോടും അധികാരത്തോടും മമതയുള്ളവരും തങ്ങളുടെ വർഗ്ഗത്തിൻെറ പ്രത്യേകാധികാരങ്ങളെ സംബന്ധിച്ചു താൽപര്യമുള്ളവരുമാകുന്നു. അവരുടെ ആപ്തവാക്യം "നല്ലവനായ ഒരു ന്യായാധിപൻെറ കർത്തവ്യം തൻെറ ക്ഷേത്രാധികാരത്തെ

വിപുലീകരിക്കുക'' എന്നുള്ളതാകുന്നു, അവർ ജീവിതാവസാനംവരെ ഉദ്യോഗത്തിലിരിക്കുന്നവരാകയാൽ അവരുടെ അധികാരം കൂടുതൽ ആപൽക്കരവുമാണു്.

ഫെഡറൽനിയമപരിപാലന വിഭാഗത്തെ നിയന്ത്രിച്ചില്ലെങ്കിൽ അതു ജനാധിപത്യത്തെ നശിപ്പിച്ചുകളയും.

സി. ഹാമണ്ടിനു്, 1821

എന്തായിരുന്നാലും വളരെക്കാലമായി എനിക്കുള്ള അഭിപ്രായം, (അതു ഞാൻ. പത്രങ്ങളിലെഴുതുവാനോ, കവചധാരിയായ പ്രയാമിനെപ്പോലെ അതിനുവേണ്ടി യുദ്ധം ചെയ്യുവാനോ തയ്യാറായില്ലെങ്കിലും)—അതു് പ്രകടിപ്പിക്കുന്നതിൽനിന്നും ഞാനൊരിക്കലും പിൻതിരിഞ്ഞിട്ടില്ലതാനും—കേന്ദ്രത്തിലെ നിയമപരിപാലന മണ്ഡലത്തിന്റെ ഘടനയാണു് നമ്മുടെ ഫെഡറൽ ഗവണ്മെൻറിൻെറ തകർച്ചയ്ക്കു് വിത്തുപാകുന്നതെന്നും, (മഹാഭിയോഗം വെറുമൊരു പേടികാട്ടീ മാത്രവുമാവുകയാൽ) ഉത്തരവാദിത്വമില്ലാത്ത ആ സംഘം, ആകർഷണശക്തിയെപ്പോലെ രാവും പകലും വ്യത്യാസമില്ലാതെ ഒരു ചോരൻെറ നിശ്ശബ്ദമായ ചുവടുവയ്പോടെ ക്ഷേത്രാധികാരമേഖലയിൽ, ക്രമേണ കടന്നുചെന്നു് അവസാനം എല്ലാ ഗവണ്മെൻറുകളും ഒന്നായിത്തീരത്തക്കവണ്ണം സംസ്ഥാനങ്ങളുടെ അധികാരങ്ങളെ കൈയ്യടക്കുകയും ചെയ്യുമെന്നത്രേ. ഇതിനു് ഞാൻ എതിരാണു്; എന്തെന്നാൽ, എല്ലാ ഗവണ്മെൻറുകളും, ചെറിയവയെയെന്നപോലെ വലിയ കാര്യങ്ങളേയും, എല്ലാ അധികാങ്ങളുടേയും കേന്ദ്രസ്ഥാനമെന്ന നിലയിൽ, കേന്ദ്രത്തിലേക്കു വലിച്ചെടുത്തുകഴിഞ്ഞാൽ സംസ്ഥാനങ്ങൾക്കു പരസ്പരം വ്യവസ്ഥപ്പെടുത്തിയിട്ടുള്ള നിയന്ത്രണം നിർബലമായിത്തീരുകയും, അങ്ങനെ അതു് നാം ഏതൊരു ഗവൺമെൻറിൻെറ മർദ്ദനാത്മകവും വിഷലിപ്തവുമായ മേൽക്കോയ്മയിൽനിന്നും പിരിഞ്ഞുവന്നുവോ അതിനെപ്പോലെ ആയിത്തീരുകയും ചെയ്യും. അതു നമ്മെ യൂറോപ്പിലെ അവസ്ഥ

യിലെത്തിക്കും; ഓരോരുത്തനും ഒരു കട്ടയോ പിരിയോ കൂടമോ അടകല്ലോ ആയിത്തീരും. നമ്മുടേയും അവരുടേയും ഉദ്യോഗസ്ഥർ ഒരു മൂശയിൽ നിന്നും വാർത്തെടുക്കപ്പെട്ടുന്നവയെപ്പോലെ ഒരേ സാധനംകൊണ്ടും ഒരു കൈകൊണ്ടും ഉണ്ടാക്കപ്പെട്ടവരായിരിക്കും. നമ്മെയെല്ലാം വിഴുങ്ങുന്നതിനുള്ള സമുദ്രത്തിലേക്കു് ഗവണ്മെൻറു് ഇങ്ങനെ നിശ്ശബ്ദമായി പതിക്കുന്നതിനെ സംസ്ഥാനങ്ങൾ ഉദാസീനമായി നോക്കിനിൽക്കുകയാണെങ്കിൽ, ലോഹദണ്ഡുകൊണ്ടല്ലാതെ നിയന്ത്രിതമല്ലാത്ത മനുഷ്യസ്വഭാവത്തെ ഓർത്തു കണ്ണുനീർ പൊഴിക്കുക മാത്രമേ കരണീയമായുള്ളു.

ഫെഡറൽ ന്യായാധിപന്മാരെ നിയന്ത്രിക്കുന്നതിനു് അവരെ ആറുവർഷങ്ങളിലൊരിക്കൽ നിയമിക്കണം,

പ്രെസൻറ്സിനു്, 1821

ന്യായാസനങ്ങൾ ഭരണഘടനയെ കടന്നാക്രമിക്കുന്നതിൽനിന്നും അവയെ തടയുക എന്ന പ്രയാസമേറിയ കൃത്യം നിർവഹിക്കുന്നതിനു് എനിക്കു നിർദ്ദേശിക്കാനുള്ളതു്, പ്രസിഡൻറു് ഭാവിയിലുള്ള നിയമനങ്ങൾ ആ ഒരു സെനററിൻെറ കാലാവധിയായ ആറുവർഷക്കാലത്തേക്കു അവരെ നിയമിക്കുകയെന്നും വീണ്ടും നിയമിക്കണമെങ്കിൽ രണ്ടു സഭകളുടേയും അനുമതിയോടെ ആയിരിക്കണമെന്നും വ്യവസ്ഥയുണ്ടാക്കുകയെന്നതാണു്. ഇതു സ്വാതന്ത്ര്യമാവുകയില്ലെങ്കിൽ പിന്നെയെന്താണു് സ്വാതന്ത്ര്യമാവുകയെന്നു് എനിക്കറിഞ്ഞുകൂടാ.

ഭരണഘടനയെപ്പററിയുള്ള ന്യായാസനത്തിൻെറ ഔദ്ധത്യങ്ങൾ, തീരുമാനത്തിൻെറ പിശകുകളെന്ന ഭാവേന സംരക്ഷിതങ്ങളാണു്; താത്വികമായി അവ ശിക്ഷാർഹങ്ങളുമല്ല. അതിനാൽ മഹാഭിയോഗമെന്നതു് അവരാരും തന്നെ ഭയപ്പെടാത്ത വെറും മുട്ടകടി മാത്രമാകുന്നു. എന്നാൽ ആറുവർഷത്തിലൊരിക്കൽ കാൺഗ്രസ്സിൻെറ രണ്ടു സഭകളുടേയും മുമ്പാകെ തങ്ങളുടെ സ്വഭാവം പരിഗണിക്കപ്പെട്ടു

KOTTAYAM PUBLIC LIBRARY KOTTAYAM

മെന്നുവന്നാൽ അതു ഭയദമായിരിക്കും. പരമാധികാരത്തിന്റെ ഒരു ശാഖ രാഷ്ട്രത്തിൽനിന്നും സ്വതന്ത്രമായിരിക്കുമെങ്കിൽ അങ്ങിനെയുള്ള ഒരു ഗവണ്മെൻറിനെ പ്രാതിനിധ്യ സ്വഭാവമുള്ളതെന്നു പറയുന്നതു് തെററായിരിക്കും.

## VI പരിവർത്തനങ്ങൾക്കു് വിധേയമായി

ഭരണഘടന ഏററവും ബുദ്ധിപൂർവകമായതു്.

ഹംഫ്രീസിനു്, 1786

ഈയിടെ അമേരിക്കയിലുണ്ടായ സംഭവങ്ങൾ എന്നെ ആനന്ദതുന്ദിലനാക്കുന്നു. ഒന്നാമതായി, നമ്മുടെ കാര്യങ്ങൾ പ്രത്യക്ഷമായി തകരാറിലാകുമ്പോൾ ജനങ്ങളുടെ സദ്ബുദ്ധി അവയെ തിരുത്തുന്നുണ്ടാവുമെന്ന എന്റെ വിശ്വാസത്തെ അവ സാക്ഷാത്കരിച്ചിരിക്കുന്നു. സേനകളെ അണിനിരത്തുന്നതിനു് പകരം രാജ്യത്തിലെ അറിവുള്ളവരായ ജനങ്ങളെ സമ്മേളിപ്പിച്ചു് ഭരണഘടനയ്ക്കു് ഭേദഗതി വരുത്തുന്ന മാതൃക നാം ലോകത്തിനു് കാണിച്ചിട്ടുള്ളവയായ മാതൃകകളോടൊപ്പംതന്നെ വിലയേറിയതാണു്. നമ്മുടെ പരിചിന്തനങ്ങളുടെ ഫലമായിരുന്ന നമ്മുടെ ഭരണഘടന, ഇന്നേവരെ മനുഷ്യനു് നൽകപ്പെട്ടിട്ടുള്ളവയിൽ വച്ചു് ഏററവും ബുദ്ധിപൂർവകമായതാകുന്നു.

എ. മാർഷിനു്, 1801. ന്യൂയാർക്ക് പബ്ലിക്ക് ലൈബ്രറി മാനുസ്ക്രിപ്ററ്. II, 84

ഐക്യനാട്ടുകളിലെ ഭരണഘടന നമ്മുടെ നാട്ടിലെ സഞ്ചിതവിജ്ഞാനത്തിന്റെ ഫലമാകുന്നു. ആ വിജ്ഞാനം കൃത്രിമങ്ങളായ തത്വങ്ങളുടെ ചേരുവകൊണ്ടു് കലർപ്പുള്ളതാക്കിയിട്ടില്ലാത്ത പ്രാതിനിധ്യതത്വങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ഗവൺമെൻറിന്റെ എല്ലാ അംഗങ്ങളും, മനു

ഷ്യൻെറ ഭീതിയുടേയും വിശ്വസ്തതയുടെയും പരിഗണന യിലല്ലാതെ, അവൻെറ യുക്തിയുടേയും ന്യായബോധത്തി ൻേറയും, വ്യക്തിപരമായ സാമൂഹ്യ വിരുദ്ധവികാരങ്ങളിൽ നിന്നും വിഭിന്നമായി അവൻെറ സാമൂഹ്യവികാരങ്ങളു ടേയും പരിഗണനയിൽ സംഘടിതമാക്കപ്പെട്ടമെങ്കിൽ അതു് അവനെ സാമ്രാജ്യികവിവേകത്താൽ നിയന്ത്രിതനാ ക്കത്തക്കവണ്ണം സ്വതന്ത്രനാക്കുകയും, സാമ്രാജ്യികമായ എല്ലാ തെററുകളിൽനിന്നും അവനെ സംരക്ഷിക്കത്തക്ക വണ്ണം ഉറപ്പുള്ളവനാക്കുകയും ചെയ്യുന്നതായിരിക്കുമെന്നു തെളിയിക്കുന്നതിനുള്ള പ്രധാന കർത്തവ്യം നമ്മിൽ ചുമ ത്തിയിരിക്കുകയാണു്.

ലിഖിതമായ ഒരു ഭരണഘടന രാഷ്ട്രീയസിദ്ധാന്തങ്ങ ളെ തറച്ചുനിറുത്തുന്നു.

ഡാ: പ്രീസ്ററ്ലിസ്സു്, 1816

ഭരണഘടന ആസൂത്രണം ചെയ്തകാലത്തു് ഞാൻ യൂറോപ്പിലായിരുന്നു; അതു സംസ്ഥാപിതമായതിനുശേഷം മാത്രമാണു് ഞാൻ അതു കണ്ടതും. അതു കിട്ടിക്കഴിഞ്ഞയു ടൻതന്നെ, മതസ്വാതന്ത്ര്യം, പത്രസ്വാതന്ത്ര്യം, ജ്യൂറിമുഖാ ന്തരമുള്ള കേസ്‌വിചാരണ, ഹെബിയസ് കാർപസ്, ശാശ്വതസേനയ്ക്കു പകരം താൽക്കാലികസൈന്യം, യൂണി യനു് കൈമാററം ചെയ്തിട്ടില്ലാത്ത അധികാരങ്ങൾ സംസ്ഥാ നങ്ങൾക്കാണെന്നു വ്യക്തമായ നിർവചനം എന്നീ കാര്യ ങ്ങൾക്കു വ്യവസ്ഥചെയ്യേണ്ടതിൻെറ ആവശ്യത്തെപ്പററി ശക്തിയായ ഭാഷയിൽ ഞാൻ മി. മാഡിസണു് എഴുതുക യുണ്ടായി. അദ്ദേഹം അതനുസരിച്ചു് കാൺഗ്രസ്സിൻെറ പ്രഥമസമ്മേളനത്തിൽത്തന്നെ ഈ ഭേദഗതികൾ അവത രിപ്പിക്കുകയും ഇന്നത്തെ രൂപത്തിൽ അവയ്ക്കു് സംസ്ഥാന ങ്ങളുടെ അംഗീകാരം നേടുകയും ചെയ്തു. ഭരണഘടനയെ സംബന്ധിക്കുന്ന കാര്യങ്ങളിൽ ഇത്രമാത്രമാണു് എനിക്കു ണ്ടായിരുന്ന പങ്കു്......ലിഖിതസംവിധാനങ്ങൾ, വികാര ങ്ങളുടേയും മിഥ്യാബോധങ്ങളുടേയും നിമിഷങ്ങളിൽ ഉല്ലം

ഘലിക്കപ്പെടാമെന്നിരുന്നാലും, ശ്രദ്ധാലുക്കളായവർക്ക് ജനങ്ങളെ ആഹ്വാനം ചെയ്യാനും അണിനിരത്താനും പര്യാപ്തമാക്കുന്ന ഒരു മൂലവാക്യത്തെ അതു തീർച്ചയായും നൽകുന്നുണ്ട്, കൂടാതെ ജനങ്ങൾക്കുവേണ്ടി തങ്ങളുടെ രാഷ്ട്രീയസിദ്ധാന്തങ്ങളെ അവ ഉറപ്പിച്ചുനിറുത്തുകയും ചെയ്യുന്നു.

എന്നാൽ ഭരണഘടനകൾ പാവനങ്ങളല്ല.

എസ്. കെർച്ചെവാലിനു്, 1816

ചിലർ ഭരണഘടനകളെ ഭക്ത്യാദരങ്ങളോടെ വീക്ഷിക്കുകയും അതിനെ കൈകൊണ്ട് സ്പർശിക്കാൻ പാടില്ലാത്തവണ്ണം പാവനമാണെന്നു കണക്കാക്കുകയും ചെയ്യുന്നു. കഴിഞ്ഞുപോയ യുഗത്തിലെ ജനങ്ങൾക്ക് മനുഷ്യാതീതമായ അറിവുണ്ടെന്നു കരുതുകയും അവർ ചെയ്തതൊക്കെ ഭേദപ്പെടുത്താവുന്നതല്ലെന്നു സങ്കൽപിക്കുകയും ചെയ്യുന്നു.... ....നിയമങ്ങളേയും സംവിധാനങ്ങളേയും സംബന്ധിച്ചിടത്തോളം കൂടെക്കൂടെയുള്ളതും അപരീക്ഷിതങ്ങളുമായ ഭേദഗതികൾ വേണമെന്നു ഞാൻ ഒരിക്കലും വാദിക്കുകയില്ല, ചെറിയതോതിലുള്ള അപൂർണ്ണതകളെ സഹിക്കുകയാണ് നല്ലതെന്നു് ഞാൻ വിചാരിക്കുന്നു......എന്നാൽ നിയമങ്ങളും സ്ഥാപനങ്ങളും മനുഷ്യന്റെ മനസ്സിന്റെ പുരോഗതിയോടു തോളോടുതോൾ ചേർന്നു പോകേണ്ടതാണെന്നും ഞാൻ അറിയുന്നു.........പുതിയ കണ്ടുപിടിത്തങ്ങൾ ഉണ്ടാകുന്നതോടെ പുതിയ സത്യങ്ങൾ അനാവൃതങ്ങളാകുകയും ആചാരങ്ങളും അഭിപ്രായങ്ങളും സാഹചര്യങ്ങളുടെ മാററത്തിനൊത്തുമാറുകയും ചെയ്യുന്നു, അതിനാൽ കാലത്തിന്നനുയോജ്യമായി സ്ഥാപനങ്ങളും പുരോഗമിക്കുകതന്നെവേണം. ഒരു മനുഷ്യൻ, അവനൊരു കുട്ടിയായിരുന്ന കാലത്തു അവനു് യോജിച്ചിരുന്ന ഒരു കോട്ടുതന്നെ പ്രായമായതിനുശേഷവും ധരിക്കണമെന്നു ആവശ്യപ്പെടുന്നതു്പോലെയാണു് പരിഷ്കൃതമായ ഒരു സമുദായം, എന്നെന്നും അതിന്റെ അപരിഷ്കൃതരായ പൂർവികന്മാരുടെ ഭരണസമ്പ്ര

ദായത്തിൽ കഴിയണമെന്നു പറയുന്നതു്.........ഓരോ തല മുറയ്ക്കും... അതിൻെറ സൗഖ്യത്തിനു് നിദാനമായേക്കമെന്നു് കരുതപ്പെടുന്ന ഭരണരീതി തിരഞ്ഞെടുക്കുവാനുള്ള അധി കാരമുണ്ടു്.......പത്തൊൻപതോ ഇരുപതോ വർഷങ്ങൾ ക്കിടയിൽ ഇങ്ങനെ ചെയ്യുന്നതിനുള്ള സന്ദർഭം നൽകു ന്നതിനു് ഭരണഘടനയിൽ വ്യവസ്ഥചെയ്യേണ്ടതാകുന്നു. ഈ ഗോളവും അതിലുള്ള സകലതും അതിനെ അധിവ സിക്കുന്നവർക്ക തങ്ങളുടെ ജീവിതകാലത്തു് അനുഭവിക്കാ നുള്ളതാണു്. അവർക്ക താൽപര്യമുള്ള കാര്യങ്ങൾ എങ്ങ നെയാണു് നേടേണ്ടതെന്നതു് അവർതന്നെയാണു് തീരു മാനിക്കേണ്ടതു് ... ഈ രാജവീഥി അടച്ചുകളയുകയാണെ ങ്കിൽ,.......അതിൻെറ ശബ്ദം ബലപ്രയോഗത്തിൽക്കൂടെ യായിരിക്കും കേൾക്കുക, എന്നിട്ടു്, മററു രാഷ്ട്രങ്ങളെപ്പോലെ മർദ്ദനത്തിൽനിന്നും വിപ്ലവത്തിലേക്കും അതിൽനിന്നും പരിവർത്തനത്തിലേക്കും, പിന്നെ വീണ്ടും ഇവയിലൂടെ എന്നെന്നും, നമുക്ക കടന്നുപോകേണ്ടതായിവരും.

—ശാശ്വതമോ അല്ല.

ജെ. കാർട്ട്റൈററിനു്, 1824

അവയെ (നമ്മുടെ ഭരണഘടനാനിയമങ്ങളെ) മാറ്റാൻ പാടില്ലാത്തതാക്കാൻ കഴിയുമോ? ഒരു തലമുറയ്ക്കു് അനന്തര തലമുറകളെ എന്നെന്നേയ്ക്കുമായി ബന്ധിക്കുവാൻ അവകാ ശമുണ്ടോ? ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. സൃഷ്ടികർ ത്താവു് ലോകത്തെയുണ്ടാക്കിയതു് ജീവിച്ചിരിക്കുന്നവർക്ക വേണ്ടിയാണു്, മരിച്ചവർക്കായിട്ടല്ല. അധികാരങ്ങളും അവകാശങ്ങളും ആളുകൾക്കാണു്, അല്ലാതെ വസ്തുക്കൾക്കല്ല, ഇച്ഛാശക്തിയില്ലാത്ത ഭൗതികവസ്തുക്കൾക്കല്ല. മരിച്ചവരാ ണെങ്കിൽ വസ്തുക്കൾപോലുമല്ല ......മനുഷ്യരൂപത്തിലായി രുന്ന കാലത്തു് അവർക്കുണ്ടായിരുന്ന അവകാശങ്ങളും അധി കാരങ്ങളും പിന്നെ ആർക്കാണു് സിദ്ധമാകുന്നതു്? ഒരു തലമുറയ്ക്കു്, ഭൂരിപക്ഷത്തിൻെറ അഭിപ്രായമനുസരിച്ചു് അതിന്റെ കാലഘട്ടത്തേക്കു മാത്രം നിയന്ത്രിക്കാം. അവരുടെ

മുൻഗാമികൾക്കുണ്ടായിരുന്ന അവകാശങ്ങളും അധികാരങ്ങളും കൈകാര്യം ചെയ്യാം, തങ്ങളുടെ ആവശ്യത്തിനുലക്ക് നിയമങ്ങളേയും സ്ഥാപനങ്ങളേയും മാററുകയും ചെയ്യാം, മനുഷ്യൻെറ സ്വയംസിദ്ധവും അനന്യാധീനവുമായ അവകാശങ്ങളല്ലാതെ ഒന്നുംതന്നെ മാററുവാൻ പാടില്ലാതെയില്ല.

# അദ്ധ്യായം IV

## അർത്ഥശാസ്ത്രം

## I കൃഷിയും വാണിജ്യവും

വാണിജ്യപരമായ സമ്പദ്‌വ്യവസ്ഥയേക്കാൾ കാർഷിക സമ്പദ്‌വ്യവസ്ഥയ്ക്കുള്ള മേന്മ.

ജേയ്ക്ക്, 1785

അസംഖ്യം ആളുകളെ കാർഷികവൃത്തിയ്ക്കു നിയോഗിക്കുവാൻ തക്കവെല്ലും വേണ്ട ഭൂമി ഇന്നു് നമുക്കുണ്ടു്. ഭൂമി കൃഷിചെയ്യുന്നവരാണ് ഏററവും വിലയേറിയ പൗരന്മാർ. ഏററവും ഉത്സാഹശീലരും, തികച്ചും സ്വതന്ത്രരും സദ്ഗുണസമ്പന്നരുമായ അവർ തങ്ങളുടെ രാജ്യവുമായി കെട്ടിപ്പിണഞ്ഞവരാണ്, അതിൻെറ അവകാശങ്ങളും താൽപര്യങ്ങളുമായി. ഏററവും ശാശ്വതമായ ശൃംഖലകളാൽ ബന്ധിതരുമാണ്. അതുകൊണ്ടു് ആ വൃത്തിയിൽ എത്രകാലം അവർക്കു വ്യാപൃതരായിരിക്കാൻ കഴിയുമോ, അത്രയുംകാലം ഞാൻ അവരെ നാവികരോ തടിപ്പണിക്കാരോ വേറെയെന്തെങ്കിലുമോ ആക്കുകയില്ല. ആഭ്യന്തരവും വൈദേശികവുമായ ആവശ്യത്തിൽ വളരെ കവിഞ്ഞു ഉൽപാദനങ്ങളുണ്ടാകാതിരിക്കുന്നിടത്തോളംകാലം ഈ രംഗത്തുള്ള

തൊഴിൽ ജനങ്ങൾക്കുണ്ടായിരിക്കും. ഇതേവരെ അങ്ങനെയുള്ള നിലയിലെത്തിയിട്ടില്ല, വളരെക്കാലത്തേക്കു എത്തുമെന്നും തോന്നുന്നില്ല. എത്തിക്കഴിഞ്ഞാലുടൻതന്നെ, അധികമുള്ള ആളുകളെ വേറെ തൊഴിലുകളിലേക്ക് തിരിച്ചുവിടണം. അന്നു ഞാൻ ഒരുപക്ഷേ അവരെ വ്യവസായശാലകളിലേക്കു അയക്കുന്നതിന്ന് പകരം കടലിലേക്കു അയക്കാനാകാം കൂടുതൽ ഇഷ്ടപ്പെടുക; എന്തെന്നാൽ ഈ രണ്ടു വിഭാഗങ്ങളുടേയും സ്വഭാവത്തെ താരതമ്യപ്പെടുത്തിനോക്കുമ്പോൾ രണ്ടാമത്തെ കൂട്ടരെയാണു് വിലയേറിയ പൗരന്മാരായി ഞാൻ കാണുന്നതു്. നിർമ്മാതാക്കളുടെ വർഗ്ഗത്തെ ഞാൻ ദുർഗ്ഗുണങ്ങളുടെ പ്രചാരകന്മാരും രാജ്യത്തിന്റെ സ്വാതന്ത്ര്യത്തെ സാധാരണയായി തകിടം മറിക്കുന്നതിനുള്ള ഉപകരണങ്ങളുമായാണു് പരിഗണിക്കുന്നതു്. ........സമുദ്രങ്ങളുടെ മേൽ ആധിപത്യം സ്ഥാപിക്കുന്ന കാര്യത്തിൽ നമുക്കു് ഒരോഹരി സമ്പാദിക്കേണ്ടതു നമ്മുടെ ജനങ്ങളുടെ ചിരപരിചിതമായ ജീവിതരീതി സമുദ്രത്തെ അവർക്കായി വച്ചേക്കേണ്ടതും ആവശ്യമാണെന്നും നമ്മുടെ ആളുകൾ ദൃഢമായി വിശ്വസിക്കുന്നു.

എന്നാൽ അതിന്റെ അനന്തരഫലമെന്തായിരിക്കും? നിസ്സന്ദേഹമായും, കൂടെക്കൂടെയുള്ള യുദ്ധങ്ങൾ. കടലിൽ വച്ചു് അവരുടെ സ്വത്തുക്കൾ ആക്രമിക്കപ്പെട്ടേക്കും, ഉണ്ടെന്നു പറയപ്പെടുന്ന കടങ്ങൾ, കരാറുകൾ, കുററങ്ങൾ, കള്ളച്ചരക്കുകൾ മുതലായവയുടെ പേരിൽ അവർ അധിക്ഷേപിക്കപ്പെടുകയും തടവിലാക്കപ്പെടുകയും മററും ചെയ്യും. നമുക്കു വികാരങ്ങളൊന്നുമില്ലെങ്കിൽ തന്നെയും ഈ മര്യാദയില്ലായ്മകളെ, അവയുടെ എന്നെന്നുമുള്ള ആവർത്തനങ്ങളെ തടയാൻവേണ്ടി എതിർക്കണം; മററു ഭാഷകളിൽ പറഞ്ഞാൽ സമുദ്രത്തിലും അന്യരാജ്യങ്ങളിലും നമുക്കുള്ള വാണിജ്യത്തിന്നു് കൂടെക്കൂടെയുള്ള യുദ്ധങ്ങൾ വേണ്ടിവന്നേക്കും. നമുക്കു സ്വീകരിക്കാൻ കഴിയുന്ന ഏററവും നീതിപൂർവമായ സമീപനംതന്നെയും അവയെ ഒഴിവാക്കിയെന്നുവരുന്നതല്ല. മറെറല്ലാ രാഷ്ട്രങ്ങളും നീതിയുള്ളവരായിരിക്കേ

ണ്ടതും ആവശ്യമാണ്. നീതിക്കെതിരായ ഒരു മനോഭാവ ത്താൽ പ്രചോദിതമായിട്ടുള്ള യുദ്ധങ്ങളിൽനിന്നും, നമ്മുടെ ഭാഗത്തു നീതിയുണ്ടെന്നുള്ളതു് നമ്മെ രക്ഷിക്കുന്നുണ്ടാവും. അന്യരാഷ്ട്രങ്ങളുടെ തെററുകൾകൊണ്ടുണ്ടാകുന്ന യുദ്ധങ്ങ ളിൽനിന്നും നാമെങ്ങനെയാണ് രക്ഷനേടുക? അവരെ ശിക്ഷിക്കാൻ കഴിവെഴുന്ന ഒരു നില നാം നേടിയിട്ടുണ്ട് ......എന്തെന്നാൽ അശിക്ഷിതമായ ഒരു അധിക്ഷേപം മററു വളരെ തെററുകൾക്കും വഴി നൽകുന്നതായിരിക്കും.

ഹോഗൻഡാർപിനു്, 1785

നമ്മുടെ സംസ്ഥാനങ്ങളിൽ വാണിജ്യത്തെ പ്രോത്സാ ഹിപ്പിക്കേണ്ട ആവശ്യകതയെപ്പററി എൻെറ അഭിപ്രായ മെന്താണെന്നു് നിങ്ങൾ ചോദിക്കുന്നു. ഞാൻ എൻെറ സ്വന്തം സിദ്ധാന്തത്തിൽ വ്യാപൃതനാവുകയാണെങ്കിൽ അതു്, അവ വാണിജ്യത്തിലോ നാവികകാര്യങ്ങളിലോ ഇടപെടണമെന്നല്ല, എന്നാൽ ചൈനായുടെ നില യൂറോ പ്പിനെ സംബന്ധിച്ചിടത്തോളം എന്താണോ ആ നില വേണം നാമും സ്വീകരിക്കേണ്ടതു് എന്നാണ്. അങ്ങനെ നാം യുദ്ധങ്ങളെ ഒഴിവാക്കുകയും നമ്മുടെ എല്ലാ പൗര ന്മാരെയും കർഷകരാക്കിത്തീർക്കുകയും വേണം, നാം ഉൽ പാദിപ്പിക്കുന്ന സാധനങ്ങൾ ആവശ്യപ്പെട്ടുവരുന്ന വിദേശ രാഷ്ട്രങ്ങൾക്കു വേണ്ടതിൽ കവിഞ്ഞ ചരക്കു നമ്മുടെ കമ്പോ ളങ്ങളിൽ കൂടികിടക്കത്തക്കവണ്ണം അത്ര അധികമായി നാം ഉൽപാദിപ്പിച്ചിട്ടുണ്ടെങ്കിൽ, നമ്മുടെ കർഷകർ തങ്ങളുടെ സമയം മററു സാധനങ്ങളുണ്ടാക്കുവാൻ വിനിയോഗിക്കു കയും അധികംവരുന്ന ജോലിക്കാരെ അത്തരം സാധന നിർമ്മാണത്തിനും കപ്പൽജോലിക്കും നിയോഗിക്കുകയും വേണം. എന്നാൽ ആ കാലം അതിവിദൂരഭാവിയിലായിരി ക്കുമെന്നു ഞാൻ കരുതുന്നു; യൂറോപ്പ് നമ്മിൽനിന്നും അസം സ്കൃതസാധനങ്ങളും ആഹാരത്തിനുള്ള സാധനങ്ങളും വാങ്ങു ന്ന കാലത്തോളം നമ്മുടെ ജോലിക്കാരെ യൂറോപ്പിൻെറ ആവശ്യത്തിനു് നിർത്തിക്കൊള്ളാം.

## അമേരിക്ക കൃഷിയിൽ മാത്രം വ്യാപൃതമാകണമോ?

സേയ്ക്ക്, 1803

ഈ രാജ്യത്തിലേയും യൂറോപ്പിലെ പുരാതനരാജ്യങ്ങളിലേയും സാഹചര്യങ്ങളിലുള്ള വ്യത്യാസങ്ങൾ ധനതത്വശാസ്ത്രസംബന്ധമായ പ്രശ്നങ്ങളുടെ പര്യാലോചനയിൽ വ്യത്യസ്തങ്ങളായ വസ്തുതകളേയാണ് പ്രദാനംചെയ്യുന്നതു്..... അവിടെയാണെങ്കിൽ ഉദാഹരണത്തിനു്, ആഹാരസാധനങ്ങളുടെ അളവു് കുറച്ചുമാണു്, അല്ലെങ്കിൽ അതു നാമമാത്രമായി വർദ്ധിക്കുന്നു........ ഇവിടെയാണെങ്കിൽ, അളവില്ലാതെ കിടക്കുന്ന തരിശും ഫലഭൂയിഷ്ഠവുമായ ഭൂമി പണിയെടുക്കുവാൻ സന്നദ്ധതയുള്ള ഏതൊരുവനേയും ചെറുപ്പത്തിൽതന്നെ വിവാഹംചെയ്യാനും ഏതു വലിപ്പത്തിലുള്ള കുടുംബത്തെ പുലർത്താനും സഹായിക്കുന്നു. നമുക്കുള്ള ആഹാരസാധനങ്ങൾ, അക്കാരണത്താൽ, നാം ചെയ്യുന്ന ജോലിക്കു് അനുപാതമായി വർദ്ധിക്കുന്നു; ജനനം എത്ര ഏറിയാലും അതു ഫലപ്രദമാവുകയും ചെയ്യും.

കൂടാതെ, അവിടെ, കർഷകത്തൊഴിലാളികളെ മററു ഫാക്ടറിത്തൊഴിലാളികളോടൊപ്പം, ഒരു കൂട്ടർ ഇരുകൂട്ടർക്കും ആഹാരം നൽകുമ്പോൾ മറേറക്കൂട്ടർ ഇരുകൂട്ടർക്കു് വസ്ത്രവും മററു സാധനങ്ങളും നൽകത്തക്കവിധത്തിൽ നിരത്തുന്നതാണു് ഏററവും നല്ല വിതരണരീതിയെന്നാണു് കരുതുന്നതു്. ഇവിടെ അതാണു് നല്ലതെന്നു പറയാൻ സാദ്ധ്യമാകുമോ? അഭിമാനവും പ്രഥമലക്ഷണങ്ങളും "അതേ" എന്നു പറയുന്നു. കർഷകവൃത്തിയിൽ എല്ലാവരേയും ഏർപ്പെടുത്തുന്നതു നന്നായിരിക്കുമോ? അങ്ങനെ ചെയ്താൽ ഇന്നുള്ളതിൻെറ രണ്ടോ മൂന്നോ മടങ്ങുസ്ഥലം കൃഷിഭൂമിയാക്കി മാററാം; ആഹാരസാധനങ്ങൾ രണ്ടോ മൂന്നോ മടങ്ങു വർദ്ധിച്ചെന്നുംവരും, അധികംവരുന്നതു് നമുക്കു യൂറോപ്പിലെ, നശിച്ചുകൊണ്ടിരിക്കുന്ന ജനങ്ങൾക്കു അയച്ചുകൊടുക്കാം, അവർ അതിനു് പകരമായി അവിടെ ഉൽപാദിപ്പിക്കപ്പെടുന്ന തുണികളും മററു സൗഖ്യോപകര

KOTTAYAM PUBLIC L... KOTTAYAM.

ങ്ങളും അയച്ചുതരും. സദാചാരം ഇതു ശരിയാണെന്നു അംഗീകരിക്കും; അങ്ങനെ പ്രകൃതിനിയമം നമ്മുടെ കത്തവ്യങ്ങളേയും താൽപര്യങ്ങളേയും സൃഷ്ടിക്കയും ചെയ്യുന്നു... ഈ പ്രശ്നം പരിഹരിക്കുന്ന കാര്യത്തിലും കൈത്തൊഴിൽകാരനേക്കാൾ കർഷകനെ ഗണിക്കുന്നതിൽ സാന്മാർഗ്ഗികവും ശാരീരികവുമായ കാരണങ്ങൾക്കുള്ള പ്രാധാന്യവും നോക്കേണ്ടതാകുന്നു. എൻെറ ജോലി എന്നെ ചോദ്യങ്ങൾ ചോദിക്കുവാൻ മാത്രമേ അനുവദിക്കുന്നുള്ളു. അതിനു മറുപടി നൽകാനുള്ള വിവരം എനിക്കുണ്ടായിരുന്നാൽ തന്നെയും അതിനുള്ള സാവകാശം അവർ എനിക്കു നിഷേധിച്ചിരിക്കുന്നു,

## II പൊതുക്കടം

ഒരു തലമുറയ്ക്കു്, മററൊന്നിനുവേണ്ടി ഋണബാദ്ധ്യതയിൽ ഏർപ്പെടുവാൻ അധികാരമില്ല.

മാഡിസണു്, 1789

ഒരു തലമുറയിലെ ജനങ്ങൾക്കു് മറെറാന്നിനെ ബന്ധിക്കുവാൻ അധികാരമുണ്ടോ എന്ന പ്രശ്നം ഇതേവരെ സമുദ്രത്തിൻെറ അക്കരയിലോ ഇക്കരയിലോ പരിഗണിച്ചതായിത്തോന്നുന്നില്ല. എന്നിരുന്നാലും, അതു് ഒരു തീരുമാനവിധേയമാക്കേണ്ട വിഷയമാണെന്നു മാത്രമല്ല എല്ലാ ഗവണ്മെൻറുകളുടേയും അടിസ്ഥാനതത്ത്വങ്ങളിലൊന്നായി സ്ഥാനം പിടിക്കുകയും ചെയ്യേണ്ടതാകുന്നു. സമൂഹത്തിന്റെ പ്രാഥമികതത്ത്വങ്ങളെക്കുറിച്ചുള്ള വിചിന്തനത്തിൽ വ്യാപൃതമായിരിക്കവേ എൻെറ മനസ്സിൽ തോന്നിയ ഒരു കാര്യമാണിതു്; അങ്ങനെയൊരു ബാദ്ധ്യത സൃഷ്ടിക്കാവുന്നതല്ല എന്ന കാര്യം തെളിയിക്കാവുന്നതാണെന്നും ഞാൻ വിശ്വസിക്കുന്നു. ഭൂമി ജീവിച്ചിരിക്കുന്ന മനുഷ്യർക്കു അനുഭവിക്കാനുള്ളതാണെന്നും മരിച്ചവർക്കു് അതിന്മേൽ യാതൊരവകാശവുമില്ലെന്നുമുള്ള സ്വയംസിദ്ധമായ യാഥാർത്ഥ്യത്തിൻെറ അടിസ്ഥാനത്തിൽ ഞാൻ നിൽക്കുകയാണു്.

ഒരുവൻ കൈവശം വച്ചിരുന്ന ഭൂമി, അവനില്ലാതായിത്തീരുന്നതോടെ അവൻെറതല്ലാതായിത്തീരുകയും സമൂഹത്തിനു് അതു് തിരിച്ചു ലഭിക്കുകയും ചെയ്യുന്നു. ഇത്തരം സ്വത്തുക്കളെ സംബന്ധിച്ചു് സമൂഹം നിബന്ധനകൾ ഒന്നുംതന്നെയുണ്ടാക്കുന്നില്ലെങ്കിൽ, ഇവ, ആദ്യം അതിൽ പ്രവേശിക്കുന്നവരുടേതായിത്തീരുന്നു. അവർ സാധാരണയായി മരിച്ചുപോയവൻെറ ഭാര്യയും മക്കളുമായിരിക്കുകയും ചെയ്യും. സ്വത്തിനെപ്പററി എന്തെങ്കിലും നിബന്ധനയുണ്ടായിട്ടുണ്ടെങ്കിൽ ആ നിബന്ധനകൾ അതിനെ അവൻെറ ഭാര്യക്കും മക്കൾക്കുമോ, അല്ലെങ്കിൽ അവരിൽ ആർക്കെങ്കിലുമോ, അല്ലെങ്കിൽ മരിച്ചയാളിൻെറ മരണശാസനമനുസരിച്ചു് അവകാശപ്പെട്ടവനോ നൽകുന്നു. അതുപോലെ അയാളുടെ ഉത്തമർണ്ണന്മാർക്കും കൊടുക്കാവുന്നതാണു്. എന്നാൽ ആ മകനോ, മരണശാസനമനുസരിച്ചുള്ള അവകാശിയോ, ഉത്തമർണ്ണനോ ആ സ്വത്തിനെ സ്വന്തമാക്കുന്നതു് പ്രകൃത്യാതന്നെയുള്ള അവകാശത്തിൻെറ പേരിലല്ല, നേരെമറിച്ചു്, അവൻ അംഗവും വിധേയനുമായിരിക്കുന്ന സമുദായത്തിൻെറ നിയമമനുസരിച്ചാകുന്നു. അതുകൊണ്ടു്, ഒരുവനും തന്നെ, പ്രകൃത്യാ ഉള്ള അവകാശത്തിൻെറ പേരിൽ താൻ കൈവശം വച്ചിരുന്ന ഭൂമിയെ, അല്ലെങ്കിൽ അവനെത്തുടന്നു ആ ഭൂമി കൈവശംവയ്ക്കുന്നവനെ, താൻ വരുത്തിവച്ച കടത്തിനു് വേണ്ടി ബാദ്ധ്യതപ്പെടുത്തുവാൻ പാടില്ല. അവനു് അങ്ങനെ ചെയ്യാമെന്നുവന്നാൽ, അവൻ തന്റെ ജീവിതകാലത്തിനകത്തുതന്നെ നിരവധി ഭാവിതലമുറകൾക്കുപയോഗപ്രദമായിത്തീരേണ്ട ഭൂമിയുടെ ആദായത്തെ പലതവണ തിന്നുകഴിഞ്ഞിരിക്കും; അപ്പോൾ, ഭൂമി ജീവിച്ചിരിക്കുന്നവൻേറതാകുന്നതിനു് പകരം മരിച്ചവൻേറതായിത്തീരും, —ഇതു് നമ്മുടെ തത്വങ്ങൾക്കു വിരുദ്ധമാകുന്നു,

ഒരു സമൂഹത്തിൻെറ ഒരംഗത്തെപ്പററി വ്യക്തിപരമായി ശരിയാണെന്നുള്ളതു് കൂട്ടായും ശരിതന്നെയാണു്; എന്തെന്നാൽ അവരിൽ എല്ലാവക്കും കൂടെയുള്ള അവകാശങ്ങൾ വ്യക്തികളിൽ ഓരോരുത്തർക്കുമുള്ളതിൻെറ ആകെത്തുകയെക്കാൾ കവിയുകയില്ലല്ലോ. ഒരു സംഘത്തെസംബ

ന്ധിച്ച് ഈ അഭിപ്രായം സുവ്യക്തമാക്കുന്നതിനു് നമുക്കു്, ഒരു തലമുറമുഴുവൻ ഒരു ദിവസംതന്നെ ജനിക്കുന്നുവെന്നും ഒരുദിവസംതന്നെ പ്രായപൂർത്തിയെത്തുന്നുവെന്നും, അവക്കു പ്രായപൂർത്തിയാകുമ്പോൾ ജനിക്കുന്ന അനന്തര തലമുറയെ വിട്ടു് ഒരുദിവസംതന്നെ മരണമടയുന്നു എന്നും നമുക്കു സങ്കൽപിക്കാം. പ്രായപൂർത്തി 21-ാമത്തെ വയസ്സിലാണെന്നും, ശരാശരി പുരുഷായുസ്സിന്റെ അടിസ്ഥാനത്തിൽ അവർ 34 വർഷങ്ങൾകൂടെ ജീവിച്ചിരിക്കുന്നുവെന്നും കരുതുക, ഇങ്ങനെ നോക്കുമ്പോൾ ഓരോ തലമുറയും ഒരു നിശ്ചിത സമയത്തു് ഉണ്ടാവുകയും തിരോധാനം ചെയ്യുകയും ചെയ്യും. അങ്ങനെയാകുമ്പോൾ, ഞാൻ പറയുന്നതു് ഭൂമി ഓരോ തലമുറയ്ക്കും, അതിൻെറ കാലഘട്ടത്തിൽ പൂർണ്ണമായും അവകാശപ്പെട്ടതാണെന്നാണു്. രണ്ടാമത്തെ തലമുറ, ആദ്യത്തേതിന്റെ കടങ്ങളും ബാദ്ധ്യതകളും കൂടാതെ അതിനെ കൈയ്യിലെടുക്കുന്നു; അതുപോലെ മൂന്നാമത്തെ തലമുറയും അനന്തര തലമുറകളും. എന്നാൽ ഒന്നാമത്തേതിനു് ഭൂമിയിൽ കടം വരുത്തി ഒരു ബാദ്ധ്യത ചുമത്താമെങ്കിൽ, ഭൂമി, ജീവിച്ചിരിക്കുന്ന തലമുറയുടേതാകാതെ മരിച്ച തലമുറയുടെതാകുകയാണു്. ആ നിലയ്ക്കു് ഒരു തലമുറയ്ക്കും ആ തലമുറയുടെ കാലത്തു തീർക്കാവുന്ന കടമയല്ലാതെ കൂടുതൽ കടമൊന്നും കൊള്ളാവുന്നതല്ല. അവരുടെ 21-ാമത്തെ വയസ്സിൽ അവക്കു തങ്ങളേയും തങ്ങളുടെ ഭൂമിയേയും 34 വർഷക്കാലത്തേക്കു ബദ്ധപ്പെടുത്താം; 22-ാമത്തെ വയസ്സിൽ 33 വർഷത്തേക്കും, 23-ാമത്തെ വയസ്സിൽ 32 വർഷത്തേക്കും, 54-ാമത്തെവയസ്സിൽ ഒരുവർഷത്തേക്കു മാത്രവും ബാദ്ധ്യപ്പെടുത്താം; എന്തുകൊണ്ടെന്നാൽ ആ ഓരോ സന്ദർഭത്തിലും അവർക്കു ശേഷിക്കുന്ന ജീവിതകാലം അത്രമാത്രമാണല്ലോ. എന്നാൽ ഒരു വ്യക്തിയ്ക്കു് അവകാശിയുണ്ടാകുന്നതിൻേറയും ഒരു തലമുറയ്ക്കു അവകാശികളുണ്ടാകുന്നതിൻേറയും വ്യത്യാസം പ്രത്യേകമായി ശ്രദ്ധിക്കാനുള്ളതാകുന്നു. വ്യക്തികൾ, സമൂഹത്തിൻെറ നിയമങ്ങൾക്കു് വിധേയമായി സമൂഹത്തിൻെറ അംഗങ്ങൾ മാത്രമാണു്. ഈ നിയമങ്ങൾക്കു് ഒരുവൻ കൈവശംവച്ചനുഭവിച്ചുവന്നിരുന്ന ഭൂമി മററാക്കും

കൊടുക്കുന്നതിനു് പകരം കടക്കാരനോ, അല്ലെങ്കിൽ കടക്കാരൻെറ ബാദ്ധ്യത തീർക്കാമെന്ന വ്യവസ്ഥയിൽ അവൻെറ മകനോ കൊടുക്കണമെന്നു വ്യവസ്ഥചെയ്യാം. എന്നാൽ ഒരു തലമുറ മുഴുവനായി, അതായതു് സമുദായം, നാം സങ്കൽപിച്ചരീതിയിൽ, മരണമടയുകയും മറെറാരു തലമുറ അനന്തരാവകാശികളായി വരുകയും ചെയ്യുമ്പോൾ, മുൻഗാമികൾക്കു് അവരുടെ കഴിവിനതീതമായി ഉണ്ടാക്കിയ ഋണബാദ്ധ്യതകളുടെ പേരിൽ ഭൂമിയെ വേറൊരു (മൂന്നാമതു്) സമുദായത്തിനു് കൊടുപ്പിക്കാൻ ഒരു അധീശാധികാരസ്ഥാനംഇല്ലാതെ വരുന്നു.

വ്യക്തമായി ഗ്രഹിക്കുന്നതിനു്വേണ്ടി, നാം സങ്കല്പിച്ച സമുദായത്തിൽ നിശ്ചിതസമയങ്ങളിൽ ഒരു തലമുറ വേറൊന്നിനു് അവകാശിയായി വരുന്നതുപോലെതന്നെയാണു്, പ്രകൃതി സാധാരണമായ രീതിയിൽ ദൈനംദിനമെന്നവണ്ണം ഒരുവനു് മറെറാരുവൻ അവകാശിയായിത്തീരുന്നതും ഋണബാദ്ധ്യതയിലേർപ്പെടുന്ന ഒരു തലമുറയിലെ ഭൂരിപക്ഷം 34 വർഷക്കാലം തുടൎന്നു നിലയിലിരിക്കുകയും അതുകഴിഞ്ഞു വേറൊരു ഭൂരിപക്ഷം വരികയും ചെയ്യുമെന്നുള്ളതിനാൽ ആദ്യം പറഞ്ഞവർക്കു അവരുടെ കാലഘട്ടത്തേക്കു മാത്രമേ ബാദ്ധ്യതയുണ്ടാക്കുവാൻ പാടുള്ളൂ, ഇതിൽനിന്നുമുള്ള അനുമാനം, ഒരു രാഷ്ട്രത്തിൻെറ പ്രതിനിധികൾക്കോ, ആ രാഷ്ട്രത്തിനു് തകെക്കുടെയോ സാധുവായ രീതിയിൽ തങ്ങളുടെ കാലഘട്ടത്തിൽ തീർക്കാവുന്ന ബാദ്ധ്യതകളല്ലാതെ അതിൽ കവിഞ്ഞകാലത്തേക്കുള്ള ബാദ്ധ്യത ഉണ്ടാക്കാവുന്നതല്ല എന്നാണു്, അതായതു് ബാദ്ധ്യതയുടെ തീയതിമുതൽ 34 വർഷത്തിനകമുള്ള ഒരു കാലത്തേക്കുമാത്രമേ ബാദ്ധ്യതയുണ്ടാക്കാവൂ എന്നാണു്.

രണ്ടു സാമ്പത്തികനിയമങ്ങൾ അനുസരിക്കുവാൻ.

എൽ, വില്യംസിനു്, 1820; ന്യൂയോക്കുപബ്ലിക്കു്
ലൈബ്രറി മാനുസ്ക്രിപ്ററ്. IV 486

വായ്പവാങ്ങിയോ കരംചുമത്തിയോ വീട്ടേണ്ട കടങ്ങളെ സംബന്ധിച്ചാണെങ്കിൽ, കർശനമായി അനുസരിക്കേണ്ട രണ്ടു സാമ്പത്തിക നിയമങ്ങളുണ്ടെന്നു് ഞാൻ കരുതുന്നു, 1) ഒരു നിശ്ചിതകാലത്തിനുള്ളിൽ—എൻെറ അഭിപ്രായത്തിൽ അതു പത്തുവർഷമാണു്—മുതലും പലിശയും കൊടുത്തു തീർക്കത്തക്കവിധത്തിൽ എന്തെങ്കിലും നികുതിയേർപ്പെടുത്താതെ കടമെടുക്കാതെയിരിക്കുക. 2) എന്തു് ആവശ്യത്തിനായിട്ടാണോ കടമെടുക്കുന്നതു്, ആ ആവശ്യത്തിനു് തന്നെ അതു് വിനിയോഗിക്കുക.

പൊതുക്കടം കഷ്ടപ്പാടുകൾക്കും അധഃപതനത്തിനും വഴി തെളിക്കുന്നു

ഗലാററിനു്, 1809

നാം ഏതെങ്കിലും യുദ്ധത്തിലേർപ്പെടുന്നതിനു് മുമ്പു് നമ്മുടെ പൊതുക്കടത്തെ വീട്ടുന്നതിലാണു് നമ്മുടെ റിപ്പബ്ലിക്കിൻെറ ഭാഗധേയം നിലനില്ക്കുന്നതെന്നു് ഞാൻ കരുതുന്നു,...... കടം വീണ്ടും സീമാതീതമായ തോതിൽ വർദ്ധിക്കുമെങ്കിൽ അതിനെ മുഴുവനായി വീട്ടുകയെന്നതു് ആശിക്കാവുന്ന കാര്യമായിരിക്കയില്ല; അങ്ങനെയാകുമ്പോൾ ഇംഗ്ലണ്ടിലെപ്പോലെ വിപ്ലവത്തിൻെറ വക്കിലേക്കെത്തിക്കുന്ന അഴിമതിയും അധഃപതനവുമാണു് ഇവിടെയുണ്ടാവുക.

എസ്. കെർച്ചവാലിനു്, 1816

ജനങ്ങളെ ഭയപ്പെടുന്ന കൂട്ടത്തിൽ പെടുന്നവനല്ല ഞാൻ. തുടർച്ചയായ സ്വാതന്ത്ര്യത്തിനു് വേണ്ടി നാം ആശ്ര

യിക്കേണ്ടതു് അവരെയാണു്, അല്ലാതെ ധനികരെയല്ല. അവരുടെ അനാശ്രയത്വം നിലനിറുത്തുന്നതിനു് നമ്മുടെ ഭരണാധികാരികൾ നമ്മെ എന്നെന്നുമുള്ള ഋണബാദ്ധ്യത യാൽ പീഡിപ്പിക്കാതെയിരിക്കണം. മിതവ്യയവും സ്വാത ന്ത്ര്യവും; അല്ലെങ്കിൽ ധാരാളിത്വവും അടിമത്വവും—ഇതി ലൊന്നാണു് നാം തിരഞ്ഞെടുക്കേണ്ടതു്. നാം അങ്ങനെയു ള്ള ബാദ്ധ്യത വരുത്തുകയാണെങ്കിൽ ഇംഗ്ലണ്ടിലെ ജന ങ്ങൾക്കു സംഭവിച്ചതു പോലെ, തിന്നുന്ന മാംസത്തിലും കുടി ക്കുന്ന പാനീയത്തിലും, ആവശ്യസാധനങ്ങളിലും, സുഖോപ കരണങ്ങളിലും, തൊഴിലിലും, വിശ്വാസത്തിലും കരം ചുമ ത്തപ്പെട്ടിരിക്കും; മാത്രമല്ല അവിടത്തെ ജനങ്ങളെപ്പോലെ ഇരുപത്തിനാലുമണിക്കൂറിൽ പതിനാറുമണിക്കൂർ നമുക്കു പണിയെടുക്കേണ്ടതായി വരും, അതിൽ പതിനഞ്ചുമണി ക്കൂർ ഗവൺമെൻറിൻെറ കടം വീട്ടുന്നതിനും ചെലവിനു മായി കൊടുക്കേണ്ടിവരും, ബാക്കിയുള്ളതുകൊണ്ടു നമുക്കു റൊട്ടി വാങ്ങുവാൻ സാധിക്കാതെ വരുമെന്നുള്ളതിനാൽ നമു ക്കു്, ആ നാട്ടിലെ ജനങ്ങളെപ്പോലെ ഓട്ട്മീലും ഉരുളക്കിഴ ങ്ങും കഴിച്ചു ജീവിക്കേണ്ടിവരും; നമുക്കു ചിന്തിക്കുവാൻ സമയമുണ്ടാവുകയില്ല, അങ്ങനെ, തെററു ചെയ്യുന്നവരെ ക്കൊണ്ടു കണക്കു പറയിക്കുവാനും സാദ്ധ്യമാകുന്നതല്ല; കൂടാ തെ നമ്മോടൊപ്പം കഷ്ടപ്പെടുന്നവരുടെ കഴുത്തുകളിൽ ചങ്ങ ലകൊളുത്തുവാൻ ഇടവരുത്തുന്ന തരത്തിൽ, ആ തെററു ചെയ്ത വരുടെ കൂലിയാളുകളായി നമുക്കു് നമ്മെത്തന്നെ വിൽക്കേ ണ്ടതായും വരും. അവിടത്തെപ്പോലെ തന്നെ നമ്മുടെ ഭൂവുട മകളും, തങ്ങളുടേതെന്നു കരുതപ്പെടുന്ന വസ്തുക്കളുടെ പട്ടയ വും ഉടമസ്ഥാവകാശവും മാത്രം കൈയ്യിൽ വച്ചുകൊണ്ടു്, എന്നാൽ വാസ്തവത്തിൽ രാജ്യത്തിനു് വേണ്ടി ഒരു ട്രസ്റ്റി യെന്ന നിലയിൽ മാത്രം അവയെ കൈകാര്യം ചെയ്തുകൊ ണ്ടു് അന്യരാജ്യങ്ങളിൽ അലഞ്ഞുതിരിഞ്ഞു ദാരിദ്ര്യവും, അ പ്രസിദ്ധിയും, സ്ഥാനഭ്രംശവും, ഒരു രാഷ്ട്രത്തിന്റെ പ്രൌഢി യുംകൊണ്ടു തൃപ്തരായി കഴിയേണ്ടിവരും. വ്യക്തികളുടെ ഐ ശ്വര്യങ്ങൾ പൊതുവായും വ്യക്തിപരവുമായ ധാരാളിത്വം മുഖാന്തരം നഷ്ടപ്പെടുന്നതാണെന്ന മഹത്തായ ഒരു പാഠ

മാണ് ഈ ഉദാഹരണം നമ്മെ മനസ്സിലാക്കുന്നത്. മനുഷ്യ
ന്റെ എല്ലാ ഗവൺമെന്റുകളുടേയും പ്രവണത ഇതുതന്നെ
യാണ്. ഒരു സന്ദർഭത്തിൽ ആദർശത്തിൽ നിന്നുമുള്ള ഭ്രംശം
വേറൊന്നിന് ഒരു കീഴ്‌വഴക്കമായിത്തീരുന്നു; രണ്ടാമത്തേ
ത് മൂന്നാമത്തേതിനും; അങ്ങനെ പോയി സമുദായത്തി
ലെ ഭൂരിപക്ഷം അംഗങ്ങളും പാപം ചെയ്യുകയും കഷ്ടപ്പെടു
കയും ചെയ്യുന്നതിനുമാത്രം ബോധമുള്ളവരായി, ദുരിതത്തി
ന്റെ പേക്കോലങ്ങളായി നശിച്ചുപോകുന്നു. അപ്പോഴാണ്
ആരംഭിക്കുക, യുദ്ധങ്ങളിൽവച്ച് മഹത്തായ യുദ്ധം—അത്
ലോകത്തിൽ സാധാരണയായുള്ളതാണെന്ന അടിസ്ഥാന
ത്തിൽ, മനുഷ്യൻ ദൂഷിതനായിത്തീരുന്ന സന്ദർഭത്തിൽ മാത്ര
മുത്ഭൂതമാകുന്ന അതിനെ, ചില ദാർശനികന്മാർ തെറ്റായി
പ്രകൃതിസഹജമായതെന്നു കരുതുന്നു. ഭയങ്കരമായ ഇവയു
ടെ കൂട്ടത്തിന്റെ മുന്നണിയിൽ നിൽക്കുന്നത് പൊതുക്കടമാ
കുന്നു. നികുതി അതിനെ അനുധാവനം ചെയ്യുന്നു, പിന്നെ,
അതിന്റേയും പുറകെ ദുരിതങ്ങളും മർദ്ദനങ്ങളും.

## III കരം ചുമത്തൽ

### പ്രതിരോധത്തിനു കരം ചുമത്തൽ ആവശ്യമാണ്

വാഷിങ്ടൺ, 17൮8

രാഷ്ട്രത്തിന്റെ ഭദ്രതയ്ക്ക് കരം ചുമത്തൽ ആവശ്യമായി
വരുന്ന സാഹചര്യങ്ങൾ ഉണ്ടാകാമെന്നും ഉണ്ടാകുമെന്നും
കണക്കുകൂട്ടലുകൾ എന്നെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്.
യൂറോപ്പിലെ മത്സരങ്ങളിൽ നാം പങ്കെടുക്കരുതെന്നും എല്ലാ
വരുമായി സമാധാനപരമായി കഴിയണമെന്നും വാണിജ്യ
ബന്ധം പുലർത്തണമെന്നുമുള്ളതാണ് എന്റെ സുചിന്തിത
മായ അഭിപ്രായമെങ്കിലും, നമ്മുടെ അയൽപക്കക്കാരുമായി
കച്ചവടം നടത്തുകയെന്ന പ്രകൃതിസിദ്ധമായ നമ്മുടെ അവ
കാശത്തെ നിഹനിക്കുന്ന രാഷ്ട്രങ്ങളുടെ ദുഷ്ക്രിയകളിൽ
ആക്രാണ് യുദ്ധത്തിന്റെ പ്രഭാവം ദർശിക്കാൻ സാദ്ധ്യമല്ലാ

തെയിരിക്കുന്നതു്? താമസിയാതെ തന്നെ, ഐക്യനാട്ടുകളി ലെ ഉൽപന്നങ്ങൾ യൂറോപ്പിൻെറ ആവശ്യത്തിൽ കവിഞ്ഞു പോകും; അങ്ങനെ അധികം വരുന്ന ചരക്കുകളെ എന്തുചെയ്യാൻ സാധിക്കും? നമ്മുടെ ഭൂഖണ്ഡത്തിൽ തന്നെയുള്ള നാട്ടുകളിൽ ബലം പ്രയോഗിച്ചുതന്നെയും കമ്പോളങ്ങൾ കണ്ടുപിടിക്കാൻ അതിടവരുത്തുമെന്നുള്ളതു് തർക്കമററ സംഗതിയാണു്; അവർ കൂട്ടതലായി ഒന്നും ആഗ്രഹിക്കുന്നുമില്ല. നമ്മെ യുദ്ധത്തിൽ കുടുക്കിയേക്കാവുന്ന മററു വ്യക്തമായ കാരണങ്ങളുമുണ്ടു്; യുദ്ധത്തിനു് കരം ചുമത്തലിൻെറയും കടമെടുക്കലിൻെറയും ആവശ്യങ്ങളുണ്ടാകയും ചെയ്യും.

ഗവൺമെൻറു് കർശനമായ മിതവ്യയം ആചരിക്കണം

ഒന്നാം വാർഷികസന്ദേശം
ഡിസംബർ, 8, 1081

ഉദ്യോഗങ്ങൾ വർദ്ധിപ്പിക്കുവാനും, ചെലവു് പൗരനു് വഹിക്കാവുന്നതിൻെറ പരമാവധിവരെ എത്തിക്കുവാനുമുള്ള പൊതുവായ പ്രവണത പരിഗണിക്കുമ്പോൾ, അതിഭാരം ന്യൂനീകരിക്കുന്നതിനു് വേണ്ടി സകല സന്ദർഭങ്ങളും വിനിയോഗിക്കേണ്ടതാണെന്നു് ഞങ്ങൾക്കു ബോദ്ധ്യമായിരിക്കുന്നു; മാത്രമല്ല, ഗവൺമെൻറു് നിലനിൽക്കുന്നതിനു് ഏററവും കുറവായ റവന്യൂമാത്രം ചെലവഴിച്ചുകൊണ്ടു് ബാക്കിയുള്ളതിനെ സംരക്ഷിക്കുന്നതിനു്പകരം വിഴുങ്ങുകയെന്നതു് ഇവിടെ കാണാൻ ഇടയാകാതെയിരിക്കട്ടെ.

ആണ്ടുതോറും ഒരു ബഡ്ജററ് ഉണ്ടായിരിക്കേണ്ടതിൻെറ ആവശ്യകത

ഗലാററിനു്, 1804, ന്യൂയാർക്കു് പബ്ലിക്കു്
ലൈബ്രറി മാനുസ്ക്രിപ്റ്റ്, II 476

കാൺഗ്രസ്സിൻെറ മുമ്പാകെ ആണ്ടുതോറും സിവിൽ ഭരണം, മിലിട്ടററി, നാവികവിഭാഗം എന്നിവയിലോരോ

ന്നിനും ഇത്ര തുകവീതം ചെലവാകുമെന്നു കാണിക്കുന്ന ബഡ്ജറ്റ് അവതരിപ്പിക്കുന്ന മാതൃകകൊണ്ടു്, നാം നമ്മുടെ അനന്തരാവകാശികളേയും അങ്ങനെ ചെയ്യുവാൻ നിർബന്ധിക്കുന്നുണ്ടാവും എന്നുള്ളതു് പ്രയോജനകരമായിരിക്കുകയില്ലേ? നമ്മുടെ ഗവൺമെൻറിൽ അഴിമതി നിറഞ്ഞ രീതികളും ദൂഷിച്ചതത്ത്വങ്ങളും കടന്നുചെന്നു അതിനെ മലീമസമാക്കാതെ അതിനെ രക്ഷിക്കുന്നതിനുള്ള ഏററവും നല്ലമാർഗ്ഗം ഏററവും കുറവായി ചെലവുചെയ്യുന്ന ഒരു ഭരണരീതിയെ നിലനിറുത്തുകയെന്നുള്ളതാകുന്നു. ജനങ്ങൾ പൊതുവേ പറഞ്ഞാൽ താത്ത്വികമായ കാര്യങ്ങൾ നിർണ്ണയിക്കാൻ കഴിയുന്നവരല്ല; എന്നാൽ അവർക്കു വിഭിന്നമായ കാലഘട്ടങ്ങളിൽ ചെയ്യുന്ന ചെലവുകളെക്കുറിച്ചു താരതമ്യപഠനം നടത്താൻ കഴിയുന്നവരാണു്. നികുതിനിയമങ്ങളുടെ മേൽ പൊതുജനങ്ങൾക്കു് നിരന്തരമായ നിയന്ത്രണമുണ്ടായിരിക്കണം.

? 1813, ന്യൂയോർക്ക് പബ്ലിക്ക് ലൈബ്രറി

മാനുസ്ക്രിപ്ററ് IV 190

നികുതികൾ ചുമത്തേണ്ടതു് വാർഷികമോ അർദ്ധവാർഷികമോ ആയ നിയമങ്ങളാലാകുന്നു; എന്തെന്നാൽ പൊതുപണസഞ്ചിയുടെ ചരടുകളെ രാഷ്ട്രം എപ്പോഴും പിടിച്ചുകൊണ്ടിരിക്കുക എന്നതു്, സത്യസന്ധമായ ഒരു ഗവൺമെൻറു അഭിലഷിക്കാതിരിക്കുന്നതോ, ദൂഷിച്ച ഒന്നു ഒഴിഞ്ഞു സ്വതന്ത്രമായി നിൽക്കാനാഗ്രഹിക്കുന്നതോ ആയ ഒരു പ്രയോജനകരമായ നിയന്ത്രണമാകുന്നു.

നിർദ്ധനരുടെ നന്മയ്ക്കു് വേണ്ടി ധനികരുടെ മേൽ കരം ചുമത്തുക

ഡ്യൂപോണ്ട് ദ് നെമൂഴ്സിനു്, 1811

ഇറക്കുമതികളുടെ മേൽ കരം ചുമത്തുന്നതു്, അതു പൂർണ്ണമായും ധനികരെ ബാധിക്കുന്നു എന്ന കാരണത്താൽ

ങ്ങളെല്ലാവരും അംഗീകരിക്കുന്ന ഒരു നടപടിയാണു്... തന്റെ കൃഷിസ്ഥലത്തോ, കുടുംബത്തിലോ, ഐക്യനാട്ടുകൾക്കുള്ളിലോ ഉൽപാദിപ്പിക്കുന്നവയെ അല്ലാതെ യാതൊന്നും ഉപയോഗിക്കാത്ത ഇന്നാട്ടിലെ പാവപ്പെട്ട മനുഷ്യൻ പൊതുഗവൺമെന്റിനു് നികുതിയായി, ഉപ്പിനല്ലാതെ മറ്റൊന്നിനും ഒരു ഫാർതിങ്ങ്പോലും കൊടുക്കുന്നില്ല, നാം ചെയ്യേണ്ടതുപോലെ നാം അതും ഉൽപാദിപ്പിക്കുന്നുവെങ്കിൽ നാം ഒരൊററ സെൻറുപോലും കൊടുക്കുന്നുണ്ടാവുകയില്ല. നമ്മുടെ പൊതുക്കടത്തെ വീട്ടി, നമ്മുടെ റവന്യൂവിനെ വിമുക്തമാക്കിക്കഴിഞ്ഞശേഷം അധികം വരുന്നതിനെ തോട്ടുകൾ, റോഡുകൾ, വിദ്യാലയങ്ങൾ മുതലായവയ്ക്കു വിനിയോഗിക്കുകയും കർഷകർ, തങ്ങളുടെ സമ്പാദ്യത്തിൽ നിന്നും ഒരു സെൻറും പോലും നൽകാനിട വരുത്താതെ ധനികരുടെ സംഭാവന കൊണ്ടുമാത്രമായി ഗവൺമെൻറിനെ നിലനിർത്തുകയും കുഞ്ഞുങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കുകയും രാജ്യത്തിന്റെ മുഖം സ്വർഗ്ഗീയമാക്കുകയും ചെയ്യുന്നതായിക്കാണും. നാം ഇന്നു് സ്വീകരിച്ചിരിക്കുന്ന പന്ഥാവു് ഈ ലക്ഷ്യത്തിലേക്കാണു് നയിക്കുന്നതു്.

കോഷ്യൂസ് കോയ്ക്കു്, 1811

എന്തായിരുന്നാലും ക്വേക്കർ സമ്പ്രദായം സ്വീകരിച്ചതിന്റെ പേരിൽ നമ്മെ കുററപ്പെടുത്തിയിരിക്കാം; കാലം വിവേകത്തിന്റെ മുദ്ര അതിൽ പതിപ്പിക്കുന്നുണ്ടാവും; നമ്മുടെ പൗരന്മാരുടെ സൗഖ്യവും ഐശ്വര്യവും അതിന്റെ മേന്മയ്ക്കു് സാക്ഷ്യം വഹിക്കുകയും ചെയ്യുന്നുണ്ടാവും. ഗവൺമെൻറിന്റെ ഏകലക്ഷ്യവും ഭരണാധികാരികളുടെ പ്രഥമ കർത്തവ്യവും ഇതുതന്നെയാണെന്നും അതല്ലാതെ സദ്ഗുണങ്ങളും സൗഖ്യവുമായി കലരാത്ത സാങ്കല്പികമായ ബഹുമതിക്കു് വേണ്ടിയോ, തങ്ങളുടെ പൗരന്മാർക്കു യാതൊരു കാര്യവുമില്ലാത്ത വ്യക്തിപരമായ സംഭവങ്ങളാൽ ഉത്തേജിതമായ ഭരണാധികാരികളുടെ അഹംഭാവത്താലോ, കോപിഷ്ടമായ വികാരങ്ങളുടെ സംതൃപ്തീകരണത്താലോ തങ്ങളുടെ

സംരക്ഷണയിൽ വച്ചിരിക്കുന്ന മനുഷ്യരുടെ കുരുതിയും രാജ്യങ്ങളുടെ നശീകരണവുമല്ലെന്നു ഞാൻ വിശ്വസിക്കുന്നു.

## IV ബാങ്ക് വ്യവസായം

### കുത്തകബാങ്കുണ്ടാക്കുന്ന ആപത്ത്

ഗലാററിനു്, 1803

നമ്മുടെ ഭരണഘടനയുടെ രൂപത്തിനും തത്വങ്ങൾക്കുമെതിരായി നിൽക്കുന്ന ഏററവും ഭീകരമായ ശത്രുക്കളിൽ ഒന്നു (ബാങ്ക് അഫ്‌യുണൈററഡ് സ്റ്റേററ്സ് എന്ന) ഈ സ്ഥാപനമാകുന്നു. ഇക്കാലത്തു രാഷ്ട്രം ... ശക്തവും ഏകീകൃതവുമാണു് .... വളരെ ആപൽക്കരമായ ഒരു പ്രതിസന്ധിഘട്ടത്തെ അഭിമുഖീകരിക്കുന്ന കാര്യത്തിൽ റിപ്പ്ബ്ളിക്കൻ സ്വഭാവത്തിലുള്ള ഗവൺമെൻറിൻെറ കാര്യക്ഷമതയെപ്പററി സംശയം സഞ്ജാതമാക്കുന്നതോ ജനങ്ങൾക്ക് ഉദ്യോഗസ്ഥരിലുള്ള വിശ്വാസം നഷ്ടപ്പെടുത്തുന്നതോ ആയ തരത്തിലുള്ള നിർഭാഗ്യകരങ്ങളായ കുറെയേറെ സംഭവങ്ങളുണ്ടാകുന്നു എന്നു സങ്കല്പിക്കുക; അപ്പോൾ, ഈ തരത്തിൽ തങ്ങളുടെ ശാഖകൾ മുഖാന്തരം യൂണിയൻെറ എല്ലാ വിഭാഗങ്ങളിലും പ്രവർത്തിക്കുന്ന ഒരു സ്ഥാപനം ഗവൺമെന്റിനെ തകിടം മറിച്ചേക്കാം. ഏതെങ്കിലും സ്വയംഘടിതമായ അധികാരസ്ഥാനത്തിൻേറയോ രാഷ്ട്രത്തിൻേറതല്ലാത്ത വേറെയെതെങ്കിലും അധികാരകേന്ദ്രത്തിൻേറയോ സാമന്താവസ്ഥയിൽ കഴിയുന്ന ഒരു ഗവൺമെൻറിൻേറയും നില സുരക്ഷിതമാണെന്നു ഞാൻ ഗണിക്കുന്നില്ല ... യുദ്ധകാലത്താണെങ്കിൽ നിരവധി ശാഖകളോടുകൂടിയ ഐക്യനാടുകളിലെ ഈ ബാങ്ക് എന്തൊരുതടസ്സമായിട്ടായിരിക്കും പ്രവർത്തിക്കുക? അതു്, നാം സ്വീകരിക്കേണ്ട സന്ധിവ്യവസ്ഥകൾ ചൂണ്ടിക്കാണിക്കുന്നുണ്ടാവും, അല്ലെങ്കിൽ അതിൻെറ സഹായങ്ങൾ

പിൻവലിക്കുന്നുണ്ടാവും ഇങ്ങനെ സുശക്തവും; ശത്രുതയുള്ളതുമായ ഒരു സ്ഥാപനത്തിൻെറ ഇനിമേലുള്ള വളർച്ചയെ നാം പ്രോത്സാഹിപ്പിക്കണമോ?.... ഇപ്പോൾ നാം ശക്തമായിരിക്കുന്ന ഘട്ടത്തിൽ, നമ്മുടെ ഭരണഘടനയെ സുരക്ഷിതമാക്കുന്ന കാര്യത്തിൽ നമുക്കുള്ള അതിപ്രധാനമായ കർത്തവ്യം ഈ ശക്തനായ ശത്രുവിനെ, അതിൻെറ മേലധികാരികളുടെ കീഴിൽ തികച്ചും കീഴടങ്ങുന്ന നിലയിലേക്കു കൊണ്ടുചെല്ലുകയെന്നതാണു്.

വലിയ ബാങ്കുകളേക്കാൾ ചെറിയവയാണു് നല്ലതു്

ജെ. ഡബ്ലിയൂ, എപ്പെസിനു്, 1813

എന്നാൽ നമുക്കു ബാങ്കുകളാവശ്യമില്ലേയെന്നു ചോദിച്ചേക്കാം. കച്ചവടക്കാർക്കും മററാളുകൾക്കും സൗകര്യപ്രദമായിട്ടുള്ളതും ഇന്നു ലഭിച്ചുകൊണ്ടിരിക്കുന്നതുമായ ധനസംബന്ധമായ സഹായങ്ങൾ ഇല്ലാതാക്കണമെന്നാണോ? എൻെറ സമാധാനം, നമുക്കു ബാങ്കുകളുണ്ടായിരിക്കണമെന്നാണു്, എന്നാൽ അവ ഗ്രേററ് ബ്രിട്ടനിലൊഴിച്ചു് ഭൂമിയിലെ വേറെയേതൊരു രാജ്യത്തിലുമുള്ളവയെപ്പോലെയായിരിക്കണമെന്നാണു്. യൂറോപ്യൻ ഭൂഖണ്ഡത്തിൽ ഒരൊററ ഡിസ്കൗണ്ടു് ബാങ്കുപോലുമില്ല (ഞാൻ അവിടെയുണ്ടായിരുന്ന കാലത്തു അങ്ങനെയായിരുന്നു) ആർക്കും തന്നെ ഒരു ഹുണ്ടിയൽ വ്യാപാരി എന്ന നിലയിൽ തൊഴിൽ നടത്തുവാൻ പ്രകൃതിസിദ്ധാധികാരമൊന്നുമില്ല; പക്ഷെ കടം കൊടുക്കാൻ പണമുള്ളവനു് അതു ചെയ്യാം. അതിനാൽ നമ്മുടെയിടയിലെ പണമുള്ളവരും, ആ പണത്തെ മററതെങ്കിലും തരത്തിൽ വിനിയോഗിക്കുന്നതിനു് പകരം വായ്പകൊടുക്കാൻ ഇഷ്ടപ്പെടുന്നവരും തങ്ങൾ ഡിസ്കൗണ്ടു് ചെയ്യുന്ന നോട്ടുകൾക്കു പണമോ നാഷനൽ ബില്ലുകളോ കൊടുക്കട്ടെ. ഒരു പക്ഷേ, അവരെ പ്രോത്സാഹിപ്പിക്കുന്നതിനു് വേണ്ടി മററുള്ളവർക്കു് വാങ്ങാവുന്നതിൽ കവിഞ്ഞ പലിശ അവർ ഈടാക്കിക്കൊള്ളട്ടെ; പക്ഷേ അവർ പലിശയും കൊടുക്കു

ന്നതു ഹ്രസ്വമായ കാലഘട്ടത്തേക്കു മാത്രമായിരിക്കണം. ധനികമായ ഒരു കുലീനവർഗ്ഗം റിപ്പബ്ളിക്കിനെ ഭീഷണിപ്പെടുത്തുന്നു

ഡാ; ജെ. ബി, സ്റ്റുവർട്ടിനു്, 1817

അതിൻെറ (ഇംഗ്ലണ്ടിൻെറ) മാതൃകകൾക്കു നമ്മുടെ മേൽ ഭയജനകമായ സ്വാധീനമുണ്ടു്. സദൃശങ്ങളായ കാരണങ്ങൾ സദൃശങ്ങളായ ഫലങ്ങളുണ്ടാക്കുമെന്നുള്ള കാര്യം നാം അതിനെ അനുകരിക്കുമ്പോൾ പരിഗണിക്കുന്നതായി തോന്നുന്നില്ല, ഈ അനുകരണങ്ങളിൽ ഏററവും ഭയജനകമായുള്ളതു് ബ്യാങ്കു് ഭ്രാന്താണു്. അതു് ഇപ്പോൾത്തന്നെ ഗവൺമെൻറിനെ ധിക്കരിച്ചു കഴിഞ്ഞിരിക്കുന്ന ഒരു ധനികകുലീനവർഗ്ഗത്തെ വളർത്തിക്കൊണ്ടുവരികയാണു്: അതിൻെറ ആദ്യത്തെ ബലപരീക്ഷണത്തിൽ, ഒടുവിൽ കുറച്ചൊന്നു വഴങ്ങുവാൻ അതു നിർബന്ധിതമായിയെങ്കിലും അവരുടെ തത്ത്വങ്ങൾ ഒന്നും തന്നെ വഴങ്ങിയിട്ടില്ല, വഴങ്ങുന്നവയുമല്ല. നമ്മുടെ നിയമനിർമ്മാണകരുടെ ഹൃദയങ്ങളിൽ ഈ തത്ത്വങ്ങൾ വളരെ ആഴത്തിൽ വേരോടിച്ചിരിക്കുകയാകുന്നു. അവയിലെ നല്ല ആദർശങ്ങളെ നല്ലയാളുകൾ സ്വീകരിക്കുന്നു. ദൂഷ്യങ്ങളെ ചീത്തയാളുകളും. അങ്ങനെ ഭരണഘടന, അതിൻെറ കവാടങ്ങളെ സംരക്ഷിക്കാൻ ആരെയാണോ ചുമതലപ്പെടുത്തിയതു് അവർ തങ്ങളുടെ കർത്തവ്യങ്ങളെ ദുർവ്യാഖ്യാനം ചെയ്തു കെടുത്തിയിരിക്കുന്നു. കറൻസിനോട്ടുകൾ കൊണ്ടു ചില പ്രയോജനങ്ങളൊക്കെയുണ്ടെന്നകാര്യം സമ്മതിക്കുന്നു. എന്നാൽ അവയുടെ ദുർവിനിയോഗങ്ങൾ അനിവാര്യമാണു്; മൂല്യത്തിൻെറ മാനദണ്ഡത്തെ പൊട്ടിക്കുന്നതോടെ സ്വകാര്യസ്വത്തുക്കളെ ഒരു ഭാഗ്യച്ചിട്ടിയായി മാററുകയാണു് ചെയ്യുന്നതു് എന്ന കാര്യം നിഷേധിക്കാവുന്നതല്ല. നമുക്കു എന്നെങ്കിലും അതിൻെറ മേൽ ഭരണഘടനാപരമായി ഒരു നിയന്ത്രണം ഏർപ്പെടുത്തുവാൻ സാദ്ധ്യമാകുമോ?

# അദ്ധ്യായം V

## സാമൂഹ്യക്ഷേമം

## I വർഗ്ഗങ്ങൾ

മടിയരായ കുലീനവർഗ്ഗാംഗങ്ങളുടെ ഉപയോഗശൂന്യത

ഡി. മൃൂണിയർക്കു്, 1786

തൻെറ കുടുംബത്തിൻെറ പേരിൽ പ്രാധാന്യം അവകാശപ്പെട്ടുകൊണ്ടും, ജോലി ചെയ്യാൻ കൂട്ടാക്കാതെ, അശരണരായ പാവങ്ങളുടെ പാവനസ്വത്തായ, അന്യമനുഷ്യരുടെ പ്രയത്നഫലം അനുഭവിച്ചു കഷ്ടപ്പെട്ടു കാലം കഴിച്ചുകൊണ്ടുമിരിക്കുന്ന ഒരു മടിയനേക്കാൾ, മനുഷ്യരുടെ ശ്രേണിയിൽ പ്രമുഖസ്ഥാനം വഹിക്കുന്നതു് ഒരു അദ്ധ്വാനിയായ കർഷകനാണു്.

അമേരിക്കയിൽ വർഗ്ഗവ്യത്യാസമില്ല

ഡി. മൃൂണിയർക്കു്, 1786

അമേരിക്കയിൽ, നിയമദത്തമായ അധികാരത്തിൻെറ അടിസ്ഥാനത്തിൽ ഔദ്യോഗിക സ്ഥാനങ്ങൾ വഹിക്കുന്നവരും സ്വകാര്യവ്യക്തികളുമെന്ന ഭേദമല്ലാതെ, മനുഷ്യനും മനുഷ്യനും തമ്മിൽ യാതൊരു വ്യത്യാസവും ഒരിക്കലും അറിയപ്പെട്ടിട്ടില്ല എന്ന കാര്യം പരിഗണനാർഹമാണു്. ഒടുവിൽ പറഞ്ഞവരിൽ, ഏററവും പാവപ്പെട്ടവനായ തൊഴിലാളിയും ഏററവും ധനികനായ ലക്ഷപ്രഭുവും സമനിലയിലാണു് സ്ഥിതിചെയ്യുന്നതു്; അവരുടെ അവകാശങ്ങൾ തമ്മിൽ ഉരസുകയാണെങ്കിൽ തൊഴിലാളിയുടെ നില സാധാരണയായി കൂടുതൽ സൗജന്യാർഹവുമാണു്. ഒരു ചെരുപ്പുകുത്തിയോ മററു പണിക്കാരനോ, രാഷ്ട്രത്തിൻെറ ആഗ്രഹാ

നുസരണം അവൻെറ പണിസ്ഥലത്തുനിന്നു ഏതെങ്കിലും ഔദ്യോഗികസ്ഥാനത്തേക്കു മാററപ്പെടുകയാണെങ്കിൽ നിയമം ആ സ്ഥാനത്തിനു് നിശ്ചയിച്ചിട്ടുള്ള പദവിയും ആജ്ഞാശക്തിയും ഉത്തരക്ഷണത്തിൽത്തന്നെ ലഭ്യമായിത്തീരുന്നു എന്നു കണ്ടുവരാറുണ്ടു്. ജനനത്തിൻേറയോ കുലീനത്വത്തിൻെറയോ പേരിൽ ഉൽകൃഷ്ടത കൽപിക്കുന്നതു, ചന്ദ്രനിലോ മററു ഗ്രഹങ്ങളിലോ ഉള്ള ജീവിതരീതിയെപ്പോലെ അവർക്കു അജ്ഞാതമാണു്. അങ്ങനെ വ്യത്യാസങ്ങളുണ്ടായിരുന്നുവെന്നു് അവർ കേട്ടിട്ടുണ്ടായിരുന്നു. അതു തെററായിരുന്നുവെന്നും അവർ അറിഞ്ഞിരുന്നു.

### യൂറോപ്പിലെ വർഗ്ഗവ്യത്യാസം നാശോന്മുഖമാണു്

ആഡംസിനു് 1818

എന്നാൽ യൂറോപ്പിൽത്തന്നെയും, ആളുകളുടെ മനസ്സിൽ ബോധപൂർവമായിത്തന്നെ ഒരു പരിവത്തനമുണ്ടായിട്ടുണ്ടു്. വായിക്കുകയും ചിന്തിക്കുകയും ചെയ്യുന്നവരുടെ അഭിപ്രായങ്ങളെ ശാസ്ത്രം സ്വതന്ത്രമാക്കിയിട്ടുണ്ടു്; അമേരിക്കയുടെ മാതൃക ജനങ്ങളിൽ അവകാശബോധവും കൊളുത്തിയിട്ടുണ്ടു്. തദ്ഫലമായി നിന്ദാസ്പദമായിത്തീൎന്നു കഴിഞ്ഞ, ജനനത്തിൻെറ അടിസ്ഥാനത്തിലുള്ള സ്ഥാനമാനത്തിനും പദവിക്കും എതിരായി, ശാസ്ത്രത്തിൻെറ വികാസത്തിൽനിന്നും സഞ്ജാതമായ കഴിവും ധൈര്യവും ഒരു ആക്രമണം ആരംഭിക്കുകയുണ്ടായി. എന്നാൽ പ്രഥമയത്നം പരാജയപ്പെട്ടുപോയി. ഈ ആദ്യത്തെ ആപത്തിൻെറ സംഭ്രമത്തിൽനിന്നും ലോകം വേഗത്തിൽ വിമുക്തമാകുന്നതാണു്. ശാസ്ത്രം പുരോഗമനപരമാണു്; കഴിവുകളും പരിശ്രമവും ജാഗ്രതയായിരിക്കയുമാകുന്നു ......പദവിയും പാരമ്പര്യവും കുലീനത്വത്തിൻെറ കാക്കപ്പൊന്നും ഒട്ടുവിൽ നിരർത്ഥകത്വത്തിലേക്കു് ചുരുങ്ങിപ്പോവുകയും ചെയ്യും.

## പ്രകൃതിസഹജമായ പ്രഭുവർഗ്ഗവും കൃത്രിമ പ്രഭുവർഗ്ഗവും.

ആഡംസിനു് 1813

മനുഷ്യരുടെ ഇടയിൽ പ്രകൃത്യാതന്നെ ഒരു പ്രഭുവർഗ്ഗമുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. ഇതിൻെറ അടിസ്ഥാനം സദ്ഗുണങ്ങളും കഴിവുകളുമാണു്. എന്നാൽ വെടിമരുന്നിൻെറ കണ്ടുപിടിത്തം ദുർബലനേയും ശക്തനേയും ഒന്നുപോലെ കൊല്ലുവാൻ കഴിവുള്ളവനാക്കി; ശാരീരികമായ ശക്തി സൗന്ദര്യത്തേയും വിനോദത്തേയും മററു നിപുണതകളേയും പോലെ വൈശിഷ്ട്യം നേടുന്നതിനുള്ള ഹേതുക്കളായിത്തീർന്നു. സദ്ഗുണങ്ങളോ കഴിവുകളോ ഇല്ലെങ്കിലും സമ്പത്തിലും ജനനത്തിലും അധിഷ്ഠിതമായ ഒരു കൃത്രിമ കുലീനവർഗ്ഗവുമുണ്ടു്. പ്രകൃത്യാ ഉള്ള കുലീനവർഗ്ഗമാണു് സമൂഹത്തിൻെറ ശിക്ഷണത്തിനും വിശ്വാസത്തിനും ഭരണത്തിനുമുള്ള പ്രകൃതിയുടെ ഏററവും വിലയേറിയ ദാനം............

ഗവൺമെൻറിൻെറ ഔദ്യോഗികസ്ഥാനങ്ങളിൽ നിയമിക്കപ്പെടുന്നതിനു് ഇത്തരം പ്രകൃത്യായുള്ള കുലീനവർഗ്ഗത്തെ ഏററവും കാര്യക്ഷമമായി തിരഞ്ഞെടുക്കുന്നതിനു് സഹായിക്കുന്ന ഗവൺമെൻറാണു് ഏററവും നല്ലതെന്നു് നമുക്കു പറയുവാൻ പാടില്ലേ? ഭരണകൂടത്തിൽ കൃത്രിമപ്രഭുവംശം ഉപദ്രവകരമായ ഒരു ഘടകമാണു്; അതിൻെറ വളർച്ചയെ തടയുവാനുള്ള വ്യവസ്ഥകൾ തീർച്ചയായും ഉണ്ടാക്കേണ്ടിയിരിക്കുന്നു..........അതിനുള്ള ഏററവും നല്ല പരിഹാരം നമ്മുടെ ഭരണഘടനകളിൽ വ്യവസ്ഥപ്പെടുത്തിയിട്ടുള്ളതുതന്നെയാണു്; യഥാർത്ഥ കുലീനവർഗ്ഗത്തെ വ്യാജകുലീനവർഗ്ഗത്തിൽനിന്നും വേർതിരിക്കുന്നതിനു്, ഗോതമ്പു് ഉമിയിൽനിന്നും വേർതിരിക്കുന്നതിനു്, പൗരന്മാൎക്കു സ്വാതന്ത്ര്യം നൽകിയിരിക്കുന്നതു് തന്നെയാണു്. സാധാരണയായി അവർ യഥാർത്ഥത്തിൽ നല്ലവരും അറിവുള്ളവരുമായവരെത്തന്നെയാണു് തെരഞ്ഞെടുക്കുക. ചില സന്ദർഭങ്ങളിൽ ധനം അവരെ ദുഷിപ്പിച്ചേക്കാം, കുലീനത്വം അവരെ അന്ധരാക്കിയേക്കാം,

എന്നാലും അതു സമുദായത്തെ അപകടത്തിലെത്തിച്ചേരത്തക്കവണ്ണം അത്രയ്ക്കു് കൂടുതലായിരിക്കയില്ല.... ....

സ്വാതന്ത്ര്യപ്രഖ്യാപനത്തിനു് ശേഷം കൂടിയ നമ്മുടെ നിയമസഭയുടെ പ്രഥമ സമ്മേളനത്തിൽവച്ചു (entail എന്നു പറയുന്ന) പ്രത്യേക പിൻതുടർച്ചാവകാശം നാം റദ്ദുചെയ്തു് കൊണ്ടു് നിയമമുണ്ടാക്കി. അതിനെത്തുടന്നു മൂത്ത പുത്രനുള്ള പ്രത്യേകാവകാശത്തെ ഇല്ലാതാക്കിക്കൊണ്ടും, ഒസ്യത്തെഴുതിവയ്ക്കാതെ മരിക്കുന്നവൻെറ സ്വത്തുക്കൾ അവൻെറ എല്ലാ സന്താനങ്ങൾക്കും തുല്യമായി ലഭിക്കത്തക്കവണ്ണവും നിയമങ്ങളുണ്ടാക്കി.... ....ഞാൻ തന്നെ എഴുതിയുണ്ടാക്കിയ ഈ നിയമങ്ങൾ, ഈ കപടകുലീനത്വത്തിൻെറ കടയ്ക്കു കോടാലിവെയ്ക്കുകയായിരുന്നു. ഞാൻ തയ്യാറാക്കിയിരുന്ന വേറൊന്നു കൂടി നിയമസഭ സ്വീകരിച്ചിരുന്നുവെങ്കിൽ നമ്മുടെ പണി പൂർത്തിയായേനെ. വിദ്യാഭ്യാസം കൂടുതൽ സാർവത്രികമാക്കുന്നതിനുള്ള ഒരു ബില്ലായിരുന്നു അതു്. അതുകൊണ്ടുദ്ദേശിച്ചതു് ഓരോ ദേശവിഭാഗത്തേയും അഞ്ചോ ആറോ ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള വാർഡുകളായി വിഭജിച്ചു് ആ ഓരോ വാർഡിലും എഴുത്തും വായനയും കണക്കും സൗജന്യമായി അഭ്യസിപ്പിക്കുന്നതിനു് ഓരോ വിദ്യാലയം സ്ഥാപിക്കുന്നതിനും, അവയിൽ നിന്നും ആണ്ടോടാണ്ടു് സമർത്ഥന്മാരായ വിദ്യാർത്ഥികളെതെരഞ്ഞെടുത്തു ഗവൺമെൻറു ചെലവിൽ ഡിസ്ട്രിക്ട് സ്കൂളിൽ പഠിപ്പിക്കുന്നതിനും, ആ സ്കൂളുകളിൽ കൂടുതൽ സാമർത്ഥ്യം കാണിക്കുന്ന കുട്ടികളെ തെരഞ്ഞെടുത്തു വേണ്ട എല്ലാവിഷയങ്ങളും അഭ്യസിപ്പിക്കുന്നതിനു് വേണ്ടി സർവകലാശാലയിൽ അയക്കുന്നതിനുമായിരുന്നു. ജീവിതത്തിൻെറ എല്ലാ തുറകളിൽ നിന്നും കഴിവും പ്രതിഭയുമുള്ളവരെ അങ്ങനെ തിരഞ്ഞെടുത്തു്, പ്രധാന സ്ഥാനങ്ങളിൽ ധനത്തിൻെറയും ജനനത്തിൻെറ അടിസ്ഥാനത്തിലുള്ള പ്രതാപത്തിൻെറയും പേരിൽ വരുന്നവരെ മത്സരത്തിൽ തോല്പിക്കാൻ തക്കവണ്ണം സമർത്ഥരാക്കുകയും ചെയ്യുമായിരുന്നു.... ....ഈ വ്യവസ്ഥകൾ ഇതേവരെ നിയമമായില്ലെങ്കിലും.... ....അനുകൂലമായ ഒരു സാഹചര്യ

ത്തിൽ ഏതെങ്കിലും രാജ്യദ്രോഹി അവയെ പ്രാബല്യത്തിൽ വരുത്തി, നമ്മുടെ ഭരണകൂടത്തിൻെറ ആണിക്കല്ലാക്കിത്തീക്കുമെന്നു എനിക്കു വലിയ പ്രതീക്ഷയുണ്ട്.

കലീനതത്വത്തെ സംബന്ധിച്ചാണെങ്കിൽ, അമേരിക്കൻ ഐക്യനാട്ടുകളുടെ സ്ഥാപനത്തിനു് മുൻകാലത്തു്, അക്കാലത്തെ ആളുകൾക്കു് ആ സാഹചര്യം സൃഷ്ടിക്കുന്ന ദുർഗ്ഗുണങ്ങളിൽ മുങ്ങിക്കഴിയുന്ന ആളുകളെ അറിവുണ്ടായിരുന്നില്ല. അങ്ങനെയുള്ള മനുഷ്യർക്കു് വേണ്ടി സൃഷ്ടിക്കുന്ന ഭരണകൂടം ഒരു തരത്തിലുള്ളതായിരിക്കും, എന്നാൽ തികച്ചും വ്യത്യസ്തമായ ഒരു തരത്തിലുള്ളതായിരിക്കും ഐക്യനാട്ടുകളിലെ ജനങ്ങൾക്കു വേണ്ടിയുള്ളതു്. ഇവിടെ ഓരോരുത്തനും, തനിക്കു വേണമെന്നുണ്ടെങ്കിൽ കൃഷിചെയ്യുന്നതിനു് വേണ്ട ഭൂമിയുണ്ടായിരിക്കും, അതല്ല വേറെ ഏതെങ്കിലും വ്യവസായം ചെയ്യാനാണു് ഇഷ്ടപ്പെടുന്നതെങ്കിൽ, സുഖകരമായ നിത്യവൃത്തിക്കു് അതു വകനൽകുക മാത്രമല്ല വാർദ്ധക്യത്തിൽ, ജോലി ചെയ്യാൻ വയ്യാതെ ആകുന്ന കാലത്തേക്കുള്ള ആവശ്യം സാധിച്ചു കൊടുക്കുകയും ചെയ്യും. അക്കാരണത്താൽ ഓരോരുത്തനും തൻെറ സ്വത്തുക്കളുടേയോ തൃപ്തികരമായ തൻെറ നിലയുടേയോ പേരിൽ നിയമസമാധാനങ്ങളുടെ പുലർച്ചയിൽ തൽപരനാണുതാനും. കൂടാതെ അത്തരം ആളുകൾക്കു് പൊതുക്കാര്യങ്ങളിൽ ഫലപ്രദമായ ഒരു നിയന്ത്രണവും, ഏതെങ്കിലും യൂറോപ്യൻ നഗരത്തിലെ ജനക്കൂട്ടത്തിൻെറ കൈയ്യിലാണെങ്കിൽ പൊതുവും സ്വകാര്യവുമായ എല്ലാററിനേയും ഇല്ലായ്മചെയ്യുന്ന തോതിലുള്ള സ്വാതന്ത്ര്യവും നിരപായമായും ഗുണപ്രദമായും തങ്ങളിൽ തന്നെ നിക്ഷേപിച്ചു വയ്ക്കാനും കഴിയുന്നതാണു്.

വർഗ്ഗസമ്പ്രദായത്തിനു് അമേരിക്കൻ കർഷകർ ഒരു പ്രതിബന്ധമാണു്.

എച്ച്, ജി. സ്റ്റാഫോർഡിനു്, 1814

തങ്ങളുടെ സ്വന്തം രാജ്യത്തോടും അതിൻെറ ഭരണഘടനയോടുമുള്ളതിനേക്കാൾ വേഴ്ച ഇംഗ്ലണ്ടിനോടും അവി

ടത്തെ ഏകാരാജാധിപത്യത്തോടും കാണിക്കുന്ന നമ്മുടെ കച്ചവടക്കാർ, പുരോഹിതന്മാർ, അഭിഭാഷകർ എന്നിവരെ നിങ്ങൾ നിന്ദിക്കുന്നതിൽ ഞാനും ഭാഗഭാക്കാകുന്നു. എന്നാൽ കച്ചവടക്കാർക്കു് രാജ്യമില്ല. അവർ നിൽക്കുന്ന സ്ഥാനം, അവർ തങ്ങളുടെ ആദായം വലിച്ചെടുക്കുന്ന സ്ഥാനത്തോടുള്ള അടുപ്പമെത്ര ശക്തമായിട്ടുള്ളതാണോ, അത്ര ശക്തിയുണ്ടാക്കുന്നതല്ല. എല്ലാ രാജ്യങ്ങളിലും എല്ലാ കാലഘട്ടത്തിലും പുരോഹിതൻ സ്വാതന്ത്ര്യത്തിൻെറ ശത്രുവായിരുന്നിട്ടേയുള്ളു. അവനെന്നും സ്വേച്ഛാപ്രഭുവിൻെറ കൂട്ടുകെട്ടിൽ തൻെറ വിക്രിയകളുടെ സംരക്ഷണത്തിനു് വേണ്ടി സ്വേച്ഛാധിപ്രഭുവിൻെറ അഴിമതികൾക്കു ഒത്താശ നൽകിക്കൊണ്ടു് കഴിയുന്നു. അർഹിക്കുന്ന മാർഗ്ഗത്തിൽക്കൂടി പണവും അധികാരവും നേടുന്നതിനേക്കാൾ ഈ കൂട്ടുകെട്ടു കൊണ്ടു അവയെ നേടുക എളുപ്പമാണു്. ഈകാര്യസിദ്ധിക്കു് വേണ്ടി മനുഷ്യനു് ഉപദേശിപ്പിക്കപ്പെട്ട മതങ്ങളിൽ ഏററവും പരിശുദ്ധമായതിനെ, ഈ ഉദ്ദേശത്തിനു്വേണ്ടിയുള്ള സുരക്ഷിതമായ ഉപകരണമായി മനുഷ്യസമുദായത്തിനു് മനസ്സിലാകാത്തതരത്തിലുള്ള രഹസ്യങ്ങളായും നിരർത്ഥകശബ്ദങ്ങളായും, ദൂഷിപ്പിക്കുകയും ചെയ്തു.

അഭിഭാഷകരെ സംബന്ധിച്ചിടത്തോളം ഇതൊരു പുതിയ കാര്യമാണു്, അവർ മാതൃരാജ്യത്തിൽ അവരുടെ ഭരണഘടനയുടെ സ്വാതന്ത്ര്യതത്ത്വങ്ങളെ ശക്തിയായി പിൻതാങ്ങുന്നവരായിരുന്നു. എന്നാൽ അക്കാര്യത്തിലും അവക്കു മാററം വന്നിരിക്കുന്നു, കോക്കു് പ്രഭുവിൻെറ ഗ്രന്ഥത്തിനു് പകരം ബ്ലാക്ക്സ്റ്റോണിൻെറ ഗ്രന്ഥം പ്രാഥമിക പുസ്തകമായി സ്വീകരിച്ചതിൻെറ ഫലമാണിതെന്നു ഞാൻ കരുതുന്നു. യഥാർത്ഥത്തിൽ ബ്ലാക്ക്സ്റ്റോണും ഹ്യൂമുംകൂടെ ഇംഗ്ലണ്ടിലെ എല്ലാവരേയും യാഥാസ്ഥിതികരാക്കിയിരിക്കുകയാണു്. ഒരു ഹ്യൂമിൻേറയോ ബ്ലാക്കുസ്റ്റോണിൻേറയോ കപടമായ പിരട്ടുവാക്കുകളിൽ കുരുങ്ങിപ്പോകാതിരിക്കത്തക്കവണ്ണം അമേരിക്കയിലെ സ്വാതന്ത്ര്യത്തെപററി നിസർഗ്ഗസിദ്ധമായ വികാരങ്ങളില്ലാത്ത ചെറുപ്പക്കാരെ യാഥാ

സ്ഥിതികരാക്കിക്കൊണ്ടിരിക്കുകയുമാണു്, ഈ രണ്ടു ഗ്രന്ഥങ്ങളും, വിശിഷ്യ, ആദ്യത്തേതു്, ബോണപ്പാർട്ടിൻെറ ലക്ഷക്കണക്കിനുള്ള പട്ടാളക്കാരേക്കാൾ മനുഷ്യസമുദായത്തിന്റെ സ്വാതന്ത്ര്യത്തെ ചവിട്ടിമെതിയ്ക്കാൻ സഹായിച്ചിട്ടുണ്ടു്.

പട്ടാളത്തിൻെറ ആക്രമണത്താൽ നമ്മുടെ സ്വാതന്ത്ര്യത്തിനു് എന്തെങ്കിലും ഹാനിയുണ്ടാകുമെന്നു ഞാൻ കരുതുന്നില്ല; ഞാൻ വളരെ കാണുകയും അനുഭവിക്കുകയും ചെയ്തവനാണു്, എന്നാൽ ഇംഗ്ലീഷു് ഗ്രന്ഥങ്ങളാലും ചേതോവികാരങ്ങളാലും, ആചാരശീലങ്ങളാലും, നമ്മുടെ കൈത്തൊഴിൽക്കാരുടെയിടയിലുള്ള വാലില്ലാക്കുരങ്ങുകളാലും, വഞ്ചകന്മാരാലും തകരാറുണ്ടാകുമെന്നു ഞാൻ ഭയപ്പെടുന്നു. ഈ പ്രലോഭനങ്ങൾക്കു് വിലങ്ങുതടിയായെന്തുണ്ടെന്നു ഞാൻ ചുററിലും നോക്കുമ്പോൾ, നമ്മുടെ കൃഷകരായ പൗരന്മാരിൽ, അവരുടെ നേർമനസ്സിൽ, അവരുടെ അനാശ്രിതത്വത്തിൽ, അവരുടെ കഴിവിൽ, അതു ഞാൻ ദർശിക്കുന്നു. വേണ്ടിവന്നാൽ നമ്മുടെ നഗരങ്ങളിലെ ഹ്യൂമിൻെറ അനുചരന്മാരെ ഇല്ലായ്മ ചെയ്യുന്നതിനും ഇംഗ്ലണ്ടിൽനിന്നും നമ്മെ വിമോചിതരാക്കിത്തീർത്ത തത്വങ്ങൾ നിലനിർത്തുന്നതിനും അവ സഹായകമാകുന്നതാണു്.

അമേരിക്കൻ തൊഴിലാളികളുടെ നില ഇംഗ്ലണ്ടിലെ തൊഴിലാളികളേക്കാൾ മെച്ചമാണു്

ററി. കൂപ്പറിനു്, 1814

നമ്മുടെ ജനസംഖ്യയിൽ ഭൂരിപക്ഷവും തൊഴിലാളികളാണു്; ശരീരം കൊണ്ടു് അദ്ധ്വാനിച്ചോ, വേറെയെന്തെങ്കിലും പ്രവൃത്തിയിൽ ഏർപ്പെട്ടോ കഴിയേണ്ട ആവശ്യമില്ലാത്ത ധനികർ അധികമില്ല; അവരുടേതുതന്നെയും സാമാന്യമായ ധനസ്ഥിതി മാത്രമാണു്. തൊഴിലാളികളിൽ അധികം പേർക്കു വസ്തുക്കളുണ്ടു്; അവർ സ്വന്തം ഭൂമി കൃഷി ചെയ്യുന്നു; കുടുംബങ്ങളുമുണ്ടു്. ധനികരും കഴിവുള്ളവരുമായവരിൽ നിന്നും, അവർ സംതൃപ്തമായി ആഹാരം കഴിക്കുന്നതുകൊണ്ടും, വെറും മര്യാദയിൽകവിഞ്ഞ തോതിൽ വസ്ത്രം

ധരിക്കത്തക്ക വിധത്തിലും, കുടുംബം പുലർത്തത്തക്ക രീതിയിലും തൊഴിൽ ചെയ്തു വേതനം വാങ്ങുന്നു. അസാമാന്യമായ കരകൌശലവും സാമർത്ഥ്യവും അവർക്കു കാണിക്കേണ്ടിവരുന്നില്ല. എന്തെന്നാൽ ഇംഗ്ലണ്ടിൽ നിർമ്മിക്കുന്നവയോടൊപ്പം അവരുടെ സാധനങ്ങൾ സുന്ദരങ്ങളല്ലെങ്കിലും അവ ചെലവാകുന്നുണ്ട്.

നേരെമറിച്ച് ധനികരും പണിയെടുക്കാതെ ജീവിക്കുന്നവരുമായ ആളുകൾ, യൂറോപ്പിലെ സുഖലോലുപതയെന്നു പറയുന്നതെന്തെന്നറിയാത്തവരാണ്. അവർക്ക്, തങ്ങൾക്ക് സൌകര്യങ്ങളുണ്ടാക്കിക്കൊടുക്കുന്നവരുടേതിൽ കവിഞ്ഞു സ്വ സൌകര്യങ്ങൾ അല്പം മാത്രമേയുണ്ടാവുകയുള്ളൂ. എന്തെങ്കിലും സാമൂഹ്യവ്യവസ്ഥ ഇതിനേക്കാൾ അഭിലഷണീയമായുണ്ടോ?

നമ്മുടെ രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ വർണ്ണത്തിന്റെ അടിസ്ഥാനത്തിൽ മററാളുകളുടെ ഇച്ഛയ്ക്കു വിധേയരായി കഴിയേണ്ടിവരുന്ന വിഭാഗക്കാരെ തൊഴിലാളികളുടെ കൂട്ടത്തിൽനിന്നും ഒഴിച്ചുനിർത്താൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഇംഗ്ലണ്ടിലെ കൂലിപ്പണിക്കാരേക്കാൾ ഇവർക്കു ആഹാരം ലഭിക്കുന്നു, ചൂടുനൽകുന്ന വസ്ത്രങ്ങൾ ലഭിക്കുന്നു, കൂടാതെ കുറവായിമാത്രം ജോലി ചെയ്യേണ്ടതായുമുള്ളൂ. അവർക്ക്, തങ്ങളുടെ സമീപത്തു സുഖസമൃദ്ധിയിൽ കഴിയുന്ന കുടുംബങ്ങൾക്കുള്ള സൌകര്യങ്ങൾ ഉണ്ട്; ആ സാന്ത്വനം ഇംഗ്ലണ്ടിലെ ചുരുക്കം തൊഴിലാളികൾക്കുമാത്രം ലഭിക്കുന്ന ഒന്നാണല്ലോ. അവർ ശാരീരികമായ നിയന്ത്രണത്തിനു വിധേയരാണെന്നുള്ളതു സത്യമാണ്; എന്നാൽ, ഇംഗ്ലണ്ടിലെ ആറായിരം സൈനികരും, കപ്പൽ തൊഴിലാളികളും അതേ നിയന്ത്രണത്തിനു വിധേയരല്ലേ; മാത്രമല്ല, തങ്ങളുടെ സേവനകാലത്തിന്റെ അന്ത്യത്തിൽ, പ്രായാധിക്യംകൊണ്ടോ ആപത്തുകൾ മൂലമായോ പ്രവൃത്തിചെയ്യാൻ കഴിവില്ലാത്തവരായിത്തീരുമ്പോൾ ദാരിദ്ര്യം അനുഭവിക്കേണ്ടതായി വരികയില്ല എന്ന സമാധാനമാണെങ്കിൽ അവർക്കില്ലാതാനും. കൂടാതെ ആഫ്രിക്കാക്കാരെപ്പോലെ ബ്രിട്ടീഷ് കപ്പൽത്തൊഴിലാളി

കളെ അവരുടെ ഇഷ്ടത്തിനും, തങ്ങളുടെ ശരീരത്തെ സംബന്ധിച്ച അവർക്കുള്ള സ്വാഭാവികമായ അവകാശത്തിനും ദാരുണമാംവണ്ണം വിരുദ്ധമായി, ബലം പ്രയോഗിച്ച അടിമകളാക്കിയിരിക്കയല്ലേ? കൂടാതെ ഇംഗ്ലണ്ടിലെ തൊഴിലാളികളെ സംബന്ധിച്ചാണെങ്കിൽ, പട്ടാളക്കാരനേയും, നാവികനേയും, അടിമയേയും ശാരീരികമായി നിയന്ത്രിക്കുന്നതുപോലെതന്നെ ദാരിദ്ര്യത്തെപ്പററിയുള്ള ഭീതിയുടെ അടിസ്ഥാനത്തിൽ യജമാനന്മാർ തൊഴിലാളികളെ സ്വേച്ഛാപരമായി മാനസികമായ സമ്മർദ്ദം നടത്തിവച്ചു കൊണ്ടിരിക്കുന്നു. എന്നാൽ, എന്നെ തെററിദ്ധരിക്കരുതു്: ഞാൻ അടിമത്വത്തിനു് വേണ്ടി വാദിക്കുകയില്ല. വേറൊരു രാഷ്ട്രം അവിടത്തെ പ്രജകളോടു കാണിക്കുന്ന അക്രമങ്ങളുടെ ഉദാഹരണം ചൂണ്ടിക്കാണിച്ചു്, മറെറാരു ജനതയോടു് നാം കാണിച്ചിട്ടുള്ള തെററുകളെ ഞാൻ സാധൂകരിക്കുന്നില്ല. പ്രത്യുത, സാന്മാർഗ്ഗികവും രാഷ്ട്രീയവുമായ ഈ അധഃപതനത്തിൻെറ എല്ലാ ചിഹ്നങ്ങളേയും ഇല്ലാതാക്കുന്നതിനു് ഒരു പ്രായോഗിക പദ്ധതിയ്ക്കു് വേണ്ടി ഞാൻ എന്തുതന്നെയും പരിത്യജിക്കുന്നതാണു്. എന്നാൽ തല്ക്കാലം ഞാൻ ഒരു വർണ്ണത്തിലുള്ള മനുഷ്യനു് മർദ്ദനം മൂലം അനുഭവിക്കേണ്ടിയിരിക്കുന്ന കഷ്ടതയേയും, മറെറാരു വർണ്ണത്തിലുള്ള മനുഷ്യനു് മർദ്ദനംമൂലം അനുഭവിക്കേണ്ടിയിരിക്കുന്ന കഷ്ടതയേയും ഒന്നുപോലെ തന്നെ അപലപിച്ചുകൊണ്ടു് താരതമ്യപ്പെടുത്തുകയാകുന്നു.

ഇനി നമുക്കു് ഈ രണ്ടുരാജ്യങ്ങളിലേയും സൗഖ്യത്തിൻെറ ആകെത്തുകയുടെ കണക്കെടുക്കാം. ഇംഗ്ളണ്ടിൽ, സുഖമെന്നതു് കുലീനവംശജർക്കു് മാത്രമായുള്ളതാണു്. അവിടത്തെ തൊഴിലാളികൾക്കും നിർദ്ധനന്മാർക്കും ലഭിക്കുന്ന സുഖത്തിൻെറ അനുപാതം എന്നേക്കാൾ നിങ്ങൾക്കറിയാവുന്നതാണല്ലോ. നൂററിനു് നാലുപേർവീതമാണു് അങ്ങനെയുള്ളവരെന്നു് ഞാൻ അനുമിക്കുകയാണെങ്കിൽ, ആ രാഷ്ട്രത്തിൽ സുഖത്തിൻേറയും ദുഃഖത്തിൻേറയും നിരക്കു ഒന്നിനു് ഇരുപത്തിയഞ്ചെന്നാണു്. ഐക്യനാടുകളിൽ അതു് എൺപതുലക്ഷത്തിനു് പൂജ്യം എന്ന കണക്കിനാണു്, എന്നാൽ വേറൊന്നു പറയാറുണ്ടു്, അവർക്കു പ്രതിരോധത്തിനുള്ള

കഴിവുകളുണ്ടെന്ന്, നമുക്ക് അതില്ലെന്നും. അതെങ്ങനെ? നാം മനുഷ്യരല്ലേ? അതെ; എന്നാൽ ഒരു ദിവസത്തേക്കു ഒരു ഷില്ലിങ്ങ് കൂലി വാങ്ങിക്കൊണ്ട് വെടിവെയ്ക്കപ്പെടുന്നതിന് വേണ്ടി നമ്മളെ വിൽക്കുന്നതിന് നാം സമ്മതിക്കാറില്ല. എന്തെന്നാൽ നമ്മുടെ ആളുകൾ വീടുകളിൽ സന്തോഷമായിക്കഴിയുന്നവരാണ്. നമുക്കു നിർദ്ധനന്മാരെ കൊടുക്കാനില്ലാത്തതുകൊണ്ട്, പ്രതിരോധനത്തിന് വേണ്ടി ഒരു സൈന്യത്തെ സൂക്ഷിക്കാൻ കഴിയുന്നില്ല. ഗ്രീക്കുകാർക്കും റോമാക്കാർക്കും അങ്ങനെയുള്ള സൈന്യശേഖരമില്ല, എന്നാലും അവർ പ്രതിരോധത്തിന് സമർത്ഥരാണ്. ഗ്രീക്കുകാർ തങ്ങളുടെ നിയമങ്ങളാലും റോമാക്കാർ അവരുടെ അന്തഃസത്തയാലും ഒരു മർദ്ദനോപകരണമായ സൈന്യത്തെ ഭരണാധികാരികളുടെ കൈയ്യിൽ നൽകാതെയിരിക്കാൻ ശ്രദ്ധിച്ചു. അവരുടെ പദ്ധതി ഓരോരുത്തനേയും ഒരു ഭടനാക്കുകയെന്നതായിരുന്നു, ആഹ്വാനം ചെയ്യപ്പെട്ടപ്പോൾ തൻെറ രാജ്യത്തിന്റെ പതാകയുടെ കീഴിലേക്കു ചെല്ലുവാൻ ബാദ്ധ്യതപ്പെടുത്തുകയും. ഇതു അവരെ അജയ്യരാക്കി; ആ പരിഹാരം നമ്മെയും അങ്ങനെയാക്കും.

## II വിദ്യാഭ്യാസം

ജനകീയ വിദ്യാഭ്യാസത്തിന് മാത്രമേ ജനാധിപത്യ വ്യവസ്ഥയെ സംരക്ഷിക്കാൻ കഴിയൂ

നോട്ട്സ് ഓൺ വെർജീനിയാ, 14

ലോകത്തിലുള്ള ഓരോ ഗവൺമെൻറിലും, കുബുദ്ധിക്കു കണ്ടുപിടിക്കുവാനും ദുഷ്ടതയ്ക്കു വളർത്തിയെടുക്കാനും പ്രവൃദ്ധമാക്കാനും കഴിയുന്ന മാനുഷികദൗർബല്യത്തിൻെറ എന്തെങ്കിലും കണികയോ അഴിമതിയുടേയും അപകർഷത്തിൻേറയും എന്തെങ്കിലും ബീജമോ ഉണ്ടായിരിക്കുന്നതാണ്. ജനങ്ങളുടെ ഭരണാധിപന്മാരെമാത്രം വിശ്വസിച്ച് ഏൽപിക്കപ്പെടുന്ന എല്ലാ ഭരണകൂടവും അധഃപതിക്കുന്നു. ജന

ങ്ങൾ മാത്രമാണു് അതിന്റെ യഥാർത്ഥ സംരക്ഷകർ. അവരെ സുരക്ഷിതമാക്കുന്നതിനു് അവരുടെ മനസ്സിനെ ഒരു പരിധിവരെ പോഷിപ്പിക്കേണ്ടിയിരിക്കുന്നു........നമ്മുടെ പൊതുവിദ്യാഭ്യാസത്തിന്റെ സഹായത്തിനു്, നമ്മുടെ ഭരണഘടനയുടെ ഒരു ഭേദഗതിയുണ്ടാകേണ്ടിയിരിക്കുന്നു. ഗവൺമെൻറിന്റെ മേലുള്ള സ്വാധീനതയിൽ എല്ലാ ജനങ്ങളും ഭാഗഭാക്കുകളായിരിക്കണം. ഓരോവ്യക്തിയും........പരമാധികാരത്തിൽ പങ്കെടുക്കുമെങ്കിൽ ഗവൺമെൻറു് സുരക്ഷിതമായിരിക്കും.

വൈത്തിനു്, 1786

നമ്മുടെ എല്ലാ നിയമങ്ങളിലും വച്ചു ഏററവും പ്രധാനമായതു് ജനങ്ങളുടെയിടയിൽ വിജ്ഞാനം പ്രചരിപ്പിക്കുന്നതിനു് വേണ്ടിയുള്ളതാണെന്നു ഞാൻ വിചാരിക്കുന്നു. സ്വാതന്ത്ര്യത്തിന്റെയും സുഖത്തിന്റെയും രക്ഷണത്തിനു് വേറൊരു അസന്ദിഗ്ദ്ധമായ അടിസ്ഥാനം നിർമ്മിക്കാൻ സാദ്ധ്യമല്ല. രാജാക്കന്മാരും പ്രഭുക്കന്മാരും പുരോഹിതന്മാരും പൊതുജനങ്ങളുടെ സുഖത്തെ ശരിയാംവണ്ണം പരിരക്ഷിക്കുന്നവരാണെന്നു് ആരെങ്കിലും കരുതുന്നുണ്ടെങ്കിൽ അവനെ ഇവിടെ (പാരീസിൽ) അയക്കുക, ആ വിഡ്ഢിത്തത്തിൽനിന്നും അവനെ മോചിപ്പിക്കുന്നതിനു്, ഈ പ്രപഞ്ചത്തിൽ ഏററവും പററിയ വിദ്യാലയം ഇതാണു്. ഇവിടെ അവൻ തന്റെ സ്വന്തം കണ്ണുകൾകൊണ്ടു്, ജനസമൂഹത്തിന്റെ സൗഖ്യത്തിനെതിരായി ഒരു കൂട്ടുകെട്ടു് മേൽപറഞ്ഞ മനുഷ്യർ കൂടിയുണ്ടാക്കിയിരിക്കുന്നതു് കാണുന്നുണ്ടാവും. ലോകത്തിൽ വച്ചു ഏററവും നല്ല മണ്ണും, സ്വർഗ്ഗത്തിന്റെ കീഴിൽ ഏററവും നല്ല ശീതോഷ്ണാവസ്ഥയും മനുഷ്യനിൽ കുടികൊള്ളാവുന്ന ഏററവും മഹാമനസ്കതവും, ആഹ്ലാദനിർഭരവും സ്നേഹപൂർണ്ണവുമായ സ്വഭാവവുമുള്ള ജനങ്ങളുമാണിവിടത്തേതെങ്കിലും, പ്രകൃതിയുടെ അത്ര വളരെ അനുഗ്രഹങ്ങളാൽ പരിസേവിതരാണു് ജനങ്ങളെങ്കിലും അവരുടെമേൽ രാജാക്കന്മാരാലും, പ്രഭുക്കന്മാരാലും, പുരോഹിതന്മാരാലും മാത്രംതന്നെ വച്ചുകെട്ടപ്പെട്ട ദുരിതങ്ങളേക്കാൾ അവരുടെ

സർവ്വശക്തിത്വത്തെ തെളിയിക്കുന്നതായി മറെറാന്നുമില്ല. എന്റെ പ്രിയപ്പെട്ട സർ, അജ്ഞതക്കെതിരായി ഒരു കുരിശുയുദ്ധം നടത്താൻ ഉപദേശിക്കുക, സാധാരണ ജനങ്ങളുടെ വിദ്യാഭ്യാസത്തിന് പര്യാപ്തമായ നിയമം ഉണ്ടാക്കുകയും പരിഷ്കരിക്കുകയും ചെയ്യുക. നാം ജനങ്ങളെ അജ്ഞതയിൽ ഇട്ടുകളയുകയാണെങ്കിൽ അവരുടെയിടയിൽ ഉയർന്നു വരുമെന്നുള്ള രാജാക്കന്മാർക്കും, പ്രഭുക്കന്മാർക്കും, പുരോഹിതന്മാർക്കും കൊടുക്കേണ്ടിവരുന്ന നികുതിയുടെ സഹസ്രാംശം മാത്രമേ ഈ പറഞ്ഞ ദുരിതങ്ങളിൽനിന്നും നമ്മെ രക്ഷിക്കുന്നതിന് നികുതിയായി നൽകേണ്ടിവരുകയുള്ളു എന്നും, ജനങ്ങൾക്കു മാത്രമേ അതിനു കഴിവുള്ളു എന്നും നമ്മുടെ നാട്ടുകാർ അറിയട്ടെ. ഞാൻ വിചാരിക്കുന്നത് ഇംഗ്ളണ്ടിലെ ആളുകൾ ഇവിടത്തെ ജനങ്ങളെ അപേക്ഷിച്ചു കുറവായിമാത്രം മർദ്ദിക്കപ്പെട്ടവരുന്നവരെന്നാണ്. എന്നാൽ, അവരുടെയിടയിൽ കഴിയുമ്പോൾ, സ്വേച്ഛാപ്രഭുത്വത്തിന്റെ സംസ്ഥാപനത്തിന് വേണ്ട അടിത്തറ പാകുന്നത് അവരുടെ മനോഭാവങ്ങളിലാണെന്ന് കാണാൻ അർദ്ധദൃഷ്ടിമാത്രം മതിയാകും. അവരുടെ ആരാധനാവസ്തുക്കൾ കുലീനത്വവും സമ്പത്തും പ്രൗഢിയുമാണ്. അവർ അമേരിക്കയിലുണ്ടെന്നു നാം കരുതുന്നതരത്തിലുള്ള സ്വാതന്ത്ര്യമനസ്കരായ ജനങ്ങളെപ്പോലെയല്ല. അവിടത്തെ പണ്ഡിതന്മാർ സംഖ്യയിൽ കുറവാണ്; പാണ്ഡിത്യത്തിൽ മോശപ്പെട്ടവരുമാണ്; ഈ രാജ്യത്തിലെ ജനങ്ങളെ അപേക്ഷിച്ചു വളരെ കുറവായിമാത്രം പക്ഷപാതബുദ്ധിയിൽ നിന്നും വിമോചിതരുമാകുന്നു.

പ്രൈസിന്, 1789

ജനങ്ങൾ പ്രബുദ്ധരായിരുന്നാൽ അവരുടെ ഗവൺമെൻറിനെ അവരെ വിശ്വസിച്ചേൽപിക്കാമെന്നും, അവരുടെ ശ്രദ്ധയിൽപെടത്തക്കവണ്ണം കാര്യങ്ങൾ തെററിപ്പോവുകയാണെങ്കിൽ തിരുത്തുന്ന കാര്യത്തിൽ അവരെ വിശ്വസിക്കാമെന്നുമുള്ളതു് ആവശ്യത്തെപ്പററിയുള്ള ഒരു അവബോധ

ത്തിനും അതിനു് കീഴ്ഘടകങ്ങളിനും ഒരു പുതിയതും ആശ്വാസമരുളുന്നതുമായ ഒരു തെളിവാണു്.

ഡേവിഡ് വില്യംസിനു്, 1803

പഠിക്കുന്ന കാര്യത്തിൽ മത്സരം സൃഷ്ടിക്കുന്നതിനു് ഉപയോഗിച്ചിട്ടുള്ള കൃത്രിമമാർഗ്ഗംതന്നെ, ജനങ്ങളുടെ ദൃഷ്ടിയിൽ കൃഷികവൃത്തിയ്ക്കു് അതിൻേറതായ പ്രാമുഖ്യം വീണ്ടെടുക്കുന്നതിനു് വിജയകരമായിരിക്കുന്നതാണു്. അതു് ഒന്നാംതരത്തിലുള്ള ഒരു ശാസ്ത്രമത്രേ. അതിന്റെ പരിചാരികരായി, ശാസ്ത്രത്തിലെ ബഹുമാന്യമായവയായ രസതന്ത്രം, ഊർജ്ജതന്ത്രം, യന്ത്രശാസ്ത്രം, ഗണിതം, സസ്യശാസ്ത്രം എന്നിവയെ കണക്കാക്കുന്നു. എല്ലാ കോളേജുകളിലും കലാശാലയിലുമുള്ള കൃഷിസംബന്ധമായ ശാഖയും അതിലെ വിദ്യാർത്ഥികളും ഏറ്റവും ബഹുമാനിക്കപ്പെടേണ്ടവരാണു്. ഇന്നു മർദ്ദനത്തിനും നിന്ദയ്ക്കും വിധേയമായി തളർന്നുകിടക്കുന്ന ഒരു വൃത്തിയെ പുനരുദ്ധരിക്കുന്നതിനും സജീവമാക്കുന്നതിനുമായി, മററു ശാസ്ത്രങ്ങളുടെ മകുടമായി ഈ ശാസ്ത്രശാഖയിൽ കലാശാലാജീവിതം അവസാനിപ്പിക്കുന്ന യുവജനങ്ങൾ മററു ക്ലാസുകളിൽ തള്ളിക്കൂടാതെ തങ്ങളുടെ പിതാക്കന്മാരുടേയോ, തങ്ങളുടെ തന്നെയോ, മററുള്ളവരുടേയോ കൃഷിഭൂമിയിലേക്കു മടങ്ങിച്ചെല്ലണം. സൗജന്യ വിദ്യാലയങ്ങളെ, അവിടത്തെ വിദ്യാർത്ഥികളെ, ഇന്നത്തെ സാമൂഹ്യ വ്യവസ്ഥിതിയ്ക്കു് ഒട്ടും ആവശ്യമില്ലാത്ത പുരാണങ്ങൾ പഠിപ്പിക്കുന്നതിനു് പകരം കാർഷിക വിദ്യാലയങ്ങളായി മാററിയാൽ ആ വിഷയത്തിൽ വൈദഗ്ദ്ധ്യം നേടി, അവർക്കു് രാഷ്ട്രത്തിൻേറ ഉൽപന്നങ്ങളെ ചെലവാക്കിക്കളയുന്നതിനു് പകരം അവയെ വർദ്ധിപ്പിക്കയും ചെയ്താൽ അവർ കൂടുതൽ ധനികരും സ്വയമായി മാനിക്കുന്നവരുമായിത്തീരുന്നതുമാണ്. നമ്മുടെ ഗവൺമെൻറുകളിൽ സീമാതീതമായി വർദ്ധിച്ചിരിക്കുന്ന അനാവശ്യമായ ഉദ്യോഗങ്ങൾ ക്രമേണ നിർത്തുകയാണെങ്കിൽ ഭൂമിയിൽ കൃഷി ചെയ്യുണ്ടാകുന്നവയിൽ നിന്നുള്ള ചോർച്ചയും അവയുടെ ഭാരവും ഒഴിവാക്കാവുന്നതുമാണു്. ഈ.........മാർഗ്ഗങ്ങളിൽ

ളുടെ വ്യവസായത്തിന്റെ ആകെത്തുക വർദ്ധിക്കകയും കഷ്ടതകൾ കുറയുകയും ചെയ്യും.

അറിവില്ലാത്തവക്ക തങ്ങളുടെ സ്വാതന്ത്ര്യം നിലനിറുത്താൻ കഴിയുകയില്ല.

കേണൽ യാൻസിക്ക്, 1816

ഒരു രാഷ്ട്രം അജ്ഞതയിലിരുന്നുകൊണ്ടു, പരിഷ്കൃതമായ അവസ്ഥയിലുള്ള സ്വാതന്ത്ര്യം പ്രതീക്ഷിക്കുന്നുവെങ്കിൽ, അതു് ഒരിക്കലുമുണ്ടായിട്ടില്ലാത്തതും ഉണ്ടാകാത്തതുമായ ഒന്നു പ്രതീക്ഷിക്കുകയായിരിക്കും. എല്ലാ ഗവണ്മെൻറുകളുടേയും പ്രവർത്തകർക്കു് അവിടത്തെ ജനങ്ങളുടെ സ്വാതന്ത്ര്യത്തേയും സ്വത്തിനേയും തങ്ങളുടെ ഇഷ്ടംപോലെ നിയന്ത്രിക്കാനുള്ള പ്രവണതയുണ്ടു്. ഇതിൻെറ ഉറപ്പു് ജനങ്ങളിൽത്തന്നെയാണു്; അറിവുകൂടാതെ അതൊട്ടു ഭദ്രമാവുകയുമില്ല, എവിടെ പത്രലോകം അനിയന്ത്രിതമായിരിക്കുന്നു, ഓരോരുത്തനും വായിക്കാൻ കഴിവുള്ളവനായിരിക്കുന്നു, അവിടെയെല്ലാം സ്വാതന്ത്ര്യം സുരക്ഷിതമാകുന്നു.

ജാർവിസിനു്, 1821

സമുദായത്തിൻെറ പരമമായ അധികാരത്തിൻെറ സുരക്ഷിതമായ രക്ഷാസ്ഥാനം ജനങ്ങൾതന്നെയല്ലാതെ വേറെയെന്തെങ്കിലുമുള്ളതായി എനിക്കു അറിഞ്ഞുകൂടാ: ആരോഗ്യകരമായ വിവേകത്തോടെ ആ നിയന്ത്രണങ്ങൾ കൈകാര്യം ചെയ്യാൻ വേണ്ടത്ര പ്രബുദ്ധത അവർക്കില്ലെന്നു നാം കരുതുകയാണെങ്കിൽ വേണ്ടതു്, ആ അധികാരത്തെ അവരിൽ നിന്നും എടുത്തുകളയുകയല്ല, നേരേമറിച്ചു അവരുടെ വിവേകത്തെ വിദ്യാഭ്യാസംകൊണ്ടു ശക്തമാക്കുകയാണു്.

വിജ്ഞാനത്തിൻെറ പുരോഗതി മനുഷ്യൻെറ സുഖത്തിനു് നിദാനമാണു്

ഡാ: വാട്ടർഹൗസിനു്, 1818

എൻെറ ജീവിതകാലത്തിനുള്ളിൽ ശാസ്ത്രീയമായിട്ടുള്ള മഹത്തായ നേട്ടങ്ങളേയും കലകളിലുള്ള കണ്ടുപിടിത്തങ്ങളേയും പററി വിചിന്തനം ചെയ്യുമ്പോൾ, ഇന്നത്തെ തലമുറയും തത്തുല്യമായ പുരോഗതി നേട്ടമെന്നു് എനിക്കു തീർച്ചയുണ്ടു്; കൂടാതെ മന്ത്രവാദിനികളെ ചുട്ടിരുന്ന നമ്മുടെ പ്രപിതാമഹന്മാരെക്കാൾ കൂടുതൽ ബുദ്ധിമാന്മാരായിരുന്ന നമ്മുടെ പിതാമഹന്മാർ എത്ര അറിവുള്ളവരായിരുന്നുവോ അതുപോലെ നമ്മെക്കാൾ നമ്മുടെ അനന്തര തലമുറക്കാർ കൂടുതൽ ബുദ്ധിമാന്മാരായിരിക്കുന്നതാണെന്നതിനെപ്പററി എനിക്കു തെല്ലും സംശയമില്ല.

? 1821

വേറെ ഏതു് ഗവണ്മെൻറിനേയുംകാൾ ഒരു റിപ്പബ്ലിക്കിൽ ശാസ്ത്രം കൂടുതൽ പ്രധാനപ്പെട്ടതാണു്. കൂടാതെ, നമ്മുടേതുപോലെയുള്ള ഒരു ശിശുരാജ്യത്തിനു്, വളരെക്കാലമായി നിലനിന്നുപോരുന്നതും കൂടുതൽ സൗകര്യങ്ങളുള്ളതും, നമ്മളേക്കാൾ കൂടുതൽ പുരോഗമിച്ചതുമായ രാജ്യങ്ങളുടെ ശാസ്ത്രീയ നേട്ടങ്ങളെ ആധാരമാക്കേണ്ടതായുണ്ടു്. വൈദേശികമായ പ്രകാശത്തിൻെറ ഗുണം നാം നിഷേധിച്ചാൽ നാം നമ്മെ നീണ്ട ഇരുളിൽ തള്ളുകയായിരിക്കും ചെയ്യുക.

അമേരിക്കൻ യുവജനങ്ങളെ എന്തിനു് യൂറോപ്പിൽ വിദ്യാഭ്യാസത്തിനയക്കണം?

ബാനിസ്റ്റർ ജൂനിയർ, 1785

എന്നാൽ എന്തുകൊണ്ടു് അമേരിക്കയിലെ യുവാക്കളെ വിദ്യാഭ്യാസത്തിനായി യൂറോപ്പിലേക്കു അയക്കണം? ഉപ

യോഗപ്രദമായ അമേരിക്കൻ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ ലക്ഷ്യങ്ങൾ എന്താണ്? ശ്രേഷ്ഠമായ അറിവ്, ഫ്രഞ്ച്, സ്പാനിഷ്, ഇററാലിയൻ മുതലായ ആധുനികഭാഷകൾ, ഗണിതശാസ്ത്രം, പ്രകൃതിശാസ്ത്രം പ്രകൃതി ചരിത്രം, രാജ്യചരിത്രം, സന്മാർഗ്ഗശാസ്ത്രം എന്നിവയെ സംബന്ധിക്കുന്നതാണ്. പ്രകൃതിശാസ്ത്രത്തിൽ രസതന്ത്രവും കൃഷിയും ഉൾപ്പെടുത്തണമെന്നും പ്രകൃതിചരിത്രത്തിൽ സസ്യശാസ്ത്രം മുതലായവ ഉൾപ്പെടുത്തണമെന്നും ഞാൻ ഉദ്ദേശിക്കുന്നു. ആധുനികഭാഷകൾ സംസാരിക്കാനുള്ള പ്രാവീണ്യം നന്നായി നേടുവാൻ അമേരിക്കയിലിരുന്നുകൊണ്ടു സാദ്ധ്യമല്ല എന്നതു സത്യമാണ്; എന്നാൽ മറ്റു വിഷയങ്ങൾ യൂറോപ്പിൽ എവിടേയും നിന്നെന്നപോലെ വില്യം ആൻഡ്യ് മേരികോളേജിൽ നിന്നും പഠിക്കാവുന്നതാണ്. കോളേജ് വിദ്യാഭ്യാസം അവസാനിച്ച്, പൊതുജീവിതത്തിൽ പ്രവേശിക്കാൻ തയ്യാറെടുക്കുമ്പോൾ അമേരിക്കക്കു് വേണ്ടി അവൻ നിയമത്തേയോ ഊർജ്ജതന്ത്രത്തേയോ നോക്കേണ്ടതാകുന്നു. ആദ്യത്തേതിന്റെ കാര്യത്തിൽ, മി. വൈത്തിൻെറ അടുക്കലല്ലാതെ ഫലപ്രദമായി ചെല്ലാവുന്നതെവിടെയാണ്? രണ്ടാമത്തേതിൻെറ കാര്യത്തിലാണെങ്കിൽ അവൻ യൂറോപ്പിൽ ചെല്ലേണ്ടിയിരിക്കുന്നു; അതുകൊണ്ടു് മെഡിക്കൽ വിദ്യാർത്ഥികൾ മാത്രമാണ് യൂറോപ്പിലേക്കു പോകേണ്ടതു്.

ഒരു വിദ്യാർത്ഥിയെ യൂറോപ്പിൽ അയക്കുന്നതിൻെറ അസൗകര്യങ്ങളെന്തെന്നു നമുക്കു നോക്കാം. അവയെല്ലാം എണ്ണിയെണ്ണി പറയുന്നതിന് ഒരു പുസ്തകം തന്നെ വേണ്ടിവരും. ഞാൻ ചിലതുമാത്രം പറയാം. അവൻ ഇംഗ്ളണ്ടിൽ പോവുകയാണെങ്കിൽ അവൻ മദ്യപാനവും കുതിരപ്പന്തയവും ബോക്സിങ്ങും പഠിക്കുന്നു. ഇവയാണ് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൻെറ പ്രത്യേകതകൾ. താഴെപ്പറയുന്ന അവസ്ഥകൾ അതിനും യൂറോപ്പിലെ മററു രാജ്യങ്ങൾക്കും പൊതുവായിട്ടുള്ളവയാണ്. അവന് യൂറോപ്പിലെ സുഖാസക്തിയോടും ദുർവൃത്തിയോടും മമതയുണ്ടാകുന്നു, അവന്റെ സ്വന്തം രാജ്യത്തിലെ, സരളമായ ജീവിതരീതിയെപ്പററി നിന്ദയും;

യൂറോപ്പിലെ കുലീനവംശത്തിനുള്ള പ്രത്യേകാധികാരങ്ങൾ അവനെ വ്യാമോഹിപ്പിക്കുന്നു, തന്റെ രാജ്യത്തിലെ പാവപ്പെട്ടവർ ധനികരോടൊപ്പം ആസ്വദിക്കുന്ന സുന്ദരമായ സമത്വത്തെ അവൻ വെറുപ്പോടെ നോക്കുന്നു; പ്രഭുവംശജരോടും രാജവാഴ്ചയോടും അവൻ പക്ഷപാതിയായിത്തീരുന്നു, തനിക്കു ഒരിക്കലും ഗുണകരമായിത്തീരാത്ത വൈദേശിക സൗഹൃദബന്ധങ്ങൾ അവൻ പുലൎത്തുന്നതോടൊപ്പം ആത്മാൎത്ഥവും ശാശ്വതവുമായ സ്നേഹബന്ധങ്ങൾ സ്വന്തം നാട്ടിൽ ഉണ്ടാക്കുവാനുള്ള പ്രവണത നഷ്ടപ്പെടുത്തുന്നു, തന്റെയും അന്യരുടേയും സൗഖ്യത്തെ ഇല്ലായ്മ ചെയ്യുന്നതരത്തിൽ, മനുഷ്യന്റെ വികാരങ്ങളിൽവച്ചു ഏററവും ഉൽക്കടമായ വികാരത്തിനു് വിധേയനായി സ്ത്രീകളെ വഞ്ചിക്കാൻ യത്നിക്കുന്നു, സ്വന്തം ആരോഗ്യത്തിനു് തന്നെ ഹാനികരമാകത്തക്കവണ്ണം വേശ്യാലമ്പടനായിത്തീരുന്നു; ഈ രണ്ടു കാൎയ്യങ്ങളുടേയും അടിസ്ഥാനത്തിൽ വൈവാഹികമഞ്ചത്തോടു് ഭക്ത്യാദരങ്ങൾ കാണിക്കയെന്നതു അയോഗ്യമായതും ആനന്ദത്തിനു് അനനുയോജ്യമായതുമാണെന്നു പഠിക്കുന്നു; അവൻ യൂറോപ്പിലെ സ്ത്രീകളുടെ കാമോദ്ദീപകമായ വേഷസമ്പ്രദായങ്ങളേയും ഭാവഹാവങ്ങളേയും ഓർക്കുന്നു, സ്വന്തം രാജ്യത്തിലെ വിശുദ്ധമായ സ്നേഹവികാരങ്ങളേയും ആർജ്ജവശീലങ്ങളേയും നിന്ദ്യമാക്കിത്തള്ളുന്നു; അവൻ തന്റെ ജീവിതകാലം മുഴുവനും, താൻ ആദ്യമായി സുഖമനുഭവിക്കുകയും ബന്ധങ്ങൾ പുലൎത്തുകയും ചെയ്ത രംഗങ്ങളെ ഔത്സുക്യത്തോടെ ഓർക്കുകയും അവിടെ ചെല്ലാൻ വെമ്പുകയും ചെയ്യുന്നു; അവൻ തന്റെ രാജ്യത്തിലേക്കു മടങ്ങിവരുന്നതു് തന്നെ നാശത്തിൽനിന്നും സമുദ്ധരിക്കുന്നതിനു് സഹായിക്കുന്ന ഗാർഹിക സാമ്പത്തികശാസ്ത്രത്തിന്റെ രീതികളെന്തെന്നറിയാതെ ഒരു മറുനാടായിട്ടാണു്; തന്റെ മാതൃഭാഷ ഒരു വിദേശികനെപ്പോലെ എഴുതുകയും വായിക്കുകയും ചെയ്യുന്നു, അക്കാരണത്താൽ ഒരു സ്വതന്ത്രരാഷ്ട്രത്തിലെ ഒരുവന്റെ ഉലികളും നാക്കിനുമുണ്ടായിരിക്കേണ്ട വൈഭവം അവനു് നഷ്ടപ്പെട്ടിരിക്കുന്നു. എന്തെന്നാൽ ഞാൻ നിങ്ങളോടു പറയുകയാണു്: എഴുത്തിലും സംസാരത്തിലുമുള്ള ശൈലി ബാല്യ

കാലത്തുതന്നെ, ഭാവന ചുട്ടുള്ളതായും ധാരണ ബലിഷ്ഠമായുമിരിക്കുന്ന കാലത്തുതന്നെ രൂപപ്പെടുന്നതാണ് എന്നു്. എന്റെ അഭിപ്രായത്തിൽ, തന്റെ ഭാഷ സംസാരിക്കുന്ന രാജ്യത്തിന്റെ വെളിയിൽ പത്തിരുപത് കൊല്ലങ്ങൾ ചെലവാക്കുന്ന ഒരുവനു് തന്റെ മാതൃഭാഷ സുന്ദരമായി എഴുതാനോ പറയാനോ സാധിക്കുമെന്നതിനു് ഒരുദാഹരണവും പറയാൻ കാണുന്നില്ല. അങ്ങനെ നോക്കുമ്പോൾ രണ്ടു ഭാഷകൾ സമർത്ഥമായി എഴുതുന്ന ഒരാളുമില്ല. തന്റെ ബാല്യകാലത്തു സുപരിചിതമായിരുന്ന ഭാഷ തന്നെയാണു് ഒരുവനു് സ്വഭാഷയായിത്തീരുന്നതു്. യൂറോപ്പിലേക്കു വിദ്യാഭ്യാസത്തിനു് പോകുന്ന ഒരു അമേരിക്കാക്കാരനു്, തന്റെ അറിവും, നീതിശാസ്ത്രവും, ആരോഗ്യവും ശീലങ്ങളും ആനന്ദവും നഷ്ടപ്പെടുന്നു എന്നെനിക്കു തോന്നുന്നു. യൂറോപ്പിൽ വരുന്നതിനു് മുമ്പായി എനിക്കു ചില സംശയങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു, ഞാനിവിടെ വന്നതിനു് ശേഷം കാണുന്നതും കേൾക്കുന്നതും ഞാൻ സന്ദേഹിച്ചതിനേക്കാൾ വളരെ കൂടുതൽ കാര്യങ്ങൾ തെളിയിക്കുന്നു. അമേരിക്കയുടെ നേരേ നിങ്ങൾ കണ്ണയക്കുക. ഏററവും വിദ്യാസമ്പന്നരും വാഗ്മികളും, തന്റെ നാട്ടുകാരാൽ സ്നേഹിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും ആരാധിക്കപ്പെടുകയും ചെയ്യുന്നവർ ആരാണു്? അവർ അവരുടെയിടയിൽത്തന്നെ വിദ്യ അഭ്യസിച്ചവരാണു്, അവരുടെ രാജ്യത്തിന്റേതിനോടു പൂർണ്ണമായും അനുയോജ്യമായ ആചാരശീലങ്ങളും സന്മാർഗ്ഗികബോധവുമുള്ളവരാണു്.

മനുഷ്യന്റെ സൗഖ്യം ജനകീയ വിദ്യാഭ്യാസത്തിൽ നിലകൊള്ളുന്നു.

സി. സി. ബ്ളാച്ചർ്ലിസ്സ്, 1822

മനുഷ്യന്റെ നില മെച്ചമാക്കുന്നതിനും സദ്ഗുണങ്ങളെ പ്രവൃദ്ധമാക്കുന്നതിനും സൗഖ്യം പുരോഗമിപ്പിക്കുന്നതിനും ഏററവും കൂടുതലായി ആധാരമാക്കാവുന്നതു് അറിവിന്റെയും വിദ്യാഭ്യാസത്തിന്റേയും പ്രചാരണമാണെന്നു ഞാൻ കാണു

ന്നു. എല്ലാമരങ്ങളിലും കായ്കളുണ്ടാക്കാമെന്നും എല്ലാചെടികളും ആഹാരസാധനമാക്കാമെന്നും പ്രതീക്ഷിക്കുന്നതു് എത്രതെററാണോ, അതിനേക്കാൾ തെററാണു് ഏതെങ്കിലും ഉപായം കൊണ്ടു് എല്ലാമനുഷ്യരേയും സദ്ഗുണസമ്പന്നരാക്കാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നതു്. കള്ളിയും കട്ടാരയും ഒരിക്കലും മുന്തിരിയും ഒലീവുമായി മാറുകയില്ല. പക്ഷെ സംസ്കരണം കൊണ്ടു് അവയുടെ രൂക്ഷതയെ മയപ്പെടുത്താൻ കഴിഞ്ഞെന്നുവരാം, ലോകത്തിന്റെ സാമ്പത്തികാവസ്ഥയ്ക്കു് അനുഗുണമാംവണ്ണം അവയെ ഉപയോഗപ്പെടുത്താൻ കഴിഞ്ഞെന്നുവരാം. വിദ്യയുടെ അനുഗ്രഹം മാനവസമുദായത്തിനു് മുഴുവൻ ലഭ്യമാക്കുവാൻ വേണ്ടിയുള്ള ഇന്നത്തെ സംരംഭത്തിൽ മനുഷ്യവർഗ്ഗത്തിന്റെ ഐശ്വര്യത്തിൽ പ്രസ്താവ്യമായ പുരോഗമനസാദ്ധ്യത ഞാൻ കാണുന്നു; അതു സീമാതീതമായ ഒരു നിലവരെയല്ലെങ്കിലും അനിശ്ചിതമായ ഒരു പരിധിവരെ ചെല്ലുമെന്നു ഞാൻ പ്രതീക്ഷിക്കുകയും ചെയ്യുന്നു.

## III പ്രസ്സ് (വർത്തമാനപത്രങ്ങൾ)

പൊതുജനസ്വാതന്ത്ര്യത്തിൻെറ ഏകരക്ഷ ഒരു സ്വതന്ത്രമായ പ്രസ്സാണു്

കാരിങ്ടണു്, 1787

മനുഷ്യരുടെ സദ്ബോധമാണു് എന്നെന്നും ഏററവും നല്ല സൈന്യമായി പ്രവർത്തിക്കുന്നതെന്നു ഞാൻ വിശ്വസിക്കുവാൻ കാരണങ്ങളുണ്ടു്. ഒരു നിമിഷത്തേക്കു് അവരെ അപഥത്തിലേക്കു നയിക്കാമെങ്കിലും വേഗംതന്നെ അവർ തങ്ങളുടെ തെററുകൾ തിരുത്തുന്നതായിരിക്കും. ജനങ്ങൾ തന്നെയാണു് തങ്ങളുടെ ഭരണാധികാരികളുടെ ഗുണദോഷവിവേചകർ; അവരുടെ അബദ്ധങ്ങൾപോലും തങ്ങളുടെ സ്ഥാപനങ്ങളുടെ യഥാർത്ഥതത്വങ്ങളെ സംരക്ഷിക്കുന്നവയാണു്. ഈ അബദ്ധങ്ങളെ അതികഠിനമായി ശിക്ഷിക്കുന്നതു് പൊതുസ്വാതന്ത്ര്യത്തിൻെറ ഏകരക്ഷയെ ഇല്ലാതാക്കു

കയാകുന്നു. ജനങ്ങളുടെ ഇത്തരത്തിലുള്ള ക്രമവിരുദ്ധമായ ഇടപെടലിനെ നിരോധിക്കാനുള്ള മാർഗ്ഗം, വർത്തമാനപ്പത്രങ്ങൾ മുഖാന്തരമായി അവരെ സംബന്ധിക്കുന്ന കാര്യങ്ങളുടെ പൂർണ്ണവിവരങ്ങൾ നൽകുകയും ആ പത്രങ്ങൾ എല്ലാ ജനങ്ങളുടേയും അടുക്കൽ ചെന്നെത്താൻ വ്യവസ്ഥപ്പെടുത്തുകയുമാണു്. നമ്മുടെ ഗവൺമെൻറുകളുടെ അടിത്തറ ജനകീയാഭിപ്രായമാവുകയാൽ, ആദ്യത്തെ ലക്ഷ്യം അതു ശരിയായതാക്കുകയെന്നതാണു്; എന്നോടു്, പത്രങ്ങളില്ലാത്ത ഒരു ഗവൺമെൻറു വേണമോ അതല്ല ഗവൺമെൻറു കൂടാതെ പത്രങ്ങൾ വേണമോ എന്നു തീരുമാനിക്കാൻ പറഞ്ഞാൽ ഒട്ടും സംശയം കൂടാതെ ഞാൻ പറയുന്നതു രണ്ടാമത്തേതു് വേണമെന്നു തന്നെയായിരിക്കും. പക്ഷേ ഞാൻ പറയും, ജനങ്ങളിൽ എല്ലാവക്കും ആ പത്രങ്ങൾ ലഭിക്കണമെന്നും അവർ അവയൊക്കെ വായിച്ചിരിക്കണമെന്നും. ഗവൺമെൻറുകൾ കൂടാതെ ജീവിക്കുന്ന റെഡ് ഇൻഡ്യാക്കാരെപ്പോലെയുള്ള സമുദായങ്ങൾ, യൂറോപ്യൻ ഗവൺമെൻറുകളുടെ കീഴിൽ ലഭിക്കുന്ന സൗഖ്യത്തേക്കാൾ വളരെ കൂടുതൽ സൗഖ്യം അനുഭവിക്കുന്നുണ്ടു് എന്നു എനിക്കു ബോദ്ധ്യമായിട്ടുണ്ടു്. ആദ്യം പറഞ്ഞവരുടെയിടയിൽ പൊതുജനാഭിപ്രായം നിയമങ്ങളുടെ സ്ഥാനം വഹിക്കുന്നു; മനുഷ്യൻെറ സന്മാർഗ്ഗത്തെ, നിയമങ്ങൾ എങ്ങനെ മനുഷ്യനെ നിയന്ത്രിക്കുന്നുവോ അതുപോലെതന്നെ നിയന്ത്രിക്കുന്നുമുണ്ടു്. രണ്ടാമത്തെക്കൂട്ടരുടെയിടയിൽ, ഭരിക്കുന്നു എന്ന ഭാവേന ജനങ്ങളെ രണ്ടു വർഗ്ഗങ്ങളായി പിരിച്ചിരിക്കുന്നു, ചെന്നായ്ക്കളായും ആടുകളായും. ഞാൻ ഊതിപ്പെരുക്കുകയല്ല. ഇതു യൂറോപ്പിൻെറ ശരിയായ ചിത്രമാണു്. അതുകൊണ്ടു നമ്മുടെ ജനങ്ങളുടെ അന്തഃസത്തയെ പോഷിപ്പിക്കുക, അവരുടെ ശ്രദ്ധയെ സജീവമാക്കി നിർത്തുക, അവരുടെ തെറ്റുകളെ വളരെ ഗൗരവത്തോടെ വീക്ഷിക്കാതെ, അവരെ പ്രബുദ്ധരാക്കി വീണ്ടെടുക്കുക. പൊതുക്കാര്യങ്ങളെ സംബന്ധിച്ചു് അവർ ഒരിക്കൽ ശ്രദ്ധയില്ലാത്തവരായിത്തീരുകയാണെങ്കിൽ നിങ്ങളും ഞാനും, കാൺഗ്രസ്സും അസംബ്ലികളും, ജസ്റ്റീമാരും ഗവർണ്ണർമാരും ചെന്നായ്ക്കളായിത്തീരുന്നതാണു്. വ്യക്തി

പരമായ വ്യത്യാസങ്ങൾ ഉണ്ടാകാമെങ്കിലും നമ്മുടെ മനുഷ്യസ്വഭാവത്തെ സംബന്ധിക്കുന്ന പൊതു നിയമം ഇതാണെന്നു തോന്നുന്നു; അനുഭവം പ്രഖ്യാപിക്കുന്നതു് തന്റെ വർഗ്ഗത്തിൽ പെട്ടന്ന മറെറാന്നിനെ വിഴുങ്ങുന്ന ഏകജന്തു മനുഷ്യനാണെന്നാണു്; യൂറോപ്പിലെ ഗവൺമെൻറുകളെപ്പററിയും പാവങ്ങളെ ഇരയാക്കുന്ന ധനികരെപ്പററിയും ഇതിനേക്കാൾ മൃദുവായ ഒരു വാക്കുപയോഗിക്കാൻ എനിക്കു കഴിയുന്നില്ല.

വാഷിങ്ടണു്, 1792

ഒരു ഗവൺമെൻറിനും നിരൂപകരില്ലാതെയിരിക്കാൻ പാടില്ല; എവിടെ പ്രസ്സു് സ്വതന്ത്രമായിരിക്കുന്നു, അവിടെ അങ്ങനെയല്ലാതെയിരിക്കയുമില്ല. അതു സദ്ഗുണങ്ങളുള്ളതാണെങ്കിൽ അതിനു് ആക്രമണത്തെ ഒട്ടുംതന്നെ ഭയപ്പെടേണ്ടതില്ല. മതത്തിലാകട്ടെ, നിയമത്തിലാകട്ടെ, സത്യം കണ്ടെത്തുന്നതിനു് ഇതല്ലാതെ വേറൊരുപായവും പ്രകൃതി മനുഷ്യനു് നൽകിയിട്ടില്ല.

സ്വതന്ത്രമായ ഒരു പ്രസ്സു്, മർദ്ദനത്തിനെതിരായി മനുഷ്യൻ നേടിയ വിജയമാണു്

* വെർജീനിയാ ആൻറു് കെൻറക്കി പ്രമേയങ്ങൾ 1797

എല്ലാ സംസ്ഥാനത്തിലും, ഒരുപക്ഷേ യൂണിയനിലും എല്ലാവിധത്തിലുമുള്ള ഔദ്യോഗിക സ്ഥാനങ്ങൾ വഹിക്കുന്നവരുടെ പ്രവർത്തനങ്ങളേയും യോഗ്യതകളേയും വിലയിരുത്തുന്ന കാര്യത്തിൽ പത്രങ്ങൾ കാണിച്ച സ്വാതന്ത്ര്യം സാധാരണ നിയമത്തിൻേറ പരിധിക്കകത്തു നിന്നുകൊണ്ടായിരുന്നില്ല; ......എല്ലാക്കാര്യത്തിൻേറയും ശരിയായ തരത്തിലുള്ള വിനിയോഗം തന്നെ ചെറിയ തോതിലുള്ള ദുർവിനിയോഗവുമായി വേർതിരിക്കാൻ കഴിയാത്തതാണു്; പത്രങ്ങ

---

* മാഡിസണ്ണും കൂടെച്ചേർന്നു എഴുതിയതാണിതു്

ളെ സംബന്ധിക്കുന്ന കാര്യത്തിലാണ് അതു മറേറതിനേയും കാൾ സത്യമായിത്തീരുന്നതു്. അതനുസരിച്ചു സംസ്ഥാനങ്ങളിലെ കീഴ്‌വഴക്കങ്ങളിലൂടെ, നല്ല കായ്കൾ പിടിക്കുന്ന ശാഖകളുടെ വളർച്ചയ്ക്കു ഹാനികരമാംവണ്ണം ചില ദോഷകരമായ ശാഖകളെ കോതിക്കളഞ്ഞു അവയുടെ തഴച്ചുള്ള വളർച്ച തടയേണ്ടതില്ലെന്നു തീരുമാനിച്ചിട്ടുണ്ടു്. ആക്ഷേപങ്ങൾക്കു് ശരവ്യങ്ങളാകുമെങ്കിലും പത്രങ്ങളോടു്, അബദ്ധങ്ങൾക്കും മർദ്ദനങ്ങൾക്കും എതിരായി സൃഷ്ടിയ്ക്കു കൈയ്യുടക്കാൻ കഴിഞ്ഞ നേട്ടങ്ങൾക്കു ലോകം കടമപ്പെട്ടിരിക്കയാണെന്നതു് ചിന്തിക്കാൻ കഴിയുന്ന ആർക്കാണു് മനസ്സിലാകാത്തതു്? കൂടാതെ ഐക്യനാടുകളെ, അവയെ സ്വതന്ത്രവും മററാർക്കും അടിമപ്പെടാത്തതുമായ ഒരു രാഷ്ട്രമെന്ന പദവിയിലേക്കുയർത്തുന്നതിനും, അവരുടെ ക്ഷേമത്തിനു് നിദാനമാകത്തക്കവണ്ണം അവരുടെ രാഷ്ട്രീയ സമ്പ്രദായത്തെ രൂപപ്പെടുത്തുന്നതിനും ആ പ്രഭവം തന്നെയാണു് കാരണമെന്നു് കാണാവുന്നതാണു്.

എന്നാൽ, പ്രസ്സ് ദോഷകരമാകാം

എൽബ്രിഡ്ജ് ജെറിസ്സ്, 1801

വികാരങ്ങളുടെ സങ്കലനം പ്രസാധകരുടെ താൽപര്യത്തിനു് സഹായകരമല്ല. അവർ, പുരോഹിതവർഗ്ഗത്തെപ്പോലെ തങ്ങൾക്കു ഊതിക്കത്തിക്കാവുന്ന വ്യഗ്രതയേയും, സൃഷ്ടിക്കാവുന്ന വ്യത്യാസങ്ങളേയും ആധാരമാക്കി ജീവിക്കുകയാകുന്നു. രാജ്യകാര്യങ്ങളിലും മതത്തിലും ഉണ്ടാകാവുന്ന വിഭിന്നാഭിപ്രായങ്ങളുടെ സമരമാണു് നാം അവയിൽ താൽപര്യം കാണിക്കാൻ കാരണമാക്കുന്നതു്; നമ്മുടെ വിശപ്പിനു് ആഹാരം നൽകുന്നവർക്കു കൈയ്യയച്ചു ധനസഹായം ചെയ്യാൻ നമ്മെ പ്രേരിപ്പിക്കുന്നതും ... അതുകൊണ്ടു് പ്രസാധകന്മാർ നമ്മെ ഒരിക്കലും പരിപൂർണ്ണമായ വിശ്രമാവസ്ഥയിലും അഭിപ്രായൈക്യത്തിലും വച്ചുകൊണ്ടിരിക്കാറില്ല.

അവർ ഉപയോഗശൂന്യരായിത്തീരും; കലപ്പപിടിക്കാൻ നിർബന്ധിതരായും തീരും.

പിക്കെറററിനു്, 1803

പരിഷ്കൃതമായ ഒരു രാഷ്ട്രംപോലും കണ്ടിട്ടില്ലാത്തതും സഹിച്ചിട്ടില്ലാത്തതുമായ തരത്തിൽ അഭൂതപൂർവമായിട്ടാണു് പത്രങ്ങളുടെ സ്വാതന്ത്ര്യം ഇവിടെ ദുർവിനിയോഗം ചെയ്യപ്പെട്ടിട്ടുള്ളതെന്നതു് തീർച്ചയാണു്. എന്നാൽ പത്രങ്ങളുടെ ആരോഗ്യപ്രദമായ ഉപയോഗത്തേയും അതിൻെറ ദുർവിനിയോഗത്തേയും തമ്മിൽ ഒരു വ്യക്തമായ വരകൊണ്ടു വേർതിരിക്കുക പ്രയാസമാവുകയാൽ, സത്യവും അസത്യവും തരംതിരിച്ചു നോക്കുന്ന ചുമതല മജിസ്ട്രേററിനു് നൽകാതെ പൊതുജനങ്ങളുടെ അഭിപ്രായത്തിൽ വിശ്വാസം അർപ്പിക്കുക എന്നതാണു് സ്വീകാര്യമായ മാർഗ്ഗമെന്നു നാം മനസ്സിലാക്കിയിട്ടുണ്ടു്. കൂടാതെ ഇതുവരെ പൊതുജനാഭിപ്രായം ആ കർത്തവ്യം അത്ഭുതാവഹമാംവണ്ണം കൃത്യമായി നിർവഹിച്ചിട്ടുണ്ടുതാനും.

ജഡ്ജ് റൈറലർക്കു്, 1804

ന്യൂയാർക്ക പബ്ലിക്കു് ലൈബ്രറി മാനുസ്ക്രിപ്റ്റ് III 334,

മനുഷ്യനെ യുക്തികൊണ്ടും സത്യംകൊണ്ടും ഭരിക്കാൻ സാധിക്കുമെന്നുള്ള യാഥാർത്ഥ്യത്തെ, നാം ഇന്നു നടത്തിക്കൊണ്ടിരിക്കുന്ന രസകരങ്ങളായ പരീക്ഷണങ്ങൾ തെളിയിക്കുമെന്നു നാം വിശ്വസിക്കുന്നു. നമ്മുടെ ആദ്യത്തെ ലക്ഷ്യം സത്യത്തിന്റേതായ സകല പന്ഥാക്കളേയും അവനു് വേണ്ടി തുറന്നിട്ടുകൊടുക്കുകയത്രേ. അതിനു് ഏററവും പര്യാപ്തമായി ഇതേവരെ കണ്ടിട്ടുള്ളതു് പ്രസ്സിനുണ്ടായിരിക്കേണ്ട സ്വാതന്ത്ര്യമാണു്. തങ്ങളുടെ പ്രവൎത്തനങ്ങൾ പരിശോധനാവിധേയങ്ങളാകുമെന്നു ഭയപ്പെടുന്നയാളുകൾ, അതുകൊണ്ടു, ആദ്യമായി അടച്ചുവയ്ക്കുന്നതു് അതിനെയാണു്. ഇടക്കാലത്തു പത്രങ്ങൾ നടത്തിയ ദുർവ്യവസായങ്ങളെ ചെറുത്തു നിൽക്കുന്ന കാര്യത്തിൽ ജനങ്ങൾ കാണിച്ച ദൃഢതയും; സത്യവും അസ

ത്യവും തിരിച്ചുകാണുന്നതിനു് അവർ പ്രകടിപ്പിച്ച വിവേചനബുദ്ധിയും ചൂണ്ടിക്കാണിച്ചതു്, ശരിയായതും തെററായതും എല്ലാംതന്നെ അവർ കേൾക്കുന്നതുകൊണ്ടു് തകാരാറൊന്നുമില്ലെന്നും ശരിയായ തീരുമാനമെടുക്കാൻ അവർ കഴിവുള്ളവരാണെന്നുമാകുന്നു. അവരുടെ ഇന്ദ്രിയങ്ങളെ വ്യാമോഹിപ്പിക്കേണ്ടതിൻെറയോ അവരുടെ മനസ്സുകളെ ആഡംബരംകൊണ്ടോ, പ്രതാപംകൊണ്ടോ, ആചാരംകൊണ്ടോ അഞ്ചിപ്പിക്കേണ്ടതിൻെറയോ ആവശ്യം ഒട്ടുംതന്നെ ഇല്ല. ഈ കൃത്രിമത്വത്തിനുപകരം അവരുടെ യുക്തി ഉപയോഗിക്കുന്നതിൽ നിന്നുമുണ്ടാകുന്നതും എല്ലാക്കാര്യങ്ങളും സാധാരണ ബുദ്ധികൊണ്ടു പരിശോധിക്കുക എന്ന ശീലത്തിൽ നിന്നുമുണ്ടാകുന്നതുമായ യഥാൎത്ഥബഹുമതി എത്രയോ തീർച്ചയുള്ള കാര്യമാണു്?

പത്രസ്വാതന്ത്ര്യത്തെ ദുർവിനിയോഗം ചെയ്യുന്നതു ഖേദകരമാണു്; പക്ഷേ സഹിക്കാനുള്ളതുമാണു്.

സെക്കൻഡ് ഇനാഗറൽ മാർച്ചു് 4, 1805

പത്രങ്ങൾ, അവയ്ക്കു സൃഷ്ടിക്കാവുന്ന എന്തെല്ലാം ദുർവൃത്തതകളുണ്ടോ അവയെയെല്ലാം നിറച്ച വൻ തോക്കുകൾ നമ്മുടെ നേരേ ചൂണ്ടുകയുണ്ടായി. സ്വാതന്ത്ര്യത്തിനും ശാസ്ത്രത്തിനും അത്യന്താപേക്ഷിതമായ ഒരു സ്ഥാപനത്തെ ഇങ്ങനെ ദുരുപയോഗപ്പെടുത്തുന്നതു് അത്യന്തം ഖേദകരമാണു്; എന്തുകൊണ്ടെന്നാൽ അതിന്റെ ഉപയോഗം തന്മൂലം ന്യൂനീകരിക്കപ്പെടുന്നു, അതിൻെറ സംരക്ഷണം നാമാവശേഷമാക്കപ്പെടുകയും ചെയ്യുന്നു; അസത്യപ്രഭാഷണത്തിനും അപവാദവ്യവസായത്തിനുമെതിരായി വിവിധ സംസ്ഥാനങ്ങൾ നിയമം മുഖേന വ്യവസ്ഥപ്പെടുത്തിയിട്ടുള്ള ശിക്ഷകൾ മുഖാന്തരമായി അവരെ സൽപന്ഥാവിലേക്കു തീർച്ചയായും നയിക്കാൻ സാദ്ധ്യമായേക്കും; എന്നാൽ ഉദ്യോഗസ്ഥരുടെ സമയം കൂടുതൽ അടിയന്തരമായ കൎത്തവ്യങ്ങൾ നിർവഹിക്കുന്നതിനു് വേണ്ടി വിനിയോഗിക്കേണ്ടിയിരിക്കുന്നതിനാൽ, കുററ

ക്കാരെ, പൊതുജനങ്ങളുടെ രോഷത്തിൻെറ ശിക്ഷയ്ക്കു വിധേയരായിക്കൊള്ളാൻ വേണ്ടി ഒഴിഞ്ഞു വിട്ടുകൊടുത്തിരിക്കുകയാണു്.

സത്യത്തിൻെറ പ്രചാരണത്തിനും സംരക്ഷണത്തിനും, രാഷ്ട്രീയാധികാരം കൂടാതെയുള്ള അഭിപ്രായവിനിമയസ്വാതന്ത്ര്യം മതിയാകുകയില്ലേ, എന്നും സംവിധാനത്തിന്റെ യഥാൎത്ഥതത്ത്വമനുസരിച്ചു ഉത്സാഹത്തോടും ആത്മാൎത്ഥമായും പ്രവൎത്തിക്കുന്ന ഒരു ഗവൺമെൻറു്, അതും ലോകം കാണരുതെന്നു ആഗ്രഹിക്കാത്ത യാതൊന്നും ചെയ്യാത്ത ഗവൺമെൻറു് അസത്യത്തിന്മേലും അപവാദത്തിന്മേലും നിലനില്ക്കുമോ എന്നുമുള്ള പരീക്ഷണങ്ങൾ ന്യായമായും പൂൎണ്ണമായും ചെയ്യുന്നുവോ എന്നുള്ളതു ലോകത്തിനു് താല്പര്യമില്ലാത്ത കാര്യമല്ല. ആ പരീക്ഷണം നടത്തി നോക്കിയതാണു്; ആ രംഗം നിങ്ങൾ ദൎശിച്ചു; നമ്മുടെ സഹപൗരന്മാർ ശാന്തമായും സമാധാനമായും നോക്കിനിന്നു; ഈ അന്യായങ്ങൾ ഉത്ഭവിച്ച ശുദ്ധങ്ങളായ ഉദ്ഗമസ്ഥാനങ്ങളെന്തെന്നു അവർ കണ്ടു, ഉദ്യോഗസ്ഥരുടെ ചുററും അവർ ചേൎന്നുകൂടി, സമ്മതിദാനാധികാരം കൊണ്ടു് തങ്ങളുടെ തീരുമാനമെന്തെന്നു് പറയാൻ ഭരണഘടന ആഹ്വാനം ചെയ്തപ്പോൾ, അവരെ സേവിച്ചയാളുകൾക്കു ബഹുമതിയുണ്ടാകത്തക്കവണ്ണവും, അവരുടെ കാര്യങ്ങളെ സംബന്ധിച്ചുള്ളവയുടെ നിയന്ത്രണം അവരെ ഏൽപിക്കാമെന്നു മനുഷ്യസ്നേഹികളെ വിശ്വസിപ്പിച്ചുകൊണ്ടും അവർ വിധി കല്പിച്ചു.

അസത്യജടിലവും അപകീൎത്തികരവുമായ പ്രസിദ്ധീകരണങ്ങൾക്കെതിരായുള്ള നിയമങ്ങൾ ഊൎജ്ജിതത്തിൽ വരുത്താൻ പാടില്ലെന്ന യാതൊരു അനുമാനവും ഇവിടെ ഉദ്ദേശിച്ചിട്ടില്ല; നിയമത്തിൻെറ ഗുണപ്രദമായ പ്രേരണകൾകൊണ്ടു് ഈ ദുൎവിനിയോഗങ്ങളെ ശരിപ്പെടുത്തുന്നതിനു് സമയമുള്ളവൻ പൊതുസന്മാൎഗ്ഗത്തിനും സമാധാനത്തിനും വലുതായ സേവനമായിരിക്കും ചെയ്യുന്നതു്; എന്നാൽ പരീക്ഷണങ്ങൾ, സത്യവാദികളായ പത്രങ്ങൾക്കു് മററൊരു നിയമനിയന്ത്രണങ്ങളും ആവശ്യമില്ലെന്നു ചൂണ്ടി

ക്കാണിക്കുന്നു; പൊതുജനങ്ങളുടെ തീർപ്പ്, എല്ലാകക്ഷികൾക്കും പറയാനുള്ളതു മുഴുവനും കേട്ടുകൊണ്ടു് അബദ്ധമായ വാദങ്ങളേയും അഭിപ്രായങ്ങളേയും തിരുത്തുന്നതാണു്; ഇതല്ലാതെ വേറെ രേഖകൾകൊണ്ടു് പത്രങ്ങളുടെ അമൂല്യമായ അധികാരത്തേയും അതിൻെറ അസന്മാർഗ്ഗികമായ ദുർവിനിയോഗത്തേയും വേർതിരിച്ചുവരയ്ക്കാവുന്നതല്ല. ഈ തത്വം നിയന്ത്രിക്കാത്തതായി ഇനിയും എന്തെങ്കിലും അനൗചിത്യങ്ങൾ ശേഷിക്കുന്നുവെങ്കിൽ പൊതുജനാഭിപ്രായത്തിൻെറ തെററു തിരുത്തൽ അതിനെ ദഹായിച്ചുകൊള്ളും.

ററി, വോർട്ട്മാനു്, 1813

ഞാൻ ഒരു പത്രത്തിൻെറ പ്രസാധകനായിരുന്നുവെങ്കിൽ, വാർത്തകളെ വൈദേശികം, ഗാർഹികം എന്നൊക്കെ തരം തിരിക്കുന്നതിനു് പകരം താഴെപ്പറയുന്ന ശീർഷകങ്ങളിൽ വേർതിരിക്കുമായിരുന്നു; 1) സത്യമായവ, 2) സംഭാവ്യമായവ, 3) സ്ഥായീകരിക്കപ്പെട്ടിട്ടില്ലാത്തവ, 4) അസത്യമായവ.......ഇന്നു, ഒരു പത്രത്തിൽ കണ്ടു എന്നതിൻെറ അടിസ്ഥാനത്തിൽ ഒരു കാര്യം ശരിയെന്നു പറയുന്നതു നാണക്കേടാണു; ഇന്നു നമ്മുടെ നാട്ടിലെ വർത്തമാനപ്പത്രങ്ങൾ അവയുടെ സത്യദീക്ഷയില്ലായ്മയാൽ, ബോണപ്പാർട്ടു് ഒരുക്കിയ കൈയ്യാമങ്ങളെക്കാൾ, പത്രത്തിൻെറ ഉപയോഗങ്ങളെ നശിപ്പിച്ചുകളഞ്ഞിട്ടുണ്ടു്.

ഡാ. ജെ. കറീസ്സു്, 1786

അതെന്തായാലും പരിഹാരമില്ലാത്ത ഒരു ശാപമാണു്: നമ്മുടെ സ്വാതന്ത്ര്യം പത്രസ്വാതന്ത്ര്യത്തിനെ ആശ്രയിച്ചിരിക്കുന്നു; ആ സ്വാതന്ത്ര്യത്തെ നഷ്ടപ്പെടുത്താതെ പരിമിതപ്പെടുത്താൻ സാദ്ധ്യമല്ല.

# VI ന്യൂനപക്ഷങ്ങൾ: നീഗ്രോകൾ

അടിമസമ്പ്രദായം യജമാനന്മാരിലുണ്ടാക്കുന്ന ദോഷങ്ങൾ

നോട്ട്സ് ഓൺ വർജീനിയാ ക്വെറി 18,

യജമാനനും അടിമയും തമ്മിലുള്ള എല്ലാ ബന്ധങ്ങളും അത്യുൽക്കടമായ വികാരങ്ങളുടെ ഇടമുറിയാത്ത പ്രകടനമാകുന്നു; ഒരു ഭാഗത്തു ഒട്ടും വിട്ടുവീഴ്ചയില്ലാത്ത സ്വേച്ഛാപ്രഭുത്വവും മറുഭാഗത്തു അധഃപതിപ്പിക്കുന്ന കീഴടങ്ങലും, നമ്മുടെ കുഞ്ഞുങ്ങൾ ഇതു കാണുന്നു; അതു അനുകരിക്കാൻ പഠിക്കുകയും ചെയ്യുന്നു, മനുഷ്യൻ അനുകരണശീലമുള്ള ഒരു ജന്തുവാണല്ലോ. ഈ സ്വഭാവവിശേഷമാണ് അവനിലുള്ള ശിക്ഷണത്തിൻെറ ബീജം. അവൻ, തന്റെ തൊട്ടിൽ മുതൽ പട്ടടവരെ അന്യയാളുകൾ ചെയ്യുന്നതുപോലെ ചെയ്യാൻ പഠിക്കുകയാണ്. തൻെറ അടിമയുടെ നേക്കുള്ള അനിയന്ത്രിതമായ വികാരത്തെ കടിഞ്ഞാണിടുന്നതിന്, ഒരു പിതാവ് മനുഷ്യസ്നേഹത്തിൻെറയോ ആത്മസ്നേഹത്തിൻെറയോ പേരിൽ കാരണം കാണുന്നില്ലെങ്കിൽ തൻെറ ശിശുവിലും അതില്ലാതെ വരാൻ തക്കതായ കാരണമുണ്ടു്. എന്നാൽ സാധാരണയായി അതു പര്യാപ്തമായി എന്നു വരികയില്ല, പിതാവ് കോപാക്രാന്തനാകുന്നു; മകൻ നോക്കിനിൽക്കുന്നു, കോപപ്രകടനത്തിന്റെ ഭാവരീതികൾ കാണുന്നു, എന്നിട്ടു ചെറിയ അടിമകളോടു ആ രീതിയിൽ പെരുമാറുന്നു. അങ്ങനെ വളർത്തപ്പെട്ടും പഠിച്ചും, അടിമകളെ പീഡിപ്പിക്കുന്നതിൽ ഇടപഴകിയും വരുന്നവൻെറ വികാരങ്ങളെ ദുഷ്ടുകളയാവുന്നതല്ല. അത്തരം പരിതഃസ്ഥിതികളിൽ വർന്നുവരികയും അതേ സമയം അവന്റെ സ്വഭാവവും സന്മാർഗ്ഗവും ദൂഷിതമാകാതെയുമിരിക്കണമെങ്കിൽ അവൻ ഒരു അസാമാന്യനായിരിക്കണം, പൗരന്മാരിൽ ഒന്നു പകുതിയാളുകളെ മറേറ പകുതിയെ ചവിട്ടിമെതിയ്ക്കാൻ അനുവദിച്ചു് ആദ്യത്തെക്കൂട്ടരെ സ്വേച്ഛാധികാരികളാക്കുകയും രണ്ടാമത്തെക്കൂട്ടരെ ആത്മവീര്യം നശിപ്പിച്ചു ശത്രുക്കളാക്കുകയും

ചെയ്യുന്ന ഭരണധുരന്ധരന്മാരുടെ മേൽ എന്തെന്തു അധിക്ഷേപങ്ങളാണു് കെട്ടിവയ്ക്കാനുള്ളതു്? ഒരു അടിമയ്ക്കു് ലോകത്തിൽ ഒരു രാജ്യമുണ്ടാകാമെങ്കിൽ അതു മററൊരുവനു് വേണ്ടി ജീവിക്കുകയും പണിയെടുക്കുകയും ചെയ്യു. തനിക്കു പ്രകൃതിസഹജമായുള്ള വൈഭവങ്ങളെ പൂട്ടിവച്ചു മനുഷ്യസമുദായത്തിൻെറ ക്ഷേമത്തിനു്വേണ്ടി തൻെറ വ്യക്തിപരമായ കഴിവുകൾ വിനിയോഗിക്കാതെ, അവനും അവനിൽ നിന്നുമുത്ഭവിക്കുന്ന അനന്തരതലമുറകൾക്കും കഷ്ടപ്പാടുകൾ മാത്രം സൃഷ്ടിക്കുന്ന ഒന്നിൽ നിന്നും വിഭിന്നമായതായിരിക്കും.

അവരുടെ ആത്മവീര്യത്തോടൊപ്പം അവരുടെ ഉത്സാഹശീലവും നിർമ്മാർജ്ജനം ചെയ്യപ്പെടുന്നു. ഉഷ്ണകരമായ ശീതോഷ്ണാവസ്ഥയുള്ള രാജ്യത്തിൽ, മററാരുത്തനെക്കൊണ്ടു പണിയെടുപ്പിക്കാൻ കഴിവുള്ള ഒരുത്തനും തന്നിയെ പണിചെയ്യേന്നുവരികയില്ല. ഇതു വളരെ ശരിയാണു്; അടിമകളുടെ ഉടമകളുടെ കൂട്ടത്തിൽ സ്വന്തമായി ജോലി ചെയ്യുന്നതായി വളരെ ചെറിയ ഒരു വിഭാഗത്തെ മാത്രമേ കാണാൻ കഴിയുകയുള്ളു, ഒരു രാഷ്ട്രത്തിൻെറ സ്വാതന്ത്ര്യം ദൈവദത്തമാണെന്ന ദൃഢവിശ്വാസം നീക്കിക്കളഞ്ഞാൽ ആ സ്വാതന്ത്ര്യം സുരക്ഷിതമാകുമോ! അതിനെ, അദ്ദേഹത്തിൻെറ കോപത്തിനു് പാത്രമാകാതെ ധിക്കരിക്കാവുന്നതല്ല. ദൈവം നീതിമാനാണെന്നു ഞാൻ നിരൂപിക്കുമ്പോൾ, അദ്ദേഹത്തിൻെറ നീതി എന്നെന്നേയ്ക്കും നിദ്രാവശഗമായിരിക്കയില്ലെന്നോർക്കുമ്പോൾ ഞാൻ വിറകൊണ്ടുപോകുന്നു.

ഈ ദുരവസ്ഥയെ നീക്കാമെന്ന, പ്രതീക്ഷ

ഡി മ്യൂണിയെർക്കു് 1786

എന്തൊരു അത്ഭുതകരമായ, അജ്ഞേയമായ യന്ത്രമാണു് മനുഷ്യൻ? തൻെറ സ്വാതന്ത്ര്യത്തിൻെറ സംരക്ഷണത്തിനു് വേണ്ടി യാതനകളും ക്ഷാമവും ദണ്ഡനവും ജയിൽ ശിക്ഷയും മരണം തന്നെയും സഹിക്കാൻ കഴിയുന്നവൻ; എന്നിട്ടു അടുത്ത നിമിഷത്തിൽ തൻെറ കഷ്ടതയിൽ തനിക്കു

ഉത്തേജനം നൽകിയ ആ ശക്തിയെ അവഗണിച്ചുകൊണ്ടു് ഏതൊന്നിനെതിരായി അവൻ പടപൊരുതിയോ, അതിനു് യുഗങ്ങളിലൂടെ അനുഭവിച്ച പാരതന്ത്ര്യത്തിൻെറ രൂക്ഷതയിൽ കവിഞ്ഞ വേദന ഓരോ മണിക്കൂറിലും അടിച്ചേൽപ്പിക്കുന്നതരത്തിലുള്ള യാതന സഹജീവികൾക്കുണ്ടാകുക! എന്നാൽ നാം ക്ഷമയോടുകൂടെ, ഈ കഷ്ടപ്പെടുന്ന നമ്മുടെ സഹോദരന്മാരുടെ വിമോചനത്തിനു് സർവ്വശക്തനായ ആ പരാശക്തിയുടെ അനുഗ്രഹത്തിനു്വേണ്ടി കാത്തിരിക്കാം. അവരുടെ കണ്ണുനീരിൻെറ അളവു് പൂർണ്ണമായിക്കഴിയുമ്പോൾ, അവരുടെ ആർത്തനാദം സ്വർഗ്ഗത്തെത്തന്നെ തമോമയമാക്കിക്കഴിയുമ്പോൾ, നീതിമാനായ ദൈവം അവരെ ത്രാണനം ചെയ്യാൻ ഉണരുന്നുണ്ടാവും.

## വിമോചന പരീക്ഷണങ്ങൾ.

ഈ. ബാൻക്രോഫ്ററിനു്. 1719

അടിമത്വത്തിൽ ജീവിച്ചതിന്റെ ഫലമായുണ്ടായ ചില പ്രത്യേകശീലങ്ങൾ സഹജമായിപ്പോയ ആളുകൾക്കു് സ്വാതന്ത്ര്യം നൽകുക, അല്ലെങ്കിൽ അവരെ കൈവിട്ടുകളയുക എന്നിവ കുഞ്ഞുങ്ങളെ ഉപേക്ഷിക്കുന്നതുപോലെയാണു്. വെർജീനിയായിലെ പല ക്വേക്കർമാരും തങ്ങളുടെ അടിമകളെ തങ്ങളുടെ ഭൂമിയിൽ കുടിയാന്മാരായി ഇരുത്തി....... എന്നാൽ....അവരുടെ കൃഷിയെ മുഴുവൻ ജന്മിമാക്കുതന്നെ ആസൂത്രണംചെയ്തു കൊടുക്കേണ്ടിവന്നു; ഓരോ ഋതുവിലേയും കാലാവസ്ഥയ്ക്കു് അനുയോജ്യമായി എന്തൊക്കെയാണു് ചെയ്യേണ്ടതെന്നു് നിർദ്ദേശിക്കേണ്ടതായിവന്നു. എന്നാൽ അതിനേക്കാൾ കൂടുതൽ ഖേദകരമായിരുന്നതു്, അവർ ജോലി ചെയ്യുന്നതിനു് ജന്മിമാക്കു അവരെ ദിവസംതോറും ശ്രദ്ധിക്കേണ്ടതായും, അവരെ അടിക്കേണ്ടതായുംവന്നു എന്നുള്ളതായിരുന്നു. പാരതന്ത്ര്യം ഒരുവനെ ഒരു മോഷ്ടാവാക്കിത്തീർക്കാതെയിരിക്കണമെങ്കിൽ അവൻെറ സാന്മാർഗ്ഗികബോധം അസാധാരണമാംവണ്ണം ശക്തിയുള്ളതായിരിക്കണം. സ്വന്ത

മായി ഭൂമി കൈവശം വയ്ക്കാൻ നിയമം അനുവദിക്കാത്ത ഒരുവന്, സ്വത്തു കൈയ്യൂക്കിൽ അടിയുറച്ചതല്ലെന്നു കരുതാൻ പ്രയാസമുണ്ട്.

ഈ പരീക്ഷണങ്ങളുടെ നിരുത്സാഹപരമായ ഫലങ്ങൾ കണ്ടുവെങ്കിലും ഞാൻ തിരികെ അമേരിക്കയിൽ ചെന്നിട്ടു മറ്റൊന്നു ചെയ്യുവാനാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അവിടെ എത്ര പ്രായമെത്തിയ അടിമകളുണ്ടോ അത്രത്തോളം ജർമ്മൻകാരെ അവിടെ ഇറക്കുമതിചെയ്യാനും അവരേയും അടിമകളേയും അമ്പതു് ഏക്കർവീതം വിസ്തീർണ്ണമുള്ള കൃഷിസ്ഥലങ്ങളിൽ, യൂറോപ്പിലെ മെററായേഴ്സിനെപ്പോലെ ഇടകലത്തി താമസിപ്പിക്കുന്നതാണ്. അവരുടെ കുഞ്ഞുങ്ങളെ മററുള്ളവരെപ്പോലെ സ്വത്തിനേയും ദീർഘദൃഷ്ടിയേയും സംബന്ധിച്ച ശീലങ്ങളുള്ളവരായിത്തീരത്തക്കവണ്ണം വളർത്തുന്നതായിരിക്കും; അവർ നല്ല പൗരന്മാരായിത്തീരുമെന്നുള്ളതിനു് എനിക്കു യാതൊരു സംശയവുമില്ല.

നീഗ്രോകൾ നൈസർഗ്ഗികമായിത്തന്നെ അധഃസ്ഥിതരാണെന്നതു് ശരിയാണോ?

ബാനേക്കറിനു്, 1791

നമ്മുടെ കറുത്തനിറമുള്ളവരായ സഹോദരന്മാർക്കു് പ്രകൃതിദത്തമായുള്ള കഴിവുകൾ മററു നിറമുള്ളവർക്കുള്ള കഴിവുകൾക്കൊപ്പമാണെന്നുള്ളതിനും, ആഫ്രിക്കയിലും അമേരിക്കയിലും ഇന്നവർക്കുള്ള അധഃസ്ഥിതിമാത്രംകൊണ്ടാണു് അവർ അങ്ങനെ കഴിവില്ലാത്തവരാണെന്നു് തോന്നുന്നതെന്നതിനും തെളിവുകാണാൻ എന്നേക്കാൾ ആഗ്രഹിക്കുന്നതായി ആരുമില്ല. കൂടാതെ, ഇന്നത്തെ അവരുടെ ശോച്യാവസ്ഥ മാററുന്നതിനു് അനുവദിക്കുന്ന ശീഘ്രതയിൽ അവരുടെ മനസ്സിൻേറയും ശരീരത്തിൻേറയും അവസ്ഥ മെച്ചമാക്കത്തക്കവിധത്തിലുള്ള ഒരു പദ്ധതി നടപ്പിൽ വരുത്തുന്നതിനു് എന്നേക്കാൾ ആത്മാർത്ഥമായി അഭിവാഞ്ഛിക്കുന്നവ

രായിട്ടാരുമില്ലെന്നു എനിക്കു സത്യസന്ധതയോടെ പറയാൻ കഴിയും.

## V ന്യൂനപക്ഷങ്ങൾ: അമേരിക്കൻ ഇൻഡ്യന്മാർ.

രണ്ടാം ഉൽഘാടനം മാർച്ച് 4, 1805

ഈ രാജ്യങ്ങളിലെ ആദിമനിവാസികളെ, അവരുടെ ചരിത്രം നമ്മിലുളവാക്കുന്ന അനുകമ്പയോടെ ഞാൻ പരിഗണിച്ചിട്ടുണ്ട്. മനുഷ്യൻെറ കഴിവുകളും അവകാശങ്ങളുമുള്ളവരായി, സ്വച്ഛന്ദതയോടും സ്വാതന്ത്ര്യത്തോടുമുള്ള പ്രേമം ഉച്ഛ്വസിക്കുന്നവരായി, തങ്ങളെ ഉപദ്രവിക്കാതെ വിട്ടേച്ചാൽ മതി എന്ന ഒരൊററയാഗ്രഹമൊഴിച്ചു മറെറാന്നുമുണ്ടാക്കാത്ത ഒരു ഭൂഭാഗത്തെ അധിവസിക്കുന്നവരായി, അന്യസ്ഥലങ്ങളിലെ ജനപ്പെരുപ്പം തങ്ങളുടെ പ്രദേശത്തേക്കു പ്രവഹിക്കുന്നതിനെ ചെറുത്തുനിറുത്തുന്നതിന് കഴിവില്ലാതേയും അതിനുള്ള ശീലമില്ലാതേയും ആ പ്രവാഹത്തിൻെറ ശക്തിയിൽപ്പെട്ട് അല്ലെങ്കിൽ അതിനാൽ ഓടിക്കപ്പെട്ട്, വേട്ടയാടി ജീവിക്കാൻ സാദ്ധ്യമല്ലാത്തവണ്ണം ഒരിടുങ്ങിയ സ്ഥലത്ത് ജീവിക്കാൻ നിർബന്ധിതരായിക്കഴിയുന്ന അവരെ കർഷകവൃത്തിയും കരകൗശലങ്ങളും അഭ്യസിപ്പിച്ച്, വ്യവസായങ്ങളിൽ ശ്രദ്ധപതിപ്പിക്കാൻ പ്രോത്സാഹിപ്പിച്ച്, മാനസികവും സാന്മാർഗ്ഗികവുമായ വികസനത്തിനും ശാരീരികമായ സൗഖ്യത്തിനും നിദാനമാകത്തക്കവണ്ണം കാലക്രമത്തിൽ സാമൂഹ്യജീവിതത്തിനു സജ്ജരാക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് അവക്കു നാം കൃഷിചെയ്യുന്നതിനും ഗാർഹികാവശ്യങ്ങൾക്കുമുള്ള ഉപകരണങ്ങൾ ധാരാളമായി നൽകിയിട്ടുണ്ട്; അത്യാവശ്യമായി വേണ്ടകാര്യങ്ങളിൽ വൈഭവം നേടുന്നതിനു് അദ്ധ്യാപകരെ ഏർപ്പെടുത്തിയിട്ടുണ്ട്, നമ്മുടെ കൂട്ടത്തിൽപെട്ട അക്രമികളിൽനിന്നും അവരെ രക്ഷിക്കുന്നതിനു് നിയമത്തിൻ്റെ സംരക്ഷണവും നൽകിയിട്ടുണ്ട്.

എന്നാൽ അവരെ പ്രബുദ്ധരാക്കുന്നതിനുള്ള യത്നത്തിൽ ശക്തിയേറിയ പ്രതിബന്ധങ്ങൾ നേരിടേണ്ടതായിരിക്കുന്നു; അവരുടെ ശീലങ്ങളും, മാനസികമായ പക്ഷപാതങ്ങളും അജ്ഞതയും ദുരഭിമാനവും, മാറിവരുന്ന സ്ഥിതിഗതികളിൽ തങ്ങൾക്കിപ്പോഴുള്ള പ്രാധാന്യം നഷ്ടപ്പെട്ടുപോയേക്കുമെന്നു ഭയപ്പെടുന്ന ചില കൗശലക്കാരായ തല്പരകക്ഷികളുടെ പ്രേരണയും പ്രതിബന്ധങ്ങളായി നില്ക്കുന്നു. ഇവർ, തങ്ങളുടെ പൂർവ്വീകന്മാരുടെ ആചാരങ്ങളെ സംബന്ധിച്ച് പാവനമ്മന്യമായ ഒരു ഭക്തി ജനങ്ങളിൽ സഞ്ജാതമാക്കുന്നു; പൂർവ്വീകന്മാരെന്തൊക്കെ അനുഷ്ഠിച്ചുവന്നിരുന്നുവോ അതൊക്കെ എന്നെന്നേക്കും ചെയ്യപ്പെടേണ്ടതാണെന്നും, യുക്തി ഒരു കപടഗുരുവാണെന്നും അതിൻെറ മാർഗ്ഗത്തിൽക്കൂടെ പോകുന്നതു് അവരുടെ ശാരീരികവും മാനസികവും രാഷ്ട്രീയവുമായ അവസ്ഥയിൽ ആപൽക്കരമായ ഒരു നൂതനപന്ഥാവാണെന്നും, അവരുടെ കർത്തവ്യം തങ്ങളെ സൃഷ്ടികർത്താവു് ഏതു നിലയിൽ സൃഷ്ടിച്ചുവോ ആ നിലയിൽത്തന്നെ കഴിയുകയാണെന്നും, അജ്ഞത സുരക്ഷിതാവസ്ഥയാണെന്നും അറിവ് അപകടകാരിയാണെന്നും — ചുരുക്കത്തിൽ, എന്റെ സുഹൃത്തുക്കളേ, അവരുടെയിടയിൽ സദ്ബുദ്ധിയുടേയും മതഭ്രാന്തിൻെറയും ആഘാതപ്രത്യാഘാതങ്ങൾ കാണപ്പെടുന്നു. പരിവർത്തനങ്ങളെ ഭയപ്പെടുകയും നമ്മുടെ യുക്തിയുടെ ആജ്ഞയ്ക്കു വശംവദരായി യുക്തിബോധത്തിൻെറ മേൽക്കോയ്മയ്ക്കു വിധേയരായി കഴിവുകളെ വികസിപ്പിക്കുന്നതിനു് പകരം അവരുടെ കാര്യങ്ങളെ ഇന്നത്തെനിലയിൽത്തന്നെ; നിറുത്തിക്കൊണ്ടു പോകണമെന്നതിൽ തൽപരരുമായ ചില വിരുദ്ധദാർശിനികന്മാരുണ്ടു്.

ഇൻഡ്യൻസ് സമാധാനപരമായും സൗഹാർദ്ദത്തിലും കഴിയണമെന്നു്

മൻഡാർ നേഷനിലെ ജനങ്ങളോടു്. 1806

എൻെറ സുഹൃത്തുക്കളെ, കുഞ്ഞുങ്ങളെ, മഹാസമുദ്രത്തിൻെറ അക്കരെയുള്ള പുരാതനരാഷ്ട്രങ്ങളുടെ അനന്തര

ഗാമികളാണ് ഞങ്ങളെങ്കിലും, ഞങ്ങളും ഞങ്ങളുടെ പിതാമഹന്മാരും, ഈ രാജ്യത്തിൽനിന്നുമുണ്ടായവരെന്നു തോന്നത്തക്കവണ്ണം ദീർഘകാലമായി ഇവിടെ കഴിഞ്ഞുവരുന്നവരാണ്. ഞങ്ങൾ, ആ സമുദ്രത്തിനക്കരെയുള്ളവരാണെന്നു കരുതുന്നതേയില്ല, നേരെമറിച്ച്, ഇവിടത്തെ ചെമ്പിച്ച സഹോദരങ്ങളോടൊപ്പം ഒരൊററകുടുംബത്തിൽ ഒന്നുചേർന്നവരാകുന്നു.... .... ....

ഞാൻ പറഞ്ഞുകഴിഞ്ഞു, നിങ്ങളും എല്ലാ ചെമ്പിച്ച ആളുകളും എൻെറ കുഞ്ഞുങ്ങളാണെന്ന്; ഒരു കുടുംബാംഗങ്ങൾ എങ്ങനെ അന്യോന്യം സമാധാനപരമായും സൗഹാർദ്ദത്തോടുകൂടിയും കഴിഞ്ഞുകൂടണമോ, അതുപോലെ നിങ്ങളും കഴിയണമെന്നു ഞാൻ ആഗ്രഹിക്കുന്നു, അയൽപക്കക്കാർ പരസ്പരം ദ്രോഹിക്കുന്നതിനു പകരം സഹായിക്കുന്നതു് എത്ര നല്ലതാണ്, അതു മനുഷ്യരെ എത്ര ഭാഗ്യവാന്മാരാക്കും നിങ്ങൾ ഒന്നിനോടൊന്നു പൊരുതുന്നതിൽനിന്നും പിൻതിരിയുമെങ്കിൽ, നിങ്ങൾ മനുഷ്യവർഗ്ഗവുമായി സൗഹാർദ്ദത്തിൽ കഴിയുമെങ്കിൽ നിങ്ങൾക്ക് നിങ്ങളുടേയും കുടുംബങ്ങളുടേയും ആവശ്യത്തിനുള്ള ആഹാരവും വസ്ത്രവുമുണ്ടാക്കുന്നതിലേക്കു സമയം വിനിയോഗിക്കുവാൻ കഴിയുന്നതായിരിക്കും. യുദ്ധം നിങ്ങളുടെ പുരുഷന്മാരെ നശിപ്പിക്കുകയില്ല, ശത്രുക്കളാൽ പിടിക്കപ്പെടാതെയോ കൊല്ലപ്പെടാതെയോ ഹരിക്കപ്പെടാതെയോ നിങ്ങളുടെ സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും നിർഭയമായി നിങ്ങളുടെ കുടിലുകളിൽ കഴിയുവാനും സാധിക്കുന്നതാണ്, നിങ്ങളുടെ ജനസംഖ്യ കുറയുന്നതിനു് പകരം വർദ്ധിക്കും, നിങ്ങൾക്കു സമാധാനമായി, സമൃദ്ധിയിൽ ജീവിക്കുകയും ചെയ്യാം.

ഗവൺമെൻറിൻെറ സഹായവും വിദ്യാഭ്യാസവും ലഭിക്കാൻ

ഷവാനി രാഷ്ട്രത്തിൻെറ തലവന്മാരോട്, 1807.

വെള്ളക്കാർ ഈ നാട്ടിൽ ആദ്യമായി വന്നപ്പോൾ അവർ സംഖ്യയിൽ കുറവും നിങ്ങൾ കൂടുതലുമായിരുന്നു,

ഇപ്പോൾ ഞങ്ങൾ കൂടുതലുണ്ട്, നിങ്ങൾ കുറവും, എന്തു കൊണ്ട്? ഞങ്ങൾ കൃഷിചെയ്യുന്നതിന്റെ ഫലമായി കുഞ്ഞുങ്ങളെ വളർത്താൻ വേണ്ടതുണ്ടാവുന്നു, നിങ്ങൾ ഓരോവർഷവും ചിലകാലത്ത് പട്ടിണിയിലും ദാരിദ്ര്യത്തിലും കിടന്നു അനാരോഗ്യകരമായ സാധനങ്ങൾ ആഹരിക്കുവാൻ നിർബന്ധിതരായി രോഗം പിടിപെട്ടു ചത്തൊടുങ്ങുന്നു. അതു കൊണ്ടാണ് നിങ്ങളുടെ എണ്ണം കുറയുന്നത്.

ഞങ്ങളുടെ ജീവിതരീതിയേയും, മരപ്പണിയേയും ...നുവേലയേയും പററി നിങ്ങളറിയുവാൻ ആഗ്രഹിക്കുന്നു. എന്റെ കുഞ്ഞുങ്ങളെ, നിങ്ങൾക്കു ആ അറിവ് ലഭിക്കുന്നതായിരിക്കും. നിങ്ങൾക്കു നിങ്ങളുടെ ഭാര്യമാരേയും കുഞ്ഞുങ്ങളേയും സംരക്ഷിക്കുന്നതിനും നിങ്ങൾ വർദ്ധിച്ച സുശക്തരായിത്തീരുന്നതിനും ഞങ്ങൾ കഴിയുന്നതൊക്കെ ചെയ്യുന്നുണ്ടാകും. ഞങ്ങൾ നിങ്ങളുടെ ആത്മാർത്ഥതയുള്ള സുഹൃത്തുക്കളും സഹോദരങ്ങളുമാകുന്നു; യുദ്ധത്തിൽ ഞങ്ങളുടേതെന്ന പോലെ നിങ്ങളുടെ ചോര ചൊരിയുന്നതും കാണ്മാൻ ഞങ്ങൾ തയ്യാറില്ലാത്തവരാണ്. അതിനാൽ നിങ്ങൾക്ക് എല്ലാവരുമായി സമാധാനമായി കഴിയാൻ, നിങ്ങളുടെ ഭാര്യമാരും കുഞ്ഞുങ്ങളും ആപത്തും ഭീതിയും കൂടാതെ കഴിയാൻ നോക്കുന്നതിന് ഞങ്ങൾ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. ഒരുവന്റെ ഏററവും വലിയമേന്മ തന്റെ സഹജീവികൾക്കു നന്മ ചെയ്യുകയാണ്; അവരെ നശിപ്പിക്കുകയല്ല,

ഇൻഡ്യൻസ് കർഷകരായി മാറട്ടെ.,

ക്യാപ്ററൻഹെൻഡ്രിക്ക്, ഡിലാവായേഴ്സ്,

മഹിക്കുൺസ് മൺറീസ് എന്നിവർക്കു 1808 (?)

ഞങ്ങളുടെ സംഖ്യ വർദ്ധിക്കുന്നതിനേയും നിങ്ങളുടേതു കുറയുന്നതിനേയും പററി നിങ്ങൾ വരച്ചുകാണിച്ച ചിത്രം സത്യമായുള്ളതാണ്; അതിന്റെ കാരണങ്ങൾ വളരെ വ്യക്തമാണം; അതിന്റെ പരിഹാരം നിങ്ങളിൽത്തന്നെ സ്ഥിതിചെയ്യുന്നു. നിങ്ങൾ മാനുകളേയും പോത്തുകളേയും വേട്ടയാടി ജീവിച്ചിരുന്നു, അവയെയൊക്കെ പട്ടിണ്ണാറൻ

ദിക്കുകളിലേക്കു ആട്ടിപ്പായിക്കപ്പെട്ടിരിക്കുന്നു, നിങ്ങളും അവയെ അനുധാവനംചെയ്തു അങ്ങോട്ടുപോയി. അവ അപൂർവമായതോടെ നിങ്ങൾക്കു ആഹാരം നഷ്ടപ്പെട്ടു. കാട്ടിൽ കിട്ടാവുന്ന വേരുകളും മററു അനാരോഗ്യകരങ്ങളായ സാധനങ്ങളും അല്ലാതെ വേറൊന്നും ലഭിക്കാനില്ല. കുറവായതും അനാരോഗ്യകരവുമായ ഭക്ഷണം നിങ്ങളുടെ കുഞ്ഞുങ്ങളുടെ രോഗത്തിനും മരണത്തിനും കാരണമായിത്തീരുന്നു; അതുകൊണ്ടുനിങ്ങളുടെ ജനസംഖ്യകുറഞ്ഞുപോകുന്നു. കൂടാതെ കൂടെക്കൂടെയുള്ള യുദ്ധങ്ങളും അമിതമായ മദ്യപാനവും നിങ്ങളുടെ സംഖ്യ കുറയ്ക്കുന്നതിൻ സഹായിച്ചിട്ടുണ്ട്.

നേരേമറിച്ചു, വെള്ളക്കാരാണെങ്കിൽ, അവർ ഭൂമിയിൽ കൃഷിചെയ്യുന്നു, മാനുകളേയും പോത്തുകളേയും ഇല്ലായ്മ ചെയ്യുന്നതിൽ കൂടുതലായി കന്നുകാലികളേയും പന്നികളേയും മററു മൃഗങ്ങളേയും വളർത്തുന്നു. എന്നെന്നും ധാരാളം ആഹാരമുള്ളതിനാലും വസ്തുങ്ങളുള്ളതിനാലും നിരവധി ശിശുക്കളെ വളർത്തിയെടുക്കാൻ അവക്കു കഴിയുന്നു; ഇരുപതുവർഷങ്ങളിൽ ജനസംഖ്യ ഇരട്ടിക്കുന്നു: അങ്ങനെ പ്രാക്കൂട്ടങ്ങളെപ്പോലെ അവർ മുന്നോട്ടു പരന്നു കയറുന്നു. ഇനിയും അതു സംഭവിക്കും. ഇന്നു, എന്റെ കുഞ്ഞുങ്ങളെ, ഞങ്ങളുടെ എണ്ണം കുറയ്ക്കുണമെന്നു വിചാരിച്ചാൽ ഞങ്ങൾ കൃഷിയുപേക്ഷിച്ചു മാനുകളേയും പോത്തുകളേയും തേടി നടക്കുകയും എന്നേരവും പടപൊരുതുകയും ചെയ്യും: ഇത്തരം ജീവിതം ഞങ്ങളെ നിങ്ങളോടൊപ്പം ചെറുതാക്കിത്തീർക്കും, നിങ്ങൾക്കു വർദ്ധിക്കണമെന്നു ആഗ്രഹമുണ്ടെങ്കിൽ നിങ്ങൾ മാനുകളേയും പോത്തുകളേയുമുപേക്ഷിച്ചു സമാധാനമായി കൃഷിചെയ്യുക.

അങ്ങനെ സംഖ്യ, ബലമുള്ളതും സ്വശക്തവുമായ ഒരു ജനതയായിത്തീരണമെങ്കിൽ അക്കാര്യം നിങ്ങളെത്തന്നെ ആശ്രയിച്ചിരിക്കുമെന്നു നിങ്ങൾക്കു കാണാം. അതുകൊണ്ടു ഞാൻ നിങ്ങളോട്ട് അപേക്ഷിക്കട്ടെ, നിങ്ങൾക്കു തന്നിരിക്കുന്ന ഭൂമിയെ കൃഷി സ്ഥലമാക്കുക. അതിൻെറ ചുററും വളച്ചുകെട്ടുക. കൃഷിചെയ്യുക, സുഖമായ ഒരു വീടുണ്ടാ

ക്കക, ഒരുവൻ മരിക്കുമ്പോൾ അതു് അവൻെറ ഭാര്യയു ടേയും മക്കളുടേതുമായിത്തീരും. ഭൂമി കൃഷിചെയ്യുന്നതു പോലെ എളുപ്പത്തിൽ പഠിക്കാവുന്ന ഒരുകാര്യമില്ല; നിങ്ങ ളുടെ സ്ത്രീകൾക്കു അതു മനസ്സിലാക്കുവാൻ കഴിയും. ആ കൃത്യം ലഘുതരമാക്കുന്നതിനു് ഞങ്ങൾ നിങ്ങളെ കലപ്പയും മൺ വെട്ടിയും മററുപകരണങ്ങളുമുണ്ടാക്കാൻ പഠിപ്പിക്കാൻ തയ്യാറാണു്. കൃഷിപ്പണി ആണുങ്ങളേറെറടുക്കുമെങ്കിൽ സ്ത്രീകൾക്കു് നൂൽനൂൽക്കാനും തുണിനെയ്യാനും അങ്ങനെ കുടുംബത്തിൻെറ വസ്ത്രത്തിൻെറ ആവശ്യങ്ങൾ പരിഹരി ക്കാനും കഴിയും. അങ്ങനെ നിങ്ങൾക്കും വളരെ കുഞ്ഞുങ്ങളു ണ്ടാകും, ഓരോ ഇരുപതു കൊല്ലംകൊണ്ടു ജനസംഖ്യയിര ട്ടിക്കും, നിങ്ങളുടെ സുഹൃത്തുക്കൾ നിങ്ങൾക്കായിത്തന്ന ഭൂമി കൾ സമൃദ്ധമാവുകയും ചെയ്യും......നിങ്ങൾക്കു വസ്തുക്കളു ണ്ടായിക്കഴിഞ്ഞാൽ നിങ്ങൾക്കു നിയമങ്ങൾ വേണ്ടിവരും. നിങ്ങളുടെ ശരീരത്തേയും വസ്തുവകകളേയും സംരക്ഷിക്കുന്ന തിനും നിങ്ങളുടെ കൂട്ടത്തിൽ കുററങ്ങൾ ചെയ്യുന്നവരെ ശിക്ഷിക്കുന്നതിനും ന്യായാധിപന്മാർ വേണ്ടിവരും. ഞങ്ങ ളുടെ നിയമങ്ങൾ ഈ കാര്യങ്ങൾക്കു നിങ്ങൾക്കും ഉപ യോഗപ്രദമാണെന്നു് മനസ്സിലാക്കും, അതിനു് വിധേയ രായി ജീവിക്കാൻ നിങ്ങൾ കൊതിക്കും. നിങ്ങൾക്കും ഞങ്ങ ൾക്കുമായി ഐക്യമുണ്ടാകും, ഞങ്ങളുടെ സമിതികളിൽ നിങ്ങളും ഭാഗഭാക്കുകളായി, ഒരു ജനതയായി, അമേരിക്കാ ക്കാരായിത്തീരും; വിവാഹബന്ധങ്ങൾ മുഖേന നിങ്ങൾ ഞങ്ങളുമായി ഒന്നുചേരും, നിങ്ങളുടെ രക്തം ഞങ്ങളിൽ ക്കൂടെ ഒഴുകും, അങ്ങനെ ഈ മഹത്തായ ദ്വീപത്തിൽ എങ്ങും നാം നിറഞ്ഞു പരക്കും.

## അദ്ധ്യായം VI

### മതം.

വിശ്വാസം.

ഡാക്ടറർ റഷിനു്.-1800

അവർ (പുരോഹിതവർഗ്ഗം) വിശ്വസിക്കുന്നതു് എ ന്നിൽ നിക്ഷിപ്തമാകുന്ന അധികാരത്തിന്റെ ഏതൊരംശവും

അവതുളെ പദ്ധതിക്കെതിരായി ഉപയോഗിക്കപ്പെട്ടുമെന്നാണ്. അവരുടെ വിശ്വാസം ശരിയാണ്, എന്തെന്നാൽ ഞാൻ ഈശ്വരസന്നിധിയിൽ, മനുഷ്യൻെറ മനസ്സിന്മേലുള്ള എല്ലാത്തരം ദുരാധിപത്യത്തിനുമെതിരായി ശാശ്വതമായ സമരം പ്രഖ്യാപിച്ചിട്ടുണ്ട്. അവർക്കു എന്നിൽനിന്നും ഭയപ്പെട്ടുവാനിത്രമാത്രമേയുള്ളു: അവരുടെ അഭിപ്രായത്തിൽ അതുമതിയാകും താനും.

## I സഹിഷ്ണുത

സഹിഷ്ണുതാതത്ത്വങ്ങൾ

മതത്തെപ്പററിയ കുറിപ്പുകൾ

ഒക്ടോബർ 1776 (?)

സഹിഷ്ണുതയുടെ കർത്തവ്യം എത്രത്തോളമെത്തുന്നു?

1. യാതൊരു മതസഭയും, സഹിഷ്ണുതാപരമായ കർത്തവ്യത്തിൻെറ പേരിൽ അതിൻെറ നിയമങ്ങൾക്കെതിരായി നിർബന്ധമായി തെററുചെയ്യുന്നവരെ അതിനുള്ളിൽ വച്ചുകൊണ്ടിരിക്കേണ്ടതില്ല.

2. ഒരുവൻ മറെറാരു മതവിഭാഗത്തിൽ പെട്ടുന്നവനാണെന്ന കാരണത്താൽ അവൻെറ പൗരജീവിതത്തിൽ വെറുപ്പുകാണിക്കാൻ നമുക്കവകാശമില്ല. എന്തെങ്കിലും ഒരാൾ ശരിയായ മാർഗ്ഗത്തിൽനിന്നും വ്യതിചലിച്ചു പോവുകയാണെങ്കിൽ അതു അവൻെറ സ്വന്തമായ ദുരന്തമാകുന്നു, നിങ്ങളെ അതു ബാധിക്കുന്നില്ല; അതിനാൽ അവന്റെ ഈജീവിതത്തെ സംബന്ധിക്കുന്ന കാര്യങ്ങളിൽ നിങ്ങൾ അവനെ ശിക്ഷിക്കേണ്ടതില്ല; എന്തുകൊണ്ടെന്നാൽ വരാനുള്ളതിൽ അവനൊക്കെ അനുഭവിച്ചുകൊള്ളുമെന്നു നിങ്ങൾ കരുതുന്നു. നേരേമറിച്ചു സുവിശേഷങ്ങളുടെ തത്ത്വമനുസരിച്ച് അവനോടു ധർമ്മവും ദയവും മഹാമനസ്കതയും കാണിക്കുക.

ഓരോ മതവിഭാഗവും സ്വതന്ത്രമാവുകയാൽ ഒന്നിന്നു മറെറാന്നിൻെറ മേൽ അധികാരമുണ്ടാകാൻ പാടില്ല, ന്യായാധിപന്മാർ അങ്ങിനോട്ടുചേർന്നാൽത്തന്നെയും പാടില്ല......

ഉദാഹരണത്തിനു്, ആർമീനിയൻസിൻേറയും കാൺസ്റ്റാൻ റിനോപ്പിളിലെ കൽച്ചിനിസ്റ്റകാരുടേയും സഭകളെയെടുക്കുക, അവയിലോരോന്നിനും മറേറതിൻെറ മേൽ എന്തധികാരമാണുള്ളതു്? കൂടുതൽ മതാനുസാരിയായതിനു് അധികാരമുണ്ടെന്നു പറയുമോ? എല്ലാമതസഭയും മതാനുസാരി തന്നെയാണു്. അന്യരുടെ ദൃഷ്ടിയിൽ അബദ്ധജടിലവും വിശ്വാസവിരുദ്ധവുമാകാമെങ്കിലും.

ഓരോ മനുഷ്യൻേറയും ആത്മാവിനെ സംരക്ഷിക്കാനുള്ളതു് അവൻ തന്നെയാണു്. ആ സംരക്ഷണത്തിൻെറ കാര്യത്തിൽ അവൻ അശ്രദ്ധനാണെങ്കിൽ എന്തു ചെയ്യും? രാജ്യത്തിനു് കൂടുതൽ ബന്ധപ്പെട്ടവയായ അവൻെറ ആരോഗ്യത്തേയും സ്വത്തുക്കളേയും രക്ഷിക്കുന്നകാര്യത്തിൽ അവൻ അശ്രദ്ധകാണിക്കുന്നുവെങ്കിലോ? ഒരുവൻ ദരിദ്രനും രോഗിയുമാകാൻ പാടില്ലെന്നു ഒരു നിയമം ന്യായാധിപന്മാർക്കുണ്ടാക്കാമോ? അന്യരിൽ നിന്നുമുണ്ടാകുന്ന നാശനഷ്ടങ്ങളെ സംബന്ധിച്ചാണു് നിയമങ്ങളുള്ളതു്, അല്ലാതെ നമ്മിൽ നിന്നും തന്നെയുണ്ടാകുന്നവയെ സംബന്ധിച്ചല്ല. ദൈവം തന്നെയും മനുഷ്യനെ അവൻെറ ഇച്ഛയ്ക്കെതിരായി രക്ഷിക്കയില്ല.........

ഒരു മജിസ്ട്രേററിനു് എന്നോടു്, എൻെറ ചരക്കുകളെ ഒരു പൊതുവിപണിയിൽ കൊണ്ടുചെല്ലാൻ നിഷ്കർഷിക്കാം, അവിടെ വച്ചു അവയ്ക്കു എന്തെങ്കിലും ചേതം വന്നാൽ ആ നഷ്ടത്തിനു് അദ്ദേഹം ഉത്തരവാദിയായിരിക്കും, എന്നാൽ സ്വർഗ്ഗരാജ്യത്തെ സംബന്ധിച്ചുണ്ടാകുന്ന നഷ്ടത്തിനു് എന്തുപരിഹാരമാണു് നൽകുക?

മജിസ്ട്രേററിനു് നൽകാനുള്ള നിർദ്ദേശം എനിക്കു കൊടുക്കാതെയിരുന്നു കൂടാ, എന്തെന്നാൽ സ്വർഗ്ഗത്തിലേക്കുള്ള വഴിയേതെന്നു് എന്നേക്കാൾ കൂടുതലായി അദ്ദേഹവുമറിയില്ല, ഞാൻ നേരായമാർഗ്ഗത്തിലൂടെ പോവുകയാണെങ്കിൽ അങ്ങനെയാണു് പോകുന്നതെന്നു പറയുന്നതിനു് താൽപര്യവുമില്ല.

വെർജീനിയായെക്കുറിച്ചുള്ള കുറിപ്പുകൾ

ക്വെറി. 17.

നാമൊരിക്കലും അന്തഃകരണത്തെ സംബന്ധിക്കുന്ന സ്വാതന്ത്ര്യത്തെ ഒന്നിനും വിധേയമാക്കിയിട്ടില്ല, നമ്മുടെ ഈശ്വരനോടു അതിനെ സംബന്ധിച്ചു് നമുക്കു് ഉത്തരവാദിത്വമുണ്ടു്. ഗവൺമെൻറിൻെറ ന്യായമായ അധികാരങ്ങൾ, അന്യർക്കു് ഹാനികരമായ പ്രവർത്തനങ്ങളെ സംബന്ധിച്ചുമാത്രമേ പ്രബലങ്ങളാവുകയുള്ളു. എൻെറ അയൽക്കാരൻ ഇരുപതുദൈവങ്ങളുണ്ടെന്നോ, ദൈവമില്ലെന്നോ പറയുന്നതുമൂലം എനിക്കു ഒരു ദോഷവും ഉണ്ടാകുന്നില്ല. അതെൻെറ പോക്കററടിക്കുകയോ. കാലൊടിക്കുകയോ ചെയ്യുന്നില്ല. ഒരു കോടതിമുമ്പാകെ അവൻ കൊടുക്കുന്ന മൊഴി അക്കാരണത്താൽ സ്വീകാര്യമല്ലെന്നു പറഞ്ഞാൽ, അവഗണിച്ചേക്കുക. അതു് അവൻെറ പേരിലൊരു കളങ്കമായിരിക്കട്ടെ. നിയന്ത്രണം അവനെ കൂടുതൽ ചീത്തയാക്കി ഒരു കാപട്യക്കാരനാക്കിയേക്കും, പക്ഷേ അതൊരിക്കലും അവനെ സത്യസന്ധനാക്കിത്തീർക്കുകയില്ല. അതു അവനെ അവൻെറ അബദ്ധങ്ങളിൽ താച്ചുനിറുത്തിയേക്കും. അവനെ നന്നാക്കുകയില്ല.

തെററുകൾക്കെതിരായി ഏററവും ഫലപ്രദമായി പ്രവർത്തിക്കുന്നവ യുക്തിയും സ്വതന്ത്രമായ അന്വേഷണവുമാകുന്നു. അവയെ അഴിച്ചുവിടുക, നേരല്ലാത്ത മതങ്ങളെ അന്വേഷണത്തിൻെറ ഉരകല്ലിൽ — ന്യായാസനത്തിൽ കൊണ്ടു് ചെന്നു് സത്യമതത്തെ നിലനിറുത്താൻ അവ സഹായിക്കും. അവയാണു് തെററുകളുടെ ശത്രുക്കൾ. റോമൻ ഗവൺമെൻറു് സ്വതന്ത്രചിന്ത അനുവദിച്ചില്ലായിരുന്നുവെങ്കിൽ ക്രിസ്തുമതം ഒരിക്കലും നിലയിൽ വരുമായിരുന്നില്ല. ക്രിസ്തുമതപരിവർത്തനകാലത്തു ചിന്താ സ്വാതന്ത്ര്യം വിനിയോഗിച്ചില്ലായിരുന്നുവെങ്കിൽ ക്രിസ്തുമതത്തിലെ അഴിമതികളെ ദൂരീകരിക്കുവാൻ സാദ്ധ്യമാകുമായിരുന്നില്ല, അതിനെ ഇന്നു

നാം നിയന്ത്രിക്കുകയാണെങ്കിൽ അതിൻെറ ഫലം ഇന്നത്തെ അഴിമതികളെ രക്ഷിക്കുകയും പുതിയവയെ പ്രോത്സാഹിപ്പിക്കുകയുമായിരിക്കും.

നമ്മുടെ ഗവൺമെൻറ് നമുക്കുവേണ്ടി മരുന്നുകളും ആഹാരരീതിയും നിശ്ചയിക്കുകയാണെങ്കിൽ, നമ്മുടെ ആത്മാവ് ഇന്ന് എങ്ങനെയോ അതുപോലെ ദുഃഖമായിരുന്നു ശരീരവും. ഫ്രാൻസിൽ അങ്ങനെ ഒരു കാലത്തു വമനമരുന്നിനെ മരുന്നെന്ന നിലയിലും ഉരുളക്കിഴങ്ങിനെ ഒരാഹാരസാധനമെന്നനിലയിലും നിരോധിച്ചിരുന്നു. പദാർത്ഥശാസ്ത്രതത്വങ്ങൾ ഗവൺമെൻറ് നിശ്ചയിക്കുകയാണെങ്കിൽ അതു അബദ്ധത്തിലാവുകയാണ്. ഭൂമി ഒരു ഗോളമാണെന്നു പ്രഖ്യാപിച്ചതിന് ഗലീലിയോവിനെ മതപീഡനത്തിന് വിധേയനാക്കി: ഗവൺമെൻറ് പറഞ്ഞു അതു ഒരു മരത്താമ്പാളംപോലെ പരന്നതാണെന്ന് അതിനാൽ തൻെറ തെററു സമ്മതിക്കാൻ ഗലിലിയോ നിർബന്ധിതനായി. ഈ തെററ്, കാലക്രമത്തിൽ ശരിയായിത്തീർന്നു, ഭൂമി ഒരു ഗോളമായിത്തീർന്നു; പെക്കാർട്ടേ ഒരു നീർച്ചുഴിയിലെന്നപോലെ അതിൻെറ അച്ചുതണ്ടിൽ അതു ഭ്രമണം ചെയ്തുകൊണ്ടിരിക്കയാണെന്നും പറഞ്ഞു. അദ്ദേഹം ജീവിച്ചിരുന്നകാലത്തെ ഗവൺമെൻറ്, ഈ വക കാര്യങ്ങൾ ഭരണസംബന്ധമായ അധികാരക്ഷേത്രത്തിൽ പെട്ടതല്ലെന്നു കരുതാനുള്ള വിവേകമുള്ളതായിരുന്നു. അല്ലായിരുന്നുവെങ്കിൽ നമ്മളൊക്കെത്തന്നെ ഇന്നു നീർച്ചുഴികളിൽ പെട്ടുപോയേനെ. വാസ്തവത്തിൽ നീർച്ചുഴിയുടെ കാര്യം ഇന്നു പൊളിഞ്ഞുപോവുകയും ന്യൂട്ടൻെറ ആകർഷണസിദ്ധാന്തം ഇന്നു കൂടുതൽ ദൃഢമായി സംസ്ഥാപിതമാവുകയും ചെയ്തിരിക്കുന്നു. അങ്ങനെ വന്നതു് ഗവൺമെൻറിൻെറ ഒരു വിശ്വാസപ്രമാണത്തിൻെറ അടിസ്ഥാനത്തിലല്ല, യുക്തിയുടെ അടിസ്ഥാനത്തിലാണ്. യുക്തിയും പരീക്ഷണങ്ങളും സ്വീകരിച്ചു കഴിയുമ്പോൾ തെററുകൾ പറന്നുപോകും, ഗവൺമെൻറുകളുടെ പിൻതുണവേണ്ടിയിരിക്കുന്നതു് അബദ്ധങ്ങൾക്കാണ്. സത്യത്തിന് തനിയെ തന്നെ നില്ക്കാൻ കഴിയും.

അഭിപ്രായത്തെ നിർബന്ധത്തിനു് വിധേയമാക്കുക: ആരെയാണു് നിങ്ങൾ നിങ്ങളുടെ മതപരീക്ഷകനാക്കുന്നതു? ദുർവികാരങ്ങളാലും സ്വകാര്യവും പൊതുവായതുമായ കാരണങ്ങളാലും നയിക്കപ്പെടുന്ന മനുഷ്യർ തെററുകൾ വരുത്തുന്ന മനുഷ്യർ, അവരെ എന്തിനു് നിർബന്ധത്തിനു് വിധേയരാക്കണം? ഐകരൂപ്യമുണ്ടാക്കുന്നതിനു്. അഭിപ്രായത്തെ സംബന്ധിച്ചിടത്തോളം ഐകരൂപ്യം അഭിലഷണീയമാണോ? മുഖത്തേയും ആകാരത്തേയും സംബന്ധിക്കുന്നതിനേക്കാൾ കൂടുതലല്ലാതെ. അഭിപ്രായവ്യത്യാസം മതകാര്യങ്ങളിൽ പ്രയോജനകരമാണു്. ഓരോ മതവിഭാഗവും മറെറാരോന്നിൻെറയും മേൽ ഒരു സന്മാർഗ്ഗനിരൂപകൻെറ സ്ഥാനം വഹിക്കുന്നു.

ഐകരൂപ്യം എന്നതു് സാധിക്കുന്ന കാര്യമാണോ? ക്രിസ്തുമതത്തിൻെറ ആവിർഭാവത്തിനു് ശേഷം നിരപരാധികളായ എത്രലക്ഷം പുരുഷന്മാരേയും സ്ത്രീകളേയും കുഞ്ഞുങ്ങളേയുമാണു് ചുട്ടുകളയുകയും ദണ്ഡിക്കുകയും തടവിലാക്കുകയും പിഴശിക്ഷയ്ക്കു വിധേയരാക്കുകയും ചെയ്തിട്ടുള്ളതു്; എന്നിട്ടും നാം ഐക്യത്തിലേക്കു ഒരിഞ്ചുപോലും നീങ്ങിയിട്ടില്ല. നിർബന്ധത്തിൻെറ ഫലമെന്തായിരുന്നു? ലോകത്തിലാകമാനം കാപട്യവും അബദ്ധവും താങ്ങിനിറുത്താൻ വേണ്ടി ഒന്നു പകുതിയാളുകളെ വിഡ്ഢികളാക്കുകയും മറേറ പകുതിയെ വഞ്ചകരാക്കുകയും.

ലോകത്തെ ഒരു നൂറുകോടി ജനങ്ങൾ അധിവസിക്കുന്ന എന്നു നമുക്കു സങ്കല്പിക്കാം, ഇവർ വിശ്വസിക്കുന്നതായി വിവിധതരത്തിലുള്ള ആയിരം മതങ്ങളുമുണ്ടു്; നമ്മുടേതു് ഈ ആയിരത്തിലൊന്നു മാത്രമാണു്. ഒരൊററ സത്യം മാത്രമേയുള്ള എങ്കിൽ, ആ സത്യം നമ്മുടേതുമാണെങ്കിൽ, ബാക്കി തൊള്ളായിരത്തിത്തൊണ്ണൂററിയൊൻപതു് വിഭാഗങ്ങളിൽ അലഞ്ഞുതിരിയുന്നവരെ നമ്മുടെ സത്യവിഭാഗത്തിൻെറ നാലുകെട്ടിനുള്ളിൽ ചേർത്തുകൊണ്ടുവരാൻ നാം ആഗ്രഹിക്കേണ്ടതാകുന്നു. അങ്ങനെയൊരു വലിയ ഭൂരിപക്ഷത്തിനെ ബലപ്രയോഗം മുഖേന കൊണ്ടുവരാൻ സാദ്ധ്യമല്ല. യുക്തിയും അനുനയവും മാത്രമാണു് പ്രായോഗിക

മായ ഉപകരണങ്ങൾ. ഇതിനു് മാർഗ്ഗമുണ്ടാക്കേണ്ടതു് സ്വതന്ത്രമായ അന്വേഷണത്തിൽ വ്യാപൃതമായാണു്; നാം തന്നെ അതിൽ വ്യാപൃതമാകാൻ വിസമ്മതിക്കുകയാണെങ്കിൽ അന്യയാളുകൾ അങ്ങനെയാകണമെന്നു നമുക്കു ആവശ്യപ്പെടാവുന്നതല്ല.

എന്നാൽ ഓരോ രാജ്യത്തിലും ഒരു മതം സ്ഥാപിച്ചിട്ടില്ലേ എന്നു ഒരു മതപരീക്ഷകൻ ചോദിക്കുന്നു. ഞാൻ പറയുന്നു, രണ്ടു രാജ്യങ്ങളിൽ ഒന്നു തന്നെ സ്ഥാപിച്ചിട്ടുണ്ട്. ഒരു സ്ഥാപിതമതവുമില്ലാത്ത പെനിസിൽവാനിയായും ന്യൂയോർക്കും വളരെക്കാലമായി നില നിന്നുപോരുന്നു, അവ സീമാതീതമായി പുരോഗമിക്കുകയും ചെയ്യുന്നു. വിവിധതരത്തിലുള്ള മതങ്ങളേയും അവിടെ നേരാംവണ്ണം സംരക്ഷിക്കപ്പെടുന്നു, അവയെല്ലാം നല്ലതും തന്നെ. നാം ചെയ്യുന്നതിനേക്കാൾ കൂടുതലായി മതവിരുദ്ധന്മാരെ അവർ തൂക്കിക്കൊല്ലുന്നില്ല. മതചരിത്രങ്ങളുടെ പേരിൽ അവർ നമ്മേക്കാൾ കൂടുതലായി അസ്വാസ്ഥരായിത്തീരുന്നില്ല. മനോമേറിച്ചു അവരുടെ സൗഹാർദ്ദം അതുല്യമാണു്, അതിന്റെ നിദാനം അവരുടെ അതിരററ സഹിഷ്ണുതയാണു്. മതപരമായ തക്കങ്ങളെ നാമാവശേഷമാക്കുന്നതിനു് അവയെ അവഗണിക്കയാണെന്ന സന്തോഷകരമായ കണ്ടുപിടിത്തം അവർ നടത്തി നമുക്കു ഈ പരീക്ഷണത്തെ ഉപയോഗപ്പെടുത്തിനോക്കാം, അങ്ങനെ നമുക്കു കഴിയുന്ന കാലത്തുതന്നെ ആ ക്രൂരങ്ങളായ നിയമങ്ങളെ ഇല്ലാതാക്കാം,

ഡൂഫീഫിനു് 1814

ഏതേതെല്ലാം പുസ്തകങ്ങൾ വിൽക്കാമെന്നും ഏതേതെല്ലാം വാങ്ങാമെന്നും പറയുന്ന അധികാരമുദ്രപതിക്കുന്ന ഒരു ഗുണദോഷവിവേചകനെ നമുക്കു വേണ്ടമോ? നമ്മുടെ പൗരന്മാർക്കുവേണ്ടി ഇങ്ങനെ മതപരമായ അഭിപ്രായങ്ങളെ വ്യവസ്ഥപ്പെടുത്തുന്നതാരാണു്? നമ്മുടെ പാദങ്ങൾ ആരുടെ കാലിന്റെയളവനുസരിച്ചുവേണം വെട്ടിച്ചെറുതാക്കുകയോ വലിച്ചു നീട്ടുകയോ ചെയ്യേണ്ടതു്? ഗുണദോഷ

വിവേചകനാകേണ്ടതു് ഏതെങ്കിലും പുരോഹിതനാണോ, അതല്ല, നമ്മെപ്പോലെ ശുദ്ധനായ ഒരു സാധാരണക്കാരൻ വേണമോ നാമെന്താണു് വായിക്കേണ്ടതെന്നും വിശ്വസിക്കേണ്ടതെന്നുമുള്ളതിനു് നിയമമുണ്ടാക്കേണ്ടതു്? നമ്മുടെയാളുകൾ യുക്തിയിൽ അധിഷ്ഠിതമായി ചിന്തിക്കുന്നവരാണോ എന്നു ചോദിക്കുന്നതു് അവരുടെ മേലുള്ള ഒരു അവഹേളനമാണു്; മതത്തിനു് സത്യത്തിൻേറയും യുക്തിയുടേയും പരീക്ഷണങ്ങളെ അഭിമുഖീകരിക്കാൻ സാധ്യമല്ല എന്നു സങ്കൽപിക്കുന്നതു് മതത്തിനെ നിന്ദിക്കലാണു്.

1786–ൽ വെർജീനിയായിലെ നിയമസഭ പാസാക്കിയ "മതസ്വാതന്ത്ര്യ സംസ്ഥാപനത്തിനായുള്ള നിയമം."

സർവശക്തനായ ഈശ്വരൻ മനുഷ്യൻേറ മനസ്സിനെ സ്വാതന്ത്ര്യമായാണു് സൃഷ്ടിച്ചതെന്ന പൂർണ്ണബോദ്ധ്യത്തോടെ;

അതിനെ ലൗകികമായ ശിക്ഷകളാലോ പ്രയാസങ്ങളാലോ അയോഗ്യത നൽകിയോ വശംശമാക്കാൻ ശ്രമിക്കുന്നതു് വഞ്ചനാശീലവും നീചത്വവും സഞ്ജാതമാക്കാൻ മാത്രം സഹായിക്കയേയുള്ളുവെന്നതിനാലും, അതു് നമ്മുടെ ശരീരത്തിൻേറയും മനസ്സിൻേറയും നാഥനാണെങ്കിലും, ആ സർവശക്തനു് കഴിവുണ്ടായിരുന്നിട്ടും അവയിലൊന്നിൻേറ മേലും പ്രേരണ ചെലുത്താതെ പ്രചരിപ്പിക്കയാണു് ചെയ്യുവെന്നുള്ളതിനാൽ നമ്മുടെ മതത്തിൻേറ ദിവ്യനായ സ്രഷ്ടാവിന്റെ ഇച്ഛയ്ക്കു വിരുദ്ധമാവുകയാലും,

രാജ്യത്തിൻേറയും മതത്തിൻേറയും നിർമാതൃകരും ഭരണാധികാരികളും; തങ്ങളുടെ അഭിപ്രായങ്ങളും ചിന്താരീതിയും മാത്രമാണു് സത്യമായതെന്നും പിഴയില്ലാത്തതെന്നും ചൂണ്ടിക്കാണിച്ചുകൊണ്ടും അങ്ങനെ അവയെ അന്യരുടെ മേൽ വച്ചുകെട്ടി ലോകത്തിൻേറ ഏതാണ്ടു എല്ലാഭാഗങ്ങളിലും എല്ലാക്കാലത്തും അസത്യമതങ്ങളെ സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്തുകൊണ്ടും, തെററു വരുത്തുന്നവരും അപ്രചോദിതരുമായിരിക്കവേ തന്നെ അന്യരുടെ വിശ്വാസത്തിന്മേൽ മേൽക്കോയ്മ സ്വയമായി ഏറെറടുക്കുകയാലും,

ഒരുവൻ വിശ്വസിക്കാത്ത അഭിപ്രായങ്ങളുടെ പ്രചാരണത്തിനു് വേണ്ടി പണം സംഭാവന ചെയ്യാൻ അവനെ നിർബന്ധിക്കുന്നതു് പാപകരവും സ്വേഛാധികാരപരവുമാകയാലും,

അവൻെറ മതത്തിലെ ഒരു ഗുരുവിനെ അല്ലെങ്കിൽ മറെറാരു ഗുരുവിനെ അനുസരിക്കുവാൻ നിർബന്ധിക്കുന്നതു തന്നെ ഏതൊരാചാര്യൻെറ ആദർശത്തെ താൻ മാതൃകയാക്കാനും കഴിവുകൾ തനിക്കു സദാചാരപ്രചോദനം നൽകുന്നുവെന്നും കരുതുന്നുവോ ആ ആചാര്യനു് സംഭാവന നൽകുന്നതിനുള്ള സുഖകരമായ അധികാരം നിഷേധിക്കുകയാകയാലും, മനുഷ്യവർഗ്ഗത്തിൻെറ ശിക്ഷണത്തിനു് വേണ്ടി ആത്മാർത്ഥമായും വിശ്രമരഹിതമായും സേവനമനുഷ്ഠിക്കുന്നതിനു് കൂടുതലായി ഉത്തേജനം നൽകുന്നതിനു് കാരണമാകുന്ന വ്യക്തിപരമായ സ്വഭാവവിശേഷത്തിൻെറ അംഗീകരണത്തിൻെറ അടിസ്ഥാനത്തിൽ പുരോഹിതവർഗ്ഗത്തിനു് ലഭിക്കേണ്ട ഭൗതികപ്രതിഫലത്തിൻെറ പിൻവലിക്കലാകയാലും,

നമ്മുടെ പൗരാവകാശങ്ങൾക്കു്, നമുക്കു പദാർത്ഥശാസ്ത്രത്തേയോ ക്ഷേത്രഗണിതത്തേയോ സംബന്ധിച്ചുള്ള അഭിപ്രായങ്ങളേക്കാൾ കൂടുതലായി മതസംബന്ധമായ അഭിപ്രായങ്ങൾക്കു വിധേയത്വമില്ലെന്നുള്ളതിനാലും,

ഒരുവൻ ഒന്നല്ലെങ്കിൽ വേറൊരു മതവിശ്വാസം വച്ചുപുലർത്തുകയോ തിരസ്കരിക്കുകയോ ചെയ്യാത്തപക്ഷം ശമ്പളം നിശ്ചയിച്ചിട്ടുള്ള ഔദ്യോഗികസ്ഥാനങ്ങളിലേക്കു നിയമിക്കപ്പെടുവാൻ തക്കവണ്ണം പൊതുവിശ്വാസം അർപ്പിക്കപ്പെടുന്ന കാര്യത്തിൽ അയോഗ്യത ചുമത്തുകയാണെങ്കിൽ അതു ഒരു പൗരനു്, തൻെറ സഹപൗരന്മാരോടൊപ്പം പ്രകൃതിസഹജമായി ലഭിക്കാനുള്ള പ്രത്യേകാവകാശങ്ങളേയും പ്രയോജനങ്ങളേയും നിഷേധിക്കുകയാകയാലും,

അതു ഏതൊരു മതത്തിൻെറ തത്വങ്ങളെ പ്രോത്സാഹിക്കാനായിട്ടുദ്ദേശിച്ചുള്ളതാണോ, അവയെ, ബാഹ്യമായി അനുസരിക്കുകയും ആദരിക്കുകയും ചെയ്യുന്നവർക്കു ലൗകിക

മായ ബഹുമതികളുടേയും ആദായത്തിൻേറയും കുത്തകയുടെ കൈക്കൂലികൊണ്ടു് ദുഷിപ്പിക്കാൻ സഹായിക്കുന്നതിനാലും,

ഈ പ്രലോഭനത്തെ എതിർത്തു നില്ക്കാൻ കഴിയാത്തവർ വാസ്തവത്തിൽ കുററവാളികളാണെങ്കിലും, അവരുടെ മാർഗ്ഗത്തിൽ ഇരയിട്ടുകൊടുക്കുന്നവർ നിരപരാധികളല്ലാത്തതിനാലും,

അഭിപ്രായത്തിൻെറ രംഗത്തിൽ ഒരു ന്യായാധിപൻ തൻെറ അധികാരങ്ങൾ കവിഞ്ഞു പ്രവർത്തിക്കുന്നതും, ആദർശങ്ങൾക്കു ദൂഷിതമായ പ്രവണതകളുണ്ടെന്ന സങ്കല്പത്തിൽ അവയെ ആദരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതിനെ നിയന്ത്രിക്കുന്നതും പ്രസ്തുതപ്രവണതയെപ്പററി തീർപ്പുകല്പിക്കാൻ നിയുക്തനായെന്ന നിലയിൽ അദ്ദേഹം തൻെറ തീരുമാനങ്ങൾക്കു് ആധാരമാക്കി തൻെറ തന്നെ അഭിപ്രായങ്ങളെ സ്വീകരിക്കുന്നതും തൻെറ സ്വന്തം വികാരങ്ങൾക്കു ചേരുന്നതാണോ അല്ലയോ എന്നുനോക്കി അന്യരുടെ വികാരങ്ങളെ അംഗീകരിക്കുകയും കുററപ്പെടുത്തുകയും ചെയ്യുന്നതും മതപരമായ സ്വാതന്ത്ര്യത്തെ ഭഞ്ജിക്കുന്നു എന്ന കാരണത്താൽ ഒരു ആപൽക്കരമായ മിഥ്യാബോധമാവുകയാലും,

രാജ്യത്തിലെ ക്രമസമാധാനങ്ങൾക്കെതിരായ അഭിപ്രായങ്ങൾ ക്രിയാത്മകമായ രൂപം കൊള്ളുമ്പോൾ, ഗവൺമെൻറിൻെറ ന്യായമായ ഉദ്ദേശങ്ങൾക്കുവേണ്ടി അതിൻെറ ഉദ്യോഗസ്ഥന്മാർക്കു ഇടപെടേണ്ട കാലം സമാഗതമായിരിക്കുകയാലും,

ഒടുവിലായി, സത്യം മഹത്തരമായതും, തനിയെ വിട്ടാൽ പുലരുമെന്നുള്ളതുകൊണ്ടും അതു് അബദ്ധത്തിൻെറ ശരിയായതും പര്യാപ്തമായതുമായ പ്രതിയോഗിയാകയാലും ആ മത്സരത്തിൽ, മനുഷ്യൻെറ ഇടപെടൽമൂലം അതിൻെറ നൈസർഗ്ഗികായുധങ്ങളായ സ്വതന്ത്രവാദങ്ങളും ചർച്ചകളും നഷ്ടപ്പെട്ടുപോകാതെയിരിക്കുകയാണെങ്കിൽ, അബദ്ധങ്ങൾ, അവയെ സ്വതന്ത്രമായി നേരിടുകയാണെങ്കിൽ ആപൽക്കരമല്ലാതെ ഒന്നും ഭയപ്പെടാനില്ലെന്നുള്ളതിനാലും, അബദ്ധ

ങ്ങൾ അവയെ സ്വതന്ത്രമായി നേരിട്ടുകയാണെങ്കിൽ അൗപൽക്കരമല്ലാതായിത്തീരുമെന്നുള്ളതിനാലും,

ജനറൽ അസംബ്ലിയാൽ ഇപ്രകാരം നിയമപ്പെടുത്തിക്കൊള്ളുന്നു:

ഒരുവൻ, ഏതെങ്കിലും മതപ്രാൎത്ഥനയിൽ പങ്കെടുക്കുന്നതിനേയും, മതപ്രാധാന്യമുള്ള പ്രദേശത്തോ, മതത്തിൻെറ പുരോഹിതവിഭാഗത്തിൻെറ അടുക്കലോ പോകുന്നതിനേയും അവയെ സംരക്ഷിക്കുന്നതിനേയും നിർബന്ധിക്കുകയോ, അവൻെറ ശരീരത്തേയോ സ്വത്തുക്കളേയോ നിയന്ത്രിക്കുകയോ ഹേമിക്കുകയോ, ബദ്ധപ്പെടുത്തുകയോ, പാടില്ലാത്തതാകുന്നു. അവന്റെ മതപരമായ അഭിപ്രായങ്ങളുടേയോ വിശ്വാസങ്ങളുടേയോ അടിസ്ഥാനത്തിൽ വേറെയേതെങ്കിലും തരത്തിൽ അവനെ ദണ്ഡനവിധേയനാക്കാനും പാടില്ല; എല്ലാവർക്കും മതസംബന്ധങ്ങളായ കാര്യങ്ങളെ സംബന്ധിച്ച അഭിപ്രായങ്ങൾ പുലർത്തുവാനും, വാദംകൊണ്ടു നിലനിറുത്താനും സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതും എന്നാൽ അവയൊന്നുംതന്നെ അവന്റെ പൗരാവകാശങ്ങളെ ഒരു തരത്തിലും കുറയ്ക്കുകയോ, കൂട്ടുകയോ, ബാധിക്കുകയോ ചെയ്യാൻ പാടില്ലാത്തതുമാകുന്നു.

കൂടാതെ, നിയമനിർമ്മാണമെന്ന സാധാരണോദ്ദേശത്തോടുകൂടെ മാത്രം ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ഈ അസംബ്ലിക്കു തുടൎന്നു ഇതേ അധികാരത്തോടുകൂടിത്തന്നെ നിലവിൽ വരുന്ന അസംബ്ലികളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കാനുള്ള അധികാരമില്ലെന്നു നമുക്കു നന്നായറിയാമെങ്കിലും, അതിനാൽ ഈ നിയമത്തെ റദ്ദുചെയ്യുവാൻ പാടില്ലെന്നു പ്രഖ്യാപിക്കുന്നതു് നിയമദൃഷ്ടിയിൽ നിഷ്ഫലമാണെങ്കിലും, ഈ നിയമത്താൽ ഉറപ്പിച്ചു പറയപ്പെടുന്ന അധികാരങ്ങൾ മനുഷ്യവർഗ്ഗത്തിൻെറ പ്രകൃതിദത്തമായ അധികാരങ്ങളാണെന്നും ഇനിമേലിൽ, ഈ നിയമത്തെ റദ്ദുചെയ്തുകൊണ്ടോ, ഇതിൻെറ പ്രവർത്തന പരിധിയെ പരിമിതിപ്പെടുത്തിക്കൊണ്ടോ എന്തെങ്കിലും നിയമം നിർമ്മിക്കുകയാണെങ്കിൽ അതു പ്രകൃതിദത്താധികാരങ്ങളുടെ ഒരു ലംഘനമായിരിക്കുമെന്നു പ്രഖ്യാപനം ചെയ്യാൻ ഞങ്ങൾക്കു

സ്വാതന്ത്ര്യമുള്ളതും അങ്ങനെ പ്രഖ്യാപനം ചെയ്തുകൊള്ളുന്നതുമാകുന്നു.

മതസ്വാതന്ത്ര്യ നിയമത്തിനു് യൂറോപ്പിൻെറ അനുമോദനങ്ങൾ.

വൈത്തിനു്, 1786.

നമ്മുടെ മതസ്വാതന്ത്ര്യനിയമത്തെ അത്യധികമായി പ്രശംസിക്കപ്പെട്ടവരുന്നു. ഈ തലസ്ഥാനത്തുള്ള യൂറോപ്പിലെ വിവിധരാജ്യങ്ങളിലെ പ്രതിപുരുഷന്മാരും പ്രതിനിധികളും തങ്ങളുടെ ഭരണാധികാരികൾക്കു അയച്ചുകൊടുക്കുന്നതിനു് വേണ്ടി എന്നോടു ഇതിൻെറ പകർപ്പുകൾ ആവശ്യപ്പെട്ടിട്ടുണ്ടു്; അതു പൂർണ്ണമായിത്തന്നെ ഇന്നു അച്ചടിക്കപ്പെട്ടുകൊണ്ടിരിക്കുന്ന പല ഗ്രന്ഥങ്ങളിലും ഉൾപ്പെടുത്തുന്നതാണെന്നു മാത്രമല്ല, പുതിയ വിജ്ഞാനകോശത്തിലുമച്ചടിച്ചിട്ടുണ്ടു്. അജ്ഞതയും അന്ധവിശ്വാസവും ദാരിദ്ര്യവും എല്ലാത്തരത്തിലുമുള്ള മാനസികവും ശാരീരികവുമായ പീഡയും സാമാന്യജനങ്ങളിൽ അടിയുറച്ചു് അവയിൽനിന്നും മോചനം പ്രതീക്ഷിക്കാവതല്ലാതെയിരിക്കുന്ന ഈ രാജ്യങ്ങൾക്കു ഇതു സാരമായ ഗുണം ചെയ്യുന്നതായിരിക്കും. യൂറോപ്പിലെ എല്ലാ രാജാക്കന്മാരും, തങ്ങളുടെ പ്രജകളുടെ മനസ്സിനെ ഇന്നത്തെ അന്ധതയിലും വിചികിത്സകളിലും നിന്നും മോചിപ്പിക്കുന്നതിനു് ഇപ്പോൾ എത്ര ശുഷ്കാന്തിയോടെ പ്രവർത്തിക്കാൻ തയ്യാറാവുകയാണെങ്കിൽ ഒരായിരം കൊല്ലംകൊണ്ടു് തന്നെ, നമ്മുടെ സാധാരണ ജനങ്ങൾ ഇന്നു ഉന്നംവച്ചിരിക്കുന്ന ഉന്നതമായ നിലവാരത്തിലെത്തിച്ചേരുന്നു എന്നുവരുന്നതല്ല. നമ്മുടെ ആളുകൾ തങ്ങളുടെ പിതൃവംശവും മററു വംശങ്ങളുമായി വിസ്തീർണ്ണമേറിയ സമുദ്രം മുഖാന്തരം വേർതിരിക്കാതേയും അവരാൽ മലീമസമാക്കാതേയും ഇരുന്നിരുന്നുവെങ്കിൽ നമുക്കു ഇത്ര അനുകൂലമായ സാഹചര്യം ഉണ്ടാകുമായിരുന്നില്ല.

അന്തഃകരണസ്വാതന്ത്ര്യം.

എഡ്വർഡ്ഡൗസിന്‌-1803

ഞാനൊരിക്കലും ഏതെങ്കിലും വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ അസഹിഷ്ണുതയുടെ ബലിപീഠത്തിന്റെ മുൻപിൽ തലകുനിക്കുകയില്ല. അന്യരുടെ മതപരമായ അഭിപ്രായങ്ങളെക്കുറിച്ച് അന്വേഷണം നടത്തണമെന്ന അവകാശവാദത്തെ അനുവദിക്കുകയും ചെയ്യുകയില്ല. നേരേമറിച്ചു, നിങ്ങളും ഞാനും, എല്ലാവരും, അന്തഃകരണസ്വാതന്ത്ര്യത്തെ സംബന്ധിച്ചുള്ള അവകാശത്തെ നിലനിറുത്താൻ, അബദ്ധത്തോടുകൂടിച്ചേർന്നുപോലും ഒരു പൊതുമുന്നണിയുണ്ടാക്കാൻ ബാദ്ധ്യസ്ഥരാകുന്നു, പൊതുജനങ്ങളുടെ അഭിപ്രായങ്ങളെ വ്യാമോഹിപ്പിച്ചു മതാഭിപ്രായങ്ങളിൽ ആധിപത്യം പുലർത്താൻ ശ്രമിക്കുന്നതിൻെറ ഗുരുതരവും ആപൽക്കരവുമായ ഫലങ്ങളെ ഏകാഭിപ്രായത്തോടും ഒത്തൊരുമിച്ചും വെട്ടിമുറിക്കേണ്ടിയിരിക്കുന്നു.

മതവും രാഷ്ട്രവുമായുള്ള വേർതിരിക്കൽ—ജുഗുപ്സാവഹമായ ഒരു കൂട്ടുകെട്ട്.

അററാർണി ജനറൽ ലിങ്കന്‌, 1802

മംഗളപത്രങ്ങൾ വാങ്ങാൻ ഞാൻ വിമുഖനാണ്‌, എന്നാലും അതു തടയാൻ സാധിക്കുന്നില്ല. അവയെ ഉപയോഗപ്രദമാക്കാൻ ഞാൻ സാധാരണ യത്നിക്കാറുണ്ട്, അത്തരം സന്ദർഭങ്ങളിൽ ജനങ്ങളിൽ, അവരുടെ രാഷ്ട്രീയസങ്കല്പങ്ങൾ മുളച്ചുവേരോടുന്നതിലേക്ക് ഗുണകരമായ യാഥാർത്ഥ്യങ്ങളും തത്വങ്ങളും ഞാൻ മറുപടി പ്രസംഗങ്ങളിലൂടെ വിതയ്ക്കാറുണ്ട്. ഇതോടു ചേർത്തയക്കുന്ന ബാപ്ററിസ്ററുകളുടെ മംഗളപത്രത്തിൽ മതവും രാഷ്ട്രവും തമ്മിലുള്ള കൂട്ടുകെട്ടിനെ, ഭരണഘടനയുടെ അടിസ്ഥാനത്തിൽ അപലപിക്കുന്നതിനെ സമ്മതിച്ചു കാണുന്നു. എന്റെ മുൻഗാമികൾ വിശ്വസിച്ചിരുന്നതുപോലെ ഉപവാസത്തിലും നന്ദിപ്രകടനപ്രാർത്ഥനയിലും ഞാൻ വിശ്വസിക്കു

ന്നില്ല എന്നു പറയാൻ, ഏറെനാളായി ആഗ്രഹിച്ചിരുന്ന ഒരു സന്ദർഭം പ്രസ്തുതമംഗളപത്രം എനിക്കു നൽകിയിരിക്കുന്നു ... ന്യൂ ഇംഗ്ലണ്ടിലെ പുരോഹിതവർഗ്ഗത്തെ ഇതു വളരെ കോപിപ്പിക്കുന്നതാണെന്നു് എനിക്കറിയാം; എന്നാൽ മതസ്വാതന്ത്ര്യത്തിനു് വേണ്ടിവാദിക്കുന്ന ഒരുവനു് അവരിൽ നിന്നും ശാന്തിയോ മാപ്പോ പ്രതീക്ഷിക്കാവുന്നതല്ല.

റവ. സാമുവൽ മില്ലറിനു്, 1808.

മതപരമായ സ്ഥാപനങ്ങൾ, അവയുടെ സിദ്ധാന്തങ്ങൾ, ശിക്ഷണം, പ്രവർത്തനം എന്നിവയിൽ ഐക്യനാട്ടുകളിലെ ഗവൺമെൻറു് ഇടപെടുന്നതിൽനിന്നു ഭരണഘടന നിരോധിച്ചിട്ടുണ്ടെന്നു ഞാൻ കരുതുന്നു.... അതിൻെറ പ്രവർത്തനം, ശിക്ഷണം, സിദ്ധാന്തങ്ങൾ എന്നിവയെ നിയന്ത്രിക്കുന്നതിനു് മതം നീതിന്യായാസനങ്ങളെ സമീപിക്കുന്നതു് മതതാൽപര്യത്തിനു് നല്ലതാണെന്നു് എനിക്കു തോന്നുന്നില്ല. ഓരോരുത്തനും അവനവൻെറ യുക്തിയുടെ ആജ്ഞയനുസരിച്ചു പ്രവർത്തിക്കണം, എൻെറമതനുസരിച്ച് ഐക്യനാട്ടുകളിലെ പ്രസിഡൻറിനു് രാജ്യഭരണസംബന്ധമായ അധികാരങ്ങളല്ലാതെ അവിടത്തെ ജനങ്ങളുടെ മതപരമായ ജീവിതം നയിക്കുന്നതിനെ സംബന്ധിച്ചു യാതൊരു അധികാരവും നൽകിയിട്ടില്ല.

ജെ. ഫിഷ്ബാക്കിനു്, 1809

എല്ലാമതങ്ങളും ഒന്നുപോലെ യോജിക്കുന്നവയായ സാന്മാർഗ്ഗികതത്ത്വങ്ങൾ ഏതൊക്കെയാണോ-(കൊലപാതകം, മോഷണം, കൊള്ള, കള്ളസ്സാക്ഷിപറയുക എന്നിവയെ എല്ലാമതങ്ങളും നിരോധിക്കുന്നു) അതൊക്കെ അനുസരിക്കേണ്ടതു് സമൂഹതാൽപര്യത്തിന്നു് ആവശ്യമാണെന്നും; സന്മാർഗ്ഗവുമായി ഒട്ടും ബന്ധപ്പെടാത്തതും മതങ്ങൾക്കു യോജിക്കാൻ കഴിയാത്തവയുമായ തത്ത്വങ്ങളിൽ നാം കൈവയ്ക്കുവാൻ പാടില്ലെന്നും വായനയും ചിന്തയും കാലവും എന്നെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. ഒരുമതത്തിൽ എത്ര നല്ലയാളുകളുണ്ടോ, അത്രയും ആളുകൾ മറു ഓരോ

മതത്തിലുമുണ്ടു്. മനുഷ്യൻെറ മനസ്സിനേയും ശരീരത്തേയും സംബന്ധിച്ചിടത്തോളം ഘടനയിലും പ്രവർത്തനരീതിയിലും എന്നൊക്കെ വിഭിന്നരൂപങ്ങളുണ്ടോ അവയെല്ലാം സ്രഷ്ടാവിൻെറ കരവൈഭവമാണു്, അതിനെതിരായി ഒരു ഏകീകൃതമായ മാനദണ്ഡം നിശ്ചയിക്കുന്നതു് മതപരമായ ഒരു കൃത്യമാകാൻ സാദ്ധ്യമല്ല. സമൂഹത്തിൻെറ നന്മയ്ക്കു് സാന്മാർഗ്ഗികതത്ത്വങ്ങളുടെ ആവരണം ആവശ്യമായിരിക്കയാൽ, അദ്ദേഹം നമ്മുടെ തലച്ചോറിൻെറ വൈഭവം കൊണ്ടു് മായിച്ചുകളയാൻ സാദ്ധ്യമല്ലാത്തവണ്ണം നമ്മുടെ ഹൃദയങ്ങളിൽ ആ തത്ത്വങ്ങളെ പതിഞ്ഞു കാണത്തക്ക വിധം രേഖപ്പെടുത്തുവാൻ ശ്രദ്ധിച്ചിട്ടുണ്ടു്. യേശുവിന്റെ സാന്മാർഗ്ഗികതത്ത്വങ്ങളോടു നമുക്കുള്ള കടമ നാമെല്ലാം സമ്മതിക്കുന്ന കാര്യമാണു്.

സി. ക്ലേയ്ക്കു്, 1815

ഗവൺമെൻറും മതവും അതിൻെറ ശാഖകളേയും ഹിംസയേയും ജനങ്ങളുടെ പ്രയത്നത്തിൻെറ അടിസ്ഥാനത്തിൽ അലസതയെ സ്ഥൂലിപ്പിക്കാനുള്ള മാർഗ്ഗങ്ങളേയും സൃഷ്ടിച്ചിട്ടുണ്ടു്. അതിനു്, ചക്രവർത്തിമാർ, രാജാക്കന്മാർ, രാജകുമാരന്മാർ, പ്രഭുക്കന്മാർ എന്നിങ്ങനേയും മാർപ്പാപ്പാ, കർദ്ദിനാളന്മാർ, അർച്ച് ബിഷപ്പന്മാർ ബിഷപ്പന്മാർ, പുരോഹിതന്മാർ എന്നിങ്ങനേയുമുള്ള ഉച്ചനീചശ്രേണിയുണ്ടു്. ചുരുക്കത്തിൽ നരഭോജികളെ അമേരിക്കയിലെ വനാന്തരങ്ങളിൽ മാത്രമല്ല കാണാൻ കഴിയുക. ജീവിച്ചിരിക്കുന്ന ഓരോരുത്തൻേറയും രക്തത്തിൽ അവർ പുളച്ചുമറിയുകയാണു്.

യഹൂദരോടു സഹിഷ്ണുത കാട്ടുക.

ഡെലാ മോറെറസ്സു്, 1827

മനുഷ്യനു് സ്വയമായി ഭരിക്കാൻ കഴിയുമെന്നും മനമാത്സര്യങ്ങൾക്കുള്ള ഏററവും ഫലവത്തായ മറുമരുന്നു മതസ്വാതന്ത്ര്യമാണെന്നുള്ള മനുഷ്യസമുദായത്തിൻെറ നന്മയ്ക്കു സഹായകമായ രണ്ടു സത്യങ്ങൾ ലോകത്തിനു് തെളിച്ചു കാട്ടിയതു് എൻെറ സ്വന്തം രാജ്യമാണെന്നുള്ളതു് എന്നെ

അത്യധികം സംതൃപ്തമാക്കുന്ന ഒരു കാര്യമാണ്. പ്രത്യേകിച്ച് യഹൂദന്മാർക്കു തങ്ങളുടെ സാമൂഹ്യാവകാശങ്ങൾ നൽകിയതിൽ ഞാൻ സന്തോഷിക്കുന്നു; ഗവൺമെൻറിന്റെ പ്രധാനസ്ഥാനങ്ങളിൽ തങ്ങൾക്കുള്ള സ്ഥാനങ്ങൾ വഹിക്കുന്നതിൻെറ മുന്നോടിയായി ശാസ്ത്രത്തിൻെറ വേദിയിൽ അവർക്കുള്ള സ്ഥാനം ഏറ്റെടുക്കുമെന്നു ഞാനാശിക്കുന്നു.

## II ക്രിസ്തുമതനിരൂപണം

ശുദ്ധസന്മാർഗ്ഗത്തിൻെറ വിപര്യാസം.

എസ്. കെർച്ചവലിന്. 1810

യഹൂദരുടെ മതത്തിൻെറ മഹാനായ പരിഷ്കർത്താവിൻെറ മരണത്തിനു് ശേഷം അദ്ദേഹത്തിൻെറ പ്രത്യേക അനുയായികൾ എന്നു ഭാവിച്ചുനടന്നവർ അദ്ദേഹത്തിന്റെ ധർമ്മമാർഗ്ഗത്തിൽ നിന്നും ഭ്രംശിച്ചുപോവുകയും അവയെ മനുഷ്യസമുദായത്തെ അടിമകളാക്കാനും അങ്ങനെ മതത്തിനും രാജ്യത്തിനുമെതിരായി തങ്ങൾക്കു വൃദ്ധിയുണ്ടാക്കാനും കുറച്ചുകാലം മാത്രമേ വേണ്ടിവന്നുള്ളു; മനുഷ്യനു് അന്നേവരെ ഉപദേശിക്കപ്പെട്ട സാന്മാർഗ്ഗികതത്വങ്ങളിൽ വച്ചു പരിശുദ്ധമായവയെ കൃത്രിമമായ വ്യാഖ്യാനങ്ങളാൽ ദൂഷിതമാക്കി യുക്തിഭംഗം വരുത്തി തങ്ങൾക്കു സമ്പത്തും അധികാരവും കൈയ്യടക്കി വയ്ക്കുവാനുള്ള ഉപായമായി പരിവർത്തനം ചെയ്തു: അവരുടെ ഭക്തിശൂന്യമായ മതവിരുദ്ധാഭിപ്രായങ്ങളെ വിഴുങ്ങാൻ കഴിയാത്ത യുക്തിചിന്തകരായ മനുഷ്യരുടെ തൊണ്ടയിൽ കൂടെ തങ്ങൾക്കു കടന്നുപോകാൻ കഴിയാതെ വന്നപ്പോൾ അവർ മതവിശ്വാസത്തിന്റെ പേരിൽ കോലാഹലങ്ങളുണ്ടാക്കുന്നു-വാസ്തവത്തിൽ അവർ തന്നെയാണ് യേശുവിൻെറ യഥാർത്ഥ ഉപദേശങ്ങളുടെ പുരോഗതിയ്ക്കു് ഏറ്റവും വലിയ വിലങ്ങുതടിയായി നിന്നു അന്തിക്രിസ്തുവായിത്തന്നെ വർത്തിക്കുന്നതു്.

പ്ലേറോവിൻെറ മിസ്റ്റിസിസം.

ആഡംസിന്ന്, 1813

മൂന്ന് എന്നാൽ ഒന്നാണെന്നും, ഒന്നു മൂന്നാണെന്നും എന്നാൽ ആ ഒന്നു മൂന്നല്ലെന്നും ആ മൂന്നും ഒന്നല്ലെന്നുമുള്ള പ്ലേറോവിൻെറ മിസ്റ്റിസത്തിൽ വിശ്വസിക്കുന്നു എന്നു ഭാവിക്കുവാൻ ആത്മാർത്ഥതയുള്ളവന്ന് കഴിയുന്നകാലം കഴിഞ്ഞുപോയിരിക്കുന്നു. എന്നാൽ ഇതാണ് പുരോഹിതന്മാരുടെ കൗശലത്തിനും അധികാരത്തിനും ആദായത്തിനും നിദാനമായതു്. അവരുടെ ക്രിത്രിമമതത്തിൻെറ ചിലന്തിവലകളെ, കൂട്ടതൽ പ്രാണികളെ പിടിക്കാതെ നോക്കാൻ വേണ്ടി തുത്തുകളയുക. അപ്പോൾ നാമെല്ലാവരും ക്വേക്കർമാരെപ്പോലെ ഒരു പുരോഹിതവർഗ്ഗത്തെ കൂടാതെ, സ്വന്തമായി സന്മാർഗ്ഗവിവേചനം ചെയ്തു, അന്തഃകരണത്തിന്റെ അശരീരി അനുസരിച്ചു ജീവിക്കുകയും, ആർക്കും മനസ്സിലാകാത്തതു പറയാതേയും അതിനാൽ അതിൽ വിശ്വസിക്കാതേയും കഴിയുകയും ചെയ്യും.

ഡാക്ടറർ വാട്ടർഹൗസിന്ന് 1815.

യേശുവിൻെറ ശുദ്ധമായ മതത്തെ പുരോഹിതന്മാർ വികലമാക്കി; പ്ലേറോ അറിസ്റ്റോട്ടിൽ മുതലായ മിസ്റ്റിക്കുകളുടെ അർത്ഥമില്ലാത്ത വാക്കുകളിൽ നിന്നും മററും അതിൽ ഒട്ടിച്ചുവച്ച പിരട്ടുവാക്കുകൾ വായിക്കുന്ന ഒരുവനും ഗിരിപ്രഭാഷണം നടത്തിയ അത്യുൽകൃഷ്ടനായ പ്രവാചകൻെറ മേൽ ഇവയൊക്കെ കെട്ടിവയ്ക്കാമെന്നു തോന്നുകയില്ല. എന്നിട്ടും പേരുകൊണ്ടുണ്ടാകാവുന്ന പ്രാധാന്യം മനസ്സിലാക്കി, വെറും പ്ലേറോയുടെ അനുചരന്മാരായവരും യേശുവിന്റെ ശിഷ്യന്മാരല്ലാത്തവരുമായ അവർ ക്രിസ്ത്യാനികൾ എന്ന പേരു ഏറെറടുക്കുകയും ചെയ്തിരിക്കുന്നു.

ദുർഗ്രഹിതത്ത്വങ്ങൾ

കാരിയ്ക്ക്, 181 ൦ ന്യൂയോർക്ക് പബ്ലിക്ക് ലൈബ്രറി

മാനുസ്ക്രിപ്ററാ iv. 409.

സാന്മാർഗ്ഗികതത്ത്വങ്ങളിൽനിന്നും വിരുദ്ധമായി മതതത്ത്വങ്ങളെ സംബന്ധിച്ച്, ലോകാരംഭംമുതൽ ഇന്നേവരെ മനുഷ്യവർഗ്ഗം, തങ്ങൾക്കും മററാളുകൾക്കും, മനുഷ്യൻെറ ബുദ്ധിയ്ക്കുതന്നെ അതീതവുമായ ദുർഗ്രാഹ്യ സങ്കല്പങ്ങളുടെ പേരിൽ പരസ്പരം ശണ്ഠകൂട്ടുകയും യുദ്ധം ചെയ്യുകയും തീവെയ്ക്കുകയും ദേഹോപദ്രവമേല്പിപ്പിക്കുകയും ചെയ്തുവരികയാണു്. ഞാനും ആ രംഗത്തിലേക്കു കടന്നുചെല്ലുകയാണെങ്കിൽ ഞാൻ ഭ്രാന്തന്മാരുടെ സംഖ്യയോടു ഒന്നുകൂടെ ചേർക്കുകയേ ആയിരിക്കുകയുള്ളു.

വിദ്യാഭ്യാസം അന്ധതയെ വിപാടനം ചെയ്യണം.

വാൻഡെയർ കെമ്പിനു്, 18‌?0

യേശുവിൻെറ നിസർഗ്ഗശുദ്ധവും ലളിതവുമായ മതം, അദ്ദേഹം ഉപദേശിക്കുകയും ആചരിക്കുകയും ചെയ്ത രൂപത്തിൽതന്നെ ഒരു കാലത്ത് പുനഃസ്ഥാപിക്കപ്പെട്ടും. അദ്ദേഹത്തിൻെറ മരണം കഴിഞ്ഞയുടൻതന്നെ അതു അത്ഭുതങ്ങളാൽ പൊതിയപ്പെട്ടുകയും, അതിനെ സാധാരണക്കാരന്റെ കണ്ണിൽപെടാതെ അന്നുമുതൽ ഒളിച്ചുവയ്ക്കപ്പെട്ടുകയും ചെയ്തു. ആ ഇരുളിൻെറ കാർമ്മേഘങ്ങളെ തുളച്ചുകീറി അവയെ ചിന്നിച്ചിതറണമെങ്കിൽ വിദ്യാഭ്യാസത്താൽ ബുദ്ധിയെ ശക്തമാക്കണം.

## III യേശുവിൻെറ സ്വഭാവം

അദ്ദേഹത്തിൻെറ വിശിഷ്ടമായ സ്വഭാവം

ഡബ്ലിയൂ ഷോർട്ടീനു്, 1820

അദ്ദേഹത്തിൻെറ (യേശുവിൻെറ) എല്ലാ സിദ്ധാന്ത

ങ്ങളോട്ടും ഞാൻ യോജിക്കുന്നു എന്നു മനസ്സിലാക്കരുതു്; ഞാനൊരു ഭൗതികവാദിയാണു്, അദ്ദേഹം ആദ്ധ്യാത്മികതയുടെ പക്ഷം പിടിക്കുന്നു; അദ്ദേഹം ഉപദേശിക്കുന്നതു് പാപം പൊറുക്കപ്പെടുന്നതിനു ഏററു പറയൽ ഫലപ്രദമാണെന്നാകുന്നു; അതിനു് ഞാൻ നിർദ്ദേശിക്കുന്നതു് സദ്പ്രവൃത്തികൾ ചെയ്യുകയാകുന്നു. അദ്ദേഹത്തിൻെറ സ്വഭാവത്തിൻെറ നിഷ്കാപട്യവും, സാന്മാർഗ്ഗിക സങ്കല്പങ്ങളുടെ പരിശുദ്ധിയും, വിശിഷ്ടതയും, ഉപദേശങ്ങളിലെ വാചാലതയും അവയെ ഉൾക്കൊള്ളുന്ന ഉപാഖ്യാനങ്ങളുടെ സൗന്ദര്യവും ഞാൻ അത്യധികമായി പ്രശംസിക്കുന്നു; ചിലപ്പോഴൊക്കെ അവയിൽ പൗരസ്ത്യമായ അതിശയോക്തി കലർന്നിട്ടുണ്ടാവുമെങ്കിലും. ഒരു പക്ഷേ അന്യർ സമ്മതിക്കുവാൻ തയ്യാറാകാത്ത ആധാരന്യായത്തിൽ അധിഷ്ഠിതമായിരിക്കയില്ല എൻെറ പ്രശംസകൾ. അദ്ദേഹത്തിൻെറ ജീവചരിത്രകർത്താക്കൾ അദ്ദേഹത്തിൻെറതായി പറയപ്പെടുന്ന വചനങ്ങളിലും പ്രഭാഷണങ്ങളിലും, കുശാഗ്രമായ ഭാവനയും ശരിയായ ധർമ്മചിന്തയും അതിസുന്ദരമായ ദയാവായ്പും സ്ഫുരിക്കുന്ന നിരവധി ഭാഗങ്ങൾ ഞാൻ കാണുന്നുണ്ടു്. മററു ചില ഭാഗങ്ങൾ, ഒരാളിൽനിന്നുതന്നെയിതൊക്കെ ഉത്ഭവിക്കുക അസാദ്ധ്യമാണെന്നു തെളിയിക്കത്തക്കവണ്ണം അത്യധികമായ അജ്ഞതയും വിഡ്ഢിത്തങ്ങളും അസത്യങ്ങളും വഞ്ചനയും കാപട്യവും അടങ്ങിയവയുമാകുന്നു. അതുകൊണ്ടു്, സ്വർണ്ണത്തേയും കിട്ടത്തേയും ഞാൻ വേർതിരിക്കുന്നു, ആദ്യം പറഞ്ഞവ അദ്ദേഹത്തിൻെറതായും മററുള്ളവ അദ്ദേഹത്തിൻെറ ശിഷ്യരിൽ ചിലരുടെ മൂഢതയുടേയും മററു ചിലരുടെ കള്ളത്തരത്തിൻെറയും ഫലമായുള്ളതെന്നും കണ്ടു വേർതിരിച്ചു നിറുത്തുന്നു. ഈ വഞ്ചകന്മാരുടേയും ചതിയന്മാരുടേയും കൂട്ടത്തിൽ പാൾ ആയിരുന്നു ഏററവും നീചൻ, അവനാണു് യേശുവിൻെറ ഉപദേശങ്ങളെ ആദ്യമായി ദൂഷിപ്പിച്ചതു്.

അദ്ദേഹത്തിന്റെ മനസ്സും വിശ്വാസവും

ഡബ്ലിയൂ ഷോർട്ടിനു്. 1820;

ഒരു രാഷ്ട്രത്തിലെ അന്ധവിശ്വാസങ്ങളെ ദൂരീകരിക്കുവാൻ ശ്രമിക്കുന്ന ഒരുവന്റെ സ്ഥാനം എന്നെന്നും ആപൽക്കരമായതത്രേ. യേശുവിനു് യുക്തിയുടേയും മതത്തിന്റേയും അപകടം പിടിച്ച അതിർത്തി വരമ്പിലൂടെ നടക്കേണ്ടിയിരുന്നു; ഇടത്തോട്ടോ വലത്തോട്ടോ ഒരു ചുവടുവച്ചുപോയാൽ, അബ്രഹാം, ഐസക്ക്, ജേക്കബ്ബ് എന്നിവരുടെ കുടുംബ പരദേവതയേയും ഇസ്രായേൽക്കാരുടെ ദൈവത്തേയുംപോലെ ക്രൂരരും നിർദ്ദയരുമായ, അന്ധവിശ്വാസികളുടെ പുരോഹിതന്മാരുടെ—ചോരക്കൊതിയന്മാരായ ആ വർഗ്ഗത്തിന്റെ പിടിയിൽ പതിച്ചുപോയേനെ, നിയമത്തിന്റെ വലയ്ക്കുള്ളിൽ അദ്ദേഹത്തെ കുരുക്കിപ്പിടിക്കുന്നതിനു് അവർ കൂടെക്കൂടെ കെണിവെയ്ക്കുമായിരുന്നു. അതുകൊണ്ടു് ഇവയിൽ നിന്നും ഒഴിയുന്നതിനു് അവരുടെ ഉപായങ്ങളായ കള്ള ന്യായങ്ങളും ദുർവ്യാഖ്യാനങ്ങളും മററുമുപയോഗിച്ചതു മനുഷ്യസഹജമാണെന്ന അടിസ്ഥാനത്തിൽ ന്യായീകരിക്കാവുന്നതാണു്, മാനവലോകത്തിന്റെ മുൻപിൽ, താൻ ദൈവപുത്രനാണെന്നു കെട്ടിവെയ്ക്കുവാൻ യേശു ഒരിക്കലുമുദ്ദേശിച്ചിരുന്നില്ലെന്നുള്ളതു് തദ്വിഷയമായ കാര്യങ്ങളിൽ എന്നേക്കാൾ വ്യുൽപത്തിയുള്ളവരുടെ ഗ്രന്ഥങ്ങളിൽനിന്നും ഞാൻ ഗ്രഹിച്ചിട്ടുണ്ടു്, എന്നാൽ, തനിക്കു മുകളിൽനിന്നും പ്രചോദനം ലഭിച്ചിരുന്നു എന്നു ആത്മാർത്ഥമായി അദ്ദേഹം വിശ്വസിച്ചിരുന്നു എന്നുള്ളതു സംഭാവ്യമാകുന്നു. അദ്ദേഹത്തിന്റെ ബാല്യംമുതൽക്കു് അദ്ദേഹത്തിന്റെ മനസ്സിൽ പതിഞ്ഞിരുന്ന യഹൂദമതം തന്നെ ദൈവികമായ പ്രചോദനത്തിന്റെ വിശ്വാസത്തിൽ അടിയുറച്ചതായിരുന്നു. ദൈവത്തിൽനിന്നുമുള്ള പ്രത്യേക വെളിപ്പാടെന്ന രൂപത്തിൽ ഏററവും ക്രമരഹിതമായ ഭാവനയുടെ പുകകളും അവരുടെ മതഗ്രന്ഥത്തിൽ ലിഖിതപ്പെട്ടിരുന്നു.........ഹാർദ്ദവും ശുദ്ധവുമായ ഒരു ഹൃദയത്തിന്റെ ഉത്സാഹത്താൽ വിജൃംഭിതനായി, ആരും

തന്നെ പഠിപ്പിച്ചിട്ടില്ലാത്തതും എന്നാൽ തനിക്ക സ്വായത്ത മായതുമായ വാഗ്വൈഭവത്തിൻെറ മേന്മയെപ്പററി ബോധ വാനായി, തൻെറ പ്രാഗല്ഭ്യത്തിൻെറ സ്ഫുരണങ്ങളെ ഉന്നതമായ ഒരു പ്രചോദനത്തിൻെറ പ്രതീകമെന്ന് അദ്ദേ ഹം എളുപ്പത്തിൽ തെററായി ധരിച്ചുപോയിരിക്കാം. ഈ ധാരണയെ താൻ ഒരു രക്ഷകദേവൻെറ സംരക്ഷണയിലും അനുശാസനയിലുമാണെന്നു് കരുതിയിരുന്ന സോക്രട്ടീസിന്റെ വിശ്വാസത്തിൽ കവിഞ്ഞ ഒന്നായി പരിഗണിക്കേണ്ടതില്ല.

## IV വ്യക്തിപരമായ വിശ്വാസം

"..... എന്നെപ്പററിച്ചിന്തിക്കുകയാണെങ്കിൽ"

ഹോപ്കിൻസണ്ണിനു്. 1789

ഞാനൊരു ഫെഡറലിസ്റ്റല്ല; എന്തുകൊണ്ടെന്നാൽ, എനിക്ക തന്നത്താനെ ചിന്തിക്കുവാൻ കഴിവുള്ള വിഷ യങ്ങളായ മതം, ദർശനം, രാഷ്ട്രമീമാംസ മുതലായവയെ സംബന്ധിച്ച ഏതെങ്കിലും ജനവിഭാഗത്തിൻെറ വിശ്വാസ ങ്ങൾക്ക ഞാനൊരിക്കലും കീഴ്വഴങ്ങിയിട്ടില്ല. അങ്ങനെ യുള്ള പ്രവണത, സ്വാതന്ത്ര്യവും സന്മാർഗ്ഗബോധമുള്ളവനു മായ ഒരു വ്യക്തിയുടെ അന്ത്യമായ അധഃപതനമാകുന്നു. ഒരു കക്ഷിയോടുകൂടാതെ എനിക്ക സ്വർഗ്ഗത്തിൽ പോകാൻ സാധ്യമല്ലെന്നു വന്നാൽ, ഞാൻ അവിടെ പോവുകയേ ഉണ്ടാവുകയില്ല.

ഞാനൊരു യഥാർത്ഥ ക്രിസ്ത്യാനിയാണു്

സി. താംപസണു്. 1816

ഞാനൊരു യഥാർത്ഥ ക്രിസ്ത്യാനിയാകുന്നു, എന്നുവച്ചാൽ യേശുവിൻെറ ഉപദേശങ്ങളെ അനുസരിക്കുന്നവനാകുന്നു— അതു എന്നെ അവിശ്വാസിയെന്നു പറഞ്ഞു ക്രിസ്തുമതത്തി

ൻെറ സ്രഷ്ടാവ് ഒരിക്കലും പറഞ്ഞിട്ടില്ലാത്തവയും പറയാത്തവയുമായ സിദ്ധാന്തങ്ങൾ പറഞ്ഞുകൊണ്ട് തങ്ങളാണ് ക്രിസ്ത്യാനികളെന്നും സുവിശേഷത്തിൻെറ ഉപദേശകരുമെന്നു പറഞ്ഞു നടക്കുന്ന പ്ലോറേറാനിസ്ററുകളിൽനിന്നു എന്നെ വിഭിന്നനാക്കുന്നു. യഹൂദന്മാരുടെ ക്രൂരമായ സന്മാർഗ്ഗശാസ്ത്രത്തിൻേറയും ദൈവതസിദ്ധാന്തത്തിൻേറയും മഹാനായ ആ പരിഷ്കർത്താവ് ഭൂമിയിൽ മടങ്ങിവരികയാണെങ്കിൽ അദ്ദേഹത്തിന് ഒട്ടുംതന്നെ തിരിച്ചറിയാൻ സാദ്ധ്യമല്ലാത്തതരത്തിൽ, അവർകൂടി വിഗ്രഹാരാധികന്മാരുടെ ചില അന്ധവിശ്വാസങ്ങൾ മനുഷ്യന് അജ്ഞേയമായതരത്തിൽ ക്രിസ്തുമതവുമായി കൂട്ടിക്കുഴച്ചുവച്ചിട്ടുള്ളതു കാണാൻ കഴിയും.

"പുരോഹിതരെ ഭയമില്ല"

എച്ച്. ജി. സ്പാഫോർഡിന്, 1816

എനിക്കു പുരോഹിതന്മാരെ ഭയമില്ല; ഒരു നിമിഷനേരത്തേക്കുപോലും എന്നെ വേദനിപ്പിക്കാൻ കഴിയാതെ അവർ തങ്ങളുടെ ആയുധശാലയിലെ ഭക്തിപൂർവമായ പിറുപിറുക്കൽ, കപടമായ മറുഭാഷ, നുണ, ദൂഷ്പ്രവാദം എന്നീ ആയുധങ്ങൾ എൻെറ മേൽ പ്രയോഗിച്ചു നോക്കി, പുരോഹിതവർഗ്ഗത്തിലെ മാർപ്പാമുതൽ പുണ്യവാളൻവരെയുള്ള എല്ലാവരേയും ഞാൻ മനസ്സിലാക്കാൻ യത്നിച്ചിട്ടുണ്ട്; ഞാൻ കണ്ടതു് അവരുടെ സ്വഭാവങ്ങൾക്കു തങ്ങളിൽ, തങ്ങൾക്കു വിധേയരാകുന്നവരെ പാട്ടിലാക്കാൻ തങ്ങൾക്കുള്ള അറിവിൻേറയോ അജ്ഞതയുടേയോ അടിസ്ഥാനത്തിലുള്ള ജാഗ്രതയുടെ കാര്യത്തിലൊഴികെ യാതൊരു വ്യത്യാസവുമില്ലെന്നായിരുന്നു. ന്യൂ ഇംഗ്ലണ്ടിൽ അവർക്കുണ്ടായിരിക്കുന്ന സ്വാധീനം ഭീമമാണ്. അവിടെ ഒരുവൻെറ ബുദ്ധിയും വെറും സാധാരണനില കവിഞ്ഞു വികസിക്കാറില്ല.

KOTTAYAM PUBLIC LIBRARY 15594 KOTTAYAM.

നന്മചെയ്യുക, തിന്മയെ ഒഴിക്കുക.

ഈ. സ്വെഡൻബർഗ്, 1819

ഞാൻ കാൽവിൻെറ അനുയായിയല്ല. എനിക്കു അറിയാൻ കഴിയുന്നേടത്തോളം ഞാൻ മാത്രമായി ഒരു മതവിഭാഗത്തിൽ പെട്ടുന്നവനാണു്. ഞാനൊരു യഹൂദനല്ല, അക്കാരണത്താൽ പിതാക്കന്മാരുടെ പാപങ്ങൾക്കു്, അവരുടെ മൂന്നാമത്തേയും നാലാമത്തേയും തലമുറവരെയുള്ള സന്താനങ്ങളെ ശിക്ഷിക്കുന്ന നീതിമാനായ ദൈവത്തെ സങ്കല്പിച്ചിരിക്കുന്ന അവരുടെ ബ്രഹ്മജ്ഞാനത്തെ ഞാൻ സ്വീകരിക്കുന്നില്ല. ആ മതത്തിന്റെ ദയാലുവും വിശിഷ്ടനുമായ സംശോധകൻ നമ്മോടു പറഞ്ഞിട്ടുള്ളതു് ദൈവം നല്ലവനും പരിപൂർണ്ണനുമാണെന്നല്ലാതെ അദ്ദേഹത്തെ വേറെതരത്തിൽ നിർവചിച്ചിട്ടില്ല. അതിനാൽ വാക്കുകൾക്കോ ആശയങ്ങൾക്കോ അദ്ദേഹത്തെ വിവരിക്കാൻ സാദ്ധ്യമല്ല എന്ന സിദ്ധാന്തം ഞാൻ സ്വീകരിക്കുന്നു. ഈ ഉദാഹരണംകൊണ്ടു് നമുക്കെല്ലാം ഇതിനെ അനിർവചനീയമായി വിടാമെങ്കിൽ നാമെല്ലാം നന്മചെയ്യുന്നവരും തിന്മയെ ഇല്ലാതാക്കുന്നവരുമായവരുടെ മതവിഭാഗത്തിൽപെട്ടുന്നവരായിത്തീരും. അദ്ദേഹത്തിൻെറ ഒരു ഉപദേശവും ഭിന്നതയ്ക്കു വഴിതെളിക്കുന്നില്ല. മനുഷ്യനാൽ ഉപദേശിക്കപ്പെട്ടവയിൽവച്ചു സർവ്വോപരി വിശിഷ്ടവും സാന്മാർഗ്ഗികവുമായതും വ്യത്യാസങ്ങളെ സൃഷ്ടിക്കുന്നതിനു് പകരം ഇല്ലാതാക്കുന്നതുമായ മതത്തെ ഭ്രാന്തന്മാരായ അദ്ധ്യാത്മവാദികളുടെ ദുരാഗ്രഹമാണു് മതവൈരുദ്ധ്യങ്ങളെയുണ്ടാക്കിയിട്ടുള്ളതു്, ഈ വക മതവൈരങ്ങൾക്കു കാരണക്കാർ അദ്ദേഹത്തിൻെറ ലളിതമായ ഉപദേശങ്ങളുടെ തടിയിൻമേൽ തങ്ങളുടെതായ വിതണ്ഡാവാദങ്ങൾ ഒട്ടിച്ചു പിടിപ്പിക്കുന്ന, സ്വയമായി പുരോഹിതന്മാരെന്നു അവകാശപ്പെടുന്ന പുരോഹിതന്മാരാണെന്നു ഞാൻ പറയുന്നു. അദ്ദേഹം ഉപദേശിച്ചിട്ടുള്ള ധർമ്മതത്വങ്ങൾ അനുവദിക്കുന്നതിലും കൂടുതലായി ഞാൻ ചിലപ്പോൾ അവരോടു കോപമുള്ളവനായിത്തീരാറുണ്ടു്.

# അദ്ധ്യായം VII

## വിദേശകാര്യങ്ങൾ

### I യുദ്ധം

മനുഷ്യൻ പ്രകൃത്യാതന്നെ ഒരു കൊലയാളിയെന്നു തോന്നുന്നു.

ആഡംസീനു്. 1822

ഇന്നത്തെ വാർത്തകളിലേക്കു തിരിയുമ്പോൾ യൂറോപ്പിലെ നരഭോജികൾ വീണ്ടും പരസ്പരം തിന്നുവാൻ പോകുകയാണെന്നു തോന്നുന്നു, റഷ്യയും തുർക്കിയും തമ്മിലുള്ള ഒരു യുദ്ധം പരുന്തും പാമ്പും തമ്മിലുള്ള യുദ്ധംപോലെയാണു്. മറേറതിനെ ആരു നശിപ്പിക്കുന്നുവോ അവൻ ലോകത്തിൽ നാശകാരികളുടെ എണ്ണത്തിൽ ഒന്നു കുറയ്ക്കുകയായിരിക്കും ചെയ്യുക. മനുഷ്യൻെറ ഈ സമരാത്മകമായ നേരമ്പോക്കു് അവൻെറ സ്വഭാവത്തിൻെറ നിയമംപോലെയിരിക്കുന്നു; പ്രപഞ്ചത്തിൻെറ പ്രവർത്തനത്തിൽ ജനബാഹുല്യത്തെത്തടയാനുള്ള ഒന്നാണതു്. കോഴിക്കൂട്ടിലെ പൂവൻകോഴികൾ പരസ്പരം കൊല്ലുന്നു, കരടികളും കാളകളും മുട്ടാട്ടുകളും അങ്ങനെതന്നെ. കാട്ടുകുതിര എല്ലാ ആൺകുതിരക്കുട്ടികളേയും കൊന്നുകളയുന്നു; പ്രായാധിക്യം കൊണ്ടോ മറേറാ അതിനെ ബലിഷ്ഠനായ ഒരു കുതിരക്കുട്ടി കൊന്നു, അവൻെറ പെൺകുതിരകളുടെ അന്തഃപുരത്തെ സ്വന്തമാക്കുന്നതുവരെ ഇതു തുടരുന്നു, ക്വേക്കർമാരുടെ രീതി മനുഷ്യസമുദായത്തിനു് എത്ര സന്തോഷകരമാണെന്നു് നമുക്കു തെളിയിക്കാൻ സാധിക്കുന്നതാണു്. ആഹാരം നൽകുന്നവൻെറ ജീവിതം യുദ്ധംചെയ്യുന്നവൻേറതിനേക്കാൾ മെച്ചമായതത്രേ, ലോകത്തിൻെറ ഒരു ഭാഗത്തു ഈ ഭ്രാന്തന്മാർ വരുത്തിക്കൂട്ടുന്ന നാശങ്ങൾ മററു ചിലഭാഗങ്ങൾക്കു നല്ലതു വരുത്തുന്നു എന്നുള്ളതു് ഒരു ചെറിയ ആശ്വാസമാകുന്നു. ഒടുവിൽ പറഞ്ഞതായിത്തീരട്ടെ നമ്മുടെ ജോലി. പശുവിൻെറ കൊമ്പുകളിൽ റഷ്യാക്കാരനും വാലിൽ തുർക്കിക്കാരനും പിടിച്ചുകൊണ്ടിരിക്കവേ നമുക്കു അതിനെ കറക്കാം.

## യൂറോപ്യൻ സിംഹങ്ങളും കടുവാകളും 45594

ഡാ. ബെഞ്ചമീൻ രഷിനു്, 1803

എന്തുഭയങ്കരമായ കാലമാണു് യൂറോപ്പിൽ! സിംഹങ്ങളും വ്യാഘ്റങ്ങളും തമ്മിലുള്ള ഈ യുദ്ധം എത്ര ഗംഭീരമാണു്! സാധാരണ കന്നുകാലികൾ എന്തെന്തു വികാരങ്ങളോടെയാണു് അതുനോക്കി നില്ക്കേണ്ടതു്? തീർച്ചയായും പക്ഷഭേദം കൂടാതെ തന്നെ. പരസ്പരം പടവെട്ടി ഓരോ വിഭാഗത്തിനും കടലിലാകട്ടെ, കരയിലാകട്ടെ ദുരധികാരം കാട്ടാനും ഇല്ലായ്മചെയ്യാനുമുള്ള കഴിവു് നഷ്ടപ്പെട്ടുമെങ്കിൽ, ലോകത്തിനു് സമാധാനം ലഭിക്കുന്നതാണു്.

യൂറോപ്യൻ മൃഗീയതയെ വെറുക്കുക.

കേണൽഡ്വാൻ 1813

പ്രായോഗിക രാഷ്ട്രമീമാംസയെ സംബന്ധിച്ചിടത്തോളം ഞാൻ ക്ഷീണിതനായിത്തീർന്നിരിക്കുന്നു എന്നതു പരമാർത്ഥമാകുന്നു, ആധുനിക കാലത്തേതിനേക്കാൾ പുരാതന കാലത്തെ ചരിത്രം വായിക്കുന്നതു് എനിക്കു കൂടുതൽ സന്തോഷപ്രദമത്രേ. രാഷ്ട്രങ്ങൾ തങ്ങളിലുള്ള ബന്ധത്തെ നിയന്ത്രിക്കുന്ന നിയമത്തിൽ നിന്നുമുള്ള സാന്മാർഗ്ഗികത്വത്തിൻെറ പൂർണ്ണമായ നിഷ്കാസനവും, മാക്കിയവെല്ലിയുടെ കാലത്തെ ഭരണാധികാരികളുടെ നിർദ്ദയവും ഭയചകിതവുമായ കുടിലതന്ത്രങ്ങളുടെ സ്ഥാനത്തു ചാത്താമിൻേറയും ടർഗോട്ടിൻേറയും സദുദ്ദേശത്തോടും വ്യക്തിവൈശിഷ്ട്യത്തോടുംകൂടി നടത്തിവന്ന മാന്യമായ ഭരണത്തിൻെറ കാലം ആഗമിച്ചതിനെ സാഹസികമായ ധൂർത്തിനാലും എല്ലാ സാന്മാർഗ്ഗികതത്വങ്ങളുടേയും അവഗണനയാലും വീണ്ടും തുത്തുകളയാൻ തുടങ്ങുന്നതും എൻെറ ആത്മാവിനെ മരണകരമാംവണ്ണം രോഗാതുരമാക്കുന്നു. ഇതിനെപ്പററി ഞാൻ വെറുപ്പോടെ ചിന്തിക്കുന്നു, എന്നിട്ടു മുൻകാലങ്ങളിലെ ററാർക്കിൻസ്, കാററലീൻസ്, കാലിഗുലാസ് എന്നിവരുടെ ചരിത്രങ്ങൾ ലിവി, സാലസ്റ്റ്, ടാസിററസ് എന്നി

വർ രേഖപ്പെടുത്തിയിട്ടുള്ളതിൽ കൂടി നമുക്കു ലഭിച്ചിട്ടുള്ള ചരിത്രങ്ങളിൽ ഞാൻ രക്ഷപ്രാപിക്കുന്നു. ജാർജ്മാരേയോ നെപ്പോളിയൻമാരേയോ പററിനേരത്തേകൂട്ടി വിധിയെഴുതാൻ സാധിക്കുന്നില്ലല്ലോ എന്ന കാരണത്താൽ നമുക്കു ലഭിക്കാത്ത സാന്ത്വനം ചരിത്രകാരന്മാരുടെ നിരൂപണങ്ങൾ അനന്തരതലമുറയുടെ ദൃഢീകരണത്തിന് പാത്രമായിട്ടുണ്ടെന്നുള്ള ചിന്തനത്തിൽ നിന്നും ലഭിക്കുന്നു.

ഇംഗ്ലണ്ട്, ഫ്രാൻസ് എന്നിവയുടെ അത്യാഗ്രഹം

ജെ. മാറിസ്സ് 1812

ഇംഗ്ലണ്ടിനു് കടലുകളിലും ഫ്രാൻസിനു് കരയിലുമുള്ള അസാധാരണമായ മേധാവിത്വം ലോകത്തിൻെറ ക്ഷേമൈശ്വര്യങ്ങൾക്ക് നാശകരണമാണെന്നു് നാം കരുതുന്നു. അവയുടെ സാന്മാർഗ്ഗിക കർത്തവ്യങ്ങൾ നിർവഹിക്കുന്നതിന് പര്യാപ്തമായി മാത്രം അവ കുറഞ്ഞുകാണാൻ നാം ആഗ്രഹിക്കുകയും ചെയ്യുന്നു. ബോണപ്പാർട്ട് യുദ്ധം ചെയ്യുന്നതു് സമുദ്രങ്ങളെ സംബന്ധിക്കുന്ന സ്വാതന്ത്ര്യത്തിനുവേണ്ടിയാണെന്നും ഗ്രേററ്ബ്രിട്ടൺ യുദ്ധം ചെയ്യുന്നതു് മാനവസമൂഹത്തിൻെറ സ്വാതന്ത്ര്യത്തിനു് വേണ്ടിയാണെന്നും ഞങ്ങൾ വിശ്വസിക്കുന്നില്ല. രണ്ടു കൂട്ടരുടേയും ലക്ഷ്യം ഒന്നുതന്നെയാണു്. അന്യരാഷ്ട്രങ്ങളുടെ അധികാരവും സമ്പത്തും വിഭവങ്ങളും തങ്ങളുടേതാക്കിത്തീർക്കുക എന്നുള്ളതു്.

സമാധാനവും സ്വാതന്ത്ര്യവും ആശിക്കുന്നു.

ആഡംസിനു് 1821

പ്രകാശവും സ്വാതന്ത്ര്യവും ദൃഢമായി മുന്നേറുന്ന എന്ന പ്രതീക്ഷയോടു കൂടെയല്ലാതെ ഞാൻ മരിക്കുന്നതല്ല. ചരിത്രരേഖകളിൽ നിന്നു്, ശതാബ്ദങ്ങളിലൂടെ നീണ്ടുനിന്ന മനുഷ്യമനസ്സിൻെറ ഒരു പൂർണ്ണമായ ഗ്രഹണം നാം കണ്ടിട്ടുണ്ട്. അത്തുതന്നെയും പരിഷ്കൃതമായ ലോകത്തിലെ രാ

ജ്യങ്ങളേയും ഗവൺമെൻറുകളേയും വടക്കൻ അപരിഷ്കൃതവർഗ്ഗക്കാർ കൂട്ടം കൂട്ടമായിവന്നു യുദ്ധംചെയ്തു കീഴടക്കിയതുമായിരുന്നു. ഇങ്ങനെ ഒരുദ്യമം വീണ്ടുമുണ്ടാവുകയാണെങ്കിൽ, അതേ വടക്കൻ വർഗ്ഗക്കാർ, തെക്കൻ പ്രദേശങ്ങളിലെ ധാന്യം, വീഞ്ഞു എണ്ണ എന്നിവയാൽ ആകർഷിക്കപ്പെട്ട്, ഇവയുണ്ടാകുന്ന പ്രദേശങ്ങളിൽ അവരുടെ ആളുകളെ അധിവസിപ്പിക്കുകയാണെങ്കിൽ അച്ചടി എന്ന കല മാത്രം മതി പുസ്തകങ്ങളുടെ ഭീമമായ പ്രചാരത്തോടൊത്തു പരാജിതരെ നേതാക്കളുടെ മാനസികമായ നിലവാരത്തിലെത്തിക്കുന്നതിനു് പകരം, ജേതാക്കളെ പരാജിതരുടെ മാനസിക നിലവാരത്തിലേക്കുയർത്തുവാൻ. യൂറോപ്പിലെ ശാസ്ത്രത്തേയും, സ്വാതന്ത്ര്യത്തേയും, കിരാതത്വത്തിൻേറയും നിഷ്ഠുരതയുടേയും കാർമ്മേഘങ്ങൾ വീണ്ടും മൂടിക്കളയുന്നുവെങ്കിൽ, അവർക്കു പ്രകാശവും സ്വാതന്ത്ര്യവും വീണ്ടെടുത്തുകൊടുക്കാൻ ഈ രാജ്യം തയ്യാറാണു്. ചുരുക്കത്തിൽ, 1776 ജൂലൈ 4-ാംനു കൊളുത്തപ്പെട്ട ദീപനാളങ്ങൾ ദുഷ്പ്രഭുത്വത്തിൻെറ ദുർബലോപകരണങ്ങളാൽ കെടുത്തിക്കളയാൻ സാദ്ധ്യമല്ലാത്തവിധത്തിൽ ഭൂഗോളത്തിലതോണ്ടു് എല്ലായിടത്തും പടർന്നു കഴിഞ്ഞിരിക്കുന്നു. മാത്രമല്ല, അവ, ആ ഉപകരണങ്ങളേയും അതു പ്രവർത്തിപ്പിക്കുന്നവരേയും ദഹിപ്പിച്ചുകളയുകയും ചെയ്യും.

## II കൂട്ടുകെട്ടുകളില്ല

സമുദ്രങ്ങളെയുപേക്ഷിച്ചു് യുദ്ധരതിൽനിന്നും രക്ഷനേടുക.

നോട്സ് ഓൺ വെർജിനിയ ക്വെറി 22

രാഷ്ട്രങ്ങളെ യുദ്ധത്തിനു് പോകുവാൻ പ്രേരിപ്പിക്കുന്നതിനു്, അവരുടെ താൽപര്യങ്ങൾക്കു അതു് ആവശ്യമാണെന്നു് കാണിക്കുന്നതിനു് ഉപയോഗിക്കുന്ന കള്ളക്കണക്കുകൾ വേറൊരുവിഷയത്തിലും ഉപയോഗിച്ചു കണ്ടിട്ടില്ല. ദീർഘമായ ഒരു സമരത്തിൻെറ അന്ത്യത്തിൽ ഒരു ചെറിയ പട്ട

ണമോ ചെറിയൊരു ഭൂപ്രദേശമോ, മരംവെട്ടുന്നതിനോ മീൻപിടിക്കുന്നതിനോ ഉള്ള അവകാശമോ നേടുന്നതിന് വേണ്ടി ചെലവാക്കേണ്ടിവരുന്ന ധനം അവർക്കു മുൻപേ തന്നെ കൈവശമുള്ള ഭൂമിയിൽ റോഡുകളും, തോടുകളും തുറമുഖങ്ങളുമുണ്ടാക്കാനും കലകൾ വികസിപ്പിക്കാനും തൊഴിലില്ലാത്ത പാവങ്ങൾക്കു ജോലി നൽകുന്നതിനും വിനിയോഗിച്ചിരുന്നുവെങ്കിൽ അവർ കൂടുതൽ ശക്തരും ധനികരും സന്തോഷമുള്ളവരുമായിത്തീരുമായിരുന്നു. ഇതു് നമ്മുടെ വിവേകമായിത്തീരുമെന്നു ഞാനാശിക്കുന്നു.

കൂടാതെ, യുദ്ധമുണ്ടാകുന്നതിനുള്ള സന്ദർഭങ്ങൾ കഴിയുന്നിടത്തോളം ദൂരീകരിക്കുന്നതിന് സമുദ്രങ്ങളെ പരിപൂർണ്ണമായും ഉപേക്ഷിച്ചുകളയുന്നതു നന്നായിരിക്കും. അന്യരാജ്യങ്ങളുമായി പ്രധാനമായും സംഘട്ടത്തിനിടയാക്കുന്ന മേഖലയതാണല്ലോ, നമുക്കു ആവശ്യമായതു് അന്യയാളുകൾക്കു കൊണ്ടുവരാം, അധികമുള്ളതു അവർക്കു കൊണ്ടുപോവുകയും ചെയ്യാം. യൂറോപ്പിനെ സംബന്ധിച്ചിടത്തോളം ഇതു നമ്മെ അജയ്യമാക്കിത്തീർക്കും, യുദ്ധച്ചേതത്തിന് പരിഹാരമെന്ന നിലയിൽ നമുക്കൊന്നും നൽകേണ്ടിവരില്ലാ നമ്മുടെ പൗരന്മാർക്കെല്ലാം തന്നെ കർഷകവൃത്തിയിലേർപ്പെടുകയും ചെയ്യാം, ഞാൻ വീണ്ടും ആവർത്തിക്കുന്നു, ഭൂമിയിൽ കൃഷി ചെയ്യുന്നവരാണ് ഏറ്റവും സദ്ഗുണസമ്പന്നരും അനാശ്രിതരുമായ പൗരന്മാർ, കരയിൽ അവർക്കെല്ലാം ജോലി ലഭിക്കുന്നില്ല എന്ന ഒരു കാലം വാങ്ങാൻ കടൽജോലിയന്വേഷിക്കേണ്ടതായി വന്നേക്കാം. എന്നാൽ നമ്മുടെ നാട്ടുകാരുടെ യഥാർത്ഥത്തിലുള്ള ശീലം വാണിജ്യത്തിലേർപ്പെടുന്നതാണ്. അവർ തങ്ങൾക്കുവേണ്ടിത്തന്നെ അതു ചെയ്യുന്നു. ചിലകാലങ്ങളിൽ യുദ്ധം വിധികല്പിതമാകാം, ബുദ്ധിയുള്ളവർ ചെയ്യേണ്ടതു്, നമ്മുടെ സ്വന്തം വിഡ്ഢിത്തവും അന്യായപ്രവൃത്തികളും കൊണ്ടുണ്ടാകുന്ന യുദ്ധകാരണങ്ങളിൽ പകുതി ഒഴിവാക്കുകയും മറേറപകുതിക്കു് വേണ്ടി നമ്മാൽ കഴിയുന്ന സന്നാഹങ്ങളൊക്കെ ഒരുക്കുകയുമാക്കുന്നു.

പെഷഡിൽറെണ്ണിനു്, 1799

നമ്മുടെ നാവികരായ സഹപൗരന്മാർ അവയുടെ മൂലധനം നമ്മുടെ രാജ്യത്തിനകത്തുള്ള വാണിജ്യത്തിനു് മുടക്കി, വിദേശികളെ അതിൽ നിന്നും ഒഴിവാക്കി. അതിനുപകരം അവർക്കു കടൽകച്ചവടം വിട്ടുകൊടുത്തും പ്രതിപുരുഷാലയങ്ങളെ നിർത്തലാക്കി. ഒരൊററ സായുധനൗകയേയും നമ്മുടെ തുറമുഖങ്ങളിലടുക്കാൻ അനുവദിക്കാതെയിരുന്നാൽ അതു് എന്തൊരു മഹത്തായ പരിവർത്തനമായിരിക്കും!

നിഷ്പക്ഷതയുടെ പദ്ധതി.

ഈറെ്ലെഡ്ജിനു്, 1797

നിഷ്പക്ഷരാഷ്ട്രങ്ങൾ നമ്മെപ്പററി എന്തുകരുതുന്നുവെന്നു് എനിക്കറിഞ്ഞുകൂടാ; ആക്രമണകാരികളെ സംബന്ധിച്ചിടത്തോളം നാം താഴ്ന്നവരാണു്. അവരുടെ തൊഴികളും ഇടികളും അവരുടെ പൂഹരത്തെക്കാണിക്കുന്നു, ഇപ്പോഴത്തെ കൊട്ടങ്കാററിനെ നമുക്കു ശാന്തമാക്കാൻ കഴിഞ്ഞാൽ, അങ്ങനെയുണ്ടാകുന്ന സമാധാനപരമായ അന്തരീക്ഷത്തിൽ നമുക്കു നമ്മുടെ വൈദേശിക ബന്ധങ്ങളെ പുതിയതും വ്യത്യസ്തവുമായ ഒരടിസ്ഥാനത്തിൽ ഉറപ്പിക്കുവാൻ സാധിക്കും. ഓരോ രാഷ്ട്രവും നീതിനിർവഹണത്തിനു്വേണ്ടി തൻെറ താൽപര്യങ്ങളെ ജാമ്യം വെയ്ക്കുന്നകാര്യത്തിൽ നാം ശ്രമിക്കേണ്ടതാണു്. വാണിജ്യമൊഴിച്ചു മറെറല്ലാക്കാര്യങ്ങളിൽ നിന്നും നാം അകന്നു കഴിയുകയും വേണം. ഈ പദ്ധതി വിജയകരമായിത്തീരുന്നതിനു് കാലവും സ്വഭാവസ്ഥിരതയും, ബുദ്ധിയും, താൽപര്യങ്ങളുടെ ത്യാഗവും വേണ്ടിയിരിക്കും, ഇതെത്ര വിജയത്തിലെത്തുന്നുവെന്നുള്ളതു് നാം കാണുകയില്ല. നമ്മുടെ കുഞ്ഞുങ്ങൾ കണ്ടേക്കാം.

യൂറോപ്യൻ കൂട്ടുകെട്ടുകളെപ്പററി വെറുപ്പു്,

വില്യംഷാർട്ടിനു്. 1801

യൂറോപ്പിലെ രാഷ്ട്രീയവുമായി ബന്ധപ്പെടുക മുതലായ

ളെല്ലാം കടുത്ത വെറുപ്പുണ്ടാക്കുന്ന കാര്യങ്ങളാണു്. വിശാലമായ അടിസ്ഥാനത്തിൽ നിഷ്പക്ഷമായ അവകാശങ്ങൾ നേടുന്നതു നമുക്കു പ്രയോജനകരമാണു്, എന്നാൽ അതിനുവേണ്ടി യൂറോപ്പിൽ ഏതെങ്കിലും രാജ്യവുമായുള്ള കൂട്ടുകെട്ടിനെ നമുക്കാശ്രയിക്കാൻ പാടില്ല. അവർക്കു ഭാരമേറിയതായ ഒട്ടുവളരെ ഉപതാൽപര്യങ്ങളുണ്ടാവും, അവ ചിലപ്പോൾ വിലക്കു വാങ്ങപ്പെട്ടുവെന്നുംവരും. അവരുമായി കരുങ്ങിപ്പോകുന്നതു് അസത്യസത്ത്വങ്ങൾക്കു താല്ക്കാലികമായിത്തന്നെയും കീഴ്വഴങ്ങുന്നതിനേക്കാൾ ആപൽക്കാരമാണു്.

മൂന്നാംവാർഷികസന്ദേശം

ഒക്ടോബർ 17, 1803

യൂറോപ്പിലെ രാഷ്ട്രങ്ങളിൽനിന്നും അവയെ പരസ്പരം കൂട്ടിക്കെട്ടുന്ന രാഷ്ട്രീയ താൽപര്യങ്ങളിൽനിന്നും വിസ്തൃതമായ ഒരു മഹാസമുദ്രത്താൽ വേർതിരിക്കപ്പെട്ടും ഉൽപാദനങ്ങളുടേയും ആവശ്യങ്ങളുടേയും അടിസ്ഥാനത്തിൽ നമ്മുടെ വാണിജ്യവും സൗഹൃദവും അവക്കു നമ്മളോടും നമുക്കു അവരോടും നകരമായിരിക്കേ അവർ നമ്മെ ആക്രമിക്കുന്നതോ നാം അവരെ അസുഖപ്പെടുത്തുന്നതോ നന്നായിരിക്കയില്ല. പ്രകൃതി നമുക്കു നൽകിയിട്ടുള്ള അനുഗ്രഹീതമായ പ്രത്യേകസ്ഥാനവും, അന്യരാജ്യങ്ങളിൽനിന്നും വളരെ അകലെയായി വ്യവസായത്തിന്റേയും സമാധാനത്തിന്റേയും ഐശ്വര്യത്തിന്റേയും മാർഗ്ഗത്തിൽ കൂടെ ചരിക്കുന്നതിനുള്ള സന്ദർഭവും താല്പര്യങ്ങളുടെ സംഘട്ടനഘട്ടങ്ങളിൽ ബലം പ്രയോഗിക്കുന്നതിനു് പകരം യുക്തിയുടെ മദ്ധ്യസ്ഥതയിൽ കൂടെ പൊതുവായ സൗഹാർദ്ദം പുലർത്താനുള്ള സാഹചര്യവും നാം വലിച്ചെറിഞ്ഞുകളയുകയാണെങ്കിൽ നാം തികച്ചും ബുദ്ധിശൂന്യമായി പെരുമാറുകയായിരിക്കും ചെയ്യുക. അതുകൊണ്ടു നമ്മുടേതു് പോലെയുള്ള ഒരു ഗവൺമെൻറിൽ ഗുണകരങ്ങളായ സൗഹൃദ്ബന്ധങ്ങളെ ദുർബലപ്പെടുത്തിയേക്കാവുന്നവയുടെ യൂറോപ്പിലെ ദുരന്താത്മകമായ രംഗങ്ങളിൽ നമ്മെ കുടുക്കിയേക്കാവുന്നവയുമായ വികാരങ്ങ

ളിൽനിന്നും മമതകളിൽ നിന്നും വിമോചിതരായി നമ്മുടെ രാജ്യം ആദരിക്കുന്ന അഭിപ്രായങ്ങൾക്കും താൽപര്യങ്ങൾക്കും പെരുമാററമര്യാദകളും അനുയോജ്യമായി നമ്മുടെ പൗരന്മാർ പ്രവർത്തിക്കുന്നു എന്നുള്ളതു് എത്രയോ അഭിലഷണീയമായ കാര്യമാണു്;

സമുദ്രങ്ങളെ സംബന്ധിച്ച നിഷ്പക്ഷത

മൂന്നാംവാർഷിക സന്ദേശം.

ഒക്ടോബർ 17, 1803

ഈ സംഘട്ടനത്തിൽ നമ്മുടെ താൽപര്യത്തിനും ആഗ്രഹത്തിനുമനുസരണമായി നമ്മുടെ യത്നം, നീതിയിലും ഇടവിടാത്ത ദയാപ്രകടനത്തിലും അടിയുറച്ച പ്രവർത്തനങ്ങളാൽ യുദ്ധോദ്യുക്തരായ രാഷ്ട്രങ്ങളുടെ സ്നേഹം സമ്പാദിക്കുക, ആർക്കും അസുഖകരമാകാതെ, സമുദ്രത്തിലെ കഷ്ടതകളിൽ നിന്നും രക്ഷനേടുന്നതിനു് അവരുടെ സായുധയാനങ്ങൾക്കു ആതിഥ്യം നൽകുക, ക്രമസമാധാനങ്ങൾ പരിപാലിക്കുന്നതിനു് ആവശ്യമായ പോലീസുകാരെ നമ്മുടെ തുറമുഖങ്ങളിൽ ഏർപ്പെടുത്തുക; തങ്ങളുടെ രാജ്യം പങ്കെടുക്കാത്ത ഒരു യുദ്ധത്തിൽ ഒരു പൗരൻ വ്യക്തിപരമായി പ്രവർത്തിക്കുന്നതിനെ തടയുക, നമ്മുടെ പതാകയെ, നിയമവിരുദ്ധമായി കപ്പലുകളിൽകെട്ടി നമ്മെപ്പററി തെററിദ്ധാരണയുളവാക്കത്തക്കവണ്ണം പ്രവർത്തിക്കുന്നവരായ പൗരന്മാരേയും അന്യരാജ്യക്കാരേയും ഗുരുതരമായി ശിക്ഷിക്കുക, തങ്ങളിൽ ബന്ധിക്കുന്ന തത്വങ്ങൾക്കും ആചാരങ്ങൾക്കും യോജിക്കുന്നതരത്തിൽ നമ്മുടെ കപ്പലുകളെ സംബന്ധിച്ചും നാട്ടുകാരോടും പെരുമാറുന്ന കാര്യത്തിൽ അന്യരാഷ്ട്രങ്ങളെ നിഷ്കർഷിക്കുക എന്നിവയായിരിക്കട്ടെ.

ബ്ലഡ്ഗുഡിനും ഹാമ്മണ്ടിനും 1809

രാഷ്ട്രങ്ങളുടെ പരസ്പരമുള്ള ഇടപാടുകളിൽ ഇന്നേവരെ പാവനമെന്നു കരുതപ്പെട്ടു പോന്നിരുന്ന എല്ലാ സാന്മാർഗ്ഗികതത്വങ്ങളെയും ചവിട്ടിമെതിക്കുന്ന ഒരു സായുധലോകം

നാം ക്ഷോഭങ്ങളാൽ വിജൃംഭിതമാകാതെ നില്ക്കുന്നതുപൊറുക്കുകയില്ല. അപ്രകാരം നിയമവിരുദ്ധമായ ആക്രമണംഘട്ടത്തിൽ സമരോത്സുകമായ രാഷ്ട്രങ്ങളുമായുള്ള സഖ്യകലയിടപാടുകളിൽ നിന്നും പിൻവാങ്ങിനിന്നതും യുദ്ധത്തിൽനിന്നും വേർതിരിച്ചു നിറുത്താൻ സാദ്ധ്യമല്ലാത്ത നാശകരങ്ങളായ കഷ്ടതകളേയും ദുരാചാരങ്ങളേയും സാമ്രാജ്യത്വങ്ങളേയും ഗുരുവായി ബാധിക്കുന്ന പ്രവണതകളേയും സ്വതന്ത്രഗവൺമെൻറുകളുടെ നേർക്കയക്കപ്പെട്ട ഭീതിപ്പെട്ടതല്ലുകളേയും ഒഴിവാക്കാൻ ശ്രമിച്ചതും വൈദേശിക പ്രസ്ഥാനങ്ങളിൽനിന്നും യാതൊന്നും ഭയപ്പെട്ടുവാനില്ലാത്തതരത്തിൽ നമ്മുടെ വിഭവങ്ങളെ പ്രകൃതിസഹജമായും പുരോഗമനപരമായും വളർത്തിയെടുത്തതും തീർച്ചയായും ബുദ്ധിപൂർവമായിരുന്നു.

## അമേരിക്കൻ സമാധാനവാഞ്ഛയുടെ സ്വഭാവം

ബുഖാൻ പ്രഭുവിനു്, 1803

സ്വർഗ്ഗത്തിൻെറ താഴെയുള്ള വെള്ളത്തെ ഒരു സ്ഥലത്തുകൂട്ടിച്ചേർത്തു നിങ്ങളുടെ ഗോളാർദ്ധത്തിലെ കരയെ ഞങ്ങളുടെ കരയിൽ നിന്നും ഭാഗിച്ചുനിറുത്തി സമാധാനമെങ്കിലുമുണ്ടാകട്ടെ എന്നു പറഞ്ഞ സർവശക്തനായ ഈശ്വരനെ ഞാൻ വാഴ്ത്തുന്നു. ഞങ്ങളുടെ നാട്ടിൻെറ ലക്ഷ്യം എല്ലാരാഷ്ട്രങ്ങളോടും സമാധാനമായും സ്നേഹമായും കഴിയണമെന്നും ചാർട്ടറിൻെറ കീഴിൽ ഞങ്ങളുടെ രാജ്യത്തിനുണ്ടായിക്കൊണ്ടിരിക്കുന്ന ഐശ്വര്യം യൂറോപ്പിൻെറ അന്തരംഗത്തിൽ പ്രതിഫലിക്കണമെന്നും അങ്ങനെ ആ ഉദാഹരണം കൊണ്ടു ഗുണപ്പെടണമെന്നും ഞാൻ ആഗ്രഹിക്കുന്നു. ഞങ്ങളുടെ രാജ്യത്തിൻെറ സമാധാനം സംരക്ഷിക്കുന്ന കാര്യത്തിൽ എനിക്കുള്ള പ്രതീക്ഷ ഏതുതെററിനേയും എതിർപ്പില്ലായ്മകൊണ്ടു നേടുകയെന്ന മഹത്തരമായ തത്വത്തിൽ അടിയുറച്ചതല്ല, എന്നാൽ ഞങ്ങളുടെ ഭാഗത്തുനിന്നുമുള്ള നീതി പൂർവകവും സൗഹാർദ്ദവുമായ പെരുമാററം

അന്യരിൽ നിന്നും നീക്കിയും സ്നേഹവും നേട്ടമെന്നുള്ള പ്രത്യാശയാണു്.

മാനവലോകത്തിനു് വേണ്ടി അമേരിക്കൻ സ്വാതന്ത്ര്യത്തിൻെറ ദീപം നിലനിർത്തണം.

വാഷിങ്ങ്ടണിലെ പൗരന്മാരോട്

മാർച്ച് 4. 1809

ലോകത്തിലെ രാഷ്ട്രങ്ങളുടെയിടയിൽ നമുക്കുള്ള സ്ഥാനം മാന്യമായതാണെങ്കിലും ദാരുണമാണു്. മനുഷ്യാവകാശങ്ങളുടെ ഏകസ്മാരകം, സ്വാതന്ത്ര്യത്തിൻെറയും സ്വയം ഭരണത്തിൻേറയും പാനവദീപ്തത്തിൻെറ ഏക രക്ഷകൻ ലോകത്തിലെ ഏകജനായത്ത റിപ്പബ്ലിക്കിൻെറ ഭാഗധേയങ്ങൾ അർപ്പിക്കപ്പെട്ട രാജ്യം ഇതിന്റെ സുഖപ്രദമായ സ്വാധീനതയ്ക്കു് ലോകത്തിലെ അന്യപ്രദേശങ്ങൾ വിധേയമാകുമെങ്കിൽ അതിലേയ്ക്കു ഇവിടെ നിന്നുമാണു് ദീപംകൊളുത്തിക്കൊണ്ടുപോകേണ്ടതു്. മനുഷ്യനു് പ്രിയതരമായുള്ളതെല്ലാം ഉൾക്കൊള്ളുന്നതെന്ന നിലയ്ക്കു് മനുഷ്യസമൂഹം മുഴുവൻ നമ്മോടൊത്തു ഇതിൻെറ പുരോഗതിയിൽ ആഹ്ലാദിക്കുകയും ദുർഭാഗ്യങ്ങളിൽ അനുകമ്പാർദ്രമാകയും ചെയ്യേണ്ടതാണു്; ഈ പരിഗണനകൾ എന്തെന്തെല്ലാം താൽപര്യങ്ങളേയും സൗകര്യങ്ങളേയും ത്യജിക്കുന്നതിനാണു് ഉത്തേജനം നൽകുന്നതു്? നമ്മുടെയിടയിൽ സൗഹാർദ്ദവും ഐക്യവും നിലനിർത്തുന്നതിനും മാനപ്രതീക്ഷകളുടേയും സൗഖ്യത്തിൻേറയും പവിത്രമായ ഈ തോണിയെ എല്ലാ ആപത്തുകളിൽനിന്നും രക്ഷിക്കുന്നതിനു് അഭിപ്രായങ്ങളുടേയും പ്രവണതകളുടേയും കാര്യത്തിൽ എന്തു വിട്ടുവീഴ്ചകളാണു് ചെയ്യാൻ തയ്യാറാകാത്തതു്?

ന്യൂയോർക്കു് സ്റ്റേററ്നിയമ സഭയിൽ 1809

ഇന്നു അവശേഷിക്കുന്ന മനുഷ്യാവകാശങ്ങളുടെ ഏക കലവറ; നമുക്കു നമ്മോടുതന്നെയും അനന്തരതലമു-

മുറയോടും, മനുഷ്യവർഗ്ഗത്തോടുമുള്ള ചുമതല, പാവനവും ബഹുമാന്യവുമായ എല്ലാ ലക്ഷ്യങ്ങളും നമ്മേ ആഹ്വാനം ചെയ്യുന്നതു്. ലോകത്തിൻെറ അന്യഭാഗങ്ങളെ സംക്ഷോഭിപ്പിക്കുകയും ആകുലപ്പെടുത്തുകയും ചെയ്യുന്ന ക്ലേശങ്ങളുടെ കാലത്തു അതിൻെറ ഭദ്രതയെ കാത്തുസൂക്ഷിക്കുകയും വ്യക്തിപരവും പ്രാദേശികവുമായ എല്ലാ പരിഗണനകളും അതിനുവേണ്ടി പരിത്യജിക്കുകയുമാകുന്നു. രാജവാഴ്ചയുടെ വീമ്പിളക്കപ്പെട്ട കഴിവുകൾ അതിവേഗത്തിൽ ആക്രമണത്തിനു് കീഴടങ്ങിപ്പോയി.... ....നമ്മുടെ സ്വാതന്ത്ര്യത്തിന്റെ ഹർമ്മ്യം, നാം അനുഭവിച്ച ലഘുവായ ഇളക്കത്തിൽ കവിഞ്ഞു ഒന്നും തന്നെ അനുഭവിക്കുന്നില്ല എന്നുള്ളതു് സ്വയംഭരണത്തിന്റെ മിത്രങ്ങൾക്കും ശത്രുക്കൾക്കും പ്രയോജനകരമായ ഒരു പാഠമായിരിക്കും.

യൂറോപ്പുമായി തുലനം ചെയ്യുമ്പോൾ അമേരിക്കാ സ്വർഗ്ഗമാണു്,

ഡാ. ജോൺസിനു്. 1810

നാം തനിയെയുള്ളു എന്നു നാം കരുതുകയാണെങ്കിൽ നമ്മുടെ പ്രയാസങ്ങൾ വാസ്തവത്തിൽ അസംഖ്യങ്ങളാണു്. എന്നാൽ യൂറോപ്പിലുള്ളവയോടു് അവയെ തുലനം ചെയ്യുമ്പോൾ അവ സ്വർഗ്ഗീയസുഖങ്ങളത്രേ. യുഗങ്ങളുടെ ശാശ്വതവിപ്ലവത്തിൽ നമ്മുടെ നിലനില്പിനെ, വിധി, നമ്മുടെ അറിവിൽ മറെറാരു കാലഘട്ടത്തിലുമുണ്ടായിട്ടില്ലാത്ത മാത്സര്യങ്ങളുടേയും അക്രമങ്ങളുടേയും നടുവിൽ കൊണ്ടുചെന്നുവച്ചു. യൂറോപ്പിൽ ഒന്നൊഴിച്ചുള്ള എല്ലാ ഗവണ്മെൻറുകളും പൊളിച്ചുകളയപ്പെട്ടിരിക്കുന്നു, നാശവും സംഹാരവും വിതച്ചുകൊണ്ടു ഒരു ജേതാവു് ഭൂമിയിൽ അലഞ്ഞുനടക്കുന്നു-ദുഃഖവും നഷ്ടവും സൃഷ്ടിച്ചുകൊണ്ടു ഒരു കടൽക്കള്ളൻ സമുദ്രത്തിലും സഞ്ചരിക്കുന്നു. തീർച്ചയായും.... നമ്മുടേതു് ഒരു കുസുമശയ്യയാണു്. ലോകത്തിലെ ഈ നാശങ്ങളുടെയിടയിൽ നമ്മെ പൊന്തിക്കിടക്കാൻ സഹായിച്ച ഭരണ

സമ്പ്രദായം ചരിത്രത്തിൽ ശാശ്വതീകരിക്കപ്പെട്ടു. നമുക്കു നമ്മുടേതായ ചെറിയ കലമ്പല്കളും മനോവേദനകളുമുണ്ടു്, അന്യരാഷ്ട്രങ്ങളെ ചവച്ചുതുപ്പുന്ന നരഭോജികൾക്കു പകരം നമ്മുടെ നാട്ടിൽ ചില ചെറിയ ഉപദ്രവകാരികളുണ്ടു്. എന്നാൽ നമ്മുടെ ഭാഗ്യത്തിനു്, 'മാമത്തി'നു് നീന്താൻവയ്യ, 'ലെവിയത'നു് കരയിൽ സഞ്ചരിക്കാനുംവയ്യ; നാം അവരുടെ മാർഗ്ഗത്തിൽ നിന്നും നീങ്ങിനിന്നാൽ അവയ്ക്കു നമ്മെ പിടിക്കാൻ പററുകയുമില്ല. എന്നാൽ നാം നമ്മെ അതിൻെറ നിര്യാണത്തിൻെറ പരിധിക്കുള്ളിലോ മുഷ്ടിയിലോ വാലിൻെറ സമീപത്തോ കൊണ്ടു നിർത്തുകയാണെങ്കിൽ അതു നമ്മുടെ നിർഭാഗ്യമായിരിക്കും.

നിഷ്പക്ഷതയുടെ പ്രയോജനം.

എപ്പെൻഡിനു്. 1811

അററ്ലാൻറിക് സമുദ്രത്തിൻെറ അക്കരെയില്പള്ള എല്ലാ രാജ്യങ്ങളുടേയും അന്തസ്സും അധികാരവും സ്വാതന്ത്ര്യവും നിയമങ്ങളും സ്വത്തുക്കളും മുട്ടകുത്തിക്കപ്പെട്ട സമരകാലത്തു് നമ്മുടെ രാജ്യത്തെ ശാന്തിയില്പം ഐശ്വര്യത്തില്പം നിലനിർത്തിപ്പോന്നതും മററുള്ള ഭൂഭാഗങ്ങളിലെ ഭ്രാന്തുപിടിച്ച സമരങ്ങളിൽ ചെന്നു കൂടാതിരുന്നതും, എല്ലാക്കാലത്തും എല്ലാ നാട്ടില്പമുള്ള കുരുമുളകു കലത്തിലെ രാഷ്ട്രീയക്കാരുടെ പുലമ്പല്കൾ ഒഴിച്ചുവച്ചാൽ, എല്ലാവരുംതന്നെ നമ്മുടെ കീർത്തിയെ ധവളശരമാക്കിയിട്ടുണ്ടെന്നു് സമ്മതിച്ചിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. അവരിലാരാണു് തൻെറ അന്തസ്സിനെ ഏററവും കൂടുതൽ നിലനിർത്തിയിട്ടുള്ളതു്,? സ്പെയിൻ, പോർട്ടുഗൽ, ഇററലി, സ്വിററ്സർലൻറു്, ഹോളണ്ടു്, പ്രഷ്യ. ആസ്ത്രിയാ, ജർമ്മൻ രാജ്യങ്ങൾ, സ്വീഡൻ, ഡെൻമാർക്കു, ഇവയ്ക്കു് കഴിഞ്ഞിട്ടുണ്ടോ;?—റഷ്യാക്കു് തന്നെയും? ഫ്രാൻസിൻെറയും ജർമ്മനിയുടേയും മാനക്കേടിനു് പകരം നമ്മുടെ സത്യസന്ധമായ കീർത്തിയും, അവയിലൊന്നിൻെറ ഏകാധിപത്യവും, മറേറതിൻെറ

പാപ്പരത്വവും തകർച്ചയും നമ്മുടെ ഐശ്വര്യവും സ്വാതന്ത്ര്യവുമായി വച്ചുമാററുക സാദ്ധ്യമായ കാര്യമാണോ?

മൗലികതത്വം — ഒരു ചേരിചേരലും പാടില്ല,

പ്രസിഡൻറ് മൺട്റോസ്സ്: 1823

നമ്മുടെ പ്രഥമവും മൗലികവുമായ തത്വം യൂറോപ്പിലെ കലഹങ്ങളിലൊന്നുംതന്നെ കുരുങ്ങുവാൻ പാടില്ലെന്നായിരിക്കണം. നമ്മുടെ രണ്ടാമത്തേതു്, യൂറോപ്പിനെ അററ്ലാൻറിക്കിനിപ്പുറത്തുള്ള കാര്യങ്ങളിലിടപെടാനനുവദിക്കരുതെന്നതുമാകുന്നു. തെക്കും വടക്കുമുള്ള അമേരിക്കാകൾക്കു യൂറോപ്പിൻേറതിൽനിന്നും വ്യത്യസ്തമായതും പ്രത്യേകതരത്തിലുള്ളവയുമായ താൽപര്യങ്ങളുണ്ടു്. രണ്ടാമത്തേതു് ദുഷ്പ്രഭുത്വത്തിൻെറ ആസ്ഥാനമാക്കാൻ യത്നിക്കുമ്പോൾ നമ്മുടെ ശ്രമം നമ്മുടെ ഗോളാർദ്ധത്തെ സ്വാതന്ത്ര്യത്തിൻെറതാക്കിത്തീർക്കാനാണു്.

പ്രസിഡൻറ് മൺട്റോക്ക്. 1823

യൂറോപ്പിലെ വഴക്കുകളിൽ സജീവമായി ഒരിക്കലും പങ്കെടുക്കാൻ പാടില്ല എന്നുള്ളതു് ഐക്യനാടുകളുടെ ഒരു മൗലികതത്വമായി ഞാൻ എന്നും കരുതിയിരുന്നു. അവരുടെ രാഷ്ട്രീയ താൽപര്യങ്ങൾ നമ്മുടേതിൽനിന്നും തികച്ചും വിഭിന്നങ്ങളാണു്. അവർക്കു പരസ്പരമുള്ള അസൂയകൾ, അധികാര വടംവലികൾ, സങ്കീർണ്ണമായ കൂട്ടുകെട്ടുകൾ, അവരുടെ ഭരണകൂടത്തിൻെറ രൂപവും തത്വങ്ങളും എല്ലാംതന്നെ നമുക്കു അപരിചിതങ്ങളാകുന്നു. അവർ അവസാനിക്കാത്ത യുദ്ധം ചെയ്യുന്നവരാണു്. അവരുടെ സകല കഴിവുകളും ജനങ്ങളുടെ ജീവനേയും സ്വത്തുക്കളേയും പ്രയത്നഫലങ്ങളേയും നശിപ്പിക്കുന്നതിനായി വിനിയോഗിക്കപ്പെടുന്നു. നമ്മുടെ ഭാഗത്താണെങ്കിൽ, മേൽപ്പറഞ്ഞതിൽ നിന്നും വിരുദ്ധമായി, സമാധാനത്തിൻേറയും, മനുഷ്യസ്നേഹത്തിൻേറയും പുരോഗതിയുടേയും മാർഗ്ഗം അ

വലംബിക്കാനുള്ള സൗകര്യം ലഭിച്ചു. യൂറോപ്പുമായി ഇട യേണ്ട വളരെ ചുരുക്കം സന്ദർഭങ്ങൾ മാത്രമേ നമുക്കുണ്ടാ യിട്ടുള്ളു; ഇവ അല്പം ക്ഷമയോടും വിവേകത്തോടും കൂടിയാ ണെങ്കിൽ ഔപാതുതത്ത്വമായി സ്വീകരിക്കപ്പെടാവുന്നതുമാ ണ്. നമ്മുടെ ഗോളാർദ്ധത്തിലെ സഹോദരങ്ങളെക്കുറി ച്ചാണെങ്കിൽ, നമുക്കെതിരായി യുദ്ധത്തിനൊരുമ്പെടാൻ വേണ്ട നിലയോ മനോഭാവമോ അവർക്കു ഇതേവരെയു ണ്ടായിട്ടില്ല, ഇനിയൊരു കാലത്തു അങ്ങനെ വരുമെന്നു തോന്നുന്നുമില്ല. യൂറോപ്പിലെ രാഷ്ട്രങ്ങൾക്കു ഓരോ അമേരിക്ക യിലുമുണ്ടായിരുന്ന ചവിട്ടടി അവരിൽനിന്നും വഴുതിപ്പോ വുകയാണ്. അതുകൊണ്ടു താമസിയാതെതന്നെ അവരുടെ സാമീപ്യത്തിൽനിന്നും നമുക്കു വിമോചനം ലഭിക്കുന്നതായി രിക്കും.

## III ഇംഗ്ലണ്ട്

### ബ്രിട്ടീഷ് ആധിപത്യത്തിനോടുള്ള എതിർപ്പ്.

റാണ്ടോൾഫിനു്. 1775

പ്രിയപ്പെട്ട സർ, എന്നെ വിശ്വസിച്ചാലും, എന്നേ ക്കാൾ കൂടുതലായി ഗ്രേററു് ബ്രിട്ടനുമായി സൗഹാർദ്ദപ രമായ ഒരു വേഴ്ചയിലേർപ്പെടണമെന്നു ആഗ്രഹിക്കുന്ന ഒരാൾ ബ്രിട്ടീഷ് സാമ്രാജ്യത്തിലുണ്ടായിരിക്കയില്ല. എന്നാൽ, എന്നെ സൃഷ്ടിച്ച ഈശ്വരൻെറ പേരിൽ, ഞാൻ പറ യുന്നു, ബ്രിട്ടീഷ് പാർലമെൻറു് നിർദ്ദേശിക്കുന്ന വ്യവസ്ഥ കൾക്കു് വിധേയമായി ഒരു ബന്ധത്തിലേർപ്പെടുന്നതിനു് മുമ്പു് ഞാൻ ഇല്ലാതെയാകും; ഇതു ഞാൻ പറയുമ്പോൾ അമേരിക്കയുടെ മനസ്സിലുള്ളതു പ്രകടിപ്പിക്കുകയാണു് ചെ യ്യുന്നതു്. ഞങ്ങൾക്കു വിയോജനം പ്രഖ്യാപിക്കുവാൻ ഒരു പ്രേരണയും ശക്തിയുമാവശ്യമില്ല. മനസ്സു മാത്രമാണു് അ തിനു വേണ്ടതു്. നമ്മുടെ രാജാവിൻെറ സംരക്ഷണയിൽ അതുണ്ടായിക്കൊണ്ടിരിക്കുകയാണു്. ഞങ്ങളുടെ ഭാവിപ ന്ഥാവു് എന്തായിരിക്കണമെന്നുള്ളതു്, രക്തപങ്കിലമായ

ഒരു സമരംകൊണ്ടു തീരുമാനിക്കാൻ കഴിഞ്ഞെന്നുവരാം; എന്നാൽ അങ്ങനെ ഒരു സമരം വേണമോ എന്നു തീരുമാനിക്കുന്നതു എനിക്കു വളരെ സങ്കടമുള്ള കാര്യമാണു്. അവരുടെ കരയെ അടിമത്വത്തിൽനിന്നും മോചിപ്പിക്കുന്നതിനു് നമ്മുടെ കാററും വെള്ളവും ഒന്നിച്ചു ചേരുന്നില്ലെങ്കിൽ, ജനറൽ ഹൗവിൻെറ പോഷകസേന നിരപായമായി എത്തിച്ചേരുമെങ്കിൽ, ബോസ്റ്റണിൽനിന്നും പുറത്തുവരാനുള്ള ധൈര്യം അദ്ദേഹത്തിനുണ്ടാകുമെന്നും അങ്ങനെ വന്നാൽ മറെറാരടിയേൽക്കാനിടവരുമെന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു—ആ നിഷ്ഠുരൻെറ കൈയ്യുടെ താഴെ ചുരുണ്ടുകിടന്നു, ഞങ്ങളുടെ തൊലിയുരിക്കാനുദ്ദേശിച്ചിട്ടുള്ള വടി ചുംബിക്കുന്ന വെറും മൃഗങ്ങളല്ല ഞങ്ങളെന്നു അയാൾ മനസ്സിലാക്കുന്നതിനു് മുമ്പു് അയാളെ ഞങ്ങൾ ശരിപ്പെടുത്തുന്നതായിരിക്കും.

ഇംഗ്ലണ്ടു് ഏൽപിച്ച ദണ്ഡനത്തോടു പ്രതിഷേധമുണ്ടു്. എന്നാൽ ജനങ്ങളോടില്ല.

റോഡ്നിസ്സു്. 1815

ഇംഗ്ലണ്ടിനു് മാററമുണ്ടാകുമെന്നു് ഞാൻ ദൈവത്തിൻെറ പേരിൽ പ്രതീക്ഷിക്കുന്നു. ഈ ഗോളത്തിലെ വേറൊരു രാഷ്ട്രവുമായി, തുല്യമായ വ്യവസ്ഥകൾക്കു വിധേയമായി ആത്മാർത്ഥമായ ഒരു സൗഹാർദ്ദബന്ധം ഞാൻ വാഞ്ഛിച്ചിട്ടില്ല. മററാർക്കും ഞാൻ സൗഹൃദത്തിൻെറ ഹസ്തം നീട്ടിക്കൊടുക്കയുമില്ല, അവിടുത്തെ ജന്തുക്കൾ എന്നെ ഇംഗ്ലണ്ടിൻെറ ഒരു ശത്രുവാണെന്നു ചിത്രീകരിക്കുന്നതവന്നനിക്കറിയാം. വിഡ്ഢികൾക്കുമാത്രമേ, അല്ലെങ്കിൽ ഞാനൊരു വിഡ്ഢിയാണെന്നു കരുതുന്നവർക്കുമാത്രമേ ഇതു വിശ്വസിക്കാൻ കഴിയൂ. ഇംഗ്ലണ്ടിൻെറ അധിക്ഷേപങ്ങളേയും ദണ്ഡനങ്ങളേയും ഞാൻ ശത്രുതയോടെ വീക്ഷിക്കുന്നു, അതിൻെറ ഭരണരീതിയിലും അന്യരാഷ്ട്രങ്ങളുമായി ഇടപെടുന്നതിലും ഉൾക്കൊള്ളുന്ന തത്വങ്ങളിലെ അതിദുഷ്ടതയുടെ ശത്രുവാണു്

ഞാൻ. അതു അതിന്റെ രാഷ്ട്രീയ നിയമ സംഹിതയിൽ അല്ല മൊരു സ്ഥാനം സന്മാർഗ്ഗചിന്തയ്ക്കു നൽകുമെങ്കിൽ, കുറച്ചൊരു മാന്യത പ്രകടിപ്പിക്കുമെങ്കിൽ, ഇങ്ങേയറ്റം നിഷ്പക്ഷമായ മനോഭാവം കാട്ടിയിരുന്നുവെങ്കിൽ; ഞാൻ ആവർത്തിച്ചു പറയുന്നു; അതുമായുള്ള സൗഹാർദ്ദത്തിനു് വേണ്ടി ഞാൻ എന്തൊക്കെ വേണമെങ്കിലും ത്യജിക്കുമായിരുന്നു എന്നു മറ്റൊരു രാജ്യത്തിനു് നമ്മോടു ചെയ്യാൻ കഴിയുന്നതിനെക്കാൾ ശത്രുക്കളെന്ന നിലയിൽ ഇന്നവർക്കു ചെയ്യാം, സമാധാനകാലത്തും യുദ്ധകാലത്തും നമ്മുടെ ആഭ്യന്തരകാര്യങ്ങളിൽ കലാപങ്ങളുണ്ടാക്കാൻ അവർക്കു കൂടുതൽ മാർഗ്ഗങ്ങളുണ്ടു്.

ഇംഗ്ലണ്ടിലെ അഴിമതികൾ-അമേരിക്കയ്ക്കു ഒരു താക്കീതു്.

ലോഗനു്, 1816

രാജ്യതന്ത്രജ്ഞനെന്ന നിലയിൽ സത്യസന്ധനല്ലാത്ത ഒരുവൻ മറേറതൊരു സ്ഥാനം വഹിച്ചാലും സത്യസന്ധനായിരിക്കയില്ല. പത്തുലക്ഷം ആളുകൾ കൂടിച്ചേരുമ്പോൾ അവരെ ബന്ധിക്കുന്ന സാന്മാർഗ്ഗികതത്വങ്ങളും, അവരിൽ ഓരോരുത്തർ വെവ്വേറെയായി മറെറാരാളിനോടു ഇടപെടുമ്പോൾ അവനെ ബന്ധിക്കുന്ന സാന്മാർഗ്ഗികതത്വങ്ങളും വിഭിന്നമായിരിക്കുമെന്നു കരുതുന്നതു് അത്ഭുതകരമാംവണ്ണം അബദ്ധമാണു്. നമ്മുടെ ഗവണ്മെൻറു് അതിൻെറ പൗരന്മാരോടുള്ള കർത്തവ്യങ്ങൾ എങ്ങനെ നിർവഹിക്കുന്നുവോ, ആ സന്മാർഗ്ഗനിഷ്ഠയോടുകൂടിത്തന്നെ അന്യരാഷ്ട്രങ്ങളോടുള്ള കർത്തവ്യങ്ങളും നിർവഹിക്കുന്നു എന്നുള്ളതു വളരെ സമാശ്വാസകരമാണു്. നാമൊരിക്കലും അറിഞ്ഞുകൊണ്ടു ഒരു തെററു ചെയ്തതായി കുററപ്പെട്ടിട്ടുള്ളതാവുന്നതല്ല. ഈ സംഗതിയിൽ, ഇംഗ്ലണ്ടിലെ ഗവണ്മെൻറു കാണിക്കുന്ന നെറികേടും അവിടത്തെ ജനങ്ങളുടെ സത്യസന്ധതയും തമ്മിലുള്ള വൈരുദ്ധ്യം ഈ പ്രപഞ്ചത്തിലെ അത്യത്ഭുതാവഹമായ ഒരു പ്രതിഭാസമാകുന്നു. സദ്ഗുണങ്ങളും താല്പര്യങ്ങളും അഭേദ്യമല്ലെന്ന തത്വത്തിൻെറ യാഥാർത്ഥ്യം അങ്ങനെ

ഇംഗ്ലണ്ടു് ഇപ്പോൾ പ്രകടിപ്പിക്കുന്നു. നമുക്കു പ്രതീക്ഷിക്കാവുന്നതുപോലെ, ഇതിന്റെയൊക്കെ അന്ത്യം ജനങ്ങളുടെ തകർച്ചയാണു്; ഈ തകർച്ച ഏററവും കഠിനമായി അനുഭവപ്പെടുന്നതു്, പ്രതീക്ഷിച്ചതുപോലെ ഈ വിപൽസന്ധിയിലേക്കു തലമുറ തലമുറയായി വഴിതെളിച്ചുകൊണ്ടിരുന്ന പരമ്പരാ പ്രഭുത്വത്തിനാണു്. ഈ ഉദാഹരണത്തിൽനിന്നും ഒരു പാഠം മനസ്സിലാക്കിയിട്ടു് നമ്മുടെ നാട്ടിലെ, നമ്മുടെ ഗവണ്മെൻറിന്റെ ശക്തിയെ കൂടെക്കൂടെ പരീക്ഷിക്കുകയും, നിയമങ്ങളെ ധിക്കരിക്കുകയും ചെയ്യുന്ന ധനികമായ കൂട്ടുകച്ചവടസംഘങ്ങളുടെ പ്രഭുവർഗ്ഗത്തെ ജനനത്തിൽവച്ചു തന്നെ നമുക്കു ചവിട്ടിത്തേച്ചുകളയേണ്ടിയിരിക്കുന്നു.

## IV ഫ്രാൻസ്

ബെല്ലിനിസ്സു്; 1785

അങ്ങനെ ഒടുവിൽ എന്നെ പൊങ്ങച്ചംപറയുന്ന യൂറോപ്യൻ രംഗത്തു കാണുക! നിങ്ങളുടെ അറിവിനായി, അതിനെസംബന്ധിക്കുന്ന വിശദവിവരങ്ങളിലേക്കു പ്രവേശിക്കേണ്ടയാവശ്യമില്ല. അമേരിക്കൻ പർവ്വതങ്ങളിലെ ഒരു അപരിഷ്കൃതനിൽ ഈ നവീനരംഗം സഞ്ജാതമാക്കിയിട്ടുള്ള വികാരങ്ങളെന്താണെന്നറിയാൻ നിങ്ങൾക്കു ഒരു പക്ഷേ ആഗ്രഹം തോന്നിയേക്കാം. ഞാൻ തീർത്തു പറയുന്നു, പ്രയോജനകരമായിട്ടല്ല, ഇവിടത്തെ മനുഷ്യസമൂഹത്തിന്റെ സ്ഥിതി അത്യന്തം ദയനീയമാണെന്നു ഞാൻ കാണുന്നു. ഇവിടത്തെ മനുഷ്യൻ 'ഒന്നുകിൽ കൂടമാണു്, അല്ലെങ്കിൽ അടകല്ലാണു്' എന്ന വോൾട്ടെയറിന്റെ അഭിപ്രായത്തിന്റെ വാസ്തവം ശാശ്വതമായി കാണിക്കുന്നു. നമ്മുടെ മരണശേഷം നാം ചെല്ലുമെന്നു് അവർ പറയാറില്ലേ, അവിടെ നാം കാണാനിരിക്കുന്ന മഹാ പ്രതാപത്തിൽ മുങ്ങിയ ഈശ്വരന്റെയും അദ്ദേഹത്തിന്റെ ദൂതന്മാരുടേയും അവരുടെ പാദങ്ങളാൽ ചവിട്ടിത്തേയ്ക്കപ്പെടുന്ന നിർഭാഗ്യവാന്മാരുടെ കൂട്ടത്തിന്റേയും യഥാർത്ഥമായ ചിത്രമാണു് ഇവിടെ കാണുന്നതു്. ശാരീരികവും മാനസികവുമായ മർദ്ദനത്തിനു് വിധേയരായി സാധാ

രണലക്ഷണങ്ങൾ യാതനയനുഭവിക്കുമ്പോൾ, വലിയവരുടെ നിലയെന്താണെന്നു പരിശോധിക്കാനും, കാണികളെ അതുതപരതന്ത്രരാക്കുന്ന അവരുടെ നിലപാടിന്റെ യഥാർത്ഥമായ മൂല്യം നിർണ്ണയിക്കാനും, പ്രത്യേകിച്ചു അവരും അമേരിക്കയിലെ എല്ലാ വിഭാഗത്തിലെ ജനങ്ങളുമനുഭവിച്ചുവരുന്ന ജീവിതാനന്ദങ്ങളെക്കുറിച്ചു താരതമ്യപഠനം നടത്താനും ഞാൻ പരിശ്രമിച്ചു. വലിയവരിൽ യുവലോകം പ്രേമത്തിന്റെ തന്ത്രങ്ങളിൽ മുഴുകിക്കഴിയുന്നു; പ്രായമായവർ അത്യാഗ്രഹത്തിന്റെ ഗൂഢാലോചനകളിലും. അവരുടെയിടയിൽ, വൈവാഹികപ്രേമമെന്നൊന്നില്ല. അതുഅടിസ്ഥാനമായുള്ള ഗാർഹികസൗഖ്യം അവർക്കു തികച്ചും അജ്ഞാതമത്രേ. ഇതിന്റെ സ്ഥാനത്തു ദിവസങ്ങളും മാസങ്ങളുമായി നീണ്ടുനില്ക്കുന്ന ഉദ്വേഗത്തിന്റെയും യാതനയുടേയുമിടയ്ക്കു ലഭിക്കുന്ന ഹർഷോന്മാദത്തിന്റെ നിമേഷങ്ങൾക്കുവേണ്ടി നമ്മുടെ ദുർവികാരങ്ങളെ ഊട്ടുകയും പോഷിപ്പിക്കുകയും ചെയ്യുന്ന ഉദ്യമങ്ങൾ കാണപ്പെടുന്നു. ഇതു, അമേരിക്കയിലെ ജനങ്ങൾക്കു, ആരോഗ്യവും യുക്തിയും അനുവദിക്കുന്നതരത്തിലുള്ള പ്രസ്ഥാനങ്ങളിൽ പങ്കെടുക്കാൻ അനുവദിച്ചുകൊണ്ടു അവരുടെ വിശ്രമവേളകളെ തികച്ചും മധു നിഷ്യന്ദിയാക്കുന്നതരത്തിൽ ശാന്തിയും ശാശ്വതമായ ആനന്ദവും നൽകുന്ന സാമൂഹ്യജീവിതത്തേക്കാൾ വളരെ വളരെവളരെ, താണതരത്തിലുള്ളതാണു്.

ഫ്രഞ്ച് പരിഷ്ക്കാരത്തിൽ ശ്ലാഘനീയമായതു് എന്താണു്?

ബെല്ലിനിസ്സു്, 1785

തീൻമേശയിൽനിന്നുമുള്ള സുഖമാസ്വദിക്കുന്ന കാര്യത്തിൽ അവർ നമ്മുടെ മുൻപന്തിയിലാണു്; നല്ല ഔചിത്യബോധത്തോടെ അവർ ആഹാരനീഹാരകാര്യങ്ങളിൽ ആത്മനിയന്ത്രണം കാണിക്കുന്നു. അവർ, തങ്ങളുടെ സാമൂഹ്യസദ്യകളുടെ അന്ത്യത്തിൽ മൃഗങ്ങളായി തങ്ങളെ മാറാറില്ല. ഏററവും താണവരായ ജനങ്ങളുടെ ഇടയിൽപെട്ട

ഒരുവനെപ്പോലും കുടിച്ചു മത്തനായി ഞാൻ ഫ്രാൻസിലെ ങ്ങും കണ്ടിട്ടില്ല അവരുടെ വാസ്തുവിദ്യാ പ്രതിമാനിർമ്മാണം സംഗീതം എന്നിവയെ ഞാൻ എത്ര ആസ്വദിക്കുന്നു എന്നു പറയണമെങ്കിൽ, എനിക്കു വാക്കുകൾ വേണ്ടിയിരിക്കുന്നു. ഈ കലകളിലാണു് അവർ വെട്ടിത്തിളങ്ങുന്നതു്. മേൽപറഞ്ഞവയിൽ ഒടുവിലത്തേതു്, തീർച്ചയായും ആസ്വാദനീയമാണു്; അതില്ലായിരുന്നാലുള്ള ഫലം കണക്കാക്കാവുന്നതല്ല. എന്റെ ഹൃദയത്തിന്റെ ആഴത്തിൽ നിന്നു ഞാൻ അവരോടു അസൂയപ്പെടുന്നതു് ഈ ഒരു കാര്യത്തിന്റെ പേരിലാണു്; പത്തു കല്പനകളാൽ അതു നിരോധിച്ചിട്ടുണ്ടെങ്കിലും ഞാൻ അങ്ങനെ അസൂയാകുലനായിപ്പോകുന്നു.

സ്വത്തിന്റെ ഒന്നുചേരൽ ഫ്രാൻസിൽ നരകം സൃഷ്ടിക്കുന്നു.

മാഡിസണ്ണിനു്. 1785

ഫൊണ്ടെയിൽ ബ്ലോയിലേക്കുള്ള എന്റെ നടത്തയിൽ പട്ടണപ്രദേശം കഴിഞ്ഞപ്പോഴേയ്ക്കു, എന്റെ മാർഗ്ഗത്തിൽ കൂടെത്തന്നെ എന്റെ വേഗത്തിൽ നടന്നിരുന്ന ഒരു പാവപ്പെട്ട സ്ത്രീയെ ഞാൻ കണ്ടു. പണിയെടുക്കുന്ന പാവപ്പെട്ടവരുടെ നിലയെന്താണെന്നു മനസ്സിലാക്കാൻവേണ്ടി ഞാൻ അവരുമായി സംഭാഷണത്തിനാരംഭിച്ചു.... അവരുടെ തൊഴിലെന്താണെന്നും സ്ഥിതിയെന്തെന്നും സഹചാര്യങ്ങളെന്തെന്നും ഞാൻ അന്വേഷിച്ചു. അവരൊരു ദിവസജോലിക്കാരിയാണു്, ഒരു ദിവസം 8 സൂ (4 പെൻസ്) ശമ്പളം. രണ്ടു കുഞ്ഞുങ്ങളെ പുലർത്താനുണ്ടു്, താമസിക്കുന്ന വീടിനു് .5 ദിവസത്തെ ശമ്പളമായ 30 ലിവ്രെ വാടക കൊടുക്കണം, പലപ്പോഴും അവർക്കൊരു ജോലിയും കിട്ടിയിരുന്നില്ല; അന്നൊക്കെ ആഹാരവും കിട്ടിയിരുന്നില്ല. ഏതാണ്ടു് ഒരു മൈൽ നടന്നശേഷം ഞങ്ങൾ പിരിയാൻ നേരത്തു് അവർക്കു ഞാൻ 24 സൂ കൊടുത്തു. കൃതജ്ഞതകൊണ്ടു അവർ പൊട്ടിക്കരഞ്ഞു.... .... ....

ഈ രാജ്യത്തിലും; യൂറോപ്പിലെല്ലായിടത്തും ഞാൻ കണ്ട പട്ടിണിയിലും കഷ്ടപ്പാടിലും കഴിയുന്ന കണക്കില്ലാത്തവരുടെ ഉദാഹരണങ്ങൾ ഹേതുവായി, വസ്തുവകകളെ അസമമായി വിതരണം ചെയ്തിരിക്കുന്നതിനെ സംബന്ധിച്ചു ഞാൻ വിചിന്തനം ചെയ്യാൻ തുടങ്ങി. ഇന്നാട്ടിലെ സ്വത്തൊക്കെ വളരെ ചുരുക്കം കൈകളിൽ കുന്നുകൂടിയിരിക്കയാണ്....ഇവർ ഇന്നാട്ടിലെ പൂക്കളെ വേലക്കാരായി വച്ചിരിക്കുന്നു (ചിലർക്കു 200-ഓളം ഗൃഹജോലിക്കാരുണ്ടാകും)

ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള കൂട്ടർക്കു—പാവങ്ങൾക്കു പണികണ്ടെത്താൻ കഴിയുന്നില്ല. കൃഷിചെയ്യാതെ കിടക്കുന്ന ഒട്ടധികം ഭൂമിയുള്ള ഒരു രാജ്യത്തിൽ ജോലി ചെയ്യാൻ മനസ്സുള്ള നിരവധിയാളുകൾ ഇങ്ങനെ ഭിക്ഷയാചിച്ചു നടക്കുന്നതിൻെറ കാരണമെന്താണെന്ന് ഞാൻ എന്നോടു തന്നെ ചോദിച്ചു.....വസ്തുക്കളെ തികച്ചും സമമായി വിഭജിക്കുകയെന്നതു് അപ്രായോഗികമാണെന്നു ഞാൻ മനസ്സിലാക്കുന്നുണ്ടു്. എന്നാൽ, മനുഷ്യസമൂഹത്തിൻെറ ഭൂരിപക്ഷത്തിനു് ഇത്ര കഷ്ടപ്പാടുകളുണ്ടാക്കുന്ന വസ്തുക്കളുടെ വിഭജനത്തിലുള്ള ഭീമമായ അസമത്വത്തിൻെറ ഫലങ്ങൾ ഇല്ലാതാക്കാനുള്ള മാർഗ്ഗങ്ങൾ നിയമനിർമ്മാതാക്കൾക്കുണ്ടാക്കാൻ കഴിയുമോ. മനുഷ്യനു് ജോലിചെയ്തു ജീവിക്കാൻവേണ്ടി എല്ലാവർക്കുമായി നൽകിയിട്ടുള്ളതാണു് ഭൂമി....കഴിയുന്ന എല്ലാമാർഗ്ഗങ്ങളിലും കൂടി, ആരും തന്നെ ഭൂമിയില്ലാത്തവരായിരിക്കാത്ത ഒരവസ്ഥയുണ്ടാക്കാൻ ശ്രമിക്കേണ്ടിയിരിക്കുന്നു ഒരു രാജ്യത്തിലെ അമൂല്യമായ ഭാഗം ചെറിയ ഭൂവുടമകളാണു്.

അമേരിക്കൻ വിപ്ലവം ഫ്റാൻസിൻെറ മനസ്സിൽ ചലനമുണ്ടാക്കി.

ഡാ. പ്രൈസിനു്, 1789

അമേരിക്കൻ യുദ്ധം ആദ്യമായി ചെയ്തതു്. സ്വേച്ഛാപ്രഭുത്വത്തിൻ കീഴിൽ ഉറങ്ങിക്കിടന്നിരുന്ന രാഷ്ട്രത്തിൻ്റെ

ചിന്തിക്കുന്ന വിഭാഗത്തെ ഉണർത്തിയതായിരുന്നു; അമേരിക്കയിൽ വന്നയുദ്യോഗസ്ഥരിൽ ഭൂരിപക്ഷവും ചെറുപ്പക്കാരായിരുന്നു; ശീലം കൊണ്ടും പക്ഷഭേദബുദ്ധികൊണ്ടും കുറവായിമാത്രം ശൃംഖലാബദ്ധരായിരുന്നു. അതിനാൽ സാമാന്യബുദ്ധിയുടേയും പൊതുവായ അവകാശങ്ങളുടേയും ഹിതത്തിനു് വഴങ്ങാൻ സന്നദ്ധരുമായിരുന്നു ഇതൊക്കെ മനസ്സിൽ പതിഞ്ഞവരായി അവർ മടങ്ങി. നിയന്ത്രണങ്ങളുണ്ടായിരുന്നിട്ടും പത്രങ്ങൾ അവയെ പ്രചരിപ്പിക്കാൻ തുടങ്ങി, സംഭാഷണത്തിലും ഒരു സ്വാതന്ത്ര്യം കണ്ടുതുടങ്ങി എല്ലാസമുദായങ്ങളിലും രാഷ്ട്രീയകാര്യങ്ങൾ ചർച്ചാവിഷയമായി പുരുഷന്മാരും സ്ത്രീകളും ചേർന്നു രാജ്യാഭിമാനകക്ഷിയെന്നു വിളിക്കാവുന്ന ഒരു കക്ഷിയുണ്ടാക്കി അഴിമതി നിറഞ്ഞ തങ്ങളുടെ ഗവൺമെൻറിനെ പുനരുദ്ധരിക്കാനാഗ്രഹിച്ചു, നാട്ടിലെ, ചിന്തിക്കാൻവേണ്ട വിശ്രമാവസരമുള്ള സത്യസന്ധരായ ആളുകളേയും, സാഹിത്യകാരന്മാരേയും സുഖത്തിൽ കഴിയുന്ന ധനികരേയും കുലീനരായ യുവജനങ്ങളേയും ആ കക്ഷിയിൽ ഉൾക്കൊണ്ടു. ചിന്തയുടേയും. തല്ക്കാലം പ്രചാരത്തിൽ വന്ന അഭിപ്രായങ്ങളുടേയും അടിസ്ഥാനത്തിൽ ചെറുപ്പക്കാരികളും ആ കക്ഷിയിൽ ചേർന്നു.

മേസനു്, 2791

ഫ്രാൻസിലെ പുതിയഗവൺമെൻറു് ദൃഢമായി വേരുറപ്പിക്കുന്നതു കാണ്മാൻ എനിക്കു വല്യതായ ഉൽക്കണ്ഠയുണ്ടു്. എന്തുകൊണ്ടെന്നാൽ അതു അവിടെ സംഭവിക്കുകയാണെങ്കിൽ ഇന്നല്ലെങ്കിൽ നാളെ അതു യൂറോപ്പിൽ മുഴവൻ പടരുമെന്നു എനിക്കു ബോദ്ധ്യമായിട്ടുണ്ടു്. പ്രത്യുത അവിടെ ഒരു തടസ്സമുണ്ടായാൽ അന്യരാജ്യങ്ങളിലെ സ്വാതന്ത്ര്യത്തിൻെറ പുനരുജ്ജീവനം മന്ദീഭവിച്ചുപോയേക്കും അവരുടെ ഗവൺമെൻറിൻെറ രൂപവൽകരണവും വിജയവും നമ്മുടെ ഗവൺമെൻറിനെ നിലനിറുത്തുന്നതിനും അതിനെ ഇംഗ്ലീഷ്സംവിധാനത്തെപോലെ വഴിമദ്ധ്യത്തിലെ ഒരു സത്രമായി അധ:പതിക്കാതിരിക്കാനും സഹായിക്കുന്നതാണു്.

ഫ്രഞ്ചുവിപ്ലവം പടരുമെന്നു പ്രതീക്ഷ.

സിൻക്ലെയറിനു്, 791

പാരീസിൽ നിന്നും രാജാവു് ഒളിച്ചോടിയെന്നും അദ്ദേഹത്തിനെ തിരിച്ചുപിടിച്ചുവെന്നും വാർത്തയിതാ കിട്ടിക്കഴിഞ്ഞിരിക്കുന്നു, സുന്ദരമായ ഒരു വിപ്ളവത്തിൻെറ ഉദ്ദേശത്തെ തോല്പിക്കാനുള്ള കഴിവു ഏതെങ്കിലും ഒരു മനുഷ്യനുണ്ടായിരുന്നാൽ അതു നിർഭാഗ്യകരമായിരിക്കും. അതു സംഭവിക്കുകയില്ലെന്നും, ലോകത്തിലെ കഷ്ടപ്പെടുന്ന മനുഷ്യവർഗ്ഗത്തിൻെറ നന്മക്കുവേണ്ടി വിപ്ളവം നിലനിർത്തപ്പെടുമെന്നും ലോകമെങ്ങും പരക്കുമെന്നും ഞാൻ ആഗ്രഹിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു,

വിപ്ളവമുണ്ടായെങ്കിലും ഫ്രാൻസുമായുള്ള സന്ധി

നിൽക്കുന്നതാണു്.

ഐക്യനാടുകൾക്കു ഫ്രാൻസുമായുണ്ടാക്കിയ സന്ധി

തിരസ്കരിക്കുവാൻ അധികാരമുണ്ടോ എന്നതിനെ

പ്പററിയുള്ള അഭിപ്രായം, ഏപ്രിൽ 28. 1793

ഫ്രാൻസിൽ സ്വേഛാധികാരപരമായ ഒരു ഗവൺമെൻറുണ്ടായിരുന്ന കാലത്തു ഐക്യനാടുറിപ്പബ്ളിക്കു് അതുമായി ഒരു സഖ്യമുണ്ടാക്കി, ആ ഗവൺമെററിനെ ഫ്രാൻസു് മാററി. തങ്ങളുടെ ഗവൺമെൻറു് ഒരു ജനായത്തറിപ്പബ്ലിക്കാണെന്നു പ്രഖ്യാപിക്കപ്പെടുന്നു, തികച്ചും സ്വതന്ത്രമായ ഒരു റിപ്പബ്ലിക്കിനെ വിഭാവനം ചെയ്തുകൊണ്ടു്, അതിൻെറ രൂപവൽകരണത്തിനുമുമ്പു് തന്നെ അങ്ങനെ ഭരിച്ചുവരുന്നു. ഇന്നത്തെ രൂപത്തിലുള്ള ഒരു ഗവൺമെൻറായിരുന്നു ഫ്രാൻസിലുണ്ടായിരുന്നതെങ്കിൽ അന്നു നാം അവരുമായി സഖ്യത്തിലേർപ്പെടുമായിരുന്നില്ല എന്നു സത്യമായും പറയാവുന്നതാണെന്ന കാരണത്താൽ ഐക്യനാടുകളുമായുള്ള സഖ്യത്തെ അസാധുവാണെന്നു പ്രഖ്യാപിക്കണമെന്നു അഭിപ്രായപ്പെട്ടിരിക്കുന്നു. ഫ്രാൻസു് ഒരു റിപ്പ

ബ്ലിക്കായിരുന്നുവെങ്കിൽ അതുമായി സഖ്യമുണ്ടാക്കുമായിരുന്നില്ലാ എന്നു സത്യമായി പറയാൻ കഴിയുന്ന അമേരിക്കാക്കാരനാരാണ്? അതിൻെറ മുമ്പിലത്തെ സ്വേച്ഛാപ്രഭുത്വത്തേപ്പോലെ ഒരു റിപ്പബ്ളിക്കു് അരോചകമാണോ?.... ഫ്റാൻസിലെ ഗവൺമെൻറു മാറിയെങ്കിലും സന്ധികൾ ഇന്നും ബന്ധിക്കുന്നതായിരിക്കുമെന്നു പറഞ്ഞു ഞാനവസാനിപ്പിക്കുന്നു.

ബോണപ്പാർട്ട് ഒരു കൂട്ടക്കൊലപാതകി

മദാം ദ്സ്റ്റേലിനു്, 1813

നീതിബോധമുള്ള ഒരു അനന്തരതലമുറ തങ്ങളുടെ മഹാനു് (ബോണപ്പാർട്ടിനു്) അദ്ദേഹം നേടിയെടുത്ത ഏകപ്രാമുഖ്യം- മനുഷ്യവർഗ്ഗത്തെ നശിപ്പിച്ചവരിൽ ഏററവും വലിയവനെന്ന സ്ഥാനം നൽകുന്ന ഒരു ദിനം സമാഗതമാകും. അദ്ദേഹത്തിൻെറ സൈനികജീവിതക്കാലത്തു് ഏതൊരു വർഷത്തിലാണ്, ഒരുപത്തു ലക്ഷം ജനങ്ങളെ മരണത്തിനും പട്ടിണിയ്ക്കും ദാരിദ്ര്യത്തിനുമിരയാക്കാതെയിരുന്നിട്ടുള്ളതു്? യൂറോപ്പിലെ ഏതൊരു നിലത്തിലാണ് അദ്ദേഹം കാരണമാക്കിയ കൊലപാതകങ്ങൾ, തീവെയ്പ്പ്. കെട്ടിടനാശം, ക്ഷാമം, യാതനകൾ എന്നിവയുടെ പേരിൽ സ്മാരകങ്ങൾ നിർമ്മിക്കാതെയിരിക്കാവുന്നതു്?

ഫ്റാൻസ് സ്വതന്ത്രമായിത്തീരും

ബി. ആസ്റ്റിനു് 1816

ഒരു റിപ്പബ്ളിക്കൻ ഭരണാധികാരിയെന്ന നിലയിൽ ബോണപ്പാർട്ടിൽ നിക്ഷിപ്തമായ അധികാരങ്ങളെ ദുരുപയോഗം ചെയ്തു റിപ്പബ്ളിക്കിനെ അട്ടിമറിച്ചു തനിക്കും തൻെറ കുടുംബത്തിനുമായി ഒരു സൈനികസ്വേച്ഛാപ്രഭുത്വസമ്പ്രദായമുണ്ടാക്കാൻവേണ്ടി നരഹത്യാക്കുററങ്ങൾ ചെയ്യുന്നതിനു പകരം ആ അധികാരങ്ങളെ തൻെറ സ്വന്തം രാജ്യത്തിൽ സ്വതന്ത്രമായ ഒരു ഭരണക്രമം സ്ഥാപിക്കുന്നതിനും

നിലനിർത്തുന്നതിനും വേണ്ടി സത്യസന്ധമായി വിനിയോഗിച്ചിരുന്നുവെങ്കിൽ, ഫ്റാൻസ് ഇന്നു സ്വാതന്ത്ര്യത്തിലും, വിശ്രമത്തിലും വിലസമായിരുന്നു; ജനങ്ങളുടെ അഭിപ്രായങ്ങൾക്കു കുറെ നിയന്ത്രിക്കാവുന്ന തരത്തിലുള്ള ഗവൺമെൻറുകൾ യൂറോപ്പിലെ ഓരോ രാജ്യത്തിലുമുണ്ടാവുകയും ചെയ്യുമായിരുന്നു. അദ്ദേഹത്തിൻെറ ക്രൂരമായ അഹന്ത ആദർശങ്ങളുടെ ശ്രേയസ്കരമായ പുരോഗതിയെ തടഞ്ഞു നിർത്തുകയും രാജ്യത്തെ ഇതേവരെ ഒഴുകിയൊഴിയാത്ത രക്തപ്പുഴയിൽ മുക്കുകയും ചെയ്തു. അദ്ദേഹം വരുത്തിവച്ച ധൻനാശം, മനുഷ്യയാതന എന്നിവയുടെ കൂടെ വളരെച്ചേർക്കാനുണ്ട്. എന്നാൽ രാഷ്ട്രങ്ങളുടെ കൺമുമ്പിൽ ഒരു ലക്ഷ്യം വച്ചുകഴിഞ്ഞിരിക്കുന്നു; അതിൻ്റെ പ്രാപ്തിക്കുവേണ്ടിയും മനുഷ്യൻെറ നില സംപുഷ്ടമാക്കുന്നതിനും വേണ്ടിയും അവ പ്രവർത്തിക്കുകയും ചെയ്യും. എന്തൊരു കുരുന്നിനെയാണ്. നാം നട്ടിരിക്കുന്നതു്, അതിൻെറ തായ്മരത്തെ നാമിവയുടെ എത്ര ആത്മാർത്ഥമായിവേണം പുലർത്തേണ്ടതു്?

## V തെക്കെ അമേരിക്ക

ഈശ്വരൻ അവരെ വിമോചിപ്പിക്കട്ടെ!

കോസിയുസ്കോവിന്നു്, 1811

അതേ ഗോളാർദ്ധത്തിൽ തന്നെ തൻെറ മർദ്ദകൻെറ ചങ്ങലകളെ പൊട്ടിച്ചുകൊണ്ടു് ഒരു മനുഷ്യൻ ശക്തിമാനായി ഉയിർന്നെഴുന്നേൽക്കുന്ന മാതൃക കണ്ടാലും! പലസംസ്ഥാനങ്ങളിലും വിപ്ലവകാരികൾ വിജയം നേടിക്കഴിഞ്ഞിരിക്കുന്നു, എല്ലാററിലും അതു സംഭവിക്കുകയും ചെയ്യും. പക്ഷേ അവിടങ്ങളിലെ ആപത്തു മർദ്ദകരുടെ ക്രൂരമായ കലാവൈഭവത്താൽ മർദ്ദിതരുടെ മനസ്സുകളിൽ ചങ്ങലകെട്ടുകയും അവരെ ശിശുസഹജമായ അജ്ഞതയിൽ ആഴ്ത്തിവെയ്ക്കുകയും ചെയ്തിരുന്നതിനാൽ അവർ കുഞ്ഞുങ്ങളെപ്പോ

ലെ സ്വയംഭരണത്തിന്ന് അശക്തരാണെന്നതാകുന്നു, മത ഭ്രാന്തിനേയും പുരോഹിതരുടെ കുത്സിതവൃത്തികളുടെ തട സ്സങ്ങളേയും കടന്നു ചാടാമെങ്കിൽ മററെല്ലാററിനും സാമാ ന്യബുദ്ധി പര്യപ്തമായിത്തീരുമെന്നു നമുക്കാശിക്കാം, ഈ ശ്വരൻ അവരെ വിമോചിപ്പിക്കട്ടെ.

ലെക്കെ അമേരിക്കൻ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള പ്രത്യാശ

ലാഫയെത്തിന്ന്. 1813

ലെക്കെ അമേരിക്കയുടെ സ്വാതന്ത്ര്യലബ്ധിക്കായുള്ള ആശംസയിൽ ഞാനും ആത്മാർത്ഥമായി പങ്കു ചേരുന്നു. വിദേ ശാധിപത്യത്തിൽ നിന്നും അവർ വിമോചിതരായിത്തീരുമെ ന്നതിനെക്കുറിച്ച് എനിക്ക് യാതൊരു സംശയവുമില്ല എന്നാൽ എന്റെ അന്വേഷണങ്ങളുടെ ഫലം, അവരെ സ്വതന്ത്രമായ ഒരു ഗവൺമെൻറിനെ നടത്തിക്കൊണ്ടുപോകാൻ കഴിവു ള്ളവരാണെന്നു പറയാൻ അനുവദിക്കുന്നില്ല. അവിടത്തെ ജനങ്ങൾ ഏററവും തമോമയമായ അജ്ഞതയിൽ, മത ഭ്രാന്തിനാലും അന്ധവിശ്വാസത്താലും മൃഗീയമാക്കപ്പെട്ട നി ലയിൽ മുങ്ങിക്കഴിയുകയാണു്, അവരുടെ പുരോഹിതന്മാർ ക്കു ഇഷ്ടംപോലെ അവരെ എന്തുവേണമെങ്കിലുമാക്കാം: അ വർക്കു കഴിവുള്ളവരായ ചില നേതാക്കന്മാരുണ്ടെങ്കിലും അവരുടെ സൂക്ഷിപ്പിലുള്ളതിനെ ശരിയായി പാലിക്കണ മെങ്കിൽ ജനങ്ങളിലെല്ലാവർക്കും ബുദ്ധിയുണ്ടാകണമല്ലോ. അതുകൊണ്ടു അവരുടെ യത്നങ്ങൾ, പല പ്രവിശ്യകളിലും സൈനികദുർഭരണത്തിന്ന് വഴിതെളിയ്ക്കുമെന്നു ഞാൻ ഭയ പ്പെടുന്നു. അവർക്കെല്ലാമായി ഒരു കൂട്ടരാഷ്ട്രസമ്പ്രദായം സാദ്ധ്യമാവുകയില്ല. രാജാക്കന്മാരെ വച്ചുകൊണ്ടു റിപ്പബ്ലി ക്കും സാദ്ധ്യമല്ലല്ലോ. എന്നാൽ അവർ തമ്മിൽ ഭാവിയിലു ണ്ടായേക്കാവുന്ന യുദ്ധങ്ങളും ശണ്ഠകളും, ജനങ്ങളെ അറി വുള്ളവരും കർമ്മോത്സുകരുമാക്കിത്തീർക്കാൻ നിർബന്ധി ക്കുന്നുണ്ടാവും. അവരുടെ മനസ്സിൽ ഒടുവിൽ വെളിച്ചം വീശുകയും, നാം ഉയർത്തിപ്പിടിക്കുന്ന മാതൃക അവരെ സ്വ

യം ഭരണത്തിനു് യോഗ്യരാക്കിത്തീർക്കുകയും ചെയ്യും. അവരെപ്പററി ഏററവും കൂടുതലായി പ്രതീക്ഷിക്കാവുന്നതു ഇത്ര മാത്രമാണു്. കാപട്യത്തിനെതിരായി അജ്ഞതയ്ക്കു നിലനില്ക്കുവാൻ സാധിക്കുക എന്നതു് പ്രകൃത്യാതന്നെ അസാദ്ധ്യമാണെന്നു് ഞാൻ അഭിപ്രായപ്പെടുന്നു,

യൂറോപ്പിനെ അമേരിക്കൻ ഗോളാർദ്ധത്തിനു് പുറത്തു
നിറുത്തുക.

ഡാ: ക്രാഫോർഡിനു്, 1812

ഭൂഗോളത്തിലെ മററു പ്രദേശങ്ങളെ നിശ്ചലമായ ശാന്തിയിൽ വിട്ടുകൊടുക്കത്തക്കവണ്ണം യൂറോപ്പിലെ ശക്തികൾ, തങ്ങളുടെ സ്വന്തം ഭദ്രതയ്ക്കുവേണ്ടി തങ്ങളുടെ സേനകളെ അവരുടെ രാജ്യങ്ങളിൽത്തന്നെ സൂക്ഷിക്കത്തക്കവിധത്തിൽ അവർ തമ്മിൽ സമരങ്ങളുണ്ടാകട്ടെ എന്നു നാം പ്രത്യേകമായി പ്രാത്ഥിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ഗോളാർദ്ധത്തെസംബന്ധിച്ചു് നിയമം നിശ്ചയിക്കത്തക്കവണ്ണം നാം ശക്തരായിത്തീരുമ്പോൾ, യുദ്ധത്തിനും സമാധാനത്തിനുമിടയ്ക്കുള്ള അതിർത്തിരേഖ, മദ്ധ്യ അററ്ലാൻറിക്കിലെ ദിനമദ്ധ്യരേഖയാകേണ്ടതാണു്. അതിനിപ്പുറം ശത്രുതയുടെ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടക്കാൻ പാടില്ല, സിംഹവും ആട്ടുംകുട്ടി സമാധാനമായി ചേർന്നുകിടക്കും.

ഫോൺഹംബോൾട്ടിനു്. 1813

സ്വതന്ത്രമായ ഒരു ഗവൺമെൻറു് നിലനിർത്തുവാൻ പുരോഹിതവർഗ്ഗത്തിൻെറ ചൊൽപ്പടിയിൽ നിൽക്കുന്ന ഒരു ജനതയ്ക്കു സാദ്ധ്യമായെന്നതിനു് ചരിത്രം ഒരുദാഹരണവും കാണിക്കുന്നില്ലെന്നു ഞാൻ വിശ്വസിക്കുന്നു.........ന്യൂസ്പെയിനും ഐക്യനാടുകളുമായുള്ള സാമീപ്യവും തൽഫലമായി അവർ തമ്മിലുള്ള സംസർഗ്ഗവും പൗരന്മാരിൽ ഉന്നതന്മാർക്കു ഒരു പരിശീലനകേന്ദ്രമായും താഴ്ന്നവർക്കു

ഒരു മാതൃകയുമായിത്തീരാം. തെക്കൻ പ്രവിശ്യകളെ അപേക്ഷിച്ചു മെക്സിക്കോ കൂടുതൽ മെച്ചമായ രീതിയിൽ സ്വയം വിപ്ലവവിധേയമാവുകയും ചെയ്തേക്കാം, ഞാൻ ഭയപ്പെടുന്നതു്; ഈ പ്രവിശ്യകൾ പട്ടാളഭരണത്തിലെത്തിച്ചേരുമെന്നാണു്, അവിടത്തെ ആളുകൾ തമ്മിലുള്ള വ്യത്യാസങ്ങളും, പരസ്പരമുള്ള വൈരവും, അസൂയയും തികഞ്ഞ അജ്ഞതയും മതഭ്രാന്തും കുടിലന്മാരായ നേതാക്കന്മാർക്കു എളുപ്പത്തിൽ മുതലെടുത്തു് അവരെ അടിമകളാക്കിത്തീർക്കാവുന്നതരത്തിലുള്ളതുമാണു്......പക്ഷെ അവർ ഏതൊരുതരത്തിലുള്ള ഭരണകൂടമുണ്ടാക്കിയാലും, യൂറോപ്പിലെ ഒരിക്കലുമൊടുങ്ങാത്ത കലഹങ്ങളിൽ കുടുങ്ങാൻ സാദ്ധ്യമല്ലാത്ത തരത്തിലുള്ള അമേരിക്കൻ ഗവൺമെൻറുകൾ തന്നെയായിരിക്കും.

യൂറോപ്യൻ രാഷ്ട്രങ്ങൾ ഭൂഗോളത്തിൻെറ ഒരു പ്രത്യേകവിഭാഗത്തുള്ളവയാണു്, അവയുടെ സ്ഥാനം ഒരു പ്രത്യേകവ്യവസ്ഥിതിയിൽ അവയെ ഭാഗഭാക്കുകളാക്കുന്നു. അവർക്കു പ്രത്യേകമായ താൽപര്യങ്ങളുമുണ്ടു. അതിലൊന്നും ഇടപെടാതെ നോക്കേണ്ടതു നമ്മുടെ ചുമതലയാകുന്നു. അമേരിക്കയ്ക്കാണെങ്കിൽ ഒരു ഗോളാർദ്ധം സ്വന്തമായുണ്ടു്. അതിനു് യൂറോപ്പിലെ താൽപര്യങ്ങൾക്കു് കീഴമരുവാൻ പാടില്ലാത്തതരത്തിലുള്ള പ്രത്യേകതാൽപര്യങ്ങൾ ഉണ്ടായിരിക്കണം, അമേരിക്കൻ ഭൂഖണ്ഡത്തെ പ്രകൃതി തന്നെ വേർതിരിച്ചുവച്ചിരിക്കുന്ന സാഹചര്യം അന്യപ്രദേശങ്ങളിൽ കത്തിപ്പിടിക്കുന്ന യുദ്ധത്തിൻെറ അഗ്നിസ്ഫുലിംഗം അവരെനാമുമായി വേർതിരിക്കുന്ന വിസ്തൃതമായ സമുദ്രപ്പരപ്പുകടന്നു ഇങ്ങോട്ടു വീശിവരാൻ ഇട നൽകാതെയിരിക്കേണ്ടതാണു്. അതു അങ്ങനെയായിരിക്കുകയും ചെയ്യും, ഒരമ്പതു വർഷങ്ങൾകൊണ്ടു ഐക്യനാടുകളിൽ മാത്രമായി അഞ്ചു കോടി ജനങ്ങളുണ്ടായിത്തീരും. * അമ്പതുവർഷം എളുപ്പത്തിൽ കഴിയുകയും ചെയ്യും,

* ജെഫേഴ്സൻെറ ദീർഘദർശനം ഏതാണ്ടു് ശരിയായിവന്നു. ഐക്യനാടുകളിൽ 1870-ൽ 40·000,000, ആളുകളോളമുണ്ടായിരുന്നി 1880-ൽ 50,000,000, ഉം 1920-ൽ120,000,000,-ത്തിലധികവും;

എല്ലാ അമേരിക്കയുടേയും കാതലായ ഐക്യം

ഒരു സ്നേഹിതന്—?18 0.

ന്യൂയാർക്ക പബ്ലിക്ക, ലൈബ്രറി മാനുസ്ക്രിപ്റ്റ് IV 490

എല്ലാ അമേരിക്കൻ രാഷ്ട്രങ്ങളും തമ്മിൽ ഹാർദ്ദമായ ഒരു സൗഭ്രാത്രീകരണവും, യൂറോപ്പിൻെറ നയ സമ്പ്രദായവുമായി ബന്ധമില്ലാത്തതും അതിൽനിന്നും പൂർണ്ണമായും സ്വാതന്ത്ര്യവുമായ ഒരു നയരൂപവൽകരണത്തിന് വേണ്ടി അവതങ്ങളിലുള്ള ഒരു ഒന്നുചേരലും ഉണ്ടാകണമെന്നു ഞാൻ ആഗ്രഹിക്കുന്നു. രണ്ടുഗോളാർദ്ധങ്ങളേയും തമ്മിൽ വിഭജിക്കുന്നതിന് സമുദ്രമദ്ധ്യത്തിൽ ഒരു വിഭജനരേഖ വേണമെന്നു നാം ഔപചാരികമായി ആവശ്യപ്പെടുന്നകാലം വിദൂരത്തിലല്ല; അതിൻെറ ഇപ്പുറത്തു യൂറോപ്പിലെ ഒരു കാററും വീശുവാൻപാടില്ല, അമേരിക്കൻ കാററ് അതിന്റെ അപ്പുറത്തേക്കടിക്കാനും പാടില്ല തദ്ഫലമായി നമ്മുടെ നാട്ടിലെ സിംഹവും ആട്ടിൻകുട്ടിയും സമാധാനമായി ഒന്നുചേർന്നുകിടക്കും. യൂറോപ്പിലെ ജനപ്പെരുപ്പവും ഭൂപരിമിതിയുമാണ് യുദ്ധത്തിന് കാരണമാകുന്നതെന്നാണ് അവർ അഭിപ്രായപ്പെടുന്നതു്; അങ്ങനെയാണ് ജനസംഖ്യയുടെ വർദ്ധനവിനെ തടയുന്നതു്. ഇവിടെ ഭൂമി വളരെയുണ്ടു്; ജനസംഖ്യകുറവാണ്. പിന്നെ, ജീവിതസൗകര്യങ്ങളും സന്തോഷവും നല്കുന്ന മണ്ണിൽ കൃഷിചെയ്യുന്ന മനുഷ്യരെയുല്ലാദിപ്പിക്കുന്നതിനാവശ്യമായ സമാധാനവും സമൂഹത്തെ സംബന്ധിക്കുന്ന തത്വങ്ങൾ അവിടേയും ഇവിടേയും മൗലികമായിത്തന്നെ വിഭിന്നങ്ങളാണ്. അമേരിക്കയിലെ ഒരൊററ രാജ്യസ്നേഹിപോലും, യൂറോപ്പിലെ ക്രൂരവും നരഹത്യാപരവുമായ സമരങ്ങൾ രണ്ടു അമേരിക്കകളുടേയും കരകളിലും കടലുകളിലും കടന്നു നിവേശിക്കുന്നതിനെ തടയണമെന്ന പ്രധാനതത്വം ഒരിക്കലും മറന്നുപോവുകയില്ലെന്നു ഞാൻ പ്രതീക്ഷിക്കുന്നു. ബ്രസീലിൻേറയും ഐക്യനാടുകളുടേയും കപ്പൽസേനകൾ ഒരു കുടുംബത്തിലെ സഹോദരങ്ങളെപ്പോലെ ഒരേ താൽപര്യമുള്ളവരായി നീങ്ങുന്നതു കണ്ടാൽ എനിക്കു ആഹ്ലാദകരമായിരിക്കും.

## ഐക്യനാട്ടുകൾ സ്പാനിഷ് പ്രവിശ്യകളെ കൈയ്യടക്കണമോ?

പ്രസിഡൻറു് മൺറോവിനു്. 1823

എന്നാൽ നമുക്കു ആദ്യമായി നമ്മോടു തന്നെ ഒരു ചോദ്യം ചോദിക്കേണ്ടതുണ്ടു്. സ്പെയിനിൻെറ പ്രവിശ്യകളിൽ ഏതിനെയെങ്കിലും നമ്മുടേതുമായി കൂട്ടിച്ചേർക്കുവാൻ നാം ആഗ്രഹിക്കുമോ? നമ്മുടെ സംസ്ഥാനപ്രദേശങ്ങളോടു ക്യൂബായെ കൂട്ടിച്ചേർക്കുകയാണെങ്കിൽ അതു നന്നായിരിക്കുമെന്നു എനിക്കു എന്നെന്നും തോന്നിയിട്ടുണ്ടെന്നു ഞാൻ ആത്മാർത്ഥമായി സമ്മതിക്കുന്നു. നമ്മുടെ രാഷ്ട്രീയമായ സുരക്ഷിതത്വത്തിനു് മെക്സിക്കൻ ഉൾക്കടൽ, അതിൻെറ ചുററുമുള്ള പ്രദേശങ്ങൾ, അതിൽ ഒഴുകി വീഴുന്നജലം എന്നിവയെ നിയന്ത്രിക്കുന്നതിനു് ഈ ദ്വീപ് ഫ്ളോറിഡാ മുനമ്പോടുകൂടിച്ചേർന്നാൽ വളരെ സഹായകമായിരിക്കും. എന്നിരുന്നാലും ഒരു യുദ്ധം മുഖാന്തരമല്ലാതെ, അതിൻെറ സമ്മതത്തോടുകൂടി അതൊരിക്കലും ലഭ്യമാവുകയില്ലെന്നു എനിക്കുബോദ്ധ്യമുണ്ടു്; നമ്മുടെ രണ്ടാമത്തെ താൽപര്യമായ അതിൻെറ അനാശ്രയത്വം, (പ്രത്യേകിച്ചു ഇംഗ്ലണ്ടിനോടുള്ള അനാശ്രയത്വം) യുദ്ധം കൂടാതെ തന്നെ നിലനിർത്താവുന്നതാകയാൽ, ഭാവിയിലുണ്ടായേക്കാവുന്ന സംഭാവ്യതകൾക്കുവേണ്ടി വഴിവിട്ടുകൊണ്ടു യുദ്ധവും ശത്രുതയുമുണ്ടാക്കി അതിൻെറ കൂട്ടുകെട്ടുണ്ടാക്കുന്നതിനുപകരം ഇംഗ്ലണ്ടിനോടു സമാധാനവും സ്നേഹവും പുലർത്തിക്കൊണ്ടു്, അതിൻെറ അനാശ്രയത്വത്തെ അംഗീകരിച്ചുകൊണ്ടു്, എൻെറ ഒന്നാമത്തെ ആഗ്രഹത്തെ ഉപേക്ഷിക്കുവാൻ എനിക്കു ഒരു സന്ദേഹവുമില്ല.

# അനുബന്ധം I

## തത്ത്വങ്ങളും സിദ്ധാന്തങ്ങളും

ജെഫേഴ്സന്റെ ആദർശങ്ങൾ ഒരു സ്വതന്ത്രസമുദായത്തിന്റെ നിർവചനങ്ങളും തത്ത്വങ്ങളുമാകുന്നു

എബ്രഹാം ലിങ്കൺ 1859

## വിദ്യാഭ്യാസം

മർത്ത്യവർഗ്ഗത്തിന്റെയിടയിൽ വിജ്ഞാനത്തിന്റെ പ്രചാരണത്തെ എന്നേക്കാൾ ആത്മാർത്ഥമായി ആഗ്രഹിക്കുന്നതായി ആരുമില്ല, സ്വതന്ത്രവും നല്ലതുമായ ഒരു ഗവൺമെൻറിനെ പിൻതാങ്ങി നിർത്താൻ അതിനുള്ള കഴിവിൽ മററാർക്കും എന്നെക്കാൾ കൂടുതൽ വിശ്വാസവുമില്ല.

(ഹ്യൂ എൽ, വൈററ് മുതലായവർക്ക് 1810)

ഒരു രാഷ്ട്രം, പരിഷ്കാരത്തിന്റെ കാലഘട്ടത്തിൽ അജ്ഞതയിലും സ്വാതന്ത്ര്യത്തിലും കഴിയാമെന്നു പ്രതീക്ഷിക്കുന്നുവെങ്കിൽ ഒരിക്കലും ഉണ്ടായിരുന്നിട്ടില്ലാത്തതും ഒരിക്കലുമുണ്ടാകാത്തതുമായ ഒന്നിനെ പ്രതീക്ഷിക്കുകയായിരിക്കും, (കേണൽയാൻസിസ്സ് 182 ).

കള്ളിയും കട്ടാരയും ഒരിക്കലും മുന്തിരിയും ഒലീവുമായി മാറുകയില്ല; പക്ഷേ സംസ്കരണം കൊണ്ടു അവയുടെ രൂക്ഷതയെ മയപ്പെടുത്താൻ കഴിഞ്ഞെന്നുവരാം, അവയുടെ ഗുണങ്ങളെ ഉപയോഗയോഗ്യമാക്കാൻ കഴിഞ്ഞെന്നും വരാം. ....വിദ്യയുടെ അനുഗ്രഹം മാനവസമുദായത്തിനു് മുഴുവനും ലഭ്യമാകുവാൻ വേണ്ടിയുള്ള ഇന്നത്തെ ആഗ്രഹത്തിൽ മനുഷ്യവർഗ്ഗത്തിന്റെ ഐശ്വര്യത്തിന്റെ സാദ്ധ്യത ഞാൻ കാണുന്നു. (കാർണീലിയസ് സി. ബ്ലോച്ചിസ്സ്, 1822)

## സമത്വം

ഇവിടെ കുടിയേറിയ നമ്മുടെ പൂർവ്വികന്മാർ തൊഴിലാളികളായിരുന്നു, നിയമജ്ഞന്മാരായിരുന്നില്ല.

(ബ്രിട്ടീഷ് അമേരിക്കയുടെ അവകാശങ്ങൾ, 1774)

സമുദായത്തിനു് നന്മവരുത്തുന്നതിനേക്കാൾ ദോഷവും ആപത്തുമാണു് ധനികരുടെ പ്രഭുവർഗ്ഗം ഉണ്ടാക്കുന്നതു്.

ആത്മകഥ. (1821)

മനുഷ്യരുടെയിടയിൽ പ്രകൃത്യാതന്നെ ഒരു പ്രഭുവർഗ്ഗമുണ്ടു്. ഇതിൻെറ മാനദണ്ഡം സദ്ഗുണങ്ങളും കഴിവുകളുമാകുന്നു...... സമുദായത്തിൻെറ ശിക്ഷണത്തിനും വിശ്വാസത്തിനും ഭരണത്തിനും പ്രകൃതിനൽകിയിട്ടുള്ള ഏററവും അമൂല്യമായ അനുഗ്രഹം ഈ പ്രഭുവർഗ്ഗമാണെന്നു ഞാൻ കരുതുന്നു. (ആഡംസിനു്, 1813

എല്ലാമനുഷ്യരേയും സമന്മാരായാണു് സൃഷ്ടിച്ചിരിക്കുന്നതെന്നും, അവർ തങ്ങളുടെ സ്രഷ്ടാവിനാൽ സഹജവും അന്യാധീനം ചെയ്യപ്പെടാവുന്നവയല്ലാത്തതുമായ അധികാരങ്ങളാൽ അനുഗ്രഹീതരാണെന്നും, ജീവൻ, സ്വാതന്ത്ര്യം, സുഖാന്വേഷണം എന്നിവ അവയിലുൾപ്പെട്ടന്നതാണെന്നുമുള്ള യാഥാർത്ഥ്യങ്ങൾ സ്വയം സ്പഷ്ടമാണെന്നും ഞങ്ങൾ പ്രഖ്യാപിക്കുന്നു (സ്വാതന്ത്ര്യപ്രഖ്യാപനം 1776)

മനുഷ്യരെ അവരുടെ സ്വഭാവമനുസരിച്ചു് രണ്ടു കക്ഷികളായിതിരിക്കാം. ജനങ്ങളെ അവിശ്വസിക്കുകയും ഭയപ്പെടുകയും ചെയ്യുന്നവർ......ജനങ്ങളെ അനന്യരായി കരുതി അവരിൽ വിശ്വാസമർപ്പിച്ചു്, പൊതുതാൽപര്യങ്ങളുടെ സുരക്ഷിതമായ സൂക്ഷിപ്പുസ്ഥാനമെന്നും അവരെ സത്യസന്ധരെന്നും കരുതുന്നവർ... എച്ച്ു് ലീയ്ക്കു് 1824)

തൻെറ കുടുംബത്തിൻെറ പേരിൽ പ്രാധാന്യം അവകാശപ്പെട്ടുകൊണ്ടും ജോലിചെയ്യാൻ കൂട്ടാക്കാതെ കഷ്ടപ്പെട്ടു കാലം കഴിക്കുന്ന അശരണരായ പാവങ്ങളുടെ പാവ

നസ്വത്തായ, പ്രയത്നഫലം അനുഭവിച്ചു കഴിയുന്ന ഒരു മടിയനേക്കാൾ മനുഷ്യരുടെ ശ്രേണിയിൽ പ്രമുഖസ്ഥാനം വഹിക്കുന്നതു് ഒരു അദ്ധ്വാനിയായ കർഷകനാണു്.

(ദെ മ്യൂണിയെർക്കു്, 1786)

ഓരോ മനുഷ്യനോടും "നീ എന്റെ സഹോദരനാണു" എന്നു പറയാനും ഐക്യത്തിന്റെയും സ്നേഹത്തിന്റെയും ഹസ്തം നീട്ടിക്കൊടുക്കാനും ഞാൻ തയ്യാറാണു്.

(ബ്രെസറിനു് 1819: ന്യൂയാർക്കു് പബ്ളിക്കു് ലൈബ്രറി മാനുസ്ക്രിപ്റ്റു് V 141)

## വിദേശകാര്യങ്ങൾ

നമ്മുടെ ആപ്തവാക്യം എല്ലാ രാഷ്ട്രങ്ങളുമായി വാണിജ്യം നടത്തണമെന്നും ആരുമായി കൂട്ടുകെട്ടു പാടില്ലെന്നുമാണു്.

(ലോമാക്സിനു് 1799)

(യൂറോപ്പിലെ കലഹങ്ങളിൽ, പുതിയ ഉടമ്പടികളിലേർപ്പെട്ട ഭാഗഭാക്കാകാനോ, അവരുടെ തുലനസ്ഥിതി നിലനിർത്താൻ വേണ്ടി കശാപ്പുനിലത്തു് പ്രവേശിക്കാനോ, സ്വാതന്ത്ര്യത്തിന്റെ തത്വങ്ങൾക്കെതിരായി യുദ്ധം ചെയ്യുന്ന രാജാക്കന്മാരുടെ കൂട്ടുകെട്ടിൽ ചേരാനോ ഞാനില്ല.

(എൽബ്രിഡ്ജു് ജെറിസ്സു്. 1799)

അമേരിക്കൻ ഭൂഖണ്ഡത്തെ പ്രകൃതി തന്നെ വേർതിരിച്ചു വച്ചിരിക്കുന്ന സാഹചര്യം, അന്യപ്രദേശങ്ങളിൽ കത്തിപ്പിടിക്കുന്ന യുദ്ധത്തിന്റെ അഗ്നിസ്ഫുലിംഗങ്ങളെ, അവയെ നാമുമായി വേർതിരിക്കുന്ന വിസ്തൃതസമുദ്രം കടന്നുവരാതിരിക്കാൻ കാരണമാകുന്നു.

ബാരൺ ഫാൺ ഹംബോൾട്ടിനു്, 1813

നമ്മുടെ ഏറ്റവും ബുദ്ധിപൂർവ്വമായ നയം മനുഷ്യലോകവുമായി സമാധാനത്തിലും സൗഹൃദത്തിലും കഴിയുകയെന്നതാണു്.

ഡ്യൂമാസ്സ്, 1786

എല്ലാരാഷ്ട്രങ്ങളുമായി സമാധാനവും വാണിജ്യവും സത്യസന്ധമായ സൗഹൃദവും—കരുക്കിലാക്കുന്ന യാതൊരു ബന്ധവും ആരുമായും പാടില്ലെന്നും.

ഒന്നാം ഇനാഗറൽ, 1801

## നിയമവും സംവിധാനവും

നിയമങ്ങളുടെ പ്രവർത്തനം അവയുടെ നിർമ്മാണത്തേക്കാൾ കൂടുതൽ പ്രധാനപ്പെട്ടതാണ്,

ആർനൌദിനു്, 1789

ഒരു സമൂഹത്തിനും ഒരു ശാശ്വതസംവിധാനം ഉണ്ടാക്കാവുന്നതല്ല; ശാശ്വതമായ നിയമം പോലും.

മാഡിസനു്. 1789

ഇന്നത്തെ രൂപത്തിൽ, ആ യന്ത്രം (ഭരണഘടന) എന്റെ ജീവിതാന്ത്യംവരെ നിലനിന്നേക്കും; അതിനുശേഷം വരുന്നവർ, തങ്ങളുടെ ആവശ്യത്തിനു് അതിനെയെങ്ങനെയാണ് അററകുററം തീർത്തുകേണ്ടതെന്ന കണ്ടെത്തിക്കൊള്ളും.

പ്ലെസൻററ്സിനു്, 1821

ഐക്യനാടുകളിലെ ഭരണഘടന നമ്മുടെ രാജ്യത്തിലെ സഞ്ചിത വിജ്ഞാനത്തിന്റെ ഫലമാണ്.

എ. മാർഷിനു്, 1801, ന്യൂയാർക്ക് പബ്ലിക്ക് ലൈബ്രറി മാനുസ്ക്രിപ്ററ്, II 84

ലിഖിതസംവിധാനങ്ങൾ വികാരങ്ങളുടേയും മിഥ്യാബോധങ്ങളുടേയും നിമിഷങ്ങളിൽ ഉല്ലംഘിക്കപ്പെടാമെന്നിരിക്കിലും ശ്രദ്ധാലുക്കളായവർക്ക് ജനങ്ങളെ ആഹ്വാനം ചെയ്യാനും അണിനിരത്താനും പര്യാപ്തമാകുന്ന ഒരു

മൂലവാക്യത്തെ അതുനൽകുന്നുണ്ട്. കൂടാതെ ജനങ്ങൾക്കു വേണ്ടി അവരുടെ രാഷ്ട്രീയ സിദ്ധാന്തങ്ങളെ അവ തിരെച്ചുനിർത്തുകയും ചെയ്യുന്നു,

ഡാ; പ്രീസ്റ്റ്'ലിസ്ല, 1802

ഐക്യനാടുകളുടെ ഭരണഘടന, അത്തരം സന്ദർഭങ്ങളിൽ അംഗീകൃതമായിട്ടുള്ള നിബന്ധനകൾക്ക് വിധേയമായുള്ള സ്വതന്ത്രരാഷ്ട്രങ്ങളുടെ ഒരു കൂട്ടുകെട്ടാണ്.

എഡ്വർഡ് എവരെററിനു്, 1826

## സ്വാതന്ത്ര്യം

നമുക്കു ജീവൻ പ്രദാനംചെയ്ത ഈശ്വരൻ അതോടൊപ്പം തന്നെ നമുക്കു സ്വാതന്ത്ര്യവും നൽകി; അതിനെ ബലപ്രയോഗത്തിൻെറ കൈയുകൾക്കു നശിപ്പിക്കാൻ കഴിഞ്ഞേക്കും. എന്നാൽ അവയെ വിഘടിപ്പിക്കാൻ സാദ്ധ്യമല്ല.

സ്വതന്ത്രവും, ആ നിലയിൽ തുടരുവാൻ ആഗ്രഹിക്കുന്നതുമായ ഒരു ജനതയെ സംരക്ഷിച്ചു നിർത്തുന്നതു സുസംഘടിതവും ആയുധമേന്തിയതുമായ ഒരു സേനയാകുന്നു.

എട്ടാംവാർഷിക സന്ദേശം, 1808

ഒരു നാവികസേനയ്ക്കു നമ്മുടെ സ്വാതന്ത്ര്യത്തെ അപകടപ്പെടുത്താനോ രക്തച്ചൊരിച്ചിലുണ്ടാക്കാനോ സാദ്ധ്യമല്ല, ഒരു കരസേനയ്ക്കു് രണ്ടും കഴിഞ്ഞേക്കും.

മണ്ടേ'റായാക്ക്, 1786

അധികമായ സ്വാതന്ത്ര്യം ഇടവരുത്തുന്നവയേക്കാൾ കുറഞ്ഞതോതിലുള്ള സ്വാതന്ത്ര്യം ഇടവരുത്തുന്ന അസൗകര്യങ്ങൾക്കു ഞാൻ വിധേയനായിക്കൊള്ളാം.

ഏ. സ്റ്റുവാർട്ടിനു്. 1791

എൻെറ പരിപാടികളിൽ എനിക്കു അബദ്ധംപററിയേക്കാം, എന്നാൽ പ്രായോഗികമായ എല്ലാമാർഗ്ഗങ്ങളുമുപ

യോഗിച്ച് പൊതു സ്വാതന്ത്ര്യത്തെ ബലപ്പെടുത്തുകയും, ഭൂരിപക്ഷത്തിന്റെ പ്രയത്നഫലം കൊണ്ടു ധൂർത്തടിക്കുന്ന ന്യൂനപക്ഷത്തിന്റെ കൈകളിൽ നിന്നും അതിനെ എടുത്തുകളയുകയും ചെയ്യണമെന്ന എന്റെ നിശ്ചയത്തിൽ നിന്നും ഞാനൊരു ക്ഷണവും വ്യതിചലിക്കുന്നതല്ല.

ജഡ്ജ് റെറലറിന്, 1804, ന്യൂയോർക്ക് പബ്ലിക്ക് ലൈബ്രറി മാനുസ്ക്രിപ്റ്റ് III, 33

ഇന്നു വേഗത്തിൽ നീങ്ങിക്കൊണ്ടിരിക്കുന്ന സ്വാതന്ത്ര്യത്തിന്റെ ഈ ഗോളം, ഭൂഗോളത്തെച്ചുററി, ഇങ്ങേയററം അതിലെ പ്രബുദ്ധമായ ഭാഗത്തെച്ചുററി, അറിവും സ്വാതന്ത്ര്യവും ഒത്തുചേരുന്നതിലേക്കായി ഉരുളുമാറാകട്ടെ എന്നു് ഞാൻ ഭക്തിപൂർവം ആശംസിക്കുന്നു.

ററി. കോക്സ്സിന്, 1795

ഗവൺമെൻറിന് നിഷ്ഫലമായി മാത്രം വിട്ടുകൊടുക്കാവുന്ന ചില അവകാശങ്ങളുണ്ടു്; എന്നിരുന്നാലും അവയെ കൈയ്യടക്കാൻ ഗവൺമെൻറുകൾ എന്നെന്നും ശ്രമിച്ചുകൊണ്ടിരിക്കുന്നതായി കാണുന്നു. ചിന്തിക്കുകയും, നമ്മുടെ ചിന്തകളെ വാഗ്രൂപമായോ രേഖാമൂലമായോ പ്രകടിപ്പിക്കുകയും ചെയ്യുന്നതിനുള്ള അവകാശങ്ങളും വാണിജ്യം ചെയ്യുന്നതിനുള്ള അവകാശവും വ്യക്തിസ്വാതന്ത്ര്യവുമാണു് അവ.

ഹംഫ്രീസിന്, 1789

അവകാശങ്ങൾ ഇഞ്ചിഞ്ചായി മാത്രമേ നമുക്കു നേടുവാൻ കഴിയുകയുള്ളു. ഓരോ കാലത്തിൽ നമുക്കു കിട്ടുന്നതുകൊണ്ടു നാം തൃപ്തരാകണം; എന്നിട്ട് ബാക്കി കിട്ടുവാനുള്ളതിനു് വേണ്ടി നാം എന്നെന്നും മുന്നേറുകയും വേണം,

മനുഷ്യൎക്കു ഗുണപ്രദമായിട്ടുള്ളതുപോലും അവരെ കൊണ്ടു് പ്രേരിപ്പിച്ചു് ചെയ്യിക്കുവാൻ സമയം വേണ്ടിവരുന്നു.

ബ്ലേയ്ക്കു്, 1790

കാൎയ്യങ്ങളുടെ സ്വതവേയുള്ള പുരോഗതിയിൽ അവകാശങ്ങൾ കീഴ്‌വഴങ്ങുകയും ഗവൺമെൻറു് നേട്ടുകയും ചെയ്യുന്നു.

കാറിങ്ങ്ടണു് 1788

എല്ലാ ന്യായമായ ഗവൺമെൻറുകളുടേയും ഏക ലക്ഷ്യം ......മനുഷ്യൻെറ സ്വാതന്ത്ര്യവും സൗഖ്യവുമാകുന്നു.

കോസിയുഷ്കോവിനു്, 1810

പരിവൎത്തനങ്ങളുണ്ടാക്കുന്നതിനു് ശരീരത്തിലേതിനേക്കാൾ മനസ്സിൽകൂടി പ്രവൎത്തിക്കുന്നതാണു് കൂടുതൽ പ്രായോഗികമായ മാൎഗ്ഗം.

പെയിൻനു്, 1792

എൻെറ അഭിപ്രായത്തിൽ, അഭിപ്രായം, അതിൻെറ നിലനിൎത്തൽ എന്നിവ ഒരിക്കലും കുററകരങ്ങളാവുകയില്ല, അവ ഒരു വ്യക്തിയ്ക്കും ദോഷമുണ്ടാക്കുകയുമില്ല.

സാമുവൽ ആഡംസിനു്, 1801

ഭീരുക്കൾ . ...സ്വാതന്ത്ര്യത്തിൻെറ ഓളംതല്ലുന്ന സമുദ്രത്തേക്കാൾ ദുഷ്പ്രഭുത്വത്തിൻെറ നിശ്ചലാവസ്ഥയെ ഇഷ്ടപ്പെടുന്നു.

മസ്സെയ്സു്, 1796

എൻെറ അഭിപ്രായങ്ങളോടു് വിയോജിക്കുവാൻ അന്യയാളുകൾക്കുള്ള അവകാശത്തെ ഞാൻ നിറഞ്ഞ ഔദാൎയ്യത്തോടെ അനുവദിക്കുന്നു.

(അബിഗെയിൽ ആഡംസിനു്, 1804)

എൻേറതല്ലാത്ത ഒരഭിപ്രായം മറ്റൊരാൽ പ്രകടിപ്പിക്കുന്നതു ഞാൻ കേൾക്കുമ്പോൾ ഞാൻ എന്നോടു തന്നെ പറയുന്നുണ്ടാവും, എനിക്കു എൻെറ അഭിപ്രായം പ്രകടിപ്പിക്കുന്നതിനെന്നപോലെ അയാൾക്കു തൻെറ അഭിപ്രായം പ്രകടിപ്പിക്കുന്നതിനും അവകാശമുണ്ടു്; അതുകൊണ്ടു് ഞാനെന്തിനു് അതിനെ ചോദ്യം ചെയ്യണം, എന്നു്. അവന്റെ അബദ്ധങ്ങൾ എനിക്കൊരു ദ്രോഹവും ചെയ്യുന്നില്ല, വാദംകൊണ്ടു എല്ലാവരേയും ഏകാഭിപ്രായക്കാരാക്കുവാൻ വേണ്ടി ഞാനൊരു ഡാണ കചിക്സോട്ടാകണമോ?

(തോമസ് ജെഫേഴ്സൺ റാൻഡാൾഫിനു്, 1808)

പുരോഹിതവർഗ്ഗത്തിൻെറ കീഴിൽ ഒരു ജനതയും സ്വതന്ത്രമായ ഒരു ഗവൺമെൻറു് നിലനിർത്തിക്കൊണ്ടു് പോയതിനു് ചരിത്രം ഒരൊററ ഉദാഹരണവും നൽകുന്നില്ല എന്നു ഞാൻ വിശ്വസിക്കുന്നു,

ബാരൺ ഫാൺഹംബോർട്ടിനു്, 1813

(ഈഗ്രന്ഥം) വസ്തുതകളുടെ കാര്യത്തിൽ അബദ്ധജഡിലമാണെങ്കിൽ അവയെ തെളിയിക്കുക; വാദങ്ങളിൽ തെററുണ്ടെങ്കിൽ അവയെ ഖണ്ഡിക്കുക. എന്നാൽ ദൈവത്തിൻെറ പേരിൽ നമുക്കു ഇരുഭാഗവും സ്വതന്ത്രമായി കേൾക്കാം.

(ഡഫീഫിനു്. 1814)

സ്വാതന്ത്ര്യത്തിൻെറ ഉൽക്കടമായ സമുദ്രം ഒരിക്കലും തിരയില്ലാത്തതായിരിക്കയില്ല.

(ലാഫയെത്തിനു്, 1820)

ദൈവകൃപയാൽ, മനുഷ്യരിൽ ഭൂരിപക്ഷവും മുതുകിൽ ജീനിയുമായല്ല ജനിച്ചതു്. അതുപോലെ അവരുടെ മേൽ ന്യായമായി സവാരിചെയ്യുന്നതിനു്, അതിനുവേണ്ട പാദുകങ്ങളുമായല്ല അനുഗൃഹീതരായ ന്യൂനപക്ഷവും ജനിച്ചിരിക്കുന്നതു്]

(വെയ്ററ്മാനു്, 1826)

ജനങ്ങളെ ഭയപ്പെടുന്നവരുടെ കൂട്ടത്തിൽ ഞാനുൾപ്പെടുന്നില്ല. സ്ഥായിയായ സ്വാതന്ത്ര്യത്തിന് നമുക്ക് ആധാരമായിരിക്കുന്നത് അവരെയാണ്, അല്ലാതെ ധനികരെയല്ല.

(സാമുവൽ കെർച്ചെവാലിന് 1816)

TAYAM PUBLIC L... AYAM.

ലോകത്തിൻെറ അന്യഭാഗങ്ങളെ ക്ഷുബ്ധമാക്കുകയും ഇളക്കി മറിക്കുകയും ചെയ്യുന്ന ദുർഘടഘട്ടങ്ങളിൽ നമ്മുടെ പ്രിയപ്പെട്ട രാജ്യത്തിൻെറ സുരക്ഷിതത്വം മനുഷ്യാവകാശങ്ങളുടെ രക്ഷാകേന്ദ്രമെന്നനിലയിൽ, നമുക്കു നമ്മോടും അനന്തരതലമുറയോടും മാനവലോകത്തോടുമുള്ള കർത്തവ്യത്തിൻെറ പേരിൽ, പാവനവും മാന്യവുമായ എല്ലാസദുദ്ദേശങ്ങളുടെ ആഹ്വാനമനുസരിച്ച് നമുക്കു ജാഗ്രതയോടെ കാത്തുകൊണ്ടിരിക്കാം.

(ന്യൂയാർക്ക്സ്റ്റേററിലെ നിയമസഭയോട്. 1809)

അഭിപ്രായങ്ങളെ ദുഷ്പ്രേരണക്കു വിധേയമാക്കുക: നിങ്ങൾ ആരെയാണ് നിങ്ങളുടെ ദണ്ഡനാധികാരികളാക്കുക? സ്വകാര്യവും പൊതുവായതുമായ കാരണങ്ങളാൽ ദുർവികാരപ്രചോദിതരായും, തെററുവരുത്തുന്ന മനുഷ്യർ.

(നോട്സ് ഓൺവെർജീനിയാ (ക്വെറി, 17)

## രാജവാഴ്ച

ഒരൊററ രാജവംശവും ഇരുപതുതലമുറക്കാലത്തിനിടക്കു് സാമാന്യബുദ്ധിയുള്ള ഒരുവനേക്കാൾ മേന്മയുള്ള ഒരുത്തനെ ലോകത്തിൽ കാഴ്ചവച്ചിട്ടില്ല,

(ഹാക്കിൻസിന്, 1787)

നമ്മുടെ സംവിധാനത്തിന് വളരെ കുററങ്ങളുണ്ടെങ്കിലും.... ....നമ്മുടെ ഗവൺമെൻറിനെ യൂറോപ്പിലേതുകളുമായി തുലനം ചെയ്യുന്നതു് സ്വർഗ്ഗത്തേയും നരകത്തേയും തുലനം ചെയ്യുന്നതുപോലെയാണ്.

(ജോസഫ് ജോൺസിന്, 1787)

ഈ (യൂറോപ്യൻ) രാജ്യങ്ങളിൽ അവരുടെ രാജാക്കന്മാരിൽ നിന്നുമുത്ഭവിക്കുന്നതല്ലാത്തതായി അറിയപ്പെടുന്ന തിന്മകൾ ഒന്നുപോലുമില്ല.

(വാഷിങ്ടൺ, 1788)

അമേരിക്കയിലെ ഏതെങ്കിലും ഇടവകയിലെ ഒരു പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെടുവാൻ വേണ്ട കഴിവുകളും സാമർത്ഥ്യവും ഉൾക്കൊള്ളുന്ന ഒരു മസ്തിഷ്കവും യൂറോപ്പിലെ കിരീടം വഹിക്കുന്ന ഒരു ശിരസ്സിനുള്ളിലുമില്ല.

(വാഷിങ്ടണ്, 1788)

ഒരു രാജവാഴ്ചവാദിയെ ഒരു ജനാധിപത്യരാജ്യത്തിലെ ഭരണത്തിനേർപ്പെടുത്തുന്നത് പുരോഹിതനായി ഒരു നിരീശ്വരവാദിയെ നിയമിക്കുന്നതു പോലെയാണ്.

(ജനറൽ ഗേററ്സിനു്, 1810 ന്യൂയാർക്ക് പബ്ലിക്ക് ലൈബ്രറി മാനുസ്ക്രിപ്ററ്. II 6)

സാമ്രാജ്യികവും ദർശനികവുമായ തത്വങ്ങൾ ഒരുകള്ളം സ്വീകരിക്കുന്നതു് കുട്ടകൽ കള്ളങ്ങൾ ചെയ്യാൻ പ്രോത്സാഹിപ്പിക്കുകയാണ്.

(വില്യംബാർവെല്ലിനു്. 180 ) ന്യൂയാർക്ക പബ്ലിക്ക് ലൈബ്രറി മാനുസ്ക്രിപ്റ്റു് IV 45

സത്യത്തെഭയപ്പെടാത്തവനു് അസത്യത്തെ ഭയപ്പെടേണ്ടതല്ല.

(ലോഗനു്, 1816 ടി IV, 575)

സദ്ഗുണങ്ങളും താൽപര്യങ്ങളും അവിഭാജ്യമാകുന്നു.

(ലോഗനു്, 1816 ടി V 411)

കണ്ണാടി വീടുകളിലുള്ളവർ കല്ലുകൾ കൊണ്ടുള്ള യുദ്ധത്തെ പ്രകോപിപ്പിക്കരുതു്,

(ആർ. വാൽഷിനു് 1820)

എല്ലാററിനും ഒരു കാലമുണ്ടു്; ജോലിയിൽ പ്രവേശിക്കാനും അതിൽ നിന്നും പിരിയാനും, വിശ്രമിക്കാനുള്ള ഞായറാഴ്ച ദിവസംപോലെ പണിയെടുക്കാനുള്ള മററു ദിവസങ്ങളും.

തീററിനു്, 1821; ന്യൂയാർക്കു് പബ്ളിക്കു് ലൈബ്രേറി

ജാനുസ്ക്രിപ്ററ്, V, 38)

ഒരു ചെറുപ്പക്കാരൻെറ ജീവിതചര്യയ്ക്കു് വേണ്ട തത്വങ്ങൾ

1 കൈയ്യിൽ പണം വരുന്നതിനു് മുമ്പു് അതു ചെലവാക്കരുതു്.

2 നിങ്ങൾക്കു ആവശ്യമില്ലാത്ത ഒന്നു്, അതു വില കുറഞ്ഞതാണെന്ന കാരണത്താൽ വാങ്ങാതിരിക്കുക.

3 അഹംഭാവം വിശപ്പിനേയും ദാഹത്തേയും തണുപ്പിനേയുംകാൾ ദോഷം ചെയ്യും.

4 ഇന്നു ചെയ്യാവുന്നതു് ഒരിക്കലും നാളെത്തേയ്ക്കു് മാററിവയ്ക്കരുതു്.

5 നിങ്ങൾക്കു തനിച്ചു ചെയ്യാവുന്ന ഒന്നിനു്വേണ്ടി വേറൊരാളെ ബുദ്ധിമുട്ടിക്കരുതു്.

6 ഇഷ്ടംപോലെ ചിന്തിക്കുക, മററുള്ളവരേയും അതിനനുവദിക്കുക, ഒരു വിവാദത്തിനും ഇടവരില്ല.

7 ഒരിക്കലും സംഭവിച്ചിട്ടില്ലാത്തവ നമുക്കെന്തുവേദനയുണ്ടാക്കിയിരിക്കുന്നു?

8 സാധനങ്ങളെ, അവയുടെ മിനുസമായ കൈപ്പിടിയിൽ പിടിച്ചെടുക്കുക.

9 കോപം വരികയാണെങ്കിൽ എന്തെങ്കിലും പറയുന്നതിനു മുമ്പായി പത്തുവരെ എണ്ണുക, വലിയ കോപമാണെങ്കിൽ നൂറുവരെയും.

10 ആഹാരം കഴിക്കാനിരിക്കുമ്പോൾ. വളരെ കുറവായി മാത്രം തിന്നുകയും കുടിക്കുകയും ചെയ്യുതിൻെറ പേരിൽ നമുക്കൊരിക്കലും ഖേദിക്കേണ്ടി വന്നിട്ടില്ലെന്ന ഓർക്കുക.

(ചാറത്സ് ക്ലേയ്ക്ക്, 1817)

ഗവണ്മെൻറുദ്യോഗം പ്രയോജനമോ സൗഖ്യമോ നൽകുന്നില്ല. അതു ഒരുവൻെറ കുടുംബത്തിൽ നിന്നും കുടുംബകാര്യങ്ങളിൽ നിന്നുമുള്ള ഒരു മാന്യമായ നിഷ്ക്രമണം മാത്രമാണു്.

(എഫ്, വില്ലിസിൻ്, 1719)

എനിക്കു ജനങ്ങളെ ഭരിക്കുവാൻ ആഗ്രഹമില്ല, അതു് വേദനാജനകവും നന്ദിലഭിക്കാത്തതുമായ ഒരു ജോലിയാണു്.

(ആഡംസിനു്, 1796)

രാജ്യസ്നേഹിയായ ഒരുവൻ ഒരു ക്രിസ്ത്യാനിയെപ്പോലെ അധിക്ഷേപങ്ങളും പീഡനങ്ങളും സഹിക്കുക എന്നതു് തൻെറ കത്തവ്യങ്ങളുടെ ഭാഗമാണെന്നു പഠിക്കണം.

(ജഡ്ജ് സള്ളിവനു്, 1805)

ഗവൺമെൻറിലെ ദ്വിതീയസ്ഥാനം ബഹുമാന്യവും സുഖകരവുമാകുന്നു, പ്രഥമസ്ഥാനം പ്രതാപമുള്ള ഒരു ദുരിതവുമാകുന്നു.

(എൽബ്രിഡ്ജ് ജെറിസ്സു്, 1797)

ചരിത്രത്തിനു് ഒന്നുംതന്നെ പറയാനുണ്ടാകാത്ത തരത്തിൽ നിശ്ശബ്ദമായ ആനന്ദമനുഭവിക്കുന്ന ഒരു രാഷ്ട്രം അനുഗൃഹീതമാണു്. ഇതെൻെറ സ്വന്തം നാട്ടിനുണ്ടാകണമേയെന്നാണു് എൻെറ അത്യഭിലാഷം.

(കോംമേ ഡിയോഡാറിസ്സു്. 1807)

ഞാൻ മറേറതിനേക്കാൾ വിലമതിക്കുന്നതു് ഉത്തമമായ ഹാസ്യത്തെയാണു്,

'ഡാ: റഷിനു്' 1808

ദൗർബല്യത്തെ, അതിനെപ്പററിയുള്ള അജ്ഞാതയെപ്പോലെ വെററിപ്പെട്ടത്തുന്നതായി ഒന്നുമില്ല.

(ഡാ: റഷിനു്, 1811)

കച്ചവടക്കാക്ക രാജ്യമില്ല.

(ഹൊരേഷ്യോ ജി. സ്ലാഫോർഡിനു്, 1814)

ദേശീയമായ ഒരു കുററംപോലും ശിക്ഷിക്കപ്പെടാതെ പോവുകയില്ല.

(ദ്മാബുവായ്ക്കു്, 1817)

തൻെറ വരവിൻെറ ഒരു ഭാഗം ധർമ്മകാര്യങ്ങൾക്കായി നീക്കിവെയ്ക്കണമെന്നുള്ളതു് ഓരോ മനുഷ്യൻെറയും കർത്തവ്യമാണെന്നു് ഞാൻ കരുതുന്നു.

(ഡാ: റോഗേഴ്സിനും ഡാ: സ്ലാട്ടറിനും. 1806)

## നീഗ്രോകളുടെ അടിമത്തം

പരതന്ത്ര്യം ഒരുവനെ ഒരു മോഷ്ടാവാക്കിത്തീക്കാനായിരിക്കണമെങ്കിൽ അവൻെറ സാന്മാർഗ്ഗികബോധം അസാധാരണമാംവണ്ണം ശക്തമായതായിരിക്കണം. സ്വന്തമായി ഭൂമി കൈവശംവെയ്ക്കാൻ നിയമം അനുവദിക്കാത്ത ഒരുവനു്, സ്വത്തു് കൈയ്യേക്കിൽ അടിയുറച്ചതല്ലെന്നു കരുതാൻ പ്രയാസമുണ്ടു്.

(ഈ. ബാങ്ക്റാഫ്ററിനു്, 1789)

മററുനിറമുള്ള ആളുകൾക്കുള്ളതുപോലെ നമ്മുടെ കറുത്തവരായ സഹോദരന്മാർക്കും പ്രകൃതി കഴിവുകൾ നൽകിയിട്ടുണ്ടെന്നുള്ളതിനു് തെളിവുകൾ കാണുവാൻ മററാരും എന്നെക്കാൾ കൂടുതലായി ആഗ്രഹിക്കുന്നില്ല.

(ബി, ബാനെക്കെറിനു്, 1791)

ഈ ജനങ്ങൾക്കുവേണ്ടി വാദിക്കുന്നതു് നീതിയോടും രാജ്യത്തോടുമായുള്ള സ്നേഹംകൊണ്ടാണു്. ഇത്രയും ദീർഘമായ ഒരു കാലത്തോളം വാദിച്ചിട്ടും യാതൊരു ഫലവുമുണ്ടായിട്ടില്ലെന്നുള്ളതു് സാന്മാർഗ്ഗികമായ ഒരു കളങ്കമാകുന്നു.... എന്നിരുന്നാലും കാലത്തിൻെറ ഗതിയിൽ വിമോചന

ത്തിൻെറ മുഹൂർത്തം സമാഗതമായിക്കൊണ്ടിരിക്കുകയാണു്.

(ഇൗ, കോൾസിനു്, 1814)

യജമാനനും അടിമയുമായുള്ള ബന്ധം, ഒരുവശത്തു ക്രൂരവും നിഷ്ഠൂരമായ മർദ്ദനവും, മറുവശത്തു് അധഃപതിപ്പിക്കുന്ന കീഴടങ്ങലും ചേർന്ന ഉൽക്കടമായ ദുർവികാരങ്ങളുടെ ശാശ്വതമായ പ്രവർത്തനമാണു്.

(നോട്സ് ഓൺ വെർജീനിയാ. ക്വെറി. 18)

## അർത്ഥശാസ്ത്രം

നമ്മുടെ ഐശ്വര്യത്തിൻെറ നാലുതൂണുകളായ കൃഷി, വ്യാവസായികോൽപാദനം. വാണിജ്യം, കപ്പലോട്ടം എന്നിവ ജനങ്ങളുടെ വ്യക്തിപരമായ പ്രവർത്തനത്തിനു് വിട്ടുകൊടുക്കുകയാണെങ്കിലായിരിക്കും ഏററവും വളരുന്നതു്.

(ഒന്നാംവാർഷിക സന്ദേശം 1709)

ലോകം ജീവിച്ചിരിക്കുന്നവരുടേതാണു്, മരിച്ചവരുടേതല്ല.

(മാഡിസണു്, 1789)

കർഷകൻേറയും വ്യവസായിയുടേയും കച്ചവടക്കാരൻേറയും കപ്പലോട്ടക്കാരൻേറയും താൽപര്യങ്ങൾ തങ്ങളിൽ ശക്തിയായി കെട്ടുപിണഞ്ഞവയാണു്; അവയെ ശരിയായ നിരപ്പിൽ നിർത്തുന്നതിനു് വസ്തുതകളെക്കുറിച്ചുള്ള ജ്ഞാനവും അപൂർവ്വമായി മാത്രം കണ്ടെത്താവുന്ന താത്വികബോധവും വേണ്ടിയിരിക്കുന്നു.

(ലിത്ഗോവിനു്, 1805: ന്യൂയോർക്ക് പബ്ലിക്ക് ലൈബ്രറി, മാനുസ്ക്രിപ്ററ്, III, 217)

അനന്തരതലമുറകളെ നമ്മുടെ ഋണഭാരംകൊണ്ടു ബന്ധപ്പെടുത്തുന്നതിനു് നമുക്കു് അധികാരമില്ലെന്നു് ഞങ്ങൾ കരുതുന്നു,

(?1813. ടി. IV, 194)

നമ്മുടെ സ്വന്തം ജീവിതകാലത്തിനുള്ളിൽത്തന്നെ മുതലും പലിശയും കൊടുത്തുതീർക്കാവുന്നതരത്തിൽ ഹ്രസ്വകാ

ലത്തേക്കുമാത്രം കടം വാങ്ങുക എന്നതാണ് സുരക്ഷിതവും, നിയമാനുസൃതവും സത്യസന്ധവുമായ; സാമ്പത്തിക സമ്പ്രദായം. ടി IV 190

ഓരോ രാഷ്ട്രവും ഐശ്വര്യത്തിലേക്കുയരുന്നതു് അന്യരാഷ്ട്രങ്ങളുടെ ഐശ്വര്യവർദ്ധനവോടൊത്താകുന്നു എന്നതു് ഒരു തരം പ്രകൃതിനിയമമത്രേ.

(ടിക്നോറിനു്, 1816; ടി IV339)

ഓരോ തലമുറയുടേയും കർത്തവ്യം അതിൻെറ കടങ്ങളേയൊക്കെ വീട്ടിത്തീർക്കുകയെന്നുള്ളതാകുന്നു. ഈ തത്ത്വം സ്വീകരിക്കപ്പെട്ടുമെങ്കിൽ ലോകത്തിലെ യുദ്ധങ്ങളിൽ പകുതിയേയും ഒഴിവാക്കാവുന്നതാണ്.

(ഡെസ്സറ്റ്യൂറ് ദ് ട്രേസി, 1820)

ഋണബാദ്ധ്യതയും വിപ്ലവവും, ഹേതുവും, ഫലവും പോലെ അവിഭാജ്യമാകുന്നു.

(സാമുവൽ സ്മിത്തിനു്, 1821)

മദ്യങ്ങളുടെ മേൽ ചുമത്തുന്ന ഭാരിച്ച തീരുവയെ സുഖഭോഗവസ്തുക്കളുടെ മേലുള്ള തീരുവയെന്നപോലെ കരുതുന്നതു് വലിയ അബദ്ധമാണെന്നു് ഞാൻ കരുതുന്നു. പ്രത്യുത അതു നമ്മുടെ പൗരന്മാരുടെ ആരോഗ്യത്തിന്മേലുള്ള തീരുവയാണ്. അതു് ജനങ്ങളുടെ കൂട്ടത്തിൽ വച്ചു് ഏററവും ധനികർ മാത്രമല്ലാതെ വേറെയാരും തന്നെ വീഞ്ഞുകുടിക്കരുതെന്നതിൻെറ നിയമനിർമ്മാണപരമായ പ്രഖ്യാപനമാണ്, എന്നാൽ അതിൻെറ ഫലം ഇടനിലയിലും താഴ്ന്നനിലയിലുമുള്ളവരെ, തങ്ങളെ ആകെക്കൂടെ നശിപ്പിച്ചുകളയുന്ന വിസ്കിയുടെ വിഷബാധയ്ക്കു് വിധേയാരാക്കുകയത്രേ.

(ക്രാഫോർഡിനു്, 1818)

വസ്തുവകുപ്പുകളെ വിഭജിക്കുന്നതിനു് നിയമനിർമ്മാതാക്കൾക്കു് വളരെയധികം മാർഗ്ഗങ്ങൾ കണ്ടെത്താൻ സാ

ദ്ധ്യമല്ല ......മനുഷ്യർക്കു് എല്ലാവർക്കുമായി തൊഴിൽചെയ്തു കാലയാപനം ചെയ്യുന്നതിനു് വേണ്ടിയാണു് ഭൂമി നൽകിയിരിക്കുന്നതു്..........ചെറിയ ഭൂവുടമകളാണു് രാജ്യത്തിലെ ഏററവും അമൂല്യമായ ഭാഗം.

(മാഡിസണു്, 1785)

ഗവൺമെൻറിൻെറ ചെലവുകൾ ഏററവും കുറവായ തോതിൽ വച്ചുകൊണ്ടിരിക്കുകയാകുന്നു ഗവൺമെൻറിൽ ദൂഷിതങ്ങളായ ആചാരങ്ങളും ആദർശങ്ങളും കടന്നുചെല്ലാതെ നോക്കുന്നതിനു് ഏററവും നല്ലതായ മാർഗ്ഗം.

(ഗലാററിനു്. 1804)

പൊതുക്കടം ഒരിക്കൽക്കൂടെ ഗുരുതരമായ രൂപത്തിൽ വികസിക്കുകയാണെങ്കിൽ.........വിപ്ളവത്തിൽ ചെന്നവസാനിക്കുന്ന കടം, അഴിമതി, തകർച്ച എന്നീ ഇംഗ്ലീഷുരീതിയുടെ മാർഗ്ഗത്തിൽ നമ്മൾ എത്തിച്ചേരുന്നുണ്ടാകും.

(ഗലാററിനു്, 1809)

കടംകൊടുക്കാൻവേണ്ട പണമുള്ളവനല്ലാതെ ഹുണ്ടിയൽ വ്യാപാരിയുടെ തൊഴിൽ നടത്തുന്നതിനുള്ള പ്രകൃതിദത്തമായ അവകാശം ആർക്കും തന്നെയില്ല.

(ജാൺ ഡബ്ളിയു. എപ്പെസിനു്, 1813)

പ്രാതിനിധ്യ സമ്പ്രദായത്തിൽ ആവശ്യമായ സദ്ഗുണങ്ങളിൽ മിതവ്യയത്തിനു് ഞാൻ ഒന്നാമത്തേതും പ്രധാനവുമായ സ്ഥാനം കല്പിക്കുന്നു; പൊതുക്കടത്തിനു് ആപത്തുകളിൽ ഏററവും ഭയാനകമായ സ്ഥാനവും.

(നോട്സ് ഔൺ വെർജീനിയാ, ക്വെറി, 19)

## ജനകീയ ഗവൺമെൻറു്

കാര്യങ്ങൾ എത്രതന്നെ അബദ്ധത്തിലായാലും ഭയം തോന്നാതിരിക്കത്തക്കവണ്ണം അത്രയ്ക്കു് എനിക്കു ജനങ്ങളുടെ

സ്വബോധത്തിലും അവരുടെ നേതാക്കന്മാരുടെ സത്യസന്ധതയിലും വിശ്വാസമുണ്ട്.

(ഡ്യൂമാസിന്, 1788)

ജനങ്ങൾ പ്രബുദ്ധരായിരിക്കുമ്പോൾ അവരെ, തങ്ങളുടെ ഭരണം വിശ്വസിച്ചേൽപിക്കാവുന്നതാണ്, കാര്യങ്ങൾ അവരുടെ ശ്രദ്ധയിലെത്തുവാൻ തക്കവണ്ണം തകരാറിലാകുമ്പോൾ അവയെ തിരുത്തുന്ന കാര്യത്തിൽ അവരെ വിശ്വസിക്കാവുന്നതുമാകുന്നു.

(ഡാ: പ്രൈസിന്, 1789)

ഒരു ഗവൺമെൻറിനെ, അതിൻെറ ഭരണഘടനയുമായി ബന്ധപ്പെടുത്തി വയ്ക്കുവാൻ മനുഷ്യൻ വിഭാവനം ചെയ്തിട്ടുള്ള ഏകനങ്കൂരം ജൂറിമുഖാന്തരമുള്ള കേസുവിസ്താരമാണെന്നാണ് എൻെറ അഭിപ്രായം.

(തോമസ് പെയിൻസ്, 1789)

ഗവൺമെൻറിൻെറ എല്ലാ വിഭാഗങ്ങളിലും ജനങ്ങളെ പ്രവേശിപ്പിക്കുകയെന്നുള്ളതാണ് ചിരസ്ഥായിയും സത്യസന്ധവുമായ ഭരണനിർവ്വഹണത്തിന് ഉറപ്പ് നൽകുന്നതിനുള്ള ഏകമാർഗ്ഗം.

(ആർനൗഡിന്, 1789)

യുദ്ധംപ്രഖ്യാപനം ചെയ്യുന്നതിനുള്ള അധികാരം ഭരണനിർവ്വഹണമണ്ഡലത്തിൽ നിന്നും നിയമനിർമ്മാണമണ്ഡലത്തിന് കൈമാററം ചെയ്തു കൊണ്ട്-ചെലവാക്കാനുള്ളവരുടെ കൈയ്യിൽ നിന്നും പണം കൊടുക്കാനുള്ളവരുടെ കൈകളിലേക്കു കൈമാററം ചെയ്തുകൊണ്ട്, യുദ്ധത്തിൻെറ വേട്ടനായ്ക്കു് ഒരു സുശക്തമായ നിയന്ത്രണമുണ്ടായിക്കഴിഞ്ഞിട്ടുണ്ട്.

(മാഡിസണ് 1789)

ചുമതല, ഒരു സ്വതന്ത്രഗവൺമെൻറിൽ അതിശക്തമായ ഒരു യന്ത്രമാണ്.

(ഏ: സ്റ്റുവർട്ടിന് 1791)

നമുക്ക്, നമ്മുടെ നാട്ടിൽ ചെയ്യാവുന്ന ഏററവും മഹത്തായ സേവനം ഇവിടത്തെ കക്ഷിവ്യത്യാസങ്ങൾ ഇല്ലാതാക്കി അവരെ ഒരു ജനതയാക്കുകയെന്നതാകുന്നു,

(ജെ. ഡിക്കിൻസൺ, 1801 ന്യൂയാർക്ക് പബ്ളിക്ക്

(ലൈബ്രറി മാനുസ്ക്രിപ്ററ് II, 67)

നമ്മുടെ അനന്തരഗാമികൾ ജനങ്ങളെ അവരുടെ നന്മയത്തോടെ കൈയ്യാമം വയ്ക്കുന്നതിൽ നിന്നും പിൻതിരിപ്പിക്കാൻ അവർക്കുണ്ടാക്കേണ്ട കാര്യക്ഷമമായ കൈയ്യാമം സത്യത്തിൻെറ കവാടങ്ങൾ തുറക്കുകയെന്നതും സകലകാര്യങ്ങളേയും യുക്തികൊണ്ടു പരിശോധിക്കുന്നശീലം ബലിഷ്ഠമാക്കുകയാണെന്നും എനിക്കു തീർച്ചയുണ്ട്.

(ജഡ്ജ് റൈറയ്ലറിനു്. 1804. ടി III, 34)

തൻെറ രാജ്യത്തിനു് വേണ്ടി ഒരുവനു് മഹത്തായസേവനം അനുഷ്ഠിക്കണമെങ്കിൽ, ജനഭൂരിപക്ഷത്തിൻെറ വികാരങ്ങളോടൊപ്പം, അവരെ യുക്തിയിലേക്കു നയിക്കാൻ തനിക്കു സാധിക്കുന്നതുവരെ നിശ്ശബ്ദമായി പോകേണ്ടിയിരിക്കുന്നു.

(സീസർ റോഡ്നിക്ക്. 1805: ടി III 164, 165)

എനിക്കു തോന്നുന്നതു് നമുക്കു ആവശ്യത്തിലധികമായി ഭരണയന്ത്രമുണ്ടെന്നും വ്യവസായങ്ങളിലെ തൊഴിലാളികളുടെ മേൽ അന്യോപജീവികളായി വളരെയാളുകളുണ്ടെന്നുമാണു്.

(ഡബ്ളിയു. ഡഡ്ലോക്ക്, 1824)

ഏതൊരു ഗവൺമെൻറിൻേറയും യഥാന്യായമായ അടിസ്ഥാനം ജനങ്ങളുടെ ഇച്ഛയാകുന്നു.

(ബി. വേറിങ്ങിനു്, 1801)

വളരെ ഊർജ്ജസ്വലമായ ഗവൺമെൻറിനോട്ട് എനിക്കു മമതയില്ല. അതെന്നും മർദ്ദനാത്മകമായിരിക്കയേ ഉള്ളൂ.

(മാഡിസണ്, 1787)

ദുഷ്പ്രഭുത്വത്തിൻെറ അലസതയോടൊപ്പം: കുത്സിതമായതപ്പ രാഷ്ട്രീയ കലഹങ്ങൾ:

(ററി. പിൻക്നീസ്റ്റ്, 1787)

അന്യരുടെമേൽ അധികാരം നടത്തിക്കൊണ്ടു് ആനന്ദമടയുക എന്നതു് ഒരു യുക്തിജ്ജീവിയ്ക്കു് എങ്ങനെ സാദ്ധ്യമാകുമെന്നു എനിക്കു സങ്കല്പിക്കാൻ സാധിക്കുന്നില്ല.

(ഡി. ട്രേസിസ്റ്റ്, 1811)

ചെന്നായ്ക്കളുടെ പരിരക്ഷണത്തിൻ കീഴിലേതിനേക്കാൾ ആട്ടുകൾക്കു ആനന്ദം ലഭിക്കുന്നതു് സ്വന്തം രക്ഷയിൽ കഴിയുമ്പോഴാണു്

(നോട്സ് ഓൺ വെർജീനിയാ, 1787 ലെ പതിപ്പു്)

നമ്മെ കടന്നു വിഴുങ്ങിക്കളയുന്നതിനു് മുമ്പ് അഴിമതിയേയും ദുരധികാരപ്രമത്തതയേയും നമുക്കു ഒഴിവാക്കേണ്ടിയിരിക്കുന്നു. ചെന്നായ്, ആട്ടുകളുടെ ആലയിൽ കടന്നു ചെന്നതിനുശേഷം അതിൻെറ പല്ലുകളേയും നഖങ്ങളേയും പറിച്ചുകളയുന്നതിനേക്കാൾ നല്ലതു് ആലയ്ക്കുകത്തേക്കു അതിനെ കടത്തിവിടാതിരിക്കുന്നതുതന്നെയാണു്.

(ടി, കെവറി, 13)

ഭരണാധികാരികളെമാത്രം വിശ്വസിച്ചുപോയാൽ എല്ലാ ഗവണ്മെൻറുകളും അധഃപതിക്കുന്നതായിരിക്കും. ഈ ഭരണത്തെ വിശ്വസിച്ചു ഏൽപ്പിക്കാവുന്നതു് ജനങ്ങളെത്തന്നെയാണു്.

(ടി, കെവറി, 14)

അപ്പോൾ, സ്വയംസിദ്ധവും അനന്യാധീനവുമായ അധികാരങ്ങളല്ലാതെ മറെറല്ലാംതന്നെ പരിവർത്തന വിധേയമാക്കാവുന്നതാണു്.

(കാർട്ട്റൈറ്റിന്, 1824)

സമൂഹത്തിൻെറ പരമമായ അധികാരങ്ങളുടെ ഭദ്രമായ സൂക്ഷിപ്പ് സ്ഥാനം ഞങ്ങളിൽതന്നെയല്ലാതെ വേറെയുള്ളതായി എനിക്കറിഞ്ഞുകൂടാ.

(ജാർഫീസിന്, 13-1)

എൻെറ ഏററവും ആത്മാർത്ഥമായ ആഗ്രഹം ജനകീയ നിയന്ത്രണത്തിലെ പ്രാതിനിധ്യസ്വഭാവം അതിന്റെ പ്രായോഗിക പരമാവധിവരെ തള്ളിക്കൊണ്ടു പോകുന്നതു കാണണമെന്നുള്ളതാകുന്നു, അങ്ങനെയാകുമ്പോൾ നമ്മുടെ ഗവണ്മെൻറു ശുദ്ധവും ശാശ്വതവുമായിത്തീരുന്നു എന്നു എനിക്കു വിശ്വസിക്കാവുന്നതാണു്.

(ഐ. എച്ച്, ടിഫനിസ്സ്, 1816)

രാഷ്ട്രത്തിനു് വഹിക്കാൻ കഴിയുന്നതിൽ കവിഞ്ഞുള്ള നന്മവരുത്താൻയത്നിക്കരുതെന്ന സോളെൻെറ അഭിപ്രായത്തിൽ അടങ്ങിയിരിക്കുന്ന ബുദ്ധി നാം മനസ്സിലാക്കുന്നു.

(ഡാ. വാൾട്ടർ ജോൺസിന്, 1801)

എപ്പോഴെങ്കിലും കാര്യങ്ങൾ തകരാറിലാവുകയാണെങ്കിൽ ജനങ്ങൾ അവയെ തങ്ങളുടെ സമ്മതിദാനാവകാശത്തിൻെറ സമാധാനപരമായ പ്രവർത്തനം കൊണ്ടു് ശരിയാക്കിക്കൊള്ളുമെന്നതു് എനിക്കു പൂർണ്ണബോദ്ധ്യമുള്ള സംഗതിയാണു്.

(വിൽസൺ ഡി, നിക്കോളാസിന്, 1806)

സാധാരണക്കാരൻെറ മനസ്സിൽ നവംനവങ്ങളായ ആശയങ്ങൾ ഒച്ചിന്റെ വേഗത്തിലാണു് കടന്നുചെല്ലുക, അതിനു് നാം വഴങ്ങണം........നിങ്ങൾ ഓരോ ചുവടുംവെയ്ക്കുന്നതു് ജനങ്ങൾക്കു അതു മനസ്സിലാക്കാൻ വേണ്ടത്ര അവസരം നൽകിയതിനു് ശേഷമായിരിക്കണം.

(ബിർലോയ്ക്ക്, 180)

ഗവണ്മെന്റുകൾ ഏർപ്പെടുത്തുന്നതിന്റെ യാഥാസ്ഥിതികമായ ഉദ്ദേശം, അതുമായി ബന്ധപ്പെടുന്ന പൊതുജനങ്ങൾ

ക്കു് ഏററവും കൂടുതലായി സൌകര്യപ്രദാനം ചെയ്യുക എന്നതാണു്.

(വ്വാൻഡെർ കെമ്പിനു്, 1812)

സ്നേഹിതാ, അങ്ങനെയല്ല; നല്ലതും സുരക്ഷിതവുമായ ഗവണ്മെന്റുണ്ടാക്കുന്നതിനുള്ള മാർഗ്ഗം അതിനെ ഒരാളെ വിശ്വസിച്ചേൽപ്പിക്കുകയെന്നതല്ല, പലക്കായി അതിനെ വിഭജിച്ചു നൽകുകയെന്നതാകുന്നു.

(ജോസഫ് സി. കാബെല്ലിനു്, 1816)

ഐക്യനാടുകളിലെ ജനങ്ങളായ ഞങ്ങൾ, നിങ്ങൾക്കറിയുന്നതുപോലെ, ശാരീരികമായും അന്തഃകരണപരമായും ജനാധിപത്യവാദികളാണു്.

(ദ്യൂപോണ്ടു് ദ് നെമ്യൂഴ്സിനു്, 1816)

നാം രണ്ടുപേരും ജനങ്ങളെ നമ്മുടെ കുഞ്ഞുങ്ങളെപ്പോലെ കരുതുന്നു ...എന്നാൽ നിങ്ങൾ അവരെ സ്നേഹിക്കുന്നതു് ധാത്രികളെക്കൂടാതെ ജീവിക്കാൻ കഴിവില്ലാത്ത ശിശുക്കളെയെന്നപോലെയാണു്. എന്നാൽ ഞാൻ അവരെ സ്വയം ഭരണത്തിനർഹതയുള്ള പ്രായപൂർത്തിവന്നവരെയെന്നപോലെയും.

(ടി)

ജനങ്ങളുടെ നിയന്ത്രണമില്ലാതെ ഒരു ഗവൺമെൻറിനും നല്ല ഒന്നായിക്കഴിയാൻ സാദ്ധ്യമല്ല.

(ആഡംസിനു്, 1819)

ഗാർഹികവും വൈദേശികവുമായ എല്ലാഗവൺമെന്റുകളും, വലിയ കാര്യങ്ങളിലെന്നപോലെ ചെറിയ കാര്യങ്ങളിലും, വാഷിങ്ങ്ടണ്ണിലേക്കു് എല്ലാ അധികാരങ്ങളുടേയും കേന്ദ്രമെന്ന നിലയിൽ ആകർഷിക്കപ്പെട്ടാൽ അതു് ഒരു ഗവൺമെൻറിൻെറ മേൽ മറെറാരു ഗവൺമെൻറ്റിനുള്ള നിയന്ത്രണത്തെ നിർവീര്യമാക്കുകയും നാമേതൊരു ഗവ

ൺമെൻറിൽ നിന്നും വേർപെട്ടുപോന്നുവോ ആ ഗവൺമെ ൻറിനെപ്പോലെ ദൂഷിതവും ദുർവഹവുമായിത്തീരുകയും ചെയ്യും.

(സീ. ഹാമണ്ടിനു്. 1821)

ഒരുവനെ, അവൻെറ ഭരണം ഏൽപിക്കാവുന്നതല്ലെന്നു് ചിലപ്പോൾ പറയാറുണ്ടു്. അങ്ങനെയാകുമ്പോൾ അവനെ, അന്യരെ ഭരിക്കുകയെന്നതു് വിശ്വസിച്ചേൽപ്പിക്കാമോ? അതല്ല, അവനെ ഭരിക്കുന്നതിനു് രാജാക്കന്മാരുടെ രൂപത്തിലുള്ള ദേവദൂതന്മാരെ നാം കണ്ടെത്തിയിട്ടുണ്ടോ?

(ഒന്നാം ഇനാഗറൽ, 1801)

ഹ്രസ്വമായ കാലഘട്ടങ്ങളിലുള്ള തിരഞ്ഞെടുപ്പിൻെറ അടിസ്ഥാനത്തിലുള്ള പ്രാതിനിധ്യാത്മകമായ ഗവൺമെൻറാണു് മനുഷ്യസമൂഹത്തിനു് ഏററവും കൂടുതലായി നന്മ പ്രദാനം ചെയ്യുന്നതെന്നു് വിശ്വസിക്കുന്നതുകൊണ്ടു് ആ തത്ത്വത്തെ വികലമാക്കുന്നതരത്തിലുള്ള ഒരു പ്രവൃത്തിയും ചെയ്യാതെയിരിക്കുകയെന്നുള്ളതു ഒരു കർത്തവ്യമായി ഞാൻ കണക്കാക്കുന്നു.

(വെർമണ്ടിലെ നിയമസഭയോടു്, 1807)

മനുഷ്യശരീരത്തിൻെറ ആരോഗ്യത്തിനു് വ്രണങ്ങൾ എങ്ങനെയോ അതുപോലെയാണു് ശുദ്ധമായ ഗവൺമെൻറുകളെ പിൻതാങ്ങുന്ന കാര്യത്തിൽ വൻനഗരങ്ങളിലെ ജനക്കൂട്ടങ്ങൾ.

(നോട്സ് ഓൺവേർജീനിയാ, ക്വറി, 19)

## വർത്തമാനപ്പത്രങ്ങൾ

മനുഷ്യനെ യുക്തികൊണ്ടും സത്യംകൊണ്ടും ഭരിക്കാൻ സാധിക്കും. അതുകൊണ്ടു നമ്മുടെ പ്രഥമലക്ഷ്യം സത്യത്തിൻെറ എല്ലാപന്ഥാക്കളേയും തുറന്നു കൊടുക്കുകയാണു്. അ

തിന്റ് ഏററവും പര്യാപ്തമായി ഇതേവരെ കണ്ടിട്ടുള്ളതു് പത്രസ്വാതന്ത്ര്യമാകുന്നു.

(ജഡ്ജ് റൈലറിനു്, 1804)

ഫെഡറലിസ്റ്റ് പക്ഷക്കാർ തങ്ങളുടെ പത്രങ്ങളെ അസത്യപ്രസ്താവനകളും അധിക്ഷേപങ്ങളും ധിക്കാരങ്ങളും കൊണ്ടു നിറയ്ക്കുന്നു......കള്ളം പറയുകയും അധിക്ഷേപിക്കുകയും ചെയ്യുവാനുള്ള അവരുടെ അവകാശങ്ങളെ ഞാൻ സംരക്ഷിക്കുകയും ചെയ്യും.

(വോൾനിസ്സു്, 1802)

ക്രമാത്മകമായ ഒരു ഗവൺമെൻറും പത്രസ്വാതന്ത്ര്യവും പൊരുത്തപ്പെടുന്നതല്ല എന്നുള്ള വാദത്തിൻെറ പൊള്ളതെളിയിക്കുന്നതിനു്....ഒരു മഹത്തായ പരീക്ഷണത്തിനു് ഞാൻ സ്വമേധയാ വഴങ്ങിക്കൊടുത്തു.

(സെയ്മൂറിനു്, 1807)

നമ്മുടെ സ്വാതന്ത്ര്യം പത്രസ്വാതന്ത്ര്യത്തെ ആധാരമാക്കിയിരിക്കുന്നു. അതു് പരിപൂർണ്ണമായും നഷ്ടപ്പെട്ടുപോകാത്തതരത്തിൽ പരിമിതപ്പെട്ടുത്താവുന്നതല്ല.

(ഡാഃ ജെ, കറിസ്സു്. 1786)

അബദ്ധങ്ങൾക്കും മർദ്ദനങ്ങൾക്കുമെതിരായി യുക്തിയും മനുഷ്യസമുദായവും നേടിയിട്ടുള്ള വിജയങ്ങൽക്കു ലോകം കടപ്പെട്ടിരിക്കുന്നതു്, അധിക്ഷേപങ്ങളുടെ ചായം പിടിച്ചതെങ്കിലും പത്രങ്ങളോടുമാത്രമാണു്...... ഐക്യനാടുകളെ ഒരു സ്വതന്ത്രവും അനാശ്രിതവുമായ രാഷ്ട്രത്തിന്റെ നിലയിലെത്തിക്കുന്നതിനു് സഹായിച്ച ദീപങ്ങളുടെ ഉത്ഭവസ്ഥാനവും അതുതന്നെയാകുന്നു.

(വെർജീനിയാ-കെൻറക്കി പ്രമേയങ്ങൾ, 1799)

ഒരു രാഷ്ട്രത്തിൻെറ ഏകഭയനാദം പത്രലോകമാണു്.

(തോമസ് കൂപ്പറിനു്, 1802)

എവിടെ പത്രങ്ങൾ സ്വതന്ത്രങ്ങളായിരിക്കുന്നു, എല്ലാ മനുഷ്യരും അക്ഷരസംയുക്തരായിരിക്കുന്നു, അവിടമെല്ലാം സുരക്ഷിതമാണു്.

(കേർണൽ യാൻസിസ്സ് 1816)

## പൊതുസന്മാർഗ്ഗം

വ്യക്തികളെയെന്നപോലെ രാഷ്ട്രങ്ങളെ സംബന്ധിച്ചും, നമ്മുടെ താൽപര്യങ്ങളെ ശരിയായി കണക്കാക്കിയാൽ, സാന്മാർഗ്ഗികകർത്തവ്യങ്ങളിൽ നിന്നും ഒരിക്കലും വേർതിരിക്കാവുന്നതല്ലെന്നു് നമുക്കു ദൃഢമായി ബോദ്ധ്യപ്പെട്ടിരിക്കുന്നു.

(രണ്ടാം ഇനാഗറൽ 1805)

വേറെ നൂറുപേരുടെ കൂടെചേർന്നു ഞാൻ പ്രവർത്തിക്കുമ്പോൾ ഞാനൊരു കള്ളനാണെന്നും ഞാൻ തനിയെ പ്രവർത്തിക്കുമ്പോൾ ഞാനൊരു സത്യവനാണെന്നും പറയുന്ന ഒരുവൻെറ ആദ്യത്തെപ്പറച്ചിൽ വിശ്വസിക്കപ്പെടുന്നു, രണ്ടാമത്തേതു് വിശ്വസിക്കപ്പെടുന്നില്ല.

(മാഡിസണ്, 1788)

കൂടാതെ, മനുഷ്യരുടെ സത്യസന്ധത അവരുടെ സമ്പത്തോടൊന്നിച്ചു് വർദ്ധിക്കുന്നതു് ഞാൻ കണ്ടിട്ടുമില്ല.

(ജെ. മൂറിനു്. 1809)

നമ്മുടെ എതിരാളികൾ തെററുചെയ്തു എന്ന കാരണത്താൽ നാമും അതു ചെയ്യാതെയിരിക്കുക. അതിനു പകരമായി, നാം ശരിയായുള്ളതു് ചെയ്തു കോപത്തിൻെറ വികാരങ്ങൾക്കുപകരം യുക്തിയുടേയും അന്തഃകരണത്തിൻേറയും ആജ്ഞയനുസരിച്ചുള്ള ഒരു പെരുമാററ രീതി ഏർപ്പെടുത്തുക.

ജനറൽ ഗേററ്സിങ്ക്, 1801, ന്യൂയാർക്ക് പബ്ലിക്ക് (ലൈബ്രറി മാനുസ്ക്രിപ്ററ്, II പു. 8)

ഒരു വ്യക്തിയേക്കാൾ കൂടുതലായി ഒരു രാഷ്ട്രത്തിനു് തന്നെയും, അതെത്രശക്തിയുള്ളതായിരുന്നാലും ശിക്ഷയെ

പ്പററിയുള്ള ഭീതികൂടാതെ അനീതികാട്ടാവുന്നതല്ല, ഇന്ന ല്ലെങ്കിൽ നാളെ, പ്രാരംഭത്തിൽ സാന്മാർഗ്ഗികാവബോധം മാത്രമുള്ളതാണെങ്കിലും ക്രമേണ അന്യായം കാട്ടുന്നവൻെറ മേൽ ശിക്ഷയേൽപിക്കാനുള്ള ശക്തിയേന്തിയതായിത്തീരു സ ഒന്നായി പൊതുജനാഭിപ്രായം രൂപഭേദപ്പെടുന്നതാണു്.

(മാഡിസണു്, 1804)

ഒരു രാജ്യതന്ത്രജ്ഞനെന്നനിലയിൽ സത്യസന്ധനല്ലാത്ത ഒരുവൻ ഏതു് സ്ഥാനത്തിലിരുന്നാലും സത്യസന്ധനായിത്തീരുന്നതല്ല. പത്തുലക്ഷം ജനങ്ങളുടെ ഒരു സംഘത്തെ, അവരിൽ ഓരോരുത്തനും ആദരിക്കേണ്ടതായ സാന്മാർഗ്ഗികനിയമങ്ങൾ ബന്ധിക്കുന്നതല്ലെന്നു കരുന്നതു് അത്ഭുതകരമാംവണ്ണം അസംബന്ധമാണു്.

(ഡാ. ജീ. ലോഗനു്, 1816)

ഒരുവനും തന്നെ മററൊരുവനു് തന്നോടൊപ്പമുള്ള അവകാശത്തെ ആക്രമിക്കുന്നതിനുള്ള പ്രകൃതിസിദ്ധാവകാശമില്ല.

(ഫ്രാൻസിസ് ഡബ്ളീയൂ. ഗിൽമറിനു്, 1816)

## മതം

എനിക്കുള്ളതല്ലെന്നു പറയാൻ ഭീതി വേണ്ടതരത്തിൽ, രാജ്യതന്ത്രത്തിലോ മതത്തിലോ ഒരഭിപ്രായവും എനിക്കുണ്ടായിരുന്നിട്ടില്ല.

(ഹോപ്കിൻസണു്, 1784)

മനുഷ്യൻെറ പൗരാവകാശങ്ങൾക്കും മതാവകാശങ്ങൾക്കും എതിരായി, നിയമത്താൽ സംസ്ഥാപിതവും ഗവൺമെൻറിൽ വേരോടിച്ചതുമായ പുരോഹിതവർഗ്ഗം സുശക്തമായ ഒരു യന്ത്രമായി പ്രവർത്തിക്കുകയാകുന്നു.

(ജെ. മൂറിനു്, 1800)

ന്യൂയാർക്കു് പബ്ളിക്കു് ലൈബ്രറി മാനുസ്ക്രിപ്ററു് [ 366

മതം എന്നതു് ഒരുവനും അവൻെറ സ്രഷ്ടാവും തമ്മിലുള്ള ഒരു കാര്യമാണെന്നും അതിൽ വേറൊരുവനും. അതി

ല്പം കുറവായി പൊതുജനങ്ങൾക്കും ഇടപെടാവുന്നതല്ലെന്നും ഞാൻ കരുതുന്നു.

(റഷനി്, 1813, ന്യൂയാർക്ക് പബ്ലിക്ക് ലൈബ്രറി)

(മാനുസ്ക്രിപ്റ്റ് IV, 164)

മതപരമായ വിവാദങ്ങളെ നിശ്ശബ്ദമാക്കുന്നതിനുള്ള മാർഗ്ഗം അവയെ അവഗണിക്കുകയെന്നതാണു്.

(നോട്സ് ഓൺ വെർജീനിയാ)

യേശുവിൻെറ ശുദ്ധമായ മതത്തെ പുരോഹിതന്മാർ വളരെ വികലമാക്കി; അവർ അതിൽ ഒട്ടിച്ചുവച്ച ദുർവ്യാഖ്യാനങ്ങൾ വായിക്കുന്ന ഒരുവനും അതു ഗിരിപ്രഭാഷണം നടത്തിയ വിശുദ്ധനായ പ്രവാചകൻെറ സൃഷ്ടിയാണെന്നു തോന്നുകയില്ല.

(ഡാ: ബി. വാട്ടർഹൗസിനു്, 1815, ന്യൂയാർക്കു് പബ്ലിക്ക് ലൈബ്രറി മാനുസ്ക്രിപ്റ്റ്, IV 2-3

ദൈവത്തെ ഭയപ്പെട്ടുകയും നിങ്ങളുടെ അയലത്തുകാരനെ സ്നേഹിക്കുകയും ചെയ്യുക എന്നുപദേശിച്ച സർവ്വമതസാരങ്ങളുടേയും അതുല്യനായ ഉപദേഷ്ടാവു് പറഞ്ഞതിൽ യാതൊരു അത്ഭുതവുമില്ലെന്നുള്ളതിനു് വിശദീകരണം ആവശ്യമില്ല. പക്ഷെ ഇതു പോരാ. വഞ്ചകന്മാരെ സൃഷ്ടിക്കാൻ ഇതു വഴി നൽകുന്നില്ല, പുരോഹിതന്മാർക്കു ഇതിന്റെ പേരിൽ ജീവിക്കാൻ സാദ്ധ്യമല്ല. ലോഗനു്, 1816

കാൽവിൻ വിഭാഗക്കാർ, അതിലെ നേതാക്കന്മാർ ക്രിസ്തുമതത്തിൽനിന്നും പറിച്ചുകളഞ്ഞ വിഡ്ഢിത്തങ്ങളേക്കാൾ കട്ടത്തവയെ അതിനകത്തു കുത്തിച്ചെലുത്തിയെന്നുള്ളതാണു് യാഥാർത്ഥ്യം.

(എസ്, ഹെയിൽസിനു്, 1818 ന്യൂയാർക്കു് പബ്ലിക്കു് ലൈബ്രറി, മാനുസ്ക്രിപ്റ്റു് V 79)

വേദാന്തികളെ മാത്രം രക്ഷിക്കാനായിരുന്നില്ല നമ്മുടെ രക്ഷകൻ ഈ ലോകത്തിൽ വന്നതു്. അദ്ദേഹത്തിൻെറ

ഉപദേശങ്ങൾ ഏതു സാധാരണക്കാരനും മനസ്സിലാകുന്നതാണ്, ക്രിസ്തുമതമെന്ന ഇരട്ടപ്പേരു നേടിയ ദുർഗ്രഹമായ അത്ഭുതങ്ങളേയും കുശാഗ്രമതിത്വങ്ങളേയും അതിൽനിന്നും നിഷ്കാസനം ചെയ്ത ക്രിസ്തുവിൻെറ ശുദ്ധവും യഥാർത്ഥവുമായ ആദർശങ്ങളിലേക്ക തിരിച്ചുചെന്നാൽ മാത്രമേ നാം യഥാർത്ഥക്രിസ്ത്യാനികളായിത്തീരുകയുള്ളൂ.

(ടി)

ഇരുപതു ദൈവങ്ങളുണ്ടെന്നോ ഒരു ദൈവവുമില്ലെന്നോ എൻെറ അയൽപക്കക്കാരൻ പറയുന്നതുമൂലം ആക്കും യാതൊരു നഷ്ടവുമുണ്ടാകുന്നില്ല. അതെൻെറ പോക്കററടിക്കുകയോ കാലൊടിക്കുകയോ ചെയ്യുന്നില്ല.

(നോട്സ് ഓൺവെർജീനിയാ, ക്വറി, 17)

ഐക്യംനേടാവുന്നതാണോ? നിരപരാധികളായ ലക്ഷലക്ഷം പുരുഷന്മാരും സ്ത്രീകളും കുഞ്ഞുങ്ങളും, ക്രിസ്തുമതത്തിൻെറ ആവിർഭാവത്തിനുശേഷം, ചുട്ടുകളയപ്പെട്ടുകയോ ദണ്ഡിക്കപ്പെട്ടുകയോ പിഴകൊടുക്കാൻ നിർബന്ധിതരാക്കപ്പെട്ടുകയോ തടവിലാക്കപ്പെട്ടുകയോ ചെയ്തിട്ടുണ്ട്. എന്നിരുന്നാലും നാം ഐക്യത്തിലേക്ക ഒരിഞ്ചെങ്കിലും മുന്നേറിയിട്ടുണ്ടോ?

(ടി)

മതപരമായ സ്ഥാപനങ്ങളിൽ ഐക്യനാട്ടുകൾ ഇടപെട്ടുന്നതിനെ ഭരണഘടനകൾ നിരോധിച്ചിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു...അതിൻെറ ആചരണം ശിക്ഷണം, സിദ്ധാന്തങ്ങൾ എന്നിവയെ കൈകാര്യം ചെയ്യുന്നതിനു് ഉദ്യോഗസ്ഥരെ ക്ഷണിക്കുന്നതു് മതതാല്പര്യത്തിനു് അനുഗുണമാണെന്നു ഞാൻ വിശ്വസിക്കുന്നില്ല.

(റവ. എസ്. മില്ലറിനു് 1808)

എനിക്കു കാണാനിടയായ പുരാതനവും ആധുനികവുമായ എല്ലാ സന്മാർഗ്ഗിക സരണികളിലും യേശുവിൻേറതുപോലെ, ശുദ്ധമായി വേറൊന്നിനേയും കാണുന്നില്ല.

(ഡബ്ലിയൂ, കാൻബിസ്സു്, 1813)

എല്ലാമതങ്ങളിലും നാം നല്ല മനഷ്യരെക്കാണുന്നു, ഒന്നിലുള്ളതുപോലെതന്നെ മററൊന്നിലും,

(ജെ, ഫിഷ്ബാക്കിനു് 1809)

യുക്തി പ്രവർത്തനസജ്ജമാകുന്നതിനു്മുമ്പ് ആശയങ്ങൾ വ്യക്തമായിത്തീരണം, ത്രിത്വത്തെ സംബന്ധിച്ച് ഒരുവനും വ്യക്തമായ ഒരു ധാരണയുണ്ടായിരുന്നിട്ടില്ല. അതു യേശുവിൻെറ പുരോഹിന്മാരെന്നു് സ്വയം വിളിക്കപ്പെടുന്ന മുട്ടി വൈദ്യന്മാരുടെ 'ഓംഹ്രീം' മാത്രമാണു്.

(വാൻഡെർ കെമ്പിനു്, 1816)

മൂന്നു ഒന്നാകുന്നു; മൂന്നുഒന്നാകുന്നു; എന്നിരുന്നാലും ആ ഒന്നു മൂന്നല്ല, മൂന്നു ഒന്നല്ല....''പുരോഹിതന്മാരുടെ കൗശലവും കഴിവും ആദായവും ഇതിലാണു് സ്ഥിതിചെയ്യുന്നതു്. അതിൻെറ ചിലന്തിവലകളിൽ നിന്നും കലഹജന്യമായ മതങ്ങളെ തുത്തുകളയുക. പിന്നെ അതിൽ പ്രാണികൾ ചെന്നു പെട്ടുകയില്ല.

(ആഡംസിനു്, 1813)

തനിക്കുള്ള അന്തഃകരണസ്വാതന്ത്ര്യത്തെ വിലമതിക്കുന്ന ഓരോരുത്തനും അന്യർക്കുള്ളതിൻെറ കൈയ്യേററത്തെ സാധൂകരിക്കയില്ല;

(ഡാ. ബെഞ്ചമിൻ റഷിനു്, 1803)

അദ്ദേഹം, ക്രിസ്ത്യാനിയെന്നപദം ഏതർത്ഥത്തിൽ പ്രയോഗിച്ചുവോ, അതേയർത്ഥത്തിൽ ഞാനൊരു ക്രിസ്ത്യാനിയാണു്, മററെല്ലാ സിദ്ധാന്തങ്ങളേക്കാൾ അദ്ദേഹത്തിൻെറ സിദ്ധാന്തങ്ങളെ ആത്മാർത്ഥമായി സ്വീകരിക്കുന്ന ഒരുവൻ.

(ടി)

ഞാൻ ഒരിക്കലുംതന്നെ, വാക്കുകൊണ്ടോ പ്രവർത്തികൊണ്ടോ, അസഹിഷ്ണുതയുടെ കോവിലിൽ തലകുനിക്കുകയോ അന്യരുടെ മതാഭിപ്രായങ്ങളെപ്പററിയുള്ള അന്വേഷണാവകാശം അംഗീകരിക്കയോ ചെയ്യുകയില്ല.

(എഡ്വർഡ് ഡൗസേജ്ജ്, 1803)

എല്ലാരാജ്യത്തിലും എല്ലാക്കാലത്തിലും പുരോഹിതൻ സ്വാതന്ത്ര്യത്തിൻെറ ശത്രുവായിരുന്നു, അവൻ തൻെറ രക്ഷ യ്ക്കുവേണ്ടി സ്വേച്ഛാധിപതിയുമായി കൂട്ടുചേന്നു അവന്റെ ദുർ ഭരണങ്ങൾക്കു ഒത്താശ നൽകുന്നു.

(ഹൊറേഷ്യോ ജി. സ്റ്റാഫോർഡിനു്, 181I,

നമ്മുടെ പ്രത്യേക മതതത്വങ്ങൾ നമ്മുടെ ദൈവത്തോടുമാത്രം ഉത്തരം പറയാൻ ചുമതലപ്പെട്ടതാണു്. ഞാൻ വേറൊരുവൻേറതിനേയും പററി അന്വേഷിക്കാറില്ല, വേറൊരുവനേയും എൻേറതുകൊണ്ടു അലട്ടാറുമില്ല.

(മൈൽസ് കിങ്ങിനു്, 1814)

ഞാൻ അന്യരുടെ മതത്തെപ്പററി നിശ്ചയിക്കുന്നതു് അവരുടെ ജീവിതരീതി മുഖാന്തരമായിട്ടാണു്—....എന്തു കൊണ്ടെന്നാൽ നമ്മുടെ മതത്തെ കണ്ടെത്തേണ്ടതു് വാക്കുക ളിൽ നിന്നുമല്ല, പ്രവൃത്തിയിൽ നിന്നുമത്രേ.

(മിസ്സിസ് ഹാരിസ്സൺസ്മിത്തിനു്, 1816)

എൻെറ അഭിപ്രായം, പുരോഹിതനുണ്ടായിരുന്നില്ലെങ്കിൽ ഒരു അവിശ്വാസിയുമുണ്ടാകുമായിരുന്നില്ലയെന്നാണു്.

(ടി)

ക്രൈസ്തവസഭയുടെ ശാപവും നാശവും അതിലെ അവാന്തരവിഭാഗങ്ങളാണു്........ക്രൈസ്തവരാജ്യങ്ങളെ കശാപ്പുശാലകളാക്കുന്നതും,

(റവ. വിററർമാറിനു്, 1822)

യേശുവിൻെറ ആദർശങ്ങളെ, അദ്ദേഹത്തിൻെറ വായിൽനിന്നും വന്ന തരത്തിൽ ശുദ്ധമായി ഉപദേശിക്കപ്പെട്ടിരുന്നുവെങ്കിൽ പരിഷ്കൃതലോകം മുഴുവനും ഇന്നു ക്രൈസ്തവമായിത്തീരുമായിരുന്നു.

(ഡാ; ബെഞ്ചമിൻ വാട്ടർഹൗസിനു്, 1822)

ഓരോ ക്രൈസ്തവമതവിഭാഗവും, വെളിപ്പാടുണ്ടായിരു

ന്നില്ലെങ്കിൽ ഈശ്വരന്റെ ആസ്തിക്യത്തിനു് വേണ്ടത്ര തെളിവുണ്ടാകുമായിരുന്നില്ല എന്ന പൊതുവായ സിദ്ധാന്തത്താൽ നിരീശ്വരന്മാർ ഒരു കൈപ്പിടി നൽകുകയത്രേ ചെയ്യുന്നതു്.

(ആഡംസിനു്, 1823)

ഒരുവൻ വിശ്വസിക്കാത്ത അഭിപ്രായങ്ങളുടെ പ്രചാരണത്തിനു്വേണ്ടി പണം സംഭാവന ചെയ്യാൻ അവനെ നിർബന്ധിക്കുന്നതു് പാപകരവും ദുഷ്പ്രഭുത്വപരവുമാണു്.

(വെർജീനിയായിൽ മതസ്വാതന്ത്ര്യമേർപ്പെടുത്തുന്നതിനുള്ള നിയമങ്ങൾ, 1786)

## വിപ്ലവം

അമേരിക്കൻ വിപ്ലവത്തിന്റെ ഓർമ്മ അനശ്വരമായിരിക്കും. അതിനെ രേഖപ്പെടുത്തുന്നവരെ അനശ്വരരാക്കുകയും ചെയ്യും.

(ദാബെർത്തുയിക്കു്, 1786)

ചിലപ്പോഴൊക്കെയുണ്ടാകുന്ന ജനക്ഷോഭങ്ങൾ നല്ലതാണു്, ഭൗതികലോകത്തു കൊടുങ്കാറ്റുകളെങ്ങനെ ആവശ്യമാണോ അതുപോലെ രാഷ്ട്രീയലോകത്തു ജനക്ഷോഭങ്ങളും.... ....ഭരണകൂടത്തിന്റെ ശരിയായ ആരോഗ്യത്തിനു് ആവശ്യമായ ഔഷധവുമാണതു്.

(മാഡിസണു്, 1787)

സ്വാതന്ത്ര്യതരുവിനെ കാലാകാലത്തിൽ രാജ്യസ്നേഹികളുടെയും ജനമർദ്ദകരുടെയും രക്തംകൊണ്ടു് പുനരുജ്ജീവിപ്പിക്കണം. അതു പ്രകൃതിസഹജമായ ഒരു വളമാകുന്നു.

(കേർണൽസ്മിത്തിനു്, 1787)

മരണാധികാരികളെ, ജനങ്ങൾ തങ്ങളുടെ പ്രതിരോധമനോഭാവം നിലനിർത്തുന്നതാണെന്നു കൂടെക്കൂടെ താക്കീതു നൽകാത്ത രാജ്യങ്ങളിൽ എങ്ങനെയാണു് സ്വാതന്ത്ര്യം നിലനിർത്തുക? അവർ ആയുധങ്ങളെടുക്കട്ടെ.

(ടി)

അതു (ഫ്രഞ്ചുവിപ്ലവം) പരാജയമടയുന്നതിനേക്കാൾ ഭൂമിയുടെ പകുതിയും നിർജ്ജനമാക്കപ്പെട്ടുന്നതു ഞാൻ കണ്ടേനില്ലും; ഓരോ രാജ്യത്തിലും ഒരു ആദാമും ഹൌവ്വായും മാത്രം അവശേഷിക്കുകയും സ്വതന്ത്രരായിരിക്കയും ചെയ്താൽ അതു് ഇന്നത്തേതിനേക്കാൾ നന്നായിരിക്കും.

(വില്യം ഷാർട്ടിനു്, 1793)

ഒരു വിപ്ലവത്തിനു് ആരംഭമിടുന്ന തലമുറ അതു അവസാനിപ്പിക്കാറില്ല.

(ആഡംസിനു്, 1823)

## ദുഷ്പ്രഭുത്വം

ഗവൺമെൻറും മതവും അതിൻെറ ശാഖകളേയും ഹിംസയേയും, ജനങ്ങളുടെ പ്രയത്നത്തിൻെറ അടിസ്ഥാനത്തിൽ അലസതയെ സ്ഥൂലിപ്പിക്കുവാനുള്ള മാർഗ്ഗങ്ങളേയും സൃഷ്ടിച്ചിട്ടുണ്ടു്.........ചുരുക്കത്തിൽ അമേരിക്കയിലെ വനാന്തരങ്ങളിൽ മാത്രമല്ല നരഭോജികളെ കാണാൻ കഴിയുക; ജീവിച്ചിരിക്കുന്ന ഓരോരുത്തൻെറയും രക്തത്തിൽ അവർ പുളച്ചുമറിയുകയാണു്.

(ചാറത്സ് ബ്ലേയ്ക്കു്, 1815)

അന്നത്തെ (1776-ലെ) ആപ്തവാക്യം 'എവിടെ വാർഷിക തെരഞ്ഞെടുപ്പുകൾ അവസാനിക്കുന്നുവോ അവിടെ ദുഷ്പ്രഭുത്വം ആരംഭിക്കുന്നു' എന്നായിരുന്നു.

(സാമുവൽ ആഡംസിനു്, 1800)

മനുഷ്യൻെറ മനസ്സിൻെറ മേലുള്ള എല്ലാത്തരം ദുഷ്പ്രഭുത്വത്തിനുമെതിരായി ശാശ്വതമായ സമരം ചെയ്യുമെന്നു ദൈവത്തിൻെറ ശ്രീകോവിലിൽ ഞാൻ സത്യപ്രതിജ്ഞ ചെയ്തിട്ടുണ്ടു്.

(ഡാ: റഷിനു്, 1800)

വിദേശകാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഒന്നായിട്ടു

രുക്കിച്ചേർത്ത പതിനേഴ വിഭിന്നസംസ്ഥാനങ്ങൾ ആഭ്യന്തരകാര്യങ്ങളെ സംബന്ധിച്ചിടത്തോളം വെവ്വേറെ സ്വതന്ത്രമായി നിൽക്കുന്നു; അവ മുറപ്രകാരം ജനങ്ങളുടെ ഇഷ്ടത്തിൽ അധിഷ്ഠിതമായ ഒരു നിയമസഭയും ഗവർണ്ണരുമുള്ളതും സ്വതന്ത്രമായ ഒരു പത്രലോകത്താൽ പ്രബോധിതവുമാകയാൽ അവ ഒരു വ്യക്തിയുടെ കൈയ്യേററങ്ങൾക്കു സ്വമേധയാ വഴങ്ങി അവൻെറ കൌശലങ്ങളാൽ വ്യാമോഹിതരാകാൻ സാദ്ധ്യമല്ല.

(ദെസ്ത്തുത്ത് ദ് ട്രേസിസ്റ്റ്, 1811)

യൂറോപ്പിൽ ഓരോ മനുഷ്യനും ഒരു കട്ടയോ പിരിയോ അല്ലെങ്കിൽ കൂടമോ അടകല്ലോ ആകേണ്ടിയിരിക്കുന്നു.

(സി. ഹാമ്മണ്ടിനു്, 1821)

ഈ വിസ്തൃതമായ രാജ്യത്തെ എന്നെങ്കിലും ഒരൊറ്റ ഗവൺമെൻറിൻെറ കീഴിലാക്കുകയാണെങ്കിൽ അതു ഏററവും പരന്ന അഴിമതിയുടെ നാടായിത്തീരും.

(വില്യം ററി. ബാരിസ്റ്റ്, 1822)

ദുഷ്പ്രേരണയുടെ ഫലമെന്തായിരുന്നു? ലോകത്തിൻെറ ഒന്നുപകുതിയെ വിഡ്ഢികളും മറേറപ്പകുതിയെ വഞ്ചകരുമാക്കുക.

(നോട്സ് ഓൺ വെർജീനിയാ ക്വറി, 17)

## യുദ്ധവും സമാധാനവും

ജനങ്ങളെ സൈനികമായ ശിക്ഷണത്തെ ലാക്കാക്കി മെരുക്കുന്നതു് അവരുടെ അന്തഃസത്തയെ നിഷ്ക്രിയമായ അനുസരണയ്ക്കുവേണ്ടി മെരുക്കുകയാകുന്നു.

(ജെ. ഹേയ്ക്കു്, 1788)

ഓരോ അമേരിക്കാക്കാരൻേറയും അന്തരംഗത്തിൽ വേറെയേതിനേയുംകാൾ കൂട്ടതലായി വേരോടിക്കപ്പെട്ട ഒരു ആദർശമുണ്ടെങ്കിൽ അതു് നാം യുദ്ധത്തിൽനിന്നും ഒഴിഞ്ഞു നിൽക്കുകയെന്നതാണു്.

(വില്യം ഷാർട്ടിനു്, 1791)

യൂറോപ്പിനെ ഞാൻ കണ്ടുകൊണ്ടുന്നതു് ഒരു വലിയ ഭ്രാന്താലയമായിട്ടാണു്; അവരുടെ സാന്മാർഗ്ഗിക കഴിവുകളുടെ ഇന്നത്തെ തലതിരിഞ്ഞ അവസ്ഥ അനുകമ്പാർഹവും പരിത്യാജ്യവുമത്രേ. ഒരു ഭ്രാന്തനോടു യുദ്ധം ചെയ്യുന്നതിൽ യാതൊരു ധീരതയുമില്ല.

(ഡബ്ലിയു. ബി. വാർഡനു്, 1808; ന്യൂയോർക്ക് പബ്ലിക്ക് ലൈബ്രറി മാനുസ്ക്രിപ്റ്റ്, III, 495-96)

സമാധാനം ജനങ്ങൾക്കും രാജ്യങ്ങൾക്കും വിശുദ്ധമായ ഒരനുഗ്രമാകുന്നു.

(ഡാ: ഗ്രിഫിത്ത്സിനു്, 1813; ടി IV, 172)

യൂറോപ്പിലെ സിംഹങ്ങളും വ്യാഘ്രങ്ങളും, ഒന്നിനു് കരയിലും മറേറതിനു് കടലിലുമുള്ള ആധിപത്യത്തെ നാമാവശേഷമാക്കുന്ന തരത്തിൽ പരസ്പരം അവയുടെ മർദ്ദനശക്തിയെ ഇല്ലാതാക്കുമെങ്കിൽ, അവ വീണ്ടും യുദ്ധസജ്ജമാകുന്നതുവരെ ലോകത്തിൽ സാമധാനം നില നില്ക്കുന്നതായിരിക്കും.

(ഡാ: ബെഞ്ചമിൻ റഷിനു്, 1803)

ശാന്തമായ നമ്മുടെ അവസ്ഥയും [യൂറോപ്പിലെ] അഗ്നിപർവതങ്ങളും തമ്മിൽ എന്തു ദൈവികമായ വ്യത്യാസമാണു്. നമ്മുടെ ചെറിയ കക്ഷിവഴക്കുകളും മത്സരങ്ങളും അവിടത്തെ പോരാളികളുടെ യുദ്ധരംഗത്തിലെ അഗ്നിയും ആയുധങ്ങളും ദുരന്തങ്ങളുമായി തുലനം ചെയ്യുമ്പോൾ വെറും നാമമാത്രമായി ലോപിച്ചുപോകും.

(റരിക്നോറിനു്, 1816)

ഭൗതികവും സാന്മാർഗ്ഗികവുമായ ലോകത്തെ ഇന്നു തകർത്തുകൊണ്ടിരിക്കുന്ന ചുഴലിക്കാററു് യുക്തിയുടേയും അവകാശങ്ങളുടേയും എല്ലാ മലകളേയും മുട്ടുകുത്തിച്ചു കളഞ്ഞിരിക്കുന്നു.

(സീസർ റോഡ്നിക്കു്, 1810)

ഞാൻ വിശ്വസിക്കുന്നതു് ഗവൺമെൻറിൻെറ ന്യായ

യുക്തമായ ഏകലക്ഷ്യവും ഭരണാധിപന്മാരുടെ പ്രഥമ കർത്തവ്യവും..... .....നമ്മുടെ പൗരന്മാരുടെ സൗഖ്യവും ഐശ്വര്യവും നിലനിറുത്തുകയെന്നതാണു്, അല്ലാതെ സദ്ഗുണങ്ങളും സൗഖ്യവുമായി യാതൊരു ബന്ധവുമില്ലാത്ത തങ്ങളുടെ സാങ്കല്പിക പദവിയുടെ പേരിൽ അവരുടെ സംരക്ഷണയിലുള്ള മനുഷ്യരെ കശാപ്പു ചെയ്യുകയും പ്രദേശങ്ങളെ ശൂന്യമാക്കുകയുമല്ല,

(കോസിയുസ്കോവിനു്, 1871)

റഷ്യയും തുർക്കിയുമായുള്ള യുദ്ധം പരുന്തും പാമ്പും തങ്ങളിലുള്ള യുദ്ധം പോലെയാണു്. അവയിൽ ഏതൊന്നു മറ്റേതിനെ നശിപ്പിക്കുമ്പോഴും അതു ലോകത്തിലെ നാശകാരികളുടെ എണ്ണത്തിൽ ഒന്നു കുറവുവരുത്തുന്നു.

(ആഡംസിനു്, 1822)

ക്വാക്കർമാരുടെ രീതി മനുഷ്യനു് എത്ര ആനന്ദസന്ദായകമാണെന്നും ആഹാരം നൽകുന്നവൻെറ ജീവിതം യുദ്ധം ചെയ്യുന്നവൻേറതിനേക്കാൾ എത്ര മെച്ചപ്പെട്ടതാണെന്നും നമുക്കു തെളിയിക്കാൻ സാധിക്കുമെന്നു ഞാൻ ആശിക്കുന്നു.

(ടി)

സമാധാനത്തിൻെറ പ്രയോജനകരമായ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതുമൂലം മനുഷ്യസമുദായത്തിൻെറ സൗഖ്യവും പ്രവൃദ്ധമാകുമെന്നും ഇതിൻെറ അടിസ്ഥാനത്തിൽ മാത്രമേ സ്ഥായിയായ ഐശ്വര്യം സംസ്ഥാപിക്കാൻ സാദ്ധ്യമാകുകയുള്ളു എന്നും യുദ്ധത്തിൻെറ കെടുതികൾ, അവയെ സഹിക്കുമ്പോഴാണു് തീവ്രമായിത്തീരുന്നതെന്നും, വരുന്ന കാലത്തേയും അതു ബാധിക്കുമെന്നും വിശ്വസിച്ചുകൊണ്ടു് നമ്മുടെ രാജ്യത്തെ യൂറോപ്പിനെ ബാധിച്ചിരിക്കുന്നവയും നമ്മെ എല്ലാ ഭാഗത്തുനിന്നും ആക്രമിക്കുന്നവയുമായ ദുരിതങ്ങളിൽനിന്നും ദൂരെ മാററിനിർത്താൻ ഞാൻ എൻെറ സകല കഴിവുകളേയും ഉപയോഗിക്കുകയാണു്.

(പിററ്സ്ബർഗിലെ റിപ്പബ്ലിക്കൻസിനോടു്, 1808)

ഈശ്വരാനുഗ്രഹം കൊണ്ടു് നമ്മുടെ വിധി, നമ്മെ യൂ

റോപ്പിലെ അധഃപതിപ്പിക്കുന്നതും മർദ്ദനാത്മകവുമായ സ്ഥാപനങ്ങളിൽ നിന്നുമുള്ള ദോഷം സംക്രമിക്കാത്ത തരത്തിൽ, നമ്മുടെ സമാധാനത്തിനും ഐശ്വര്യത്തിനും വളരെയേറെ മംഗല്യമായ സാഹചര്യത്തിലും രാജ്യത്തിലും കൊണ്ടു നിറുത്തിയിരിക്കുന്നു,

(പെന്നിസിൽവാനിയായിലെ വാഷിങ്ടൺ കൗണ്ടിയിലെ റിപ്പബ്ലിക്കൻ പ്രതിനിധികളോട്, 1809)

ഒരു നീണ്ട യുദ്ധത്തിന്റെ അവസാനത്തിൽ ഒരു ചെറിയ നഗരമോ അല്പം പ്രദേശമോ നേടുന്നതിലേക്ക് വേണ്ടി ചെലവാക്കപ്പെട്ട തുക റോഡുകൾ വെട്ടാനോ, തോട്ടുകൾ കുഴിക്കാനോ, തുറമുഖങ്ങൾ നിർമ്മിക്കാനോ കലകളെ വികസിപ്പിക്കുവാനോ, തൊഴിലില്ലാത്ത പാവങ്ങൾക്കു ജോലിയുണ്ടാക്കാനോ വിനിയോഗിച്ചിരുന്നുവെങ്കിൽ (രാഷ്ട്രങ്ങൾ) കൂടുതൽ ശക്തവും ധനികവും സുഖമുള്ളതും ആയിത്തീരുമായിരുന്നു. ഇതു നമ്മുടെ അറിവായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

(നോട്സ് ഓൺ വെർജീനിയാ, ക്വറി, 22)

# അനുബന്ധം II

## സമകാലികരെപ്പററിയുള്ള അഭിപ്രായങ്ങൾ

## ജോൺ ആഡംസ്

അദ്ദേഹം ഗർവിഷ്ഠനും ക്ഷിപ്രകോപിയുമാണ്; കൂടാതെ മനുഷ്യരെ നിയന്ത്രിക്കുന്ന പ്രേരകങ്ങളുടെ ശക്തിയേയും സംഭാവ്യഭവിഷ്യത്തുകളേയും കണക്കാക്കാൻ സമർത്ഥനുമല്ല. അദ്ദേഹത്തെപ്പററി പറഞ്ഞേക്കാവുന്ന ദൂഷ്യം ഇത്രമാത്രമാകുന്നു. അദ്ദേഹത്തിന്റെ സ്രഷ്ടാവിനെപ്പോലെ അദ്ദേഹം തൽപര്യവിഹീനനുമാണ്; അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ ഗൌരവമുള്ളവയാണ്; ലോകപരിചയം ആവശ്യമുള്ള കാര്യങ്ങളിരലാഴികെ തീരുമാനങ്ങൾ ചെയ്യാൻ കഴി

വുള്ളവനുമാണ്. നിങ്ങൾ എന്നെങ്കിലും അദ്ദേഹവുമായി പരിചയപ്പെടാൻ ഇടയാകുമെങ്കിൽ നിങ്ങൾ അദ്ദേഹത്തെ ഇഷ്ടപ്പെട്ടുപോകും; അത്രയ്ക്കു സ്നേഹശീലനാണദ്ദേഹം, കോൺഗ്രസ്സിൽ അദ്ദേഹം ഒരു വലിയ ആളായിരുന്നു, ഇനി അങ്ങനെ ആയിരിക്കയും ചെയ്യും.

(മാഡിസണ്, 1787)

നിയമസഭയിൽ അദ്ദേഹം നമ്മുടെ കെരള്ളോസസ്സായി തന്നു. അദ്ദേഹത്തിന് രൂപസൗന്ദര്യമുണ്ടായിരുന്നില്ല, അസാധാരണമായ വാചാലതയുണ്ടായിരുന്നില്ല, എന്നാൽ ചിലപ്പോഴൊക്കെ അദ്ദേഹം ചെയ്തിരുന്ന പ്രസംഗങ്ങളിലെ ആശയ പൗഷ്കല്യവും പദപ്രയോഗങ്ങളും ഞങ്ങളെ ഇരിപ്പിടങ്ങളിൽ നിന്നുമിളക്കിയിരുന്നു.

(ഡാനിയൽ വെബ്സ്ററുമായുള്ള
സംഭാഷണം, 1824)

## സാമുവൽ ആഡംസ്

കോൺഗ്രസ്സിൽ ആരുംതന്നെ ഉദ്ദേശശുദ്ധി, ഉത്സാഹം, ബുദ്ധികൂർമ്മ എന്നി കാര്യങ്ങളിൽ സാമുവൽ ആഡംസിനെ അതിശയിക്കുകയോ അദ്ദേഹത്തോടൊപ്പം വരികയോ ചെയ്തിട്ടില്ല; കോൺഗ്രസ്സിലൂടെ വിപ്ളവകരമായ പരിപാടികൾ നിർദ്ദേശിക്കാനും നടപ്പിൽ വരുത്താനും അദ്ദേഹത്തേക്കാൾ കൂടുതലായി ആരുംതന്നെ ഒന്നും ചെയ്തിട്ടില്ല. അദ്ദേഹത്തിന് സംസാരിക്കാൻ കഴിഞ്ഞിരുന്നില്ല, അദ്ദേഹത്തിന്റെ സംഭാഷണം ഇടർച്ചയുള്ളതും അമറുന്നതുപോലെയുമായിരുന്നു.

(ടി 1824)

മററേതൊരംഗത്തേക്കാളും അദ്ദേഹമായിരുന്നു നമ്മുടെ പ്രധാനപ്പെട്ട പദ്ധതികളുടെ ഉപജ്ഞാതാവെന്നാണ് ഞാനെന്നും വിശ്വസിച്ചിട്ടുള്ളത്. അദ്ദേഹത്തിന് അനർഗ്ഗളമായോ സരസമായോ സംസാരിക്കാൻ കഴിഞ്ഞിരുന്നില്ലെങ്കിലും അദ്ദേഹം പറഞ്ഞ കാര്യങ്ങൾ സാരവത്തും സഭയുടെ തീവ്രമായ ശ്രദ്ധയെ ആകർഷിച്ചതുമായിരുന്നു.

(വാട്ടർഹൗസിനു്, ന്യൂയാർക്കു് ലൈബ്രറി
മാനുസ്ക്രിപ്റ്റ്, V, 116)

## റഷ്യയിലെ അലക്സാണ്ടർ ഒന്നാമൻ

അദ്ദേഹത്തെക്കാൾ സദ്ഗുണസമ്പന്നനായി ആരും തന്നെയില്ലെന്നു ഞാൻ വിശ്വസിക്കുന്നു; മാനവലോകത്തിന്റെ നില നന്നാകുവാൻ ഇത്ര തീവ്രമായി താൽപര്യം കാണിക്കുന്നവരും. അത്തരം ആദർശങ്ങളുള്ള ഒരു രാജാവു് റഷ്യയിലെ കുലീനന്മാർക്കു യോജിക്കാത്തതിനാൽ അദ്ദേഹം അതിനൊരിരയായിത്തീർന്നേക്കാം. കാര്യഗ്രഹണത്തിൽ അദ്ദേഹം അദ്വിതീയനല്ലെങ്കിലും വളരെ ഉയർന്നനിലയിലാണു്.

(വില്യം ഡ്യൂവാനു്, 1807)

അങ്ങയുടെ സ്വഭാവത്തെപ്പററി എനിക്കുള്ള ആത്മാർത്ഥമായ ആദരവും ഭക്തിയും പ്രകടിപ്പിക്കുന്നതിനു് ഈ സന്ദർഭം ഞാൻ വിനിയോഗിക്കുന്നു, ഭൂമിയിൽ ഇത്ര വിസ്തീർണ്ണമേറിയ ഒരു പ്രദേശത്തിലെ ഇത്ര ചെറുപ്പക്കാരനായ ഒരു രാജാവു തന്റെ പ്രജകളുടെ ക്ഷേമൈശ്വര്യങ്ങളുടെ സംവർദ്ധനം ജീവിതധർമ്മമായി സ്വീകരിച്ചിരിക്കുന്നതു കാണുവാൻ സാധിച്ചതു് എന്റെ ഏററവും ഒടുവിലത്തെയും ആശ്വാസകരവുമായ സൗഖ്യങ്ങളിൽ ഒന്നായിരിക്കും.

(അലക്സാണ്ടർ ചക്രവർത്തി ഒന്നാമനു്, 1806)

## എഡ്മണ്ടു് ബർക്കു്

ഫ്രാൻസിലുണ്ടായ വിപ്ലവം മി. ബർക്കിലുണ്ടായ വിപ്ലവത്തോളം എന്നെ അത്ഭുതപ്പെടുത്തുന്നില്ല. രണ്ടാമത്തേതും ആദ്യത്തേതിന്റേതിനെപ്പോലെ സദുദ്ദേശങ്ങളാൽ പ്രേരിതമായിട്ടുള്ളതാണെന്നു് വിശ്വസിക്കാൻ എനിക്കു കഴിഞ്ഞുവെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു....സദ്ഗുണങ്ങളുടേയും രാജ്യസ്നേഹത്തിന്റേയും മുദ്രധരിച്ചിരുന്ന അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ ക്രൂരോദ്ദേശങ്ങൾ കുടികൊണ്ടിരുന്നുവെന്നു ആരോപിക്കാൻ അദ്ദേഹത്തിന്റെ മനസ്സിലെ അധഃ

പതനത്തിൻെറ ഈ തെളിവ് നമ്മെ നിർബന്ധിതമാക്കുന്നതു് എത്ര വേദനാജനകമാണു്?

(ബി. വാഹനു്, 1791)

## ആരൺ ബർ

അദ്ദേഹത്തിന്റെ പെരുമാററം എന്നിൽ പെട്ടെന്നു അവിശ്വാസം സഞ്ജാതമാക്കി. അദ്ദേഹത്തെ അത്യധികമായി വിശ്വസിക്കാൻ പാടില്ലെന്നു ഞാൻ മി. മാഡിസനെ പതിവായി ഓർമ്മപ്പെടുത്തിയിരുന്നു.

(അനാസു്, 1804)

ഒരിക്കലും ഞാൻ അദ്ദേഹത്തെ സത്യസന്ധൻം ഹൃദയം തുറന്നു പെരുമാറുന്നവനുമാണെന്നു് കരുതിയിരുന്നില്ല. നേരെ മറിച്ചു് അദ്ദേഹത്തെ ഒത വക്രമായ തോക്കാണെന്നു വിചാരിച്ചിരുന്നു. അദ്ദേഹത്തിൻെറ ലക്ഷ്യത്തെയോ വെടിയുണ്ടയെയോ പററി നിങ്ങൾക്കു തീർച്ചപ്പെടുത്താവുന്നതല്ല.

(വില്യം ഗൈൽസിനു്, 1807)

ചെറിയ കാര്യങ്ങളിൽ മഹത്വം കാണിച്ചിരുന്ന അദ്ദേഹം. വലിയ കാര്യങ്ങളിൽ ചെറുതായും പെരുമാറിയിരുന്നു.

(ജി. ഹേയ്ക്കു്, 1807)

## ബെഞ്ചമിൻ ഫ്രാങ്ക്ളിൻ

നമ്മുടെ രാജ്യത്തിൻെറ ആഭരണം, ഞാൻ പറഞ്ഞുകൊള്ളട്ടെ, ലോകത്തിൻെറയും.

(എം. ഗ്രാൻഡിനു്, 1790)

അദ്ദേഹം ജീവിച്ചിരുന്ന രാജ്യത്തിലെയും യുഗത്തിലെയും ഏററവും മഹാനായ മനുഷ്യനും ആഭരണവും.

(എസ്, സ്മിത്തിനു്, 1798)

അമേരിക്കൻ തത്വശാസ്ത്രത്തിന്റെ പിതാവു്

(ജെ. വില്യംസിനു്, 1796)

കാലം നമ്മെ അതിന്റെ രേഖകളിൽനിന്നും ഒപ്പിക്കളയുമ്പോൾ അദ്ദേഹത്തെ കൂടുതൽ വലിയവനാക്കുകയായിരിക്കും ചെയ്യുക.

(വില്യംസ്മിത്തിനു്, 1791)

ഫ്രാൻസിലെ പ്രതിപുരുഷാലയത്തിൽ ഡാ: ഫ്രാങ്ക്ളിൻെറ അനന്തരഗാമിത്വം എനിക്കു് വിനയത്തെപ്പററി പഠിക്കാനുള്ള ഒരൊന്നാന്തരം വിദ്യാലയമായിരുന്നു. അമേരിക്കയുടെ പ്രതിപുരുഷനെന്നനിലയിൽ പരിചയപ്പെട്ടതാരുള്ളപ്പോൾ സാധാരണയായി എന്നോടു ചോദിക്കുമായിരുന്ന ചോദ്യം ഇതായിരുന്നു. "സർ, നിങ്ങളാണോ ഡാക്ടർ ഫ്രാങ്ക്ളിന്റെ സ്ഥാനം വഹിക്കുന്നതു്?" ഞാനതിനു് സാധാരണയായി ഇങ്ങനെ പ്രതിവചിക്കും. "സർ. അദ്ദേഹത്തിന്റെ സ്ഥാനം ഒരുവനും വഹിക്കാവുന്നതല്ല. ഞാനദ്ദേഹത്തിന്റെ പിൻഗാമിമാത്രമാണു്" (? 1791)

## ജാർജ് മൂന്നാമൻ

പ്രഭോ, ഉദാരവും വികസിതവുമായ ചിന്തയ്ക്കുവേണ്ടി അങ്ങയുടെ ഹൃദയംതുറന്നാലും. ചരിത്രത്തിൻെറ പുറങ്ങളിൽ ജാർജ് മൂന്നാമൻെറ നാമധേയം ഒരു കളങ്കമാകാതെയിരിക്കട്ടെ;

(ബ്രിട്ടീഷ് അമേരിക്കയുടെ അവകാശങ്ങൾ, 1774)

ഇംഗ്ലണ്ടിൻെറ രാജാവിൻെറ ബുദ്ധിഭ്രംശം ഒരു തക്കമററ സംഗതിയാണു്.

(വാഷിങ്ടണു്, 1788)

നമ്മുടെ സ്നേഹിതൻ ജാർജ്, താൻ ചെയ്യാൻ പാടില്ലാത്തതെന്താണോ അതുതന്നെചെയ്യുന്നു രാളെന്നതു് അത്ഭുതകരമായിരിക്കുന്നു.

(ഡാ; റാംസേയ്ക്കു്, 1787)

പാവപ്പെട്ട ഭ്രാന്തൻ ജോർജ്!

(മദാംദ്സ്റ്റേലിനു്, 1813)

## ജാർജ്ജ് നാലാമൻ

അദ്ദേഹത്തിന്റെ ആകെക്കൂടെയുള്ള വിദ്യാഭ്യാസം അല്പം ലാററിൻ പഠിച്ചതായിരുന്നു. ഫ്രഞ്ച് അദ്ദേഹം സംസാരിക്കുന്നുണ്ട്, സ്വരഭംഗികൂടാതെ.... ഗണിതശാസ്ത്രമോ ജീവിതശാസ്ത്രമോ വേറെ ഏതെങ്കിലും ശാസ്ത്രമോ അദ്ദേഹത്തിനറിഞ്ഞുകൂടാ. വിദ്യാഭ്യാസ വിഹീനതയുടെ കുറവുപരിഹരിക്കാൻ അദ്ദേഹത്തിന്റെ വേഴ്ചകൾ സഹായിച്ചിട്ടുമില്ല. ഇംഗ്ലണ്ടിലെ ഏററവും അധഃപതിച്ച, ഏറ്റവും നിരക്ഷരനായ ദുർവൃത്തനായ മനുഷ്യനാണയാൾ, തന്റെ സംഭാഷണവിഷയങ്ങൾ —അതും ഏററവും അശ്ലീലമായ ഭാഷയിൽ- കുതിരകളും മദ്യപാനമത്സരങ്ങളും വേശ്യാലയങ്ങളുമാണ്.... വിവരമുള്ള ഒരുത്തനുമായിട്ടുപോലും അയാൾ സംസർഗ്ഗം പുലർത്തിയിട്ടില്ല. നീതിയേയോ സന്മാർഗ്ഗത്തേയോ മതത്തേയോ മനുഷ്യാവകാശങ്ങളെയോ പററി ഒരു ചിന്തയുമുണ്ടായിരുന്നില്ല, ലോകാഭിപ്രായത്തെക്കുറിച്ച് ഒരുൽക്കണ്ഠയുമുണ്ടായിരുന്നിട്ടില്ല.... അദ്ദേഹം ആകാരസൗഷ്ഠവമുള്ളവനാണ്, പക്ഷെ ഇപ്പോൾ അത് പരുക്കനായിത്തുടങ്ങുന്നുണ്ട്, അദ്ദേഹത്തിന് സാമാന്യബോധമുണ്ട്. വിനയമുണ്ട്, അദ്ദേഹം നർമ്മവചസ്സുമാണ്.

(ജെ. ജേയ്ക്ക്. 1789)

## അലക്സാണ്ടർ ഹാമിൽട്ടൺ

റിപ്പബ്ലിക്ക് വിരുദ്ധകക്ഷിയിൽ അദ്ദേഹം വാസ്തവത്തിൽ ഒരു ഭീമകായനാണ്. അദ്ദേഹത്തിന്റെയുള്ളിൽ തന്നെ സംഖ്യയില്ലാത്ത ഒരുകൂട്ടമുള്ളതുപോലെ,

(മാഡിസൺ, 1795)

ഹാമിൽട്ടൺ വാസ്തവത്തിൽ ഒരു പ്രത്യേക സ്വഭാവമുള്ളവനായിരുന്നു; അപൂർവ്വമായ ധിഷണാശക്തിയും താൽപര്യരാഹിത്യവും സത്യസന്ധതയും അദ്ദേഹത്തിനുണ്ടായിരുന്നു; സ്വകാര്യ ഇടപാടുകളിൽ മാന്യനായിരുന്നു; ജനങ്ങളോടു ഹാർദ്ദമായി പെരുമാറി, സ്വകാര്യജീവിതത്തിൽ സദ്ഗുണങ്ങളെ വിലമതിച്ചിരുന്നു—എന്നിരുന്നാലും അഴിമ

തികൾ ഒരു രാഷ്ട്രത്തിലെ ഭരണത്തിൽ ആവശ്യമാണെന്നു ദൃഢമായി വിശ്വസിക്കത്തക്കവണ്ണം ബ്രിട്ടീഷ് മാതൃകകളാൽ അദ്ദേഹം വശീകൃതനും ദൂഷിതനുമായിരുന്നു.

## പാട്രിക്ക് ഹെൻറി

താൻ സന്ദർശിച്ചിരുന്ന സമൂഹത്തിൻെറ പരുപരുപ്പ് അദ്ദേഹത്തിന്റെ പെരുമാററത്തിൽ കാണാമായിരുന്നു; ഫിഡിൽ വായനയും നൃത്തവും നേരമ്പോക്കു പറച്ചിലും അദ്ദേഹത്തിനിഷ്ടമായിരുന്നു. ഒട്ടവിലത്തേതിൽ അദ്ദേഹം വിദഗ്ദ്ധനായിരുന്നു. അതു് എല്ലാവരേയും അദ്ദേഹത്തിലേയ്ക്കു് ആകർഷിക്കുകയും ചെയ്തിരുന്നു,

(വില്യംവെർട്ടിനു്, 1815)

അദ്ദേഹത്തിൻെറ വാചാലത ഹൃദയഹാരിയും പ്രൗഢവുമായിരുന്നു, അദ്ദേഹം പ്രസംഗിച്ചു കഴിയുമ്പോൾ അദ്ദേഹം എന്താണു് പറഞ്ഞതെന്നു ഓർമ്മിക്കാൻ പ്രയാസമാണു്, എന്നാലും അദ്ദേഹം പറഞ്ഞുകൊണ്ടിരിക്കുമ്പോൾ അതു സംഗതമായിട്ടുള്ളതാണെന്നു തോന്നിയിരുന്നു.... അദ്ദേഹം ഒന്നുംതന്നെ എഴുതിയിട്ടില്ല.... അദ്ദേഹത്തിനു് എഴുതാൻ കഴിവില്ലായിരുന്നു.... വാദപ്രതിവാദത്തിനുമാത്രമേ അദ്ദേഹത്തിനു കഴിവുണ്ടായിരുന്നുള്ളു.

(ഡാനിയൽവെബ്സ്റ്ററുമായുള്ള സംഭാഷണം 1824)

നിയമപരമായ നിരൂപണവിധേയമായേക്കാവുന്ന നിസ്സാരമായ ഒരു വിഷയത്തെ ബാധിക്കുന്ന ഒരു ബില്ലുപോലും അദ്ദേഹത്തിനു് തയ്യാറാക്കാൻ കഴിഞ്ഞിരുന്നില്ല.... അദ്ദേഹത്തിൻെറ തലയിലുണ്ടായിരുന്ന അഭിപ്രായങ്ങൾക്കു് വ്യക്തതയുണ്ടായിരുന്നില്ല, അദ്ദേഹത്തിന്റെ ഭാവന സമൃദ്ധവും കാവ്യാത്മകവും ഉന്നതവുമായിരുന്നു, അതേ സമയം അസ്പഷ്ടവും. ഏററവും ശക്തിയേറിയ കാര്യങ്ങളെ സുന്ദരമായഭാഷയിൽ അദ്ദേഹം പറയുമായിരുന്നു. വാദങ്ങളും ക്രമവും കൂടാതെ, പൊട്ടിമുറിഞ്ഞമാതിരി.

(വിർട്ടിനു്, 1812)

ഒരു വാഗ്മിയെന്ന നിലയിൽ മി. ഹെൻട്രിയ്ക്കുണ്ടായിരുന്ന കഴിവുകൾ...അസാമാന്യം തന്നെയായിരുന്നു; വേറൊരുവൻ അങ്ങനെ സംസാരിക്കുന്നതു ഞാൻ കേട്ടിട്ടില്ല. ഹോമർ എഴുകിയിരുന്ന ഭാഷയിൽ അദ്ദേഹം പ്രസംഗിക്കുന്നതായി എനിക്കു തോന്നിയിരുന്നു.

(ആത്മകഥ, 1821)

## ആൻഡ്രൂ ജാക്സൻ

ജനറൽ ജാക്സൺ പ്രസിഡന്റാകാൻ ഇടയുണ്ടെന്നതു് എന്നെ വളരെ സംഭ്രമിപ്പിക്കുന്നു. ആ സ്ഥാനം വഹിക്കുന്നതിനു് തികച്ചും അയോഗ്യരായവരിൽ ഒരാളാണദ്ദേഹം, നിയമങ്ങളേയും സംവിധാനങ്ങളേയും സംബന്ധിച്ചദ്ദേഹത്തിനു് വളരെ കുറവായി മാത്രമേ ബഹുമാനമുണ്ടായിരുന്നുള്ളൂ, എന്നാൽ വാസ്തവത്തിൽ കഴിവുള്ള ഒരു സൈനികമേധാവിയാണു്. അദ്ദേഹത്തിന്റെ വികാരങ്ങൾ ഭയങ്കരമാകുന്നു. ഞാൻ സെനറ്റിന്റെ പ്രസിഡന്റായിരുന്നകാലത്തു അദ്ദേഹം ഒരു അംഗമായിരുന്നു. അദ്ദേഹത്തിന്റെ വികാരങ്ങളുടെ ആവേശം കൊണ്ടു് അദ്ദേഹത്തിനു് ഒരിക്കലും സംസാരിക്കാൻ സാധിച്ചിരുന്നില്ല; കൂടെക്കൂടെ അദ്ദേഹം അതിനു് യത്നിച്ചിട്ടുണ്ടു്, എന്നാൽ അപ്പോൾ കോപം കൊണ്ടു് ശ്വാസംമുട്ടിപ്പോകും. അദ്ദേഹത്തിന്റെ വികാരങ്ങൾ ഇന്നു തണുത്തുപോയിട്ടുണ്ടെന്നതു തീർച്ചയാണു്...എന്നാൽ അദ്ദേഹം ഒരു അപകടകാരിയാണു്.

(ഡാനിയൽ വെബ്സ്റ്ററുമായുള്ള സംഭാഷണം, 1874)

## ലാഫയെത്ത്

അദ്ദേഹത്തിനു വളരെയേറെ ബുദ്ധിപ്രഭാവമുണ്ടു്....അദ്ദേഹത്തിന്റെ ദൗർബല്യം ജനസമ്മതിയ്ക്കും കീർത്തിയ്ക്കും വേണ്ടിയുള്ള ശൗനികമായ വിശപ്പാണു്, പക്ഷേ അദ്ദേഹം അതിൽനിന്നും മുക്തനായിക്കൊള്ളും.

(മാഡിസൺ, 1787)

## മെറിവെദർ ലെവ്വിസ്

തൻെറ രാജ്യത്തിലുള്ള സസ്യങ്ങളേയും ജീവികളേയും സംബന്ധിച്ച് സൂക്ഷ്മമായ വിജ്ഞാനം നേടാൻ സഹായിച്ച അദ്ദേഹത്തിൻെറ നിരീക്ഷണപാടവം അദ്ദേഹത്തെ ഒരു കർഷകനെന്ന നിലയിൽ പ്രശസ്തനാക്കുമായിരുന്നു........അചഞ്ചലമായ ധൈര്യം, അസാദ്ധ്യതയെന്ന തൊഴിച്ചു വേറൊന്നിനുംതന്നെ ലക്ഷ്യത്തിൽനിന്നും വ്യതിചലിപ്പിക്കാവതല്ലാത്ത ദൃഢോദ്ദേശവും സ്ഥിരോത്സഹവും; തൻെറ സംരക്ഷണയിലേൽപിച്ചിട്ടുള്ളവരെ സംബന്ധിച്ചു ഒരു പിതാവിൻെറ നിലയിലുള്ള ശ്രദ്ധ കാട്ടുമെങ്കിലും അച്ചടക്കവും ശിക്ഷണവും പാലിക്കുന്ന കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയും കാണിക്കാത്തവൻ, (അമെരിക്കൻ) ഇന്ത്യാക്കാരുടെ സ്വഭാവരീതികളേയും ആചാരങ്ങളേയും ആദർശങ്ങളേയും മനസ്സിലാക്കിയിട്ടുള്ളവനും, ഒരു വേട്ടക്കാരൻെറ ജീവിതം അദ്ദേഹം ശീലിച്ചുപോയിരുന്നു. തൻെറ രാജ്യത്തിലെ ചെടികളേയും ജന്തുക്കളേയും സൂക്ഷ്മമായി പഠിച്ചിരുന്നതുകൊണ്ടു് അങ്ങനെ സുപരിചിതമായതിനെ വർണ്ണിക്കാൻ സമയം ചെലവാക്കിയില്ല. സത്യസന്ധൻ, നിർമ്മലൻ, വിശാലഹൃദയൻ, നല്ല ധാരണാശക്തിയുള്ളവൽ, കൂടാതെ നാംതന്നെ കണ്ടിരുന്നാൽ എത്ര വിശ്വസനീയമാണോ അത്രയ്ക്കു വിശ്വസിക്കാവുന്ന തരത്തിൽ അഭിപ്രായപ്രകടനം ചെയ്യുമാറു് സത്യവ്രതനും.

(പാൾ അല്ലെൻ, 1813)

## ലൂയി പതിനാറാമൻ

തൻെറ രാജ്യത്തിൽ ഏററവും സത്യസന്ധനും മുറയുള്ളവനും മിതവ്യയശീലക്കാരനും രാജാവാകുന്നു,

ഇടപാടുകളിൽ കണിശം കാണിക്കാനും, സമാധാനത്തേയും നീതിയേയും ഇഷ്ടപ്പെടുന്ന ഒരാളാണദ്ദേഹം, ജനങ്ങളുടെ നന്മയെ ആത്മാർത്ഥമായി അഭിവാഞ്ഛിക്കുകയും ചെയ്യുന്നു, എന്നാൽ അദ്ദേഹം ക്ഷിപ്രകോപിയും കർക്കശമായി

പെരുമാറുന്നവനും പരിമിതമായ ധിഷണാശക്തി മാത്രമുള്ളവനും ഭ്രാന്തിന്റെ അവസ്ഥവരെ ഉയർത്തുന്ന മതവിശ്വാസമുള്ളവനുമാണ്, അദ്ദേഹത്തിന് വെയ്പാട്ടിമാരില്ല, തന്റെ രാജ്ഞിയെ അദ്ദേഹം സ്നേഹിക്കുന്നു, അവരാൽ കുറെയേറെ ഭരിക്കപ്പെടുകയും ചെയ്യുന്നു.

## ജെയിംസ് മാഡിസൺ

ഒന്നിനു പുറകെ ഒന്നായി കാൺഗ്രസ്സിലും കൌൺസിലും നിന്നു ലഭിച്ച പരിശീലനത്താൽ നേടിയ ആത്മസംയമനം തന്റെ പ്രതിഭാസമ്പന്നവും വിശേഷജ്ഞവുമായ ബുദ്ധിയുടെ ധനികമായ വിഭവങ്ങളേയും അപാരമായ വിജ്ഞാനത്തേയും എപ്പോൾ വേണമെങ്കിലും ഉപയോഗിക്കാവുന്ന അത്തിൽ അദ്ദേഹത്തിന്റെ ചൊൽപടിയിൽ നിർത്തുകയും അതിന്റെ ശേഷമുണ്ടായ എല്ലാ അസംബ്ലിയിലേയും ഒന്നാമനാക്കി ഉയർത്തുകയും ചെയ്തിരുന്നു... ...തന്റെ വിഷയത്തിൽ നിന്നും ഒരിക്കൽപോലും അർത്ഥമില്ലാത്ത ശബ്ദതാണ്ഡവത്തിലേക്കു അലഞ്ഞുതിരിഞ്ഞുപോകാതെ ശുദ്ധവും ശ്രേഷ്ഠവും പുഷ്കലവുമായ ഭാഷയിൽ ഏകതാനമായി അദ്ദേഹം തുടർന്നുപോകും, എതിരാളികളുടെ വികാരങ്ങളെ ആദരവും മൃദുവായ പദപ്രയോഗവും കൊണ്ട് ആശ്വസിപ്പിച്ചുകൊണ്ട് 1787-ലെ മഹത്തായ നാഷനൽ കൺവെൻഷനിൽ അദ്ദേഹം വഹിച്ച ഉന്നതമായ സ്ഥാനത്തേക്കു അദ്ദേഹം ഉയർന്നു ചെന്നു, അതിനുശേഷം വെർജീനിയായിലേയും.........ഈ ഉൽകൃഷ്ടങ്ങളായ കഴിവുകളോടൊപ്പം ഒരു ദോഷാരോപണവും ഒരിക്കൽപോലും കളങ്കിതമാക്കാൻ ശ്രമിക്കാത്തതരത്തിൽ കുറയറ്റ സദ്ഗുണങ്ങളും സമ്മേളിച്ചിരുന്നു.

(ആത്മകഥ. 1821)

## മേരീ അൻ്റായനെത്ത്

റെട്ടാർബർക്കിന്റെ വികടകാവ്യങ്ങളിലെപോലെ പകിട്ടേറിയ നിറങ്ങളാൽ വർണ്ണാങ്കിതമായ ഈ ദേവതഭാവനയുടെ കാര്യത്തിൽ അല്പം വൈഭവമുള്ളവളെങ്കിലും ബുദ്ധിയില്ലാത്തവളായിരുന്നു. ഗർവിഷ്ഠയായിരുന്നു, നിയന്ത്ര

ങ്ങളെ നിന്ദിച്ചിരുന്നു, തന്റെ ഇഷ്ടത്തിനെതിരായവ അവളെ കോപാക്രാന്തയാക്കിയിരുന്നു. സുഖാന്വേഷണത്തിൽ തല്പരയും ആഗ്രഹങ്ങൾ സാധിപ്പിക്കുന്ന കാര്യത്തിൽ നല്ല ദൃഢത, അല്ലെങ്കിൽ അതിന്റെ തകർച്ചയിൽ നശിക്കുക. ഖജനാവിനെ ശോഷിപ്പിച്ച ഇനങ്ങളിൽ അവളുടെ ചൂതാട്ടത്തിനുള്ള തൃഷ്ണയും ദുർവൃത്തതയും......പ്രധാനപ്പെട്ടവയായിരുന്നു.

(ആത്മകഥ, 1821)

## ജോൺ മാർഷൽ

കൗശലക്കാരനായ ഒരു ചീഫ് ജഡ്ജി,

(റിററ്ചീയ്ക്ക്, 1820)

മാർബറിയുടേയും ബരിന്റേയും യാസൂവിന്റേയും കേസുകളിലെ അദ്ദേഹത്തിന്റെ വളച്ചൊടിക്കലുകൾ, അദ്ദേഹത്തിന് തന്റെ വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളെ നിയമവുമായി പൊരുത്തപ്പെടുത്തുന്നതിന് വേണ്ടി എത്ര വൈഭവത്തോടെയാണ് നടത്തിയിരുന്നതെന്നു കാണിക്കുന്നു.

(മാഡിസൺ, 1810)

തന്റെ രാജ്യത്തിലെ ഗവൺമെൻറിനെപ്പററി മാർഷലിന് കുടുത്ത പകയുണ്ട്. (ടി)

## ജയിംസ് മൺറോ

തിരിച്ചുമറിച്ചു നോക്കിയാൽപോലും ഒരു കളങ്കവും കാണാൻ സാദ്ധ്യമല്ലാത്ത തരത്തിലുള്ള ഒരാത്മാവുള്ള ആളാണദ്ദേഹം.

(ഡബ്ളിയൂ, ററി, ഫ്രാങ്ക്ളിൻ, 1785)

മുമ്പിലത്തേയും ഇപ്പോഴത്തേയും പ്രസിഡൻറുമാരിൽ (മാഡിസണിലും മൺറോയിലും) എനിക്കു പരിപൂർണ്ണമായും വിശ്വാസം ഉണ്ടായിരുന്നതിനാലും ഉണ്ടായിരിക്കുന്നതിനാലും ഞാൻ സസന്തോഷം എന്റെ ആത്മാവിനേയും ശരീരത്തേയും അവരുടെ കീശകളിൽ നിക്ഷേപിച്ചുകൊള്ളുന്നു.

(എൻ, മാക്കോണിന്)

# നെപ്പോളിയൻ

എല്ലാ മനുഷ്യജീവികളിലുംവച്ചു അധമാധമനും ലോകത്തിൽ ജീവിച്ചിരുന്നവരിൽ മററാരേയുംകാൾ മാനവലോകത്തിനു ദുരന്തങ്ങളുണ്ടാക്കിയവനുമാണദ്ദേഹമെന്നു ഞാൻ കരുതിയിരുന്നു.

(എസ്. കാത്താലന്, 1816)

ഈ യുഗത്തിലെ സ്ഥാനഭ്രഷ്ടനാക്കിയ ആററില, രക്തദാഹം ഒരിക്കലും ശമിക്കാതിരുന്ന, നൂറുലക്ഷം മനുഷ്യരുടെ നിർദ്ദയനായ ഘാതകൻ, ലോകത്തിൻെറ അവകാശങ്ങളുടേയും സ്വാതന്ത്ര്യങ്ങളുടേയും കൊടിയവനായ ഭഞ്ജകൻ, ഒരു ചെറിയ ദ്വീപിൻെറ വട്ടത്തിൽ അടച്ചുപ്പെട്ടിരിക്കുന്നു ......എത്ര ശോചനീയമായി എത്ര നിന്ദാവഹമായി അദ്ദേഹം തൻെറ ഊതിപ്പെരുക്കപ്പെട്ട ചര്യ അവസാനിപ്പിച്ചിരിക്കുന്നു....... പാരീസിലെ മതിലുകൾക്കിടയിൽവച്ചു, തന്റേ ശത്രുക്കളുടെ വാളിനദ്ദേഹം ഇരയാകേണ്ടതായിരുന്നു. ബൊണെപ്പാർട്ടു് ഒരു സിംഹമായിരുന്നതു് യുദ്ധരംഗത്തുമാത്രമായിരുന്നു. ജീവിതത്തിൽ അദ്ദേഹം ഹൃദയശൂന്യനായ, ഒരൊററ സദ്ഗുണവുമില്ലാതിരുന്ന ആദർശശൂന്യനായ കൈയ്യേററക്കാരനായിരുന്നു. രാജ്യതന്ത്രജ്ഞനായിരുന്നില്ല, വാണിജ്യത്തെപ്പററിയോ അർത്ഥശാസ്ത്രത്തെപ്പററിയോ ഭരണത്തെപ്പററിയോ യാതൊരറിവുമുണ്ടായിരുന്നില്ല, അജ്ഞതയ്ക്കു പകരം ധിക്കാരംകൊണ്ടു കാര്യങ്ങൾ നടത്തിയിരുന്നു.

(ആഡംസിനു്, 1814)

വാട്ടർലൂവിലെ യുദ്ധത്തിലുണ്ടായ പരാജയം ഫ്രാൻസിൻെറ മോക്ഷമായിരുന്നുവെന്നു ഞാൻ വിശ്വസിക്കുന്നു. ബോണെപ്പാർട്ടു് വിജയിച്ചിരുന്നുവെങ്കിൽ അദ്ദേഹത്തിൻെറ കഴിവുകളും അഹംഭാവവും സന്മാർഗ്ഗികതത്ത്വവിഹീനതയും കൊണ്ടു് നിങ്ങളുടെമേൽ ഒരു സൈനികദുർഭരണം അടിച്ചേൽപ്പിക്കുമായിരുന്നു:

(ലാഫയേത്തിനു്, 1816. ന്യൂയാർക്ക് പബ്ലിക് ലൈബ്രറി മാനുസ്ക്രിപ്റ്റ് IV, 369)

തെററും ശരിയും എന്തെന്നുള്ളതിനെ സംബന്ധിച്ച് അദ്ദേഹത്തിന് യാതൊരു ബോധവുമുണ്ടായിരുന്നില്ല, അദ്ദേഹം നശിപ്പിക്കുകയോ, നശിക്കാൻ കാരണമാക്കുകയോ ചെയ്ത ലക്ഷക്കണക്കിനുള്ള മനുഷ്യരേയും, കൊള്ളയടിച്ചോ കൊള്ളിവെച്ചോ ക്ഷാമത്താലോ ശൂന്യമാക്കപ്പെട്ട ഭൂപ്രദേശങ്ങളേയും, ജനങ്ങളുടെ അനുമതികൂടാതെ സ്ഥാനഭ്രഷ്ടരാക്കപ്പെട്ട നിരവധി ഭരണാധികാരികളേയും......സുസ്ഥാപിതമായിരുന്ന മനുഷ്യസമൂഹങ്ങളെ വെട്ടിക്കീറി, തന്നിഷ്ടംപോലെ കൊരുത്തുകെട്ടിയതിനേയും തങ്ങളുടെ അവകാശങ്ങളെ വീണ്ടെടുക്കുന്നതിനും സ്ഥിതി നന്നാക്കുന്നതിനും വേണ്ടി മനുഷ്യൻ കൊണ്ടുനടന്നിരുന്ന സുന്ദരതമങ്ങളായ പ്രതീക്ഷകളെ പൊളിച്ചുകളഞ്ഞതിനേയും മററു എണ്ണമററ ദുഷ്കൃത്യങ്ങളേയും പററിയാലോചിക്കുമ്പോൾ, ആ മനുഷ്യൻ ഇവയൊന്നുംതന്നെ തെററാണെന്നു കരുതാതിരുന്ന ആ മനുഷ്യൻ, എല്ലാ സന്മാർഗ്ഗങ്ങളുടേയും ശത്രുവായിരുന്ന ഒരു രാക്ഷസനായിരുന്നു—അതിനെ ഹനിക്കുവാൻ സകല കരങ്ങളുമുയരേണ്ടതായിരുന്നു എന്നു കാണാം.

(ആഡംസിന്, 182 (

തന്റെ സകല ഘോരകൃത്യങ്ങളുടേയും പേരിൽ ആ മനുഷ്യൻ ഇന്നു ചെയ്യുന്ന പ്രായശ്ചിത്തം എല്ലാ നല്ല ഹൃദയങ്ങളേയും ആശ്വസിപ്പിക്കുന്നതാണ്. നമുക്ക് സ്വർഗ്ഗത്തിൽ ഒരീശ്വരനുണ്ടെന്ന് അതു തെളിയിച്ചു. അദ്ദേഹം നീതിമാനാണെന്നും ലോകത്തിൽ സംഭവിക്കുന്നതിനെ ശ്രദ്ധിക്കാത്തവനല്ലെന്നും ഈ മനുഷ്യത്വമില്ലാത്ത മഹാപാപിക്ക്, അവന്റെ ക്രൂരതകളുടെ ഉഗ്രതക്കു അനുസരണമായി കഷ്ടപ്പാടുകൾ കൊണ്ടുള്ള ശിക്ഷയനുഭവിക്കുന്നതിനു വേണ്ടി, നീണ്ട—വളരെ നീണ്ട ഒരു ജീവിതമുണ്ടാകട്ടെ എന്നു നമുക്കാഗ്രഹിക്കാതിരിക്കാൻ സാദ്ധ്യമല്ല. പക്ഷേ, മനുഷ്യവർഗ്ഗത്തിന്റെ സ്വാതന്ത്ര്യത്തിനും സൗഖ്യത്തിനുമെതിരായി അയാൾ കാട്ടിക്കൂട്ടിയ പാതകങ്ങൾക്ക്, തന്റെ തലമുറക്ക് തന്നെയും ദുഷ്പ്രഭുത്വത്തിന്റെ ചങ്ങലകൾ അടിച്ചേൽപിച്ചു ഇനി വരാനുള്ള തലമുറയുടേയും മേൽ വരുത്തിവച്ച ദുരിതങ്ങൾക്ക

ഗ്നത്തെന്തു കഷ്ടതകളൊക്കെയനുഭവിച്ചാലാണ് പരിഹാരമുണ്ടാവുക !

(ററിക്കു്നോറിനു്, 1817)

## തോമസ് പേയിൻ

അവർ (ബോളിങ്ങ്ബ്രോക്ക് പ്രഭുവും പെയിനും) തങ്ങളുടെ കാലത്തെ പുരോഹിതന്മാരേയും കപടസന്യാസിമാരേയും ശത്രുക്കളാക്കി തീർക്കുന്ന കാര്യത്തിൽ തുല്യന്മാരായിരുന്നു; രണ്ടുപേരും സത്യസന്ധർ; മനുഷ്യസ്വാതന്ത്ര്യത്തിനുവേണ്ടി വാദിച്ചിരുന്നവരും.... ഭാഷാശൈലിയുടെ അയത്നലാളിത്യത്തിലും പരിജ്ഞാനത്തിലും, വ്യക്തതയിലും വിശദീകരണവൈശദ്ധ്യത്തിലും ഭാഷയുടെ ലാഘവവും അകൃത്രിമവുമായ ഭാവത്തിലും മററാരും തന്നെ പെയിനെ അതിശയിച്ചിരുന്നില്ല. ഈ കാര്യത്തിൽ അദ്ദേഹത്തെ ഡാ. ഫ്രാങ്ക്ളിനോട്ട് സദൃശപ്പെടുത്താവുന്നതാണു്,

(എഫ്, എപ്പെസിനു്,1824)

പെയിൻ വായിച്ചതിനേക്കാൾ കൂടുതൽ ചിന്തിച്ചിരുന്നു.

(ജെ. കാർട്ട്റൈറ്റിനു് 1824)

## ജാർജ്ജ് വാഷിങ്ങ്ടൺ

അദ്ദേഹത്തിന്റെ മനസ്സ് ഒന്നാം തരത്തിൽപെട്ടതായിരുന്നില്ലെങ്കിലും മഹത്തും ഊർജ്ജസ്വലവുമായിരുന്നു, അദ്ദേഹത്തിന്റെ ഗ്രഹണസാമർത്ഥ്യം ന്യൂട്ടന്റെയോ ബേക്കൺന്റെയോ ലോക്കിന്റെയോ പോലെ തീഷ്ണമല്ലായിരുന്നുവെങ്കിലും ശക്തമായിരുന്നു; അദ്ദേഹത്തിനു് കാണാൻ കഴിഞ്ഞ കാര്യങ്ങളെ സംബന്ധിച്ചാണെങ്കിൽ കൂടുതൽ വിദശ്ധമായ ഒരു തീരുമാനം സാദ്ധ്യമായിരുന്നില്ല. അതിന്റെ പ്രവർത്തനം മന്ദഗതിയിലായിരുന്നു, കല്പനാചതുരതയും ഭാവനാശീലവും അതിനെ സഹായിച്ചിരുന്നില്ല; എന്നാൽ തീരുമാനമെടുക്കുന്നതിൽ സന്ദേഹമുണ്ടായിരുന്നില്ല, .... എല്ലാ നിർദ്ദേശങ്ങളെയും

അദ്ദേഹം പരിഗണിച്ചുകൊണ്ട് ഏറ്റവും നല്ലതിനെ അദ്ദേഹം തിരഞ്ഞെടുത്തു; വാസ്തവത്തിൽ മറ്റൊരു സൈന്യാധിപനും യുദ്ധങ്ങളെ ഇത്ര ബുദ്ധിപൂർവമായി ആസൂത്രണം ചെയ്തിരുന്നില്ല, എന്നാൽ പ്രായോഗികമാക്കപ്പെട്ടപ്പോൾ എന്തെങ്കിലും മുറതെറ്റിയാൽ അതിനെ പതുക്കെ മാത്രമേ തിരുത്തുവാൻ കഴിഞ്ഞിരുന്നുള്ളു. .... അദ്ദേഹം ഭീതിയെന്തെന്നറിഞ്ഞിരുന്നില്ല, അപകടങ്ങളെ അദ്ദേഹം ശാന്തമായ ഉദാസീനതയോടെയാണ് വീക്ഷിച്ചിരുന്നത്.

ഒരുപക്ഷേ അദ്ദേഹത്തിന്റെ സ്വഭാവത്തിലെ ശക്തമായ അംശം അദ്ദേഹത്തിന്റെ വിവേക ബുദ്ധിയായിരുന്നു, ഓരോ പരിതഃസ്ഥിതിയേയും പരിഗണനാർഹമായ ഓരോ കാര്യത്തെയും അവധാനതയോടെ തൂക്കി നോക്കാതെ അദ്ദേഹം പ്രവർത്തിച്ചിരുന്നില്ല. ... അദ്ദേഹത്തിന്റെ വ്യക്തിവൈശിഷ്ട്യം ഏറ്റവും ശുദ്ധമായിരുന്നു, അദ്ദേഹത്തിന്റെ നീതിനിഷ്ഠ, ഞാനറിയുന്നതിൽ വച്ചു വിട്ടുവീഴ്ചയില്ലാത്തതായിരുന്നു, അദ്ദേഹത്തിന്റെ തീരുമാനങ്ങളെ ഒരു താൽപര്യത്തിനും ബന്ധുത്വത്തിനും സൗഹൃദത്തിനും വെറുപ്പിനും ചായ്ക്കുവാൻ കഴിഞ്ഞിരുന്നില്ല. അദ്ദേഹം യഥാർത്ഥത്തിൽ ഈ പദങ്ങളുടെ പൂർണ്ണമായ അർത്ഥത്തിൽ അറിവുള്ളവനും നല്ലവനും മഹാനുമായിരുന്നു. അദ്ദേഹത്തിന്റെ സ്വഭാവം പ്രകൃത്യാതന്നെ കോപനമായതും ഉഗ്രവുമായിരുന്നു; എന്നാൽ ചിന്തനയും തീരുമാനവും അവയുടെ മേൽ ഉറച്ചതരത്തിലുള്ള ഒരാധിപത്യം നേടിയെടുത്തു. എപ്പോഴെങ്കിലും അതിന്റെ സീമകൾ ലംഘിക്കപ്പെട്ടുപോയിട്ടുണ്ടെങ്കിൽ അദ്ദേഹത്തിന്റെ ക്ഷോഭം തികച്ചും പ്രചണ്ഡമായിബ്ഭവിക്കുമായിരുന്നു.

പണം ചെലവാക്കുന്ന സംഗതിയിൽ അദ്ദേഹം മാന്യനായിരുന്നു, അതേസമയത്തു കണിശക്കാരനും; പ്രയോജനകരമായ കാര്യങ്ങളെന്നു തോന്നിയാൽ കൈയ്യയച്ചു സംഭാവന നൽകും; എന്നാൽ സ്വപ്നാത്മകവും കഥയില്ലാത്തതുമായ കാര്യങ്ങൾക്കുവേണ്ടിയാണെങ്കിൽ അദ്ദേഹം മുഖം കറുപ്പിക്കുകയും വഴങ്ങാതിരിക്കുകയും ചെയ്യുമായിരുന്നു. സ്നേഹത്തിന്റെ കാര്യത്തിൽ അദ്ദേഹത്തിന്റെ ഹൃദയം ഹാർദ്ദമായി

രുന്നില്ല, എന്നാൽ ഓരോതരത്തിന്റെയും മൂല്യം അദ്ദേഹം കൃത്യമായി നോക്കിവച്ചു, എന്നിട്ടു അതിന് അനുപാതമായി ബഹുമതിയും നൽകി.

അദ്ദേഹത്തിന്റെ ആകാരം സൗഷ്ഠവമുള്ളതായിരുന്നു, ഉയരം ആരും അഭിലഷിക്കുന്നതു്; അദ്ദേഹത്തിന്റെ നടത്തം നിവർന്നുള്ളതും മാന്യവും, അക്കാലത്തെ ഏററവും വിദഗ്ദ്ധനായ കുതിരസ്സവാരിക്കാരൻ; അശ്വാരൂഢരിൽ ഏററവും സുന്ദരമായ രൂപവും അദ്ദേഹത്തിന്റേതായിരുന്നു. തുറന്നു സംസാരിക്കുന്നതിനു് ഭയപ്പെടേണ്ടതില്ലാത്ത സുഹൃത്തുക്കളുടെ സംഘത്തിലായിരിക്കുമ്പോൾ അദ്ദേഹം സ്വതന്ത്രമായി സംഭാഷണം നടത്തിയിരുന്നു; അദ്ദേഹത്തിന്റെ സംഭാഷണചാതുരി ഇടത്തരത്തിൽ കവിഞ്ഞതായിരുന്നില്ല, പുഷ്കലമായ അഭിപ്രായങ്ങളോ വാചാലതയോ ഉണ്ടായിരിക്കുകയല്ല; പൊതുജനങ്ങളുടെയിടയിൽ വച്ചു പെട്ടെന്നു് എന്തെങ്കിലും അഭിപ്രായം പ്രകടിപ്പിക്കാൻ നിർബന്ധിതനായാൽ അദ്ദേഹം തയ്യാറില്ലായ്മയും പരിഭ്രമവും കാണിക്കും, എന്നിരുന്നാലും ഒഴുക്കുള്ളതും തെററില്ലാത്തതുമായ ശൈലിയിൽ അദ്ദേഹം തടസ്സം കൂടാതെ വളരെയെഴുതിയിരുന്നു: ഈ കഴിവു് അദ്ദേഹം സംഭരിച്ചതു് ലോകവുമായുള്ള വേഴ്ചയിൽ നിന്നുമാണു്, എന്തെന്നാൽ അദ്ദേഹത്തിന്റെ വിദ്യാഭ്യാസമെന്നുപറയുന്നതു് വായനയും എഴുത്തും കണക്കും കുറെ പ്രായമായതിനുശേഷം പഠിച്ച സർവെയിങ്ങും മാത്രമായിരുന്നു. അദ്ദേഹത്തിന്റെ സമയം പ്രധാനമായും വിനിയോഗിച്ചിരുന്നു. പ്രവർത്തനോന്മുഖമായിരുന്നു, കുറച്ചു മാത്രമേ വായിച്ചിരുന്നുള്ളു, അതുതന്നെയും കൃഷിശാസ്ത്രവും ഇംഗ്ലീഷ് ചരിത്രവും മാത്രം, .... വീട്ടിനുള്ളിലായിരിക്കുമ്പോൾ ലഭിക്കുന്ന വിശ്രമവേളകൾ അദ്ദേഹം കാർഷികപ്രവർത്തനങ്ങൾക്കായി ചെലവാക്കിയിരുന്നു

ആകെ കൂടെപ്പറഞ്ഞാൽ അദ്ദേഹത്തിന്റെ സ്വഭാവം കുററമററതായിരുന്നു, ഒന്നിൽപോലും ചീത്തയായതില്ല. ചുരുക്കം ചിലതിൽ അശ്രദ്ധമായിട്ടുണ്ടാവും, പ്രകൃതിയും സൗഭാഗ്യവുംകൂടെ ഒരുവനെ മഹനാക്കിത്തീർക്കുന്നതിനും അവനെ .... അനശ്വരമായി ഓർമ്മയിൽ പ്രതിഷ്ഠിക്കുന്നതിനും

ഇത്ര പൂർണ്ണതയിൽ സംയോജിച്ചിട്ടില്ലെന്നു സത്യമായും പറയാവുന്നതാണ്.

(ഡാ ഡബ്ളിയു ജോൺസിനു്, 1814)

## ഡാനിയൽ വെബ്സ്ററർ

മി. വെബ്സ്റററിൻെറ പരിചയത്താൽ ഞാൻ വളരെ സംതൃപ്തനായിത്തീർന്നിരിക്കുന്നു. അദ്ദേഹം നമ്മുടെ ഗവൺമെൻറിൽ പ്രധാനപ്പെട്ട ഒരാളായിത്തീരുന്നതാണ്,

മൺറോയ്ക്ക്, 1824,

## ജോർജ്ജ് വൈത്ത്

ജോർജ്ജ് വൈത്തിനേതിലേറെക്കാൾ കൂടുതൽ ആദരിക്കപ്പെട്ട ഒരു സ്വഭാവം മററാർക്കും തന്നെയുണ്ടായിരുന്നിട്ടില്ല. അദ്ദേഹത്തിൻെറ സദ്ഗുണങ്ങൾ ഏററവും പരിശുദ്ധമായ വർണ്ണത്തിലുള്ളതായിരുന്നു, അദ്ദേഹത്തിൻെറ വ്യക്തിവൈശിഷ്ട്യം അയവില്ലാത്തതും നീതി യഥാതത്ഥ്യവുമായിരുന്നു, രാജ്യസ്നേഹം സോത്സാഹമായതു -സ്വാതന്ത്ര്യത്തോടും മനുഷ്യൻെറ പ്രകൃതിസിദ്ധവും തുല്യവുമായ അധികാരങ്ങളോടും, അദ്ദേഹത്തെ തൻെറ നാട്ടിലെ 'കേറേറാ എന്നു യഥാത്ഥമായും വിളിക്കത്തക്കവണ്ണമാക്കിത്തീർത്തു - എന്നാൽ ആ റോമക്കാരൻെറ അത്യാഗ്രഹം അദ്ദേഹത്തിനുണ്ടായിരുന്നില്ല, അദ്ദേഹത്തേക്കാൾ കൂടുതൽ നിർമ്മലനായ ഒരാളുണ്ടായിരുന്നിട്ടില്ല.

(ജെ. സാണ്ടെഴ്സനു് 18:0)

---

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. M 321.8 Acc. No. 84677

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 50 Ps. per day will be charged

Cl.No. M 321.8 JEF-J Acc.No 84677
Author ജെഫേഴ്സ് തോമസ്
Title ജനാധിപത്യത്തെ പറ്റി

M 321.8 JEF-J 84677

ജെഫേഴ്സ് തോമസ്
ജനാധിപത്യത്തെ പറ്റി

KOTTAYAM PUBLIC LIBRARY
Call No M 321.8 Acc. No 84677
Author ജെയിംസ് തോമസ്
Title ജനാധിപത്യത്തെ പറ്റി

Indic Digital Archive Foundation
gpura.org